# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപതാം സമ്മേളനം

2020 ആഗസ്റ്റ് 24, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1805/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ
## ഇരുപതാം സമ്മേളനം
## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
9. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
10. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
11. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
12. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
13. ശ്രീ. അനൂപ് ജേക്കബ് (പിറവം)
14. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
15. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
16. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
17. ശ്രീ. അൻവർ സാദത്ത് (ആലുവ)
18. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
19. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി.)
20. ശ്രീ. കെ. ബാബു (നെന്മാറ)
21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി.)

22. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)
23. ശ്രീ. വി. ടി. ബൽറാം (തൃത്താല)
24. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
25. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
27. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
28. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
29. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
30. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
31. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
32. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
33. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
34. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
35. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
36. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
37. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
38. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
39. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
40. ഡോ. കെ. ടി. ജലീൽ (തവനൂർ)
41. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
42. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
43. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
44. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
45. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

46. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
47. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
48. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
49. ശ്രീ. വി. ജോയി (വർക്കല)
50. ശ്രീ. എം. സി. കമറുദ്ദീൻ (മഞ്ചേശ്വരം)
51. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)
52. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)
53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)
57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
59. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
60. ശ്രീ. മാണി. സി. കാപ്പൻ (പാലാ)
61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)
67. ശ്രീ. എം. മുകേഷ് (കൊല്ലം)
68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)
69. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

70. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

71. ശ്രീ. സി. കെ. നാണു (വടകര)

72. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

73. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

74. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

75. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

76. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

77. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി ഷാനിമോൾ ഉസ്മാൻ (അരൂർ)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട്-എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എം. വിൻസെന്റ് (കോവളം)

139. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി, മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ
സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി</u>

<u>വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)</u>

വാണിജ്യം

മൈനിംഗ് അൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി അൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*

**I ചരമോപചാരം**

എം.പി. വീരേന്ദ്രകുമാർ, പി. കെ. കുമാരൻ, വി. കെ. ബാബു, പി.നാരായണൻ എന്നിവരുടെ നിര്യാണം ...1

**II അവിശ്വാസ പ്രമേയം**

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

– ശ്രീ. വി. ഡി. സതീശൻ ...5

**III ക്രമപ്രശ്നം**

സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് ...5

**IV ചെയർമാൻമാരുടെ പാനൽ** ...11

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ളത് ...11

**VI ധനകാര്യം**

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ...55

**VII റിപ്പോർട്ട് സമർപ്പണം**

1. I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും ...55

2. പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റി ഒമ്പത് വരെയുള്ള റിപ്പോർട്ടുകൾ ...60

3. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് ...60

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് ...60

**VIII ചട്ടം സസ്പെൻഡ് ചെയ്യുന്നതിനുള്ള പ്രമേയം**

ചട്ടം 76(1) താത്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന പ്രമേയം ...61

**IX നിയമനിർമ്മാണകാര്യം**

(i) 2020-ലെ കേരള ധനകാര്യ ബിൽ ..62

(ii) 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ..62

(iii) 2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ പരിഗണന ..62

**X ഗവൺമെന്റ് പ്രമേയം**

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരണം ...129

**XI അവിശ്വാസ പ്രമേയ ചർച്ച** ...139

**XII വ്യക്തിപരമായ വിശദീകരണം**

ശ്രീ. വി. ഡി. സതീശൻ എം. എൽ. എ.-യ്ക്കെതിരായ ആരോപണം ...259

**XIII പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് ...372

**XIV അവലോകനം** ...372

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപതാം സമ്മേളനം

*2020 ആഗസ്റ്റ് 24, തിങ്കൾ*

വാല്യം 181] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം 2020 ആഗസ്റ്റ് മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(കോവിഡ് -19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി)

മി. സ്പീക്കർ: ഓർഡർ....ഓർഡർ....

(ബഹു. സ്പീക്കർ തൽസ്ഥാനത്തു നിന്ന് മാറി നിൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബാനർ ഉയർത്തിപ്പിടിച്ച് സമ്മേളനം ആരംഭിച്ചപ്പോൾത്തന്നെ പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ നിന്ന് ബഹളംവച്ചു.)

## I ചരമോപചാരം

### എം. പി. വീരേന്ദ്രകുമാർ, പി. കെ. കുമാരൻ, വി. കെ. ബാബു, പി. നാരായണൻ എന്നിവരുടെ നിര്യാണം

### എം. പി. വീരേന്ദ്രകുമാർ

മി. സ്പീക്കർ: രാജ്യസഭാംഗവും മുൻ കേന്ദ്രമന്ത്രിയും മുൻ കേരള നിയമസഭാംഗവും എഴുത്തുകാരനുമായിരുന്ന എം. പി. വീരേന്ദ്രകുമാർ 2020 മേയ് 28-ന് അന്തരിച്ചു.

പ്രമുഖ സോഷ്യലിസ്റ്റ് പാർട്ടി നേതാവും മദിരാശി നിയമസഭാംഗവുമായിരുന്ന എം. കെ. പത്മപ്രഭാ ഗൗഡറുടെയും മരുദേവിയുടെയും മകനായി 1936 ആഗസ്റ്റ് 15-ന് വയനാട്ടിലെ കൽപ്പറ്റയിൽ ജനിച്ചു. മദിരാശി വിവേകാനന്ദ കോളേജിൽനിന്ന് ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും അമേരിക്കയിലെ സിൻസിനാറ്റി സർവ്വകലാശാലയിൽ നിന്ന് എം.ബി.എ. ബിരുദവും നേടി.

സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് സോഷ്യലിസ്റ്റ് പാർട്ടി അംഗത്വം സ്വീകരിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ സ്വത്തുക്കൾ കണ്ടുകെട്ടപ്പെടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തു. 1987-ൽ എട്ടാം കേരള നിയമസഭയിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട് വനം വകുപ്പുമന്ത്രിയായെങ്കിലും ദിവസങ്ങൾക്കുള്ളിൽ സ്ഥാന മൊഴിയുകയുണ്ടായി. 1996-ലും 2004-ലും കോഴിക്കോട് നിയോജകമണ്ഡലത്തിൽ നിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രമന്ത്രിസഭയിൽ ധനകാര്യ സഹമന്ത്രിയും പിന്നീട് തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയുമായിരുന്നു. 2018 മാർച്ച് മുതൽ രാജ്യസഭാംഗമായിരുന്നു.

രാഷ്ട്രീയനേതാവ്, എഴുത്തുകാരൻ, പ്രഭാഷകൻ, പാർലമെന്റേറിയൻ, മാധ്യമമേധാവി, പരിസ്ഥിതി പ്രവർത്തകൻ എന്നിങ്ങനെ കേരള രാഷ്ട്രീയത്തിലും സാഹിത്യ, സാംസ്കാരിക, സാമൂഹ്യമണ്ഡലങ്ങളിലും എം. പി. വീരേന്ദ്രകുമാർ വ്യക്തിമുദ്ര പതിപ്പിച്ചു. മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും പരിസ്ഥിതി സംരക്ഷണത്തിനായും എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും അദ്ദേഹം പോരാടി. സംസ്ഥാന വനം വകുപ്പുമന്ത്രിയായി ചുമതലയേറ്റപ്പോൾ വനവൃക്ഷങ്ങൾ മുറിക്കരുതെന്ന ഉത്തരവാണ് അദ്ദേഹം ആദ്യം പുറപ്പെടുവിച്ചത്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് ഭാരതീയ ആത്മീയതയിലെ വിമോചന സാധ്യതകൾ തേടിയിരുന്ന ഒരു ചിന്തയുടെ വാഹകനായിരുന്നു എം. പി. വീരേന്ദ്രകുമാർ. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സൂക്ഷ്മദർശിയായ ഒരു പോരാളിയായിരുന്നു അദ്ദേഹം.

മാതൃഭൂമിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന അദ്ദേഹം ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, പി.ടി.ഐ. ഡയറക്ടർ, പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ട്രസ്റ്റി, ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർ, കോമൺവെൽത്ത് പ്രസ്സ് യൂണിയൻ മെമ്പർ, വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ് പേപ്പേഴ്സ് എക്സിക്യൂട്ടീവ്, പി.ടി.ഐ. ചെയർമാൻ എന്നീ പദവികൾ വഹിച്ചു.

ഹൈമതഭൂവിൽ, ഗാട്ടും കാണാച്ചരടുകളും, രാമന്റെ ദുഃഖം തുടങ്ങിയ പ്രകൃഷ്ട കൃതികളുടെ രചയിതാവായ അദ്ദേഹത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ് എന്നിവയുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അദ്ദേഹത്തിന് വിശിഷ്ടാംഗത്വം നൽകി ആദരിച്ചിട്ടുണ്ട്.

രാഷ്ട്രീയമായ വിയോജിപ്പുകൾ പല തലങ്ങളിലുണ്ടായിരുന്നപ്പോഴും എല്ലാവരുടെയും പ്രിയപ്പെട്ട സുഹൃത്തായിരുന്നു എം. പി. വീരേന്ദ്രകുമാർ. സോഷ്യലിസ്റ്റ് ആദർശങ്ങൾ നെഞ്ചേറ്റിയ കരുത്തനായ ഒരു രാഷ്ട്രീയ നേതാവിനെയും വിവിധ മേഖലകളിൽ പാണ്ഡിത്യമുണ്ടായിരുന്ന ബഹുമുഖ പ്രതിഭയെയുമാണ് എം. പി. വീരേന്ദ്രകുമാറിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. കെ. കുമാരൻ

മുൻ നിയമസഭാംഗം പി. കെ. കുമാരൻ 2020 മേയ് 26-ന് നിര്യാതനായി. കുഞ്ഞിലൻ-കുട്ടി ദമ്പതികളുടെ മകനായി 1943 ആഗസ്റ്റ് 26-ന് ജനിച്ചു. പന്തളം നിയോജകമണ്ഡലത്തിൽനിന്നും പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ, പന്തളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ കൗൺസിൽ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സി.പി.എം. പത്തനംതിട്ട ജില്ലാ സെക്രട്ടേറിയറ്റ് അംഗം, പട്ടികജാതി ക്ഷേമസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഒട്ടേറെ കർഷക സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

കർമ്മോൽസുകനായ ഒരു പൊതുപ്രവർത്തകനെയാണ് പി. കെ. കുമാരന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## വി. കെ. ബാബു

മുൻ കേരള നിയമസഭാംഗം വി. കെ. ബാബു 2020 ഏപ്രിൽ 20-ന് അന്തരിച്ചു. വി. വി. കുമാരൻ-സി.എ. മാധവി ദമ്പതികളുടെ മകനായി 1958 ജൂലൈ 10-ന് ജനിച്ചു. 9-6-1992-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഒൻപതാം കേരള നിയമസഭയിലേയ്ക്ക് ഞാറക്കൽ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് (എസ്) നേതാവായ അദ്ദേഹം പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം, ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

സാധാരണക്കാരോട് ഇഴുകിച്ചേർന്ന് പ്രവർത്തിച്ചിരുന്ന ജനകീയനായ ഒരു നേതാവിനെയാണ് വി. കെ. ബാബുവിന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. നാരായണൻ

മുൻ നിയമസഭാംഗം പി. നാരായണൻ 2020 ആഗസ്റ്റ് 6-ന് നിര്യാതനായി. എ. പണിക്കൻ-തങ്കമ്മ ദമ്പതികളുടെ മകനായി 1951 ജനുവരി 31-ന് വൈക്കത്ത് ജനിച്ചു. കർഷക കുടുംബത്തിൽ ജനിച്ച പി. നാരായണൻ എ.ഐ.എസ്.എഫ്. പ്രവർത്തകനായി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചത്. വൈക്കം നഗരസഭാ വൈസ് ചെയർമാൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, സി.പി.ഐ. കോട്ടയം ജില്ലാ കമ്മിറ്റിയംഗം, കിസാൻ സഭ സംസ്ഥാന സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1998-ൽ വൈക്കം നിയോജകമണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിലൂടെ പത്താം കേരള നിയമസഭയിലെത്തി. പതിനൊന്നാം കേരള നിയമസഭയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ എന്നും മുൻനിരയിലുണ്ടായിരുന്ന പി. നാരായണൻ നിയമസഭാംഗമായിരിക്കെ മണ്ഡലത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹവും ആദരവും പിടിച്ചുപറ്റിയിരുന്നു. ഒരു സാധാരണ തൊഴിലാളിയായി ജീവിതമാരംഭിച്ച അദ്ദേഹം പിന്നീട് തൊഴിലാളി പ്രസ്ഥാനങ്ങളുടെ അമരക്കാരനായി മാറി. തൊഴിലാളികളോടും സാധാരണ ജനവിഭാഗങ്ങളോടും തോളോടുതോൾ ചേർന്നുനിന്ന് നേതൃനിരയിലേയ്ക്ക് എത്തിച്ചേർന്ന വ്യക്തിയാണ് പി. നാരായണൻ.

എളിമയും നിസ്വാർത്ഥതയും കൈമുതലാക്കിയ ഒരു നേതാവിനെയാണ് പി. നാരായണന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

പ്രിയമുള്ള സാമാജികരെ, ഇന്നുചേരുന്ന സഭാസമ്മേളനത്തിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കും അറിയാം. അത് പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ല. കൊവിഡ്-19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ ചേരുന്ന ഈ സമ്മേളനം അതിന്റെ എല്ലാ ആരോഗ്യ പ്രോട്ടോക്കോളും പാലിച്ചുകൊണ്ടുമാത്രമേ നമുക്ക് കൂടാൻ നിർവ്വാഹമുള്ളൂ എന്നതുകൊണ്ട് അംഗങ്ങൾക്ക് ചില അസൗകര്യങ്ങളുണ്ടാകുന്ന സാഹചര്യം വരാനിടയുണ്ട്. സീറ്റുകൾ പരമാവധി സൗകര്യപ്രദമായ രീതിയിൽ അകലംവിട്ടാണ് സജ്ജീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും ഏതെങ്കിലും അംഗത്തിന് സഭ നടക്കുന്നതിനിടയിൽ പുറകിൽപോയി ഇരിക്കണമെന്നുണ്ടെങ്കിൽ അല്ലെങ്കിൽ വിട്ടുനിൽക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൊവിഡ്-19 മാനദണ്ഡങ്ങൾ എല്ലാ അർത്ഥത്തിലും പൂർണ്ണമായി പാലിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിലും പരമാവധി അതിനോട് സഹകരിച്ചുകൊണ്ട് സഭാസമ്മേളനം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഇ-നിയമസഭയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇന്നത്തെ സമ്മേളനത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യവും വന്നിട്ടുണ്ട്. അതുകൊണ്ട് മൈക്രോഫോണിന്റെയും ഇയർഫോണിന്റെയും സേവനം പരമാവധി അംഗങ്ങൾക്ക് പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഏറ്റവും പുറകിലിരിക്കുന്നവർക്ക് പ്രത്യേകമായി രണ്ട് മൈക്കുകളും സജ്ജീകരിച്ചിട്ടുണ്ട്.

# II അവിശ്വാസ പ്രമേയം

## ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതായ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദത്തിനായി ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് ഇപ്രകാരമാണ്, "ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു". അദ്ദേഹത്തിന് പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദം ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, "ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അനുവാദം നൽകുന്നതിന് അനുകൂലിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്നു.)

മി. സ്പീക്കർ: ഇരുപതിൽ കുറയാത്ത അംഗങ്ങൾ അനുകൂലിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു. ചർച്ച അത്യാവശ്യ ഗവൺമെന്റ് കാര്യങ്ങൾക്കുശേഷം നടത്തുന്നതാണ് ഉചിതമെന്ന് കരുതുന്നു.

# III ക്രമപ്രശ്നം

## സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ത്യൻ ഭരണഘടനയുടെ 179 (സി) അനുച്ഛേദപ്രകാരവും നിയമസഭാ ചട്ടം 65 പ്രകാരവും സ്പീക്കർ സ്ഥാനത്തിരിക്കുന്ന അങ്ങയെ തൽസ്ഥാനത്തുനിന്ന് നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് .........

മി. സ്പീക്കർ: ഈ കാര്യം കഴിഞ്ഞശേഷം അതെടുക്കാം. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനൊന്ന് പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട മഞ്ചേരി അംഗം ശ്രീ. എം. ഉമ്മർ നൽകിയ നോട്ടീസ് അംഗീകരിക്കുകയും 2020 ആഗസ്റ്റ് 14-ാം തീയതി ബുള്ളറ്റിനിൽ ഭാഗം 2 നമ്പർ 883 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭരണഘടനയുടെ അനുച്ഛേദം 174 (സി) പ്രകാരം 14 ദിവസത്തെ നോട്ടീസ് പ്രസ്തുത പ്രമേയത്തിന്റെ അവതരണാനുമതിക്കായി ആവശ്യമുണ്ട്. 15 ദിവസം മുമ്പ് അംഗങ്ങൾക്ക് സമൻസ് അയയ്ക്കണമെന്ന് നിയമസഭാചട്ടം 3(2) അനുശാസിക്കുന്നുണ്ട്. ഇരുപതാം സമ്മേളനം 24-8-2020-ൽ ചേരുന്നതിനുള്ള ക്യാബിനറ്റ് തീരുമാനമെടുത്തതുതന്നെ ആഗസ്റ്റ് 13-ാം തീയതിയായിരുന്നു. പ്രസ്തുത ശിപാർശ അംഗീകരിച്ച് ഗവർണർ 13-ാം തീയതിതന്നെ സമൻസ് സംബന്ധിച്ച ഫയലിൽ ഒപ്പുവച്ചെങ്കിലും ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത് 14-ാം തീയതിയാണ്. 15 ദിവസംമുമ്പ് സമൻസ് അയയ്ക്കണമെന്ന നിയമസഭാ ചട്ടത്തിലെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് പത്ത് ദിവസം മുമ്പുമാത്രം സമൻസ് അയയ്ക്കുകയും അതിലൂടെ സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്ന പ്രമേയത്തിന് ശ്രീ. എം. ഉമ്മർ നൽകിയ നോട്ടീസ് സഭയുടെ മുമ്പാകെ വരുന്നത് തടയുന്നതിനുള്ള ശ്രമമാണുണ്ടായത്. ഇരുപതാം സമ്മേളനം 2020 ആഗസ്റ്റ് 24-ന് രാവിലെ 9 മണിക്ക് നിയമസഭാ ചേംബറിൽ സമ്മേളിക്കുമെന്ന അറിയിപ്പാണ് ഗവർണർ നൽകിയിട്ടുള്ളത്. സഭാസമ്മേളനം ആരംഭിച്ചുകഴിഞ്ഞാൽ അത് എത്ര ദിവസം ചേരണമെന്ന് നിശ്ചയിക്കാനുള്ള അവകാശം സഭയ്ക്കുണ്ട്. സ്പീക്കർക്കെതിരെ അതീവഗുരുതരമായ ആക്ഷേപങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്.

മി. സ്പീക്കർ: അങ്ങ് അതിന്റെ മെറിറ്റിലേയ്ക്ക് പോകേണ്ട കാര്യമുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതികളുമായി കേരള നിയമസഭാ സ്പീക്കർക്കുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും സഭയ്ക്ക് അപകീർത്തികരവും പവിത്രമായ നിയമസഭയുടെ അന്തസ്സിനും ഔന്നത്യത്തിനും മാന്യതയ്ക്കും നിരക്കാത്തതുമാണ്. സ്പീക്കർക്കെതിരായുള്ള നോട്ടീസ് അംഗീകരിക്കുകയും അത് ഇപ്പോൾ സഭയുടെ മുന്നിൽ ബുള്ളറ്റിനിലൂടെ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സാങ്കേതികത്വത്തിൽ കടിച്ചുതൂങ്ങാതെ അത് ചർച്ച ചെയ്യുന്നതിന് അവസര മൊരുക്കുകയെന്നത് സഭയുടെ അവകാശമാണ്. സഭാദ്ധ്യക്ഷനെതിരായുള്ള നോട്ടീസ് സഭയുടെ മുന്നിലുള്ളതിനാൽ അക്കാര്യത്തിലൊരു തീരുമാന മുണ്ടാകുന്നതുവരെ ബഹുമാനപ്പെട്ട അങ്ങ് മഹനീയമായ ഈ കസേര ഒഴിഞ്ഞ് ഇവിടെ വന്നിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. എം. ഉമ്മർ

നോട്ടീസ് നൽകിയിട്ടുള്ള പ്രമേയത്തിന് അവതരണാനുമതി നേടുന്നതിനുള്ള അവസരമുണ്ടാകുന്ന വിധത്തിൽ സഭാസമ്മേളനം ക്രമപ്പെടുത്തണം. അങ്ങ് ജനാധിപത്യ മര്യാദ മാനിച്ചുകൊണ്ട്, ഞങ്ങളുടെ പ്രമേയം സഭയുടെ മുന്നിലുള്ളതുകൊണ്ട്, ദയവായി ചെയറിൽനിന്ന് ഒഴിഞ്ഞുനിന്നുകൊണ്ട് അങ്ങേയ്ക്കെതിരായ പ്രമേയം അവതരിപ്പിക്കാൻ ശ്രീ. എം. ഉമ്മറെ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അങ്ങയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയട്ടെ, ഇന്നത്തെ അജണ്ടയിലുള്ളത് അവിശ്വാസപ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയ പ്രമേയമാണ്. അതുമായി ബന്ധപ്പെട്ട് സമയം പാലിക്കുന്നതിൽ അങ്ങയുടെ അഭിപ്രായമാണ് ഞാൻ ചോദിച്ചത്. അതിനുശേഷം അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാം. ഗവൺമെന്റ് കാര്യങ്ങൾക്കുശേഷം ചർച്ച ചെയ്യാമെന്ന നിർദ്ദേശമാണ് മുന്നോട്ടുവച്ചത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അവിശ്വാസ പ്രമേയം സഭയുടെ മുന്നിലുള്ള മറ്റ് ബിസിനസ്സുകൾ തീർപ്പാക്കിയശേഷം എടുക്കുന്നതായിരിക്കും നല്ലത്. അതിന് അഞ്ച് മണിക്കൂർ സമയം അനുവദിക്കാം.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച, സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം ജൂലൈ 22- ാം തീയതി 879-ാം നമ്പരായി ബുള്ളറ്റിൻ ചെയ്തിട്ടുള്ളതാണ്. അതേവിഷയം നിലനിൽക്കെ ഗവർണർ സമൻസ് ഒപ്പിട്ട ദിവസം സ്പീക്കറെ നീക്കം ചെയ്യണമെന്ന നോട്ടീസ് ഞാൻ ഇവിടെ നൽകിയിട്ടുമുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 3 (2)-ൽ "ഉപചട്ടം (1) പ്രകാരമുള്ള സമൻസ്, സാധാരണയായി, അങ്ങനെ പ്രത്യേകം കാണിച്ചിട്ടുള്ള തീയതിക്ക് 15 ദിവസങ്ങൾക്കുമുമ്പ് അയയ്ക്കേണ്ടതാണ്." എന്നുപറയുന്നു. ഇവിടെ 15 ദിവസങ്ങൾക്കുമുമ്പ് സമൻസ് അയച്ചിരുന്നുവെങ്കിൽ സ്പീക്കറെ നീക്കംചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കാൻ എനിക്ക് അവസരം ലഭിക്കുമായിരുന്നു. എന്നാൽ സാങ്കേതികമായി ഈ വ്യവസ്ഥ മറികടന്ന് രണ്ടാമത് സമൺ ചെയ്തുകൊണ്ട് ഇത് അവതരിപ്പിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകണം. അംഗമെന്ന നിലയ്ക്ക് എന്റെയും പ്രതിപക്ഷത്തിന്റെയും പ്രത്യേക അവകാശമാണ്. ബഹുമാനപ്പെട്ട സ്പീക്കറെ എതിരാക്കി സാധാരണഗതിയിൽ പ്രമേയം വരാറില്ല എന്നുള്ളതും അടിയന്തര പ്രാധാന്യവും മനസ്സിലാക്കി ഞാൻ ഉന്നയിച്ച പ്രമേയം അനുവദിച്ചുകൊണ്ടുള്ള സമയക്രമം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ സഭയിലെ ഏത് അംഗത്തിനും അദ്ധ്യക്ഷനോട് വിയോജിക്കാനും വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പ്രമേയങ്ങൾ കൊണ്ടുവരാനുമുള്ള എല്ലാ അവകാശത്തിനുംവേണ്ടി അവസാന നിമിഷംവരെ ഞാൻ നിലകൊള്ളും എന്നാണ് ആദ്യമേ എനിക്ക് നിങ്ങളോട് സൂചിപ്പിക്കാനുള്ളത്. പക്ഷേ, അത് ഭരണഘടനാപരമായ ബാദ്ധ്യതയ്ക്കുള്ളിൽ നിന്നുകൊണ്ടേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. ഈ സഭാസമ്മേളനം നേരത്തെ ചേരാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കൊവിഡ്-19-ന്റെ പശ്ചാത്തലത്തിൽ മാരകമായ ഒരവസ്ഥ രൂപപ്പെട്ടുവന്നപ്പോൾ സഭാസമ്മേളനം മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ഓർഡിനൻസ് കൊണ്ടുവരികയും ചെയ്തു. ആദ്യം ആഗസ്റ്റ് മാസം സഭ കൂടാനാണ് തീരുമാനിച്ചിരുന്നത്. പിന്നീട് രാജ്യസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ അംഗങ്ങളും തിരുവനന്തപുരത്ത് എത്തിച്ചേരേണ്ട സാഹചര്യം വന്ന പശ്ചാത്തലത്തിലാണ് സഭാസമ്മേളനം ഇപ്പോൾ കൂടാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആഗസ്റ്റ് 12-നാണ് കാബിനറ്റ് തീരുമാനിച്ചത്. 12-ാം തീയതി തന്നെ സ്പീക്കർ ആ ഫയലിൽ ഒപ്പിട്ടു. അന്നുതന്നെ ഗവർണർക്ക് അയച്ചു. 13-ാം തീയതി വൈകുന്നേരം ഗവർണർ ഫയൽ തിരിച്ചയച്ചു. അന്നുതന്നെ വിജ്ഞാപനം പുറപ്പെടുവിച്ചു. 14-ാം തീയതി സർക്കുലേറ്റ് ചെയ്തു.

ഭരണഘടനയുടെ വകുപ്പ് 179 (സി) പ്രകാരം സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം സഭയുടെ പരിഗണനയ്ക്ക് വരണമെങ്കിൽ 14 ദിവസങ്ങൾക്കുമുമ്പ് നോട്ടീസ് നൽകിയാൽ മാത്രമേ സാധ്യമാവുകയുള്ളൂ. അത് ചട്ടമോ കീഴ്‌വഴക്കമോ അല്ല, ഭരണഘടനയാണ്. വിമർശിക്കുന്നതിനുള്ള നിങ്ങളുടെ അവകാശത്തെ സംരക്ഷിക്കുന്നതോടൊപ്പം തന്നെ ഭരണഘടനാപരമായ ബാധ്യതകൾ നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്വവും ചെയറിനുണ്ട്. ഇത് ദയവായി മനസ്സിലാക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റിന് പറയാനുള്ളത് പറയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭരണഘടനാപരമായാണ് ശ്രീ. എം. ഉമ്മർ ഈ പ്രമേയത്തിന് നോട്ടീസ് നൽകിയത്. 15 ദിവസത്തെ നോട്ടീസ് കൊടുത്ത് വിളിച്ചുചേർക്കേണ്ട സഭ അതിനവസരം കൊടുത്തിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിവില്ലാത്തതു കൊണ്ടല്ല, 15 ദിവസമെന്നത് അത്യാവശ്യഘട്ടങ്ങളിൽ മാറ്റം വരുത്താനും ഓൺലൈനായോ, മെസ്സേജുകൾ വഴിയോ അറിയിക്കാനും റൂൾസ് കമ്മിറ്റി ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഭരണഘടന മാറ്റാനുള്ള അവകാശം നമുക്കുണ്ടോ; ഇന്ത്യൻ ഭരണഘടനയുടെ 179 (സി) മാറ്റാൻ എനിക്ക് അധികാരമുണ്ടോ? നിങ്ങൾ വിമർശിക്കുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. ആ സന്തോഷത്തിനുവേണ്ടി ഭരണഘടന മാറ്റുന്നതിന് കൂട്ടുനിൽക്കാൻ സാധിക്കുമോ? ഗവൺമെന്റാണ് പറയേണ്ടത്, ഗവൺമെന്റ് സംസാരിക്കട്ടെ. ഞാൻ മനസ്സിലാക്കുന്നത് ഭരണപക്ഷവും പ്രതിപക്ഷവും കൂടിയാലോചിച്ചാണ് തീയതി തീരുമാനിച്ചതെന്നാണ്. അതുകൊണ്ട് ഗവൺമെന്റിന് പറയാനുള്ളത് പറയട്ടെ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആദ്യമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ദുഃസൂചനയോടുകൂടി നടത്തിയിട്ടുള്ള പരാമർശം രേഖയിലുണ്ടാകാൻ പാടില്ല എന്നതാണ്. 12-ാം തീയതിയാണ് ക്യാബിനറ്റ് യോഗം ചേർന്നത്. അന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിനോട് ചോദിച്ചിരുന്നു, 24-ാം തീയതി രാജ്യസഭയിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്, അന്നുതന്നെ നിയമസഭ ചേർന്നുകൂടേ, സെപ്റ്റംബർ മാസംവരെ പോകേണ്ടതുണ്ടോ എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് അംഗീകരിച്ചു. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് 179 (സി) പ്രകാരം 14 ദിവസം നോട്ടീസ് കൊടുക്കാനില്ല എന്നുള്ളത് അറിഞ്ഞുകൂടേ? ഭരണഘടനാപരമായി അദ്ദേഹത്തിന് നല്ല അറിവുള്ളതാണല്ലോ. ശ്രീ. എം. ഉമ്മറിനും അത് അറിയാമല്ലോ? 12-ാം തീയതി ക്യാബിനറ്റ് യോഗം ചേർന്ന് 13-ാം തീയതി നോട്ടിഫിക്കേഷൻ പോയാൽ 14 ദിവസമില്ലെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ശ്രീ. എം. ഉമ്മറിനും അറിയാം. ഭരണഘടനാപരമായ പ്രൊവിഷൻ contemplate ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഇവിടെയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ അത് സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 179 (സി) പ്രകാരം ബഹുമാനപ്പെട്ട സ്പീക്കർ വിചാരിച്ചാൽപ്പോലും ഈ പ്രമേയം പരിഗണനയ്ക്കെടുക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് 15 ദിവസത്തെ മാൻഡേറ്ററി ഇല്ല. ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ കൊണ്ടുവന്ന ഭേദഗതി പ്രകാരം 15 ദിവസം മാൻഡേറ്ററി അല്ല. എമർജൻസി ഇൻവോക്ക് ചെയ്താൽ ഒരു ദിവസത്തെ ഷോർട്ട് നോട്ടീസ് കൊടുത്ത് നിയമസഭ ചേരാം. അങ്ങനെയുള്ള സാഹചര്യം ഇവിടെയുണ്ടായി, അതിന്റെ ഭാഗമായാണ് സഭാസമ്മേളനം ഇപ്പോൾ ചേരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റ് യോഗം കൂടുന്നതിനുമുമ്പ് എന്നോട് സംസാരിച്ചത് ശരിയാണ്. സഭാസമ്മേളനം വിളിച്ചുചേർക്കണമെന്ന ആവശ്യം ഞങ്ങൾക്ക് നേരത്തേയുള്ളതാണ്. സഭ സമ്മേളിക്കുന്നത് പ്രതിപക്ഷത്തിന്റെ ആവശ്യമായി ഞങ്ങൾ നേരത്തെ നോട്ടീസ് കൊടുത്തതാണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മഹാമാരിയുടെ പേരിൽ അന്നത്തെ സഭാസമ്മേളനം മാറ്റിവയ്ക്കേണ്ടി വന്നു. അന്നും ഞങ്ങൾ ഈ രണ്ട് നോട്ടീസും കൊടുത്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് സംസാരിച്ചപ്പോൾ ഞാൻ സമ്മതിച്ചതാണ്. അതിനുശേഷം അദ്ദേഹം ക്യാബിനറ്റ് യോഗത്തിൽ പങ്കെടുത്തതുകൊണ്ട് എനിക്ക് ഫോണിൽ സംസാരിക്കാൻ സാധിച്ചില്ല. ഞാൻ അദ്ദേഹത്തിന്റെ ഓഫീസിൽ ചിറ്റ് കൊടുത്തുവിട്ടു. അതിൽ ഒന്ന്, ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നുണ്ട്, രണ്ട്, സ്പീക്കറെ

നീക്കണമെന്ന ഒരു പ്രമേയംകൂടി ഞങ്ങൾ അവതരിപ്പിക്കുന്നുണ്ട്, അതിനുള്ള സൗകര്യവും സമയവുംകൂടി തരപ്പെടുത്തണമെന്ന് ഞാൻ അദ്ദേഹത്തിന്റെ ഓഫീസിൽ വിളിച്ചുപറയുകയും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അന്നത്തെ കാബിനറ്റ് യോഗത്തിൽ പങ്കെടുത്തിട്ടില്ലായിരുന്നു, അങ്ങ് പാലക്കാട്ടായിരുന്നു, ഞാൻ അങ്ങയെയും വിളിച്ചിരുന്നു. അങ്ങ് ഇല്ലായിരുന്നു. ഞങ്ങൾ സദുദ്ദേശ്യത്തോടെയാണ് കാര്യങ്ങൾ ചെയ്യുന്നത്. കേരള നിയമസഭാ സ്പീക്കർ എന്ന മഹനീയ പദവിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന കാര്യത്തിൽ അങ്ങ് പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ പ്രമേയം അവതരിപ്പിക്കുന്നത്. സാമാന്യ ജനാധിപത്യ മര്യാദയുണ്ടെങ്കിൽ സ്പീക്കർ എന്ന നിലയിൽ അങ്ങ് ഈ സ്ഥാനത്തിന്റെ ഔന്നത്യം ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥനാണ്. ഇതെല്ലാം വേവ് ചെയ്യാനുള്ള അധികാരം അങ്ങേയ്ക്കുണ്ട്. അതിനുള്ള അവസരം തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ അവകാശത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിലും ഇക്കാര്യത്തിൽ ഞാൻ നിസ്സഹായനാണെന്ന് അറിയിക്കുകയാണ്. ഞാൻ വിചാരിച്ചാൽപ്പോലും ഭരണഘടനയുടെ 179 (സി) പ്രകാരമുള്ള നിലപാട് മാറ്റാൻ സാധ്യമല്ല. ഇക്കാര്യം ഗവൺമെന്റാണ് തീരുമാനിക്കുന്നതെന്ന് അങ്ങേയ്ക്കറിയാം. ഇതെല്ലാം അറിഞ്ഞുകൊണ്ട് ഇതൊരു ചർച്ചയാക്കുന്നതിനുവേണ്ടി അങ്ങ് പറയുന്നതാണെന്നാണ് ഞാൻ കരുതുന്നത്. അങ്ങ് ദയവായി അത്തരത്തിൽ കാണരുത്. നിങ്ങൾ ഏത് തരത്തിലുള്ള വിമർശനം ഉന്നയിക്കുന്നതിലും ഒരു തടസ്സവും ഉൾഭയവും എനിക്കില്ല. ദയവായി അടുത്ത അജണ്ടയിലേയ്ക്ക് പോകാൻ അനുവദിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് അങ്ങനെയൊരു പരാമർശം നടത്തരുതായിരുന്നു. ഞങ്ങൾക്ക് വേണമെങ്കിൽ അടുത്ത സഭാസമ്മേളനം ചേരുമ്പോൾ അങ്ങേയ്ക്കെതിരെ ഈ പ്രമേയം അവതരിപ്പിക്കാം. അങ്ങ് അത് മറന്നുപോകരുത്. ഞങ്ങൾക്കിനിയും അവസരമുണ്ട്. അങ്ങ് അങ്ങനെ പറയരുതായിരുന്നു. അത് ശരിയായില്ല.

മി. സ്പീക്കർ: ഏതാണ് ശരിയാകാത്തത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ചർച്ചയ്ക്കുവേണ്ടിയാണ് ഇത് ഉന്നയിക്കുന്നതെന്ന് പറഞ്ഞത് ശരിയായില്ല.

മി. സ്പീക്കർ: പരിണതപ്രജ്ഞനായ എല്ലാ സാങ്കേതികതകളും അറിയാവുന്ന, സാങ്കേതികതകൾ വച്ചുകൊണ്ട് സഭയെ എപ്പോഴും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്ന അങ്ങേയ്ക്ക് അറിയാവുന്ന ഒരു കാര്യം ഞാൻ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്, ഞാൻ നിസ്സഹായനാണ്. ദയവായി ഇരിക്കു.

## IV ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ദാസൻ, മാത്യു ടി. തോമസ്, എം. വിൻസെന്റ് എന്നിവരെ പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനത്തിനുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 (ഓർഡിനൻസുകളുടെ പട്ടിക) പ്രകാരമുള്ള കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 26 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2020 (എസ്.ആർ.ഒ. നമ്പർ 295/2020 തീയതി 30-4-2020 ശുദ്ധിപത്രം ഉൾപ്പെടെ) | അല്ല |
| 2 | 2020 | 29 | ദി പേമെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 23 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2020 | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 36 | ദി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2020 | അല്ല |

IV. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 21 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 30 | ദി കേരള ഡിസാസ്റ്റർ ആന്റ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 33 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 4 | 2020 | 39 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (സെക്കന്റ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 5 | 2020 | 40 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 41 | ദി കേരള ഫിസ്കൽ റെസ്പോൺ സിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

V. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 18 | ദി കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 38 | ദി കേരള എപ്പിഡെമിക് ഡിസീസസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

VI. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2020 | 24 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 25 | ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 28 | ദി കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 4 | 2020 | 34 | ദി കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 2020 | 37 | ദി കേരള ബാംബൂ, കാട്ടുവള്ളി ആൻഡ് പന്റഡനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 6 | 2020 | 42 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

VII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 19 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 20 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 3 | 2020 | 27 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

VIII. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 31 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 32 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

IX. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 22 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

X. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 35 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

(2) ലിസ്റ്റ് 2 (ചട്ടം 166(1)പ്രകാരമുള്ള കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 399/2019 | ജി.ഒ.(പി) നമ്പർ 1/2019/ഇഎൻവിറ്റി. | 3-6-2019 | അതെ |
| 2 | 565/2019 | ജി.ഒ.(പി) നമ്പർ 25/2019/ഹോം | 19-8-2019 | അതെ |
| 3 | 843/2019 | എസ്.സി13/102/2019/ഹോം | 26-10-2019 | അതെ |
| 4 | 877/2019 | ജി.ഒ.(പി) നമ്പർ 9/2019/പി ആന്റ് എആർഡി. | 13-11-2019 | അതെ |
| 5 | 127/2020 | ജി.ഒ.(ആർറ്റി.) നമ്പർ. 487/2020/ഹോം | 7-2-2020 | അല്ല |
| 6 | 156/2020 | ജി.ഒ.(പി) നമ്പർ 9/2020/ഹോം | 24-2-2020 | അല്ല |

| | | | | |
|---|---|---|---|---|
| 7 | 171/2020 | ജി.ഒ.(പി) നമ്പർ 12/2020/ഹോം | 29-2-2020 | അല്ല |
| 8 | 175/2020 | ജി.ഒ.(എം.എസ്.) നമ്പർ 51/2020/ഹോം | 24-2-2020 | അല്ല |
| 9 | 176/2020 | ജി.ഒ.(എം.എസ്.) നമ്പർ 51/2020/ഹോം | 24-2-2020 | അല്ല |
| 10 | 177/2020 | ജി.ഒ.(എം.എസ്.) നമ്പർ 51/2020/ഹോം | 24-2-2020 | അല്ല |
| 11 | 178/2020 | ജി.ഒ.(ആർറ്റി.) നമ്പർ 333/2020/ഹോം | 30-1-2020 | അല്ല |
| 12 | 179/2020 | ജി.ഒ.(ആർറ്റി.) നമ്പർ 376/2020/ഹോം | 3-2-2020 | അല്ല |
| 13 | 180/2020 | ജി.ഒ.(ആർറ്റി.) നമ്പർ 373/2020/ഹോം | 3-2-2020 | അല്ല |
| 14 | 191/2020 | ഹോം-എസ്എസ്എ 2/66/2020-ഹോം | 7-3-2020 | അല്ല |
| 15 | 192/2020 | 60903/എസ്എസ്എ 2/2016/ ഹോം | 7-3-2020 | അല്ല |
| 16 | 200/2020 | ജി.ഒ.(ആർറ്റി.) നമ്പർ 811/2020/ഹോം | 11-3-2020 | അല്ല |
| 17 | 247/2020 | ജി.ഒ.(പി) നമ്പർ 16/2020/ഹോം | 25-3-2020 | അല്ല |
| 18 | 279/2020 | ഹോം-എസ്എസ്എ 5/33/2020-ഹോം | 21-4-2020 | അല്ല |
| 19 | 300/2020 | ജി.ഒ.(ആർറ്റി.) നമ്പർ 1048/2020/ഹോം | 24-4-2020 | അല്ല |
| 20 | 301/2020 | ജി.ഒ.(എം.എസ്.)നമ്പർ 90/2020/ ജിഎഡി. | 6-5-2020 | അല്ല |
| 21 | 305/2020 | ജി.ഒ.(പി) നമ്പർ 28/2020/ഹോം | 9-5-2020 | അല്ല |
| 22 | 306/2020 | ജി.ഒ.(എം.എസ്.) നമ്പർ .103/2020/ഹോം | 7-5-2020 | അല്ല |
| 23 | 307/2020 | ജി.ഒ.(എം.എസ്.) നമ്പർ 104/2020/ഹോം | 7-5-2020 | അല്ല |
| 24 | 308/2020 | ജി.ഒ.(എം.എസ്.) നമ്പർ 105/2020/ഹോം | 7-5-2020 | അല്ല |
| 25 | 309/2020 | ജി.ഒ.(എം.എസ്.) നമ്പർ 106/2020/ഹോം | 7-5-2020 | അല്ല |
| 26 | 310/2020 | ജി.ഒ.(എം.എസ്.) നമ്പർ 107/2020/ഹോം | 7-5-2020 | അല്ല |
| 27 | 311/2020 | ജി.ഒ.(പി) നമ്പർ 27/2020/ഹോം | 7-5-2020 | അല്ല |
| 28 | 313/2020 | ജി.ഒ.(ആർറ്റി.) നമ്പർ 1133/2020/ഹോം | 12-5-2020 | അല്ല |
| 29 | 340/2020 | ജി.ഒ.(എം.എസ്.) നമ്പർ 112/2020/ഹോം | 22-5-2020 | അല്ല |
| 30 | 341/2020 | ജി.ഒ.(ആർറ്റി.) നമ്പർ 1142/2020/ഹോം | 13-5-2020 | അല്ല |
| 31 | 342/2020 | 60903/എസ്എസ്എ 2/2016/ഹോം | 22-5-2020 | അല്ല |
| 32 | 351/2020 | ജി.ഒ.(എം.എസ്.) നമ്പർ 117/2020/ഹോം | 27-5-2020 | അല്ല |
| 33 | 367/2020 | ജി.ഒ.(ആർറ്റി.) നമ്പർ 1254/2020/ഹോം | 29-5-2020 | അല്ല |
| 34 | 386/2020 | ജി.ഒ.(പി) നമ്പർ 35/2020/ഹോം | 9-6-2020 | അല്ല |
| 35 | 416/2020 | ജി.ഒ.(എം.എസ്.) നമ്പർ 21/2020/ജിഎഡി. | 22-6-2020 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ജഡ്ജ് (റിട്ട) ഡി. ശ്രീവല്ലഭൻ കമ്മീഷൻ റിപ്പോർട്ട് (സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണം സംബന്ധിച്ച്) | - | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും സർക്കാർ അതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | അല്ല |
| 2 | ജസ്റ്റിസ്(റിട്ട) പി. എസ്. ഗോപിനാഥൻ കമ്മീഷൻ റിപ്പോർട്ട് (പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് ദുരന്തം സംബന്ധിച്ച് ) | - | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും സർക്കാർ അതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | അതെ |
| 3 | മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ (കെ .എസ്. സി. ഇ.ബി. സി.എഫ്.സി.) | 2016 മുതൽ 2019 വരെ | കമ്മീഷൻ റിപ്പോർട്ടും സർക്കാർ അതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | അല്ല |

| | | | | |
|---|---|---|---|---|
| 4 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (സമുന്നതി) | 2013-14 &2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ | 2015-16 &2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2017-18 | ഭരണ റിപ്പോർട്ട് | അതെ |
| 7 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും | അതെ |
| 8 | ടെക്നോപാർക്ക് | 2018-19 | വാർഷിക റിപ്പോർട്ടും വാർഷിക ആഡിറ്റ് റിപ്പോർട്ടും | അതെ |
| 9 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

12-2-2020-നും 3-3-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 991/2019 | സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക | 17-12-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 995/2019 | സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക | 1-11-2019 |
| 3 | 3/2020 | ജി.ഒ.(ആർറ്റി.) നമ്പർ 3738/2019/ഹോം | 24-12-2019 |
| 4 | 18/2020 | ജി.ഒ.(പി) നമ്പർ 1/2020/ഹോം | 4-1-2020 |
| 5 | 37/2020 | ജി.ഒ.(ആർറ്റി.) നമ്പർ 108/2020/ഹോം | 16-1-2020 |
| 6 | 42/2020 | ഹോം-എസ്എസ്എ 2/172/2019-ഹോം | 17-1-2020 |

3-3-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 997/2019 | ജി.ഒ.(ആർറ്റി.) നമ്പർ 3526/2019/ഹോം | 4-12-2019 |
| 2 | 35/2020 | ജി.ഒ.(ആർറ്റി.) നമ്പർ 15/2020/ഹോം | 3-1-2020 |
| 3 | 76/2020 | ജി.ഒ.(പി) നമ്പർ 4/2020/ഹോം | 28-1-2020 |

13-3-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമനമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 74/2020 | ജി.ഒ(എം.എസ്.) നമ്പർ.33/2020/ഹോം | 28-1-2020 |
| 2 | 88/2020 | ജി.ഒ(എം.എസ്.) നമ്പർ 34/2020/ഹോം | 28-1-2020 |
| 3 | 90/2020 | ജി.ഒ.(പി) നമ്പർ 5/2020/ഹോം | 29-1-2020 |
| 4 | 124/2020 | ഹോം-എസ്.എസ്.എ 2/278/2019-ഹോം | 15-2-2020 |
| 5 | 153/2020 | ജി.ഒ.(എം.എസ്.) നമ്പർ 53/2020/ഹോം | 25-2-2020 |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമനമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 56/2020 | ജി.ഒ.(പി) നമ്പർ 32/2019/ഐഡി. | 8-12-2019 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 2014-15 മുതൽ 2017-18 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | സെയിൽ-എസ് .സി .എൽ. കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്(കെ. എം.എം.എൽ.) | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

12-2-2020-നും 3-3-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 5/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ. | 1-1-2020 |

III. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 123/2020 | ജി.ഒ.(പി) നമ്പർ 14/2020/ആർഡി. | 14-2-2020 | അല്ല |
| 2 | 147/2020 | ജി.ഒ.(പി) നമ്പർ 19/2020/ആർഡി. | 24-2-2020 | അല്ല |
| 3 | 166/2020 | സ.ഉ.(അച്ചടി)നമ്പർ. 20/2020/റവ. | 2-3-2020 | അല്ല |
| 4 | 231/2020 | ജി.ഒ.(പി)നമ്പർ 26/2020/ആർഡി. | 20-3-2020 | അല്ല |
| 5 | 232/2020 | ജി.ഒ.(പി) നമ്പർ. 28/2020/ആർഡി. | 20-3-2020 | അല്ല |
| 6 | 248/2020 | ജി.ഒ.(പി) നമ്പർ 31/2020/ആർഡി. | 23-3-2020 | അല്ല |
| 7 | 272/2020 | ജി.ഒ.(പി) നമ്പർ. 32/2020/ആർഡി. | 24-3-2020 | അല്ല |
| 8 | 273/2020 | ജി.ഒ.(പി) നമ്പർ 30/2020/ആർഡി. | 20-3-2020 | അല്ല |
| 9 | 278/2020 | ജി.ഒ.(പി) നമ്പർ 27/2020/ആർഡി. | 20-3-2020 | അല്ല |
| 10 | 297/2020 | ജി.ഒ.(പി) നമ്പർ 35/2020/ആർഡി. | 3-5-2020 | അല്ല |
| 11 | 375/2020 | ജി.ഒ.(എം.എസ്.) നമ്പർ 4/2020/ എച്ച്എസ്ജി. | 8-6-2020 | അല്ല |

12-2-2020-നും 3-3-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 996/2019 | ജി.ഒ.(പി) നമ്പർ 92/2019/ആർഡി. | 19-12-2019 |
| 2 | 100/2020 | ജി.ഒ.(എംഎസ്) നമ്പർ 2/2020/എച്ച്എസ്ജി. | 2-2-2020 |

13-3-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 97/2020 | ജി.ഒ.(പി) നമ്പർ 8/2020/ആർഡി. | 4-2-2020 |
| 2 | 105/2020 | ജി.ഒ.(പി)നമ്പർ 11/2020/ആർഡി. | 10-2-2020 |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 208/2020 | ജി.ഒ.(പി) നമ്പർ 10/2020/ട്രാൻ. | 16-3-2020 | അല്ല |
| 2 | 244/2020 | ജി.ഒ.(പി) നമ്പർ 8/2020/ട്രാൻസ് | 5-3-2020 | അല്ല |
| 3 | 253/2020 | ജി.ഒ.(പി) നമ്പർ 15/2020/ട്രാൻ | 25-3-2020 | അല്ല |
| 4 | 258/2020 | ജി.ഒ.(പി) നമ്പർ 18/2020/ട്രാൻസ് | 31-3-2020 | അല്ല |
| 5 | 259/2020 | ജി.ഒ.(പി) നമ്പർ 19/2020/ട്രാൻസ് | 31-3-2020 | അല്ല |
| 6 | 274/2020 | ജി.ഒ.(പി) നമ്പർ 20/2020/ട്രാൻസ് | 15-4-2020 | അല്ല |
| 7 | 284/2020 | ജി.ഒ.(പി) നമ്പർ 21/2020/ട്രാൻ. | 22-4-2020 | അല്ല |
| 8 | 289/2020 | ജി.ഒ.(പി)നമ്പർ22/2020/ട്രാൻസ് | 23-4-2020 | അല്ല |
| 9 | 294/2020 | ജി.ഒ.(പി) നമ്പർ 23/2020/ട്രാൻസ് | 30-4-2020 | അല്ല |
| 10 | 302/2020 | ജി.ഒ.(പി) നമ്പർ 24/2020/ട്രാൻ | 6-5-2020 | അല്ല |
| 11 | 303/2020 | ജി.ഒ.(പി) നമ്പർ. 25/2020/ട്രാൻ | 6-5-2020 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

12-2-2020-നും 3-3-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 994/2019 | ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ് | 6-12-2019 |

3-3-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 14/2020 | ജി.ഒ.(പി) നമ്പർ 44/2019/ട്രാൻ | 7-12-2019 |

V. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു.

3-3-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 527/2019 | സ.ഉ.(പി) നമ്പർ 31/2019/മതുവ. | 2-8-2019 |
| 2 | 13/2020 | ജി.ഒ.(പി) നമ്പർ 44/2019/എഫ്&പിഡി. | 6-12-2019 |

13-3-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 72/2020 | ജി.ഒ.(പി) നമ്പർ 1/2020/എഫ്&പിഡി | 4-1-2020 |

VI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 60/2005 | ജി.ഒ.(പി) നമ്പർ 34/2005/ഫിൻ. | 18-1-2005 | അതെ |
| 2 | 753/2005 | ജി.ഒ.(പി) നമ്പർ. 344/2005/ഫിൻ. | 25-7-2005 | അതെ |
| 3 | 754/2005 | ജി.ഒ.(പി) നമ്പർ. 346/2005/ഫിൻ. | 26-7-2005 | അതെ |
| 4 | 755/2005 | ജി.ഒ.(പി) നമ്പർ 350/2005/ഫിൻ. | 27-7-2005 | അതെ |
| 5 | 93/2006 | ജി.ഒ.(പി) നമ്പർ 29/06/ഫിൻ. | 19-1-2006 | അതെ |
| 6 | 94/2006 | ജി.ഒ.(പി) നമ്പർ 34/06/ഫിൻ. | 20-1-2006 | അതെ |
| 7 | 95/2006 | ജി.ഒ.(പി) നമ്പർ 38/2006/ഫിൻ. | 21-1-2006 | അതെ |
| 8 | 96/2006 | ജി.ഒ.(പി) നമ്പർ 39/2006/ഫിൻ. | 23-1-2006 | അതെ |
| 9 | 445/2006 | ജി.ഒ.(പി) നമ്പർ 244/2006/ഫിൻ. | 5-6-2006 | അതെ |
| 10 | 158/2020 | ജി.ഒ.(പി) നമ്പർ 27/2020/ടാക്സസ് | 27-2-2020 | അല്ല |
| 11 | 159/2020 | ജി.ഒ.(പി) നമ്പർ 26/2020/ടാക്സസ് | 26-2-2020 | അല്ല |
| 12 | 160/2020 | ജി.ഒ.(പി) നമ്പർ 29/2020/ടാക്സസ് | 28-2-2020 | അല്ല |
| 13 | 165/2020 | ജി.ഒ.(പി) നമ്പർ. 30/2020/ടിഡി. | 29-2-2020 | അല്ല |
| 14 | 222/2020 | ജി.ഒ.(പി) നമ്പർ. 40/2020/ടാക്സസ് | 17-3-2020 | അല്ല |
| 15 | 223/2020 | ജി.ഒ.(പി) നമ്പർ 41/2020/ടാക്സസ് | 17-3-2020 | അല്ല |
| 16 | 265/2020 | ജി.ഒ.(പി) നമ്പർ 51/2020/ടാക്സസ് | 1-4-2020 | അല്ല |
| 17 | 267/2020 | ജി.ഒ.(പി) നമ്പർ. 52/2020/ടാക്സസ് | 3-4-2020 | അല്ല |
| 18 | 285/2020 | ജി.ഒ.(പി) നമ്പർ 58/2020/ടാക്സസ് | 24-4-2020 | അല്ല |
| 19 | 286/2020 | ജി.ഒ.(പി)നമ്പർ 59/2020/ടാക്സസ് | 24-4-2020 | അല്ല |
| 20 | 287/2020 | ജി.ഒ.(പി) നമ്പർ. 60/2020/ടാക്സസ് | 24-4-2020 | അല്ല |
| 21 | 288/2020 | ജി.ഒ.(പി) നമ്പർ 61/2020/ടാക്സസ് | 24-4-2020 | അല്ല |
| 22 | 314/2020 | ജി.ഒ.(പി) നമ്പർ 64/2020/ടാക്സസ് | 14-5-2020 | അല്ല |

| | | | | |
|---|---|---|---|---|
| 23 | 315/2020 | ജി.ഒ.(പി) നമ്പർ 65/2020/ടാക്സസ് | 14-5-2020 | അല്ല |
| 24 | 316/2020 | ജി.ഒ.(പി) നമ്പർ 66/2020/ടാക്സസ് | 14-5-2020 | അല്ല |
| 25 | 317/2020 | ജി.ഒ.(പി) നമ്പർ 67/2020/ടാക്സസ് | 14-5-2020 | അല്ല |
വഞ്ചനയായിട്ടായിരിക്കും കേരളത്തിലെ ജനങ്ങൾ കണക്കാക്കുന്നത്. ഒരു കാര്യം ഞാൻ വ്യക്തമാക്കുന്നു, ഞങ്ങൾ സ്വകാര്യ മേഖലയ്ക്ക് എതിരല്ല. കേരളത്തിലെ രണ്ട് വിമാനത്താവളങ്ങളും സ്വകാര്യ-പൊതു സംരംഭമായിട്ടാണ് കണക്കാക്കുന്നത്. ഇവിടെ രണ്ട് വിമാനത്താവളങ്ങളുണ്ടായതെങ്ങനെയാണ്? കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് നെടുമ്പാശ്ശേരി വിമാനത്താവളം ഉണ്ടായത്. അന്ന് പലരും പറഞ്ഞത് , 'ഓവർ മൈ ഡെഡ് ബോഡി' എന്നാണ്. അവർതന്നെ പിന്നീട് അതിന്റെ ചെയർമാനായതും കേരളം കൗതുകത്തോടെ കണ്ട കാര്യമാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ 80 ശതമാനം പ്രവർത്തനങ്ങളും പൂർത്തിയാക്കിയത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അതും ഒരു പൊതു-സ്വകാര്യ സംരംഭമാണ്. ഡൽഹി, ബോംബെ വിമാനത്താവളങ്ങൾ സ്വകാര്യവൽക്കരിച്ചവരാണോ ഇപ്പോൾ ഇതിനെ എതിർക്കുന്നതെന്ന് പലരും ചോദിക്കുന്നുണ്ട്; ഡൽഹി, ബോംബെ വിമാനത്താവളങ്ങൾ സ്വകാര്യവൽക്കരിച്ചുവെന്നുള്ളത് സത്യമാണ്. അതിനുള്ള തീരുമാനമെടുത്തത് യു.പി.എ. ഗവൺമെന്റാണ്. അവിടെയൊന്നും കേരളത്തെപ്പോലെ ഒരു പൊതു-സ്വകാര്യ സംരംഭം വിജയകരമായി നടത്തിയിരുന്നില്ല. ഇവിടത്തെ വ്യത്യാസം എന്താണ്; ലോകത്തിനുതന്നെ മാതൃകയായ നിലയിൽ പൊതു-സ്വകാര്യ സംരംഭത്തിലൂടെ വിമാനത്താവളം നടത്തി വിജയകരമായി പൂർത്തീകരിച്ച ചരിത്രമാണ് കേരളത്തിലുള്ളത്. അതുകൊണ്ടാണ് പ്രൈവറ്റൈസേഷന്റെ ആവശ്യമില്ലായെന്നും സംസ്ഥാന ഗവൺമെന്റിന്റെ SPV-യെത്തന്നെ ഏല്പിച്ചാൽ മതിയെന്നുമുള്ള നിലപാട് ഞങ്ങളെടുത്തത്. ഇവിടെ നടന്നത് ക്രിമിനൽ ഗൂഢാലോചനയാണ്. ഇവിടെ K.S.I.D.C. (Kerala State Industrial Development Corporation)-ആണ് ബിഡ്ഡിൽ പങ്കെടുത്തത്. ബിഡ് ഫൈനലൈസ് ചെയ്യാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ സർക്കാർ ചുമതലപ്പെടുത്തുന്നു. ഈ കമ്മിറ്റിയിൽ ഒരു ടെണ്ടർ നടപടിയുമില്ലാതെ അദാനി ഗ്രൂപ്പ് ഉടമ ശ്രീ. ഗൗതം അദാനിയുടെ മരുമകളായ ശ്രീമതി പരിധി അദാനി പാർട്ണറായ സിറിൾ സുരേഷ് ഷറോഫ് നടത്തുന്ന സിറിൾ അമർചന്ദ് മംഗൾദാസ് എന്ന ലാ ഫേമിന് കൺസൾട്ടൻസി കൊടുക്കുന്നു. മറ്റുപല സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും കരിമ്പട്ടികയിൽപ്പെടുത്തിയ സ്ഥാപനത്തെ കൺസൾട്ടന്റാക്കുകയാണ്. അവരുടെ രണ്ടുപേരുടെയും അഭിപ്രായമനുസരിച്ച് ബിഡ് തുക ക്വാട്ട് ചെയ്യുന്നു. ബിഡ്ഡിൽ 10 ശതമാനം പ്രൈസ് പ്രിഫറൻസുണ്ടായിട്ടും കെ.എസ്.ഐ.ഡി.സി. പരാജയപ്പെടുകയാണ്. ഇത് ദുരൂഹമായൊരു ഇടപാടാണ്. എങ്ങനെയാണ് മംഗൾദാസ് എന്ന കമ്പനിയെ തെരഞ്ഞെടുത്തത്; ടെണ്ടർ ഉണ്ടായിരുന്നോ; ടെണ്ടറില്ലാതെ എങ്ങനെ തെരഞ്ഞെടുത്തു; ആരുടെ നിർദ്ദേശപ്രകാരമാണിത്; എങ്ങനെയാണ് അവരുടെ

ഫീസ് 55 ലക്ഷം രൂപയായി നിശ്ചയിച്ചത്? ഈ കമ്പനിക്കാണ് ലോകത്തിലെ ഏറ്റവും വലിയ നിയമോപദേശം നൽകാൻ കഴിയുന്നതെന്നാണ് ഇപ്പോൾ മന്ത്രിമാർ പറയുന്നത്. ഇവിടെ അദാനിയോടൊപ്പം നിൽക്കുകയും സഹായിക്കുകയും പരസ്യമായി എതിർക്കുകയും ചെയ്യുന്ന ഈ നിലപാട് ഇരട്ടത്താപ്പാണ്, വഞ്ചനയാണ്. ഇത് ഏറ്റവും നല്ല ലാ ഫേമാണെന്ന് ചില മന്ത്രിമാർ പറഞ്ഞു. ഞങ്ങൾ പരിശോധിച്ചു. ടെണ്ടറില്ലാതെ കൺസൾട്ടൻസി നൽകിയ ഈ കമ്പനിയുടെ ബാക്ക്ഗ്രൗണ്ട് എന്താണ്? പഞ്ചാബ് നാഷണൽ ബാങ്കിൽനിന്നും കോടിക്കണക്കിന് രൂപ വെട്ടിച്ച നീരവ് മോദി കേസിൽ സി.ബി.ഐ. അന്വേഷണം നേരിടുന്ന കുപ്രസിദ്ധമായ കമ്പനിയാണിത്. നീരവ് മോദിയുടെ ഓഫീസിൽ സെർച്ച് നടത്തിയപ്പോൾ ആറ് പെട്ടികളിലാണ് പ്രധാനപ്പെട്ട രേഖകൾ സി.ബി.ഐ. കണ്ടെത്തിയത് എന്നുള്ളത് എല്ലാ ദിനപ്പത്രങ്ങളിലും വലിയ വാർത്തയായിരുന്നു. നീരവ് മോദിയെന്ന് പറയുന്ന, നാടിനെ കബളിപ്പിച്ച വ്യക്തിയെ സഹായിച്ചതിന്റെ പേരിൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന അദാനിയുടെ കമ്പനിയെത്തന്നെ ഏൽപ്പിച്ചു. ഇതിൽ നിയമോപദേശം തേടിയത് ആരാണെന്നറിയാനുള്ള താൽപ്പര്യം ഞങ്ങൾക്കുണ്ട്. ഇവിടെയാണ് conflict of interest വരുന്നത്.

മറ്റൊരു പ്രധാന വിഷയം ഇവിടെ വരുന്നു. വിജയകരമായും ലാഭകരമായും പ്രവർത്തിക്കുന്ന സിയാൽ; എന്തുകൊണ്ട് സിയാലിനെ ഒരു കൺസൾട്ടന്റായി നിയമിച്ചില്ല? എല്ലാതരത്തിലും പരിചയമുള്ളവരല്ലേ; പ്രീവിയസ് എക്സ്പീരിയൻസുള്ളവരല്ലേ; വിജയകരമായി നടപ്പാക്കിയവരല്ലേ, എന്തുകൊണ്ട് അവരെ കൺസൾട്ടന്റായി നിയമിച്ചില്ല? അന്നത്തെ സർവ്വകക്ഷിയോഗത്തിൽ, ബിഡ്ഡിൽ പങ്കെടുത്തതിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെന്ന് ഞാൻ പറഞ്ഞു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറയുന്നതെന്താണ്? ബിഡ്ഡിൽ പങ്കെടുത്തുപോയി, കൂടുതൽ തുക ക്വാട്ട് ചെയ്തവർക്ക് കൊടുക്കേണ്ടിവരും. അതാണ് ബിസിനസ്സ് എന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഒരുപക്ഷേ, ബിഡ്ഡിൽ പങ്കെടുത്തില്ലായിരുന്നെങ്കിൽ നമുക്ക് മറ്റൊരു വഴി തേടാൻ കഴിയുമായിരുന്നു. പക്ഷേ, ആരോടും ആലോചിക്കാതെ നിങ്ങൾ ബിഡ്ഡിൽ പങ്കെടുക്കുകയാണുണ്ടായത്. ഇതിനകത്ത് നടന്ന കള്ളക്കളിയെ നമുക്ക് ചെറുതായി കാണാൻ കഴിയില്ല. അദാനിയെ സഹായിക്കാനുള്ള ഗൂഢാലോചന ഇക്കാര്യത്തിൽ നടന്നുവെന്നുള്ളത് സത്യമാണ്. അതുകൊണ്ടുതന്നെ വ്യാപകമായ പ്രതിഷേധം ജനങ്ങളിൽ ഉയർന്നുവരികയാണ്. നിങ്ങൾ പറയുന്ന കാര്യങ്ങളല്ല പ്രവർത്തിക്കുന്നത്. യഥാർത്ഥമുഖം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രമേയത്തിന്റെ സ്പിരിറ്റിനെ ഞങ്ങൾ അംഗീകരിക്കുന്നു. ഇനിയെങ്കിലും ഇത്തരം വഞ്ചനാത്മകമായ നിലപാടുണ്ടാകാൻ പാടില്ല. സംസ്ഥാന താല്പര്യത്തെ മുൻനിർത്തി പ്രതിപക്ഷം ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ നിർഭാഗ്യകരമായൊരു പരാമർശമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തുനിലപാട് സ്വീകരിച്ചുവെന്നുള്ളത് തുടക്കംമുതലേ തുറന്ന പുസ്തകമായി നാട് അംഗീകരിച്ചിട്ടുള്ള കാര്യമാണ്. അവരവരുടെ ശീലം വച്ച് മറ്റുള്ളവരെ അളക്കുമ്പോഴുണ്ടാകുന്ന പ്രശ്നമാണിവിടെ വരുന്നത്. .....(ബഹളം)..... രഹസ്യമായി ഒരുനിലയും പരസ്യമായി മറ്റൊരു നിലയും സ്വീകരിച്ചവർക്ക് എല്ലാവരും അങ്ങനെയാണെന്നേ കാണാൻ സാധിക്കുകയുള്ളൂ. അങ്ങനെ അല്ലാത്തവരും നാട്ടിലുണ്ടെന്ന് മനസ്സിലാക്കണം. നമ്മുടെ രണ്ട് കൂട്ടരുടേയും പ്രവർത്തനം നാട് വിലയിരുത്തുന്നതാണ്. കള്ളങ്ങളും അപവാദങ്ങളും പ്രചരിപ്പിച്ചുകൊണ്ട് തങ്ങൾക്ക് മേൽക്കൈ നേടിക്കളയാമെന്ന ധാരണയോടെയാണ് പ്രതിപക്ഷം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ......(ബഹളം)......

മി. സ്പീക്കർ: നിങ്ങൾ ശീലം തുടങ്ങി വച്ചിട്ട് മറ്റുള്ളവർ പ്രസംഗിക്കുമ്പോൾ ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയുണ്ടാക്കരുത്. ഇതുപോലെ പ്രതികരണം വരുമ്പോൾ പിന്നീട് വിഷമിക്കരുത്. ദയവായി ഇരിക്കണം......(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, ഇതൊക്കെത്തന്നെയാണ് ശീലം. ഇതിന്റെയൊക്കെ ഭാഗമായാണ് ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വല്ലാത്ത വെപ്രാളത്തിൽപ്പെട്ട് നിൽക്കുകയാണ്. അതിന്റെ ഭാഗമായി ഇങ്ങനെയുള്ള പ്രകടനങ്ങളുണ്ടാകും. അതാണ് ഇരിപ്പിടം ഇരുത്തം കൊള്ളാത്തത്. അതുകൊണ്ടാണ് അവിടെയിരുന്ന് ഓരോന്നും വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നത്. എന്താണ് കേൾക്കാൻ വിഷമം, ഒന്നും പറഞ്ഞില്ലല്ലോ; പറഞ്ഞുതുടങ്ങുന്നതിന് മുമ്പുതന്നെ എന്തോ പറയാൻ പോകുകയാണെന്നുള്ള ധാരണയിൽ എന്തിനാണ് വെപ്രാളം കൊള്ളുന്നത്? അതല്ലേ നടന്നുകൊണ്ടിരിക്കുന്നത്. സാധാരണഗതിയിലുള്ള ഒരു സംസ്കാരം കാണിക്കണ്ടേ; അതാണോ ഇവിടെ കാണുന്നത്, കേൾക്കുന്നില്ലേ? ....(ബഹളം)....

മി. സ്പീക്കർ: ഇത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, ഇതാണോ സ്വീകരിക്കേണ്ട നിലപാട്. എന്ത് അപവാദവും വിളിച്ചുപറയുക, അതിന് മറുപടി കേൾക്കാൻ ഞങ്ങൾ തയ്യാറല്ല, അത് ബഹളത്തിൽ മുക്കുമെന്നാണോ നിലപാട്; അങ്ങനെ കൊണ്ടുപോകാൻ കഴിയുമോ?....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ എല്ലാവരും നിശ്ശബ്ദരായി ഇരുന്നില്ലേ? പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ പറഞ്ഞുപോയാൽ പേടിപ്പിക്കലായോ; അങ്ങനെ പേടിക്കാനുള്ളവരാണെങ്കിൽ എന്തിനിവിടെ ഇരിക്കുന്നു; (.......ബഹളം.....) ഈ നിയമസഭയിൽ വരുന്നവരാരും പേടിക്കാൻ വരുന്നവരല്ല. ആരേയും പേടിക്കാനല്ല ഈ നിയമസഭയിൽ വരുന്നത്. (.......ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചു. എല്ലാവരും നിശ്ശബ്ദമായി അത് കേട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ നിങ്ങൾ കമന്റ് ചെയ്യുന്നു. അതിരുവിട്ട പ്രയോഗങ്ങൾ നടത്തുന്നു. ഇത് ആവർത്തിച്ചാൽ വീണ്ടും ബുദ്ധിമുട്ടുണ്ടാകും. പ്ലീസ്...... (.......ബഹളം.....)

ശ്രീ. പിണറായി വിജയൻ: സർ, നിങ്ങളുടെ പുറകിലിരുന്ന് പറയുന്നത് കേൾക്കുന്നില്ലേ; അതാണോ വേണ്ടത്?

മി. സ്പീക്കർ: നിങ്ങൾക്കെല്ലാം ഉന്നയിക്കാനുള്ള അവസരവും സമയവുമുണ്ടല്ലോ. പിന്നെന്തിനാണ് കമന്റുകൾ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ മര്യാദ പാലിക്കണ്ടേ? ആരെയും ഭീഷണിപ്പെടുത്താനല്ല ഇവിടെ ഇരിക്കുന്നത്. അവിടെനിന്നും പറഞ്ഞു എന്നതന്നെയാണ് പറഞ്ഞത്. പറയുന്നത് കേൾക്കാനുള്ള സാവകാശം കാണിക്കണം. (.....ബഹളം.....)

മി. സ്പീക്കർ: ആരും വിളിച്ചുപറയരുത്. പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിൽ നാം ഒന്നിച്ചുതന്നെയാണ് നിന്നിട്ടുള്ളത്. വിമാനത്താവളത്തിന്റെ കാര്യത്തിൽ പ്രതിപക്ഷമായാലും ഭരണപക്ഷമായാലും വ്യത്യാസമില്ലാതെ ഒന്നിച്ചുനിൽക്കുന്ന സമീപനമാണ് സ്വീകരിച്ചത്. സാധാരണ ഒരു ആധാരം രജിസ്റ്റർ ചെയ്യാൻ പോകുമ്പോൾ നമ്മളെത്ര നിയമ പരിജ്ഞാനമുള്ളവരായാലും അവിടെയുള്ള ഒരാളുടെ സഹായം തേടുന്നത് ശരിയായ രീതിയിൽ രജിസ്റ്റർ ചെയ്ത് കിട്ടാനാണ്. ഇത് കുറേക്കൂടി ഉയർന്ന തലത്തിലാകുമ്പോൾ അതിനനുയോജ്യമായവരെ ഏൽപ്പിക്കും. ഇവിടെ എന്താണുണ്ടായത്? നമ്മുടെ രാജ്യത്തെ പ്രമുഖമായ ഒരു നിയമ സ്ഥാപനം, അത് പ്രമുഖമല്ലായെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. ഞങ്ങൾ അപ്പോൾ കണ്ടത് പ്രമുഖമായൊരു സ്ഥാപനമാണെന്നാണ്. അങ്ങനെയാണ് അവരെ സംബന്ധിച്ച് നിർദ്ദേശം വന്നത്; അവരാകട്ടെയെന്ന്

തീരുമാനിച്ചത്. ഇതിനകത്ത് conflict of interest ഉണ്ടോ? ഏത് സ്ഥാപനവും അത് വ്യക്തമാക്കും. അത് ഇല്ലായെന്ന് ആ ഘട്ടത്തിൽത്തന്നെ അവർ വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതി വക്കീലന്മാരുടെ കൂട്ടത്തിൽ ശ്രീ. കപിൽ സിബൽ ഒരു നിയമ വിദഗ്ദ്ധനാണല്ലോ. ഒരു കേസ് ഏൽപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ കോൺഗ്രസ് ബന്ധമാണോ ആദ്യം ആലോചിക്കുക; അദ്ദേഹത്തിന്റെ നിയമ പാണ്ഡിത്യമല്ലേ ആലോചിക്കുക? സ്വാഭാവികമായും ഒരു സ്ഥാപനത്തെ എൻഗേജ് ചെയ്യുമ്പോൾ അതിന് കഴിയുമോയെന്നാണ് ആലോചിക്കുക. അതിന് കഴിയുന്ന സ്ഥാപനമാണെന്ന് കണ്ടതുകൊണ്ടാണ് അവരെ ഏൽപ്പിച്ചത്. അതിൽ ഈ പറയുന്ന തുക ക്വാട്ട് ചെയ്യുന്നതിൽ ഒരു പങ്കും അവർക്കില്ല. ഈ സ്ഥാപനത്തിൽ ലീഗൽ വെറ്റിംഗ് മാത്രമേ നടക്കുന്നുള്ളൂ. തുകയുമായി ബന്ധപ്പെട്ട കാര്യത്തിൽ അവർ കൈകടത്തുന്നില്ല. അപ്പോൾ ക്വാട്ട് ചെയ്യുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ഇടപെടലും ഈ ലീഗൽ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും വരുന്നില്ല. മറ്റേത് പ്രത്യേക രീതിയിൽ സർക്കാരിന്റേതന്നെ വിദഗ്ദ്ധ സമിതി തയ്യാറാക്കിയ ലിസ്റ്റാണ്; അല്ലെങ്കിൽ കണക്കാണ്, അല്ലെങ്കിൽ തുകയാണ്. അതിൽ മറ്റാർക്കും പങ്കില്ല. അവരുടെ കണക്കുകൂട്ടലിനനുസരിച്ച് എയർപോർട്ട് നടത്തിക്കൊണ്ട് പോകുന്നതിന് ഈ രീതിയാണ് നല്ലതെന്ന് കണ്ടു, അത് കൊടുത്തു. അദാനി കൂടുതൽ ക്വാട്ട് ചെയ്തപ്പോൾ അതിനേക്കാളും കൂടുതൽ നമുക്ക് ക്വാട്ട് ചെയ്തുകൂടായിരുന്നോ എന്ന് തോന്നാം. അത് സ്വാഭാവികമാണ്. നമുക്ക് വേണ്ടതാണെന്നുള്ള വികാരത്തിന്റെ മേലെ അങ്ങനെ തോന്നാം. പക്ഷേ, അന്നത്തെ കണക്കുകൂട്ടലിൽ അതാണ് തോന്നിയത്. അതിന്റെ ഭാഗമായാണ് അത് നടന്നത്. തുക ക്വാട്ട് ചെയ്തതിൽ ഈ പറയുന്ന നിയമ സ്ഥാപനത്തിന് യാതൊരു പങ്കുമില്ല. അവർ അതിന്റെ ഭാഗത്തേ വരുന്നില്ല. ഇതുമായി ബന്ധപ്പെട്ട നിയമപരമായ കാര്യങ്ങൾ മാത്രമാണ് അവർ വെറ്റ് ചെയ്തിട്ടുള്ളത്. അതാണ് നാം കാണേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, കോൺഫ്ലിക്റ്റിന് ഇല്ലെന്ന് അങ്ങ് പറഞ്ഞു. ലീഗൽ ഫേമിനെ ഏൽപ്പിക്കുമ്പോൾ ഞങ്ങൾ പശ്ചാത്തലം മനസ്സിലാക്കിയിരുന്നില്ലെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. ഏതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്?

ശ്രീ. പിണറായി വിജയൻ: സർ, അവർതന്നെ എഴുതിവച്ച കാര്യമാണ് ഞാൻ പറഞ്ഞത്. ഇത്തരമൊരു സ്ഥാപനത്തെ ഏൽപ്പിക്കുമ്പോൾ സ്ഥാപനത്തിന്റെ കാര്യത്തിൽ അവർക്ക് കോൺഫ്ലിക്ട് ഓഫ് ഇന്ററസ്റ്റ് ഉണ്ടോയെന്നുള്ളത് സ്വാഭാവികമായും അന്വേഷിക്കും. അത് ഇല്ലായെന്ന് അവർതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഈ പ്രമേയത്തിന് സമവായം വേണ്ടതുകൊണ്ട് ശ്രീ. പി. സി. ജോർജിന് ഒരുമിനിറ്റ് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അന്താരാഷ്ട്ര വിമാനത്താവളം സംബന്ധിച്ച പ്രമേയത്തോട് എനിക്ക് നൂറുശതമാനവും യോജിപ്പാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ വിഴിഞ്ഞം പദ്ധതിയൊഴിച്ച് ബാക്കി കാര്യങ്ങളിലും യോജിപ്പാണ്. ഒരു ചെറിയ സംശയം ഞാൻ ചോദിക്കുന്നു. ഇതൊക്കെ ജനങ്ങളിലുണ്ടാകുന്ന സംശയമാണ്. 2019 ഫെബ്രുവരി 19-ന് കണ്ണൂർ തളിപ്പറമ്പിലെ രാജരാജേശ്വരി ക്ഷേത്രത്തിൽ ശത്രുസംഹാര പൂജ നടത്താൻ ശ്രീ. ഗൗതം അദാനിയും അദ്ദേഹത്തിന്റെ ഭാര്യ പ്രീതിയും വന്നിരുന്നു. 15 ദിവസം കഴിഞ്ഞപ്പോൾ കേന്ദ്ര ഗവൺമെന്റ് എയർപോർട്ട് അദാനിക്ക് കൊടുത്തു. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നാട്ടിലില്ല. അദ്ദേഹം അമേരിക്കയിലാണ്. അദ്ദേഹം ഇതൊന്നും അറിഞ്ഞില്ല. ഇതൊക്കെ ജനങ്ങളിൽ സംശയമുണ്ടാക്കാൻ ഇടവരുത്തുന്ന കാര്യങ്ങളാണ്. കാരണം, ശ്രീ. ഗൗതം അദാനിക്ക് ശത്രുസംഹാര പൂജ നടത്താൻ ഇന്ത്യയിൽ എവിടെയെല്ലാം സ്ഥലമുണ്ട്. അവർ കണ്ണൂരിൽത്തന്നെ വരണോ?

മി. സ്പീക്കർ: എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. സി. ജോർജ്: സർ, അന്താരാഷ്ട്ര വിമാനത്താവളം അദാനി ഗ്രൂപ്പിന് കൊടുക്കുന്നത് എതിർക്കുന്ന സമയത്ത് എന്തുകൊണ്ട് വിഴിഞ്ഞം പദ്ധതിയെ എതിർക്കുന്നില്ല. വിഴിഞ്ഞം പദ്ധതി കേരളത്തിന് ഏറ്റവും നഷ്ടമുണ്ടാക്കുന്ന കാര്യമല്ലേ?

മി. സ്പീക്കർ: ഇപ്പോൾ ചർച്ച അതല്ല.

ശ്രീ. പി. സി. ജോർജ്: സർ, വിഴിഞ്ഞം പദ്ധതിയെ എതിർക്കാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ല; ഇടതുപക്ഷ ഗവൺമെന്റിന് ജനങ്ങളുടെ പിന്തുണ കിട്ടണമെങ്കിൽ വിഴിഞ്ഞം പദ്ധതിയിൽനിന്നും അദാനി ഗ്രൂപ്പിനെ ഒഴിവാക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയ അവിശ്വാസപ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കായി ഇന്ന് അഞ്ച് മണിക്കൂറാണ് (300 മിനിട്ട്) അനുവദിച്ചിരിക്കുന്നത്. അതിൽ അവതാരകന് 20 മിനിട്ടും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിക്കായി 50 മിനിട്ടും നീക്കിവയ്ക്കുന്നുണ്ട്. ശേഷിക്കുന്ന 230 മിനിട്ട് വിവിധ രാഷ്ട്രീയ കക്ഷികൾക്കും സ്വതന്ത്ര അംഗങ്ങൾക്കുമായി അവരവരുടെ സഭയിലെ അംഗബലത്തിന്റെ അടിസ്ഥാനത്തിൽ വീതംവച്ചിരിക്കുകയാണ്. ചർച്ചയിൽ എല്ലാവരും സമയക്രമം പാലിക്കേണ്ടതാണെന്ന് സ്ഥിരമായി പറയാറുണ്ടെങ്കിലും പലപ്പോഴും അത് പാലിക്കുന്നരീതി ബഹുമാനപ്പെട്ട അംഗങ്ങൾക്കില്ല. സമയനിഷ്ഠ പാലിക്കണമെന്ന് പറയുന്നത് ഇഷ്ടവുമല്ല. പക്ഷേ, നിയമസഭാ സാമാജികരുടെ സഭയിൽ ഉന്നയിക്കാനുള്ള അവകാശം സംരക്ഷിക്കുന്ന പോലെത്തന്നെ അവരുടെ ആരോഗ്യവും സംരക്ഷിക്കേണ്ട ബാധ്യത നിയമസഭയ്ക്കും ചെയറിനുമുണ്ട്. അതുകൊണ്ട് കോവിഡ്-19 കാലത്ത് അനിശ്ചിതമായി നിയമസഭാ സമ്മേളനം നീണ്ടുപോകരുത്; അത് അനുവദിക്കുന്നതല്ല. സമയനിഷ്ഠ കർശനമായി പാലിക്കാൻ സഹകരിക്കണമെന്ന് പറയുകയാണ്. ആരോഗ്യകരമായ ചർച്ചയാണ് എല്ലാവരിൽനിന്നും പ്രതീക്ഷിക്കുന്നത്. പാലിക്കേണ്ട സഭാമര്യാദകളെക്കുറിച്ച് ചെയർ എല്ലാവരെയും ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. മുൻകൂർ എഴുതിത്തന്ന് അനുമതി വാങ്ങാതെ യാതൊരു വിധത്തിലുമുള്ള അഴിമതി ആരോപണവും ഉന്നയിക്കുന്നത് ശരിയല്ല. ചർച്ചയിൽ ഓരോരുത്തർക്കും അനുവദനീയമായ സമയപരിധിയെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ചർച്ച ആരോഗ്യകരമായൊരു സംവാദമായി കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് പറഞ്ഞത് അംഗീകരിക്കുന്നു. പക്ഷേ, സാധാരണഗതിയിൽ അവിശ്വാസ പ്രമേയം മൂന്ന് ദിവസമാണ് ചർച്ച ചെയ്യാറുള്ളത്.

<u>മി. സ്പീക്കർ</u>: ഇപ്പോഴത്തെ സാഹചര്യം വ്യത്യസ്തമായതുകൊണ്ടാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതല്ല, രണ്ടു ദിവസമാക്കി കുറച്ച സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. സഭാരേഖകൾ പരിശോധിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകും. പക്ഷേ, കോവിഡ്-19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ സഹകരിക്കാനാണ് തയ്യാറായത്. എന്നുവിചാരിച്ച് ഞങ്ങൾക്ക് ഒരു തരത്തിലും അങ്ങോട്ടും ഇങ്ങോട്ടും പോകാൻ വയ്യ എന്ന നിലപാട് അങ്ങ് സ്വീകരിക്കരുത്. കോവിഡ്-19-ന്റെ പ്രത്യേക പശ്ചാത്തലത്തിലാണ് ഞങ്ങൾ അത് അംഗീകരിച്ചത്.

മി. സ്പീക്കർ: ഞാൻ അങ്ങയുമായി സംസാരിച്ചില്ല. അങ്ങും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ധാരണയുണ്ടാക്കി എന്നെ അറിയിച്ചതാണ്. നിങ്ങൾ തന്നെ ഒരു തീരുമാനമെടുത്തിട്ട് ലംഘിക്കണമെന്ന് എന്നോട് പറയുന്നത് ശരിയാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിലൊന്നും യാതൊരു സംശയവും വേണ്ട. പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായി ശ്രീ. കെ. സി. ജോസഫും ഞങ്ങളും സംസാരിച്ചതുതന്നെയാണ്.

മി. സ്പീക്കർ: അതല്ലേ ഞാൻ നടപ്പാക്കേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് അതിൽ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. പ്രതിപക്ഷത്തിന്റെ അവകാശം ഇതിലുണ്ട്. മൂന്നുദിവസം ചർച്ച ചെയ്യേണ്ട കാര്യം രണ്ടുദിവസം ചർച്ച ചെയ്യണമെന്ന് പറഞ്ഞു. അതും നടന്നില്ല. പിന്നെ അഞ്ചുമണിക്കൂറാക്കി. അത് മനസ്സിലുണ്ടാകണമെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളോടൊക്കെ ഞങ്ങൾക്ക് യോജിപ്പാണ്.

## XI അവിശ്വാസപ്രമേയ ചർച്ച

മി. സ്പീക്കർ: ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിനായി ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, 'ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, വില്യം ഷേക്സ്പിയറിന്റെ പ്രശസ്ത നാടകമായ 'ജൂലിയസ് സീസറിൽ' മാർക്ക് ആന്റണിയുടെ വിഖ്യാതമായ പ്രസംഗമുണ്ട്. അതിൽ അദ്ദേഹം ബ്രൂട്ടസിനെ വിശേഷിപ്പിക്കുന്നത് "He is an honourable man" എന്നാണ്. ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയെ " Our Chief Minister is an honourable man" എന്ന് വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ മുഖ്യമന്ത്രി ആദരണീയനായ ഒരു മനുഷ്യനാണ്. അദ്ദേഹമാണ് ഈ ഭരണത്തിന്റെ, ഈ കപ്പലിന്റെ ചുക്കാൻ നിയന്ത്രിക്കുന്ന കപ്പിത്താൻ. ദൗർഭാഗ്യവശാൽ അദ്ദേഹം നിയന്ത്രിക്കുന്ന കപ്പൽ

ചുഴിയിലും മഴയിലും കാറ്റിലുംപെട്ട് നടുക്കടലിൽ ആടിയുലയുകയാണ്. അദ്ദേഹത്തിന് നിയന്ത്രിക്കാൻ കഴിയുന്നില്ല. കാരണം, കപ്പിത്താന്റെ ക്യാബിനിൽത്തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. മാർച്ച് നാലാം തീയതി സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ചും അതിലൂടെയുണ്ടാകുന്ന പതിനായിരക്കണക്കിന് കോടി രൂപയുടെ നികുതി ചോർച്ചയെക്കുറിച്ചും ഞാൻ ഈ സഭയിൽ സംസാരിച്ചപ്പോൾ "അങ്ങ് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്, സ്വർണ്ണക്കള്ളക്കടത്തിനോടൊപ്പം ഒരു അധോലോകം കേരളത്തിൽ വളർന്നുവരുന്നത് അങ്ങ് ശ്രദ്ധിക്കണം" എന്ന് അവസാനം ഒരു വാചകം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ നിഷ്കളങ്കമായി പറഞ്ഞപ്പോൾ, ഈ സ്വർണ്ണക്കള്ളക്കടത്തിന്റെ ആസ്ഥാനം അങ്ങയുടെ ഓഫീസ് തന്നെയായിരുന്നുവെന്ന് എനിക്കറിയില്ലായിരുന്നു. കേരളത്തിലേയ്ക്ക് ഒരു കള്ളക്കടത്ത് സംഘം വരുന്നു, ഒരു മൂന്നാംകിട കള്ളക്കടത്ത് സംഘം. വലിയ ആളുകളൊന്നുമല്ല. അവർക്ക് ഒരു ബ്ലൂ പ്രിന്റുണ്ട്, ആസൂത്രണമുണ്ട്. അവർ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നു. ആര് പണം മുടക്കും, ആര് സ്വർണ്ണം വാങ്ങും, ദുബായിൽ ആര് വാങ്ങും, ആര് എയർപോർട്ടിൽ കൊണ്ടുവരും, അത് ഏത് രീതിയിൽ, ഡിപ്ലോമാറ്റിക് ബാഗേജിലോ, എങ്ങനെ ഇവിടെ കടത്തും; ഇവിടെ എത്തിയാൽ അത് എങ്ങനെ സ്വീകരിക്കും; അത് ഇവിടെനിന്ന് എങ്ങോട്ട് കൊണ്ടുപോകും, ആർക്ക് കൊടുക്കും? A to Z പ്ലാനിംഗ് ഒരു സ്മഗ്ലിംഗ് മാഫിയയ്ക്കുണ്ട്. അന്നുമുണ്ടായിരുന്നു, ഈ പ്രാവശ്യവുമുണ്ടായിരുന്നു. അവർ എന്താണ് ചെയ്തത്? അവർക്ക് ഇവിടെ സ്വാധീനമുണ്ടാക്കാനായി കേരളത്തിന്റെ ഏറ്റവും പ്രബലമായ ഓഫീസായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിനെ ലക്ഷ്യംവച്ചു. ആ ഓഫീസിലെ ഏറ്റവും പ്രബലനായ, അമിതാധികാരങ്ങളുള്ള, ഈ സർക്കാരിന്റെ ഡിപ്പാർട്ടുമെന്റുകളെയും വകുപ്പുകളെയും കയ്യിലിട്ട് അമ്മാനമാടുന്ന മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ അവർ വരുതിയിലാക്കുന്നു. അയാളെ കയ്യിൽ വച്ചുകൊണ്ട് ഐ.എ.എസ്.-കാർ, മന്ത്രിമാർ, ഐ.പി.എസ്.-കാർ, പ്രധാന സ്ഥാനങ്ങളിലിരിക്കുന്നവർ എന്നിവരെ അവർ വരുതിയിലാക്കുന്നു. ഇതിന് ഒരു മറ വേണ്ടേ? അപ്പോൾ മുഖ്യമന്ത്രിയുടെ വകുപ്പായ ഐ.ടി. വകുപ്പിൽ ഒരു ഗവൺമെന്റ് ജോലി വേണം. 1,17,000 രൂപ ശമ്പളത്തിന് കള്ളക്കടത്ത് കേസിലെ പ്രതി പിൻവാതിലിലൂടെ സ്പെയ്സ് പാർക്കിന്റെ പ്രോജക്ടിൽ കയറുന്നു. അവരെ വച്ച രണ്ട് ഏജൻസികളെക്കൂടി കൂട്ടുമ്പോൾ 2,70,000 രൂപയാണ് ഈ സർക്കാർ ചെലവാക്കിയത്. ഐ.ടി. വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി തന്റെ സ്വന്തം വകുപ്പിൽ ഈ സർക്കാർ 2,70,000 രൂപ മുടക്കി ഒരാളെ നിയമിച്ചിട്ട് അത് അറിഞ്ഞില്ലെന്നുപറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കണോ? അക്ഷരാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ ഈ കള്ളക്കടത്ത് സംഘം ഹൈജാക്ക് ചെയ്തു.

ഞൊടിയിടകൊണ്ട് വരുതിയിലാക്കാൻ കഴിയുന്ന ഒന്നായി മുഖ്യമന്ത്രിയുടെ ഓഫീസ് അധഃപതിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിലെ മറ്റുള്ളവരെക്കുറിച്ചൊന്നും സമയക്കുറവുമൂലം ഞാൻ പറയുന്നില്ല. കാരണം, അവരിൽ പലരും ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നവരാണ്. മുഖ്യമന്ത്രിയുടെ ഐ.ടി. ഫെലോ വിസിറ്റിംഗ് കാർഡ്, ലെറ്റർ പാഡ് എന്നിവയൊക്കെ ഓരോരുത്തർക്ക് കൊടുത്തിരിക്കുകയാണ്. എവിടെയും കയറിച്ചെല്ലാം, വിദേശരാജ്യത്ത് പോകാം, വിവിധ സംസ്ഥാനങ്ങളിൽ പോകാം, കോൺഫറൻസുകളിൽ പങ്കെടുക്കാം. ആരാണ് മുഖ്യമന്ത്രിയുടെ ഐ.ടി. ഫെലോ; ഇപ്പോൾ എന്താണ് സ്ഥിതി? സെക്രട്ടേറിയറ്റിൽ എൻ.ഐ.എ.-യും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കയറിയിറങ്ങുന്ന, ചീഫ് സെക്രട്ടറിയെ ചോദ്യം ചെയ്യുന്ന, നോട്ടീസ് കൊടുക്കുന്ന. ഏതൊക്കെ ഫയലാണ് അവർ ചോദിച്ചിരിക്കുന്നത്, ആരെയൊക്കെയാണ് അവർ ചോദ്യം ചെയ്യുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞ് പത്രസമ്മേളനം നടത്തുമ്പോൾ തൊട്ടപ്പുറത്ത് കസ്റ്റംസ് വെളുപ്പാൻകാലത്ത് രണ്ടുമണിവരെ തന്റെ പ്രിൻസിപ്പൽ സെക്രട്ടറിയെ ചോദ്യം ചെയ്യുന്നു. പിറ്റേ ദിവസം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യുന്നു. ഒന്നുമറിയില്ല, ഒരു കാര്യത്തെക്കുറിച്ചും ഒന്നുമറിയില്ല. എന്ത് ചോദിച്ചാലും അറിയില്ല. എല്ലാം അറിയാവുന്ന ഒരാൾ മാത്രമാണുണ്ടായിരുന്നത്. ദുഷ്ടൻ, ക്രൂരൻ, ദുർഗന്ധം പരത്തിയവൻ, ഒന്നിനും കൊള്ളാത്തവൻ, വഞ്ചകൻ എന്നൊക്കെ എല്ലാ മന്ത്രിമാരും സ്ഥാനപ്പേരിട്ട് വിളിക്കുന്ന എം. ശിവശങ്കറിന്റെ തലയിൽ കൊണ്ടുവച്ചു. വേറെ ആർക്കും ഒന്നുമറിയില്ല. പിന്നെ എന്ത് അറിഞ്ഞുകൊണ്ടാണ് നിങ്ങൾ ഭരിച്ചിരുന്നത്? അത് മാത്രമാണോ? നിരന്തരമായ അഴിമതിയാരോപണങ്ങളും വിവാദങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും വരികയാണ്.

പാവപ്പെട്ടവർക്ക് വീട് വയ്ക്കാനായി രൂപീകരിച്ച ലൈഫ് മിഷൻ പദ്ധതി. Foreign Contribution (Regulation) Act അനുസരിച്ച് അതിന്റെ നിയമവും ചട്ടങ്ങളും ലംഘിച്ച് നിങ്ങൾ ഒരു വിദേശ സ്ഥാപനത്തിൽനിന്ന് ഇരുപത് കോടി രൂപ കൊണ്ടുവരുന്നു. നല്ല ഉദ്ദേശ്യത്തിലായിരിക്കാം, ആണെന്നാണ് നമ്മൾ കരുതേണ്ടത്. പക്ഷേ, ഇരുപത് കോടി രൂപ കേരളത്തിൽ കൊണ്ടുവന്നിട്ട് അത് എങ്ങോട്ട് പോയി? മുഖ്യമന്ത്രി ചെയർമാനും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായ ലൈഫ് മിഷൻ, അതിന്റെ സി.ഇ.ഒ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യു.എ.ഇ. സ്ഥാപനവുമായി MoU ഒപ്പുവയ്ക്കുന്നു. ഇനി ഒരുപാട് കരാറുകൾ വേണം എന്ന് ആ MoU-വിൽ പറയുന്നുണ്ട്. ഒരു കരാറും നടന്നില്ല. പിന്നെ നമ്മൾ അറിയുന്നത്, യൂണിടാക് എന്ന ഒരു സ്ഥാപനത്തെ അവർ ഏൽപ്പിക്കുന്നു എന്നാണ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആ സ്ഥാപനത്തിന്റെ

മേധാവിയെ ചോദ്യം ചെയ്തപ്പോൾ ഇരുപത് കോടി രൂപയിൽ നാലേകാൽ കോടി രൂപ ഞാൻ കൈക്കൂലി കൊടുത്തു എന്ന് പറയുന്നു. അടുത്ത ദിവസം സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു ചാനലിൽ പറയുന്നു, നാലരക്കോടി രൂപ കൈക്കൂലി കൊടുത്തത് ഞങ്ങൾക്കറിയാമായിരുന്നു എന്ന്. ഞാൻ പറയുന്നത്, 4.25 കോടി രൂപ മാത്രമല്ല കൈക്കൂലിയായി പോയിരിക്കുന്നതെന്നാണ്. അഞ്ച് കോടി രൂപ കൂടി ഈ വകയിൽ പോയിട്ടുണ്ടെന്ന് ഞാൻ വളരെ ഗൗരവത്തോടുകൂടി പറയുന്നു. ആ അഞ്ച് കോടി രൂപ എവിടെയാണ്? 88,000 സ്ക്വയർ ഫീറ്റിലാണ് അവിടെ കെട്ടിടം പണിയുന്നത്. പത്ത് കോടി രൂപയിൽ താഴെയാണ് ചെലവ് വരുന്നത്. ആ അഞ്ച് കോടി രൂപ ഇപ്പോൾ ആരുടെ കയ്യിലുണ്ട്? ഞാൻ വെല്ലുവിളിക്കുന്നു. സർക്കാർ അന്വേഷിക്കാൻ തയ്യാറുണ്ടോ? നാലേകാൽ കോടി രൂപ കൂടാതെ ഒരു അഞ്ച് കോടി രൂപ കൂടിയുണ്ട്. നിങ്ങൾ ഒരു ബെവ്കോ ആപ്പുണ്ടാക്കി. അതായത്, ബിവറേജസ് കോർപ്പറേഷൻ പൂട്ടിപ്പോകുകയും ബാറുകൾക്ക് ലാഭമുണ്ടാകുകയും ചെയ്യുന്ന ഒരു മാജിക് ആപ്പ്. ഒരു സഖാവിനാണ് കൊടുത്തത്. ബെവ്കോ ആപ്പിലെ സഖാവും ഈ അഞ്ച് കോടി രൂപയും തമ്മിൽ ബന്ധമുണ്ടോയെന്ന് ഞാൻ ഉത്തരവാദിത്വത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു. അങ്ങ് ചെയർമാനായ ലൈഫ് മിഷൻ ഇരുപത് കോടി രൂപയിൽ ഒൻപതേകാൽ കോടി രൂപയാണ് കൈക്കൂലിയായി കൊടുത്തിരിക്കുന്നത്. അതായത്, ഇന്ത്യയിലെ റെക്കോർഡ്. നാൽപ്പത്തിയാറ് ശതമാനം ഒരു പ്രോജക്ടിൽ കമ്മീഷൻ കൊടുത്ത് ഈ രാജ്യത്ത് ദേശീയ റെക്കോർഡാണിട്ടിരിക്കുന്നത്. പാവപ്പെട്ടവരുടെ ലൈഫ് മിഷൻ നിങ്ങൾ കൈക്കൂലി മിഷനാക്കി മാറ്റിയില്ലേ? ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ ഇവിടെയില്ല. Of course, he is also an honourable man. വളരെ ആദരണീയനായ ഒരു മനുഷ്യനാണ്. കാരണമെന്താണ്? വിദേശ സഹായ നിയന്ത്രണ നിയമങ്ങളെയും ചട്ടങ്ങളെയുമെല്ലാം ബൂർഷ്വാ നിയമങ്ങളെന്ന് ധരിച്ച് കാറ്റിൽ പറത്തി വാട്ട്സാപ്പ് മെസേജുകളിലൂടെ ഒരു ബദലുണ്ടാക്കി വിപ്ലവം സൃഷ്ടിച്ച വീരപുരുഷനാണ്. അദ്ദേഹത്തിന് ഈ നിയമവും എസ്റ്റാബ്ലിഷ്മെന്റുമൊന്നും ഇഷ്ടമല്ല. ഈ വ്യവസ്ഥിതിയെ ചോദ്യം ചെയ്തുകൊണ്ട് ഒരു വിദേശ കോൺസുലേറ്റുമായി വാട്ട്സാപ്പിൽ മെസ്സേജ് ചെയ്ത് കിറ്റ് വാങ്ങിക്കൊണ്ടു പോയ ആളാണദ്ദേഹം. അത് സക്കാത്താണെന്നാണ് പറയുന്നത്. അഞ്ഞൂറ് രൂപയുടെ ആയിരം കിറ്റ്. എയർപോർട്ടിനടുത്ത് ധാരാളം പാവങ്ങളുണ്ട്. അവരൊക്കെ റംസാൻ മാസത്തിൽ നോമ്പുനോറ്റവരാണ്. അവർക്ക് കൊടുക്കണ്ടേ? അതെടുത്ത് വിദ്യാഭ്യാസ വകുപ്പിന്റെ വാഹനത്തിൽ മലപ്പുറത്ത് കൊണ്ടുപോയി. അവിടെനിന്ന് ആ വാഹനം ബംഗളൂരുവിലേയ്ക്ക് പോയി. അടുത്ത സംസ്ഥാനത്തേയ്ക്ക് കൊണ്ടുപോയി. സക്കാത്ത് കൊടുത്തതിന്റെ ഫോട്ടോയെടുത്ത് മന്ത്രി

ഫെയ്സ്ബുക്ക് പോസ്റ്റിട്ടു. പുറകിൽ നിൽക്കുന്നത് കാറൽ മാർക്സ്, വ്ലാഡിമിൻ ലെനിൻ, ജോസഫ് സ്റ്റാലിൻ, അരിവാൾ ചുറ്റിക നക്ഷത്രം, യു.എ.ഇ.-യുടെ കിറ്റ് എന്നിവയാണ്. സക്കാത്ത് കയ്യിൽനിന്നെടുത്ത് കൊടുക്കണം. സ്വന്തം പോക്കറ്റിൽനിന്നെടുത്ത് കൊടുക്കണം. സ്വന്തം അദ്ധ്വാനത്തിൽനിന്ന് കിട്ടുന്ന പണത്തിന്റെ ഒരു ഭാഗമാണ് കൊടുക്കേണ്ടത്. എന്നിട്ടെന്താ? ആക്ഷേപം ഉന്നയിച്ചുകഴിഞ്ഞപ്പോൾ പറയുന്നത്, ഇദ്ദേഹം വിശുദ്ധഗ്രന്ഥമായ ഖുർആൻ കൊണ്ടുവരാൻ പോയതാണെന്നാണ്. അങ്ങനെ പറഞ്ഞാൽ ആരും തൊടില്ലല്ലോ. കള്ളത്തട്ടിപ്പിനല്ല വിശുദ്ധ ഗ്രന്ഥത്തെ മറയാക്കേണ്ടത്. അഞ്ഞൂറ് രൂപയുടെ കിറ്റാണ്. അഞ്ച് ലക്ഷം രൂപ കൺസ്യൂമർഫെഡിന് കൊടുക്കണം. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയാണ്. അദ്ദേഹത്തിനുപോലും താൽപ്പര്യമില്ലാത്ത ഈ അഞ്ച് ലക്ഷം രൂപ കിട്ടാൻ മന്ത്രി സ്വർണ്ണക്കള്ളക്കടത്തുകേസിലെ പ്രതിയെ പതിനഞ്ച് പ്രാവശ്യം ഫോൺ ചെയ്യുകയാണ്. എന്തൊരു രാജ്യസ്നേഹിയായ മനുഷ്യൻ. സർക്കാരിന് കിട്ടാനുള്ള അഞ്ച് ലക്ഷം രൂപയ്ക്കുവേണ്ടി പതിനഞ്ച് പ്രാവശ്യം വിളിച്ചിരിക്കുന്നു. ഇതുപോലുള്ള മിടുക്കൻ മന്ത്രിമാരുള്ളപ്പോൾ എന്തിനാണ് മുഖ്യമന്ത്രിക്ക് പേഴ്സണൽ സ്റ്റാഫ്. ഈ സർക്കാരിന് കിട്ടാനുള്ള കാശിന് ഇനിയൊരു നോട്ടീസും അയയ്ക്കേണ്ട; കേസും കൊടുക്കേണ്ട; അപ്പീലും പോകേണ്ട; റിക്കവറിയും നടത്തേണ്ട; എല്ലാം ഡോ. കെ. ടി. ജലീലിനെ ഏൽപ്പിച്ചാൽ മതി. ഫോൺ ചെയ്ത് സർക്കാരിന് കിട്ടാനുള്ള കാശ് മുഴുവൻ വാങ്ങും. ഇതൊക്കെ കേട്ടുകേൾവിയുള്ള കാര്യങ്ങളാണോ? എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ് ചെയ്തത്.

11.00 AM]

ഇവിടെ എയർപോർട്ടിനെ സംബന്ധിച്ച് ഒരു പ്രമേയം പാസ്സാക്കി. പ്രമേയമൊക്കെ ഗൗരവമുള്ളതാണ്. പക്ഷേ, അതിൽ ഒരു മത്സരാധിഷ്ഠിത ടെണ്ടറുണ്ടായിരുന്നു. ആ ടെണ്ടറിൽ പങ്കെടുക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് സമ്മതിച്ചു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു: "സമ്മതിക്കാതിരുന്നെങ്കിൽ നമുക്ക് കുറച്ചുകൂടി വോയ്സ് ഉണ്ടായിരുന്നു" എന്ന്. ഈ സർക്കാരിന് കൺസൾട്ടൺസിയോട് ഒരു വീക്ക്നെസ്സാണ്; കൺസൾട്ടൺസി എന്നുപറഞ്ഞാൽ അപ്പോൾ ചാടിവീഴും; ഒരു കൺസൾട്ടൺസിയെ അല്ല രണ്ട് കൺസൾട്ടൺസിയെ ഏൽപ്പിച്ചു; സിറിൽ അമർചന്ദ് മംഗൾ ദാസിനെയും കെ.പി.എം.ജി.-യെയും. ഗൗതം അദാനിയുമായി മത്സരിക്കുമ്പോൾ നേരത്തെ പറഞ്ഞമാതിരി അദ്ദേഹത്തിന്റെ അമ്മായിയച്ഛനെത്തന്നെ ആദ്യത്തെ കൺസൾട്ടന്റ് ആക്കണമല്ലോ; എന്നാലല്ലേ നമുക്ക് കിട്ടൂ. അതൊക്കെ പോകട്ടെ, മുഖ്യമന്ത്രി പറഞ്ഞു, ഞാൻ അത് വിശ്വസിക്കുന്നു. നമുക്ക് ഈ ടെണ്ടറിൽ

പങ്കെടുക്കുമ്പോൾ 10% R.O.F.R. (Right of First Refusal) ഉണ്ട്. അതായത് നമ്മൾ 100 രൂപ ക്വാട്ട് ചെയ്താൽ, അവർ 110 രൂപ ക്വാട്ട് ചെയ്താലും നമുക്ക് കിട്ടും. 10 രൂപയുടെ പ്രയോറിറ്റിയുണ്ട്; പ്രൈസ് പ്രയോറിറ്റി; റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസലാണ്. പക്ഷേ, ഇവിടെ എന്താണ് സംഭവിച്ചത്? ഇവിടെ പറയാത്ത ഒരു കാര്യം ഞാൻ പറയുകയാണ്. നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കണം: 134 മുതൽ 151 രൂപ വരെ വേണമെങ്കിൽ നമുക്ക് ക്വാട്ട് ചെയ്യാമെന്ന് കൺസൾട്ടൻസി കമ്പനിയായ കെ.പി.എം.ജി. ഗവൺമെന്റിനെ അറിയിക്കുന്നു; പിന്നെ തീരുമാനിക്കുന്നത് ഗവൺമെന്റാണ്. ഗവൺമെന്റ് 135 രൂപ ക്വാട്ട് ചെയ്യാൻ തീരുമാനിക്കുന്നു. ഇവർ പറയുന്നത് അദാനി ക്വാട്ട് ചെയ്തത് 168 രൂപയായതിനാൽ നമ്മളും അവരും തമ്മിലുള്ള വ്യത്യാസം 19% വന്നതുകൊണ്ടാണ് കിട്ടാതെ പോയതെന്നാണ്. ഇനി 135-നുപകരം 151 രൂപ ക്വാട്ട് ചെയ്തെന്നിരിക്കട്ടെ, അപ്പോഴും നമുക്ക് കിട്ടില്ല. അപ്പോൾ ഇത് ചോർന്നുപോയതാണ്. അതായത് കേരള ഗവൺമെന്റ് 151 രൂപ വരെ ക്വാട്ട് ചെയ്യാനുള്ള സാധ്യതയുണ്ട്: 151 രൂപയ്ക്ക് ക്വാട്ട് ചെയ്താൽ 10 ശതമാനത്തിന്റേതുംകൂടി കൂട്ടി റേറ്റ് 166 രൂപ വരും. അപ്പോൾ ഗൗതം അദാനി എന്തു ചെയ്തെന്നറിയാമോ? 2 രൂപ കൂട്ടി 168 രൂപ എഴുതിക്കൊടുത്തു. അതുകൊണ്ട് ഞാൻ വളരെ ഗൗരവത്തോടുകൂടി ആക്ഷേപം ഉന്നയിക്കുന്നു: നമ്മുടെ കൈയിൽ നിന്ന്, കേരള സർക്കാരിന്റെ ടെണ്ടർ തുക അദാനി ഗ്രൂപ്പിന് ചോർത്തിക്കൊടുത്തതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, 166 വന്നാലും 168 രൂപ കിട്ടണമെന്ന് കരുതിയിട്ടാണ് ചെയ്തത്. ഷേക്സ്പിയർ തന്നെ 'ജൂലിയസ് സീസർ'-ൽ 'Bad omen' അഥവാ അപശകുനത്തെക്കുറിച്ച് (കെട്ടകാലത്തെ അപശകുനത്തെക്കുറിച്ച്) പറയുന്നുണ്ട്. നട്ടുച്ചയ്ക്ക് ഇരുട്ട് പരക്കുകയും റോമിന്റെ പ്രധാന തെരുവുകളിലൂടെ കുറുക്കന്മാർ ഓരിയിട്ട് നടക്കുകയും തലയില്ലാത്ത സിംഹങ്ങൾ അലഞ്ഞ് നടക്കുകയും ശവക്കല്ലറകൾ തുറന്ന് പ്രേതങ്ങൾ ഇറങ്ങി നടക്കുകയും പകൽ സമയം മുഴുവൻ കൂമന്മാർ മൂളുകയും ചെയ്യുന്ന ഒരു കെട്ടകാലത്തെക്കുറിച്ച് ഷേക്സ്പിയർ പറയുന്നുണ്ട്. കമ്മീഷൻ ഏജന്റുമാരും അവതാരങ്ങളും ഇടനിലക്കാരും മൂന്നാമന്മാരുമെല്ലാം സെക്രട്ടേറിയറ്റിലൂടെ അധികാരത്തിന്റെ ഇരിപ്പിടങ്ങളിലും ഇടനാഴികളിലും അലഞ്ഞുനടക്കുന്ന കെട്ടകാലമാണിത്. ആ അപശകുനമാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. അന്യന്റെ ശബ്ദം സംഗീതമാക്കണമെന്ന് പറഞ്ഞ കാറൽ മാർക്സിന്റെ അനുയായികളാണ് നിങ്ങൾ. എന്നിട്ട് എന്താണ് ചെയ്യുന്നത്? അവനവന്റെ ശബ്ദവും വാക്കും മറ്റുള്ളവരുടെ മീതെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്; മാധ്യമപ്രവർത്തകർക്ക് നേരെ ശകാരവർഷം നടത്തുകയാണ്; മഹാഭാരതം റിപ്പോർട്ട് ചെയ്യാൻ വന്ന സഞ്ജയനെ പിടിച്ച് തുറങ്കിലടച്ചു. സഞ്ജയന്റെ കുടുംബത്തിനെതിരായി ഭരണകൂടം അപവാദപ്രചരണം നടത്തിയാലും

ദുര്യോധനന്മാരും ദുശ്ശാസനന്മാരും ചെയ്യുന്ന എല്ലാ പ്രവർത്തികളും നാളെ റിപ്പോർട്ട് ചെയ്യപ്പെടുകതന്നെ ചെയ്യും. നിങ്ങൾക്ക് ഒന്നും മൂടിവയ്ക്കാൻ സാധിക്കില്ല. അൻപത്തൊന്ന് വെട്ട് വെട്ടി ജനാധിപത്യത്തെയും മാധ്യമ സ്വാതന്ത്ര്യത്തെയും കൊല ചെയ്യരുതെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ഏത് വകുപ്പ് എടുത്താലും നൂറുകണക്കിന് കൺസൾട്ടൺസികൾ; കൺസൾട്ടൺസി തെറ്റൊന്നുമല്ല. പക്ഷേ, കൺസൾട്ടൺസി എന്നത് ഒരു വീക്ക്നെസ്സായി ഈ ഗവൺമെന്റ് കൊണ്ടുനടക്കുകയാണ്. കേരളത്തിലെ ചീഫ് സെക്രട്ടറിയേക്കാൾ കൂടുതൽ ശമ്പളം വാങ്ങുന്ന നൂറുകണക്കിനാളുകൾ കേരളത്തിലുണ്ട്. കേരളത്തിലെ ചീഫ് സെക്രട്ടറിയെക്കാൾ ശമ്പളം വാങ്ങുന്നവർ കൺസൾട്ടൻസിയുടെ മറവിൽ നടക്കുന്നുണ്ട്. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ, വിവിധ സ്ഥാപനങ്ങളിൽ നടക്കുന്ന ഈ കൺസൾട്ടൻസിരാജിനെക്കുറിച്ച് ഒരു ധവളപത്രം ഇറക്കാൻ സർക്കാർ തയ്യാറുണ്ടോ? കിണ്ടിയും മൊന്തയും മോന്തായവും പണയപ്പെടുത്തുന്ന തറവാട്ടുകാരണവരെപ്പോലെ ധനകാര്യ വകുപ്പുമന്ത്രി ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന് എല്ലാം അറിയാം; പക്ഷേ, ഒന്നും പറയില്ല; പറയാൻ കഴിയില്ല. കാരണം, മന്ത്രിസഭയിലാണിരിക്കുന്നതെങ്കിലും ആ മന്ത്രിസഭയിലെ ബസ്സിന്റെ ഫുഡ്ബോർഡിലാണ്. വലിയ റോളില്ല. ദുർച്ചെലവുകളെ നിയന്ത്രിക്കാതെ, ധനകാര്യ വകുപ്പ് അറിയാതെ ഒപ്പിടുന്ന പ്രോജക്ടുകളെക്കുറിച്ച് അന്വേഷിക്കാതെ, ധനകാര്യ സ്കൂട്ടിനിയില്ലാതെ നടക്കുന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കാതെ നോക്കുകുത്തിയെപ്പോലെ ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യവകുപ്പും നിൽക്കുകയാണ്. അദ്ദേഹത്തിന് ആകെ ഒറ്റക്കാര്യം മാത്രമേയുള്ളൂ; എപ്പോഴും കടമെടുത്തുകൊണ്ടിരിക്കണം. മൊത്തം ജി.ഡി.പി.-യുടെ മൂന്ന് ശതമാനംവരെ മാത്രമേ കടമെടുക്കാൻ കഴിയുകയുള്ളൂ എന്ന നയം മാറ്റിയിരുന്നുവെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി ഹസ്തിനപുരത്ത് ചൂതുകളിക്ക് പോയ യുധിഷ്ഠിരനെപ്പോലെ സെക്രട്ടേറിയറ്റും നിയമസഭാമന്ദിരവും നമ്മളെയുംകൂടി പണയം വയ്ക്കുമായിരുന്നു. എല്ലാം ഗ്യാരണ്ടി കൊടുത്ത് കോടിക്കണക്കിന് രൂപയെടുക്കുന്നു. ഈ നാടിന്റെ സമ്പദ്വ്യവസ്ഥ കുട്ടിച്ചോറായി. കൊവിഡ്-19 വരുന്നതിനു മുമ്പുതന്നെ ധനപ്രതിസന്ധിയെ സംബന്ധിച്ചുള്ള ധവളപത്രം ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. നികുതിഭരണം തകർന്ന് തരിപ്പണമായി.

ഇവിടെ അഴിമതിയുടെ പരമ്പരകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്പ്രിംഗ്ലർ ഇടപാട്, വിവിധ വകുപ്പുകളും മന്ത്രിസഭയും അറിയാതെ, ഒരുദ്യോഗസ്ഥൻ വിദേശ കമ്പനിയുമായി ഒപ്പുവയ്ക്കാൻ കേരളത്തിൽ ധൈര്യം കാണിച്ചില്ലേ? ആദരണീയനായ മുഖ്യമന്ത്രീ, അങ്ങ് അതിനെ ന്യായീകരിച്ചില്ലേ: എല്ലാം കോവിഡ്-19-ന്റെ മറവിലാണ്. എല്ലാ നടപടിക്രമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടല്ലേ

നമ്മുടെ നാട്ടിലെ ഹെൽത്ത് ഡാറ്റാ ഒരു അമേരിക്കൻ കമ്പനിക്ക് എഗ്രിമെന്റുപോലും വയ്ക്കാതെ നൽകിയത്? കോടതി ഉത്തരവ് വന്നപ്പോൾ ആമസോൺ ക്ലൗഡിൽ നിന്ന് സി-ഡിറ്റിന്റെ ക്രൗഡിലേയ്ക്ക് പറന്നുവരാൻ രണ്ട് ആഴ്ചമാത്രമേ എടുത്തുള്ളൂ. സ്പ്രിംഗ്ലർ വിവാദം നിൽക്കുന്നു. ഇ-മൊബിലിറ്റി ഹബ്, സ്വിസ് കമ്പനിയിൽനിന്നും ഒരു സുപ്രഭാതത്തിൽ ബസ് ഒരു കോടിക്കും ഒന്നര കോടി രൂപയ്ക്കും ഇടയിൽ വാങ്ങിക്കണം. 2500 ബസ്സ് വാങ്ങണമെന്ന് ആരാ തീരുമാനിച്ചത്? ആർക്കുമറിയില്ല. എവിടെനിന്നാണ് ഫയൽ ഒറിജിനേറ്റ് ചെയ്തത്? അത് ട്രാൻസ്പോർട്ട് വകുപ്പിൽ നിന്നുള്ള ഐ.റ്റി.-യിൽ നിന്നാണ്. ഐ.റ്റി.-ക്ക് ഈ ബസ്സുമായി എന്താണ് ബന്ധം? ഐ.റ്റി.-യിൽ നിന്നും ഒറിജിനേറ്റ് ചെയ്ത് എം. ശിവശങ്കരൻ എന്നുപറയുന്ന മറ്റൊരു 'ഓണറബിൾ മാൻ' ട്രാൻസ്പോർട്ട് വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്തു. എന്നിട്ട് ആ വകുപ്പ് അത് ചെയ്യുകയാണ്. നമ്മൾ കൺസൾട്ടൺസി ആകുകയാണ്. എല്ലാം തീരുമാനിച്ചിട്ടാണ് പ്രൈസ്‌വാട്ടർ ഹൗസ്കൂപ്പേഴ്സ് എന്നുപറയുന്ന വേറൊരു കുപ്രസിദ്ധ കമ്പനിയെ കൺസൾട്ടന്റായി നിയമിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിന്റെ ട്രാൻസ്ഗ്രിഡ് പദ്ധതിയെപ്പറ്റി ഈ സഭയിൽ ആധികാരികമായ ആരോപണം ഉന്നയിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ അഴിമതിയും കൊള്ളയുമാണ് കിഫ്ബിയുടെ പേരിൽ വൈദ്യുതി ബോർഡിൽ നടന്ന 'ട്രാൻസ്ഗ്രിഡ് പദ്ധതി' എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. പമ്പ മണലിനെക്കുറിച്ചും ക്വാറി കച്ചവടത്തെക്കുറിച്ചുമൊന്നും സമയക്കുറവുമൂലം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇവിടെ നിയമന നിരോധനമാണ്. അതുസംബന്ധിച്ച് എന്റെ സ്നേഹിതർ സംസാരിക്കും. കേരളത്തിലെ ചെറുപ്പക്കാരുടെ ഇടയിൽ അമർഷത്തിന്റെ തീ പുകയുകയാണ്. അവരെ നിങ്ങൾ കബളിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുകയാണ്. ടെസ്റ്റെഴുതി നാല് വർഷം കഴിഞ്ഞ് ലിസ്റ്റ് വന്ന് അതിനുവേണ്ടി മൂന്ന് വർഷവും കാത്തിരുന്ന് ഏഴ് വർഷം കഴിഞ്ഞിട്ടും ഒന്നാം റാങ്കുകാർക്കുപോലും നിയമനം കൊടുക്കാത്ത ഗവൺമെന്റായി മാറിയിരിക്കുകയാണ്.

ഞാൻ പ്രളയത്തെക്കുറിച്ചൊന്നും പറയുന്നില്ല; ഈ സഭ ചർച്ച ചെയ്തതാണ്. പക്ഷേ, പ്രളയ പുനർനിർമ്മാണം എവിടെപ്പോയി? റീബിൽഡ് കേരള, നവകേരളം എന്തെല്ലാം പ്രഖ്യാപനങ്ങളായിരുന്നു? റീബിൽഡ് കേരള തകർന്ന് തരിപ്പണമായി. ഒരു പ്രവർത്തനവും നടക്കാതായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നല്ലേ എറണാകുളത്ത് എട്ട് കോടിയോളം രൂപ സഖാക്കൾ പറ്റിച്ചെടുത്തത്? അങ്ങ് ആഭ്യന്തര വകുപ്പ് ഭരിക്കുമ്പോൾ അങ്ങയുടെ പേരിലുള്ള ഫണ്ട് പറ്റിച്ച, എറണാകുളത്തെ സി.പി.(ഐ.)എം. ജില്ലാ കമ്മിറ്റി സംരക്ഷിച്ച പ്രതികളെ അറസ്റ്റ് ചെയ്യാൻ 90 ദിവസം കഴിഞ്ഞിട്ടും പോലീസിന് കഴിഞ്ഞോ? മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധി തട്ടിച്ചവരെപ്പോലും പാർട്ടിക്കാർ സംരക്ഷിച്ചിട്ട് കയ്യും കെട്ടി അങ്ങ് നോക്കിനിന്നില്ലേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അങ്ങ് ആദരണീയനായ മുഖ്യമന്ത്രിയാണ്. അങ്ങ് അത് ചെയ്തില്ലല്ലോ; പ്രളയഫണ്ട് തട്ടിച്ച മുഴുവൻ പേരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞോ; എത്രയാണ് തട്ടിപ്പിന്റെ തുക എന്ന് കണ്ടെത്താൻ കഴിഞ്ഞോ? ആറ് സുപ്രധാന ഫയലുകൾ എറണാകുളത്തെ കളക്ടറേറ്റിൽനിന്നും കാണാതായി. ഞാൻ ഇവിടെ ഒന്നും പറയുന്നില്ല. എല്ലാവരും സഹകരിച്ച് ഒരുമിച്ച് ചെയ്യേണ്ട ഒന്നായിരുന്നു കൊവിഡ്-19 പ്രതിരോധം. നിങ്ങൾ എല്ലാവരെയും മാറ്റിനിർത്തി പി.ആർ. ഏജൻസികളെക്കൊണ്ട് ലോകം മുഴുവൻ വർക്ക് ചെയ്യിച്ച്, അതിന്റെ ക്രെഡിറ്റ് അടിച്ചെടുക്കാൻ നോക്കി. എല്ലാവരും ഒരുമിച്ചുനിന്നുതന്നെ ഇതിനെ നേരിടണം. മരണത്തിന്റെ വ്യാപാരികൾ എന്ന് പറഞ്ഞ് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്താൻ നോക്കി. കൊൽക്കത്തയിൽ സി.പി.ഐ(എം).-ന് സമരം ചെയ്യാം. കേരളത്തിൽ കോൺഗ്രസ്സിന് സമരം ചെയ്യാൻ പാടില്ല എന്നുള്ള നയമാണ് നിങ്ങൾ സ്വീകരിച്ചത്.

എനിക്ക് മന്ത്രിമാരോട് ഒരു അഭ്യർത്ഥനയുണ്ട്. നിങ്ങൾ മന്ത്രിസഭാ യോഗം ചേരുമ്പോൾ ചോദ്യങ്ങൾ ചോദിക്കണം. മന്ത്രിസഭായോഗത്തിൽ പ്രധാനപ്പെട്ട വിഷയങ്ങൾ വരുമ്പോൾപോലും ചോദ്യം ഉന്നയിക്കാത്ത മന്ത്രിസഭയാണ് നമുക്കുള്ളത്. പാർലമെന്ററി ജനാധിപത്യത്തിന്റെ അവസാന വാക്കായ Ivor Jennings മന്ത്രിമാരോട് ഒരു വാക്ക് പറയുന്നുണ്ട്. അതെന്താണെന്നാൽ, " It is not only the right of a Minister to consult the Cabinet on major matters; it is his duty to do so." ഇത് ജോസഫ് സ്റ്റാലിന്റെ മന്ത്രിസഭയാണോ? പേടിയാണോ നിങ്ങൾക്കെല്ലാവർക്കും? അങ്ങനെ പേടിക്കേണ്ട ആളൊന്നുമല്ല. അങ്ങനെ പേടിക്കേണ്ട ആളൊന്നുമല്ലായെന്ന് അദ്ദേഹം നേരത്തെ പറഞ്ഞല്ലോ. എന്നിട്ടും പേടിയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ട് ചോദിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ് അങ്ങയോട് ഞാൻ മത്സരിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ സ്ഥിതിയെന്താണ്? മുന്നിൽ എൻ.ഐ.എ., വലത്ത് കസ്റ്റംസ്, ഇടത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, പിറകിലേയ്ക്ക് നോക്കിയാൽ കേന്ദ്ര ധനകാര്യ മന്ത്രാലയം, മുകളിലേയ്ക്ക് നോക്കിയാൽ എപ്പോഴാണ് സി.ബി.ഐ. ലാന്റ് ചെയ്യാൻ പോകുന്നതെന്ന് അറിയില്ല. ഈ സർക്കാരിന്റെ തല ശ്രീ. അമിത് ഷായുടെ കക്ഷത്തിലാണ്, നിങ്ങൾ അവിടെ കൊണ്ടുപോയി എത്തിച്ചിരിക്കുന്നു. ഇനി എന്താണ് ചെയ്യാൻ പോകുന്നതെന്ന് നമുക്ക് നോക്കാം. ഷേക്സ്പിയർ മാർക്ക് ആന്റണിയുടെ

പ്രസംഗത്തിൽ അവസാനമായി പറഞ്ഞത്, "It was the most unkindest cut of all" എന്നാണ്. മറ്റുള്ളവരുടെ മുമ്പിൽ മലയാളികൾ അപമാനിതരായി തലകുനിച്ചുപോകുന്ന രീതിയിൽ കേരളത്തിന്റെ മാനാഭിമാനത്തിനുമേൽ നിങ്ങൾ ദയാരഹിതമായി എക്കാലത്തെയും വലിയ മുറിവ് ഏൽപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഇതൊരു ജനകീയ വിചാരണയാണ്. കേരളത്തിലെ ജനങ്ങൾ നിങ്ങളെ അവിശ്വസിക്കുന്നു. ആ ജനങ്ങളുടെ വികാരം ഈ സഭയിൽ പ്രതിഫലിക്കും. അത് പ്രതിഫലിക്കാൻവേണ്ടി ഈ സർക്കാരിനോടുള്ള അവിശ്വാസം ഈ സഭ രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>മി. സ്പീക്കർ</u>: അദ്ദേഹം അവതാരകനായതുകൊണ്ട് അൽപ്പം സമയമെടുത്തപ്പോൾ ഞാൻ ഇടപെട്ടിട്ടില്ല. ഇനിയാർക്കും അത് ശീലമാകുമെന്ന് കരുതേണ്ട.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞത് എന്നെക്കുറിച്ചാണ് എന്നെനിക്കറിയാം. എന്നാലും ഞാൻ അത്രയും ചെറിയ സമയം കൂടിയെടുക്കുകയാണ്.

<u>മി. സ്പീക്കർ</u>: അതെ, അങ്ങയെക്കുറിച്ചുകൂടിയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഇത് അവതാരങ്ങളുടെ ഒരു കാലഘട്ടമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരം ഏറ്റെടുത്തതിന്റെ പിറ്റേ ദിവസം നടത്തിയ ഒരു പത്രസമ്മേളനം ഞാൻ ഓർക്കുന്നു. "പുതിയ അവതാരങ്ങൾ വരുന്നു, ആ അവതാരങ്ങളെ ഒരിക്കലും അംഗീകരിക്കില്ല, അവതാരങ്ങൾക്ക് അതീതമായൊരു ഗവൺമെന്റായിരിക്കും ഇത്". ഇപ്പോൾ അങ്ങൊന്ന് തിരിഞ്ഞുനോക്കണം. അവതാരങ്ങളുടെ ഒരു നീണ്ട നിരയാണ് കാണുന്നത്. ഇവിടെ സ്വപ്ന സുരേഷ് ഒരു അവതാരമാണ്. .....(ബഹളം).....അങ്ങ് പറഞ്ഞ സമയം എനിക്ക് സംരക്ഷിച്ചുകിട്ടിയാൽ മതി. ഇവർ ഒച്ചവയ്ക്കുകയാണെങ്കിൽ ഞാൻ ഇരിക്കാം.

<u>മി. സ്പീക്കർ</u>: ഇവർ ഒച്ചവെയ്ക്കുകയാണെങ്കിൽ അത് ഞാൻ കേട്ടോളാം. അങ്ങ് സംസാരിച്ചോളൂ. അത് ഞാൻ കൈകാര്യം ചെയ്യാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സ്വപ്ന സുരേഷ് ഒരു അവതാരമാണ്; .....(ബഹളം)....അത് കേട്ടപ്പോൾതന്നെ അവർക്ക് ശബ്ദമായി. PWC (Pricewaterhouse Coopers)-യിലെ രണ്ട് അവതാരങ്ങളുണ്ട്. നിങ്ങൾക്ക് അറിയുമോ എന്നെനിക്കറിയില്ല. റെജി പിള്ള PWC-യുമായി ബന്ധപ്പെട്ട ഒരവതാരമാണ്. പ്രതാപ് മോഹൻ നായരാണ് മൂന്നാമത്തെ അവതാരം. അതും

PWC-യുമായി ബന്ധപ്പെട്ടതാണ്. ഇടതുപക്ഷ നിരീക്ഷകൻ എന്നുള്ള നിലയിൽ ടി.വി.-യിൽ പ്രത്യക്ഷപ്പെടുന്ന റെജി ലൂക്കോസ് എന്ന് പറയുന്ന മറ്റൊരവതാരവും അടുത്തിടെ ഇറങ്ങിയിട്ടുണ്ട്. അവരോടൊപ്പം അനുബന്ധമായി സൂസൻ വോൺ സൂറി എന്ന് പറയുന്ന സ്വിറ്റ്സർലാൻഡിൽ നിന്നുള്ള ഒരാളും നമ്മുടെ ഇ-ബസ്സുമായി ബന്ധപ്പെട്ട് അടുത്ത അവതാരമായി വന്നിട്ടുണ്ട്. അവതാരങ്ങളുടെ നീണ്ട പട്ടികയാണ്. ഇനിയും എന്റെ കയ്യിൽ പതിനഞ്ച് അവതാരങ്ങളുടെ പേരുണ്ട്. ഈ അവതാരങ്ങളുടെ മദ്ധ്യത്തിലാണ് കേരളത്തിന്റെ മുഖ്യമന്ത്രി എന്നുള്ളത് പറയാതിരിക്കാൻ കഴിയുമോ? അതുകൊണ്ട് അവതാരങ്ങളുടെ മുമ്പിൽ നിന്നുകൊണ്ടാണ് ഭരണം കൊണ്ടുപോകുന്നത്, സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല; കൺസൾട്ടൻസി രാജ് ആണ്. തുടക്കം മുതൽ നോക്കിയാൽ എല്ലാത്തിനും കൺസൾട്ടൻസിയാണ്. നേരത്തെ പറഞ്ഞതുപോലെ നമ്മുടെ മന്ത്രിമാർ നിരുപദ്രവകാരികളാണ്; ഒരു കുഴപ്പവുമില്ല. ഏത് പത്രസമ്മേളനം വന്നാലും മാസ്കമിട്ട് രണ്ട് കസേരയിൽ ഇരുവശത്തായി നൂറ്റിയെട്ട് ദിവസമായി ഇന്നേവരെ ഒരു ശബ്ദവുമുണ്ടാക്കാതെ ഇരിക്കുന്ന ലോകത്തെ ആദ്യത്തെ മന്ത്രിമാരാണ് നമ്മുടേത്. എനിക്ക് അവരെക്കുറിച്ച് ബഹുമാനമാണ്; കാരണം, ജനാധിപത്യത്തെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള പരിശ്രമം നടക്കുകയല്ലേ. പക്ഷേ, കമാന്നൊരക്ഷരം പറയണ്ടേ; ഇതൊക്കെ ഈ നാട്ടിൽ നടക്കാമോ എന്നതിനെക്കുറിച്ച് അവർ ആലോചിക്കണ്ടേ? കേരളത്തിലെ പൊതുഗതാഗതത്തെ കച്ചവടം ചെയ്യുന്നതിന് തീരുമാനമെടുത്തു. ഞാൻ അതിലാണ് രണ്ടാളുകളുടെ പേര് പറഞ്ഞത്. സ്വിസ്സ് കമ്പനിക്ക് നമ്മുടെ ഇ-ബസ് വിൽക്കുന്നതിനുള്ള തീരുമാനമെടുത്തു. അവസാനം ശബ്ദമുണ്ടായിക്കഴിഞ്ഞപ്പോൾ PWC-യെ ഏൽപ്പിച്ച റിപ്പോർട്ട് കേരളത്തിൽ കിട്ടിയിട്ടില്ല എന്നുള്ളതിന്റെ പേരിൽ തൽക്കാലത്തേയ്ക്ക് നിർത്തിവച്ചിരിക്കുകയാണ്. അല്ലെങ്കിൽ സംസ്ഥാനത്തിന്റെ രണ്ടായിരത്തി നാനൂറ് കോടി രൂപ പുറത്തേയ്ക്ക് ഒഴുകുമായിരുന്നു. അതിന്റെ എല്ലാ പ്രോസസ്സും പൂർത്തിയായതാണ്. ആ പ്രോസസ്സെല്ലാം കൃത്യമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ദയവായി ഇനിയെങ്കിലും ആ സിസ്റ്റം നിർത്തണം; അത് ഞാൻ അങ്ങയോട് ഒരഭ്യർത്ഥനയായി വയ്ക്കുകയാണ്. നമ്മുടെ നാട്ടിൽ മാധ്യമപ്രവർത്തകരെ കുറ്റപ്പെടുത്തുന്നവർ ആരൊക്കെയാണ്? മാധ്യമപ്രവർത്തകരെ കുറ്റപ്പെടുത്തുന്നതിൽ അങ്ങയുടെ പ്രസ്സ് സെക്രട്ടറിയുണ്ട്. പ്രസ്സ് സെക്രട്ടറിക്ക് ശമ്പളം കൊടുക്കുന്നത് ഇവിടത്തെ ഖജനാവിൽ നിന്നാണ്. ഖജനാവിൽനിന്ന് ശമ്പളം വാങ്ങുന്ന ആൾ ഒരു മാധ്യമപ്രവർത്തകയെക്കുറിച്ച് പറഞ്ഞത് എനിക്ക് എന്റെ നാവുകൊണ്ട് പറയാൻ കൊള്ളരുതാത്ത കാര്യങ്ങളാണ്. ഇതാണോ നമ്മുടെ നാട്ടിൽ നടക്കേണ്ട കാര്യങ്ങൾ? ഈ രൂപത്തിൽ പി.ആർ.ഡി. വകുപ്പ് കൈകാര്യം ചെയ്യുന്ന അങ്ങ്

ഇത് ശരിയല്ലെന്നൊരു വാക്കെങ്കിലും പറഞ്ഞ് അവരെ തടയേണ്ടതായിരുന്നില്ലേ? ഒന്നും ചെയ്തിട്ടില്ല. ഇവിടെ അടിക്കടി വന്നുകൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്തെ കൂടുതൽ പിറകോട്ട് വലിച്ചുകൊണ്ടിരിക്കുകയല്ലേ. എല്ലാവർക്കും അറിയാവുന്നതുപോലെ സർക്കാർ നമ്മളെ ഓർമിപ്പിക്കുന്ന ഒരു കാലഘട്ടമുണ്ട്. അങ്ങ് ഇവിടെ പല കാര്യങ്ങളും പറഞ്ഞു; ഞാൻ ആ കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത് ഈ ഗവൺമെന്റ് കേരളത്തെ ഒരു പുതിയ യുഗത്തിലേയ്ക്ക് കൊണ്ടുപോകുന്നുവെന്നാണ്. പി.എസ്.സി.-യോട് ഈ സമൂഹത്തിനുള്ള ബാദ്ധ്യത അങ്ങേയ്ക്ക് അറിയാമല്ലോ. നമ്മുടെ യൂണിവേഴ്സിറ്റി കോളേജിൽനിന്ന് ഒന്നാം റാങ്കുകാരൻ എങ്ങനെയാണ് വന്നുപെട്ടത്; അയാൾക്ക് കിട്ടിയിരിക്കുന്ന കഴിവെന്താണ്? അയാൾക്ക് അമ്പെയ്യാനുള്ള കഴിവുണ്ടെന്നാണ് പറയുന്നത്. ആ റാങ്ക് ലിസ്റ്റെല്ലാം ഹോൾഡ് ചെയ്തില്ലേ; ഒരു പി.എസ്.സി. റാങ്ക് ലിസ്റ്റിൽ വരണമെങ്കിൽ കുട്ടികൾ എത്ര കൊല്ലം കാത്തിരിക്കണം. അവർ നിരവധി പരീക്ഷകൾ എഴുതി അതിന്റെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത് അവിടെ നിന്നും ഇന്റർവ്യൂവിന് വിളിച്ച്, അതിൽ പെർഫോം ചെയ്തതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് വന്നാൽ അതിൽനിന്ന് ഒന്നാം റാങ്ക് കിട്ടിയ ആളിനെപ്പോലും നിയമിക്കുന്നില്ലെങ്കിൽ പിന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ പിരിച്ചുവിടുന്നതല്ലേ നല്ലത്. ആളുകളെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കേണ്ടതായിരുന്നു.

ഡോ. കെ. ടി. ജലീൽ വന്നിട്ടില്ല. അദ്ദേഹത്തിന് ഭേദമാകട്ടേ എന്ന് ഞാൻ ആശംസിക്കുകയാണ്. പക്ഷേ, അദ്ദേഹം മാർക്കുദാനം നടത്തി. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഒരു വിദ്യാഭ്യാസ മന്ത്രിയെങ്കിലും ഇങ്ങനെ മാർക്കുദാനം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ? പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയടക്കം കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൽ അതിശക്തമായ നിലപാടുകളെടുക്കുന്ന മന്ത്രിമാരുണ്ടായിട്ടുണ്ട്. അവരാരെങ്കിലും മാർക്കുദാനം ചെയ്ത് അവരെ വിജയിപ്പിക്കുന്നതിനുവേണ്ടി നേരിട്ട് ആളെ നിയോഗിച്ചിട്ടുണ്ടോ? അത് ഈ മന്ത്രിസഭയ്ക്കകത്തെ ഒരംഗമാണെന്നുള്ള സത്യം അങ്ങ് ഒരിക്കലും മറക്കരുത്. മാന്യമായി തങ്ങളുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മാധ്യമപ്രവർത്തകരാണ് ഏഷ്യാനെറ്റിലെ വിനുവും അജയ്ഘോഷും കമലേഷും മനോരമയിലെ ശാരിയും ജിഷയും ജയ്ഹിന്ദിലെ പ്രമീളയും. എല്ലാവരെയും നിങ്ങൾ നിരത്തിവെട്ടുകയാണ്. ഒരക്ഷരം മിണ്ടിയാൽ പകരം ചോദിക്കുമെന്നുള്ള മട്ടാണ്. ഇത് പ്രതികാരം തീർക്കുന്ന ഗവൺമെന്റാണോ? ഈ ഗവൺമെന്റ് കലിതുള്ളി നിൽക്കുകയാണ്. എതിരായി പറയുന്നവരുടെയെല്ലാം തല വെട്ടുമെന്നുള്ള നിലപാട് സ്വീകരിക്കുകയാണ്. അവരെയെല്ലാം നിലംപരിശാക്കുമെന്ന നിലപാടിൽ നിൽക്കുകയാണ്. ഇതിന്റെ

പേരാണോ ജനാധിപത്യം; ഇത് ജനാധിപത്യ ഗവൺമെന്റാണെന്ന് പറയാൻ കഴിയുമോ? അതുകൊണ്ട് ജനാധിപത്യത്തെ ചവിട്ടിമെതിക്കുന്ന ഒരു സർക്കാരായി നിൽക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ നാല് ബഡ്ജറ്റിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങളുണ്ടല്ലോ; അതിൽ എത്രയെണ്ണമാണ് അങ്ങ് ചെയ്തിട്ടുള്ളത്. കാര്യമായി അങ്ങ് ചെയ്തിട്ടുള്ളത് ഞാൻ ഇപ്പോൾ കുറിച്ചിട്ടിട്ടുണ്ട്. മുപ്പത്തിനാല് കാര്യങ്ങൾ അങ്ങേയ്ക്ക് തൊടാൻപോലും കഴിഞ്ഞിട്ടില്ല. ഞാൻ ലിസ്റ്റൊന്നും വായിക്കുന്നില്ല. മുഖ്യമന്ത്രി പ്രോഗ്രസ്സ് റിപ്പോർട്ടിറക്കി; പക്ഷേ, ആ റിപ്പോർട്ടിനകത്ത് അദ്ദേഹം പറഞ്ഞത് എല്ലാ കാര്യങ്ങളും ചെയ്തിരിക്കുന്നുവെന്നാണ്. പക്ഷേ, ഈ ഗവൺമെന്റ് നേരത്തെ ജനങ്ങളെ പറഞ്ഞ് പ്രലോഭിപ്പിച്ചിട്ടുള്ള മുപ്പത്തിനാലിനം കാര്യങ്ങളിൽ ഒരെണ്ണത്തിൽപ്പോലും തൊടാൻ കഴിഞ്ഞിട്ടില്ല. ആ നിലയിൽ ഈ സംസ്ഥാനത്തിന്റെ രൂപത്തെ നിങ്ങൾ തച്ചുതകിടംമറിച്ച് കൊണ്ടുപോകുകയാണ് ചെയ്യുന്നത്.

വിമർശനങ്ങളിൽ നിന്നും ഗവൺമെന്റ് ഒളിച്ചോടുകയാണ്; അതിന് ഉത്തരം പറയാൻ തയ്യാറാകുന്നില്ല. ഇന്നിപ്പോൾ മുഖ്യമന്ത്രിയുടെ ഒരു ദേഷ്യരൂപം ഞാൻ കണ്ടു. ദയവായി അങ്ങ് ഇതുപോലൊരു നിലപാടിലേയ്ക്ക് പോകരുത്. വിമർശനമെന്ന് പറയുന്നത് ജനാധിപത്യത്തിന്റെ ഭാഗമാണ്. ഇവിടെ എല്ലാവരും സർക്കാരിനെ വിമർശിച്ച് പറയുന്നുണ്ട്. ശ്രീ. രംഗനാഥിനെപ്പറ്റി അങ്ങ് കേട്ടിട്ടുണ്ടാകും, അദ്ദേഹം സി.പി.ഐ.യുടെ ഒരു ബുദ്ധിജീവിയാണ്. സി.പി.ഐ.-യുടെ പത്രത്തിലെഴുതിയ ഒരു ലേഖനമാണ് എന്റെ കയ്യിലിരിക്കുന്നത്; തിരുവനന്തപുരത്ത് സ്വർണ്ണക്കടത്ത് സംഘടിപ്പിച്ചവർ ഇന്ത്യയുടെ നിർണ്ണായക ബഹിരാകാശ രഹസ്യങ്ങളും ചോർത്തി വിദേശ രാജ്യങ്ങൾക്ക് വിറ്റതായി സംശയിക്കുന്നുവെന്നാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന ശ്രീ. രംഗനാഥ് ജനയുഗത്തിൽ പറഞ്ഞിട്ടുള്ളത്. ഈ രൂപത്തിൽ നമ്മുടെ സംസ്ഥാനത്തെ തകരാറിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയാണോ? സംസ്ഥാനത്തിന്റെ ജനാധിപത്യം തകർന്നിരിക്കുന്നു. ഇനി നാലഞ്ച് മാസങ്ങൾകൊണ്ട് ബാക്കികൂടി തകർക്കുന്നതിനുള്ള ശ്രമം നടത്താതിരിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇത് പറയുന്നത്. അവിശ്വാസ പ്രമേയം വന്നാലുടൻ ഈ ഗവൺമെന്റ് താഴെപ്പോകുമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ലായെന്നുള്ളത് നിങ്ങൾക്കുമറിയാം, ജനങ്ങൾക്കുമറിയാം. എന്നാൽ ഞങ്ങൾ ഒരു കാര്യം പറയുന്നു: അധികാരം കയ്യിലുണ്ടെന്നുള്ളതുകൊണ്ട് ഉയർത്തിയ വാൾമുനയുടെ നടുവിലൂടെ നടന്നുപോയി എന്ന് പറയുന്ന അങ്ങ് ജനങ്ങളുടെ പൊതുവികാരത്തെ കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടുപോകുന്നത് ശരിയല്ല. പുരാണത്തിൽ ഒരു കഥയുണ്ട്.

മി. സ്പീക്കർ: കഥ പറയാൻ അങ്ങ് സമയമെടുക്കരുത്. പ്ലീസ്........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പുരാണത്തിലെ ഒരു കഥ നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, അധികാരം കയ്യിൽ കിട്ടിയാൽ അത് ഒരിക്കലും പോകില്ലെന്ന് തെറ്റിദ്ധരിക്കരുത്. അതെല്ലാം അവസാനിപ്പിക്കുന്നതിനു വേണ്ടി ഒരാളുണ്ടാകും: അതാണ് ജനങ്ങൾ. ആ ജനങ്ങളെ ഭയപ്പെട്ടുമാത്രമേ ഒരു ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയൂ. ആ ജനങ്ങളുടെമേൽ കുതിരകയറി ഒരു ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കില്ല. മുഖ്യമന്ത്രിയുടെ ഓഫീസിനെ ചുറ്റിപ്പറ്റി ഉയർന്നിരിക്കുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് നടപടി എടുക്കണ്ടേ? ഇവിടെ മുഖ്യമന്ത്രിയുടെ ഓഫീസ് സംശയത്തിന് അതീതമായി നിൽക്കണം. അങ്ങയോട് എനിക്ക് ഒരു ചോദ്യമുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസടങ്ങുന്ന സെക്രട്ടേറിയറ്റിലെ സി.സി.ടി.വി. ദൃശ്യങ്ങൾ എൻ.ഐ.എ.-യ്ക്ക് കൊടുത്തതുകൊണ്ട് എന്തപകടമാണ് സംഭവിക്കുന്നത്; കൊടുക്കില്ലായെന്ന് എന്തുകൊണ്ടാണ് പറയുന്നത്; എന്തുകൊണ്ടാണ് അത് ഞങ്ങൾ തൊടില്ലെന്നൊരു നിലപാടെടുക്കുന്നത്?

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൺക്ലൂഡ് ചെയ്യൂ..... അങ്ങ് രണ്ട് മിനിട്ട് അധികമെടുത്തു. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞാൽ ഞാൻ നിഷേധിക്കില്ല. അങ്ങേയ്ക്ക് അതെല്ലാം അറിയാവുന്നതുകൊണ്ടാണ് നിർബന്ധിച്ചു കൊണ്ടിരിക്കുന്നത്. സി.സി.ടി.വി. ദൃശ്യങ്ങൾ എന്തുകൊണ്ടാണ് കൊടുക്കാത്തത്? എന്തിനാണ് അത് ഹോൾഡ് ചെയ്തിരിക്കുന്നത്; ആ രഹസ്യങ്ങൾകൂടി കൊടുത്താൽ കൂടുതൽ കുഴപ്പത്തിലാകുമെന്ന് അറിയാവുന്നതുകൊണ്ടല്ലേ? കേരളത്തിൽ യഥാർത്ഥത്തിൽ വല്ലാത്ത അന്തരീക്ഷമാണ് നിലവിലുള്ളത്. നിയമസഭയ്ക്കകത്ത് പറഞ്ഞുതീർക്കാൻ കഴിയാത്ത രൂപത്തിൽ കൊണ്ടുവന്നിട്ടുള്ള ഗവൺമെന്റിന്റെ തെറ്റായ പ്രവർത്തനത്തെ ജനങ്ങൾ രണ്ട് കയ്യും ഉയർത്തി എതിർക്കും. ആ എതിർപ്പ് ശക്തിപ്പെടുത്തുന്നതിനാണ് ശ്രീ. വി. ഡി. സതീശന്റെ ഈ അവിശ്വാസ പ്രമേയം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ

ശ്രീ. മാത്യു ടി. തോമസ്]

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. കേരള നിയമസഭയുടെ ഭൂതകാല ചരിത്രം പരിശോധിച്ചാൽ സംസ്ഥാനം രൂപീകരിച്ചതിനുശേഷം പതിനെട്ട് അവിശ്വാസ പ്രമേയങ്ങളാണ് ഈ സഭ ചർച്ച ചെയ്തിട്ടുള്ളത്. പതിനെട്ട് അവിശ്വാസ പ്രമേയങ്ങൾക്കും മതിയായ

കാരണങ്ങളും അന്നത്തെ സാഹചര്യത്തിലുണ്ടായിരുന്നു. പക്ഷേ, ഈ അവിശ്വാസ പ്രമേയം യഥാർത്ഥത്തിൽ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ 'മല എലിയെ പ്രസവിച്ചതുപോലെയായി' എന്നുപറയേണ്ടി വരും. ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യുന്നുവെന്ന് പറയുന്നു: ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യാൻ, അവിശ്വാസ പ്രമേയത്തിന്റെ കാര്യത്തിൽ മൂന്ന് കാരണങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഒന്ന്, പ്രമേയം അവതരിപ്പിക്കുന്ന പ്രസ്ഥാനത്തിന് ജനപിന്തുണ വർദ്ധിച്ചിരിക്കണം; ഗവൺമെന്റിന്റെ പിന്തുണ കുറഞ്ഞിരിക്കണം. രണ്ട്, തെരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരത്തിൽ വരുമ്പോൾ നിയമസഭാ സാമാജികരായിരുന്നവരിൽ പ്രതിപക്ഷത്തിന്റെ എണ്ണം കൂടണം. ഇവിടെ എണ്ണം കൂടിയിട്ടില്ല എണ്ണം കുറഞ്ഞിരിക്കുകയാണ്. ഈ നിയമസഭ നാലുവർഷം മുമ്പ് രൂപീകരിച്ച് ഇവിടെ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ഉണ്ടായിരുന്നതിനെക്കാളും പ്രതിപക്ഷ എം.എൽ.എ.-മാരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. അതിനും ഗവൺമെന്റിന്റെ നേരെ അവിശ്വാസ പ്രമേയം കൊണ്ടു വന്നു. മൂന്നാമത്തേത്, പ്രതിപക്ഷത്തിന്റെ മുന്നണി ബന്ധം ശക്തിപ്പെട്ടിരിക്കണം. ഇതുപോലെ അലങ്കോലമായ ഒരു മുന്നണി സംവിധാനം യു.ഡി.എഫ്.-ൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടോ; ഇപ്പോൾ എന്താണ് സ്ഥിതി; മുന്നണി ശക്തിപ്പെട്ടിരിക്കുകയാണോ? മുന്നണിയുടെ അലങ്കോലാവസ്ഥ, എം.എൽ.എ.-മാരുടെ എണ്ണക്കുറവ്, ജനസ്വാധീനത്തിന്റെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പുകളുടെ ചിത്രം എന്നിവ നോക്കിയാലും വ്യത്യാസം കാണും. ഈ കാരണങ്ങളെല്ലാംവച്ച് നോക്കുമ്പോൾ കേരള രാഷ്ട്രീയത്തിൽ മൂന്ന് പ്രധാനപ്പെട്ട സംഭവങ്ങൾ തെരഞ്ഞെടുപ്പിനുശേഷം സംഭവിച്ചിട്ടുണ്ട്. ഒന്നാമത്തേത്, അര നൂറ്റാണ്ടുകാലം യു.ഡി.എഫ്.-ന്റെ കുത്തക സീറ്റായി കൈവശം വച്ചിരുന്ന പാലാ അസംബ്ലി മണ്ഡലം നഷ്ടപ്പെട്ടു. രണ്ടാമത്തെ കാര്യം, വട്ടിയൂർകാവ് മണ്ഡലം നഷ്ടപ്പെട്ടു. കോന്നി മണ്ഡലവും നഷ്ടപ്പെട്ടു. ഈ മണ്ഡലങ്ങൾ നഷ്ടപ്പെട്ട സ്ഥിതിവിശേഷത്താൽ മൂന്ന് എം.എൽ.എ. മാരെ അവർക്ക് നഷ്ടപ്പെട്ടു. ഇടതുപക്ഷത്തിന് അരൂർ മണ്ഡലവും നഷ്ടപ്പെട്ടു. അങ്ങനെ താരതമ്യം ചെയ്യുമ്പോൾ ജനപിന്തുണയും ജനങ്ങളുടെ വിശ്വാസവും നഷ്ടപ്പെട്ട ഒരു മുന്നണി സംവിധാനത്തിന് ഗവൺമെന്റിന്റെ ജനവിശ്വാസത്തെ ചോദ്യം ചെയ്ത് പ്രമേയം അവതരിപ്പിക്കാൻ ധാർമ്മികമോ രാഷ്ട്രീയമോ ചരിത്രപരമോ ആയ കാരണങ്ങളാൽ ഒരവകാശവുമില്ല.

മുഖ്യമന്ത്രിയുടെ ഓഫീസിനെ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പറയുകയുണ്ടായി. സ്വർണ്ണക്കള്ളക്കടത്തുണ്ടായ അന്ന് ബി.ജെ.പി. പ്രസിഡന്റായ ശ്രീ. കെ. സുരേന്ദ്രൻ, മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ഇടപെട്ടുവെന്ന് പറഞ്ഞത്

അതേപടിതന്നെ ഒരു വാക്ക് തെറ്റാതെ യു.ഡി.എഫ്. നേതൃത്വം ഏറ്റുപറഞ്ഞു. ഒരു ഘട്ടം കഴിഞ്ഞ് അന്വേഷണ ഉദ്യോഗസ്ഥനോട് പത്രക്കാർ ചോദിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടിട്ടില്ലായെന്നാണ് അവരോട് അദ്ദേഹം പറഞ്ഞത്. അങ്ങനെ ഓരോ സംഭവം നോക്കിയാലും ആരും വിളിച്ചിട്ടില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞതിന്റെ പേരിൽ അദ്ദേഹത്തെ സ്ഥലംമാറ്റി പകരം വീട്ടുകയായിരുന്നു ബി.ജെ.പി. പ്രസിഡന്റായ ശ്രീ. കെ. സുരേന്ദ്രന്റെ ആൾക്കാർ ചെയ്തത്. സ്വർണ്ണക്കടത്ത് കേസ്സിൽ അറസ്റ്റിലായ സന്ദീപ് നായർ സി.പി.ഐ.(എം) പ്രവർത്തകനാണെന്ന് പറഞ്ഞ് മാധ്യമങ്ങൾ ആഘോഷിച്ചു. ഒടുവിൽ സന്ദീപ് നായരുടെ അമ്മതന്നെ പറഞ്ഞു അത് തെറ്റാണെന്ന്. സന്ദീപ് നായർ ആരെയാണ് പിന്നീട് കെട്ടിപ്പിടിച്ചതെന്ന് നിങ്ങളേവരും കണ്ടതല്ലേ? ഏത് പാർട്ടിയുടെ പ്രവർത്തകനാണെന്ന്; അമ്മതന്നെ പറഞ്ഞു; ബി.ജെ.പി.യുടേതാണെന്ന്. അതുപോലെ സി.സി.ടി.വി. ദൃശ്യങ്ങൾ സർക്കാർ എൻ.ഐ.എ.-യ്ക്ക് കൈമാറില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയെന്ന പ്രചരണം വന്നു. രണ്ട് മാസത്തെ ദൃശ്യങ്ങൾ കയ്യിലുണ്ടെന്നും എപ്പോൾ വന്നാലും നൽകാൻ തയ്യാറാണെന്നും സർക്കാർ വ്യക്തമാക്കി. പക്ഷേ, ഇവിടെയൊന്നും സ്റ്റോർ ചെയ്യാറില്ലായെന്നും ലൈവ് മാത്രമേയുള്ളൂവെന്നും പറഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഒഴിഞ്ഞതുപോലെ ഈ ഗവൺമെന്റ് ഒഴിഞ്ഞില്ല. സ്വപ്ന സുരേഷ് അതിർത്തി കടന്നത് പോലീസ് സഹായത്തോടെയെന്നായിരുന്നു അടുത്ത പ്രചരണം. ട്രിപ്പിൾ ലോക്ക് ഡൗൺ സമയത്ത് എങ്ങനെ മുങ്ങാൻ കഴിഞ്ഞെന്ന് ചോദിച്ചുകൊണ്ട് നിങ്ങൾ ആക്ഷേപം ഉന്നയിച്ചു. വളരെ ന്യായവും ശരിയുമായൊരു അഭിപ്രായമാണ് കേട്ടതെന്നൊക്കെ തോന്നി. അവസാനം അതും പരിശോധിച്ചു വന്നപ്പോൾ തിരുവനന്തപുരം വിട്ടത് ലോക്ക്ഡൗണിന് മുമ്പാണെന്ന് തെളിഞ്ഞതോടുകൂടി ആ ആക്ഷേപവും പോയി.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസർക്ക് സ്വപ്നാ സുരേഷ് സമ്മാനം നൽകുന്നതിന്റെ ഒരു ബന്ധം കണക്ട് ചെയ്ത് വമ്പിച്ച പ്രചരണം നടന്നു. അതെല്ലാം അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കപ്പെട്ടു. ഓരോ സംഭവത്തെയും കുറിച്ച് കള്ളക്കഥകളുണ്ടാക്കി, കെട്ടിച്ചമച്ച്, വൻതോതിൽ അപവാദപ്രചരണങ്ങൾ സംഘടിപ്പിച്ച് പിണറായി സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള രഹസ്യ അജണ്ടയെ അടിസ്ഥാനമാക്കി നീങ്ങുന്ന ഗൂഢാലോചനയെ തുറന്നുകാണിക്കാനുള്ള കരുത്ത്, അത് മനസ്സിലാക്കാനുള്ള വിവേകം കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന കാര്യത്തിൽ ഞങ്ങൾ ആത്മവിശ്വാസത്തിലാണ്. പ്രകടനപത്രികയിൽ പറഞ്ഞ

കാര്യങ്ങൾ നാല് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിൽ മുൻകയ്യെടുത്ത ഗവൺമെന്റിനെതിരായിട്ടാണോ ഈ അവിശ്വാസ പ്രമേയം? ദുരിതമനുഭവിക്കുന്ന 2 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സുരക്ഷിത ഭവനങ്ങൾ ഒരുക്കി നൽകിയതുകൊണ്ടാണോ ഈ അവിശ്വാസ പ്രമേയം? സ്വർണ്ണക്കടത്ത് കേസിൽ യുക്തമായ കേന്ദ്ര ഏജൻസികളെ നിയോഗിച്ച് ശക്തമായ അന്വേഷണം നടത്തി എല്ലാ വസ്തുതകളും പുറത്തുകൊണ്ടുവരാൻ ഉത്തരവാദപ്പെട്ട ഏജൻസികളെ ചുമതലപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാപരമായി ആവശ്യപ്പെട്ടതു കൊണ്ടാണോ അവിശ്വാസ പ്രമേയം? ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എൻ.ഐ.എ. നൽകിയിട്ടുള്ള affidavit-ൽ കേരളത്തിന്റെ മുഖ്യമന്ത്രി ആവശ്യപ്പെട്ടതു പ്രകാരമാണ് ഞങ്ങൾ അന്വേഷിക്കുന്നതെന്നും അന്വേഷണ വസ്തുതകൾ പുറത്തുകൊണ്ടുവരുമെന്നും പ്രസ്താവിച്ചു. മൂന്ന് ഏജൻസികൾ വടിവാളുപോലെ, വിലങ്ങുപോലെ നിൽക്കുന്നുവെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. അവസാനം ശ്രീ. അമിത് ഷായുടെ മുന്നിൽ തല വച്ചുകൊടുത്തിരിക്കുന്നുവെന്നു പറഞ്ഞപ്പോൾ ഉള്ളിലിരിപ്പ് മനസ്സിലായി. ശ്രീ. അമിത് ഷായെ കൂട്ടുപിടിച്ചിട്ടു വേണമോ അവിശ്വാസ പ്രമേയത്തിന് അവതരണാനുമതി തേടി സംസാരിക്കുന്നതിനുള്ള സന്ദർഭമെന്ന അവസ്ഥയിലേയ്ക്ക്, ദയനീയമായ പതനത്തിലേയ്ക്ക് എത്തുന്നത്? മൂന്ന് അന്വേഷണ ഏജൻസികൾ അന്വേഷിക്കുന്നുണ്ട്. അത് എൻ.ഐ.എ.-യും കസ്റ്റംസും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമാണ്. ഈ മൂന്ന് ഏജൻസികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട് സ്വാധീനം ചെലുത്തുന്നുവെന്ന് പറഞ്ഞിട്ടില്ല. മദ്ധ്യത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, വലത്ത് കസ്റ്റംസ്, അതുപോലെ എൻ.ഐ.എ. എന്നെല്ലാമുള്ള പ്രചാരം നടത്തിയല്ലോ; മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന് ഏതെങ്കിലുമൊരു ഏജൻസി കോടതിയിൽ പറഞ്ഞിട്ടുണ്ടോ? എൻ.ഐ.എ. പറഞ്ഞിട്ടില്ല, കസ്റ്റംസ് പറഞ്ഞിട്ടില്ല, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പറഞ്ഞിട്ടില്ല. ഇതൊന്നും പറയാതിരിക്കുന്ന സന്ദർഭത്തിൽ നിങ്ങൾ ഏറ്റുപിടിച്ച് പറയുകയല്ലേ; കോടതിയിൽ പറഞ്ഞിട്ടില്ലല്ലോ; ആരും പറഞ്ഞിട്ടില്ലല്ലോ; എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ; ഏതെങ്കിലും തരത്തിൽ രാജ്യദ്രോഹക്കുറ്റത്തിൽ പങ്കുണ്ടെന്ന് നിങ്ങൾക്കുറപ്പുണ്ടെങ്കിൽ അന്വേഷണ ഏജൻസിയെ സമീപിക്കുകയും വ്യക്തമായി തെളിവുകൊടുക്കുകയും ചെയ്യണം. കാര്യങ്ങൾ അറിയാമായിരുന്നിട്ടും തെളിവ് കൊടുക്കാതിരിക്കുകയാണെങ്കിൽ അത് രാജ്യദ്രോഹക്കുറ്റം തന്നെയാണ്. നിങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് തെളിവു ണ്ടെങ്കിൽ അന്വേഷണ ഏജൻസിയുടെ മുമ്പാകെ കൊടുത്ത് തെളിയിക്കാമല്ലോ;

അങ്ങനെ കൊടുക്കാൻ നിങ്ങൾക്ക് മുട്ടുവിറയ്ക്കും. ഒരു ധാർമ്മിക അവകാശവുമില്ലാത്ത പൊളിറ്റിക്സാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന കാര്യത്തിൽ സംശയമില്ല.

ഓഖി, പ്രളയം, പ്രകൃതി ദുരന്തങ്ങൾ, നിപ, കൊവിഡ്-19 തുടങ്ങി കേരളം ഇതുവരെ കാണാത്ത, അഭിമുഖീകരിക്കാത്ത പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിച്ച് ലോകപ്രശസ്തമാംവിധം കൈകാര്യം ചെയ്ത സർക്കാരാണിത്. യുദ്ധസമാനമായ സാഹചര്യത്തിൽ കേരള ജനതയൊന്നാകെ കോവിഡ്- 19-നെതിരെ പോരാടുമ്പോൾ, സംസ്ഥാന സർക്കാർ കയ്യും മെയ്യും മറന്ന് മുന്നണിപ്പോരാളിയായി പോരാടുമ്പോൾ ഈ സർക്കാരിൽ വിശ്വാസമില്ല, രാജിവച്ച് ഒഴിയണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്, ഇത്തരത്തിൽ ഒരു അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നത്. ഞാൻ നേരത്തെ വിശദീകരിച്ചത് ആവർത്തിക്കുന്നില്ല. രാഷ്ട്രീയമായും ധാർമ്മികമായും ചരിത്രപരമായും യാതൊരുവിധത്തിലും നീതി പുലർത്തുന്ന ഒരാവശ്യമല്ല ഇവിടെ പ്രതിപക്ഷം ഉന്നയിക്കുന്നത്. ഒരു ഏജൻസിയുടെ സർവ്വേ റിപ്പോർട്ട് പുറത്തുവന്നതോടുകൂടിയാണ് നിങ്ങളെ സംബന്ധിച്ചിടത്തോളം ഹാലിളക്കം കൂടിയത്.

ഇന്നത്തെ പ്രത്യേകതകൾ നോക്കുമ്പോൾ, അതീവ സങ്കീർണ്ണമായ രാഷ്ട്രീയ സാഹചര്യമാണ് രാജ്യം അഭിമുഖീകരിക്കുന്നത്. ഈ സന്ദർഭത്തിൽ ആ രാഷ്ട്രീയ സാഹചര്യത്തെ അതിജീവിക്കാനുള്ള കരുത്ത്, ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന്റെ ഒരു പ്രസിഡന്റിനെപ്പോലും തെരഞ്ഞെടുക്കാൻ കഴിയാത്ത വിധത്തിൽ നീണ്ടുപോയിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. വ്യക്തമായി പറഞ്ഞാൽ, കോൺഗ്രസ്സ് ഇന്ത്യയിൽ സ്വീകരിക്കുന്ന മൃദു ഹിന്ദുത്വ സമീപനമാണ് രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനുമെതിരെ ഹിമാലയൻ ചലഞ്ചായി ഉയർന്നുവന്നിരിക്കുന്നത്. ഇതിനെ നേരിടാൻ നമുക്ക് കഴിയേണ്ടതാണ്. രാമക്ഷേത്രത്തിന്റെ നിർമ്മാണത്തിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കല്ലിട്ട് പൂജ നടത്തുകയുണ്ടായി. 'എന്നെ വിളിച്ചില്ല, എന്നെ വിളിച്ചില്ല, അങ്ങനെ 'ഞങ്ങളെ വിളിച്ചില്ല, വിളിച്ചില്ല' എന്നുപറഞ്ഞ് രാജ്യം മുഴുവൻ വിലപിച്ച് നടന്ന ഒരു മതേതര പാർട്ടിയുടെ ദയനീയമായ ചിത്രം ദേശീയ രാഷ്ട്രീയത്തിൽ ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. ശ്രീ. ലാൽ കൃഷ്ണ അദ്വാനിയുടെ നേതൃത്വത്തിൽ രഥഘോഷയാത്ര പൊട്ടിപ്പുറപ്പെട്ട സന്ദർഭത്തിലാണ് ബിഹാറിലെ സമസ്തിപ്പൂരിൽവച്ച് ശ്രീ. ലാൽ കൃഷ്ണ അദ്വാനിയെ വി. പി. സിംഗിന്റെ ഗവൺമെന്റ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. പള്ളി സംരക്ഷിക്കണമോ, അധികാരം നിലനിർത്തണമോ എന്ന പ്രശ്നം അന്ന് ഉയർന്നുവന്നു. ഒരു സംശയവും ഞങ്ങൾക്കുണ്ടായിരുന്നില്ല. ലാൽ കൃഷ്ണ അദ്വാനിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പ്രധാനമന്ത്രി കസേര പോയി, ബാബറി മസ്ജിദ് പള്ളി പോയില്ല. പി. വി.

നരസിംഹ റാവു പ്രധാനമന്ത്രിയായി. അറസ്റ്റ് ചെയ്തില്ല, ജയിലിലടച്ചില്ല, കർസേവകർ വന്നു, പള്ളി പൊളിച്ചു, നിങ്ങളുടെ ഭരണകാലത്ത് കസേര പോയില്ല, പള്ളി പോയി. ഞങ്ങളുടെ ഭരണകാലത്ത് പള്ളി പോയില്ല, കസേര പോയി ഇതല്ലേ ഉണ്ടായത്? കോൺഗ്രസ് പിന്തുണ കൊടുത്തതുകൊണ്ടല്ലേ വി. പി. സിംഗ് വീണത്. രാജ്യത്തെ നോക്കിയല്ലല്ലോ വർഗ്ഗീയശക്തികളെ നോക്കിയല്ലേ നിലപാട് സ്വീകരിച്ചത്. അങ്ങനെ സ്വീകരിക്കാൻ പാടുണ്ടോ? അങ്ങനെ സ്വീകരിക്കുന്ന ഒരു മതേതര ജനാധിപത്യ പാർട്ടിയല്ലാത്ത, ഒരു മൃദു ഹിന്ദുത്വ സമീപനം വളരെ ശക്തമായി കോൺഗ്രസ്സിനെ സംബന്ധിച്ച് സ്വാധീനം ചെലുത്തിവരികയാണ്. ഇക്കാര്യം മനസ്സിലാക്കി തിരുത്തുന്നില്ലെങ്കിൽ ദയനീയമാകും കോൺഗ്രസ്. യഥാർത്ഥത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ ഒരു നിരീക്ഷണം നടത്തിയാൽ ബി.ജെ.പി.-യുടെ ഒരു 'ബി' ടീമായി അധഃപതിക്കുന്ന വിധത്തിലേയ്ക്ക് കോൺഗ്രസ്സ് വഴുതിപ്പോകുന്നുണ്ടോയെന്ന കാര്യം സംശയരഹിതമായി ബോധ്യം വരുന്ന സന്ദർഭമാണിത്.

സോമനാഥ ക്ഷേത്രം നിർമ്മിച്ച് കഴിഞ്ഞയുടനെ ഉദ്ഘാടനത്തിന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ക്ഷണിച്ചു. പക്ഷേ, ജവഹർലാൽ നെഹ്റു ആ ചടങ്ങിൽ പങ്കെടുക്കാൻ വരുന്നില്ലെന്ന് പറഞ്ഞു. അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദ് ആ ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത ഡോ. രാജേന്ദ്ര പ്രസാദിനെ പരസ്യമായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിമർശിച്ചു. മതപരമായ ചിന്ത ഭരണകാര്യത്തിൽ പാടില്ല എന്ന് ജവഹർലാൽ നെഹ്റു പറഞ്ഞു. ഇത് പരസ്പരം കാത്തുസൂക്ഷിക്കുമ്പോഴാണ് മതേതരത്വം നിലനിൽക്കുന്നത്. ആ മതേതരത്വം നിലനിർത്താൻവേണ്ടിയാണ് ഞാൻ സോമനാഥ ക്ഷേത്രത്തിൽ പോകാതിരുന്നത്. ആ മതേതരത്വത്തെ കളങ്കപ്പെടുത്തുന്ന വിധത്തിലുള്ള അവസ്ഥാവിശേഷം ഡോ. രാജേന്ദ്ര പ്രസാദ് വരുത്തിവച്ചതിൽ ഞാൻ ഖേദിക്കുന്നുവെന്ന് പറഞ്ഞ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ ഉന്നതമായ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ പങ്ക് വഹിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തു. നെഹ്റുവിന്റെ പാർട്ടിയുടെ ആ പരമ്പരയിൽപ്പെട്ടിട്ടുള്ള നേതൃത്വമാണ് 'എന്നെ വിളിച്ചില്ല, ഞങ്ങളെ വിളിച്ചില്ല' എന്നുപറഞ്ഞ് ഭൂമി പൂജയ്ക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ടുള്ള നിലപാട് ദേശീയടിസ്ഥാനത്തിൽ സ്വീകരിച്ചത്. അപ്പോൾ കോൺഗ്രസ്സ് സെക്കുലറിസത്തിന് കനത്ത വെല്ലുവിളി ഉയർത്തിക്കൊണ്ട് വരികയാണെന്ന ഗൗരവസ്ഥിതി മനസ്സിലാക്കി, അത് തിരുത്തിയില്ലെങ്കിൽ ഈ മൃദു ഹിന്ദുത്വ സമീപനം കാരണമാണ് കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് ആളുകൾ പോകുന്നത്. വേറെ ഒരു കാര്യവുമല്ല. മൃദു ഹിന്ദുത്വ സമീപനം

സ്വീകരിക്കുമ്പോൾ ഹിന്ദു രാഷ്ട്രമായി. യഥാർത്ഥത്തിൽ ശ്രീ. നരേന്ദ്ര മോദി രാമക്ഷേത്രത്തെ മുൻനിർത്തിയാണ് കല്ലിട്ടതെങ്കിലും ഫലത്തിൽ ഇന്ത്യയിൽ ഹിന്ദുരാഷ്ട്ര സ്ഥാപനത്തിനുള്ള കല്ലാണ് സ്ഥാപിക്കപ്പെട്ടത് എന്ന കാര്യം ഗൗരവത്തിൽ നാം കാണേണ്ടതല്ലേ? ആ ഗൗരവ സ്ഥിതിവിശേഷത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് ദേശീയ നേതൃത്വം സ്വീകരിച്ച നിലപാട് വിമർശനവിധേയമായി. ദേശീയ രാഷ്ട്രീയത്തിൽ ഈ നിലപാടിനോട് ലീഗ് എന്ത് സമീപനം സ്വീകരിക്കുന്നു? ശ്രീമതി പ്രിയങ്ക ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും ഇതിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ ലീഗ് അംഗീകരിക്കുന്നുണ്ടോ? ഈ പ്രമേയം പാസ്സാക്കിയാലുടൻ സർക്കാർ നിലംപതിക്കുമെന്നും അങ്ങനെ സംഭവിച്ചാലുടൻ അധികാരത്തിലെത്താൻ സാധിക്കുമെന്നുമാണ് ലീഗ് ധരിച്ചിരിക്കുന്നത്, അങ്ങനെ ധരിക്കേണ്ട. 'നാണംകെട്ടവന്റെ ആസനത്തിൽ ആൽമരം മുളച്ചാൽ അത് അവനൊരു തണൽ' എന്ന് കേട്ടിട്ടുണ്ട്, എന്നാൽ അതിന്മേൽ ആരും ഊഞ്ഞാൽ കെട്ടി ആടിയിട്ടുണ്ടെന്ന് കേരളത്തിലോ ഇന്ത്യയിലോ ഇതുവരെ കേട്ടിട്ടില്ല. അത്തരം നാണംകെട്ട രാഷ്ട്രീയമാണ് ലീഗ് ഇക്കാര്യത്തിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ലീഗിന്റെ നിലപാട് പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിവിശേഷത്തിൽ, പുത്തൻ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലം ഉയർത്തിവിടുന്ന വെല്ലുവിളികൾ രാജ്യത്തെ തകർക്കുന്നതിലും മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്നതിലും പങ്കുവഹിച്ചു കൊണ്ടിരിക്കുന്നു.

ഇവിടെ തെളിവില്ലാത്ത ചില അഴിമതിയാരോപണങ്ങൾ ഉന്നയിച്ച് ഉണ്ടയില്ലാവെടി പൊട്ടിക്കുകയുണ്ടായി. യു.പി.എ. സർക്കാർ ചെയ്തുകൂട്ടിയ ചില അഴിമതികൾകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. 1.86 ലക്ഷം കോടി രൂപയുടെ കൽക്കരി കുംഭകോണത്തിൽ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗ് സി.ബി.ഐ.-യുടെ ചോദ്യം ചെയ്യലിന് വിധേയനാകേണ്ടിവന്ന നാണംകെട്ട സ്ഥിതി ആർക്കാണ് ഓർമ്മയില്ലാത്തത്. നിങ്ങൾ വാഴ്ത്തിപ്പാടുന്ന സി.ബി.ഐ. തന്നെയല്ലേ ശ്രീ. പി. ചിദംബരത്തിനെതിരെയുള്ള അഴിമതിയാരോപണം അന്വേഷിച്ച് അദ്ദേഹത്തെ ജയിലിലടച്ചത്. പ്രതിദിന വരുമാനം 20 രൂപയിൽ താഴെ മാത്രമുള്ള, ജനസംഖ്യയുടെ 30 ശതമാനം പേർ ലക്ഷം കോടിയെന്ന പ്രയോഗം ആദ്യമായി കേട്ടത് 2 ജി സ്പെക്ട്രം അഴിമതിയിലൂടെയായിരുന്നില്ലേ; നാഷണൽ ഗെയിംസിൽ 200 കോടി രൂപയുടെ ആക്ഷേപമാണ് രാജ്യത്ത് ഉയർന്നുവന്നതെങ്കിൽ ദേശീയ അടിസ്ഥാനത്തിൽ കോമൺവെൽത്ത് ഗെയിംസിൽ 36,000 കോടി രൂപയുടെ അഴിമതിയാരോപണമാണ് ഉയർന്നുവന്നത്. സേനയ്ക്കായി സ്കോർപ്പിയോൺ അന്തർവാഹിനി ഇറക്കുമതി ചെയ്തതിലും ട്രക്ക് വാങ്ങിയതിലും

ഇസ്രായേലിൽ നിന്നും ബറാക്ക് മിസൈൽ വാങ്ങിയതിലുമെല്ലാം നടത്തിയ അഴിമതി സഹസ്ര കോടികളുടെയും ശതകോടികളുടെയും ആയിരുന്നില്ലേ? അഗസ്റ്റവെസ്റ്റ്ലാന്റ് ഹെലികോപ്റ്റർ അഴിമതി, റിലയൻസിന് കൃഷ്ണ-ഗോദാവരി ബെയ്സിനിലെ പ്രകൃതിവാതക നിക്ഷേപം ദാനം ചെയ്തതുൾപ്പെടെ എത്രയെത്ര അഴിമതിക്കഥകളായിരുന്നു. ഭരണത്തിൽ നേരിട്ട് പങ്കുവഹിക്കാൻ കഴിഞ്ഞില്ലെങ്കിലും നാഷണൽ ഹെറാൾഡ് കേസ് പോലെയുള്ള അഴിമതികൾ രാജ്യം ചർച്ച ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായില്ലേ?

ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി പ്രിയങ്ക ഗാന്ധി, ശ്രീ. മൻമോഹൻ സിംഗ്, ശ്രീ. പി. ചിദംബരം എന്നിവർ നേതൃത്വം നൽകുന്ന രാജീവ് ഗാന്ധി ട്രസ്റ്റ് കള്ളപ്പണം വെളുപ്പിച്ചെന്ന ആരോപണം ആദായനികുതി വകുപ്പ് അന്വേഷിക്കുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ രാജീവ് ഗാന്ധി ട്രസ്റ്റിൽ നടന്നിരിക്കുന്ന ആരോപണത്തെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെടാൻ നിങ്ങൾ സന്നദ്ധമാണോയെന്ന് വ്യക്തമാക്കണം. കൊവിഡ്-19 കാലഘട്ടത്ത് മുകേഷ് അംബാനിയെ ലോകത്തെ നാലാമത്തെ ധനികനായി വളർത്തിയെടുക്കാനുള്ള നയം സ്വീകരിച്ചു. എല്ലാം വിറ്റുതുലയ്ക്കുമ്പോഴും ഭാവിതലമുറയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന നയം നടപ്പിലാക്കുമ്പോഴും തൊഴിൽ നിയമങ്ങൾ അട്ടിമറിക്കാൻ ശ്രമിച്ചപ്പോഴും അവിശ്വാസ പ്രമേയമെന്നല്ല, ഒരു ചെറിയ പ്രതിഷേധ പ്രമേയംപോലും പാസ്സാക്കാതെ ഈ അവിശ്വാസ പ്രമേയം ഇവിടെ കൊണ്ടുവന്നത് വിരോധാഭാസമായി കേരള രാഷ്ട്രീയത്തിൽ നമുക്ക് കണക്കാക്കാം. ശ്രീ. എം. ശിവശങ്കറിന്റെ പ്രശ്നത്തിന്റെ പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുമ്പോൾ ഞാൻ ഒരു കാര്യം അവരോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ ഏകോപന ചുമതലയുണ്ടായിരുന്ന പി. സി. അലക്സാണ്ടർ, ഐ.എ.എസ്.-നെ കുമാർ നാരായണൻ ചാരക്കേസിൽ രേഖ ചോർത്തിക്കൊടുത്തതിന്റെ പേരിൽ പുറത്താക്കി. അന്ന് രാജീവ് ഗാന്ധി രാജി വയ്ക്കേണ്ടതായിരുന്നോ; അന്ന് അങ്ങനെയൊരു അഭിപ്രായം ഉണ്ടായിരുന്നോ? ഇന്ന് രാജീവ് ഗാന്ധി ജീവിച്ചിരിപ്പില്ലെങ്കിലും ചാരക്കേസിൽ രേഖകൾ ചോർത്തി നൽകിയതിന്റെ പേരിൽ ഉയർന്നുവന്ന പ്രശ്നമാണെന്ന് കണക്കാക്കി എന്തെങ്കിലും നടപടി പി. സി. അലക്സാണ്ടറിനെതിരെ സ്വീകരിച്ചോ? എന്നാൽ, നിങ്ങൾ ചെയ്തതെന്താണ്, പി. സി. അലക്സാണ്ടറെ എം.പി.-യും പിന്നീട് മഹാരാഷ്ട്ര ഗവർണറുമാക്കി. അതുപോലെയുള്ള നാണംകെട്ട പണി ചെയ്യുന്ന രാഷ്ട്രീയമല്ല കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയം എന്ന കാര്യം വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷം ഫ്രോഡ് പൊളിറ്റിക്സ് കൈകാര്യം ചെയ്യരുത്. മുഖ്യമന്ത്രിയെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതിന് എത്രയെത്ര ഫ്രോഡ് പൊളിറ്റിക്സാണ് നിങ്ങളിവിടെ കാണിക്കുന്നത്. അഭ്യസ്തവിദ്യരായ കേരളീയർക്ക് മുന്നിൽ സമാരാധ്യനായ മുഖ്യമന്ത്രിയെ വ്യക്തിപരമായി തേജോവധം ചെയ്യുന്നു. മുഖ്യമന്ത്രിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ സ്വപ്നാ സുരേഷുമുണ്ടെന്ന് സ്ഥാപിക്കാനായി ഒരു മീഡിയയിൽ കൊടുത്തത് എങ്ങനെയാണ്? ഈ മന്ത്രിസഭയിൽ അംഗമായ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ ചിത്രത്തിന്റെ തലവെട്ടിമാറ്റി സ്വപ്നാ സുരേഷിന്റെ തലയുടെ ചിത്രം വച്ചശേഷം അവർ ആ വിവാഹ ചടങ്ങിൽ പങ്കെടുത്തിരിക്കുന്നുവെന്ന് വരുത്തിത്തീർക്കാനുള്ള ഫ്രോഡ് പൊളിറ്റിക്സാണ് കൈകാര്യം ചെയ്തത്. അതിന്റെ പേരിലാണ് മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടുന്നത്. എത്ര നാണംകെട്ട കാര്യമാണ്! അതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്, യെസ് പ്ലീസ് കൺക്ലൂഡ്. സമയം കഴിഞ്ഞു.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ജനക്ഷേമകരവും വികസനോന്മുഖവും അഴിമതിരഹിതവുമായ നേതൃത്വപരമായ പങ്ക് വഹിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ നയിക്കുന്നത് ത്യാഗത്തിന്റെയും സഹനത്തിന്റെയും സമരത്തിന്റെയും കനൽവഴികൾ താണ്ടി രാജ്യത്തിന്റെ ചരിത്രത്തിൽ നേതൃത്വപരമായ പങ്ക് വഹിച്ച സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു ബദൽരാഷ്ട്രീയം ദേശീയാടിസ്ഥാനത്തിൽ ഉയർത്തിപ്പിടിച്ച്, നേതൃത്വം കൊടുത്ത് മുന്നോട്ട് പോകും. കേരള പുനർനിർമ്മാണം പരാജയപ്പെട്ടെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. എനിക്ക് ശ്രീ. വി. ഡി. സതീശനോട് ചോദിക്കാനുള്ളത്, അങ്ങ് വിദേശത്ത് പോയി പൈസ പിരിച്ച് വീടുകൾ വച്ചു നൽകിയെന്ന് പറഞ്ഞു, അത്തരത്തിൽ പൈസ പിരിച്ചത് ഏത് അനുവാദത്തിന്റെ അടിസ്ഥാനത്തിലാണ്; അത് ശരിയാണോ; അത്തരത്തിൽ പൈസ പിരിച്ചതിന്റെ കണക്ക് എവിടെയാണ് വച്ചത്; ആ കണക്ക് പുറത്തുവിടണമെന്ന് അങ്ങയോട് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇതൊരു അവിശ്വാസ പ്രമേയം മാത്രമല്ല, No-Confidence motion

ആണ്. ആത്മവിശ്വാസം നഷ്ടപ്പെട്ട, പ്രതീക്ഷകൾ തല്ലിത്തകർക്കപ്പെട്ടുപോയ ഒരു ജനതയുടെ പ്രതിഷേധമാണിത്. ഇത് എല്ലാ മേഖലയിലുമുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കറിയുന്നതുപോലെ കിഡ്നി നഷ്ടപ്പെട്ടവരെയും, ഹീമോഫീലിയ, അരിവാൾ രോഗം പോലെയുള്ള വലിയ രോഗം ബാധിച്ച എത്രയോ പാവങ്ങളെയും ചേർത്തുപിടിച്ചതായിരുന്ന 'സമാശ്വാസം' പദ്ധതി. ആ പദ്ധതിയെയാണ് ഇക്കാലയളവിൽ ഈ ഗവണ്മെന്റ് അട്ടിമറിച്ചത്. അവരുടെ കണ്ണുനീരിൽ ഈ സർക്കാരിനെതിരെയുള്ള അവിശ്വാസമുണ്ട്. അനാഥരായ കുട്ടികളെ ചേർത്തുപിടിക്കുന്നതായിരുന്ന 'സ്നേഹപൂർവ്വം' പദ്ധതി. ആ പദ്ധതിയെയും നിങ്ങൾ അട്ടിമറിച്ചു. ആ അനാഥക്കുട്ടികളുടെ കണ്ണുനീരിൽ ഈ സർക്കാരിനെതിരെയുള്ള അവിശ്വാസമുണ്ട്. ഓട്ടിസം ബാധിച്ച, bedridden ആയ ഒരാൾ വീട്ടിലുണ്ടായാൽ അതൊരമ്മയുടെ ജീവിതം മുഴുവനുമുള്ള സങ്കടമാണ്. അവരെ ആശ്വസിപ്പിക്കാനായിരുന്നു നമ്മൾ 'ആശ്വാസകിരണം' പദ്ധതി കൊണ്ടുവന്നത്. ഇപ്പോൾ 2 മാസത്തെ 'ആശ്വാസകിരണം' സഹായം നിങ്ങൾ നൽകിയെങ്കിലും ഒരു വർഷത്തെ സഹായം അട്ടിമറിച്ചു. ആ പാവം അമ്മമാരുടെ കണ്ണുനീര് നിങ്ങൾക്കെതിരാണ്. സ്വപ്നാ സുരേഷിന്റെ കവിളിൽ തട്ടുമ്പോഴും കരഞ്ഞ് കവിൾ തുടുത്തുപോയ അമ്മമാരുടെ കണ്ണുനീരിനെയാണ് നിങ്ങൾ കാണാതെപോകുന്നത്. മദ്യപിച്ച് മദോന്മത്തനായ ഒരാൾ കാറോടിച്ച് കയറ്റിക്കൊന്ന കെ. എം. ബഷീറിനെ നിങ്ങൾക്കോർമ്മയുണ്ടോ? കോവിഡ്-19-ന്റെ മറവിൽ ആ ഉദ്യോഗസ്ഥനെ നിങ്ങൾ പുനഃപ്രതിഷ്ഠിച്ചപ്പോൾ കെ. എം. ബഷീറിന്റെ കുടുംബത്തിന്റെ കണ്ണുനീരിൽ നിങ്ങൾക്കെതിരെയുള്ള അവിശ്വാസമുണ്ട്. പാലത്തായിയിലെ ഒരു കൊച്ചുപെൺകുട്ടിയെ ടീച്ചർക്കറിയുമോ? സംഘപരിവാർ അജണ്ടയുടെ ഭാഗമായി നിങ്ങൾ ആ കേസ് അട്ടിമറിക്കുമ്പോൾ ആ കൊച്ചുപെൺകുട്ടിയുടെ കണ്ണുനീരിൽ നിങ്ങൾക്കെതിരെയുള്ള അവിശ്വാസമുണ്ട്. അലൻ ഷുഹൈബിന്റെയും താഹ ഫസലിന്റെയും അമ്മമാരുടെ കണ്ണുനീരിൽ ഈ സർക്കാരിനെതിരെയുള്ള അവിശ്വാസമുണ്ട്. പി.എസ്.സി.-വഴി ജോലികിട്ടാൻ സാധ്യതയില്ലാത്ത പതിനായിരക്കണക്കിന് ചെറുപ്പക്കാരുടെ കണ്ണുനീരിൽ നിങ്ങൾക്കെതിരായ അവിശ്വാസമുണ്ട്. ഈ നാട് അഭയം നൽകുമെന്ന് കരുതി, നമുക്കുവേണ്ടി കഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് പ്രവാസികളെയാണ് കോവിഡ്-19 കാലത്ത് നിങ്ങൾ ചതിച്ചത്. ആ പ്രവാസികളുടെ കണ്ണുനീരിൽ നിങ്ങൾക്കെതിരെയുള്ള അവിശ്വാസമുണ്ട്. കൃപേഷ്, ശരത് ലാൽ, ഷുഹൈബ്, ഷുക്കൂർ തുടങ്ങി നൂറുകണക്കിന് ചെറുപ്പക്കാരുടെ അമ്മമാരുടെ കണ്ണുനീരിൽ ഈ സർക്കാരിനെതിരെയുള്ള അവിശ്വാസമുണ്ട്. നിങ്ങൾ എന്തിനാണ് അവിശ്വാസം കൊണ്ടുവരുന്നതെന്നാണ് ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ ചോദിക്കുന്നത്. അവിശ്വാസം കൊണ്ടുവരുന്നത് ഞങ്ങൾ

ജനങ്ങൾക്കിടയിൽ ജീവിക്കുന്നതുകൊണ്ടും അവരുടെ വികാരം അറിയുന്നതു കൊണ്ടുമാണ്. ജനങ്ങളുടെ നിശബ്ദമായ കരച്ചിൽ മന്ത്രിമന്ദിരങ്ങളിലുള്ളവർക്ക് കേൾക്കാൻ കഴിയണമെന്നില്ല. നിങ്ങളുടെ ചുറ്റും ലക്ഷങ്ങൾ നൽകി കുട്ടിനിർത്തിയ പിണിയാളുകളും അത് നിങ്ങളോട് പറഞ്ഞുതരണമെന്നില്ല. പക്ഷേ, ഞങ്ങൾക്കതിന് ബാധ്യതയുണ്ട്. ഇത് എന്തൊരു സർക്കാരാണ്. ഇതുപോലെയൊരു നെറികേട് കാണിച്ച സർക്കാർ വേറെയുണ്ടാകില്ല. വനിതാ പത്രപ്രവർത്തകരോടുപോലും എന്ത് വൃത്തികേടും പറയാൻ നിങ്ങളാണ് അവരെ സഹായിച്ചത്; അവർ ചെയ്ത തെറ്റെന്താണ്? ഇവിടത്തെ മീഡിയാ പ്രവർത്തകർ ചോദ്യംപോലും മറന്ന് റേഡിയോയുടെ മുന്നിൽ നിൽക്കുന്നതുപോലെ മാസങ്ങളോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ നിന്നിട്ടുണ്ട്. എന്നാൽ, സഹികെട്ടപ്പോൾ അവർ ഒരു ചോദ്യം ഉന്നയിക്കാൻ തീരുമാനിച്ചു, അന്നാണ് നിങ്ങൾ ഇളകിയത്. ചോദ്യങ്ങളെ ഭയപ്പെടുന്ന, ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ അസഹിഷ്ണുവാകുന്ന മുഖ്യമന്ത്രിയാണ് ഒരുപക്ഷേ നാടിന്റെ ശാപമെന്ന് പറയുന്നത്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറയട്ടെ, അഴിമതിയെ ന്യായീകരിക്കാൻ സിദ്ധാന്തങ്ങൾ ചമയ്ക്കുന്ന നിങ്ങളുടെ മന്ത്രിമാരോടും പാർട്ടി നേതാക്കളോടും സ്വന്തം പാർട്ടി പ്രവർത്തകരെ മര്യാദ പഠിപ്പിക്കാൻ പറയണം. സൈബർ ഗുണ്ടകളെ മര്യാദ പഠിപ്പിക്കാൻ പാർട്ടി ക്ലാസ്സുകളിൽ ശ്രമിക്കണം. കൊടിയിലെ അരിവാളും ചുറ്റികയും മനുഷ്യന്റെ കഴുത്തറുക്കാനും തലയ്ക്കടിക്കാനുമുള്ളതല്ലെന്ന് അവരോട് പറഞ്ഞുകൊടുക്കണം. കൃഷിയും വ്യവസായവും ചെയ്യുന്ന തൊഴിലാളികളുടെ ചിഹ്നമാണതെന്ന് നിങ്ങൾ പ്രവർത്തകരോട് പറഞ്ഞുകൊടുക്കണം. ഈ രാജ്യത്തെ മീഡിയകളെ മുഴുവൻ നിങ്ങളുടെ സൈബർ ഗുണ്ടകൾ ആക്രമിച്ചപ്പോൾ കേരളത്തിലെ മുഖ്യമന്ത്രി ഗംഭീരമായൊരു സ്റ്റേറ്റ്മെന്റ് നടത്തി, അതിങ്ങനെയാണ്, 'ഇങ്ങനെ ഒരാളെപ്പറ്റിയും പറയരുത്'. നല്ല സ്റ്റേറ്റ്മെന്റാണെന്ന് ആളുകളൊക്കെ വിചാരിച്ചു. പിന്നെയാണ് മനസ്സിലായത് ഒരാളെയുംപ്പറ്റിയും എന്നല്ല, ഒരാളെപ്പറ്റിമാത്രം പറയരുത്, അത് മുഖ്യമന്ത്രിയെക്കുറിച്ചുമാത്രമാണ്. അങ്ങനെ പറഞ്ഞാൽ പിറ്റേദിവസം നിങ്ങൾ അയാളെ വിദേശത്തുനിന്ന് ഇവിടെ ഇറക്കിക്കൊണ്ടുവരുമെന്നാണ്.

അങ്ങ് കോവിഡ്-19-ന് മുമ്പുതന്നെ ക്വാറന്റൈൻ കണ്ടുപിടിച്ച മഹാനായൊരു മുഖ്യമന്ത്രിയാണ്. നിങ്ങൾ ആദ്യം ക്വാറന്റൈനിലാക്കിയത് ശ്രീ. വി. എസ്. അച്ചുതാനന്ദനെയും രണ്ടാമത് പാർട്ടി സെക്രട്ടറിയെയുമാണ്. പിന്നീട് ഓരോരോ മന്ത്രിമാരെയായി ക്വാറന്റൈനിലേയ്ക്കുവിട്ടു. ആർക്കുമൊരു പണിയുമില്ല. ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ പറയുന്നത്, പഴയ നാടകങ്ങൾ പുനരാവിഷ്കരിക്കുന്ന തിരക്കിലാണെന്നാണ്. പിന്നെ വലിയ തിരക്കുള്ളയാൾ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീനാണ്. അദ്ദേഹം കരിപ്പൂർ വിമാന ദുരന്തമുണ്ടാകുന്നതിന് തലേദിവസം തന്നെ അവിടെപ്പോയി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആളാണ്. XXXXXXXXXX* നിങ്ങൾക്കറിയുമോ, കേരളത്തിലെ തെരുവോരങ്ങളിലെ പതിനായിരക്കണക്കിന് കുട്ടികൾക്ക് വിശുദ്ധ ഖുർആൻ ഒരു വരി തെറ്റാതെ കാണാതെ ചൊല്ലാൻ സാധിക്കും. അത് പഠിപ്പിച്ച മതസംഘടനകൾ ഇവിടെയുണ്ട്. XXXXXXXXXX* പക്ഷേ, കള്ളക്കടത്തുവഴി ഖുർആൻ പഠിപ്പിക്കാമെന്ന് തീരുമാനിക്കുന്ന ആദ്യത്തെ ഗവൺമെന്റാണിത്. ഇന്ന് ആ മന്ത്രി പറഞ്ഞിരിക്കുന്ന രസകരമായ കാര്യം, ഖുർആൻ തിരിച്ചു നൽകാൻ ഒരുക്കമാണെന്നാണ്. എന്നാലും സ്വർണ്ണം തിരികെ നൽകില്ലെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ രണ്ട് മന്ത്രിമാർ വേറെയുണ്ട്; ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീ. ഇ. ചന്ദ്രശേഖരനും. എല്ലാ ദിവസവും വൈകുന്നേരം വരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടത്തും വലത്തുമിരിക്കും എന്നിട്ട് പ്രാണായാമം പരിശീലിക്കുകയാണ്. ഒരേയൊരു ശ്വാസംവിടൽ. എന്നുവച്ചാൽ ശ്വാസംമുട്ടാണത്രേ കോവിഡ്-19-ന്റെ പ്രശ്നമെന്നാണ് പറയുന്നത്. അതുകൊണ്ട് ശ്വാസംവലിച്ച് പരിശീലിക്കുകയാണ്. പിന്നെ ഒരു സാധു മന്ത്രിയുള്ളത് ശ്രീ. ജി. സുധാകരനാണ്. അദ്ദേഹത്തിന് അവസാനം കളത്തിലിറങ്ങേണ്ടിവന്നു. അദ്ദേഹം പറഞ്ഞത് ഇപ്പോൾ ദുർഗന്ധമെല്ലാം പോയി നല്ല സുഗന്ധമാണെന്നാണ്. നാട്ടിൽപ്പറയുന്നൊരു കഥയുണ്ട്. മുനിസിപ്പാലിറ്റി ഡ്രെയിനേജിനടുത്തേയ്ക്ക് മകളെ കല്യാണം കഴിപ്പിച്ചുവിട്ടു. ആദ്യം അച്ഛൻ ചെന്ന ദിവസം മകൾ വലിയ കരച്ചിലാണ്, അയ്യോ വയ്യ; എന്തൊരു നാറ്റം; സഹിക്കാൻ വയ്യെന്നാണ്. രണ്ടാഴ്ച കഴിഞ്ഞ് അച്ഛൻ ചെന്നപ്പോൾ പറഞ്ഞത്രേ, ഇപ്പോൾ അത്ര വലിയ മണമൊന്നുമില്ല എന്നാണ്. പ്രിയപ്പെട്ട ശ്രീ. ജി. സുധാകരൻ, അങ്ങ് പറയുന്നത് നാലുകൊല്ലം അഴിമതിയുടെ നാറ്റം സഹിച്ചിട്ട് അങ്ങേയ്ക്കിപ്പോൾ അത് സുഗന്ധമായി തോന്നുകയാണെന്നാണ്. പക്ഷേ, ജനങ്ങൾക്ക് അങ്ങനെയൊരു ബോധ്യമില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇതുപോലെയൊരു ഗവൺമെന്റ് ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? എല്ലാ സാധ്യതകളും പരിശോധിച്ച ഇതുപോലെയൊരു ഗവൺമെന്റുണ്ടായിട്ടില്ല. കുടുംബമടക്കം കക്കാനിറങ്ങുക, എന്തൊരു കഷ്ടമാണിത്. മുൻകാലത്ത് നിങ്ങളുടെ പാർട്ടി ഓഫീസിൽ പഠിപ്പിച്ചിരുന്നത് ദാസ് കാപ്പിറ്റലിസം,

* ബഹുമാനപ്പെട്ട സ്പീക്കറുടെ 9-9-2020-ലെ ഫ.നമ്പർ 3459/ഇ.ബി./2020/നി.സെ. പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കമ്മ്യൂണിസം, മാർക്സിസം ഒക്കെയാണ്. പക്ഷേ, ഇപ്പോൾ പഠിപ്പിക്കുന്നത് ചോർ പുരാണമാണ്. എങ്ങനെയാണ് കളവ് നടത്തേണ്ടത്, ഏത് തരത്തിലാണ്, എങ്ങനെ പ്രളയ ഫണ്ട് അടിച്ചുമാറ്റാം. നമ്മൾ നാട്ടിൻപുറത്ത് പറയാറുണ്ട് ചക്കരക്കുടത്തിൽ കയ്യിട്ടുവാരുക. അതും വാരിയില്ലേ. റേഷൻ ഷോപ്പിലെ ശർക്കരവാരി അഴിമതി നടത്തിയവരാണ് നിങ്ങളെന്നാണ് പറയുന്നത്. യുദ്ധവും ദുരന്തവും കൊതിക്കുന്ന ഭരണാധികാരികൾ രാജ്യത്തുണ്ടാകും, പക്ഷേ, ചരിത്രം പറയുന്നത് അവർ സ്വേച്ഛാധിപതികളാണെന്നാണ്. എന്തുകൊണ്ടാണെന്ന് അറിയാമോ; പൗരന്മാരെ ജയിലിൽ അടയ്ക്കാതെ പൗരാവകാശങ്ങളെ എങ്ങനെ തടവറയിൽ വയ്ക്കാമെന്ന് ആ ഭരണാധികാരികൾക്കറിയാം. അതുതന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. കോവിഡ്-19 എന്ന ദുരന്തത്തിന്റെ മറവിൽ ആഘോഷിക്കുകയാണ് കേന്ദ്രവും കേരളവും. വിമാനത്താവളം വിൽക്കുന്നത് മുതൽ ക്കുട്ടിക്കൊടുപ്പുവരെ നടക്കുന്നത് കൊവിഡ്-19-ന്റെ മറവിലാണെന്നുള്ളതാണ് ഇവിടത്തെ പ്രത്യേകത.

ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് വിമാനത്താവളം വിറ്റത് ഗവൺമെന്റ് അറിഞ്ഞില്ലെന്നാണ്. അത് ദയവുചെയ്ത് പറയരുത്. നിങ്ങൾ അറിഞ്ഞില്ലെന്നത് സത്യമാണ്. പക്ഷേ, കുടുംബക്കാർ പൈസയെല്ലാം അടിച്ചുമാറ്റി പോയിട്ടുണ്ട്. അതുകൊണ്ട് എല്ലാ ദിവസവും രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇതാ അത് നടക്കുന്നു, ഇത് നടക്കുന്നു എന്ന് പറയാൻ സാധിക്കില്ലല്ലോ. കുറേയൊക്കെ റിസർച്ച് ചെയ്ത് കണ്ടുപിടിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതുകൊണ്ട് ജനങ്ങൾ കൊവിഡ്-19-ന്റെ പേരിൽ തെരുവിലിറങ്ങാത്തത് നിങ്ങൾക്ക് കക്കാനുള്ള മാൻഡേറ്റായി കരുതരുതെന്ന് മാത്രമാണ് സർക്കാരിനോട് പറയുന്നത്. പത്ത് ലക്ഷം മലയാളികൾക്ക് അഭയം നൽകുന്ന യു.എ.ഇ.-യെയാണ് നിങ്ങൾ ഈ വിഷയത്തിൽ വലിച്ചിഴച്ച് അപമാനിക്കാൻ ശ്രമിക്കുന്നത്. ഗൾഫ് നാടുകളിലല്ല ആഫ്രിക്കൻ നാടുകളിൽ വിശക്കുന്നവന്റെ വിളിനാദമാണ് ഈ പറയുന്ന റെഡ് ക്രസന്റ് എന്നുപറയുന്നത്. യു.എൻ. അഭിനന്ദിച്ചിട്ടുള്ള ഈ സംഘടനയെ ഈ നാട്ടിൽകൊണ്ടുവന്ന് നാറ്റിക്കാൻ ശ്രമിച്ചിട്ടുള്ള ഗവൺമെന്റാണ് ഇവിടെയുള്ളത്. എന്നിട്ടിപ്പോൾ എല്ലാം കൊണ്ടുവന്ന് എം. ശിവശങ്കറിന്റെ തലയിലിട്ടിട്ട് അങ്ങ് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, മുഖ്യമന്ത്രിയുടെ ഓഫീസെന്ന് എല്ലാ അന്വേഷണ ഏജൻസികളും പറഞ്ഞു. മുഖ്യമന്ത്രിയില്ലാതെ എങ്ങനെയാണ് മുഖ്യമന്ത്രിയുടെ ഓഫീസാകുക? അപ്പോൾ മുഖ്യമന്ത്രിയാണ് ഒന്നാമത്തെ പ്രതി. മുഖ്യമന്ത്രിയുടെ ഓഫീസെന്നല്ല മുഖ്യമന്ത്രിയാണ് പ്രതിയാണെന്നാണ് പറയേണ്ടത്. മുഖ്യമന്ത്രിയില്ലാതെ ഓഫീസുണ്ടാകില്ല. ശ്രീ. എം. ശിവശങ്കറിനെ ആരാണ്

നിയന്ത്രിച്ചത്. മുഖ്യമന്ത്രി മാത്രമാണോ. മുഖ്യമന്ത്രിയുടെ രക്തബന്ധങ്ങൾ നിയന്ത്രിച്ചില്ലേ? നിങ്ങൾ സ്പ്രിംഗ്ളർ കരാറുണ്ടാക്കുന്നതിന്റെ ഒരു വർഷം മുമ്പ് ഈ രക്തവും രക്തബന്ധവും എം. ശിവശങ്കറുമൊന്നിച്ച് എന്തിനാണ് അമേരിക്കയിൽ പോയത്. നിങ്ങൾ ഇന്ന് ബി.ജെ.പി.-യുമായി വലിയ അന്വേഷണം നടത്തുന്നുവെന്ന് പറയുന്നു. 2019 ജനുവരിയിൽ ഇ.ഡി. (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും അതുപോലെ കരിമണൽ കർത്തയുടെ ഓഫീസിലും റെയ്ഡ് നടത്തി. അന്നത്തെ കണക്കനുസരിച്ച് പറഞ്ഞുകേൾക്കുന്നത് ഈ അന്വേഷണം പോകേണ്ടത് ബംഗളൂരുവിലെ മുഖ്യമന്ത്രിയുടെ രക്തബന്ധുവിന്റെ ഓഫീസിലേയ്ക്കാണെന്നാണ്. അന്ന് പോയില്ല; ഇപ്പോഴും വന്നിട്ടില്ല. അതുകൊണ്ട് ഇനിയും വരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. പക്ഷേ, ജനങ്ങളുടെ കോടതിയിൽ നിങ്ങൾക്ക് ജയിക്കാനാവില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് സ്വർണ്ണകള്ളക്കടത്തുകാരന്റെ മാത്രം കേന്ദ്രമല്ല. ഞാൻ ഇവിടെ പ്രസംഗിച്ച് വീട്ടിലെത്തുന്നതിനുമുമ്പ് ഒരു പക്ഷേ വിജിലൻസ് വരാം, മാഷാ അള്ളാ വണ്ടിവരാം. അതുമല്ലെങ്കിൽ വേറെ വല്ല കേസ്സും നിങ്ങളുണ്ടാക്കാം. നിങ്ങളുടേത് എതിരാളികളെക്കൂടി തകർക്കുന്നൊരു ഓഫീസാണ്. ഇടയ്ക്കിടയ്ക്ക് പറയും 'മടിയിൽ കനമില്ലാത്തവന് വഴിയിൽ പേടിക്കേണ്ടതില്ല' എന്ന്. ബുദ്ധിയുള്ള ഒരു കള്ളനും ഇപ്പോൾ മടിയിൽ കനവുമായി നടക്കില്ല. അത് വേറെ ഓഫീസിൽ കൊണ്ടുപോയി കൊടുക്കുകയാണ്. ഒരു കാര്യം നിങ്ങൾ അറിയുക, നാട്ടിലെ പല കള്ളന്മാരെയും പിടിക്കുന്നത് അവരുടെ ബന്ധുക്കൾ സാധനം വിൽക്കാൻ അങ്ങാടിയിൽ വരുമ്പോഴാണ്. ഇവിടെയും പിടിച്ചത് അങ്ങനെ തന്നെയാണ്. അതുകൊണ്ട് ഈ ഡയലോഗ് മാറ്റി വയ്ക്കുക. ഏത് അന്വേഷണവും നേരിടും എന്ന് ഇടയ്ക്കിടയ്ക്ക് പറയുകയാണ്. വെള്ളാനകളുടെ നാട് എന്ന സിനിമയിൽ മോഹൻലാലിനോട് കുതിരവട്ടം പപ്പു ഇപ്പോൾ ശരിയാക്കാം എന്ന് പറയുന്നുണ്ട്. അതുതന്നെയാണ് നാട്ടുകാർക്കും പറയാനുള്ളത്; ഇതിങ്ങനെ ഇടയ്ക്കിടയ്ക്ക് പറയണമെന്നില്ല; കഴിഞ്ഞ നാല് കൊല്ലമായി ഞങ്ങൾ കേട്ടുകൊണ്ടിരിക്കുന്നതാണ്. ഒന്നുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒരു പഴയ സിനിമയെ വച്ചുകൊണ്ട് ഇവിടത്തെ സോഷ്യൽ മീഡിയയിൽ മുഴുവൻ ഒരു വീഡിയോ ഓടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണിച്ചിട്ട് പറയുന്നത്, ഇദ്ദേഹം ജൂനിയർ മാൻഡ്രേക്ക് ആണെന്നാണ്. പക്ഷേ, ഞാൻ പറയുന്നു, അത് ശരിയല്ല. നാലുകൊല്ലത്തെ നിങ്ങളുടെ ഭരണമെടുത്ത് പരിശോധിച്ചു നോക്കിയാൽ, പ്രിയപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ജൂനിയർ മാൻഡ്രേക്ക് അല്ല, സീനിയർ മാൻഡ്രേക്കാണ്. അതാണ് കേരളം അനുഭവിക്കുന്നത്. അതുകൊണ്ട് എല്ലാതരത്തിലും തോറ്റുപോയ ഈ സർക്കാരിൽ പൂർണ്ണമായ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പ്രതിപക്ഷമെന്ന് പറഞ്ഞാൽ പ്രതികളുടെ പക്ഷമാകരുത്, ജനങ്ങളുടെ പക്ഷമാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ജനാധിപത്യത്തിൽ ഭരണകക്ഷിയെ വിമർശിക്കാനും തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാനും സംവാദം നടത്താനുമൊക്കെയുള്ള ധാർമ്മികവും മൗലികവുമായ ഉത്തരവാദിത്വം പ്രതിപക്ഷത്തിനുണ്ട്. പക്ഷേ, സാഹചര്യങ്ങളും അതുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങളും വേണം പ്രതിപക്ഷം സഭയിലും പുറത്തും കൊണ്ടുവരേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലെത്തിയതിന് ശേഷം കഴിഞ്ഞ മൂന്നുനാല് വർഷം ഒരുപക്ഷേ, ചരിത്രത്തിൽ കേരളം നേരിടാത്ത പ്രതിസന്ധികളാണ് നേരിട്ടത്. അവയെ അതിജീവിക്കാൻ ഭരണകക്ഷിയും പ്രതിപക്ഷവും ജനങ്ങളും ഒരുമിച്ച് നിൽക്കാനുള്ള ഒരു തലമൊരുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന ഭരണകക്ഷി നിർലോഭമായ തരത്തിൽ ചില രാഷ്ട്രീയ മുദ്രാവാക്യങ്ങൾക്കപ്പുറം വികസന മുദ്രാവാക്യങ്ങൾകൂടി മുന്നോട്ടുവച്ചിട്ടുണ്ട്. ഇത് കേരളത്തിലെ പ്രതിപക്ഷത്തിനും അറിയാവുന്ന കാര്യമാണ്. അതിനായി ലോകത്തെമ്പാടുമുള്ള മലയാളികളുടെയും വിദഗ്ദ്ധരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായവും സ്വീകരിച്ചിട്ടുണ്ട്. ഞാൻ അതിന്റെ ചരിത്രമൊന്നും പറഞ്ഞു പോകുകയല്ല.

12.00 Noon]

യോദ്ധ' എന്ന മലയാളം സിനിമയിൽ മോഹൻലാലും ജഗതി ശ്രീകുമാറും സഹോദരങ്ങളാണ്. എല്ലാ മത്സരത്തിലും ജഗതി ശ്രീകുമാർ തോൽക്കും. അവസാനം ജഗതി ശ്രീകുമാർ പറയുന്നത് ഈ വർഷം അവസാനം കാവിലെ ഉത്സവത്തിലെ മത്സരത്തിൽ ജയിക്കുമെന്നാണ്. ജഗതിയുടെ മുറപ്പെണ്ണായി വരുന്ന ഉർവ്വശി പറയുന്നുണ്ട്, 'ചേട്ടാ ഒരു കാര്യമുണ്ട്; അത് കഴിഞ്ഞാൽപ്പിന്നെ അടുത്ത വർഷമേ മത്സരമുള്ളൂ'. അതുകൊണ്ട് എല്ലാ മത്സരത്തിലും തോറ്റുപോയ പ്രതിപക്ഷം ഇനിയൊരു മത്സരത്തിൽ വരാൻവേണ്ടി ഭരണകക്ഷിയെ വെല്ലുവിളിച്ചാൽ നിങ്ങൾ ഒരിക്കൽക്കൂടി തോറ്റുപോകും എന്നുള്ളതിനപ്പുറം അതിലൊന്നും സംഭവിക്കാനില്ല. നിങ്ങൾ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നുണ്ട്, ആ പ്രശ്നങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തി എന്തെങ്കിലും പുതിയതായി കണ്ടെത്താനുണ്ടെങ്കിൽ അല്ലെങ്കിൽ കണ്ടെത്തുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചതും എൻ.ഐ.എ. അന്വേഷണം നടക്കുന്നതുമെല്ലാം. അത്തരത്തിൽ അന്വേഷണം നടത്തുമ്പോൾ അതിന് കാത്തിരിക്കാതെ അതിന്റെ വിധി നിങ്ങൾ പറയുന്നത് ചില മാധ്യമങ്ങളുടെ സഹായത്തോടെ, കോടതിയിൽ ജാമ്യത്തിന് കൊടുക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എൻ.ഐ.എ. എന്താണ് ഇതുവരെ കണ്ടെത്തിയതെന്നോ അവർ ഏതറ്റം വരെ പോകുമെന്നോ ഏതുവരെ

എത്തിയെന്നോ ആരോടും പറഞ്ഞിട്ടില്ല. ബന്ധപ്പെട്ട പ്രതികൾ കോടതിയിൽ ജാമ്യത്തിന് അപേക്ഷിക്കുമ്പോൾ കൊടുക്കാതിരിക്കാൻ സംസ്ഥാന ഏജൻസികളല്ലാത്ത എൻ.ഐ.എ.യും മറ്റ് ചില കേന്ദ്ര ഏജൻസികളും കോടതിയിൽ കൊടുക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ചർച്ച മുഴുവനും നടക്കുന്നത്. എന്നാൽ, കേരളത്തിൽ നാല് വർഷം സംഭവിച്ചതെന്താണ്? നാലുവർഷം സംഭവിച്ച വികസന കാര്യങ്ങളോ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തുള്ള തർക്കങ്ങളോ ചർച്ചകളോ ഒന്നും ഞാൻ പറഞ്ഞുപോകുകയല്ല. പുതിയ കാലത്ത് നമുക്ക് പണമില്ലായിരുന്നു; പലവിധ പ്രതിസന്ധികളുണ്ടായിരുന്നു. നമുക്കെല്ലാമറിയുന്നതു പോലെ കേരളത്തിൽ നിലനിന്നിരുന്ന ഏറ്റവും വലിയ പ്രതിസന്ധി വീടിന്റെ കാര്യത്തിലാണ്. കേരളത്തിൽ വീട് എന്നു പറയുന്നത് ഒരാൾക്ക് താമസിക്കാനുള്ള ഇടം മാത്രമല്ല. അതൊരഡ്രസ്സാണ്, അന്തസ്സാണ്. സാമൂഹിക അന്തസ്സ് പങ്കുവയ്ക്കുന്ന കേരളത്തിലെ ഒരു കുടുംബത്തിന്റെ സാമൂഹ്യ ഗ്രാഫ് നിശ്ചയിക്കുന്നത് വീടാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇങ്ങനെയൊരു സംവിധാനം നിലനിൽക്കുന്നില്ല. അവിടെയാണ് കേരളത്തിൽ എല്ലാവർക്കും വീട് കൊടുക്കാനുള്ള തീരുമാനമെടുത്തത്. ഏതെങ്കിലും ഒരു ഗവൺമെന്റാണെന്നു ഞാൻ പറയുന്നില്ല; കേരളത്തിലെ എല്ലാ ഗവൺമെന്റും ഏറ്റക്കുറച്ചിലുകളോടെ ഇത് ചെയ്യുന്നുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ കേരളം ഇന്ത്യയിൽനിന്നും വിഭിന്നവുമാണ്. ഇന്ത്യയിൽ മുന്നിലുമാണ്, ഇന്ത്യയുടെ മുമ്പിൽ മാതൃകയുമാണ്. രണ്ടേകാൽ ലക്ഷത്തിലധികം വീടുകൾ വച്ചുകൊടുത്തതിൽ ആർക്കും തർക്കമില്ല. അപ്പോൾ ആ വീടുകൾ വച്ചുകൊടുക്കുമ്പോൾ ഈ പറഞ്ഞതു പോലെ അന്തസ്സും അഡ്രസ്സും ഉണ്ടാകുന്നുണ്ട്. സാമൂഹ്യ ഉത്തരവാദിത്വത്തിൽ ഒരു കുടുംബത്തിൽ നാലോ അഞ്ചോ പേർക്ക് ഒരു പ്രത്യേക പദവി കിട്ടുന്നുണ്ട്. അതിനെക്കുറിച്ച് ചർച്ചയില്ല. അതിലെന്തെങ്കിലും കുറവുണ്ടെങ്കിൽ പറയൂ. ചർച്ച മുഴുവൻ തൃശ്ശൂരിലെ വടക്കാഞ്ചേരി എന്ന ഒരു പ്രദേശത്തെ സംബന്ധിച്ചാണ്. ഗൾഫിൽനിന്ന് സഹായം സ്വീകരിച്ച് നിർമ്മാണം നടത്തിയതിൽ എന്തെങ്കിലും അന്വേഷണം നടത്തേണ്ടതുണ്ടെങ്കിൽ, സത്യം കണ്ടെത്തേണ്ടതുണ്ടെങ്കിൽ, കൂടുതൽ അറിയേണ്ടതുണ്ടെങ്കിൽ അതെല്ലാം വേണം, വേണ്ടെന്നല്ല പറയുന്നത്; പക്ഷേ, കേരളത്തിന്റെ പ്രത്യേകതയിൽ ലൈഫ് പദ്ധതി നടപ്പാക്കിയത് ഒരു മിഷനാണ്. അത് ഗവൺമെന്റ് പദ്ധതിയല്ല. കേരളത്തിൽ അഞ്ച് മിഷനാണ് പ്രഖ്യാപിച്ചത്. എല്ലാവരുടേയും സഹായത്തോടുകൂടി, സാമ്പത്തിക സഹായം മാത്രമല്ല ബൗദ്ധിക സഹായമാണെങ്കിലും മറ്റു സഹായമാണെങ്കിലും, അതിലൂടെ കേരളത്തിലെ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന ഒരു മിഷനാണ്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആവിഷ്കരിച്ചുവെന്നേയുള്ളൂ. അതിനെ അങ്ങനെ കാണുക.

അതുപോലെ, കേരളത്തിലെ വിദ്യാഭ്യാസ മേഖല; അവിടെയും ഒരു മിഷനാണ്. കേരളത്തിൽ നാല്പത്തയ്യായിരത്തിലധികം സ്കൂളുകളിലെ ക്ലാസ്സ് മുറികൾ സ്മാർട്ടായി. ആയിരക്കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ, കടം വാങ്ങിയതുൾപ്പെടെ, കേരളത്തിലെ സ്കൂളുകളിൽ നടത്തുകയാണ്. എനിക്ക് പറയാൻ അഭിമാനമുണ്ട്. എന്റെ നിയോജകമണ്ഡലം വളരെ ഗ്രാമീണമാണ്. അവിടെ ഒരു മുനിസിപ്പാലിറ്റിയില്ല. കൊല്ലം ജില്ലയുടെതന്നെ ഏറ്റവും കിഴക്കുള്ള സഹ്യപർവ്വതത്തിനോടുചേർന്നുള്ള ഒരു റിമോട്ട് ഏരിയയാണത്. ആ റിമോട്ട് ഏരിയയിൽ ഞാൻ തന്നെ മുമ്പുവച്ച ഒരാശയമുണ്ട്. അവിടെ അതിനുമുമ്പ് confirmed അല്ലാത്ത സിവിൽ സർവ്വീസില്ല. Confirmed അല്ലാത്ത ഐ.എ.എസ്.കാരനില്ല, ഐ.പി.എസ്.കാരനില്ല, ഐ.എഫ്.എസ്.കാരനില്ല. അതിനാൽ ഓരോ വർഷവും നടത്തുന്ന മെരിറ്റ് ഈവനിംഗിൽ ആ കുട്ടികളോട് ഞാൻ പറഞ്ഞു നമുക്ക് confirmed അല്ലാത്ത സിവിൽ സർവ്വീസ് വേണമെന്ന്. 2018-ലെ വെള്ളപ്പൊക്കകാലത്ത് ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നും രണ്ട് സിവിൽ സർവ്വീസുകാരുണ്ടായി. ഈ വർഷവും രണ്ട് സിവിൽ സർവ്വീസുകാരുണ്ടായി. ഇതാണ് സമഗ്ര വിദ്യാഭ്യാസം. ഗ്രാമീണ അന്തരീക്ഷത്തിൽപ്പോലും അപ്രാപ്യമായതല്ല ഇതൊന്നും. അദ്ധ്വാനവും ബുദ്ധിയും കുടുംബത്തിന്റെ സഹായവും ജനങ്ങളുടെ ഒത്തൊരുമയുമുണ്ടെങ്കിൽ നമുക്കൊന്നും അപ്രാപ്യമല്ല. ഞാൻ അതൊക്കെ കുട്ടികളോട് പറയുമ്പോൾ അവർക്കും അഭിമാനമാണ്. അത് എൽ.ഡി.എഫ്-ന്റെ ഗുണം കൊണ്ടുമാത്രമുണ്ടായതല്ല. അവിടത്തെ കുടുംബങ്ങളും മനുഷ്യരും വിദ്യാഭ്യാസത്തിനുവേണ്ടി ചിന്തിക്കുന്ന സമയം കൂടി, വ്യാപ്തി കൂടി, അവർ വിദ്യാർത്ഥികൾക്കുവേണ്ടി ചെലവഴിക്കുന്ന സമ്പത്തും അദ്ധ്വാനവും പണവും സ്വപ്നവും കൂടി, അതുകൊണ്ടു സംഭവിക്കുന്നതാണ് ഇതൊക്കെ.

കേരളത്തിലെ ആരോഗ്യമേഖലയിൽ സംഭവിക്കുന്നതെന്താണ്? ആരോഗ്യമേഖല ഇന്ന് ലോകോത്തര നിലവാരത്തിൽ എത്തുന്ന തരത്തിലുള്ളതാണ്. നമ്മുടെ മുമ്പിൽ ഒരുപാട് പ്രശ്നങ്ങൾ വന്നു. ഇത് ഏതെങ്കിലും ഒരു കക്ഷിയുടെ മാത്രം കാര്യമാണോ? അല്ല, കേരളത്തിലെ പണമുള്ള, സഹായിക്കാൻ തയ്യാറുള്ള എല്ലാവരും ആ മിഷനിൽ പങ്കുചേർന്നു. പക്ഷേ, അതിനൊരു രൂപം കൊടുത്തത്, അതിനെ നയിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. അവരും ഇതിൽ പങ്കുചേരുകയാണ്. അതെല്ലാം ചർച്ച ചെയ്യണം. ജനാധിപത്യത്തിൽ എവിടെയും മനുഷ്യസാധ്യമായ ചിലത് ചെയ്യുമ്പോൾ അതിന്റേതായ പരിമിതികൾ വരും. അവ കാണുകയും വേണം. നിങ്ങൾ ചെയ്യുന്നത്, എല്ലായിടത്തും പരാജയപ്പെട്ടു പോകുന്നതിനുപകരം കിട്ടുന്ന ഒരു വാക്കിൽ കയറിപ്പിടിച്ചിരിക്കുകയാണ്. ഒരാനയെ കാണാതാകുമ്പോൾ ഒരാൾ

നിർബന്ധം പിടിക്കുന്നു. ഇതിനെ അന്വേഷിക്കേണ്ടത് ആനവാരി രാമൻ നായർ തന്നെയായിരിക്കണം. ആനവാരി രാമൻ നായർ വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു കഥാപാത്രമാണ്. അദ്ദേഹമുണ്ടോ ഇല്ലയോ എന്നുപോലും അറിയില്ല. അതായത് എല്ലാത്തിനും സി.ബി.ഐ അന്വേഷിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത്. അദ്ദേഹത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയേക്കാൾ കേന്ദ്രത്തിൽ സ്വാധീനമുണ്ടായിരിക്കും. അദ്ദേഹം പഴയ എം.പി. യാണ്, ഒരുപാട് സൗകര്യവും ഉണ്ടാകും. ഏത് ഏജൻസിയോ അന്വേഷിക്കട്ടെ! കേരളത്തിലെ ഗവൺമെന്റോ മുഖ്യമന്ത്രിയോ ഇവിടെ സംഭവിച്ച ഏതെങ്കിലും പ്രശ്നത്തെക്കുറിച്ച് കേന്ദ്രത്തിലെ ഏതെങ്കിലും ഏജൻസി അന്വേഷിക്കുന്നതിന് എതിരായി നിന്നിട്ടുണ്ടോ? ഏജൻസിയെ നിശ്ചയിക്കാനുള്ള അവകാശം കേരളത്തിലെ സ്വാധീനമുള്ള കേന്ദ്രത്തിനുതന്നെ കൊടുത്തു. അല്ലാതെ ഇന്നവരെക്കൊണ്ട് അന്വേഷിക്കണം; ഈ തരത്തിൽ അന്വേഷിക്കണം; അന്വേഷണം ഇതുവരെയേ പോകാവൂ എന്ന് പറഞ്ഞിട്ടുണ്ടോ? എപ്പോഴും പറയുന്നത് നിങ്ങളന്വേഷിക്ക് എന്നുതന്നെയാണ്. ശ്രീ. കെ. എം. ഷാജി പറയുന്നത് മുഖ്യമന്ത്രിയുടെ ഓഫീസ് മുഖ്യമന്ത്രി തന്നെയാണെന്നാണ്. അത് അങ്ങനെയാണോ? അങ്ങനെയല്ല. ഞാൻ ഒരു ഉദ്യോഗസ്ഥന്റെയും പേര് പറയുകയല്ല; ചിലരിൽ ചെന്നുചേരേണ്ടി വരും. തെറ്റുചെയ്യേണ്ടിവരും. തെറ്റു ചെയ്തവരെ സംരക്ഷിക്കുമ്പോഴാണ് അത് തെറ്റാകുന്നത്. ടി. ടി. കൃഷ്ണമാചാരി മുണ്ട്ര കേസിൽ തെറ്റു ചെയ്തുവെന്ന് തോന്നിയപ്പോൾ രാജിവച്ച് പുറത്തു പോകാൻ ജവഹർലാൽ നെഹ്റു പറഞ്ഞു. ജവഹർലാൽ നെഹ്റു രാജിവയ്ക്കണമെന്ന് ആരും പറഞ്ഞില്ല. തെറ്റ് ചെയ്തതാരോ അയാളെ സംരക്ഷിക്കാതിരിക്കുക. അതാണ് ഒരു ഗവൺമെന്റിന് ചെയ്യാവുന്നത്; ഒരു ഭരണാധികാരിക്ക് ചെയ്യാവുന്നത്.

ഇവിടെ മനുഷ്യൻ പട്ടിണി കിടക്കരുതെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നിർബന്ധമുണ്ട്. അതുകൊണ്ടാണ് കൊവിഡ്-19 കാലത്തും എല്ലാ വീട്ടിലും പട്ടിണിയില്ലെന്നുറപ്പാക്കാൻ കിറ്റ് കൊടുത്തത്; പണമുണ്ടായിട്ടല്ല. ആരും പട്ടിണി കിടക്കരുതെന്ന് കരുതിയാണ് മനുഷ്യന് സൗകര്യങ്ങൾ ചെയ്തു കൊടുത്തത്. വീടു വച്ചുകൊടുത്തത്; വിദ്യാഭ്യാസത്തിന് അവസരം ഒരുക്കിക്കൊടുത്തത്; ആരോഗ്യമേഖലയിൽ സുസജ്ജമായ സംവിധാനം ഏർപ്പെടുത്തിയത്; മനുഷ്യനെ കൃഷിയിലേയ്ക്ക് കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിലെ അപ്പുറത്തെ ചിലരോട് തീർച്ചയായിട്ടും എനിക്ക് നന്ദിയുണ്ട്. ആറന്മുള വിമാനത്താവളത്തിന് എതിരായി നിന്ന ചിലർ അപ്പുറത്തുണ്ടായിരുന്നു. പക്ഷേ, അന്നത്തെ ഗവൺമെന്റ് സ്വീകരിച്ച നിലപാടെന്തായിരുന്നു? പമ്പയുടെ തീരത്തെ പുഞ്ചവയൽ മുഴവൻ നികത്തി വിമാനത്താവളമുണ്ടാക്കണമെന്നായിരുന്നു. എന്നാൽ അവിടെ കൃഷി ചെയ്തു

ഗവൺമെന്റാണിത്. മെത്രാൻ കായലിൽ കൃഷി ചെയ്ത് വിളവെടുത്ത ഗവൺമെന്റാണിത്. കേരളത്തിൽ കോവിഡാനന്തര കാലത്ത് പട്ടിണിയുണ്ടാകാൻ സാധ്യതയുണ്ടെന്ന് പലരും പറയുന്നു. സംസ്ഥാനത്തെ കൃഷിയിലേയ്ക്ക് കൊണ്ടുപോയ ഒരു ഗവൺമെന്റാണിത്. കേരളത്തിലെ മനുഷ്യന്റെ ജീവിതാവശ്യങ്ങൾക്ക് കാവൽ നിൽക്കുന്ന പൊതുസംവിധാനമൊരുക്കിയ ഗവൺമെന്റാണ്. എന്തുകൊണ്ടിത് മഹാരാഷ്ട്രയ്ക്ക് കഴിയുന്നില്ല. മുംബൈയാണ് ഇന്ത്യയിലെ കോസ്മോപോളിറ്റൻ നഗരം. മുംബൈ നഗരത്തിലാണ് അഞ്ഞൂറേക്കറിൽ 10 ലക്ഷം മനുഷ്യർ ഞെരുങ്ങി താമസിക്കുന്ന, മോഹൻലാൽ പല സിനിമയിലും പറയുന്ന ധാരാവി എന്ന സ്ഥലം. അത് ഇന്ത്യയുടെ ഒരു ചിത്രമാണ്. ധാരാവിക്ക് അഞ്ച് കിലോമീറ്റർ അപ്പുറത്താണ് ഇരുപത്തിനാല് നിലയിൽ 1000 മുറിയിൽ 4600 കോടി രൂപയിൽ മുകേഷ് അംബാനി പണിതുയർത്തിയ ഇന്ത്യയിലെ ഏറ്റവും വലിയ വീട്. ഇതാണ് ഇന്ത്യ. ഇത് കേരളത്തിന്റെ ഇന്ത്യയല്ല, ഇത് കേരളത്തിന്റെ സ്വപ്നമല്ല. അഞ്ഞൂറ് ഏക്കറിൽ 10 ലക്ഷത്തിലധികം മനുഷ്യർ. ഒരാൾക്ക് താമസിക്കാൻ 24 നിലയിൽ 4600 കോടി രൂപയുടെ വീട്. ജവഹർലാൽ നെഹ്റു ഉണ്ടായിരുന്നെങ്കിൽ ഇത് അനുവദിക്കുമായിരുന്നില്ലെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. ഇങ്ങനെയല്ല രാജ്യം വളരേണ്ടത്, ചിന്തിക്കേണ്ടത്. ഞാൻ അതിനെക്കുറിച്ച് ഒരുപാട് പറഞ്ഞുപോകുകയല്ല.

ശ്രീ. വി. ഡി. സതീശനും ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം സംസാരിക്കുമ്പോൾ പുരാണങ്ങളെയും മഹാഭാരതത്തെയും സംബന്ധിച്ച് പറഞ്ഞുകൊണ്ട് പറയുകയാണ്. മഹാഭാരതത്തിലെ ഒരു ചെറിയ കഥയുണ്ട്, അത് ഞാൻ നിങ്ങളോട് പറയുകയാണ്. അത് അർജ്ജുനനുമായി ബന്ധപ്പെട്ടതാണ്. പാണ്ഡവർ അഞ്ചുപേർക്കുംകൂടി ഒരു ഭാര്യയാണ് ഉണ്ടായിരുന്നത്. അത് പാഞ്ചാലിയായിരുന്നു. പാഞ്ചാലി അഞ്ചുപേരുടെയും ഭാര്യയായതുകൊണ്ട്, നാരദമുനി അവരെ വന്നുകണ്ടപ്പോൾ ഒരു നിർദ്ദേശം വച്ചു. നിങ്ങൾ അഞ്ചുപേർക്കുംകൂടിയുള്ളതാണ് പാഞ്ചാലി എന്നതുകൊണ്ട് ഓരോരുത്തർ ഓരോ വർഷം പാഞ്ചാലിയോടൊപ്പം ജീവിക്കണം. അതിന് നിങ്ങൾ ചെയ്യേണ്ടത് പാഞ്ചാലിയുമായി ജീവിക്കുന്നയാൾ അകത്ത് ആളുണ്ടെന്നറിയാൻ പുറത്ത് അയാളുടെ ചെരുപ്പിടണം. ചെരുപ്പുണ്ടെങ്കിൽ പിന്നെ അകത്ത് ഒരാളുണ്ടെന്നുകരുതി മറ്റാരും അങ്ങോട്ട് പോകരുത്. ഒരിക്കൽ അർജ്ജുനൻ ഒരത്യാവശ്യത്തിന് വില്ലെടുക്കാൻ പാഞ്ചാലിയുടെ മുറിയിലെത്തുമ്പോൾ പുറത്ത് ചെരുപ്പില്ല. പക്ഷേ, അകത്ത് യുധിഷ്ഠിരനുണ്ടായിരുന്നു. അത് അറിയാതെ അർജ്ജുനൻ കയറിപ്പോയി. അന്നത്തെ രീതിയനുസരിച്ച് പാപം ചെയ്താൽ 12 വർഷം കാട്ടുവാസമോ നാടുവിട്ട വാസമോ നടത്തണം. അങ്ങനെ നടന്നപ്പോൾ ഈ ചെരുപ്പ് എടുത്ത് മാറ്റിയത്

ആരാണെന്ന് അർജ്ജുനൻ അന്വേഷിച്ചു. ചെരുപ്പെടുത്ത് മാറ്റിയതാരെന്ന് നോക്കിയപ്പോൾ അതൊരു നായയാണ്. നായയ്ക്ക് ചെരുപ്പ് കണ്ടാൽ എടുക്കുന്ന ശീലമുണ്ട്. അങ്ങനെ അർജ്ജുനൻ അന്ന് ചെരുപ്പെടുത്ത നായയെ ഇങ്ങനെ ശപിച്ചു, ലോകത്തെ ബാക്കിയെല്ലാ ജീവികൾക്കും പ്രണയം നടക്കുമ്പോൾ ഒരു മറയുണ്ടാകും. അവർക്ക് പൊതുവായി പ്രണയം സുഖകരമായി പര്യവസാനിപ്പിക്കാൻ കഴിയും. പക്ഷേ, നിന്റെ പ്രണയം ഒടുവിൽ നാട്ടുകാർ അറിഞ്ഞ് എറിഞ്ഞ് പിരിച്ചുവിടുന്ന തരത്തിൽ ഞാൻ ശപിക്കുന്നു. ഇങ്ങനെയൊരു ശാപം കോൺഗ്രസിന് കിട്ടിയിട്ടുണ്ട്. അത് കിട്ടിയത് എങ്ങനെയെന്ന് വച്ചാൽ, 1957-ൽ ചരിത്രത്തിലാദ്യമായി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലെത്തി. കേരള ചരിത്രത്തിൽ ഇവിടെ ഒറ്റയ്ക്ക് ഭരിച്ച ഒറ്റ പാർട്ടിയേയുള്ളൂ. അത് കോൺഗ്രസ് മനസ്സിലാക്കണം. കോൺഗ്രസ് സിക്കിം ഒഴിച്ച് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഒറ്റയ്ക്ക് ഭരിച്ചിട്ടുണ്ട്. പക്ഷേ, ഇന്ത്യയിൽ കോൺഗ്രസിന് ഒറ്റയ്ക്ക് ഭരിക്കാൻ കഴിയാത്ത സംസ്ഥാനം കേരളമായതും കേരളം ഒറ്റയ്ക്ക് ഭരിക്കാനായ ഒരേയൊരു പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായതും കേരളത്തിന്റെ പ്രത്യേകതയാണ്. അങ്ങനെ 1957-ൽ ബാലറ്റ് പെട്ടിയിലൂടെ കേരളത്തിൽ അധികാരത്തിലെത്തി ഒറ്റയ്ക്ക് ഭരിച്ച കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ 1959-ൽ നിങ്ങൾ പുറത്താക്കി. 1959-ൽ പുറത്താക്കിയതിന്റെ കാരണം വിമോചന സമരമാണ്. ആ സമരരൂപങ്ങൾ, അന്നത്തെ വർഗ്ഗീയ ശക്തികൾ ഇന്ന് ഇന്ത്യയിൽ എല്ലായിടത്തുമുണ്ട്. അന്ന് ജവഹർലാൽ നെഹ്റു അത് ഇഷ്ടംകൊണ്ട് ചെയ്തതല്ല. ജനാധിപത്യ വിരുദ്ധമായി ജവഹർലാൽ നെഹ്റുവിന്റെ പ്രവർത്തനത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഏക കറുത്തപാട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടതാണ്, ആ ഗവൺമെന്റിനെ ഇല്ലാതാക്കിയതാണെന്ന് അദ്ദേഹവും സമ്മതിച്ചിട്ടുണ്ട്. പണ്ട് അർജ്ജുനൻ നായയ്ക്ക് നൽകിയ ശാപംപോലെ കേരളത്തിലെ കോൺഗ്രസിന് ഒരു ശാപം കിട്ടി. നിനക്കൊരിക്കലും സുസ്ഥിരമായ ഒരു സ്വസ്ഥതയുണ്ടാകില്ല. നിങ്ങൾ ആലോചിച്ചുനോക്കൂ, കേരളത്തിൽ വന്ന ഏതെങ്കിലും കോൺഗ്രസ് ഗവൺമെന്റ് തുടരെ ഭരിച്ചിട്ടുണ്ടോ, മുന്നണിയല്ലാതെ നിന്നിട്ടുണ്ടോ? ശ്രീ. എ. കെ. ആന്റണി വന്നാൽ ഇടയ്ക്ക് ശ്രീ. ഉമ്മൻ ചാണ്ടി വരും. ശ്രീ. ഉമ്മൻ ചാണ്ടി വന്നാൽ ഇനി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോ ശ്രീ. അടൂർ പ്രകാശോ, ഒന്നുകിൽ അതുമാറും, അല്ലെങ്കിൽ അഞ്ചാം മന്ത്രി വരും, അല്ലെങ്കിൽ സമുദായപ്രശ്നം വരും, അല്ലെങ്കിൽ തർക്കം വരും. അവസാനം അടിപിടിയെല്ലാം നടക്കും. കെ. കരുണാകരൻ വന്നാൽ ശ്രീ. എ. കെ. ആന്റണി വരും. ശ്രീ. എ. കെ. ആന്റണി വന്നാൽ വേറൊരാൾ വരും. അതായത് കോൺഗ്രസിനൊരു ശാപമുണ്ട്. ആ ശാപം കിട്ടിയത് ജനാധിപത്യവിരുദ്ധമായ പ്രവർത്തനം വഴി 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റിനെ പിരിച്ചുവിട്ടതിലൂടെയാണ്. ഇപ്പോഴും

നിങ്ങളോട് പറയുന്നു, നിങ്ങൾ ഈ കാണിക്കുന്നതിൽ പലതും ജനാധിപത്യവിരുദ്ധമാണ്. കേരളത്തിൽ വേണ്ടത് സംവാദമാണ്, വിവാദമല്ല എന്ന് ശ്രീ. എ. കെ. ആന്റണി ഒരിക്കൽ നിങ്ങളോടും ലീഗിനോടുമെല്ലാം പറഞ്ഞു. സംവാദങ്ങളിൽനിന്നും സത്ഫലങ്ങളുണ്ടാകും. വിവാദങ്ങളിൽനിന്നും ശത്രുതയും ദുഃഖവുമേ ഉണ്ടാകുകയുള്ളൂ. നിങ്ങളുണ്ടാക്കുന്നത് മുഴുവനും വിവാദങ്ങളാണ്. നിങ്ങൾ സംവാദങ്ങളുണ്ടാക്കൂ. നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി വയ്ക്കുന്ന ഇന്നയിന്ന കാര്യങ്ങൾ തെറ്റാണെന്നുപറയൂ. ഏതന്വേഷണവും നേരിടാൻ തയ്യാറാണെന്ന് കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ചുകൊണ്ട് നിൽക്കുമ്പോൾ അതിന് അറുതി വന്ന് അതിന്റെ ഫലം കാത്തിരിക്കാതെ മുൻകൂട്ടി ഇതാണ് ഫലം, ഇതാണ് ശരി എന്നുപറയുന്നത് ആ അന്വേഷണ ഏജൻസിയോടുതന്നെ ചെയ്യുന്ന നീതികേടാണ്. ജനാധിപത്യത്തോടുതന്നെ ചെയ്യുന്ന തെറ്റാണ്. അതുകൊണ്ട് അത് നിങ്ങൾ തിരുത്തണമെന്ന അഭ്യർത്ഥനയോടെ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഏറ്റവും സരസമായി കാര്യകാരണ സഹിതം അദ്ദേഹം പ്രമേയം അവതരിപ്പിച്ചു. സ്വർണ്ണക്കടത്ത്, മുഖ്യമന്ത്രിയുടെ ആഫീസിനെ സംബന്ധിച്ചുള്ള സംശയം തുടങ്ങിയ കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞ പശ്ചാത്തലത്തിൽ അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. രണ്ടു കാര്യങ്ങൾ, അതിലൊന്ന്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും ഐ.ടി. സെക്രട്ടറിയുമായിരുന്ന ശ്രീ. എം. ശിവശങ്കറിനെ എൻ.ഐ.എ. എത്ര മണിക്കൂറാണ് ചോദ്യം ചെയ്തത്; ഇനിയും ചോദ്യം ചെയ്യുമെന്നാണ് കേൾക്കുന്നത്. അതുപോലെ എല്ലാ പത്രങ്ങളിലും വന്ന ഒരു വാർത്തയുണ്ട്. സ്വപ്നാ സുരേഷിന് മുഖ്യമന്ത്രിയുടെ ആഫീസിൽ അമിതമായ സ്വാധീനമുണ്ടായിരുന്നു. ഇതാർക്ക് നിഷേധിക്കാനാകും? ശ്രീ. എസ്. ശർമ്മ ഇവിടെ സംസാരിച്ചപ്പോൾ അങ്ങനെ എന്തെങ്കിലും ആക്ഷേപമുണ്ടോയെന്ന് ചോദിച്ചു. ഇതെല്ലാം മാധ്യമങ്ങളിൽ വന്ന കാര്യമാണ്. അതുകൊണ്ട് സംശയത്തിന്റെ നിഴലിൽനിന്നും മുഖ്യമന്ത്രിയുടെ ആഫീസിനെ മാറ്റേണ്ടത് അദ്ദേഹത്തിന്റെതന്നെ ചുമതലയാണ്. സി.സി.ടി.വി. ദൃശ്യങ്ങൾ ചോദിച്ചാൽ കൊടുക്കുന്നതിന് എന്താണ് മടി? എല്ലാം ജനങ്ങളറിയട്ടെ. ചോറ് വെന്തോയെന്നറിയാൻ മുഴുവൻ അരിയും നോക്കേണ്ട, ഒന്നോ രണ്ടോ വറ്റെടുത്താൽ മതി.

ഒരു പ്രത്യേക പ്രശ്നം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ മാസം 28-ാം തീയതി റാന്നിയിൽ ടി. പി. മത്തായി എന്നൊരാളെ ഏഴ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ ചേർന്ന് പിടിച്ചുകൊണ്ടുപോയി. അര മണിക്കൂറിനുള്ളിൽ ഇടനിലക്കാരൻ വിളിച്ച് എത്രയും വേഗം 75,000 രൂപ കൊണ്ടുവരണമെന്ന് ടി. പി.

മത്തായിയുടെ ഭാര്യ ഷീബയോട് പറഞ്ഞു. ഷീബ അവിടെ നിന്നും പുറപ്പെട്ടു. കൈയിൽ പണമില്ല, നല്ലൊരു മാലയുണ്ട്. ആ മാല പണയം വച്ച് 75,000 രൂപ കൊടുക്കാനായി നിൽക്കുമ്പോൾ ടി. പി. മത്തായി കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തുവെന്ന വിവരം ലഭിക്കുന്നു. പറഞ്ഞ സമയത്ത് രൂപ കൊടുത്തിരുന്നെങ്കിൽ ടി. പി. മത്തായിയെ കൊല്ലില്ലായിരുന്നുവെന്ന് ഷീബ എന്നോട് പറഞ്ഞതാണ്. ഇത് ഈ രാജ്യത്താണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണം. 75,000 രൂപ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ചോദിച്ചിട്ട് കൊടുക്കാത്തതിന്റെ പേരിൽ ടി. പി. മത്തായി കൊല്ലപ്പെട്ടു. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ കണ്ട് സംസാരിച്ചിരുന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കടുംകൈ, രൂപ തന്നാൽ കുഴപ്പമില്ല, രൂപയില്ലെങ്കിൽ കൊല്ലും. എനിക്ക് നീതി ലഭിക്കുംവരെ ഈ ശവം സംസ്കരിക്കില്ലെന്ന് ഷീബ പറഞ്ഞു. ഇന്ന് തീയതി എത്രയായി? 25 ദിവസമായി ആ ശവം മറവുചെയ്യാതിരിക്കുകയാണ്. നീതിക്കുവേണ്ടിയുള്ള തേങ്ങലാണ്. പോലീസിൽനിന്നും നീതി കിട്ടാത്തതിനാൽ സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ശേഷം മൂന്നാം ദിവസം റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പത്തനംതിട്ട പോലീസ് റിപ്പോർട്ട് കൊടുത്തു. അതിൽ ഇക്കാര്യമെല്ലാം സമ്മതിക്കുന്നു. ടി. പി. മത്തായി കൊല്ലപ്പെട്ടതാണെന്ന് അതിൽ പറയുന്നുണ്ടെങ്കിലും പ്രതികൾ ആരാണെന്ന് പറയുന്നില്ല. ഐ.പി.സി 149-നുപകരം 34 ആണ് ചേർത്തിരിക്കുന്നത്. ഏഴ് പേരാണ് പിടിച്ചുകൊണ്ടുപോയത്. അവിടെ വീണ്ടും കുറേപേരെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തിയത്. കസ്റ്റഡിയിൽ ആത്മഹത്യ ചെയ്താലും പത്ത് വർഷം വരെ കഠിനതടവ് കിട്ടാം. എന്തുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്തില്ലെന്ന് ഹൈക്കോടതി ചോദിച്ചു. പ്രതികളെ അറസ്റ്റ് ചെയ്യുകയോ, ചോദ്യം ചെയ്യുകയോ ചെയ്തിട്ടില്ല. ഞാൻ ആ വീട്ടിൽ പോയിരുന്നു. ഞങ്ങൾ സമരരംഗത്തേയ്ക്ക് വന്നു. തുടർച്ചയായ സത്യാഗ്രഹ സമരം നടത്തി. പത്തനംതിട്ടയിലെ മുഴുവൻ ജനങ്ങളും ആ രംഗത്തേയ്ക്ക് വന്നു. ഞാൻ സി.പി.ഐ. സുഹൃത്തുക്കളോട് ചോദിക്കുകയാണ്, പോലീസ് റിപ്പോർട്ട് കൊടുത്തതിനു ശേഷമെങ്കിലും വനം വകുപ്പുമന്ത്രിക്ക് ആ വീട്ടിൽ പോകാമായിരുന്നല്ലോ? ഞാൻ മൃഗസംരക്ഷണ വകുപ്പിനെ സപ്പോർട്ട് ചെയ്യുന്ന ആളാണ്. കണ്ണിൽ ചോരയില്ലാതെ ഒരാളെ പിടിച്ചുകൊണ്ടുപോയി. ആ വീട്ടിൽ ഭാര്യ, രണ്ട് മക്കൾ, 84 വയസ്സുള്ള അമ്മ, വികലാംഗയായ സഹോദരി, വിധവയായ മറ്റൊരു സഹോദരി. ഇവരെയെല്ലാം സംരക്ഷിച്ചിരുന്ന ടി. പി. മത്തായിയെ കൊന്നു. കൊന്നുവെന്ന് പോലീസ് തന്നെ സമ്മതിച്ചിരിക്കുന്നു. ഹൈക്കോടതി കേസ് സി.ബി.ഐ.-യ്ക്ക് വിട്ടിരിക്കുന്നു. ഹൈക്കോടതി 23-ാം ദിവസം കേസ് സി.ബി.ഐ.-യ്ക്ക് നൽകിയ സംഭവം ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ എതിർക്കാതിരിക്കാനും കാരണമുണ്ട്.

പോലീസ് നീതി ചെയ്തില്ല. എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ലെന്ന് ഹൈക്കോടതി ചോദിച്ചു. കേസ് സി.ബി.ഐ.-യ്ക്ക് വിട്ട നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ, കേസ് ഡയറിയെല്ലാം ഉടനെ കൊടുക്കണം. പലരെയും രക്ഷിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച ഒരു സംഭവമാണ്. 75,000 രൂപ കൊടുത്തിരുന്നുവെങ്കിൽ ടി. പി. മത്തായി കൊല്ലപ്പെടില്ലായിരുന്നു. ഒരു ആംബുലൻസുമായി ജീവിച്ച മനുഷ്യൻ, പൊന്നുമത്തായി എന്നാണ് നാട്ടുകാർ വിളിച്ചിരുന്നത്. ടി. പി. മത്തായിയെ പിടിച്ചുകൊണ്ടുപോയി ഒന്നര മണിക്കൂറിനുള്ളിൽ, മർദ്ദിച്ചവശനാക്കി ബോധംകെട്ടപ്പോൾ കിണറ്റിലെടുത്തിട്ടതാണെന്ന് നാട്ടുകാർ മുഴുവൻ പറയുന്നു. ഞങ്ങൾ അവിടെ സമരം ചെയ്തില്ലായിരുന്നുവെങ്കിൽ ആ കേസ് തേഞ്ഞുമാഞ്ഞ് പോകുമായിരുന്നു. ഇത്ര വ്യക്തമായ കാര്യമായതുകൊണ്ട് രംഗത്തുനിന്ന് സമരംചെയ്തു. ഈ സംഭവത്തിലുൾപ്പെട്ട ഏഴ് ഉദ്യോഗസ്ഥരും സർവ്വീസിലുണ്ടാകാൻ പാടില്ല. അടിയന്തരമായി കേസ് നടത്തണം, കേസ് ഡയറി കൊടുക്കണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. ഇടുക്കിയിലെ ഭൂപ്രശ്നം. ഞാൻ പ്രസ്തുത വിഷയത്തിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു, അങ്ങ് നല്ല മറുപടി തന്നു. ഇടുക്കിയിലെ ഭൂപ്രശ്നം ചർച്ച ചെയ്യുന്നതിന് 2019 ഡിസംബർ 17-ാം തീയതി സർവ്വകക്ഷിയോഗം വിളിച്ചു. കിട്ടുന്ന ഭൂമി വീട് വയ്ക്കാനും കൃഷി ചെയ്യാനും മാത്രമേ ഉപയോഗിക്കാവൂ. ഇടുക്കിയിലുള്ളവരും ജനങ്ങളല്ലേയെന്ന് ഞാൻ ഇവിടെ ചോദിച്ചതാണ്. കേരളത്തിൽ എല്ലാ സ്ഥലത്തും ലഭിക്കുന്ന അവകാശം ഇടുക്കിയിലെ ജനങ്ങൾക്കും ലഭിക്കണ്ടേ? സ്കൂളുകളും ആശുപത്രികളും ഷോപ്പിംഗ് കോംപ്ലക്സുകളും വേണ്ടേ? വ്യവസ്ഥകൾ ഭേദഗതി ചെയ്യാമെന്ന് അങ്ങ് സർവ്വകക്ഷി യോഗത്തിൽ പറഞ്ഞു. പക്ഷേ, ഇതുവരെ ഭേദഗതി ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ഇടുക്കി കളക്ടർ 12/8-ൽ ഉത്തരവ് ഇറക്കിയിരിക്കുകയാണ്, അങ്ങനെയല്ലാത്ത എല്ലാ ഭൂമിയിലും നടപടിയുണ്ടാകാൻ പോകുകയാണ്. പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യണം. അങ്ങനെയെങ്കിൽ കേരളത്തിലെ എല്ലാ സ്ഥലത്തും ഇത് ബാധകമാകണ്ടേയെന്ന് ഹൈക്കോടതി ചോദിച്ചു.

ലൈഫ് മിഷൻ നല്ല പദ്ധതിയാണ്. 20 കോടി രൂപയിൽനിന്നും ഏകദേശം 9 കോടി രൂപ കമ്മീഷൻ പോയി, കൈക്കൂലി പോയി എന്ന് പറയുന്നത് ഈ ഗവൺമെന്റിന് അപമാനമാണ്. കുറ്റക്കാരെ ശിക്ഷിക്കണം. ഈ ഗവൺമെന്റ് നല്ല രീതിയിൽ വരണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇപ്പോഴും സംസാരിച്ചു കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് സംശയത്തിന്റെ നിഴലിൽനിന്നും മാറണം. ശ്രീ. എം. ശിവശങ്കറിനെപ്പോലെ ഒരാൾ നാല് വർഷം സെക്രട്ടറിയായും

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായും ഇരുന്നത് രാജ്യത്തിന് അപമാനമാണ്. സ്വപ്നാ സുരേഷിന്റെ ഫ്ലാറ്റിൽ ശ്രീ. എം. ശിവശങ്കർ പോയി വഴക്കുണ്ടാക്കിയതും കള്ളുകുടിച്ച് പ്രശ്നമുണ്ടാക്കിയതും സംബന്ധിച്ച് അവർ പരാതിപ്പെട്ടിട്ടും പോലീസ് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല? എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ചുരുട്ടിക്കൂട്ടി കേരളത്തിന്റെ രാഷ്ട്രീയ ചവറ്റുകുട്ടയിൽ എറിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. വി. ഡി. സതീശൻ ഇവിടെ പുതിയ എന്തൊക്കെയോ കാര്യങ്ങൾ അവതരിപ്പിക്കുകയാണെന്നാണ് ഞാൻ വിചാരിച്ചത്. കഴിഞ്ഞ കുറേ ദിവസമായി ചാനലുകളിൽ ചർവ്വിതചർവണം ചെയ്യുന്ന കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയാണ് ചെയ്തത്. ചാനലുകളിൽ കോട്ട് ധരിച്ച് അവതരിപ്പിക്കുമ്പോൾ ഇവിടെ ഖദർ ധരിച്ച് അവതരിപ്പിക്കുന്നുവെന്ന വ്യത്യാസമേയുള്ളൂ. ചാനലിൽ അവതരിപ്പിച്ച കാര്യങ്ങളോടൊപ്പം ഷേക്സ്പിയറിന്റെ ചില ഉദ്ധരണികൾ മാത്രമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ ചില അവതാരങ്ങളെക്കുറിച്ചൊക്കെ സൂചിപ്പിച്ചല്ലോ? എന്ത് അവതാരം. അവതാരകർ പറഞ്ഞത് ഇവിടെ കൊണ്ടുവന്ന് അവിശ്വാസ പ്രമേയമായി അവതരിപ്പിച്ചു. ഞാൻ ഈ സർക്കാരിനെ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്ന ഒരു സാമാജികനാണ്. പിണറായി സർക്കാരിനെ ഒരു സാമാജികനെന്ന നിലയിൽ പിന്തുണയ്ക്കാൻ ഒരവസരം ലഭിച്ചുവെന്നുള്ളതാണ് എന്റെ പൊതുജീവിതത്തിലെ അഭിമാനകരമായ കാര്യം. ഇന്ന് നമ്മുടെ നാടും ജനങ്ങളും പ്രതീക്ഷിക്കുന്ന നിലയിൽ സമൂഹത്തെ പുരോഗതിയുടെ സുവർണ്ണവീഥിയിലൂടെ കൈപിടിച്ച് നയിക്കുന്ന ഗവൺമെന്റാണിത്. ഇന്ത്യയിൽ തീവ്രമതവർഗ്ഗീയത ഉയർത്തിപ്പിടിച്ചുകൊണ്ട് സർവ്വനാശത്തിലേയ്ക്ക് ഈ രാജ്യത്തെ നയിക്കുന്ന ബി.ജെ.പി. സർക്കാരിനെതിരെയും അവരുടെ സാമ്പത്തിക-സാമൂഹ്യ നയങ്ങൾക്ക് എതിരെയും നെഞ്ചൂക്കോടെയുള്ള നിലപാട് സ്വീകരിക്കുന്ന സംസ്ഥാന ഗവൺമെന്റ് കേരള ഗവൺമെന്റല്ലാതെ വേറെയേതാണുള്ളത്. ആ സർക്കാരിനെതിരായാണ് നിങ്ങളുടെ നിലപാട് വരുന്നത്.

തിരുവനന്തപുരം വിമാനത്താവളം സംസ്ഥാന സർക്കാർ ഏറ്റെടുത്തോളാമെന്നൊക്കെ വെറുതേ കയ്യടിക്കുവേണ്ടി പറഞ്ഞതല്ല. ഈ ഗവൺമെന്റ് ഉയർത്തിപ്പിടിക്കുന്ന തത്വാധിഷ്ഠിതമായ രാഷ്ട്രീയ നിലപാടിന്റെ ഭാഗമായിട്ടാണ് പറഞ്ഞത്. പല സ്ഥാപനങ്ങളെയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കം കേന്ദ്ര ഗവൺമെന്റ് നടത്തി. നിങ്ങളാണ് അതിന് തുടക്കമിട്ടത്; കോൺഗ്രസിന്റെ ഭരണകാലത്ത്. കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടന്നപ്പോൾ തൊഴിലാളികളോടൊപ്പം

ഈ ഗവൺമെന്റും അതിനെ എതിർത്തു. ഭൂമി കൈമാറാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചു. ഒടുവിൽ കേരളത്തിന് കൈമാറാൻ കേന്ദ്രം നിർബന്ധിക്കപ്പെടുന്ന സാഹചര്യം വന്നു. അതിന്റെ നടപടികളുമായി നീങ്ങുകയാണ്. അതുപോലെ പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. തൊഴിൽ നിയമങ്ങൾ ദുർബലമാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നയങ്ങൾ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ നടപ്പാക്കിയപ്പോൾ ആ തൊഴിൽ നിയമങ്ങളും പരിഷ്കരണങ്ങളും നടപ്പാക്കിയില്ലെന്നു മാത്രമല്ല, അങ്ങനെ ദുർബ്ബലമാക്കുന്ന നടപടി സ്വീകരിക്കില്ലെന്നാണ് ഈ ഗവൺമെന്റ് പറഞ്ഞത്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രശ്നത്തിൽ നമ്മൾ ഒന്നിച്ച് നിലപാട് സ്വീകരിച്ചതാണല്ലോ. അതിനിടയിൽ കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ദുഷ്ടലാക്കോടെ ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞിട്ടുണ്ട്. ബിഡ്ഡിൽ പങ്കെടുക്കാതെ മറ്റൊരു വഴി നമുക്ക് തേടാമായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. അത് എന്താണെന്ന് അദ്ദേഹം വ്യക്തമാക്കണം. കേന്ദ്ര മന്ത്രിയും എം.പി.-യുമൊക്കെയായിരുന്ന ശ്രീ. കെ. വി. തോമസിന്റെ ഡൽഹിയിലെ വീട്ടിൽവച്ച് അദാനിയുമായി ഇടപാടുകളും സൽക്കാരവും നടന്നു. ആ രീതിയിൽ ഇതിനെയും കൈകാര്യം ചെയ്യണമെന്നാണോ? ഏതായാലും ആ വഴിക്ക് നമ്മളാരുമില്ല. അദാനിയെ വീട്ടിൽ വിളിച്ചിരുത്തി സൽക്കരിക്കുന്നതും കാര്യങ്ങൾ പങ്കുവയ്ക്കുന്നതും പങ്കുപറ്റുന്നതുമൊക്കെ നിങ്ങളുടെ രീതിയാണ്. ഇവിടെ അദാനിയുടെ ഏതോ വിദൂര ബന്ധുവിന്റെ സ്ഥാപനത്തിൽ നിന്ന് ലീഗൽ അഡ്വൈസ് വാങ്ങുന്നു. ഇതിന്റെ ടെണ്ടർ ക്വാട്ട് ചെയ്യുന്നതിൽ അതിനൊരു പങ്കുമില്ല. അത് പൂർണ്ണമായും സർക്കാർ ഏൽപ്പിച്ച കെ.എസ്.ഐ.ഡി.സി.-യാണ് ചെയ്തത്. ലീഗലായി ഒപ്പീനിയൻ വാങ്ങിയതല്ലാതെ മറ്റൊന്നും സംഭവിച്ചിട്ടില്ല. പക്ഷേ, അത് വച്ചിട്ടാണ് നിങ്ങളിവിടെ ആക്ഷേപം ഉന്നയിക്കുന്നത്. ഗവൺമെന്റ് അതിനായി എസ്.പി.വി. രൂപീകരിച്ചിട്ടുണ്ടായിരുന്നു. അതിന് നിങ്ങളുടെ പിന്തുണയുണ്ടായിരുന്നു. അതുപോലെ കേന്ദ്ര സർക്കാരിന്റെ വഞ്ചനാപരമായ ഈ നിലപാടുമായി സഹകരിക്കാൻ തയ്യാറല്ലെന്ന് സർക്കാർ ഇപ്പോഴും പറയുന്നു. കോടതിയിൽ കേസും കൊടുത്തിട്ടുണ്ട്. പക്ഷേ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ ഇവിടത്തെ എം.പി. ശ്രീ. ശശി തരൂർ, ബി.ജെ.പി. സർക്കാരിന് അനുകൂലമായ നിലപാടല്ലേ സ്വീകരിച്ചത്? അദ്ദേഹം ഇപ്പോഴും നിങ്ങളുടെ നേതാവും എം.പി.-യുമല്ലേ? എന്തേ അതിനെക്കുറിച്ച് ആരും ചോദ്യം ചെയ്യാത്തത്, തള്ളിപ്പറയാത്തത്. ആ കാപട്യമാണ് പറഞ്ഞത്. ഷേക്സ്പിയറിന്റെ പ്രസിദ്ധമായ വരിയാണ് - Frailty, Thy Name is Woman - ചാപല്യമേ, നിന്റെ പേരോ സ്ത്രീ എന്നുള്ളത്. ഇപ്പോൾ അദ്ദേഹമുണ്ടായിരുന്നെങ്കിൽ

- Hypocrisy, Thy Name is Chennithala എന്ന് നിങ്ങളോട് ചോദിക്കുമായിരുന്നു. ആ നിലയിലാണ് നിങ്ങളുടെ ഓരോ നിലപാടും.

സ്വർണ്ണക്കള്ളക്കടത്ത് കേസിനെ സംബന്ധിച്ച് പറഞ്ഞു. എന്റെ പിന്നാലെ ഞങ്ങളുടെ പക്ഷത്തുള്ളവർ സംസാരിക്കുമ്പോൾ അതുസംബന്ധിച്ച് വിശദമായി പറയും. സ്വർണ്ണക്കള്ളക്കടത്ത് നടന്നുവെന്നത് ഒരു വസ്തുതയാണല്ലോ. സ്വപ്ന സുരേഷ് എന്ന സ്ത്രീക്ക് അതിൽ പങ്കുണ്ട്, പ്രതിയുമാണെന്ന് വന്നിട്ടുണ്ടല്ലോ. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരു ഉദ്യോഗസ്ഥന് ആ സ്ത്രീയുമായി സുഖകരമല്ലാത്ത സൗഹൃദമുണ്ടായി എന്നുവന്നപ്പോൾ സെക്രട്ടേറിയറ്റ് വളയാനൊന്നും നിന്നിട്ടില്ല, അപ്പോൾത്തന്നെ ഒഴിവാക്കിയിട്ടുണ്ട്. ഏത് തലത്തിലുള്ള അന്വേഷണവും നടക്കട്ടെയെന്ന നിലപാടും സ്വീകരിച്ചു. അന്വേഷണത്തിൽ ഗവൺമെന്റിന് കഴിയാവുന്ന എല്ലാ സഹായവും ധീരമായി ചെയ്തിട്ടുണ്ട്. എൻ.ഐ.എ.-യുടെയും കസ്റ്റംസിന്റെയും ഇ.ഡി.-യുടെയുമൊക്കെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഈ പ്രശ്നത്തിൽ നിങ്ങളുടെ നിലപാട് ആത്മാർത്ഥമാണെങ്കിൽ, സ്വർണ്ണക്കള്ളക്കടത്തിന്റെ ഉറവിടം കണ്ടെത്തുന്നതാണ് ഉദ്ദേശ്യമെങ്കിൽ ചില കാര്യങ്ങൾ പറയണം. സ്വർണ്ണക്കള്ളക്കടത്ത് തീവ്രവാദത്തെ സഹായിക്കാനാണ് എന്നൊക്കെയുള്ള വർത്തമാനം മാധ്യമങ്ങളിലൂടെയും കസ്റ്റംസിന്റെയും എൻ.ഐ.എ.-യും പ്രതികരണമായുമൊക്കെ വന്നിരുന്നല്ലോ. എന്തുകൊണ്ടാണ് അതിനെക്കുറിച്ച് ശ്രീ. വി. ഡി. സതീശനോ ശ്രീ. കെ. എം. ഷാജിയോ ഒന്നും പറയാതിരുന്നത്. തീവ്രവാദ ശക്തികളുമായി പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ ബാന്ധവത്തിന്റെ ഭാഗമായാണ് നിങ്ങൾക്ക് അത് പറയാനുള്ള ധാർമ്മിക ബലമില്ലാതെ പോകുന്നത്. ഡിപ്ലോമാറ്റിക് ബാഗേജ് വഴിയാണ് ഇത് വന്നതെന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. ഡിപ്ലോമാറ്റിക് ബാഗേജ് വഴിയല്ല എന്ന് വാദിച്ച് സമർത്ഥിക്കാൻ ശ്രമിച്ചത് ഒരു കേന്ദ്ര സഹമന്ത്രിയാണ്. ഈ സഹമന്ത്രി എന്ന പദവി തന്നെ വികൃതമായിട്ടുള്ള ഒന്നാണെന്ന് കഴിഞ്ഞ കുറേക്കാലമായി നമുക്കറിയാം. ഡിപ്ലോമാറ്റിക് ബാഗേജല്ലെന്ന് ഒരു കേന്ദ്രമന്ത്രി ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയല്ലേ. മാത്രമല്ല അദ്ദേഹം ഒന്നുകൂടി പറയുന്നു, ഇത് വന്നത് അറ്റാഷെയുടെ പേരിലാണ്. അറ്റാഷെ ഇവിടെ നിന്ന് പോയിട്ടുണ്ട്. അറ്റാഷെയിലേയ്ക്ക് അന്വേഷണമെത്തില്ലെന്ന് ആര് പറയുന്നു? കേന്ദ്ര സഹമന്ത്രി പറയുന്നു. അപ്പോൾ അന്വേഷണത്തിന്റെ മെരിറ്റിലേയ്ക്ക് കടന്ന് ചില സന്ദേശങ്ങൾ കൊടുക്കാൻ കേന്ദ്ര സഹമന്ത്രി ഇടപെടുന്നു. സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ച് ധാർമ്മികരോഷം കൊള്ളുന്ന നിങ്ങൾ എന്തേ അതിനെക്കുറിച്ച് ഒരക്ഷരം പറയാത്തത്? നിങ്ങൾ ഇവിടെ പറയുന്നില്ല; സമൂഹത്തിൽ പറയുന്നില്ല; ചാനൽ ചർച്ചകളിൽ പറയുന്നില്ല. അപ്പോൾ അവിടെയെന്താണ് സംഭവിക്കുന്നത്.

ബി.ജെ.പി. നേതാവായ കേന്ദ്രമന്ത്രിയും പ്രതിപക്ഷനേതാവും നിങ്ങളുമായി ഭായി-ഭായി സമീപനമാണ്. അത് യാദൃശ്ചികമായിട്ടല്ല. കേരള രാഷ്ട്രീയത്തിൽ പുതുതായി രൂപം കൊണ്ടുവരുന്ന ഒരു രാഷ്ട്രീയ ബാന്ധവത്തിന്റെ അണിയറ ഒരുക്കത്തിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിക്കുന്നത്. ഈ ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനത്തിന് പ്രധാനപ്പെട്ട ഒരു ചാനൽ ചർച്ച നടത്തുന്നു. ആ ചർച്ചയിൽ ശ്രീ. എ. എൻ. ഷംസീർ, ശ്രീ. അനിൽ അക്കര, ബി.ജെ.പി.-യുടെ ശ്രീ. ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുക്കുന്നു. ചർച്ചയ്ക്കിടയിൽ നാം മൊബൈലിൽ വരുന്ന ചില മെസേജുകളൊക്കെ നോക്കും. തന്റെ മൊബൈൽ ഫോണിൽ വന്ന വിവരങ്ങൾ ബി.ജെ.പി.-ക്കുവേണ്ടി ചർച്ചയിൽ പങ്കെടുത്ത ശ്രീ. ഗോപാലകൃഷ്ണന് ഇവിടത്തെ ബഹുമാന്യനായ എം.എൽ.എ. കൈമാറുകയാണ്. വിവരം കൊടുക്കുകയാണ്, ഡാറ്റയാണ് കൊടുക്കുന്നത്. എന്തൊരു സഹകരണം. എൽ.ഡി.എഫ്-നെതിരെ ആക്ഷേപം ഉന്നയിക്കാൻ ബി.ജെ.പി.-യുടെ നേതാവിനായി ആശയങ്ങളും വിവരങ്ങളും സപ്ലൈ ചെയ്യുകയാണ്. കോൺഗ്രസിൽ പുതുതായി രൂപപ്പെട്ടുവരുന്ന ഒരു രാഷ്ട്രീയ ബാന്ധവത്തിന്റെ അണിയറ ഒരുക്കമാണ് ഇവിടെ നടക്കുന്നത്. നിങ്ങൾക്ക് അതിനെക്കുറിച്ചെന്താണ് പറയാനുള്ളത്? അപ്പോൾ ശ്രീ. അനിൽ അക്കരയുടെ ഡാറ്റ പോയി. ഡാറ്റയെക്കുറിച്ച് വലിയ വേവലാതിയാണല്ലോ. അപ്പോൾ ശ്രീ. അനിൽ അക്കരയുടെ ഡാറ്റ ബി.ജെ.പി.-ക്ക് പോയി. അങ്ങനെ ബി.ജെ.പി.-യിലേയ്ക്ക് ഡാറ്റ പോയ കുറേയാളുകൾ അവിടെ ഇരിക്കുന്നുണ്ട്. ഇനി ഇതൊന്നും മനസ്സിലാകാതെ ഫിലമെന്റ് അടിച്ചുപോയ കുറച്ചാളുകൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലുണ്ട്. അപ്പോൾ ഡാറ്റ പോയവരും ഫിലമെന്റ് അടിച്ചുപോയവരും ചേർന്ന കൂട്ടായ്മയാണ് പ്രതിപക്ഷമെന്ന് നിങ്ങൾ മനസ്സിലാക്കണം.

ഈ ഗവൺമെന്റ് യുവജനവിരുദ്ധമാണെന്നും നിയമന നിരോധനമാണിവിടെ യെന്നും നിങ്ങൾ പറഞ്ഞല്ലോ. ശ്രീ. വി. ഡി. സതീശൻ, അങ്ങയെ പ്പോലുള്ളവർ വസ്തുതയുടെ പിൻബലത്തിൽ സംസാരിക്കണം. അങ്ങയിൽ നിന്ന് അതാണ് പ്രതീക്ഷിച്ചത്. നിങ്ങളുടെ കഴിഞ്ഞ നാലുവർഷവും ഞങ്ങളുടെ നാലുവർഷവുമെടുത്താൽ ആകെ നിയമനത്തിൽ നിങ്ങളെക്കാളും എത്രയോ മുന്നിലാണ് ഞങ്ങൾ. ഞാൻ അതിന്റെ വിശദാംശമല്ല പറയുന്നത്. മറ്റൊന്ന്, നാല് യു.ഡി.എഫ്. സർക്കാർ ഒന്നിച്ചിരുന്നാലും നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയാത്ത, 16,508 തസ്തികകൾ പുതുതായി സൃഷ്ടിച്ചത് ഈ ഗവൺമെന്റാണ്. 5997 തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചു. നിങ്ങൾ എന്താണ് ചെയ്തത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ലജ്ജയില്ലാതെ കഴിഞ്ഞ ദിവസം പത്രസമ്മേളനം നടത്തിപ്പറഞ്ഞു. ഞങ്ങൾ 11 തവണ പി.എസ്.സി. ലിസ്റ്റ്

നീട്ടിക്കൊടുത്തുവെന്ന്. പി.എസ്.സി. ലിസ്റ്റ് നീട്ടിനീട്ടിക്കൊടുക്കാതെ സമയബന്ധിതമായി നിയമനം നടത്തുകയല്ലേ വേണ്ടത്? അങ്ങനെ നീട്ടിയാൽ പിന്നാലെ വരുന്ന ഉദ്യോഗാർത്ഥികളോടുള്ള നീതി നിഷേധമല്ലേ അത്. നിങ്ങളുടെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ 9000 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. ടെസ്റ്റ് നടത്തി. അഡ്വൈസ് മെമ്മോ അയച്ചു. നിങ്ങളുടെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. ഭരിക്കാൻ മൂന്ന് മന്ത്രിമാരുണ്ടായിരുന്നു. അഞ്ചുകൊല്ലം കൊണ്ട് നാലായിരത്തിൽപ്പരം ആളുകൾക്ക് നിങ്ങൾ നിയമനം കൊടുത്തു. ബാക്കി അയ്യായിരത്തിലധികം ഉദ്യോഗാർത്ഥികൾ കോടതിയിൽ പോയി. ഒടുവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അയ്യായിരത്തിൽപ്പരം ആളുകൾക്ക് നിയമനം കൊടുത്തത്. 9000 പേർക്ക് അഡ്വൈസ് മെമ്മോ നൽകി നിങ്ങൾ ഡിലേ ചെയ്തതല്ല, ഡിനൈ ചെയ്തു, അതാണുണ്ടായത്. 2012-ൽ എൽ.പി./യു.പി. ടീച്ചേഴ്സിന്റെ പി.എസ്.സി. റിക്രൂട്ട്മെന്റിന് അപേക്ഷ ക്ഷണിച്ചു. പൊതുവിദ്യാലയങ്ങൾ തകർക്കുകയെന്ന അജണ്ടയുടെ ഭാഗമായി അഞ്ചുവർഷക്കാലം സ്റ്റാഫ് ഫിക്സേഷൻപോലും നടത്താതെ നിങ്ങൾ നീട്ടിക്കൊണ്ടുപോയി. ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-ൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി 11000 എൽ.പി./യു.പി. അദ്ധ്യാപകരെയാണ് നിയമിച്ചത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതുപോലെ പോലീസ് വകുപ്പിലെ നിയമനം. നിങ്ങളുടെ ഭരണകാലത്തുണ്ടായിരുന്ന റാങ്ക് ലിസ്റ്റ് അഞ്ച് വർഷം വരെ വലിച്ചുനീട്ടി ഏഴ് ബറ്റാലിയനുകളിലായി നാലായിരത്തിൽപ്പരം ആളുകൾക്കാണ് നിയമനം കൊടുത്തത്. ഈ സർക്കാരിന്റെ ഭരണകാലത്ത് പോലീസ് വകുപ്പിലേയ്ക്ക് പി.എസ്.സി. രണ്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. ആദ്യ ലിസ്റ്റിൽ നിന്ന് 5601 പേർക്കും രണ്ടാമത്തെ ലിസ്റ്റിൽ നിന്ന് 6507 പേർക്കുമുൾപ്പെടെ 12,108 ആളുകൾക്കാണ് മുഖ്യമന്ത്രി നയിക്കുന്ന പോലീസ് വകുപ്പിൽനിന്നും നിയമനം നൽകിയിട്ടുള്ളത്. യൂണിവേഴ്സിറ്റി കോളേജിലെ കോപ്പിയടി വിഷയവുമായി ബന്ധപ്പെടുത്തി റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യാൻ നിങ്ങൾ സമരം നടത്തിയില്ലേ; കോപ്പിയടിച്ച് കുഴപ്പം കാണിച്ച രണ്ടോ മൂന്നോ ആളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുപകരം മുഴുവൻ ഉദ്യോഗാർത്ഥികളെയും ദ്രോഹിക്കുന്ന നിലപാടുമായി നിങ്ങൾ സമരരംഗത്ത് വന്നു. അതുകഴിഞ്ഞ്, കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അതേ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിങ്ങൾ സമരം നടത്തി; നാണമുണ്ടോ നിങ്ങൾക്ക്? ഇതാണ് ഞാൻ പറഞ്ഞത്, ഷേക്സ്പിയർ ഇന്നുണ്ടായിരുന്നെങ്കിൽ 'കാപട്യമേ നിന്റെ പേരോ

യു.ഡി.എഫ്.? Hypocrisy, Thy Name is UDF' എന്ന് ചോദിക്കുമായിരുന്നു. രാഷ്ട്രീയത്തിൽ അന്തസ്സും ആത്മാർത്ഥതയും നിലപാടും വേണം. ഒരു നയമുണ്ടാകണം. രാഷ്ട്രീയം എന്നു പറഞ്ഞാൽ ചെളിയിൽ കുത്തിയ വടിപോലെ ആകരുത്. നിങ്ങൾ സ്വീകരിച്ച നിലപാട് രാഷ്ട്രീയത്തിന് അപമാനമല്ലേ? റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യണമെന്ന് പറഞ്ഞ് സമരം ചെയ്യുന്നു, അതേ റാങ്ക് ലിസ്റ്റ് നീട്ടി കൊടുത്തിട്ട് നിയമനം കൊടുക്കണമെന്ന് പറഞ്ഞ് സമരം നടത്തുന്നു. രാഷ്ട്രീയ മുതലെടുപ്പിന് പറ്റിയത് ഏതാണോ അതാണ് നിങ്ങളുടെ രീതി.

പിണറായി സർക്കാരിന്റെ ഏറ്റവും വലിയ ഭരണനേട്ടം വികസനമാണ്. നമ്മുടെ കാലം കൊതിക്കുന്ന വികസന പദ്ധതികൾ, വർഷങ്ങളായി നമ്മൾ ആഗ്രഹിക്കുന്നത്, മറ്റാരും ഇതുവരെ ചിന്തിച്ചിട്ടില്ലാത്തത്; എന്നാൽ ആധുനിക സാമൂഹ്യജീവിതം ആവശ്യപ്പെടുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും യാഥാർത്ഥ്യമാക്കുകയുമാണ് ചെയ്യുന്നത്. കിഫ്ബി പ്രോജക്ടിനെപ്പറ്റിയൊന്നും പറയുന്നില്ല. നിങ്ങൾ അതിലെടുത്ത സമീപനം എന്താണ്? കേരളത്തോട്, കേരള രാഷ്ട്രീയത്തോട്, ചരിത്രത്തോട് നെറികേട് ചെയ്തുകൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ന്റെ മലീമസമായ രാഷ്ട്രീയ സമീപനം. നിങ്ങൾ എല്ലാ വികസനപ്രക്രിയയെയും സമരം നടത്തിയും കേസ് കൊടുത്തും ദുരാരോപണങ്ങൾ ഉയർത്തിയും തടയാനാണ് ശ്രമിച്ചത്. നാല് വർഷക്കാലത്തെ യു.ഡി.എഫ്. എന്ന പ്രതിപക്ഷ മുന്നണിയുടെ പ്രവർത്തനത്തിന്റെ ബാലൻസ് ഷീറ്റ് എന്താണെന്ന് ചോദിച്ചാൽ അത് മാത്രമേ ഇവിടെ പറയാൻ സാധിക്കൂ. ദേശീയപാതാ വികസനവും ഗെയിൽ പദ്ധതിയുമെല്ലാം നിങ്ങളുടെ ഭരണകാലത്ത് നടപ്പിലാക്കാൻ കഴിയാതെ മുടങ്ങിയതല്ലേ; പൂട്ടിപ്പോയതല്ലേ? അതെല്ലാം സമരം നടത്തി നിങ്ങൾ തടയാൻ ശ്രമിച്ചു. എന്റെ ജില്ലയായ കോഴിക്കോട് ഗെയിൽ പദ്ധതിക്കെതിരെ ഹർത്താൽ നടത്തി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നത് പുതിയ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനകരമായ, വിപ്ലവകരമായ പരിഷ്കാരമാണ്. കേരളം രൂപീകരിച്ച അന്നുമുതൽ നമ്മൾ ആഗ്രഹിക്കുന്നത്, ഇച്ഛാശക്തിയുള്ള പിണറായി വിജയൻ സർക്കാരിന് നടപ്പിലാക്കാൻ സാധിച്ചു. അതിനെ കേസ് കൊടുത്തും കൊടുപ്പിച്ചും അട്ടിമറിക്കാൻ നിങ്ങൾ ശ്രമിച്ചു. 18 കേസ് കോടതി തള്ളിയില്ലേ?

കേരളത്തിന്റെ വികസനത്തിന് ഏറ്റവും ശ്രദ്ധേയമായ ഒന്നല്ലേ കേരള ബാങ്ക് രൂപീകരണം. പ്രധാനപ്പെട്ട ചുവടുവയ്പല്ലേ? കേസ് കൊടുത്തും നിസ്സഹകരിച്ചും നിങ്ങൾ തടയാൻ ശ്രമിച്ചില്ലേ? ആ പൊതു സമീപനത്തിന്റെ ഭാഗമായി നമ്മുടെ വികസനത്തിൽ ഏറ്റവും ശ്രദ്ധേയമായ ചില ഏടുകൾ തുന്നിച്ചേർത്ത രണ്ട് മേഖലകളുണ്ട്. ഒന്ന്, ലൈഫ് മിഷന്റെ ഭാഗമായ പ്രോജക്ട്, മറ്റൊന്ന്, ഐ.ടി. മേഖലയിലെ വികസനം. ഈ രണ്ട് മേഖലകളെയും നിങ്ങൾ പൊളിക്കാൻ

ശ്രമിച്ചത് കേസ് കൊടുത്തും സമരം നടത്തിയും ദുരാരോപണങ്ങളിലൂടെയുമാണ്. കേസ് കൊടുത്താൽ ജനങ്ങൾ നിങ്ങൾക്കെതിരായി വരും. അതുപോലെ ലൈഫ് മിഷൻ പദ്ധതിക്കെതിരെ സമരം ചെയ്യാൻ ആളെ കിട്ടില്ല. അത് ജനങ്ങൾക്ക് നേരിട്ട് വീട് കിട്ടുന്ന പദ്ധതിയാണ്. ഐ.ടി. മുന്നേറ്റത്തെ തടയാൻ നിങ്ങൾക്ക് കഴിയില്ല. യുവാക്കൾക്ക് ജോലി കിട്ടുന്ന ആ രണ്ട് മേഖലയെയും തകർക്കാൻ ദുരാരോപണങ്ങളുമായി നിങ്ങൾ വരികയാണ്. അതാണ് നിങ്ങളുടെ രീതി. സമരം, കേസ് കൊടുക്കൽ, ദുരാരോപണങ്ങൾ ഉയർത്തൽ - അതിന്റെ ഭാഗമായി ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആക്ഷേപമുണ്ടാക്കുന്നു. അതിന്റെ വിശദാംശങ്ങളെല്ലാം ഇനി സംസാരിക്കുന്നവർ പറയുന്നതാണ്. സർക്കാരിന് സംഭാവന നൽകുന്ന ആളുകൾ തമ്മിലുള്ള ഇടപാടിൽ എന്തോ നടന്നു എന്നത് സംബന്ധിച്ച് പരാതി ആരെങ്കിലും എഴുതി നൽകിയാൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അത്തരത്തിലുള്ള ഒരു പരാതിയുമില്ലാതെ, അതിന്റെ പേരിൽ ലൈഫ് മിഷൻ എന്ന മഹത്തായ പദ്ധതിയെ ആക്ഷേപിക്കുകയാണ്. നിങ്ങൾക്ക് ആക്ഷേപിക്കാതിരിക്കാൻ കഴിയില്ല. 2016 ഫെബ്രുവരി മാസത്തിൽ "നിങ്ങളുടെ ഭരണകാലത്ത് അഞ്ച് കൊല്ലംകൊണ്ട് എത്ര വീടുകൾ നിർമ്മിച്ചു കൊടുത്തു" എന്ന സഖാവ് കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് " 3141 വീടുകൾ നിർമ്മിച്ചു കൊടുത്തു " എന്ന മറുപടിയാണ് അന്നത്തെ മുഖ്യമന്ത്രി നൽകിയത്. ആ സ്ഥാനത്താണ് നാല് വർഷം കൊണ്ട് 2,24,332 വീടുകൾ ഈ ഗവൺമെന്റ് കൊടുത്തത്. അടുത്ത ഘട്ടത്തിൽ, വിട്ടുപോയവർക്കെല്ലാം അപേക്ഷ നൽകുന്നതിനും അവരുടെ വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുമുള്ള അവസരംകൂടി ഉറപ്പാക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത് നിങ്ങൾക്ക് സഹിക്കുന്നില്ല. അതിനെ ഉന്മൂലനം ചെയ്യാനാണ് ഒരു വിഭാഗം ശ്രമിക്കുന്നത്.

ഐ.ടി. രംഗത്തുള്ള വൻമുന്നേറ്റം എന്താണ്? 2016-2020 കാലയളവ് മാത്രം പരിശോധിച്ചാൽ, കയറ്റുമതി വരുമാനം, കമ്പനികളുടെ എണ്ണം, തൊഴിൽ എന്നീ മേഖലകളിൽ വിസ്മയകരമായ വളർച്ചയുണ്ടായി. തിരുവനന്തപുരം ടെക്നോപാർക്കിൽ ടോറസ് ഗ്രൂപ്പ്, ബ്രിഗേഡ്, സൺ ടെക് ബിസിനസ് സൊല്യൂഷൻസ് പോലുള്ള വമ്പൻ കമ്പനികൾ വന്നു. ഐ.ടി.യുടെ ബിൽറ്റ് അപ് സ്പെയ്സിന് വലിയ നിലയിലുള്ള മുന്നേറ്റമുണ്ടായി. ഇൻഫോപാർക്കിൽ ഒമ്പത് ലക്ഷത്തിലധികം സ്ക്വയർ ഫീറ്റ് വിസ്തൃതി വർദ്ധിച്ചു. സ്റ്റാർട്ട് അപ് മിഷൻ സാർവ്വദേശീയവും ദേശീയവുമായ അംഗീകാരം നേടിക്കഴിഞ്ഞു. ഇതിന്റെയെല്ലാം ഭാഗമായുള്ള വലിയ മുന്നേറ്റം നമുക്കുണ്ടായി. അഴിമതിയുടെ കാര്യത്തിൽ നിങ്ങൾ വലിയ തോതിൽ സംസാരിച്ചു. യു.ഡി.എഫ്. എന്ന് പറഞ്ഞാൽ അഴിമതിയുടെ

ഉപാസകരല്ലേ; മനുഷ്യന് ഓക്സിജൻ പോലെ അഴിമതിയില്ലെങ്കിൽ യു.ഡി.എഫ്. ഉണ്ടോ? നിങ്ങളുടെ ചരിത്രം അതല്ലേ? നിങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണത്തിനിടയിൽ അഴിമതിക്കെതിരെ എടുത്ത എത്ര വിജിലൻസ് കേസ്സുകളാണ് പിൻവലിച്ചത്; വിജിലൻസ് കേസ് എങ്ങനെയാണ് പിൻവലിക്കാൻ കഴിയുന്നത്; അത് അന്വേഷിച്ച് തീരേണ്ടതല്ലേ? അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയുണ്ട്. പ്രമാദമായ 17 കേസ്സുകൾ നിങ്ങൾ പിൻവലിച്ചു. അഴിമതി കേസ്സുകളും ആർ.എസ്.എസ്.-ന് എതിരെയുള്ള കേസ്സുകളും പിൻവലിക്കുന്നതിൽ പ്രത്യേക നൈപുണ്യമാണ്, അതിൽ കലാകാരന്മാരാണ് നിങ്ങൾ. അത് നിങ്ങൾ തുടരുകയാണ്. പാലാരിവട്ടം പാലം അഴിമതി മുതൽ ഒരുപാടുണ്ട്. മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും എതിരെയുള്ള അഴിമതിയുടെ പരമ്പരതന്നെ നിങ്ങളുടെ ഭരണകാലത്തുണ്ടായതാണ്. അന്നത്തെ മന്ത്രിമാരിൽ പലരും വിജിലൻസ് അന്വേഷണം നേരിടുന്നുമുണ്ട്. നിങ്ങളുടെ ഭരണകാലത്ത് കൺസൾട്ടൻസികളുടെ എണ്ണം എത്രയാണ്; അതിന്റെ സ്ഥിതി എന്താണ്? നിങ്ങളുടെ ഓരോ പ്രോജക്ടിലും 10-20 കൺസൾട്ടൻസികൾ ഉണ്ടായിട്ടുണ്ട്. P.W.C. നിങ്ങളുടെ കാലത്തുമുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നിങ്ങൾ ഒരു കൺസൾട്ടൻസിയെ നിയമിച്ചു. അതിൽ അഴിമതിയുണ്ടെന്നതിന്റെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുകയല്ലേ? വയനാട് വിമാനത്താവളം, എയർ ബസ് പദ്ധതി തുടങ്ങി യാഥാർത്ഥ്യമാകാത്ത പദ്ധതിയുടെ പേരിൽ കൺസൾട്ടൻസിയെ ഏർപ്പെടുത്തിയതിന് എത്ര കോടി രൂപയാണ് കൊടുത്തതെന്നുകൂടി പറയണം. അതുംകൂടി നമുക്ക് ചർച്ച ചെയ്യാം. ഈ സർക്കാരിന്റെ ഭരണകാലത്ത് അത്തരത്തിലുള്ള ഒരു കാര്യവും നടത്താൻ കഴിയില്ല. നിപ, ഓഖി, പ്രളയം തുടങ്ങിയ പ്രശ്നങ്ങളൊക്കെ വന്നപ്പോൾ പരിഷ്കൃത ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായുള്ള പ്രതിപക്ഷത്തിന്റെ ധർമ്മം നിങ്ങൾ നിർവ്വഹിച്ചോ? മനുഷ്യരാശി നേരിട്ടിട്ടുള്ള മഹാദുരന്തങ്ങളുടെ മുഖത്ത് സംസ്കാരശൂന്യമായ രാഷ്ട്രീയ സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. നിപയുടെ രക്തസാക്ഷി സിസ്റ്റർ ലിനിയുടെ കുടുംബത്തെ നിങ്ങൾ ആക്ഷേപിച്ചില്ലേ; അക്രമത്തിന് ഇറങ്ങിത്തിരിച്ചില്ലേ? ഈ സഭയിൽ മുൻ അംഗവും ഇപ്പോൾ എം.പി.-യുമായിരുന്ന ആൾ പ്രളയ ദുരിതാശ്വാസത്തിന് ഒരു പൈസപോലും കൊടുക്കരുതെന്ന് ഇവിടെ മാത്രമല്ല, വിദേശത്ത് പ്രവാസികളുടെ മീറ്റിംഗ് വിളിച്ച് പറഞ്ഞില്ലേ; സാലറി ചലഞ്ച് പൊളിക്കാൻ സാധ്യമായതെല്ലാം നിങ്ങൾ ചെയ്തില്ലേ? ആറ് ദിവസത്തെ ശമ്പളം മാറ്റിവയ്ക്കണമെന്ന പ്രശ്നം വന്നപ്പോൾ അതിന്റെ ഉത്തരവ് നിങ്ങളുടെ അദ്ധ്യാപക സംഘടനകൾ കത്തിച്ചു.

സാർവ്വദേശീയ പ്രശംസ നേടിയ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ കൊവിഡ് റാണി, നിപ രാജകുമാരി തുടങ്ങി പല പേരുകൾ പറഞ്ഞ് ആക്ഷേപിച്ചു, മീഡിയമാനിയ പറഞ്ഞ് ആക്ഷേപിച്ചു. ഇതിനെ പരാജയപ്പെടുത്താൻ സാധ്യമായതെല്ലാം നടത്തി. വിദേശത്തുനിന്ന് ആളുകളെ കൊണ്ടുവരുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഇടപെടലുണ്ടായിരുന്നു. അദ്ദേഹം ഫോൺ വിളിച്ച് ഏർപ്പെടുത്തിയ ചിലയാളുകൾ സോഷ്യൽ മീഡിയയിൽ വന്നില്ലേ. വിദേശത്തുനിന്ന് ആളുകളെ കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ അട്ടിമറിക്കാൻ സാധ്യമായതെല്ലാം ചെയ്തു.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പ്രദീപ്കുമാർ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം ഫോൺ വിളിച്ച കാര്യംകൂടി പറയാതിരിക്കാൻ കഴിയില്ല. പ്രവാസികളെ സുരക്ഷിതമാക്കാൻ അദ്ദേഹം മഹാദേവനേയും ഉസ്മാനേയും വിളിച്ചു. ആ സമയത്ത് മഹാദേവൻ ചെങ്ങന്നൂരിലെ വീട്ടിലിരിക്കുകയാണ്. ഉസ്മാൻ ആദ്യത്തെ വിമാനം കയറി നാദാപുരത്തെ പാറക്കടവിലെ വീട്ടിലെത്തി. ഇവരെയാണ് ഫോണിലൂടെ ഏൽപ്പിച്ചത്. വെറുതെ ഈവന്റ് മാനേജ്മെന്റ് ടീം എന്നുപറഞ്ഞ് പൈസ ചെലവഴിച്ച് പൊട്ടന്മാരെ ഏൽപ്പിച്ച് അവർ പറയുന്നത് കേട്ട് രാഷ്ട്രീയ രംഗത്ത് *മാറിക്കൊണ്ടിരിക്കുകയാണ് കേരളത്തിന്റെ പ്രതിപക്ഷ നേതാവ്. ഏറ്റവും ഒടുവിൽ മഹാദുരന്തം സംഭവിച്ച സ്ഥലത്തും, ദുരന്ത മുഖത്തെല്ലാം***** കരിപ്പൂർ ദുരന്തമുണ്ടായപ്പോൾ അവിടെ വന്ന് സെൽഫി എടുത്ത് പോയി.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ****** വിളിച്ചാണ് അദ്ദേഹം ആക്ഷേപിച്ചത്. ഇതെല്ലാം അങ്ങോട്ടുമിങ്ങോട്ടും വിളിക്കാം. അദ്ദേഹം അത് പിൻവലിക്കണം. അല്ലെങ്കിൽ അങ്ങ് ദയവായി രേഖയിൽ നിന്ന് നീക്കം ചെയ്യണം. കാരണം, അങ്ങനെ ചെയ്തില്ലെങ്കിൽ ഇനി സംസാരിക്കുന്നവരും ഇത്തരം വാക്കുകൾ ആവർത്തിക്കും. അത് ഈ സഭയുടെ അന്തസ്സിന് നല്ലതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഈ അംഗത്തിനോട് ഈ വാക്ക് പിൻവലിക്കാൻ പറയണം. അദ്ദേഹം പിൻവലിച്ചില്ലെങ്കിൽ അങ്ങ് ഇത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: അന്തസ്സിന് നിരക്കാത്ത പദപ്രയോഗങ്ങൾ രേഖയിൽ ഉണ്ടാകില്ല. ശ്രീ. മാത്യു ടി. തോമസ്... അങ്ങ് കൺക്ലൂഡ് ചെയ്യു. അങ്ങ് മൂന്ന് മിനിട്ട് അധികമായി എടുത്തു.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇനി ശ്രീ. ജെ. പി. നഡ്ഡയോടൊപ്പം എപ്പോൾ സെൽഫി എടുക്കുന്ന എന്ന കാര്യം മാത്രമേ നോക്കേണ്ടതുള്ളൂ.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. ക്രിസ്തുദേവന്റെ പരിശുദ്ധ ശുശ്രൂഷയുടെ കാലഘട്ടത്തിൽ പരീശന്മാരിൽനിന്നും നയപ്രമാണിമാരിൽനിന്നും കൊടിയ പീഡനം അനുഭവിക്കേണ്ടിവന്ന സമയത്ത് ആ യാതനകണ്ട് കരഞ്ഞുകൊണ്ടുനിന്ന സ്ത്രീ സമൂഹത്തോട് ക്രിസ്തുദേവൻ പറയുന്നത്, "ജറുസലേം പുത്രിമാരെ, നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ" എന്നാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ പ്രമേയം അവതരിപ്പിച്ചു. ഇവിടെ നിങ്ങൾ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. അതിനെ ഞങ്ങൾ കൈകാര്യം ചെയ്യും. ഡൽഹിയിൽ നിങ്ങളുടെ അഖിലേന്ത്യാ പ്രസിഡന്റിനെതിരെ മുതിർന്ന 23 കോൺഗ്രസ് നേതാക്കൾ ഒപ്പിട്ട അവിശ്വാസ പ്രമേയത്തെച്ചൊല്ലി നിങ്ങളിപ്പോൾ കരയുകയാണ്. എന്റെ നാട്ടുകാരനായ ശ്രീ. പി. ജെ. കുര്യനും ശ്രീ. ഗുലാം നബി ആസാദും ഉൾപ്പെടെയുള്ള 23 നേതാക്കൾ അഖിലേന്ത്യാ പ്രസിഡന്റിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. പ്രതിപക്ഷത്തിന് ഇപ്പോൾ എന്തുപറ്റി? പ്രതിപക്ഷത്തിന് ഫോബിയ പിടിപെട്ടിരിക്കുകയാണ്. അതിന് പറയുന്ന പേര് "ടി.ബി ഫോബിയ" എന്നാണ്. ടി.ബി ഫോബിയ എന്താണെന്ന് ഞാൻ അന്വേഷിച്ചു. "തുടർഭരണ ഫോബിയ" എന്നാണ്. എൽ.ഡി.എഫ്.-ന്റെ തുടർഭരണം ഇവിടെയുണ്ടാകാൻ പോകുന്നുവെന്ന ഭയപ്പാടിലും വെപ്രാളത്തിലും എന്തെല്ലാം കൃത്രിമം കാണിക്കാമോ അതൊക്കെ കാണിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളെപ്പോലെയാണ് നിങ്ങളും എന്നുപറയാനാണ് ഇപ്പോൾ അവർ ശ്രമിക്കുന്നത്. ഞങ്ങളേക്കാൾ മോശമാണെന്നല്ല, ഞങ്ങളെപ്പോലെയാണ് നിങ്ങളും എന്നുപറയാനുള്ള ശ്രമമാണ് ബി.ജെ.പി.യും കോൺഗ്രസ്സും ചില മാധ്യമങ്ങളുടെ സഹായത്തോടെ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. 1980-കളിൽ തിരുവനന്തപുരം മൃഗശാലയിൽ ഒരു ചിമ്പാൻസി കുരങ്ങ് വന്നു. മലയാള സിനിമയിലെ ഒരു സൂപ്പർസ്റ്റാർ അതിനെ കാണാൻ മൃഗശാലയിൽ പോയി. ഈ സൂപ്പർ സ്റ്റാർ എന്നെപ്പോലെയാണല്ലോ ഇരിക്കുന്നതെന്ന് ആ ചിമ്പാൻസി കുരങ്ങ് ധരിച്ചു. ഏതാണ്ട് അതേ അവസ്ഥയിലാണ് ഇപ്പോൾ യു.ഡി.എഫ്., ഞങ്ങളെപ്പോലെയാണ് എൽ.ഡി.എഫ്. എന്ന് നാട്ടിൽ പ്രചരിപ്പിച്ചുകൊണ്ട് ടി.ബി ഫോബിയയുടെ ഭാഗമായി പുകമറ സൃഷ്ടിക്കാനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ചില സംഭവങ്ങളുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിലുണ്ടായ ചില സംഭവങ്ങളുമായി താരതമ്യപ്പെടുത്താനാണ് മാധ്യമങ്ങളുടെ പിന്തുണയോടെ ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ശ്രമിച്ചുകൊണ്ടി

രിക്കുന്നത്. എങ്ങനെ അതിനെ താരതമ്യപ്പെടുത്താൻ കഴിയും. അവരുടെ ഗവൺമെന്റുതന്നെ നിയമിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ട് ഈ സഭയിൽ വായിക്കാൻ കഴിയുമോ; ആ റിപ്പോർട്ട് പൊതുസ്ഥലത്തു പരസ്യമായി വായിച്ചാൽ കൊറോണ വൈറസ്പോലും ഓടിയൊളിക്കുന്ന അവസ്ഥാവിശേഷമല്ലേ; അതുപോലെയാണോ ഇന്നത്തെ സ്ഥിതി? ഇന്ന് ഒരു നായികയെ ചുറ്റിപ്പറ്റി സർക്കാരിനെതിരെ നീക്കം നടത്താൻ ശ്രമിക്കുന്നവർ ഓർക്കണം. 2015-ൽ ഒരു അന്വേഷണം നടത്താൻ ഞങ്ങൾക്ക് എന്തെല്ലാം സമരങ്ങൾ നടത്തേണ്ടിവന്നു. സെക്രട്ടേറിയേറ്റ് ഉപരോധത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾ പങ്കെടുത്തപ്പോൾ ജുഡീഷ്യൽ എൻക്വയറി എന്നുപറഞ്ഞ് സമരം അവസാനിപ്പിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, ആ ജുഡീഷ്യൽ എൻക്വയറിയിൽ എന്റെ ഓഫീസ് എങ്ങനെ വരുമെന്നാണ്. ഇന്നത്തെ മുഖ്യമന്ത്രി എന്താണ് ചെയ്തത്? സ്വർണ്ണക്കടത്ത് കേസ് സംസ്ഥാന ഗവൺമെന്റിന് ഒരു തരത്തിലും ബന്ധമില്ലാത്ത ഒരു ഏർപ്പാടാണ്. സ്വർണ്ണക്കടത്ത് കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കേണ്ടതാണ്. വിമാനത്താവളം കേന്ദ്ര ഗവൺമെന്റിന്റെയും അവിടത്തെ സെക്യൂരിറ്റി സി.ആർ.പി.എഫ്.-ന്റെയും കീഴിലാണ് വരുന്നത്. അതന്വേഷിക്കുന്ന കസ്റ്റംസ് വകുപ്പുമായും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമായും ഒരു തരത്തിലും ബന്ധമില്ലാഞ്ഞിട്ടും ഏതന്വേഷണവും ആകട്ടെയെന്ന് പറയുക മാത്രമല്ല, കേരള മുഖ്യമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു. ഏതന്വേഷണം നടത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പിന്തുണ നൽകാൻ തയ്യാറാണെന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്? ഞങ്ങൾക്കൊന്നും ഒളിപ്പിക്കാനില്ല എന്നുള്ളതാണ്. ഏതന്വേഷണവും നടത്തിക്കൊള്ളാൻ പറഞ്ഞത് ആരോടാണ്? പ്രതികാരബുദ്ധിയോടെ ഈ സംസ്ഥാനത്തെ കണ്ടുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനോടാണ് പറഞ്ഞത്. പല രൂപത്തിലും സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുകയല്ലേ? ആ ബുദ്ധിമുട്ടിക്കലിന്റെ സമയത്ത് പ്രതിപക്ഷം കേരളത്തിനുവേണ്ടി സംസാരിക്കാൻ വന്നിട്ടുണ്ടോ? പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നു, അർഹതപ്പെട്ട ജി.എസ്.ടി. വിഹിതംപോലും നൽകുന്നില്ല, അരി തരുന്നില്ല. ഏതുവിധേനയും എൽ.ഡി.എഫ്. ഭരിക്കുന്ന കേരളത്തെ ദ്രോഹിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ ഏജൻസികളായ കസ്റ്റംസോ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റോ, എൻ.ഐ.എ.-യോ ആകട്ടെ ഏതന്വേഷണവും നടത്തുക എന്നുപറഞ്ഞ് പിന്തുണ കൊടുക്കുന്നതിന് കേരളത്തിലെ ഗവൺമെന്റ് തയ്യാറാകുമ്പോൾ ഈ വിഷയത്തിൽ ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന് ഒന്നും ഒളിപ്പിക്കാനില്ലെന്ന് വ്യക്തമായി ക്കഴിഞ്ഞിരിക്കുകയാണ്. സ്ഥിരമായി മുഖ്യമന്ത്രി നിങ്ങളോട് ചോദിക്കുകയല്ലേ? നിങ്ങളെന്തിനാണ് വേവലാതിപ്പെടുന്നത്. ശ്രീ. വി. ഡി. സതീശൻ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഒരു കെട്ടകാലമെന്നാണ്. അങ്ങനെ പറയാൻ

പാടില്ല. നാട്ടിൽ ദുരന്തങ്ങളുടെ ഒരു പട്ടികയുണ്ടാകുന്നുണ്ട്. ഈ സമയത്ത് എം.എൽ.എ. ആയത് ദുര്യോഗമാണെന്ന് ഇപ്പോൾ ചിലയാളുകൾ പറയുന്നുണ്ട്. അങ്ങനെയല്ല, നാട്ടിലൊരു പ്രശ്നമുണ്ടാകുമ്പോൾ അതിനെ അഭിമുഖീകരിക്കാൻ ജനതയെ സജ്ജമാക്കാനുള്ള നിയോഗം നമുക്കാണ്. ഈ കാലഘട്ടത്തിൽ നിരന്തരമായി ബുദ്ധിമുട്ടുകളുണ്ടായി. വരൾച്ച, നിപ, ഓഖി, 2018-ലും 2019-ലും 2020-ലും വെള്ളപ്പൊക്കം, 2020-ൽ കൊവിഡ്-19 വ്യാപനമൊക്കെയുണ്ടായി. ഈ ദുരന്ത കാലഘട്ടങ്ങളിൽ ശ്രീ. പിണറായി വിജയനായിരുന്നില്ല കേരളത്തിലെ മുഖ്യമന്ത്രിയെങ്കിൽ എന്ത് സംഭവിക്കുമായിരുന്നുവെന്ന് ചോദിക്കുന്ന ശരാശരി മലയാളിയുടെ വികാരം ഇവിടത്തെ കോൺഗ്രസ്സുകാർക്ക് മനസ്സിലാകുന്നില്ല. 2016-നുശേഷം ക്ഷേമപ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും എന്തെല്ലാം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ക്ഷേമപെൻഷനുകൾ 600 രൂപയിൽനിന്നും 1300 രൂപയായി വർദ്ധിപ്പിച്ചില്ലേ? വെള്ളപ്പൊക്കക്കാലത്ത് ബുദ്ധിമുട്ട് അനുഭവിച്ചവർക്ക് 10,000 രൂപ വീതം കൊടുത്തില്ലേ? വൻകിട പദ്ധതികൾ, ഗെയിൽ പൈപ്പ് ലൈൻ, കൂടംകുളം ലൈൻ, മലയോര ഹൈവേ, ദേശീയ ഹൈവേ, ഹൈസ്പീഡ് റെയിൽവേ, ദേശീയ ജലപാത എന്നിങ്ങനെ പോകുന്നു.

ചെറുപ്പക്കാരുടെ വികാരം അറിയുന്നുണ്ടോയെന്ന് ചോദിച്ചു. 2018-ലെ എക്കണോമിക് റിവ്യൂവിൽ 2015-16-ലെ അൺ-എംപ്ലോയ്മെന്റ് ശതമാനം 12.5 ആണ്. 2019-ലെ എക്കണോമിക് റിവ്യൂവിൽ 2017-18 ആയപ്പോൾ അത് 11.4 ശതമാനമായി കുറഞ്ഞുവെന്ന് പറയുന്നു. അതിനുശേഷമുള്ള കണക്കുകൾ പ്ലാനിംഗ് ബോർഡിൽ ലഭ്യമല്ല. എന്നാൽ CMIE (സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമി) പറയുന്നത്, 2020 ജൂലൈ മാസത്തിലെ കണക്കനുസരിച്ച് 7 ശതമാനമായി അൺ എംപ്ലോയ്മെന്റ് കുറഞ്ഞിരിക്കുന്നുവെന്നാണ്.

ആർദ്രം, ഹരിത കേരളം തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. നെൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു. 3860 കോടി രൂപയുടെ സുഭിക്ഷ കേരളം പദ്ധതി കൊണ്ടുവരാൻ കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്ത് 45000 ക്ലാസ്സ് മുറികൾ ഹൈടെക്കായി. 5 ലക്ഷം കുട്ടികൾ പൊതുവിദ്യാഭ്യാസ മേഖലയിൽ വർദ്ധിച്ചു. 141 സ്കൂളുകൾക്ക് അഞ്ച് കോടി രൂപ വീതം കൊടുത്തുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. മൂന്ന് കോടി രൂപ വീതം 395 സ്കൂളുകൾക്കും ഒരു കോടി രൂപ വീതം 444 സ്കൂളുകൾക്കും നൽകി. ലൈഫ് മിഷനിൽ ഉൾപ്പെടുത്തി രണ്ടേകാൽ ലക്ഷം വീടുകൾ പൂർത്തീകരിച്ചു. ഇപ്പോൾ ഏതാണ്ട് 140 വീടുകളെ സംബന്ധിച്ചാണ് വലിയ ആക്ഷേപം ഉന്നയിച്ച് പുകമറ സൃഷ്ടിക്കുന്നത്. രണ്ടേകാൽ ലക്ഷം വീടുകൾ പൂർത്തീകരിച്ചു കഴിഞ്ഞു;

വികസനരംഗത്തും മുന്നേറിക്കൊണ്ടിരിക്കുകയാണ്.അഴിമതിയില്ലാതെ ഗവൺമെന്റ് ഭരിച്ചുകൊണ്ടിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയുമായി ബന്ധപ്പെട്ട് കേസ്സില്ലാത്ത മന്ത്രിമാരുണ്ടായിരുന്നോ? അഴിമതിക്ക് മാത്രമല്ല കള്ളപ്പണം വെളുപ്പിക്കാൻ ശ്രമിച്ചതിനുപോലും കേസ്സുണ്ടായിരുന്നു. ഇന്ന് അതൊന്നുമില്ലെന്ന് ജനം തിരിച്ചറിഞ്ഞിരിക്കുന്നു. നെത്തോലി ഒരു ചെറിയ മീനല്ലെന്ന് പറയാറുണ്ട്. നെത്തോലി തിമിംഗലത്തെ വിഴുങ്ങിയെന്ന് ഒരുപക്ഷേ, യു.ഡി.എഫ്.-ന് നാട്ടുകാരെക്കൊണ്ട് വിശ്വസിപ്പിക്കാൻ കഴിഞ്ഞേക്കും. അണ്ണാൻകുഞ്ഞ് പിടിയാനയെ ബലാത്കാരമായി കീഴ്പ്പെടുത്തിയെന്നും വിശ്വസിപ്പിക്കാൻ കഴിഞ്ഞേക്കും. പിണറായി വിജയൻ സർക്കാർ അഴിമതി നടത്തിയെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ അരിയാഹാരം കഴിക്കുന്ന ആരെയും കിട്ടുകയില്ല എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

1.00 PM]

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ അവിശ്വാസ പ്രമേയം കാലോചിതവും ചരിത്രപരവും അതോടൊപ്പം ഏറ്റവും പ്രസക്തവുമാണ്. പിണറായി വിജയൻ സർക്കാരിന്റെ ഭരണപരാജയത്തിന്റെ മുഴുനീളചിത്രം അനാവരണം ചെയ്യുന്നതാണ് ഈ അവിശ്വാസ പ്രമേയം. അതുകൊണ്ടുതന്നെ ഈ അവിശ്വാസ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഈ സർക്കാരിന് ഭൂരിപക്ഷമുണ്ടെന്നുള്ളത് കേവലം സാങ്കേതികമാണ്. അസംബ്ലി തെരഞ്ഞെടുപ്പിൽ 91 സീറ്റുണ്ടായിരുന്ന എൽ.ഡി.എഫ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേവലം പതിനാറ് സീറ്റിലേയ്ക്ക് ചുരുങ്ങി. അതിൽനിന്നും കേരള ജനത എങ്ങനെ ചിന്തിക്കുന്നുവെന്ന മറുപടി കിട്ടിയിട്ടുണ്ട്. 123 സീറ്റുകളിൽ യു.ഡി.എഫ്. ആണ് മുന്നിൽ. ജനപിന്തുണ നഷ്ടപ്പെട്ടതിന്റെ മറ്റ് പ്രത്യേക തെളിവ് അന്വേഷിച്ച് പാഴൂർ പടിപ്പുരയിലൊന്നും പോകേണ്ടതില്ല. ഞങ്ങളുടെ അവിശ്വാസംകൊണ്ട് പിണറായി സർക്കാർ രാജിവയ്ക്കുമെന്ന് വിചാരിച്ചല്ല ഈ അവിശ്വാസ പ്രമേയം ഉന്നയിക്കുന്നത്. കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലും നഗരപ്രദേശങ്ങളിലും ജനങ്ങൾ അവരുടെ മനസ്സിൽ ഒരു അവിശ്വാസം പാസ്സാക്കിയിട്ടുണ്ട്; ആ ചുവരെഴുത്ത് വായിച്ചാൽ അങ്ങേയ്ക്ക് നല്ലത് എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. പല മന്ത്രിമാരും എപ്പോഴാണ് ജയിലിൽ പോകുന്നതെന്ന് ഭയന്നാണിരിക്കുന്നത്. അവരുടെ കുടുംബാംഗങ്ങൾ ആത്മഗതം പറയുകയാണ്. എം. ശിവശങ്കർ കൊണ്ടുവന്ന കടലാസിന് തുല്യംചാർത്തുന്നതിനുമുമ്പ് അങ്ങയുടെ സഹപ്രവർത്തകൻ ശ്രീ. ജി. സുധാകരനോടെങ്കിലും ഒന്ന് ചോദിക്കേണ്ടതായിരുന്നില്ലേ; ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ ഭാവി തകർത്ത പി.എസ്.സി.-യെ സർക്കാർ നോക്കുകുത്തിയാക്കി. ചെറ്റക്കുടിലുകളുടെ പിച്ചക്കാശ് അടിച്ചുമാറ്റി ലൈഫിനെ

നിങ്ങൾ ഡെത്താക്കി; സാമ്പത്തിക രംഗം താറുമാറാക്കി; കർഷകരുടെ പ്രതീക്ഷ തകർത്തു; കൃപേഷിനേയും ശരത് ലാലിനേയും പോലെയുള്ള ചെറുപ്പക്കാരുടെ കൊലയാളികളെ രക്ഷിക്കാൻ കോടികൾ കൊടുത്ത് ഡൽഹിയിൽനിന്നും വക്കീലന്മാരെ കൊണ്ടുവന്ന് കൊലയാളികൾക്ക് കൂട്ടുനിന്നു. കയർ, കൈത്തറി, കശുവണ്ടി മേഖലകൾ തകർത്തു; കൊവിഡ്-19 കാലം കൊള്ളക്കാലമാക്കി മാറ്റി; പ്രളയ ഫണ്ടും ട്രഷറി തട്ടിപ്പും മുഖമുദ്രയാക്കി; പ്രളയക്കിറ്റും ഓണക്കിറ്റും ചക്കരക്കുടത്തിൽ കയ്യിടാനുള്ള അവസരമാക്കി; സ്പ്രിംഗ്ലർ മുതൽ ലൈഫ് മിഷൻവരെ എണ്ണമറ്റ തട്ടിപ്പുസംഘങ്ങളുടെ നെടുനായകത്വം ഏറ്റെടുത്ത് വിളങ്ങി നിൽക്കുന്ന മന്നവേന്ദ്രനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാറിയിരിക്കുന്നു. ക്യാബിനറ്റ് യോഗങ്ങൾ വെറും ചടങ്ങുകളായി; മന്ത്രിമാരിൽ പലരും തൊമ്മികളും വിധേയരുമായി. ഇത്തരമൊരു സർക്കാരിനെ വിശ്വാസത്തിലെടുക്കാൻ ആർക്ക് കഴിയുമെന്നതാണ് അവിശ്വാസ പ്രമേയത്തിന്റെ പൊരുൾ. സ്പെയ്സ് പാർക്ക് പദ്ധതിക്ക് ഐ.എസ്.ആർ.ഒ.യും ശ്രീ. എം. ശിവശങ്കറും തമ്മിലുണ്ടാക്കിയ കരാർ എന്താണെന്ന് അങ്ങ് അന്വേഷിച്ചോ? അവിടെ രണ്ടുപേരും ഒരുമിച്ചുപോയത് എന്തിനാണെന്ന് അന്വേഷിച്ചോ; സി.പി.ഐ.-യുടെ മുഖപത്രമായ ജനയുഗം റിപ്പോർട്ട് ചെയ്ത വാർത്ത അങ്ങ് വായിച്ചോ? സ്വപ്നാ സുരേഷിന്റെ ഫ്ലാറ്റിൽ എം. ശിവശങ്കർ പോയതിനെപ്പറ്റി പൂജപ്പുര പോലീസിൽ മ്യൂസിയം എ.സി.-ക്ക് പരാതിയുണ്ടായിരുന്ന വിവരം അങ്ങ് അറിഞ്ഞോ; ഈ വിവരം അങ്ങയെ അറിയിച്ചില്ലെങ്കിൽ ഇന്റലിജൻസിന്റെ മേധാവിയെ നിങ്ങൾ പുറത്താക്കുമോ; നിങ്ങൾ അറിഞ്ഞുകൊണ്ട് കള്ളം നടിക്കുകയാണ്. ഈ ചക്രവ്യൂഹത്തിൽനിന്നും നിങ്ങൾക്ക് പുറത്തുപോകാൻ കഴിയില്ല. ഒരു വിദേശകാര്യ മന്ത്രി സ്വന്തം മന്ത്രിസഭയിലുള്ള ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രിയാണ് അങ്ങ്. അദ്ദേഹം ഇപ്പോൾ വിശുദ്ധ ഖുർആനുമായി തെക്കോട്ടും വടക്കോട്ടും നടക്കുകയാണ്. ജാതിയും മതവും ഇത്ര പച്ചയായി പറഞ്ഞ് ഒരു സഹപ്രവർത്തകൻ രാഷ്ട്രീയം കളിക്കുമ്പോൾ, അരുതെന്ന് പറയാൻ നിങ്ങൾ എവിടെപ്പോയി? ശിഖണ്ഡിയെ മുൻനിർത്തി യുദ്ധം ചെയ്ത് തന്നെ തോൽപ്പിക്കാൻ അർജ്ജുനനെ ഉപദേശിച്ച ഭീഷ്മരെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ അദാനി മാമനോട് മരുമകളെ മുൻനിർത്തി എന്നെ തോൽപ്പിക്കൂ എന്നുപറഞ്ഞ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെപ്പറ്റി ആദ്യമായി ഞങ്ങൾ കേൾക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം അക്കൽദാമയായി. യേശുവിനെ ഒറ്റുകൊടുത്ത ചില്ലിക്കാശ് യൂദാസ് വലിച്ചെറിഞ്ഞ കേന്ദ്രമാണ് അക്കൽദാമയെന്ന് നിങ്ങൾ ഓർക്കണം. 'കടക്ക് പുറത്ത്' എന്ന് മാധ്യമങ്ങളോട് പറയുന്ന മുഖ്യമന്ത്രി, 'വരൂ അകത്തേയ്ക്ക്, തട്ടിപ്പുകാരെ വരൂ' എന്നുപറയുന്നു. അവർ ക്ലിഫ് ഹൗസിലും സെക്രട്ടേറിയറ്റിലും മുഖ്യമന്ത്രിയുടെ ഓഫീസിലും കയറി മേയുകയാണ്. എം. ശിവശങ്കർ താങ്കളെ ബ്ലാക്ക്മെയിൽ ചെയ്യുന്നുണ്ടോ;

അരുതാത്ത എന്തെങ്കിലും രഹസ്യം എം. ശിവശങ്കറിന്റെ കൈയിലുണ്ടോ; അത് പുറത്തുവിടുമെന്ന് നിങ്ങൾ പേടിക്കുന്നുണ്ടോ? ആ ഭയമല്ലേ ഇത്ര ചീഞ്ഞ് നാറിയിട്ടും എം. ശിവശങ്കറിനെ സംരക്ഷിക്കുന്ന നിങ്ങളുടെ നടപടി. അവിശ്വാസം കഴിയുമ്പോൾ ജനങ്ങളുടെ പിന്തുണ വർദ്ധിക്കും. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ; അപ്പുറത്തിരിക്കുന്ന, ആർത്തുല്ലസിച്ചിരിക്കുന്നവരിൽ മോഹമുക്തരായ ആരെങ്കിലുമുണ്ടെങ്കിൽ വിളിച്ച് പറയണം: 'മിസ്റ്റർ പിണറായി നിങ്ങൾ നഗ്നനാണ് ' എന്ന്. അങ്ങനെ പറയാൻ ആണത്തമുള്ളവരെ ഞങ്ങൾ വെല്ലുവിളിക്കുന്നു.

പ്രിയപ്പെട്ടവരെ, ഇവിടെ നിങ്ങൾ അറിയേണ്ട ഒരു വസ്തുതയുണ്ട്; ലാവ്ലിൻ പറഞ്ഞ് എന്നെ പേടിപ്പിച്ചതാണെന്ന് ഇവിടെ പറഞ്ഞു. ഞങ്ങളല്ല ലാവ്ലിൻ കൊണ്ടുവന്നത്; അങ്ങയുടെ നേതാവ് ഇ. ബാലാനന്ദനാണ്. നിങ്ങൾ ബി.ജെ.പി.-ക്ക് എതിരാണോ; നിങ്ങൾ ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ബി.ജെ.പി.-ക്ക് എതിരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോയിട്ടുണ്ടോ? ശ്രീ. സീതാറാം യെച്ചൂരിയെ പാർലമെന്റിൽ കൊണ്ടു വരാമെന്ന് പറഞ്ഞിട്ട് നിങ്ങൾ പരാജയപ്പെടുത്തിയില്ലേ; ആ നിങ്ങളാണോ ബി.ജെ.പി.-യെപ്പറ്റി പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കുന്നത്. നിങ്ങൾ ഒരു കാര്യം ഓർമ്മിക്കണം. ശ്രീ. എൽ. കെ. അദ്വാനിയുടെ ' My Country My Life' എന്ന പുസ്തകത്തിന്റെ 444-ാം പേജ് വായിക്കണം. ചൊവ്വാഴ്ചകളിലെ അത്താഴവിരുന്ന് നിങ്ങളുടെ നേതാക്കൾ ഒന്നിച്ചിരുന്ന് കഴിച്ചതാണ്. ഗാന്ധിവധത്തെത്തുടർന്ന് ജനപിന്തുണ നഷ്ടപ്പെട്ട് പുറത്തിറങ്ങാൻ കഴിയാത്ത സംഘപരിവാറിനെ നിങ്ങളാണ് ഡൽഹിയിൽ കുടിയിരുത്തിയതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കണം. എം. ശിവശങ്കർ അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 166 (3) പ്രകാരം സംസ്ഥാന ഗവർണർമാർ പുറപ്പെടുവിക്കുന്ന Rules of Business in Government കൃത്യതയോടെ പാലിക്കാൻ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ബാധ്യസ്ഥരാണ്. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് എം. ശിവശങ്കറിന്റെ കുറ്റം നിങ്ങളുടെതന്നെ കുറ്റമാണ്. മാനവും മര്യാദയുമുണ്ടെങ്കിൽ നിങ്ങൾ രാജിവച്ച് പുറത്തുപോകണം. സ്വന്തം വകുപ്പുകളിൽ ക്രിമിനൽ സ്വഭാവമുള്ളവരുടെ ക്രമക്കേട് കണ്ടില്ലെന്ന് നടിക്കുന്ന മുഖ്യമന്ത്രീ, അങ്ങാണോ നീതിനിഷ്ഠൻ? കൊവിഡ്-19-നെ പ്രതിരോധിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാരിനുണ്ടായത്. കൊവിഡ്-19 കാലഘട്ടത്തെ, മറുപടി പറയേണ്ടാത്തപ്പോൾ ക്വാറന്റൈനിൽ പോകാനും നിരീക്ഷണത്തിൽ ഇരിക്കാനുമൊക്കെയുള്ള തട്ടിപ്പ് മാധ്യമമാക്കി നിങ്ങൾ മാറ്റി. അതാണ് പ്രധാന കാര്യം. കുടുംബാംഗങ്ങൾക്കെതിരെ ആരോപണം പറയരുതെന്ന് അങ്ങ് പറഞ്ഞു. ഇത് (ഒരു കടലാസ് ഉയർത്തിക്കാണിച്ചു) 1995-ൽ കെ. കരുണാകരന്റെ

കുടുംബാംഗങ്ങൾക്ക് എതിരെ അങ്ങ് പറഞ്ഞ ആരോപണമാണ്, സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഒരു കാര്യം നിങ്ങൾ ഓർമ്മിക്കണം. അധികാരത്തിന്റെ ഇടനാഴികളിൽ ഒരു കാലൊച്ച കേൾക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇ.എം.എസ്., ചടയൻ ഗോവിന്ദൻ, പി. ജയരാജൻ എന്നിവരുടെ മക്കളെപ്പറ്റി ഞങ്ങൾ പറഞ്ഞിട്ടില്ല. മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിയെപ്പറ്റി ഞങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ വെബ്സൈറ്റ് അപ്രത്യക്ഷമായി; അതോടൊപ്പം ഒരു വിവാദ വ്യവസായിയുടെ പണം അങ്ങോട്ട് ഒഴുകിയെത്തുന്നതിന് ഇടവന്നു; പ്രൈസ്‌വാട്ടർഹൗസ് ക്ലൂപ്പറിന്റെ കൺസൾട്ടന്റിനെ കണ്ടു; ശ്രീ. രവി പിള്ളയുടെ കമ്പനിയിൽ അന്വേഷിച്ചപ്പോൾ മറ്റ് പലതും കണ്ടു. ഇതൊക്കെ അന്വേഷിക്കാൻ ധൈര്യമുണ്ടോ; ഇല്ലെങ്കിൽ എന്റെ പേരിൽ കേസ്സെടുക്കാൻ ധൈര്യമുണ്ടോ? ഇക്കാര്യത്തിൽ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ശ്രീ. രമൺ ശ്രീവാസ്തവയെപ്പറ്റി അങ്ങ് 1991-ൽ പറഞ്ഞത് കൊള്ളരുതാത്ത ശ്രീവാസ്തവയെന്നാണ്. ഇന്ന് മടിയിലെടുത്തുവച്ച് ലാളിക്കുന്നത് എന്തിനാണെന്ന് ഞങ്ങൾക്കറിയാം. പണ്ടൊരു മുദ്രാവാക്യമുണ്ടായിരുന്നു. 'അച്ചുതമേനോൻ കമ്മ്യൂണിസ്റ്റാണോ, അല്ലേയല്ല'; ഇന്ന് കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർതന്നെ വിളിക്കുന്നു, 'പിണറായി വിജയൻ കമ്മ്യൂണിസ്റ്റാണോ, അല്ലേയല്ല'.

ഇവിടെ ഒരു കാര്യംകൂടി ഞാൻ പറയുന്നു; നെല്ല് സംഭരണത്തിന്റെ മറവിൽ അങ്ങ് അദ്ധ്യക്ഷനായി 73 കോടി രൂപയുടെ അഴിമതി നടത്തിയിരിക്കുന്നു. കൃഷി വകുപ്പുമന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും അറിഞ്ഞിട്ടില്ല. 11-1-2018-ൽ അങ്ങയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെടുത്ത തീരുമാനത്തെത്തുടർന്ന് കേരളത്തിലെ 50 വൻകിട മില്ലുകാർക്ക് എഴുപത്തിമൂന്ന് കോടി രൂപയുടെ ലാഭമുണ്ടാക്കി ഖജനാവിന് നഷ്ടം വരുത്തിയിരിക്കുന്നു. നിങ്ങളുടെ വിദേശയാത്രയെപ്പറ്റി പല ചോദ്യങ്ങൾ ഉന്നയിച്ചു. വിദേശയാത്രയുടെ ചോദ്യം ഉന്നയിച്ചാൽ എല്ലാ വിവരങ്ങളും കിട്ടും; കൂടെ അനുഗമിച്ചവരെയും അതോടൊപ്പം ചെലവായ തുകയെയും സംബന്ധിച്ച് ഉന്നയിച്ച ഒൻപത് ചോദ്യത്തിന് ഇതുവരേയും മറുപടി കിട്ടിയിട്ടില്ല. അലൻ-താഹമാരെ നിങ്ങൾ എൻ.ഐ.എ.-ക്ക് കൊടുത്തില്ലേ; നിങ്ങൾ ഏഴ് നക്സലൈറ്റുകളെ വെടിവച്ച് കൊന്നില്ലേ; എവിടെയായിരുന്നു നിങ്ങളുടെ സ്നേഹം? പണ്ട് നിങ്ങൾ പഠിപ്പിച്ച മുദ്രാവാക്യമാണ് ആ പാവങ്ങൾ ഏറ്റുവിളിച്ചത്. 'ശത്രുക്കളെ കൊന്ന് ചോരക്കടൽ മാല ധരിക്കുവിൻ, വാരിക്കുന്തങ്ങളെക്കൊണ്ട് രാജ്യം വെട്ടിപ്പിടിക്കുവിൻ' ആ മുദ്രാവാക്യം നിങ്ങൾ പിൻവലിച്ചോ? അതുകൊണ്ട് സ്വർണ്ണക്കള്ളക്കടത്തുകാരെയും രാജ്യദ്രോഹ പ്രവർത്തകരെയും തട്ടിപ്പുകാരെയും ഉദ്യോഗസ്ഥരെയും നിയന്ത്രിക്കാൻ കഴിയാതെ ചക്രവ്യൂഹത്തിൽ അകപ്പെട്ടിരിക്കുന്ന ഒരു മുഖ്യമന്ത്രിയായി അങ്ങ് തുടരുന്നതിലും നല്ലത് രാജിവച്ച് പുറത്തുപോകേണ്ടതാണ് എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷം കൊണ്ടുവന്ന ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. കഴിഞ്ഞ നാലേകാൽ വർഷമായി കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. സർക്കാർ ഒട്ടേറെ ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. കേരളത്തിന്റെ വികസനത്തിൽ സുസ്ഥിരത കൈവരിക്കുകയും മുന്നോട്ടുള്ള പാതയിൽ എല്ലാ വിഭാഗം ആളുകളെയും ഒപ്പം ചേർക്കുകയും വരുംതലമുറയെ നാളത്തെ വെല്ലുവിളികളെ നേരിടാൻ സജ്ജരാക്കുകയും ചെയ്യുകയെന്ന വിശാലലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ വിവിധ ജനക്ഷേമ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. ഈ സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾ കേരളത്തിലെ ജനസമൂഹം അഭിമാനത്തോടെ പറയുമെന്ന് എനിക്കുറപ്പുണ്ട്. ഈ സർക്കാരിന്റെ കരുത്തനായ സാരഥിയായ ശ്രീ. പിണറായി വിജയനെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷം സർക്കാരിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് കഴമ്പില്ലെന്ന കാര്യം ഓരോന്നോരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തോട് യുക്തമായ ഏജൻസികളെക്കൊണ്ട് അന്വേഷിക്കാൻ കത്ത് നൽകിയത്. ആയത് ഈ സർക്കാരിന്റെ അഴിമതിക്കെതിരായ പോരാട്ടത്തിന്റെ ഉത്തമോദാഹരണമാണ്. കോവിഡ്-19 മഹാമാരിക്കെതിരെ സർക്കാരിന്റെ പ്രവർത്തനത്തോടൊപ്പം ഒരുമിച്ചുനിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള ദൗത്യം ഏറ്റെടുക്കുകയാണ് ഈ സമയത്ത് നാം ചെയ്യേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒട്ടനവധി ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതുകൂടാതെ ചിലത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ലോകത്തിലാദ്യമായി ഈ സർക്കാർ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുവാൻ ആരംഭിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളി. ഈ സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ രംഗം രാജ്യത്തിനുതന്നെ മാതൃകയായിക്കഴിഞ്ഞു. കോവിഡ്-19 കാലയളവിൽ എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത് എടുത്തുപറയത്തക്ക നേട്ടങ്ങളിൽ ഒന്നാണ്. ഈ സർക്കാർ 87.39 ലക്ഷം കാർഡുടമകൾക്ക് 17 ഇനം അവശ്യ സാധനങ്ങളടങ്ങിയ പലവ്യഞ്ജനക്കിറ്റ് സൗജന്യമായി വിതരണം നടത്തി. മാത്രമല്ല, എല്ലാ റേഷൻ കാർഡുടമകൾക്കും ഇപ്പോൾ ഓണക്കിറ്റുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന എന്നത് കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല. കേരളത്തിൽ ഒരിക്കലും നടപ്പിലാക്കാൻ കഴിയില്ലെന്ന് എഴുതിത്തള്ളിയ ഗെയിൽ

പൈപ്പ് ലൈൻ പദ്ധതി, കൊച്ചി മെട്രോയുടെ പൂർത്തീകരണം, കണ്ണൂർ വിമാനത്താവള പൂർത്തീകരണം എന്നിവ ഈ സർക്കാരിന്റെ അഭിമാനകരമായ നേട്ടങ്ങളിൽ ചിലതാണ്.

2,25,000 വീടുകൾ പണിതതുമൂലം കേരളത്തിലെ പാവങ്ങൾക്ക് വീട് എന്ന സ്വപ്നം യാഥാർത്ഥ്യമായി. ഈ സർക്കാർ കാർഷിക രംഗത്ത് വിള ഇൻഷ്വറൻസും നവീന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി റോഡ് വികസന രംഗത്ത് ചരിത്രം സൃഷ്ടിച്ച സർക്കാരാണിത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വം സംസ്ഥാന റോഡ് വികസനത്തിന് അങ്ങേയറ്റത്തെ മുന്നേറ്റമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രതിഫലനം കേരളത്തിന്റെ എല്ലാ റോഡുകളിലും നമുക്ക് കാണാൻ കഴിയും. റോഡുകളുടെയും പാലങ്ങളുടെയും ചിട്ടയായ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരികയാണ്. വിദ്യാഭ്യാസ വകുപ്പിൽ കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാൻ ഈ സർക്കാർ വിവിധ സാധ്യതകളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സൃഷ്ടിക്കപ്പെട്ട സംവിധാനങ്ങൾ വഴി സാധ്യമാക്കിയിരിക്കുന്നത്. ബഹുമാന്യരായ മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനം നൽകിയ പൊതുസർവ്വീസ് എന്ന ആശയം യാഥാർത്ഥ്യമാക്കി. ഇതുവഴി സംസ്ഥാനത്ത് വകുപ്പുകളുടെ ഏകോപനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിലൂടെ നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ കാലതാമസം കുറയ്ക്കുവാൻ കഴിഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിൽ രണ്ട് പ്രാവശ്യമുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ 900 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് ഈ സർക്കാർ കൈവരിച്ചത്. ആരോഗ്യ മേഖലയെ ചലനാത്മകമായ രീതിയിൽ പുനരുദ്ധരിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു. അനേകം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചതും ഇതിൽപ്പെടുന്നു. ഇത്തരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽനിന്നും സൗജന്യ ചികിത്സയും മരുന്നും പാവപ്പെട്ടവർക്ക് സുലഭമായി ലഭിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ പന്ത്രണ്ട് സ്ഥാനങ്ങളും കേരളത്തിന് ലഭിച്ചു. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും കരുതലായി 'അമ്മമനസ്സ്' എന്ന പദ്ധതി നടപ്പാക്കി.

കൂടാതെ 14 ജില്ലകളിലും 'അമൃതം ആരോഗ്യം' പദ്ധതി. മികവ് വർദ്ധിപ്പിക്കുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനുമടക്കം വലിയ ലക്ഷ്യമായി കൊണ്ടുവന്ന ഒന്നാണ് ആർദ്രം മിഷൻ. ഇതെല്ലാം ആരോഗ്യ രംഗത്ത് ഇച്ഛാശക്തിയുള്ള സർക്കാർ നടത്തുന്ന നിരവധി നേട്ടങ്ങളിൽ ചിലതാണ്. നിപ എന്ന മഹാരോഗത്തെ പിടിച്ചുകെട്ടിയതും കൊവിഡ്-19 എന്ന മഹാമാരിക്കെതിരെയുള്ള സർക്കാരിന്റെ സന്ധിയില്ലാ പോരാട്ടവും നാം ഇപ്പോൾ കണ്ടുവരുന്നതാണ്. സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങൾ രോഗപ്രതിരോധത്തിൽ ലോകോത്തര ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണെന്ന് ഞാനിവിടെ എടുത്തുപറയുന്നു എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും ഭക്ഷണത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നാല് വർഷത്തിനുള്ളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന ഒരു രാഷ്ട്രീയ ഗിമ്മിക്കാണ് ബഹുമാന്യനായ വി. ഡി. സതീശൻ കൊണ്ടുവന്ന ഈ അവിശ്വാസപ്രമേയം കൊവിഡ്-19 കാലഘട്ടത്തിൽ എങ്ങനെയെങ്കിലും അധികാരത്തിലേറണം; ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് എങ്ങനെയെങ്കിലും മുഖ്യമന്ത്രിയാകണം എന്നുള്ള വ്യഗ്രതയാണ്; അതിനുവേണ്ടിയാണ് കോൺഗ്രസ്സുകാർ കേരളത്തിൽ ഈ പൊറാട്ട് നാടകം നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളോട് യാതൊരുവിധ സ്നേഹവുമില്ലാത്ത ഒരു രാഷ്ട്രീയ പാർട്ടിയും മുന്നണിയുമാണ്. ചില ബന്ധങ്ങളെ സംബന്ധിച്ച് പറയുന്നു. ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ പ്രസംഗത്തിൽ ചില ബന്ധങ്ങൾ സംബന്ധിച്ച് പറഞ്ഞു. ആർക്കാണ് ബന്ധമില്ലാത്തത്. ആർ.എസ്.എസ്.-മായുള്ള ബന്ധം കോൺഗ്രസ്സുകാർ മറക്കരുത്. അതിന്റെ പ്രധാനപ്പെട്ട ഉദാഹരണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സെക്യൂരിറ്റി ഓഫീസർ ഒരു ആർ.എസ്.എസ്.-കാരനാണെന്നത്. അദ്ദേഹത്തിനെ മാറ്റാൻ കഴിയുമോ? ശ്രീ. നരേന്ദ്ര മോദിയുടെയും ആർ.എസ്.എസ്.-ന്റെയുമെല്ലാം പ്രവർത്തനങ്ങളെ ആ സെക്യൂരിറ്റി ഓഫീസർ വാട്സ്ആപ്പിലൂടെയും ഫെയ്സ് ബുക്കിലൂടെയും ലൈക്ക് ചെയ്യുകയാണ്. അദ്ദേഹം കോൺഗ്രസ്സുകാരനാണോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ആലോചിക്കുന്നത് നന്നായിരിക്കും.

ഇവിടെ ചില കേസുകളെ സംബന്ധിച്ച് അങ്ങ് നേരത്തെ പറഞ്ഞു. ആർ.എസ്.എസ്-ഉം അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. രമേശ്

ചെന്നിത്തലയും നടത്തിയിട്ടുള്ള ചില നാടകങ്ങൾ കേരളം കണ്ടിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടത് ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരായ 18 പേർ പ്രതികളായിട്ടുള്ളൊരു കേസ് അങ്ങ് ഒഴിവാക്കി എന്നതാണ്. അതിന് അങ്ങേയ്ക്ക് മറുപടി പറയാൻ കഴിയുമോ? ഇന്നലെയും മിനിഞ്ഞാന്നും അങ്ങ് പത്രസമ്മേളനത്തിൽ പറയുന്നത് കേട്ടു, അതൊന്നും ഞാനല്ല ചെയ്തതെന്ന്. എന്റെ മുൻഗാമിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് അത് ചെയ്തതെന്നാണ് അങ്ങ് പറയുന്നത്. നെഞ്ചത്ത് കൈവച്ച് ആത്മാർത്ഥമായി പറയണം, ആർ.എസ്.എസ്.-നെ സഹായിക്കുന്നത് കേരളത്തിൽ ആരാണ്? കോൺഗ്രസ്സുകാരന്റെ മുണ്ട് മാറ്റിനോക്കിയാൽ കാവി നിക്കർ കാണാം. അതിനെ സംബന്ധിച്ചൊന്നും ഞങ്ങൾ പറയുന്നില്ല. കോൺഗ്രസ്സുകാരന്റെ മുണ്ട് മാറ്റിനോക്കിയാൽ കാവിക്കൊടിയും കാക്കിനിക്കറും കേരളത്തിൽ കാണാൻ കഴിയും. പകൽ കോൺഗ്രസ് പ്രവർത്തനം, രാത്രിയിൽ ആർ.എസ്.എസ്. പ്രവർത്തനം. അതാണ് കേരളത്തിൽ ഇപ്പോൾ കോൺഗ്രസ്സുകാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ ജനങ്ങളോട് ചില കാര്യങ്ങൾ പറഞ്ഞു. സുസ്ഥിരതയും സമഗ്ര വികസനവും സംസ്ഥാനത്തുണ്ടാകണം. ഇന്ത്യയിലെ ഏറ്റവും നല്ല വികസന പ്രവർത്തനം നടത്തുന്ന സംസ്ഥാനമായി കേരളം മാറണം. ജനങ്ങൾക്ക് ഞങ്ങൾ നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുകയാണ്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, കൊച്ചി-മംഗലാപുരം ലൈൻ, 410 കിലോമീറ്റർ ദേശീയപാതാ വികസനം, എല്ലാ പഞ്ചായത്തുകളിലും കിഫ്ബി പദ്ധതികൾ, ഹൈടെക് സ്കൂളുകൾ ആശുപത്രികൾ പാലങ്ങൾ വൈദ്യുത പദ്ധതികൾ, കുടിവെള്ള പദ്ധതികൾ, തീരദേശ ഹൈവേ, മലയോര ഹൈവേ, വ്യാവസായിക മേഖലയുടെ വളർച്ച, തൊഴിൽ മേഖലയുടെ വളർച്ച, നിരവധി ടൂറിസം പദ്ധതികൾ, ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം, തരിശുരഹിത കേരളം, നെൽവയൽ ഭൂമിയിൽ കൃഷിയിറക്കുന്ന പദ്ധതികൾ തുടങ്ങി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഓഖിയിലും നിപയിലും അതുപോലെ വലിയ പേമാരിയിലും കേരളത്തിന്റെ കപ്പൽ ആടിയുലഞ്ഞപ്പോൾ അതിനെ പിടിച്ചുനിർത്തിയ സർക്കാരാണ്, അതിലെ പ്രധാനപ്പെട്ട കപ്പിത്താനാണ് സഖാവ് പിണറായി വിജയൻ. പ്രതിപക്ഷനേതാവിന്റെ ഓപ്പോസിറ്റ് ഇരിക്കുന്ന സഖാവ് പിണറായി വിജയനാണ് കേരളത്തിന്റെ സമഗ്ര വികസനമാകുന്ന കപ്പലിന്റെ കപ്പിത്താൻ എന്നുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കോവിഡ്-19 കാലഘട്ടത്തിൽ സർക്കാർ നടത്തുന്ന നിരവധി പ്രവർത്തനങ്ങൾ; കോവിഡ്-19 പോസിറ്റീവ് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളം; മരണസംഖ്യ ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളം; സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനവും കേരളംതന്നെ. ഇന്ത്യയിലെ മറ്റ്

സംസ്ഥാനങ്ങൾ നിങ്ങൾ പരിശോധിക്കണം. ഒരു രോഗിയുടെ കയ്യിൽനിന്നും ചികിത്സയ്ക്ക് നാലായിരവും അയ്യായിരവും രൂപ ഈടാക്കുമ്പോൾ കേരള സർക്കാർ അഞ്ച് പൈസ കോവിഡ്-19 പോസിറ്റീവ് കേസ് വന്ന ഒരാളുടെ കയ്യിൽനിന്നും ഈടാക്കുന്നില്ല. അഞ്ചുനേരം സുഭിക്ഷമായ ഭക്ഷണം നൽകുന്നു. എല്ലാവിധ സൗകര്യങ്ങളും ഈ സർക്കാർ അവർക്കുവേണ്ടി ഒരുക്കുകയാണ്. അതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ കൊണ്ടുവന്ന പൊള്ളയായ ഈ അവിശ്വാസ പ്രമേയം കേരളത്തിലെ ജനഹൃദയങ്ങൾ പുച്ഛിച്ചുതള്ളും എന്നുകൂടി ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. നാലേകാൽ വർഷത്തെ അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും പിൻവാതിൽ നിയമനങ്ങളുടെയും ദുർഗന്ധം പേറുന്ന ഒരു സർക്കാരാണ് അധികാരത്തിലിരിക്കുന്നത്. മണൽകടത്ത്, സ്പ്രിംഗ്ലർ ഡാറ്റാ വിവാദം, ബ്രൂവറി ഡിസ്റ്റലറി വിവാദം, പോലീസിന്റെ ക്രൈം ഡാറ്റാ കൈമാറൽ, ബെവ്കോ ആപ്, മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെട്ട സ്വർണക്കടത്ത്, ലൈഫ് മിഷൻ കോഴ, കൺസൾട്ടൻസി, പിൻവാതിൽ നിയമനങ്ങൾ, ഭക്ഷ്യ കിറ്റിലെ ക്രമക്കേട്, തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് കൈമാറുന്ന ഒത്തുകളി തുടങ്ങി പട്ടിക തുടരുകയാണ്. ഇത്രമാത്രം സംശയത്തിന്റെ നിഴലിലായ ഒരു ഗവൺമെന്റ് കേരളത്തിൽ ഉണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് കോവിഡ്-19-നെ അഴിമതിക്കുള്ള ഏറ്റവും വലിയ വേദിയാക്കി മാറ്റിയിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ പി. ആർ. വർക്ക് നടത്തി അന്താരാഷ്ട്ര മാധ്യമങ്ങളിൽവരെ കേരള മോഡൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ നിങ്ങൾ കൊട്ടിഘോഷിച്ചു. അയ്യായിരം മുതൽ പതിനായിരം രോഗികൾവരെ ഇവിടെ ഉണ്ടാകാൻ പോകുന്നുവെന്നാണ് ഇപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. എവിടെയാണ് പാളിച്ച സംഭവിച്ചത്? പ്രവാസികളെ മരണത്തിന്റെ വ്യാപാരികളായി നിങ്ങൾ ചിത്രീകരിച്ചു. രണ്ടരലക്ഷം കിടക്കകൾ ഒരുക്കുമെന്ന് പറഞ്ഞു. ആയിരം കിടക്കകൾ പ്രവാസികൾക്ക് ഒരുക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? സ്നേഹിതരെ, ഇവിടെ അഴിമതിക്കുള്ള വലിയൊരു ഉപാധിയായി കോവിഡ്-19-നെ മാറ്റുമ്പോൾ, ലൈഫ് പദ്ധതിയിലും സപ്ലൈകോയ്ക്ക് കൊടുക്കുന്ന കിറ്റുകളിലുംവരെ ഇവർ കയ്യിട്ട് വാരിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ, അങ്ങ് വടക്കാഞ്ചേരിയിൽ പോകണം, അവിടെയുള്ള നിർമ്മാണപ്രവർത്തനത്തിന്റെ അവലോകനം നടത്തണം. അവിടെ 140 കുടുംബങ്ങൾക്ക് പണിയുന്ന ഫ്ലാറ്റ്, കപ്പക്കോലിന്റെ വലിപ്പമുള്ള നാല് തൂണിലാണ് നിൽക്കുന്നത്. അവിടത്തെ നിർമ്മാണ

പ്രവർത്തനങ്ങൾ അടിയന്തരമായി നിർത്തിവയ്ക്കണം. പി.ഡബ്ല്യു.ഡി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. അങ്ങ് വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിക്കാതെ നിർമ്മാണപ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകാൻ അനുവദിക്കരുത്. 9 കോടി രൂപയുടെ ക്രമക്കേട് അതിൽ നടന്നിട്ടുണ്ടെന്ന ശക്തമായ ആക്ഷേപം വരുമ്പോൾ വിജിലൻസിനെ അന്വേഷണം ഏൽപ്പിച്ചിട്ട് എന്തുകാര്യം? വനംവകുപ്പിലോ, ജലസേചന വകുപ്പിലോ, സിവിൽ സപ്ലൈസിലോ, കൃഷി വകുപ്പിലോ അഴിമതിയുണ്ടെങ്കിൽ വിജിലൻസ് അന്വേഷിക്കും. ഇവിടെ എം. ശിവശങ്കറാണ് നിൽക്കുന്നത്. വിജിലൻസ് വിറയ്ക്കും. അവിടെ സി.ബി.ഐ. എൻക്വയറി നടത്താനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടോ എന്നതാണ് എന്റെ ചോദ്യം. അതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സിവിൽ സപ്ലൈസിൽ ടെണ്ടർ ഇല്ലാതെ സാധനങ്ങൾ വാങ്ങാനുള്ള തീരുമാനം ആരെടുത്തു? ബഹുമാനപ്പെട്ട മന്ത്രി അത് വ്യക്തമാക്കേണ്ടതുണ്ട്. അത് അങ്ങ് എടുത്ത തീരുമാനമാണോ; സപ്ലൈകോ സ്വന്തമായി എടുത്തതാണോ; അതോ മന്ത്രിസഭയെടുത്ത തീരുമാനമാണോ? സാധനങ്ങൾ വാങ്ങുന്നതിന് കൃത്യമായ പർച്ചേസ് മാന്വലുണ്ട്. ടെണ്ടർ നടപടികൾക്കനുസൃതമായി പോകേണ്ടതായുണ്ട്. ടെണ്ടറില്ലാതെ ലോക്കൽ പർച്ചേസ് നടത്താനുള്ള തീരുമാനം നിങ്ങളെടുക്കുന്നു. കിറ്റ് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നതാണ് നിങ്ങൾ അതിൽ ആവശ്യപ്പെട്ടത്. ചിങ്ങമാസമുണ്ടെന്നും തിരുവോണം വരുമെന്നും ആ സന്ദർഭത്തിൽ മലയാളികൾക്ക് ഓണക്കിറ്റ് കൊടുക്കണമെന്നുമുള്ളതിന് പാഴൂർ പടിപ്പുരയിലൊന്നും പോകേണ്ട കാര്യമില്ല; കാലാകാലങ്ങളായി നടക്കുന്നതാണ്. ആഗസ്റ്റ് മാസത്തിൽ കൊടുക്കേണ്ട കിറ്റിന് ജൂലൈ മാസത്തിലാണോ തുടക്കം കുറിക്കുന്നത്? അതിന്റെ ആവശ്യമില്ല; ടെണ്ടർ നടപടികളിലൂടെ പോകണമെന്ന് ഫയലിൽ ശക്തമായി എഴുതിയ സിവിൽ സപ്ലൈസ് എം.ഡി. ലീവിൽ പോയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ദുരൂഹ സാഹചര്യങ്ങൾ ഇവിടെ നിൽക്കുന്നുവെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ ഏറ്റവും കൂടുതൽ ചർച്ച വരുന്നത് ശർക്കരയെ സംബന്ധിച്ചാണ്. സംസ്ഥാനത്ത് ശർക്കര വിതരണം ചെയ്തിരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനിയുടെ ബിനാമി കമ്പനികളാണ്. ഞാൻ മൂന്ന് വർഷം മുമ്പ് ഈ സഭയിൽ ഇക്കാര്യം പറഞ്ഞപ്പോൾ അങ്ങ് എന്റെ തലയിൽ കുതിരകയറാൻ വന്നു. ഇപ്പോൾ എന്തായി? ആ വിഷയത്തിൽ ആക്ഷേപം വന്നിരിക്കുകയാണ്. അത് സംബന്ധിച്ച് എൻക്വയറി നടത്താൻ നിങ്ങൾ തയ്യാറാണോ? തുണിസഞ്ചി വാങ്ങിയതുമായി ബന്ധപ്പെട്ട്, ഏറ്റവും ലോവസ്റ്റ് റേറ്റ്

ക്വാട്ട് ചെയ്ത കമ്പനിയെ ക്വാളിറ്റിയുടെ കാര്യം പറഞ്ഞ് നിങ്ങൾ മാറ്റി. വളരെയേറെ വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ട് വരുന്നു. അന്വേഷണം പ്രഖ്യാപിക്കാൻ അങ്ങ് തയ്യാറാണെങ്കിൽ ഇതിന് തെളിവുകൾ തരാൻ ഞാൻ തയ്യാറാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച ഓരോ കാര്യവുമെടുത്ത് പരിശോധിച്ചാലും അഴിമതിയാണ് മുഖമുദ്രയെന്ന് കാണാൻ കഴിയും. ഇവിടെ കൺസൾട്ടൻസികൾ വഴി പിൻവാതിൽ നിയമനങ്ങൾ നടത്തുമ്പോൾ ഈ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ, തൊഴിൽ അന്വേഷകരെ നിങ്ങൾ വഞ്ചിക്കുകയാണ്. പി.എസ്.സി.-യെ നിങ്ങൾ നോക്കുകുത്തിയാക്കി. ഈ സഭാതലത്തിൽ എത്രയോവട്ടം ഇത്തരത്തിലുള്ള വിഷയങ്ങളെല്ലാം ചർച്ച ചെയ്യപ്പെട്ടതാണ്. കൺസൾട്ടൻസി നിയമനങ്ങൾവഴി കൺസൾട്ടൻസി ഭരണം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

മന്ത്രി ഡോ. കെ. ടി. ജലീൽ ഇന്ന് സഭയിൽ ഇല്ല; അദ്ദേഹത്തിന് മന്ത്രിസഭയിൽ ഇരിക്കാനുള്ള ധാർമ്മിക അവകാശം എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹം ഒരു കാര്യം ചെയ്താൽ കൊള്ളാം, ന്യായീകരണം അവസാനിപ്പിച്ചാൽ നല്ലതാണ്. അദ്ദേഹം ന്യായീകരിച്ച്, ന്യായീകരിച്ചാണ് ഈ പരുവത്തിലെത്തിയത്. അദ്ദേഹം എല്ലാ പ്രോട്ടോക്കോളുകളും കീഴ്വഴക്കങ്ങളും നിയമങ്ങളും കാറ്റിൽപ്പറത്തിയിരിക്കുന്നു. മതത്തെ, മതഗ്രന്ഥത്തെ മുന്നിൽ നിർത്തി അദ്ദേഹം നടത്തുന്ന ദുരൂഹ പ്രവർത്തനങ്ങൾ ഇന്ന് കേരളം ചർച്ചചെയ്യുകയാണ്. സി-ആപ്റ്റിന്റെ വാഹനം ഇതിനായി വിനിയോഗിച്ചുവെന്ന് പറയുന്നു. 2003-ലും 2008-ലും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിബന്ധനകളിറക്കിയിട്ടുണ്ട്. അവയൊക്കെ ഇവർ പാലിച്ചിട്ടുണ്ടോ? FEMA (Foreign Exchange Management Act) റൂൾസ്പോലും പാലിക്കാൻ കഴിയാത്ത ഇവർക്കാണോ സർക്കാരിന്റെ സർക്കുലർ ബാധകം? ഈ ഗവൺമെന്റിന്റെ പ്രവർത്തനം സംബന്ധിച്ച ഓരോ കാര്യവും നോക്കിയാൽ ദുരൂഹത ഏറിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ തലയിൽ മുണ്ടിട്ടുകൊണ്ട് ഇറങ്ങിപ്പോകുമെന്ന് നിയമ വകുപ്പുമന്ത്രി പറഞ്ഞു. ഞങ്ങൾ തല ഉയർത്തിത്തന്നെ പോകും. ഇവിടെ ജനങ്ങളുടെ ഇടയിൽ നിങ്ങളാണ് തലതാഴ്ത്തി നിൽക്കുന്നത്. ജനങ്ങളുടെ വികാരമെന്തെന്ന് തിരിച്ചറിയാൻ ഗവൺമെന്റ് തയ്യാറാകണം; അതിനനുസൃതമായി കാര്യങ്ങൾ നീങ്ങുവാൻ, അന്വേഷണം പ്രഖ്യാപിക്കാനുള്ള ആർജ്ജവം കാണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സംസ്ഥാന സർക്കാരിനെതിരെ പ്രതിപക്ഷം അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. പ്രതിപക്ഷം കാണിച്ചിരിക്കുന്ന ഒരു രാഷ്ട്രീയ അബദ്ധമാണ് ഈ

അവിശ്വാസ പ്രമേയം അവതരിപ്പിക്കാനുള്ള തീരുമാനവും പ്രമേയവും. ഞാൻ ബഹുമാനിക്കുന്ന നിയമസഭാംഗമാണ് പറവൂർ എം.എൽ.എ. ശ്രീ. വി. ഡി. സതീശൻ. ഞാൻ വളരെ ശ്രദ്ധയോടുകൂടി അദ്ദേഹത്തിന്റെ പ്രമേയാവതരണം കേൾക്കുകയായിരുന്നു. പക്ഷേ, with all due respect, എല്ലാ ബഹുമാനത്തോടെയും പറയട്ടേ, ഈ സഭയിൽ ഇതിനുമുമ്പ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രമേയങ്ങളെക്കാൾ, അടിയന്തര പ്രമേയങ്ങളേക്കാൾ എത്രയോ ദുർബ്ബലമായിട്ടുള്ള ഒരു അവിശ്വാസ പ്രമേയമാണ് ഇന്ന് അവതരിപ്പിച്ചത്. എനിക്കുമുമ്പ് കോൺഗ്രസ്സിലെ മുതിർന്ന മൂന്ന് നേതാക്കൾ സംസാരിച്ചു. പ്രമേയാവതാരകൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. പി. ടി. തോമസ്. എന്താണ് ഇവർ പറയുന്ന കാര്യത്തിന്റെ ഉള്ളടക്കം? What is the substance? സർക്കാരിനെതിരെ, സംസ്ഥാന സർക്കാരിന്റെ മുഖ്യമന്ത്രിക്കെതിരെ, മന്ത്രിമാർക്കെതിരെ കൃത്യമായിട്ടുള്ള ഒരു ആരോപണം ഉന്നയിക്കുവാൻ പ്രതിപക്ഷത്തിന് കഴിയുന്നുണ്ടോ? ഇല്ല. അഴിമതിയുടെ ചെളിയിൽ കിടക്കുന്ന അവർ വിചാരിക്കുന്നത് മറ്റുള്ളവരെയും ആ ചെളിക്കുണ്ടിലേയ്ക്ക് വലിച്ചിടണമെന്നാണ്. പക്ഷേ, ഇടതുപക്ഷത്തെ അതിന് കിട്ടില്ല. എനിക്ക് ആദ്യം പറയാനുള്ളത്, അവർ അവിശ്വാസം തെളിയിക്കേണ്ടത് അല്ലെങ്കിൽ യു.ഡി.എഫ്. അവിശ്വാസം അവതരിപ്പിക്കേണ്ടത് അവരുടെ പ്രതിപക്ഷനേതാവിനെതിരെയാണ്. ഈ സഭയിലേയ്ക്ക് വരുന്നതിനുമുമ്പ് യു.ഡി.എഫ്.-ലെ ഘടകകക്ഷികൾക്ക് എല്ലാവർക്കും പരസ്പരവിശ്വാസമുണ്ടോയെന്ന് അവർക്ക് ഉറപ്പിക്കാമായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കോവിഡ്-19 പ്രതിരോധ കാലഘട്ടത്തിൽ എല്ലാ തന്ത്രങ്ങളിലൂടെയും സർക്കാരിനെതിരെ നുണപ്രചരണങ്ങൾ നടത്തി; ആരോപണങ്ങൾ ഉയർത്തി; അധിക്ഷേപിച്ചു; ഒറ്റക്കെട്ടായി നിൽക്കേണ്ട ഈ കാലഘട്ടത്തിൽ സർക്കാരിന്റെ ജാഗ്രതയെ അതിൽനിന്ന് മാറ്റുന്നതിനുവേണ്ട സർവ്വശ്രമങ്ങളും നടത്തി. സ്പ്രിംഗ്ളർ മുതൽ കഴിഞ്ഞയാഴ്ച പോലീസ് ഡാറ്റ ടവർ ലൊക്കേഷൻ കളക്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ടുവരെ അദ്ദേഹം കേരള ഹൈക്കോടതിയെ സമീപിച്ചു. അത് തീർപ്പാക്കി എന്താണ് കേരള ഹൈക്കോടതി പറഞ്ഞത്; കോവിഡ്-19 positive cases സംസ്ഥാനത്ത് കൂടുന്ന കാര്യം ഹർജിക്കാരൻ ഓർക്കണമെന്ന് ഒരു പ്രതിപക്ഷ നേതാവിനോട് സംസ്ഥാന ഹൈക്കോടതിക്ക് ഓർമ്മിപ്പിക്കേണ്ട സാഹചര്യമാണുണ്ടായത്. ഞാൻ രാഷ്ട്രീയ അബദ്ധമെന്ന് പറഞ്ഞത് എന്തുകൊണ്ടാണെന്നറിയാമോ; നിങ്ങളുടെ കയ്യിലുള്ള സബ്സ്റ്റൻസ് അല്ലെങ്കിൽ കഴിഞ്ഞ 50-52 ദിവസങ്ങളിലായി നിങ്ങൾ കേരളത്തിന്റെ സാമൂഹ്യ മണ്ഡലത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ച പുകമറയിൽ ഒന്നുമില്ലായെന്ന് സഭയിൽ ഇന്ന് തെളിഞ്ഞിരിക്കുകയാണ്. ഒരുപക്ഷേ, ചാനലുകളിലും വാർത്താ സമ്മേളനങ്ങളിലും മീഡിയാമാനിയ ഇല്ലാത്ത ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഓരോ ദിവസവും വാർത്താ സമ്മേളനങ്ങളിൽ

അവതരിപ്പിക്കുന്ന കാര്യങ്ങൾപോലും ഇന്ന് സഭയിൽ പറഞ്ഞിട്ടില്ല; അത് നുണപ്രചരണങ്ങളും അടിസ്ഥാനരഹിതവുമാണ്. അത് വാസ്തവവിരുദ്ധമാണെന്ന് തെളിഞ്ഞുകഴിഞ്ഞു. രണ്ടാമത് എന്താണ് കാരണമെന്ന് അറിയാമോ, രാഷ്ട്രീയ അബദ്ധം? കേരളത്തിന്റെ പൊതുസമൂഹത്തിന് ഒരു അവസരം തുറന്നുകിട്ടുകയാണ്. ഈ സഭയുടെ ഫ്ലോർ ഓപ്പൺ ചെയ്യപ്പെട്ടു. ഈ സർക്കാരിനെയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെയും താരതമ്യം ചെയ്യുവാൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്തെ മുഖ്യമന്ത്രിയുടെ ഓഫീസ് പോലെയാണ് ഈ സർക്കാരിന്റെ ഭരണകാലത്തേതെന്ന് വരുത്തിത്തീർക്കാൻ നിങ്ങൾ ശ്രമിക്കുകയാണ്. ആ അനുഭവം മാത്രമേ നിങ്ങളുടെ മുന്നിലുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അതിന് രാഷ്ട്രീയലക്ഷ്യങ്ങളുണ്ടാകും. കാരണം, മുൻ മുഖ്യമന്ത്രിയെ ഒന്നുകൂടി ഇടിച്ചുതാഴ്ത്തുന്നത് രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാകാം. അത് എന്തുമാകട്ടെ, എനിക്ക് മുമ്പ് സംസാരിച്ച അഴിക്കോട് മെമ്പർ വലിയ കാര്യങ്ങൾ, ചില പേപ്പർ പദ്ധതികളെക്കുറിച്ച് പറയുന്നത് കേട്ടു. സമാശ്വാസ പദ്ധതി, ആശ്വാസ കിരൺ, അദ്ദേഹം സ്വർണ്ണക്കടത്തിനെക്കുറിച്ച് എത്ര വാചാലനായി. അദ്ദേഹം ബി.ജെ.പി.-യെക്കുറിച്ച്, അല്ലെങ്കിൽ വിദേശകാര്യ സഹമന്ത്രി ഇത് ഡിപ്ലോമാറ്റിക് ബാഗേജല്ലെന്നു പറഞ്ഞതിനെക്കുറിച്ചൊന്നും ഒരു വേവലാതിയുമില്ല. അദ്ദേഹം അവിടെയും ഇവിടെയും തൊടാതെ beating around the bush' എന്നു പറയുന്നതുപോലെ ഇങ്ങനെ ചെയ്യുന്നത് എന്തിനാണ്? മുസ്ലീം ലീഗിന്റെ പ്രവർത്തകരിൽ എത്രപേർ സ്വർണ്ണക്കടത്ത് കേസ്സിൽ പ്രതികളാണ്? എന്താണ് ഈ സഭയിൽ അത് നിങ്ങൾ പറയാത്തത്; ഈ സ്വർണ്ണം എവിടേയ്ക്ക് പോയി എന്നുള്ളത് അന്വേഷിക്കണ്ടേ? രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കുന്ന രീതിയിൽ ഇതിൽ ആരൊക്കെ ഇടപെട്ടുവെന്ന് അന്വേഷിക്കണ്ടേ; എന്താണ് നിങ്ങൾ മൗനം പാലിക്കുന്നത്? സ്വർണ്ണക്കടത്ത് കേസിലെ മുഖ്യകണ്ണി കെ. ടി. റമീസ് മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അടുത്ത ബന്ധുവാണ്. ഇക്കാര്യത്തിൽ എന്താണ് മൗനം? മുഹമ്മദ് ഷാഫി, ലീഗിന്റെ പ്രവർത്തകനാണ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ലീഗ് നേതാവിന്റെ ബന്ധുവുമാണ്. ശ്രീ. എ. എൻ. രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ബി.ജെ.പി നേതാക്കളുമായി അടുത്ത ബന്ധമുണ്ട്. ....(ബഹളം).....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിൽ കൃത്യമായ പോയിന്റ് ഉണ്ടായിരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശക്തമായ പോയിന്റ് തന്നെയുണ്ട്. ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന അംഗം അടിസ്ഥാനരഹിതമായ ഒരു ആരോപണമാണ്

ഉന്നയിച്ചിട്ടുള്ളത്. സ്വർണ്ണക്കടത്ത് കേസിലെ പ്രതി കെ. ടി. റമീസിന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്ന മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയുമായി ഒരു നിലയ്ക്കുള്ള ബന്ധവുമില്ല. അങ്ങനെ ബന്ധമില്ലാത്ത ഒരു സംഗതിയെ ബന്ധുവാണെന്ന് പറയുന്നത് അടിസ്ഥാന രഹിതമാണ്, അക്കാര്യം രേഖയിലുണ്ടാകരുത്.

മി. സ്പീക്കർ: പരിശോധിക്കാം.*

ശ്രീമതി വീണാ ജോർജ്ജ്: സർ, ലീഗിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പോലും നിഷേധിക്കാത്ത കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇപ്പോൾ നിഷേധിച്ചിരിക്കുന്നത്. മുഹമ്മദ് ഷാഫി ലീഗിന്റെ പ്രവർത്തകനല്ലേ; കള്ളക്കടത്ത് കേസിൽ പ്രതിയല്ലേ? ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ലീഗ് നേതാവിന്റെ ബന്ധുവാണ്. ശ്രീ. എ. എൻ. രാധാകൃഷ്ണനുമായി അടുത്ത ബന്ധമുണ്ട്. ലീഗ്- ബി.ജെ.പി. - ആർ.എസ്.എസ്. കൂട്ടുകെട്ട് പുറത്തുവരും. അബൂബക്കർ പഴയടത്ത് സജീവ ലീഗ് പ്രവർത്തകനാണ്. ലീഗിന്റെ സാമ്പത്തിക സ്രോതസ്സായ ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഇരിക്കുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തനാണ് അബൂബക്കർ പഴയടത്ത്. പ്രതികൾക്ക് യു.ഡി.എഫ്-മായും ബി.ജെ.പി.യുമായും അടുത്ത ബന്ധമുണ്ട്. ഞാൻ കൂടുതൽ പ്രതികളുടെ പേരുകളൊന്നും വായിക്കുന്നില്ല. ഇവർക്ക് പ്രകോപനമുണ്ടായത് ഇതിൽ സത്യമുണ്ട് എന്നതുകൊണ്ടാണ്. ഇതുമാത്രമോ, എത്രയോ സ്വർണ്ണക്കടത്ത് കേസുകളുണ്ടായിരിക്കുന്നു. സ്വർണ്ണക്കടത്ത് കേസിൽ 2017-ൽ പിടിക്കപ്പെട്ട യൂത്ത് ലീഗ് ജില്ലാ ഭാരവാഹിയെ 6 മാസം മാറ്റിനിർത്തിയ ശേഷം മലപ്പുറത്ത് വീണ്ടും അവരോധിച്ചവരാണ് മുസ്ലീംലീഗും യൂത്ത് ലീഗും. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല, അതല്ല നമ്മുടെ വിഷയം.

നമുക്ക് രണ്ട് വനിതാ മന്ത്രിമാരുണ്ട്. ബഹുമാന്യരായ കെ. കെ. ശൈലജ ടീച്ചറും ജെ. മേഴ്സിക്കുട്ടി അമ്മയും. അവരെ സോഷ്യൽ മീഡിയയിലൂടെ അവഹേളിച്ചില്ലേ? സോഷ്യൽ മീഡിയയിലൂടെ മാത്രമോ, കെ.പി.സി.സി. അദ്ധ്യക്ഷൻ ആരോഗ്യ വകുപ്പുമന്ത്രിയെ അവഹേളിച്ചില്ലേ? എന്തൊക്കെയാണ് പറഞ്ഞത്, ലീഗിന് മറവി കാണും; പക്ഷേ, കേരളത്തിലെ ജനങ്ങൾ മറക്കില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് എതിരായ കേസ് റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ ഒരു മാധ്യമ പ്രവർത്തകയെ കോഴിക്കോട് വിമാനത്താവളത്തിൽ വച്ച് ലീഗ്

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ 26-8-2020 ലെഫ.നമ്പർ 3367/ഇ.ബി./2020/നി.സെ. പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

പ്രവർത്തകർ കയ്യേറ്റം ചെയ്തത് കേരളം മറന്നിട്ടുണ്ടാവില്ല. ഞാൻ കൂടുതലായി അതിലേയ്ക്ക് പോകുന്നില്ല. ഇവിടെ ആദ്യം പറഞ്ഞതുപോലെ ടഫ് ആയിട്ടുള്ള അല്ലെങ്കിൽ വലിയ ഉള്ളടക്കം കാണുമെന്നും ഡോക്യുമെന്റൽ എവിഡൻസ് ഉണ്ടാകുമെന്നും വിചാരിച്ചു. സാധാരണ നമ്മുടെ പ്രമേയാവതാരകൻ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ ഡോക്യുമെന്റൽ എവിഡൻസ് കൊണ്ടുവരാറുണ്ട്. അദ്ദേഹത്തോട് എനിക്ക് ബഹുമാനമുണ്ട്. അവതരിപ്പിക്കുമ്പോൾ ഇന്ന കാര്യങ്ങൾ പരിശോധിക്കുകയെന്ന് പറയും. എന്നാൽ ഒരു ഡോക്യുമെന്റൽ എവിഡൻസും ഈ സഭയുടെ ഫ്ലോറിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഞാൻ പരിശോധിച്ച ഒരു കാര്യം, എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിൽ മാത്രമേ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഉള്ളോയെന്നതാണ്. ഓരോ തവണയും ഞങ്ങൾ സംസാരിക്കുമ്പോൾ പറയുന്നത് ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ കാര്യങ്ങളാണ്. ഞാൻ ആറന്മുളയിലെ കാര്യം പറയും. അവിടെ കൃഷിയിറക്കിയത്, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളൊക്കെ പറയും. ഞാൻ ഹരിപ്പാട്, പറവൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾ പരിശോധിച്ചു. എല്ലാ യു.ഡി.എഫ് എം.എൽ.എ.മാരുടെയും പ്രതിപക്ഷ എം.എൽ.എ.മാരുടെയും നിയോജകമണ്ഡലത്തിലെ കണക്കുകൾ ഞാൻ എടുത്തിട്ടുണ്ട്. ഹരിപ്പാട് , പറവൂർ നിയോജകമണ്ഡലങ്ങളിൽ കിഫ്ബിയിൽ നിന്നുൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. റോഡുകൾ കിലോമീറ്ററുകളോളം ടാർ ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തേക്കാൾ 5000-ലധികം റോഡുകൾ ബി.എം. & ബി.സി ടാറിംഗ് ചെയ്തു. പൊതുവിദ്യാഭ്യാസ രംഗമെടുത്താൽ 3 ലക്ഷത്തിലധികം കുഞ്ഞുങ്ങൾ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ വന്നു. എന്റെ കൈയിൽ അതിന്റെ ലിസ്റ്റുണ്ട്. പറവൂരും ഹരിപ്പാടും ഉൾപ്പെടെയുള്ള നിയോജകമണ്ഡലങ്ങളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിൽനിന്ന് തീരദേശ മേഖലയിലെ സ്കൂളുകൾക്ക് ഉൾപ്പെടെ മികവിന്റെ കേന്ദ്രമാക്കുവാൻ 5 കോടി രൂപയും 1 കോടി രൂപയും കൊടുത്തിട്ടുള്ള കണക്കും എന്റെ കൈയിലുണ്ട്. എന്താണ് ഇവർ ഈ സർക്കാരിനെതിരെ ഉന്നയിക്കുന്ന ആക്ഷേപം; ഏത് മേഖലയിലാണ്? സ്പെസിഫിക്കായി തെളിവുകളോടുകൂടി നിങ്ങൾ അഴിമതി ഉന്നയിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് എന്നുള്ളതാണ് നിങ്ങൾ പറയുന്നത്, അത് നിങ്ങളുടെ പഴയ ഓർമ്മകൊണ്ട് പറയുന്നതാണ്. ഇവിടെ തീർത്തും നിരുത്തരവാദപരമായി തൃക്കാക്കര എം.എൽ.എ. ശ്രീ. പി. ടി. തോമസ് എം. ശിവശങ്കറിനെ സംരക്ഷിക്കുകയാണെന്ന് പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കേരള ഹൈക്കോടതിയിൽ സലീം രാജിനെതിരെ കേസെടു

ക്കേണ്ടെന്ന് പറഞ്ഞതിനെതിരെ പോയതാണ് ഉമ്മൻ ചാണ്ടി സർക്കാർ. അന്ന് കേരള ഹൈക്കോടതി ചോദിച്ച ഒരു ചോദ്യമുണ്ട്, ആ ചോദ്യം എന്താണെന്ന് അറിയാമോ? ആരാണ് കേരളത്തിന്റെ മുഖ്യമന്ത്രി; സലീം രാജാണോ, ശ്രീ. ഉമ്മൻ ചാണ്ടിയാണോ എന്നാണ് ചോദിച്ചത്. ഈ ഓർമ്മകളൊക്കെയുള്ളപ്പോൾ, അല്ലെങ്കിൽ അടിസ്ഥാനപരമായി ആ ധാരണകളുള്ളപ്പോൾ ബാക്കിയുള്ളവരെല്ലാം അങ്ങനെയാണെന്ന് ധരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ കൃഷിയെക്കുറിച്ച് ഞാൻ പറഞ്ഞു. കഴിഞ്ഞ സർക്കാർ സന്തോഷ് മാധവൻമാരുടെ സർക്കാരായിരുന്നു. സർക്കാരിന്റെ ഭൂമി, പാടങ്ങൾ, മെത്രാൻ കായലുൾപ്പെടെ തീറെഴുതിക്കൊടുക്കുവാൻ, വിറ്റുതുലയ്ക്കുവാൻ മടി കാണിക്കാത്ത സർക്കാരായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഗുരുതരമായ ക്രമക്കേടുകളുണ്ടെന്ന് സി. & എ.ജി. കണ്ടെത്തിയ 107 ഫയലുകൾ തിരുത്തി ശരിയുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള നിലപാട് എടുത്തുകൊണ്ട് അതിൽ ഇടപെട്ടതാണ് പിണറായി വിജയൻ സർക്കാർ. കേരളത്തിൽ ഇക്കഴിഞ്ഞ നാലര വർഷക്കാലംകൊണ്ട് ചെയ്ത കാര്യങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിനെയും ഈ സർക്കാരിനെയും നമുക്കൊന്ന് താരതമ്യം ചെയ്യാം. കാർഷിക രംഗത്ത് വിപ്ലവകരമായിട്ടുള്ള മുന്നേറ്റമുണ്ടായിട്ടുള്ള കാലഘട്ടമാണ്. ഈ സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. നമ്മൾ കാണാൻ പോകുന്ന ഏറ്റവും വലിയ ചെയ്ത്താണിത്. കൊവിഡാനന്തര കാലത്ത് ലോകത്തിന് നമ്മൾ കാണിക്കാൻ പോകുന്ന മാതൃകയാണിത്. 33000 ഹെക്ടർ തരിശുപാടത്തും കൃഷിയിടങ്ങളിലും കൃഷിയിറക്കിയിരിക്കുകയാണ്. ഇപ്പോൾ ഓരോ വീട്ടിലും പച്ചക്കറി കൃഷിയുണ്ട്. അതുപോലെ മുപ്പതിനായിരത്തോളം ഹെക്ടർ ഭൂമിയിൽ കൊവിഡ്-19-നുമുമ്പ് ഈ കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് കൃഷി ചെയ്തുവെന്നത് നമ്മൾ കാണണം. പ്രവാസികളെക്കുറിച്ച് ഇവിടെ പറയുന്നത് കേട്ടു. പ്രവാസിക്ഷേമം ഉറപ്പാക്കി ഇത്രയധികം നിലപാടെടുത്ത് പ്രവർത്തിച്ച മറ്റൊരു സർക്കാരില്ല. 'ലോക കേരള സഭ'യിലൂടെ ലോകമെമ്പാടുമുള്ള പ്രവാസികൾക്ക് സംസാരിക്കുവാനും അവരുടെ വിഷയങ്ങൾ അവതരിപ്പിക്കുവാനുമുള്ള ഒരു വേദി ഒരുക്കിക്കൊടുത്തു. പ്രവാസി ഡിവിഡന്റ് ഫണ്ട്, പ്രവാസി പെൻഷൻ തുടങ്ങിയവ മാത്രമല്ല, സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടെ പ്രവാസികൾക്കും ചെറുപ്പക്കാർക്കുമായി 25% വിഹിതം മാറ്റിവച്ചിരിക്കുകയാണ്. അതുപോലെ, ക്ഷീരമേഖലയിലും ഫിഷറീസിലുമുണ്ട്. ആട്ടുഗ്രാമം പദ്ധതി, ക്ഷീരഗ്രാമം പദ്ധതി തുടങ്ങിയവയെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അടിസ്ഥാന സൗകര്യ വികസന മേഖലയെക്കുറിച്ച് ഞാൻ പറഞ്ഞു. യു.ഡി.എഫ്.-ന്റെ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോയപ്പോൾ കഴിഞ്ഞ ഭരണകാലത്തുപോലും

ലഭിക്കാത്തത്ര പ്രോജക്ടുകളും പണവുമാണ് അവരുടെ നിയോജകമണ്ഡലങ്ങളിൽ ഈ സർക്കാർ കൊടുത്തിരിക്കുന്നത്. അത് എന്തുകൊണ്ടാണ്? കാരണം, കേരളത്തിലെ ജനങ്ങളെ ഒന്നായി കാണുന്നതുകൊണ്ടാണ്.

അതുപോലെ തന്നെയാണ് ആരോഗ്യമേഖലയും. പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും ഈ സർക്കാർ കാട്ടുന്ന ജനകീയ ബദലാണ്. എന്താണ് കേന്ദ്രം ചെയ്തുകൊണ്ടിരിക്കുന്നത്? കൃഷിയാണെങ്കിൽ കോർപ്പറേറ്റ് കൃഷി പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ സംസ്ഥാനത്ത് സഹകരണ മേഖലയിലൂടെ കൃഷി പ്രോത്സാഹിപ്പിക്കുകയാണ്, കൃഷി ജനകീയമാക്കുകയാണ്. കേരള ബാങ്ക് നിലവിൽ വന്നു. എന്തൊരു ജനകീയമായിട്ടുള്ള ഇടപെടലാണ് സഹകരണ മേഖലയിൽ നിന്നുണ്ടായിരിക്കുന്നത്. കോവിഡ്-19 കാലത്തുൾപ്പെടെ വലിയ രീതിയിൽ കേരളത്തിന് സഹായകരമായി സഹകരണ മേഖല നിലകൊള്ളുകയാണ്. മുൻ ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ ഇവിടെ കാണുന്നില്ല. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി മാധ്യമങ്ങളെ കാണുന്നുവെന്ന് പഴിപറഞ്ഞ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര മന്ത്രിയായി ചുമതല വഹിച്ചിരുന്ന കാലത്തെ ആരോഗ്യ വകുപ്പുമന്ത്രിയുടെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് എന്താണ് പറയാനുള്ളത്? ശ്രീ. വി. എസ്. ശിവകുമാർ അന്ന് തിരക്കിലായിരുന്നു, എന്തിനായിരുന്നു? കോഴ വാങ്ങി എല്ലാവർക്കും മെഡിക്കൽ കോളേജുകൾ അനുവദിച്ചു കൊടുക്കാനായിരുന്നു. എന്താണ് ആ മെഡിക്കൽ കോളേജുകളുടെ ഇപ്പോഴത്തെ അവസ്ഥ? നമ്മൾ എന്താണ് ചെയ്തത്? പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി. അവിടെ ഡോക്ടർമാരുണ്ടെന്ന് ഉറപ്പുവരുത്തി. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി. വൈകുന്നേരം ആറുമണി വരെയാക്കി. ജനറലാശുപത്രികൾ, താലൂക്കാശുപത്രികൾ, ജില്ലാശുപത്രികൾ എന്നിവയെ സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലുകളാക്കി മാറ്റി. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പറയുന്നതിനുള്ള സമയമല്ലിത്. സംസ്ഥാനമാകെ പരിശോധിച്ചാൽ കൊവിഡ്-19 ട്രീറ്റ്മെന്റിനായി സ്വകാര്യ മേഖല തുറന്നുകൊടുത്തിട്ടുണ്ട്. കേരളത്തിൽ എത്ര പേർ സ്വകാര്യ മേഖലയെ കോവിഡ്-19 പരിശോധനയ്ക്കായി ആശ്രയിക്കുന്നുണ്ട്? സർക്കാർ മേഖലയെയാണ് 99% പേരും ആശ്രയിക്കുന്നത്. ഇത് എന്തുകൊണ്ടാണ്? സർക്കാർ ആശുപത്രികളിലുള്ള വിശ്വാസംകൊണ്ടാണ്. നിങ്ങളുടെ ഭരണകാലത്ത് സർക്കാർ ആശുപത്രി എന്നുകേട്ടാൽ ആളുകൾ ജീവനുംകൊണ്ട് ഓടുമായിരുന്നു. കാരണം, സർക്കാർ ആശുപത്രിയിൽ പോയാൽ ജീവനോടെ തിരിച്ചുവരുമെന്ന് ഉറപ്പില്ലായിരുന്നു. ആ അവസ്ഥയെ മാറ്റിയെടുത്തത് ആർദ്രം മിഷനിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ലൈഫ് മിഷനെക്കുറിച്ച് വലിയ വാദപ്രതിവാദങ്ങൾ ഉണ്ടാകുമെന്ന് വിചാരിച്ചതാണ്. ബഹുമാന്യനായ പറവൂർ

എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ ഏകദേശം 1200 വീടുകളാണ് ലൈഫ് മിഷനിലൂടെ ഈ നാലര വർഷക്കാലംകൊണ്ട് നിർമ്മിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലത്തിൽ 1700 വീടുകൾ ലൈഫ് മിഷനിലൂടെ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. നാലര വർഷം ഈ സർക്കാർ ലൈഫ് മിഷനിലൂടെ കൊടുത്തിട്ടുള്ള വീടുകളുടെ എണ്ണം ഇവിടെ സൂചിപ്പിച്ചു, ഞാൻ വിശദീകരിക്കുന്നില്ല. രണ്ടാംഘട്ടത്തിൽ രണ്ടേകാൽ ലക്ഷമാണത്. ആദ്യഘട്ടത്തിൽ പണി പൂർത്തീകരിക്കാത്ത വീടുകളുണ്ടായിരുന്ന 50000 പേർക്ക് അവ പൂർത്തീകരിച്ചുനൽകി. മൂന്നാംഘട്ടത്തിൽ ഒന്നേകാൽ ലക്ഷത്തിലധികം വീടുകൾ. ഇവർക്ക് ആരോപണങ്ങളില്ല. വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നിങ്ങൾ ഉന്നയിക്കാൻ ശ്രമിച്ച, പുകമറ സൃഷ്ടിക്കാൻ ശ്രമിച്ച വിഷയത്തിൽ എനിക്ക് രണ്ടുമൂന്ന് പ്രധാനപ്പെട്ട ചോദ്യങ്ങൾ ഉന്നയിക്കാനുണ്ട്. ഇത് സർക്കാരിന്റെ പണമാണ്. ഈ പണത്തിന് സർക്കാരിന് ഉത്തരവാദിത്വമുണ്ടോ? പറവൂർ നിയോജകമണ്ഡലത്തിൽ വീടുകൾ പണിയുമ്പോൾ അതുസംബന്ധിച്ച് ആർക്കാണ് അതിന്റെ ഉത്തരവാദിത്വമെന്ന കാര്യം അതുകൊണ്ടാണ് എനിക്ക് മുമ്പേ സംസാരിച്ച ബഹുമാന്യനായ മെമ്പർ ചോദിച്ചത്. പുറത്തുനിന്ന് ഫണ്ട് കൊണ്ടുവന്ന് വീടുകൾ പണിയുമ്പോൾ അത് ഏജൻസികളോ വ്യക്തികളോ പണിതുകൊടുക്കുകയാണ്. അതുകൊണ്ട് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിലെ പാവപ്പെട്ടവരുടെ കഞ്ഞിയിൽ പാറ്റയിടരുതേ എന്നാണ്. വീട് നിർമ്മിച്ചുകൊണ്ട് സുരക്ഷിതമായ വീടുകൾക്കുള്ളിൽ താമസിക്കാൻ അവർക്ക് അവസരം നൽകണമെന്നതാണ്.

എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ, പിന്നാലെ വരുന്നവർ പി.എസ്.സി.-യെക്കുറിച്ച് സംസാരിക്കുമെന്ന് പറഞ്ഞു. അവർ സി.പി.ഒ. (സിവിൽ പോലീസ് ഓഫീസർ) ലിസ്റ്റിനെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2014-വരെ സി.പി.ഒ. റാങ്ക് ലിസ്റ്റുണ്ടായിരുന്നില്ല. 2014-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 4700-ലധികം പേർക്ക് നിയമനം കൊടുത്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് റാങ്ക് ലിസ്റ്റുകളായി. ആദ്യത്തെയും രണ്ടാമത്തെയും റാങ്ക് ലിസ്റ്റുകളിൽ നിന്നായി പതിനൊന്നായിരത്തി ചില്വാനം പേർക്ക് നിയമനം കൊടുത്തു. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. പ്രദീപ്കുമാർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റേതുൾപ്പെടെയുള്ള കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഈ സർക്കാർ ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. ഇതുകൂടാതെ കേരളത്തെ മൊത്തം ബാധിക്കുന്ന ഫ്ലാഗ് ഷിപ്പ് പ്രോജക്ട്സ്

എന്നുപറയാവുന്ന ഒട്ടേറെ കാര്യങ്ങൾ, കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാകുകയാണ്. 39 കി.മീ. പൈപ്പ് ലൈൻ ഇട്ടുകൊണ്ട് നിർത്തിയ ഗെയിൽ പൈപ്പ് ലൈൻ 444 കിലോമീറ്റർ നിർമ്മാണം പൂർത്തിയാക്കി ഇപ്പോൾ യാഥാർത്ഥ്യമാവുകയാണ്. അതുപോലെ വാട്ടർ മെട്രോ. ഞാൻ ദീർഘിപ്പിച്ച് പറയുന്നില്ല. കൺസൾട്ടൻസികളെക്കുറിച്ച് പറയുന്നു. 2015 ഓഗസ്റ്റ് 12-നൊരു മീറ്റിംഗ് നടന്നു. അത് ഹരിപ്പാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടതാണ്. അതിൽ പങ്കെടുത്തത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ എന്നിവരാണ്. അന്നത്തെ മീറ്റിംഗിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. അതിൽ പറയുന്നത്, അതിനുമുമ്പ് കൺസൾട്ടന്റായിരുന്ന കിഡ്കോയെ മാറ്റി Artis Financial Expertise Private Ltd. എന്ന സ്വകാര്യ കമ്പനിയെ കൺസൾട്ടൻസി ഏൽപ്പിക്കുകയാണെന്നാണ്. ഇത് കുഴപ്പമില്ല. അതുകൂടാതെ ആർച്ചിമെട്രിക്സ് എന്ന അടുത്ത കൺസൾട്ടൻസി, അതും ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ പേരിലാണ്. കുറവ് തുക ക്വാട്ട് ചെയ്ത 2 കമ്പനികളെ ഒഴിവാക്കി കൂടിയ തുക ക്വാട്ട് ചെയ്ത ആർച്ചിമെട്രിക്സിനെ ഹരിപ്പാട് മെഡിക്കൽ കോളേജിന് കൺസൾട്ടന്റായി ഏർപ്പെടുത്തി. 2005-ൽ എം.എൽ.എ. ആയിരുന്ന ശ്രീ. മാങ്കോട് രാധാകൃഷ്ണൻ നിയമസഭയിൽ ഉന്നയിച്ചൊരു ചോദ്യമുണ്ട്. അതിന് മറുപടി കൊടുത്തത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. ഭരണനവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് എത്ര കൺസൾട്ടൻസികളെ നിയോഗിച്ചു വെന്നാണ് ചോദ്യം; അതിന്റെ മറുപടി ഒരു പദ്ധതി; 36 കൺസൾട്ടൻസികൾ. 2005-ലെ കാര്യമാണിത്. എന്റെ കൈയിൽ കൺസൾട്ടൻസികളുടെ കണക്കുണ്ട്. കൺസൾട്ടൻസിരാജ് ആയിരുന്നോ എന്നുള്ളത് നിങ്ങൾ തന്നെ പരിശോധിച്ചാൽ മതി. ഈ സർക്കാർ വലിയ പ്രോജക്ടുകൾക്ക് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുള്ളത്.

സോളമൻ രാജാവിനെക്കുറിച്ചൊരു കഥയുണ്ട്. രണ്ട് സ്ത്രീകൾ ഒരു കുഞ്ഞുമായി സോളമൻ രാജാവിന്റെ അടുത്തുവന്നു. തുടർന്ന് രണ്ട് പേരും ഇതെന്റെ കുഞ്ഞാണെന്നു പറഞ്ഞു. സോളമൻ രാജാവ് പറഞ്ഞു, ഒരു കാര്യം ചെയ്യാം ഈ കുഞ്ഞിനെ പകുതിക്ക് വച്ച് മുറിച്ച് രണ്ടുപേർക്കും കൊടുക്കാമെന്ന്. ഒരു സ്ത്രീ നെഞ്ചത്തടിച്ച് നിലവിളിച്ചുകൊണ്ട് പറഞ്ഞു എനിക്ക് കുഞ്ഞിനെ വേണ്ട മറ്റെ സ്ത്രീയ്ക്ക് കൊടുത്തേയ്ക്കെന്ന്. മറ്റെ സ്ത്രീ കുഞ്ഞിന്റെ പകുതിയായാലും മതി എനിക്ക് വേണമെന്ന് പറഞ്ഞു. എനിക്ക് കേരളത്തിലെ പ്രതിപക്ഷത്തെ കാണുമ്പോൾ നുണയിലൂടെ അമ്മയാണെന്ന് പറഞ്ഞ സ്ത്രീയെയാണ് ഓർമ്മവരുന്നത്. കാരണം, മാനത്തൊരു മഴക്കാർ കണ്ടാൽ നദിയിലെ വെള്ളമുയർന്ന് കേരളത്തിലെ ജനങ്ങൾ

മുങ്ങിച്ചാകുമ്പോൾ പിണറായി സർക്കാരിനെതിരെ തിരിയാമെന്ന് സ്വപ്നംകണ്ട് നടക്കുന്നവരാണവർ. സൂര്യൻ കത്തിജ്ജ്വലിച്ചാൽ ഇവിടത്തെ കൃഷിമുഴുവൻ കരിഞ്ഞ് കർഷകർ പട്ടിണിയിലാകുമെന്നും കുടിവെള്ളമില്ലാതെ നരകിക്കുമെന്നും ഈ സർക്കാരിനെ പഴിചാരാമെന്നും സ്വപ്നം കാണുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ പറഞ്ഞൊരു കാര്യമുണ്ട്. ഈ കപ്പൽ ആടിയുലയുകയാണ്. പക്ഷേ, അത് നിങ്ങളുടെ ദുഃസ്വപ്നമാണ്. ഈ കപ്പൽ ആടിയുലയുകയില്ല. ഇതിനൊരു കപ്പിത്താനുണ്ട്. നവകേരളത്തിന്റെ തീരത്തേയ്ക്ക് ഈ കപ്പൽ അടുത്തുകൊണ്ടിരിക്കുകയാണ്. നവകേരളത്തിൽ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വീടുണ്ടാകും. നവകേരളത്തിൽ ജനാധിപത്യവും മതേതരത്വവും പുലരും. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പി. ടി. തോമസ് പറഞ്ഞു, ശ്രീ. പിണറായി വിജയൻ കമ്മ്യൂണിസ്റ്റല്ലെന്ന്. കൗമാരപ്രായത്തിൽ തൊഴിലാളികൾക്കിടയിലും കർഷകർക്കിടയിലും പ്രവർത്തിച്ച് മുഷ്ടി ആകാശത്തേയ്ക്ക് ചുരുട്ടി ഇങ്ക്വിലാബ് വിളിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനൊപ്പം നടന്ന നേതാവാണ് സഖാവ് പിണറായി വിജയൻ. 1971-ലെ തലശ്ശേരി കലാപത്തിൽ മതസ്ഥാപനങ്ങളെയും ആരാധനാലയങ്ങളെയും സംരക്ഷിക്കുന്നതിന് നെഞ്ചുറപ്പോടെ വർഗ്ഗീയതയ്ക്ക് എതിരെ നിലകൊണ്ട നേതാവാണ് സഖാവ് പിണറായി വിജയൻ. അതുകൊണ്ട് ഞങ്ങൾക്കുറപ്പുണ്ട് ഈ കപ്പൽ ആടിയുലയുകയല്ല ഈ കപ്പൽ നവകേരളത്തിന്റെ തീരത്തേയ്ക്കടുക്കുകയാണ്. ആ തീരത്ത് വിജയത്തിന്റെ ചെങ്കൊടി പാറും അവിടെ ജനാധിപത്യവും മതേതരത്വവും പുലരട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ വ്യത്യസ്ത കാഴ്ചപ്പാടോടെയാണ് കാണുന്നത്; അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നില്ല. ചില വസ്തുതകൾ എന്റെ ഭാഗത്തുനിന്ന് പറയും; മറ്റു ചില വസ്തുതകൾ മറുഭാഗത്തുനിന്ന് പറയും. ഇത് രണ്ടും ഞാൻ പറയുമ്പോൾ മാത്രം ശരിയെന്ന് പറയുന്നില്ല. നമ്മൾ ജനങ്ങളുടെ പ്രതിനിധികളാണ്. അവരുടെ പ്രശ്നങ്ങൾ പറയാനുള്ള അവസരമാണിത്. ബഹുമാന്യരായ മന്ത്രിമാരും ഉദ്യോഗസ്ഥരും ഇതിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. ഇവിടെ ആവശ്യം കൂട്ടായ്മയുടെ മനോഭാവമാണ്. അതിനെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ പലതും നടക്കുന്നുണ്ട്.ഉദാഹരണത്തിന് ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പലകാര്യങ്ങളും പരസ്പരം ചർച്ച ചെയ്യുന്നു, പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നു, ഇതിലല്ലേ നല്ല കാര്യങ്ങളുള്ളത്. സംസ്ഥാനത്തെ ഒന്നാമത്തെ പ്രശ്നം യുവാക്കൾക്ക് തൊഴിലില്ല എന്നതാണ്. അതുകൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. കൂടുതൽ വ്യവസായങ്ങൾ സംസ്ഥാനത്ത് വന്നെങ്കിൽമാത്രമേ

തൊഴിലവസരങ്ങൾ വർദ്ധിക്കുകയുള്ളൂ. വ്യവസായങ്ങളെ ആക്ഷേപിക്കലാണ് പുരോഗമനം എന്നുപറഞ്ഞു നിന്നാൽ എങ്ങനെ ശരിയാകും? വിമാനത്താവളത്തിനെ നന്നാക്കാനായി അതിനുവേണ്ടി ഒരാൾ വരുന്ന അവസരത്തിൽ അതിനെ കുറ്റം പറഞ്ഞ് ആട്ടിയോടിക്കുവാൻ നടത്തുന്ന ശ്രമം, അത്തരത്തിലൊരു ധ്വനി, അത്തരത്തിലൊരു ചിന്താഗതി നമ്മളെപ്പറ്റി മറ്റുവിഭാഗങ്ങൾക്ക് തോന്നുന്നത് നല്ലതല്ല എന്നകാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം തന്നതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അഴിമതിക്കെതിരായ ഒരു അവിശ്വാസ പ്രമേയമെന്ന നിലയിലാണ് എന്റെ പ്രിയ സുഹൃത്ത് ശ്രീ. വി. ഡി. സതീശൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചത്. ആ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. കാരണം, ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞതുപോലെ ശ്രീ. വി. ഡി. സതീശന്റെ അവതരണത്തിൽ ആത്മാർത്ഥയില്ലായിരുന്നു. ശ്രീ. വി. ഡി. സതീശനെ എനിക്ക് നേരത്തേ അറിയാം. മനസ്സിന് പിടിക്കാത്ത കാര്യം അദ്ദേഹം പറഞ്ഞാൽ ശരിയാവില്ല. കാരണം, അദ്ദേഹത്തിനുതന്നെ അറിയാം പറയുന്നത് അസത്യമാണെന്നത്. അതുകൊണ്ട് അത്രയധികം ആത്മാർത്ഥത വേണ്ട. തുടർന്ന് സംസാരിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ഞാനും മുതലയമ്മാവനും കൂടിച്ചേർന്ന് ഒരു കടുവയെ പിടിച്ചു എന്നുപറയുന്ന ആളാണ് അദ്ദേഹം. അപ്പോൾ അദ്ദേഹത്തിന്റെ അവതരണവും നമുക്ക് മനസ്സിലാകും. ശ്രീ. പി. ടി. തോമസാണെങ്കിൽ എപ്പോഴും ഓരോ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. പക്ഷേ, വർത്തമാനമല്ലാതെ ഒന്നിനും ഒരു തെളിവുമില്ല. ഒരു ചെറുകടലാസ് കയ്യിലില്ലാത്ത ആളാണ് ശ്രീ. പി. ടി. തോമസ്. ഇവരാണ് ഇത് അവതരിപ്പിച്ചത്. ആരാണ് പറയുന്നത്? യു.ഡി.എഫ്. ആരാണ് യു.ഡി.എഫ്.? മീനില്ലാതെ മീൻകറി വയ്ക്കുന്നവർ. നെയ്യൊഴിക്കാതെ നെയ്റോസ്റ്റുണ്ടാക്കുന്നവർ. ......(ബഹളം)...... മോഷ്ടിക്കാനല്ല കുറെ നാൾ ഞാൻ കൂടെ നിന്നത്. ഞാൻ മോഷ്ടിക്കാൻ നിന്നവനല്ല. അതുകൊണ്ടാണ് എനിക്ക് പോകേണ്ടി വന്നത്. കമ്പിയും സിമന്റുമില്ലാതെ പാലം പണിയാൻ കഴിയുമെന്ന് തെളിയിച്ച യു.ഡി.എഫ്-കാരാണ് ഇവിടെ അഴിമതിയില്ലാതെ കഴിഞ്ഞ നാലരവർഷമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് കാണുന്നത്. ഇവിടെ ഇത്രയും ആരോപണങ്ങളൊക്കെ പറഞ്ഞു. ആരോപണങ്ങൾ പറയുന്നതല്ലാതെ കടലാസ് മേശപ്പുറത്ത് വയ്ക്കണം. ഞാൻ ഈ നിയമസഭയിൽ പതിനൊന്നര മണിക്ക് ഒരു മന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചതിന് 12.30-ന് എന്നെ സസ്പെന്റ് ചെയ്ത മുന്നണിയാണ് യു.ഡി.എഫ്. അവിടെനിന്നും ബൈ പറഞ്ഞ് ഇറങ്ങിപ്പോയ ആളാണ് ഞാൻ. ഇപ്പോഴും ഞാൻ പറയുന്നു. അഴിമതിയെക്കുറിച്ച്

പറയാൻ യു.ഡി.എഫ്.-ന് യാതൊരു അവകാശവുമില്ല. കാരണം, ഈ ഗവൺമെന്റ് കഴിഞ്ഞ നാലരവർഷംകൊണ്ട് ഇവിടെയിരിക്കുന്ന ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയടക്കം 141 പേരുടെയും നിയോജകമണ്ഡലത്തിൽ ഏതാണ്ട് 5100 കോടി രൂപയുടെ കിഫ്ബി വികസനം കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിലെ മുഴുവൻ സ്റ്റേറ്റ് റോഡുകളും പ്രാദേശിക റോഡുകളും യാതൊരു അഴിമതിയുമില്ലാതെ ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ BM&BC-യാക്കി. നമുക്കോ ഇവർക്കാർക്കെങ്കിലുമോ നിഷേധിക്കാൻ കഴിയുമോ, എന്തെങ്കിലും അഴിമതിയുണ്ടോ? 140 നിയോജകമണ്ഡലങ്ങളിലും വികസനം വന്നു. വിദ്യാഭ്യാസ രംഗത്ത് സ്കൂളുകളെല്ലാം പ്രൊഫ. സി. രവീന്ദ്രനാഥിന്റെ നേതൃത്വത്തിൽ നവീകരിച്ചു. ലൈഫ് പദ്ധതിയെക്കുറിച്ചാണ് പരാതി. കൂടുതലൊന്നും പറഞ്ഞുപോകുന്നില്ല. എല്ലാ നല്ല കാര്യങ്ങളും ഇവിടെ പറഞ്ഞു. പ്രതിപക്ഷത്തുനിന്നും നല്ല ആരോപണങ്ങളൊന്നും വന്നതുമില്ല. തെളിവുകളുമില്ല. വെറുതെ പുകമറ സൃഷ്ടിക്കുക, ഉണ്ടയില്ലാ വെടിവയ്ക്കുക എന്നൊക്കെ നാട്ടിൽ പറയുന്ന ചില ചൊല്ലുകളാണ് നമുക്ക് ഓർമ്മവരുന്നത്. ലൈഫ് പദ്ധതിയിൽ 224,256 വീടുകളാണ് പാവങ്ങൾക്ക് വച്ചുകൊടുത്തത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുൻ ഗവൺമെന്റ് ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കി. അതിന്റെ നാലഞ്ചിരട്ടി വീടുകളാണ് ഇപ്പോൾ വച്ചിരിക്കുന്നത്. നിങ്ങളൊന്ന് ആലോചിക്കണം, ഡോ. എം. കെ. മുനീർ ഇവിടെയിരിക്കുന്നുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് അദ്ദേഹം പഞ്ചായത്ത് വകുപ്പുമന്ത്രിയായിരുന്നു. പഞ്ചായത്തിൽ ജനങ്ങൾക്കുവേണ്ടി ഇതുപോലൊരു ഭവന പദ്ധതി ഉണ്ടായിരുന്നോ എന്നതിന് ഉത്തരം പറയണം. ഇല്ല അങ്ങനെയൊരു പദ്ധതിയില്ല. അന്ന് വേണമെന്ന് ഡോ. എം. കെ. മുനീർ ആവശ്യപ്പെട്ടു. ആ മന്ത്രിസഭയിലുണ്ടായിരുന്ന ഞാൻ ആവശ്യപ്പെട്ടു. ചെവിക്കൊള്ളാൻ തയ്യാറായില്ല. അന്ന് പ്രധാൻ മന്ത്രി ആവാസ് യോജന, ആശ്രയ പദ്ധതി എന്നിവ അനുസരിച്ച് കുറച്ച് വീടുകൾ കിട്ടി. ഒരു പഞ്ചായത്ത് മെമ്പർക്ക് പരമാവധി അഞ്ച് വർഷത്തിനിടയിൽ അഞ്ചോ ആറോ വീട് കിട്ടും. ഇന്ന് ഒരു പഞ്ചായത്ത് മെമ്പർക്ക് 50-70 വീടുകളാണ് തന്റെ വാർഡിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഇ.എം.എസ്. ഭവന പദ്ധതിയിൽ എന്റെ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ 40 വീട് കൊടുത്ത പഞ്ചായത്ത് മെമ്പറുണ്ട്. അയാൾ എന്നോട് പറഞ്ഞതാണ്. എനിക്കറിയാം ഇവയൊന്നും ആക്രി കെട്ടിടങ്ങളല്ല. നാല് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മനോഹര കെട്ടിടങ്ങളാണ്. വെള്ളപ്പൊക്കം വന്നതിനുശേഷം സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ വീട് വച്ചുകൊടുക്കാൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2091 വീടുകളുടെ താക്കോൽ വിതരണം ചെയ്യുകയും ചെയ്തു.

ശ്രീ. പി. ടി. തോമസ്: സർ, 16-5-2017-ലെ നക്ഷത്രചിഹ്നമിടാത്ത 4003-ാം നമ്പർ ചോദ്യത്തിന് ഡോ. കെ. ടി. ജലീൽ നൽകിയിരിക്കുന്ന മറുപടി ഞാൻ വായിക്കാം. ഇന്ദിരാ ആവാസ് യോജനയിൽ 2,94,670 വീടുകൾ അനുവദിക്കുകയും അതിൽ 2,75,038 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇ.എം.എസ്. ഭവന പദ്ധതിയിൽ 1,87,667 ഭവനങ്ങൾ പൂർത്തിയാക്കിയതായി ഡോ. കെ. ടി. ജലീൽ മറുപടി നൽകിയിട്ടുണ്ട്. ഇതുവേണമെങ്കിൽ അങ്ങോട്ട് തരാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഇല്ലായിരുന്നുവെന്നേ പറഞ്ഞുള്ളൂ. എൽ.ഡി.എഫ്. ചെയ്തുവെന്നാണ് പറഞ്ഞത്. ഇന്ദിരാ ഗാന്ധി ആവാസ് യോജന, ആശ്രയ പദ്ധതി എന്നീ പദ്ധതികളിലെ വീടുകളും ഇതിനകത്ത് വരുന്നുണ്ട്. അന്ന് അതേയുള്ളൂ. ഡോ. എം. കെ. മുനീർ ഇവിടെ ഇരിക്കുകയല്ലേ, അദ്ദേഹം നിഷേധിക്കുന്നില്ലല്ലോ. അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ നിഷേധിക്കുന്നില്ല. ശ്രീ. മഞ്ഞളാംകുഴി അലിയുണ്ട്, അദ്ദേഹം നിഷേധിക്കുന്നില്ല. കാരണം, അന്ന് ഭവന പദ്ധതിയില്ല. മന്ത്രിസഭയിൽ പലരും ഭവന പദ്ധതി ചോദിച്ചിട്ടുണ്ട്. കേന്ദ്രസഹായത്തോടെ ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കി പോകുകയാണ്. ഇന്ന് അതല്ല സഹകരണ വകുപ്പ്, 2091 വീടുകൾ നിർമ്മിച്ചു. ഇവിടെ ലൈഫ് പദ്ധതിയെക്കുറിച്ച് പറഞ്ഞു. കുട്ടപ്പനും ചെല്ലപ്പനും കൂടി പൈസ കൈമാറുന്നിടത്ത് നമുക്കെന്ത് കാര്യം? റെഡ് ക്രസന്റ് എംബസി വഴി ഒരു കോൺട്രാക്ടർക്ക് കോൺട്രാക്റ്റ് കൊടുത്തു. അയാൾ കെട്ടിടം പണിയുന്നു. ലൈഫ് മിഷൻ എന്താണ് ചെയ്യുന്നത്? കേരള സർക്കാർ സ്ഥലം കൊടുത്തു, ലൈഫ് മിഷനല്ല; വെള്ളപ്പൊക്കത്തിനുശേഷം കേരളത്തിൽ 2700 വീടുകൾ സംഘടനകൾ വച്ചുകൊടുത്തിട്ടുണ്ട്. അവർക്ക് മുഴുവൻ സ്ഥലം കൊടുത്തത് റവന്യൂ വകുപ്പും പഞ്ചായത്ത് വകുപ്പും സ്വകാര്യ വ്യക്തികളുമാണ്. അവിടെയെല്ലാം ഗവൺമെന്റിന്റെ ഇടപെടലുണ്ടോ? ഇല്ല. .....(ബഹളം)....... കെ.പി.സി.സി.-യുടെ ആയിരം വീടെവിടെ? അതിനുവേണ്ടി പിരിച്ച പൈസയെവിടെ? അതിനെക്കുറിച്ചൊരു അന്വേഷണം നടത്താൻ ഇവർ തയ്യാറാകുമെങ്കിൽ സി.ബി.ഐ. വന്ന് അന്വേഷിച്ചാലും വിരോധമില്ല. ഇവിടെ സ്വർണ്ണക്കടത്തിനെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ചിലയാളുകളെക്കുറിച്ച് പറഞ്ഞു. ആരും സമരം ചെയ്ത് സെക്രട്ടേറിയറ്റ് വളഞ്ഞ് പട്ടിണി സമരം നടത്തിയിട്ടല്ല മുഖ്യമന്ത്രി എൻ.ഐ.എ.-യ്ക്ക് വിടണമെന്ന ആവശ്യമുന്നയിച്ചത്. പിറ്റേദിവസം കേരളത്തിന്റെ മുഖ്യമന്ത്രി, അന്വേഷണം എൻ.ഐ.എ.യ്ക്ക് വിടണം, കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുന്ന ഏറ്റവും വലിയ ഏജൻസി അത് അന്വേഷിക്കണമെന്ന് പറഞ്ഞ് എഴുതി.

അതിന്റെയടിസ്ഥാനത്തിൽ വിദേശ ബന്ധങ്ങൾകൂടി ഉള്ളതുകൊണ്ട് ഇതിൽ ഭീകരവാദമുണ്ടോയെന്ന് അറിയാൻ എൻ.ഐ.എ.-യെ ഏൽപ്പിച്ചത് ഇന്ത്യാ ഗവൺമെന്റാണ്; നമ്മളല്ല. അന്വേഷിക്കാൻ ഏതു രേഖയും കൊടുക്കുമല്ലോ. ഇവിടെ എത്ര ഏജൻസി അന്വേഷിക്കുന്നു. കസ്റ്റംസ് അന്വേഷിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ആരെങ്കിലും അതിലുണ്ടോ? ഇല്ലല്ലോ. എൻഫോഴ്സ്മെന്റ് അന്വേഷിക്കുന്നു. ഇൻകം ടാക്സ് അന്വേഷിക്കുന്നു. കേന്ദ്ര ഏജൻസികളാണ് അന്വേഷിക്കുന്നത്. സംസ്ഥാന വിജിലൻസും പോലീസും ക്രൈംബ്രാഞ്ചുമല്ല അന്വേഷിക്കുന്നത്. ശ്രീ. എ. സി. മൊയ്തീനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇത്രയും വീട് വച്ച് കൊടുത്തതിനാണോ? ഞാൻ ഒന്നു ചോദിക്കട്ടെ, ഇവരെ പറഞ്ഞിട്ട് കാര്യമില്ല. കോൺഗ്രസ്സിന്റെ രാഷ്ട്രീയം, നിലപാട്; മുഖമുദ്ര ഇവ എന്താണ്? മതേതരത്വം ആണോ, അതോ അഴിമതിരഹിത ഭരണമാണോ? ഇതിൽ ഏതെങ്കിലും ഒന്ന് വേണമല്ലോ. ഇന്ത്യയിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് ഒന്നുകിൽ മതേതരത്വം അല്ലെങ്കിൽ അഴിമതിരഹിത ഭരണം. അത് രണ്ടുമില്ലാത്ത പാർട്ടിയായി കോൺഗ്രസ്സ് മാറിയിരിക്കുകയാണ്.

ശ്രീ. നരേന്ദ്ര മോദി പൗരത്വ (ഭേദഗതി) ബിൽ കൊണ്ടുവന്നു. ജാതിയുടെ പേരിൽ ഇന്ത്യയിലെ ജനങ്ങളെ ഭിന്നിപ്പിക്കാൻ കൊണ്ടുവന്ന ആദ്യത്തെ നിയമം; ഭരണഘടനാവിരുദ്ധമായ നിയമം. ആ നിയമം കൊണ്ടുവന്നതിനെതിരെ സമരം സംഘടിപ്പിക്കാൻ കഴിയാത്ത കോൺഗ്രസ്സിന്റെ കൂടെയാണ് മുസ്ലീം ലീഗ് നടക്കുന്നത്. ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുന്നവരെ അധിക്ഷേപിക്കുന്ന ഒരു ബിൽ ഇന്ത്യയിൽ കൊണ്ടുവന്നപ്പോൾ സമരം ചെയ്യാൻ കേരളത്തിൽ കരുത്ത് കാണിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമാണ്. നമ്മൾ പ്രതിഷേധത്തിന്റെ മനുഷ്യമതിൽ തീർത്തു. ഇവർ എന്തെങ്കിലും ചെയ്തോ?

ബാബറി മസ്ജിദ് പൊളിച്ചപ്പോഴും മുസ്ലീംലീഗ് സംയമനം പാലിക്കുകയാണ്, ഞങ്ങൾക്കതിൽ ചെറിയ നൊമ്പരമുണ്ടെന്ന് പറഞ്ഞു. നൊമ്പരം എന്തിനാണ്? നാല് മന്ത്രിക്കസേര കിട്ടാനാണ് ഈ നൊമ്പരം. അതുകഴിഞ്ഞ് ഇപ്പോഴെന്താണ്? രാമക്ഷേത്രം പണിഞ്ഞപ്പോൾ ആർ.എസ്.എസ്.-ന്റെ നേതാവായ ശ്രീ. മോഹൻ ഭഗവത് കാണിക്കാത്ത ആവേശം ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും കാണിച്ചപ്പോൾ പറഞ്ഞു, ഞങ്ങൾക്ക് വീണ്ടും നൊമ്പരം. ഒറ്റവരി പ്രമേയമാണ് ഞങ്ങൾക്ക് നൊമ്പരം. നൊമ്പരം കോൺഗ്രസ്സിനെ അറിയിച്ചിട്ടുണ്ട്. അഞ്ച് മന്ത്രിസ്ഥാനമാണ് കഴിഞ്ഞതവണ. അത് ഇനിയും ലഭിക്കുമെന്ന പ്രതീക്ഷയേ വേണ്ട. ഇവരുടെ ഇപ്പോഴത്തെ നടപടി കണ്ടാൽ ചരിത്രം ആവർത്തിക്കുകയാണെന്ന് തോന്നും.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ നിർത്തുകയാണ്. കേരളത്തിൽ ശ്രീവാസ്തവ എന്ന ഐ.പി.എസ്.കാരൻ ചാരക്കേസിൽ കെ. കരുണാകരൻ കുറ്റക്കാരനല്ല എന്നുപറഞ്ഞു. അപ്പോൾ ഇവരിൽ ചിലയാളുകൾ കരുണാകരനെ നാട്ടുകടത്താൻ ചാരൻ എന്ന് മുദ്രകുത്തി ഇവിടെനിന്ന് വണ്ടിയിൽ കയറ്റിവിട്ടു. ശ്രീ. മുരളീധരനാണ് ഇവർക്ക് വക്താവായി വെളിയിൽ കിടന്ന് സംസാരിക്കുന്നത്. ആ മുരളീധരനും കൂടി കേൾക്കണമിത്. അന്ന് ചാരക്കേസുണ്ടാക്കാൻ നിന്ന പോലീസ് ഉദ്യോഗസ്ഥനെ പിന്നീട് വിവരാവകാശ കമ്മീഷനിലെ ചെയർമാനാക്കി. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ. ആ ചരിത്രം ആവർത്തിക്കാമെന്ന് ഇവിടെയാരും കരുതണ്ട.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഒരുതരം വേട്ടയുണ്ട്. കാട്ടിൽ ഏറ്റവും മൃഗീയമായ വേട്ടയെന്ന് പറയുന്നത് കുറുക്കന്റേതാണ്. ഒരു മാനിനെ കൂട്ടത്തിൽ നിന്ന് തിരിക്കും. എന്നിട്ടതിന്റെ പുറകെപോയി കടിച്ച് ഇഞ്ചിഞ്ചായി കൊല്ലുന്ന വേട്ടയുണ്ട്. ആ വേട്ട ശ്രീ. പിണറായി വിജയനോട് നടക്കില്ല എന്നുമാത്രം ഈ അവസരത്തിൽ പറയുന്നു. ആ വേട്ടയ്ക്കുവച്ച വെള്ളം അങ്ങ് വാങ്ങിയാൽമതി. കെ. കരുണാകരന്റെ പുറകെപോയി ചില മാധ്യമങ്ങളെയും കൂട്ടുപിടിച്ച് ചാരക്കേസുണ്ടാക്കി. ഇപ്പോൾ നമ്പി നാരായണന്റെ പിന്തുണ. ഇതെല്ലാം പറയുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് അത്തരത്തിലൊരു വേട്ടയ്ക്ക് നിന്നുതരില്ല. ഞങ്ങളുടെ മുഖ്യമന്ത്രിയെ ഞങ്ങൾ രക്ഷിക്കും. ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഞങ്ങൾ ഇതിനെ നേരിടും. ഉണ്ടയില്ലാ വെടി ഇവിടെ പൊട്ടില്ല. കുറുക്കന്മാരുടെ ബുദ്ധി ഉപയോഗിച്ച് ശ്രീ. പിണറായി വിജയനെ ഒറ്റപ്പെടുത്തി വേട്ടയാടാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അത് അനുവദിച്ചുതരാൻ കഴിയില്ല. ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. അതുകൂടെ ഞാൻ പറഞ്ഞേക്കാം. സ്പീക്കർ എന്ന നിലയിലല്ല, ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ഉദ്ഘാടനത്തിന് വിളിച്ചാൽ പോകാത്തവരൊന്നുമല്ല ഇവിടെ. വീടുപാലുകാച്ചിനുപോലും കരിക്കിൻവെള്ളം കുടിച്ചവരുമുണ്ട് എന്ന് മറക്കരുത്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....ഇരിക്കൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത്തരം ഉണ്ടയില്ലാവെടിയുമായി സംസ്ഥാന നിയമസഭയുടെയും ജനങ്ങളുടെയും സമയം മെനക്കെടുത്തരുത്. ഒരു പ്രകടനപത്രികയിൽ പറഞ്ഞതിൽ നാല് കാര്യങ്ങളേ ചെയ്യാനുള്ളൂ.

അതെല്ലാം ചെയ്തുതീർത്ത ഈ ഗവൺമെന്റിന് അടുത്ത ഭരണം വീണ്ടും ഏൽപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നതിൽ സംശയമില്ലെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. (....ബഹളം......)

മി. സ്പീക്കർ: മൂന്ന് മിനിട്ടും നാല് മിനിട്ടും നിങ്ങളൊക്കെ എടുത്തിട്ടുണ്ട് . ശ്രീ. പി. ടി. തോമസ് നാല് മിനിട്ടിലധികം എടുത്തില്ലേ, അതെന്താണ്? ഇതൊന്നും ശരിയല്ല. (........ബഹളം........)

ശ്രീ. പി. സി. ജോർജ് : സർ, ഈ ബഹളം ഒന്നു കഴിയട്ടേ.

മി. സ്പീക്കർ: പ്ലീസ്..... അങ്ങ് സംസാരിക്കൂ. അങ്ങെന്തിനാണ് ഇത്ര ശാന്തനാകുന്നത്?

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് ഏത് കൊടുങ്കാറ്റിലും സമുദ്രത്തിലും സംസാരിക്കാൻ കഴിവുള്ള ആളല്ലേ, പിന്നെന്തിനാണ് ഭയപ്പെടുന്നത്? അങ്ങ് ഭയപ്പെടേണ്ടാ പറയൂ.

ശ്രീ. പി. സി. ജോർജ്: സർ, 1957-മുതലുള്ള ഭരണം ഞാൻ ശ്രദ്ധിച്ചു. കാരണം, ഒരു അവിശ്വാസ പ്രമേയം വരികയാണ്. കുറയേറെ നന്മകൾ എല്ലാ ഗവൺമെന്റിനുമുണ്ട്. എല്ലാ ഗവൺമെന്റിനും തിന്മകളുമുണ്ട്. അതുപോലെ ശ്രീ. പിണറായി വിജയന്റെ ഈ ഗവൺമെന്റിനും വളരെയേറെ നന്മകളും തിന്മകളുമുണ്ട്. ആ സത്യം ഒളിച്ചുവച്ചിട്ട് കാര്യമില്ല. തിന്മകളുണ്ടാകുമ്പോൾ അത് ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരുവാനും ഭരണാധികാരികളെ ശരി പഠിപ്പിക്കുവാനും ഉതകുന്നതാണ് അവിശ്വാസ പ്രമേയം. ആ നിലയ്ക്ക് ശ്രീ. വി. ഡി. സതീശൻ കൊണ്ടുവന്ന അവിശ്വാസ പ്രമേയം ന്യായവും യുക്തവുമാകുന്നു. അതിനെ എതിർക്കുന്ന നിങ്ങളുടെ നടപടി തെറ്റാണെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. ഞാൻ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുകയാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കണ്ട. വാസ്തവപരമായ കാര്യങ്ങൾ പറയണ്ടേ?

2.00 PM]

ഞാൻ നാൽപത് കൊല്ലമായി എം.എൽ.എ. പണിയുമായി നടക്കുന്നു. എത്രയോ ഗവൺമെന്റുകൾക്ക് ഞാൻ കത്ത് കൊടുത്തു. പക്ഷേ, കൊടുക്കുന്ന ഏത് കത്തിനും അതേ സമയത്ത് അതിന്റെ പ്രൊസീഡിംഗ്സ് അനുസരിച്ച് മറുപടി തരുന്ന കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് പറയാൻ എനിക്ക് ഒരു മടിയുമില്ല. സത്യം പറഞ്ഞാൽ നിങ്ങൾ രണ്ടുകൂട്ടരും മാറിമാറി കയ്യടിക്കും. ഞാൻ പറഞ്ഞ കത്ത് കൊടുത്ത കാര്യം നിസ്സാരമാണോ?

എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. ഏറ്റവും കൂടുതൽ ഉപദേശകരെ വച്ച മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. അദ്ദേഹത്തിന്റെ കഷ്ടകാലം അവിടെയാണ് തുടങ്ങിയത്. എന്റെ അഭിപ്രായം അതാണ്. നമ്മുടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഒരു പാവപ്പെട്ട കർഷകനെ വനം വകുപ്പ് ഉദ്യോഗസ്ഥർ യാതൊരു ന്യായവുമില്ലാതെ തല്ലിക്കൊന്ന് കിണറ്റിലിട്ടു. ഞാൻ ചിറ്റാറിൽ പോയി കണ്ടതാണ്. വനം വകുപ്പുമന്ത്രിയോട് ഞാൻ പറഞ്ഞതാണിത്. ഇരുപത്തിയെട്ട് ദിവസമായി ടി. പി. മത്തായി എന്നുപറയുന്ന ആ മനുഷ്യന്റെ ശവശരീരം അവിടെയിരിക്കുകയാണ്, ഇപ്പോഴും മറവ് ചെയ്തിട്ടില്ല. പോലീസ് ഡിപ്പാർട്ടുമെന്റ് വളരെ വ്യക്തമായി കേസെടുത്തു, എഫ്.ഐ.ആർ. എടുത്തു. ആ എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള മര്യാദ നിങ്ങൾ കാണിക്കണ്ടേ; എന്തുകൊണ്ട് കാണിച്ചില്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രീ? അവസാനം സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവായിരിക്കുകയാണ്. ഇനി സി.ബി.ഐ-യുടെ അന്വേഷണത്തിലും റീപോസ്റ്റുമാർട്ടം നടക്കുമ്പോഴും ബാക്കി അറിയാം. ഞാൻ ചോദിക്കുന്നു, എട്ടോളം മനുഷ്യജീവനുകളെ രക്ഷിച്ചിരുന്ന മാന്യനായ ഒരു പൊതുപ്രവർത്തകനായ ടി. പി. മത്തായിയെ ഇതുപോലെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കൊലചെയ്തിട്ട് ആ കുടുംബത്തോട് പ്രതിബദ്ധത കാണിക്കാനുള്ള മര്യാദ വനം വകുപ്പുമന്ത്രി ചെയ്യേണ്ടേ; നിങ്ങൾ എത്ര തവണ ക്യാബിനറ്റ് യോഗം കൂടി; ആ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കാനുള്ള മര്യാദ കാണിക്കണ്ടേ; ടി. പി. മത്തായിയുടെ ഭാര്യയ്ക്ക് ഒരു ജോലി കൊടുത്ത് മാന്യത കാണിക്കാനുള്ള നടപടി നിങ്ങൾ സ്വീകരിക്കേണ്ടേ; എന്തുകൊണ്ട് നിങ്ങൾ സ്വീകരിക്കുന്നില്ല? ഇതൊക്കെ കേരളത്തിലെ ജനങ്ങൾ, പ്രത്യേകിച്ച് കൃഷിക്കാർ കാണുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് മനസ്സിലാക്കണം എന്നാണെനിക്ക് പറയാനുള്ളത്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഖുർആനിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പരിശുദ്ധ ഖുർആനെ പിടിച്ച് അല്ലാഹു തആലായെ ഓർത്ത് ഡോ. കെ. ടി. ജലീൽ മണ്ടത്തരം പറഞ്ഞ് നടക്കരുത്. ഖുർആന്റെ കാര്യമൊക്കെ എനിക്കറിയാം. പരിശുദ്ധ ഖുർആൻ ഇവിടെയുണ്ട്. കേരളത്തിൽ ഖുർആൻ ഇല്ലാത്ത ഒരു സ്ഥലമുണ്ടോ? സൗദി അറേബ്യയിൽ നിന്ന് ഖുർആൻ കൊണ്ടുവന്നു. പക്ഷേ, അതിനകത്ത് നിറയെ സ്വർണ്ണമായിരുന്നു. എന്തിനാണ് നുണ പറയുന്നത്? അതുകൊണ്ട് അതിന്മേൽ നടപടി ഉണ്ടാകണമെന്ന് ഇവിടെ സൂചിപ്പിക്കുന്നു.

ഞാൻ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്. അത് മറ്റൊന്നുമല്ല. നമ്മുടെ അന്താരാഷ്ട്ര വിമാനത്താവളം. തിരുവിതാംകൂർ രാജകുടുംബം കേരളത്തിന് നൽകിയതാണ് ഈ വിമാനത്താവളം.

ആ വിമാനത്താവളം ഇവിടെനിന്ന് കൊണ്ടുപോകുന്നത് അനുവദിക്കാൻ കഴിയില്ല. ബി.ജെ.പി. അല്ല, അതിനപ്പുറത്തെ പാർട്ടി നോക്കിയാലും കാലണയുടെ സ്ഥലം കൊടുക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. നമ്മുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും തീരുമാനം വളരെ വ്യക്തമാണ്. പക്ഷേ, എനിക്കൊരു അഭിപ്രായമുണ്ട്. അദാനി എന്നുപറയുന്ന ഭീമൻ നമ്മുടെ വിമാനത്താവളം കയ്യടക്കുന്നതിനുവേണ്ടി വന്നിരിക്കുന്നതുപോലെ 2015 മേയ് മാസത്തിൽ വന്നതാണ് വിഴിഞ്ഞം പദ്ധതി. 2015 ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലമാണ്. ആ പദ്ധതി എത്രയോ ഭീകരമാണ്. ആ പദ്ധതിപ്രകാരം 2019 ഡിസംബർ 31-ന് വർക്ക് തീരണം. തീർന്നോ? 2020 ആഗസ്റ്റ് മാസമായിട്ടും വർക്ക് മൂന്നിലൊന്നുപോലും തീർന്നിട്ടില്ല. ഇപ്പോഴും ആ പദ്ധതിയുടെ പേരുപറഞ്ഞ് അദാനി ഇവിടെക്കിടന്ന് കറങ്ങുകയാണ്. ആ പദ്ധതി 7500 കോടി രൂപയുടേതാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. ആ പദ്ധതിയുടെ 3100 മീറ്ററാണ് ബ്രേക്ക്‌വാട്ടർ പണിനടക്കുന്നത്. ബ്രേക്ക്‌വാട്ടർ 600 മീറ്റർ പണിതപ്പോൾ ശംഖുംമുഖം മുഴുവൻ കടലെടുത്ത് പോയിക്കഴിഞ്ഞു. 3100 മീറ്റർ പണിതാൽ എന്താകും സ്ഥിതി? സെക്രട്ടേറിയറ്റും നിയമസഭാ മന്ദിരവും കടലെടുക്കുന്നത് കാണേണ്ട ഗതികേട് നമുക്കുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനയത്തോടെ ഞാൻ പറയുന്നു, അങ്ങ് ഉത്തരവാദിത്വമുള്ള വ്യക്തി എന്ന നിലയിൽ അദാനി കടുംപിടിത്തവുമായി കേരളം പിടിച്ചടക്കാൻവേണ്ടി വരുമ്പോൾ, വിമാനത്താവളം പോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് വിഴിഞ്ഞം പദ്ധതിയും, ഒരു കാരണവശാലും ആ ഭീമനെ അത് തിന്നാൻ അനുവദിക്കാതെ ശക്തമായ നടപടി സ്വീകരിക്കണം. എഗ്രിമെന്റ് ക്യാൻസൽ ചെയ്യുക മാത്രമല്ല, വാക്കുവ്യത്യാസം ചെയ്ത അദാനിയോട് പണം ഈടാക്കി നഷ്ടം നികത്താനുള്ള നടപടിയും അങ്ങ് സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുകയാണ്. അവിശ്വാസ പ്രമേയം അവതരിപ്പിച്ച ശ്രീ. വി. ഡി. സതീശൻ ഈ ഗവൺമെന്റിന്റെ അഴിമതിയെയും കൊള്ളരുതായ്മയെയും സംബന്ധിച്ച് എണ്ണിയെണ്ണി പറയുകയുണ്ടായി. ശ്രീ. വി. ഡി. സതീശൻ ശരിയായ സ്ഥലത്തുതന്നെയാണ് വടികൊണ്ട് അടിച്ചിട്ടുള്ളത്, കൊള്ളേണ്ടിടത്ത് കൊള്ളുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് നേരാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എവിടെനോക്കിയാലും തട്ടിപ്പുകളാണ്. ട്രഷറി തട്ടിപ്പ് ഒരുകാലത്തും കേൾക്കാത്തതാണ്. ട്രഷറിയിൽപ്പോലും പണം സുരക്ഷിതമായി വയ്ക്കാൻ കഴിയാത്തവിധത്തിൽ രണ്ട് കോടി രൂപയുടെ തട്ടിപ്പ് നടത്തിയത് പിടികൂടുകയുണ്ടായി. അതും റിട്ടയർ ചെയ്ത ഒരാൾ. അതുപോലെ പി.എസ്.സി.

തട്ടിപ്പ്. ഭരണഘടനാ സ്ഥാപനങ്ങൾക്കുപോലും നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. റാങ്ക്ലിസ്റ്റിൽ ഒന്നും രണ്ടും റാങ്കുകൾ ഉള്ളവർക്കുപോലും നിയമനം കിട്ടാതെയുള്ള യുവാക്കളുടെ രോദനം ഈ ഗവൺമെന്റ് കേൾക്കുന്നില്ലേ? പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയെന്ന് പറയുന്നതുപോലെ ലൈഫ് പദ്ധതിയിൽ ദാനം കിട്ടിയ പൈസയിൽനിന്നുപോലും ഇവിടെ കൈക്കൂലി വാങ്ങി. നാല് കോടിയിൽപ്പരം രൂപ കമ്മീഷൻ അടിച്ചുമാറ്റിയ ഒരു ഗവൺമെന്റാണിത്. ശർക്കരയിൽ അഴിമതി, ബ്രൂവറി-ഡിസ്റ്റിലറി അഴിമതി, സ്പ്രിംഗ്ളർ ഡാറ്റ ചോർത്തൽ, പ്രളയ ഫണ്ട് തട്ടിപ്പ്, മണൽ കടത്ത് ഇതൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തക്കസമയത്ത് ഉന്നയിക്കുമ്പോൾ അദ്ദേഹത്തെ പരിഹസിക്കുകയും പ്രതിപക്ഷത്തെയാകെ ആക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. എന്റെ ഓഫീസിനെ കളങ്കപ്പെടുത്താൻ ശ്രമിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയുംനാൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ മന്ത്രിമാരുടെ വിലാപകാവ്യങ്ങൾ ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രനും ജി. സുധാകരനും പറഞ്ഞത് ശ്രീ. എം. ശിവശങ്കർ വിശ്വാസവഞ്ചകനാണെന്നാണ്. അദ്ദേഹം പോയതോടുകൂടി അവിടത്തെ ദുർഗന്ധം പോയി ഇപ്പോൾ സുഗന്ധമാണ് വരുന്നതെന്നാണ്.

നേരത്തെ ശ്രീ. കെ. എം. ഷാജി വളരെ ഭംഗിയായി ദുർഗന്ധത്തിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. അതുപോലെ, ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ പറഞ്ഞത്, എം. ശിവശങ്കറിനെ മനസ്സിലാക്കാൻ വൈകിപ്പോയെന്നാണ്. മനസ്സിലാക്കാൻ നാല്-നാലര വർഷമൊക്കെ എടുത്ത്, അഞ്ച് വർഷമൊക്കെ ആകുമ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കോളും. ഏറെക്കുറെ ഈ വക സംഗതികളൊക്കെ ഞങ്ങൾക്ക് മനസ്സിലായിട്ടുണ്ട് എന്നുള്ളതും അഞ്ചാറ് മാസംകൂടി കഴിയുമ്പോൾ കേരളത്തിലെ ജനങ്ങൾ നിങ്ങളെ മനസ്സിലാക്കാൻ വൈകിയിട്ടില്ല എന്നുള്ളതും കൃത്യമായി നിങ്ങൾക്ക് മനസ്സിലാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് തുടക്കത്തിൽത്തന്നെ പാളി. ഫസ്റ്റ് നിയമനിർമ്മാണം എന്നുപറഞ്ഞാൽ സ്വജനപക്ഷപാതമാണ്. ശ്രീ. വി. എസ്. അച്യുതാനന്ദനെ ഒതുക്കുന്നതിനുവേണ്ടി, ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം ആദ്യമായി കൊണ്ടുവന്നിട്ടുള്ളത് അദ്ദേഹത്തെ കുടിയിരുത്തുന്നതിനു വേണ്ടിയുള്ള ഒരു നിയമമാണ്. അതിനുശേഷം തുടങ്ങിയതൊക്കെ നിങ്ങൾക്ക് പാളിയിട്ടുണ്ട്. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പറഞ്ഞില്ലേ? മന്ത്രിമാരെ, ഒന്നും വെട്ടിത്തുറന്ന് നിയമസഭയ്ക്കകത്ത് പറയണ്ടേ, പുറത്ത് പറയണ്ടേ? മന്ത്രിസഭയ്ക്കകത്തെങ്കിലും തങ്ങളുടെ വകുപ്പിനെ സംബന്ധിച്ച് പറയണ്ടേ? മുഖസ്തുതി മാത്രം കൈമുതലാക്കിയ ഒരു ഗവൺമെന്റ് മുന്നോട്ട് പോയതുകൊണ്ടാണ്

ഇത്രയധികം അപചയം ഈ ഗവൺമെന്റിനുണ്ടായത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മന്ത്രിമാർക്കും ഉത്തരവാദിത്വപ്പെട്ടവർക്കുമൊന്നും ഡിപ്ലോമാറ്റിനെ തിരിച്ചറിയാൻ കഴിയുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. മന്ത്രിസഭയ്ക്കകത്ത് മന്ത്രിമാർ എന്ത് പറയുന്നുവെന്ന് എവിടെയും ആർക്കും അറിയാൻ പാടില്ലാത്തതാണ്. മൂന്ന് തവണ അങ്ങ് പറഞ്ഞു, മന്ത്രിസഭയ്ക്കകത്ത് പറയണ്ടേ, പറയണ്ടേ എന്ന്. അതിന് വ്യക്തമായ വിശദീകരണം വേണം. എങ്ങനെയാണ് അദ്ദേഹം ഞങ്ങളുടെ സംസാരം അറിയുന്നത്. ഇങ്ങനെയാണോ നിങ്ങൾ പ്രശ്നം കൈകാര്യം ചെയ്യുന്നത്. ഇത് വ്യക്തമാക്കണം. നിങ്ങൾ എങ്ങനെയാണ് ഞങ്ങൾ സംസാരിച്ചത് അറിയുന്നത്. ഞങ്ങൾ മൂന്നുനാലുപേർ അവിടെ എന്തിനാണ് ഇരിക്കുന്നത്. നിങ്ങൾ അത് പിൻവലിക്കുന്നതാണ് നല്ലത്. ശ്രീ. എം. ഉമ്മർ, അങ്ങ് നിയമനിർമ്മാണത്തിൽ ഗൗരവമായി പങ്കെടുക്കുന്ന ഒരാളാണ്. മന്ത്രിസഭയ്ക്കകത്തെ ചർച്ചകളെപ്പറ്റി പറയാൻ പാടില്ല. അത് ഞങ്ങൾക്ക് ദോഷം ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇക്കാര്യം പരിശോധിക്കാം.*

ശ്രീ. എം. ഉമ്മർ: സർ, അതങ്ങ് പരിശോധിക്കണം. ഞാൻ പറഞ്ഞതിൽ അൺപാർലമെന്ററിയായ വല്ലതുമുണ്ടെങ്കിൽ, പറയാൻ പാടില്ലാത്തതുണ്ടെങ്കിൽ അങ്ങ് പരിശോധിക്കണം. പത്രത്തിൽ വരുന്ന കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. മന്ത്രിസഭയ്ക്കകത്ത് ഞങ്ങൾക്ക് കയറിനിൽക്കാൻ കഴിയുമോ? അതുകൊണ്ട്, കാറിന്റെ വലിപ്പവും അണിയുന്ന ആടയാഭരണങ്ങളുടെ വർണ്ണപ്പൊലിമയും ചുണ്ടിന്റെ നിറവും നോക്കിയിട്ടല്ല ഇവിടെ ഡിപ്ലോമാറ്റിനെ മനസ്സിലാക്കേണ്ടത്. ഈ ഡിപ്ലോമാറ്റിനെ മനസ്സിലാക്കാത്തതുകൊണ്ടാണ് ഡോ. കെ. ടി. ജലീലിനൊക്കെ അബദ്ധംപറ്റിയത്. അബദ്ധമല്ല, ബോധപൂർവ്വം തന്നെയാണ്. പതിനഞ്ച് പ്രാവശ്യം സ്വപ്ന സുരേഷിന് ഫോൺ ചെയ്തു എന്നാണദ്ദേഹം പറഞ്ഞത്. സ്വപ്ന സുരേഷിന് ഫോൺ ചെയ്തത് സ്വന്തം നിയോജകമണ്ഡലത്തിലേയ്ക്കാവശ്യമായ ഭക്ഷണക്കിറ്റ് കൊടുക്കുന്ന കാര്യത്തിനാണപോലും. സ്വന്തം നിയോജകമണ്ഡലത്തിൽ 1500 ഭക്ഷണക്കിറ്റ് കൊടുക്കുന്നതിനുവേണ്ടി പതിനഞ്ച് തവണ ഫോൺ ചെയ്തു. എന്റെ ഓരോ ഫോൺകോളും അര മിനിറ്റേ എടുത്തിട്ടുള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. സ്വപ്ന സുരേഷും ഡോ. കെ. ടി. ജലീലും

* ബഹുമാനപ്പെട്ട സ്പീക്കറുടെ 26-8-2020-ലെ ഉത്തരവ് (ഫ.നമ്പർ 3366/ഇ.ബി./2020/നി.സെ.) പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

തമ്മിലുള്ള അന്തർധാര അത്ര ശക്തമായതുകൊണ്ട് അര മിനിറ്റുകൊണ്ടുതന്നെ കാര്യം സാധിച്ചിട്ടുണ്ടാകും. അതുസംബന്ധിച്ച് ഞാൻ പറയുന്നില്ല. ഒരു സമുദായത്തെ, ഒരു നാടിനെ അപമാനിക്കുന്ന സംഗതിയാണ് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത്. കേരളത്തിൽ 80 ലക്ഷം ഓണക്കിറ്റ് കൊടുത്തിട്ടുണ്ട്. വിദേശ സഹായം കിട്ടിയിട്ടാണോ അങ്ങനെ ചെയ്തത്? 500 രൂപയുടെ 1500 കിറ്റ് കൊടുക്കുന്നതിനുവേണ്ടി അറ്റാഷെയെയും വിദേശ വകുപ്പിനെയുമൊക്കെത്തന്നെ നിരവധി തവണ ഫോൺ ചെയ്തു. അതും കൊടുത്തത് സ്വന്തം നിയോജകമണ്ഡലത്തിലാണ്. അദ്ദേഹം കേരളത്തിലെ മന്ത്രിയല്ലേ; അങ്ങനെ നീതിപൂർവ്വമായ സക്കാത്താണ് കൊടുക്കേണ്ടതെങ്കിൽ എവിടെ കൊടുക്കണമെന്ന് അദ്ദേഹത്തിന് അറിയില്ലേ? അത് സ്വന്തം നിയോജകമണ്ഡലത്തിൽ കൊടുത്തു എന്നാണ് പറയുന്നത്.

അതുപോലെ വിശുദ്ധ ഖുർആനെപ്പോലും അപകീർത്തിപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചില്ലേ; മുസ്ലീങ്ങളെ മുഴുവൻ അപമാനിച്ചില്ലേ? ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ഏതെങ്കിലും മന്ത്രിമാർ നയതന്ത്രപരമായ ഇടപാടിൽ സ്വർണ്ണക്കടത്തിന്റെ ആളുകളെ ഉപയോഗിച്ച് വിശുദ്ധ ഗ്രന്ഥം കൊണ്ടുപോയി എന്നുപറഞ്ഞാൽ അത് ഒരു സമൂഹത്തെ മുഴുവൻ അപമാനിക്കലാണ്. നമുക്കെല്ലാവർക്കുമറിയാം വിശുദ്ധ ഖുർആൻ ധാരാളമായി കേരളത്തിൽ പ്രിന്റ് ചെയ്യുന്നുണ്ട്. ഖുർആനെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു കുറവുണ്ടായിട്ടില്ല. അപ്പോൾ സ്വർണ്ണക്കടത്തിനുവേണ്ടി സ്വപ്നാ സുരേഷിനെ ഉപയോഗിച്ച് കള്ളക്കടത്ത് നടത്തി ഇങ്ങനെ കൊണ്ടുപോയി എന്നുള്ളത് നിർഭാഗ്യകരമാണ്. ലീഗിൽനിന്നും പുറത്താക്കുമ്പോൾ ഒരു കാര്യം ആലോചിക്കുന്നുണ്ട്, ലീഗിൽ നിന്നും കിട്ടിപ്പോയി എന്നാണ് വിചാരിച്ചത്. കണ്ടാലും തരക്കേടില്ല. നല്ല ഭാഷണശക്തിയുണ്ട്. അപ്പോൾ ലീഗിനെ അടിക്കാൻ ഒരു വടിയായി എന്നദ്ദേഹം വിചാരിച്ചു. അദ്ദേഹം ഇവിടെ പറയുകയുണ്ടായി, ലീഗിന്റെ നാല് മന്ത്രിമാർ ഭരിച്ച നാല് വകുപ്പ് ഞാൻ ഒറ്റയ്ക്ക് കൈകാര്യം ചെയ്യുതാണെന്ന്. പക്ഷേ, അദ്ദേഹം ചെയ്തിട്ടുള്ള ഇതുപോലുള്ള വകുപ്പ് ലീഗിന് നാന്നൂറ് മന്ത്രിമാർ ഉണ്ടായാലും ചെയ്യാൻ സാധിക്കില്ല എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ഇടതുപക്ഷ സ്ഥാനാർത്ഥിയായ ശ്രീ. എം. വി. ശ്രേയാംസ് കുമാർ ഇന്നലെ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിൽ എഴുതിയത് മാനംമര്യാദയുണ്ടെങ്കിൽ അദ്ദേഹം രാജിവച്ച് പോകണമെന്നാണ്. അതൊന്ന് വായിച്ചുനോക്കണം. ഡോ. കെ. ടി. ജലീൽ ഇപ്പോൾ ഡിപ്ലോമാറ്റിക് ക്വാറന്റീനിലാണ്. അദ്ദേഹം ഇവിടെ വരേണ്ടതായിരുന്നു. ...(ബഹളം)... ഡിപ്ലോമാറ്റിക് ക്വാറന്റീൻ എന്നുപറയുന്നത് നയതന്ത്രപരമായ ക്വാറന്റീനാണ്. അല്ലെങ്കിൽ അദ്ദേഹം ഇവിടെ വരേണ്ടതല്ലേ? ഞങ്ങളൊക്കെ വന്നില്ലേ? സുഖമുള്ളവരും ഇല്ലാത്തവരും ഇവിടെ വന്നില്ലേ?

ഈ ഗവൺമെന്റിന് സംഭവിച്ചിട്ടുള്ള ഏറ്റവും വലിയ അബദ്ധം എന്നുപറയുന്നത് ഗവൺമെന്റിനെയും സെക്രട്ടേറിയറ്റിനെയും നിയമനിർമ്മാണ സഭയെയും നോക്കുകുത്തിയാക്കി അതിലുള്ള പരമ്പരാഗത നിയമങ്ങളെയും ചട്ടങ്ങളെയും ഒക്കെതന്നെ ദുർബ്ബലപ്പെടുത്തി നിയമസഭയ്ക്ക് പുറത്ത് രണ്ടുംമൂന്നും സെക്രട്ടേറിയറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. റിട്ടയറായവർക്ക് മുഴുവൻ ചീഫ് സെക്രട്ടറിയേക്കാൾ വലിയ ശമ്പളം നൽകി നിയമിക്കുവാൻ വേറൊരു സെക്രട്ടേറിയറ്റ്. റീബിൽഡ് കേരളയ്ക്ക് വേറൊരു സെക്രട്ടേറിയറ്റ്. ആ സെക്രട്ടേറിയറ്റിനെയും യഥാർത്ഥ മുഖ്യമന്ത്രി ഇരിക്കുന്ന സെക്രട്ടേറിയറ്റിനെയും മുഴുവനും നിയന്ത്രിച്ചുകൊണ്ട് ഡീ-ഫാക്റ്റോ സെക്രട്ടറിയായി എം. ശിവശങ്കറും സ്വപ്ന സുരേഷും ചേർന്നുകൊണ്ട് ഫ്ലാറ്റിൽ വേറൊരു സെക്രട്ടേറിയറ്റ്. ആ സെക്രട്ടേറിയറ്റാണ് ഇതുവരെ കാര്യങ്ങൾ നടത്തിയത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്താവനകളൊക്കെത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശ്വസിച്ചുപോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശ്വസിച്ചയാൾ വിശ്വാസവഞ്ചന നടത്തി എന്നുപറഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇങ്ങനെ ഒരാളെ വിശ്വസിച്ചാൽ അല്ലെങ്കിൽ ഒരാളിൽ മാത്രം വിശ്വസിച്ചാൽ വഞ്ചിതനാകുന്ന അത്ര പാവമാണോ അങ്ങ്? അങ്ങനെയുള്ള ഒരാളെയാണോ കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ചത്? കേരളത്തിലെ ജനങ്ങൾ മുഖ്യമന്ത്രിയാക്കിയത് എം. ശിവശങ്കറിനെയല്ല. അവർ വിശ്വാസം അർപ്പിച്ചിട്ടുള്ളത് കേരളത്തിലെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ശ്രീ. പിണറായി വിജയനിലാണ്. അങ്ങനെയുള്ള അങ്ങ് മന്ത്രിമാരൊക്കെ തള്ളിപ്പറയുന്നുണ്ടെങ്കിലും എം. ശിവശങ്കറിനെ ഇതുവരെ തള്ളിപ്പറഞ്ഞതായി ഞാൻ കേട്ടില്ല. അദ്ദേഹം പലതവണ പറഞ്ഞത് എന്റെ ഓഫീസിനെ കളങ്കപ്പെടുത്താൻ ശ്രമിക്കുകയാണ്, എം. ശിവശങ്കറിനെപ്പോലുള്ള നല്ല ഉദ്യോഗസ്ഥരുടെ ആത്മവീര്യം കെടുത്താൻ നോക്കുകയാണെന്നാണ്. ഇവിടെ നല്ല ഉദ്യോഗസ്ഥർ ധാരാളമുണ്ട്. ഉദ്യോഗസ്ഥരുടെ കപ്പിത്താൻ എന്ന് മുഖസ്തുതി പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സുഖിപ്പിച്ചിട്ട് കാര്യമില്ല. ബി.എം.ഡബ്ല്യൂ. എന്നുപറഞ്ഞാൽ നല്ല വാഹനമാണ്. പക്ഷേ, അത് ഓടിക്കാൻ അറിയാത്ത ഒരു ഡ്രൈവറെ ഏൽപ്പിച്ചാൽ എങ്ങനെയുണ്ടാകും? അത് എവിടെയെങ്കിലും പോയി ഇടിച്ച് പരിക്കേൽക്കും എന്നുപറഞ്ഞതുപോലെ നല്ല ഉദ്യോഗസ്ഥരും പോലീസ് മേധാവികളും ഒക്കെയുള്ള ഈ സംസ്ഥാനത്തെ ഭരിക്കാൻ കഴിയാതെ പോയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അപചയമാണ്. ഇപ്പോൾ മന്ത്രിമാരൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാവമാണെന്നാണ്. അദ്ദേഹം മറ്റുള്ളവരെ വിശ്വസിച്ചു, അദ്ദേഹം എം. ശിവശങ്കറിനെ വിശ്വസിച്ചു എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നും അറിയുന്നില്ല എന്നുള്ളതും അത് അദ്ദേഹത്തിന്റെ പരാജയമാണ് എന്നുള്ളതും പറയാതെതന്നെ നമ്മുടെ മന്ത്രിമാർ പറഞ്ഞു കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ഉമ്മർ: സർ, മന്ത്രിമാർ മാത്രമല്ല പറഞ്ഞത്. സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് 'കൂടെ നിന്നവരുടെ സാമർത്ഥ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കാത്തതിൽ അത്ഭുതം' എന്നാണ്. ഇവിടെ ശ്രീ. വി. ഡി. സതീശനും ഞങ്ങളുമൊന്നും പറയേണ്ടതില്ല. "ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇങ്ങനെയുള്ളവരെ മനസ്സിലാക്കാൻ കഴിയാത്തത് എന്നെ അത്ഭുതപ്പെടുത്തുന്നു. ഏറ്റവും വിശ്വസ്തരായ ഉദ്യോഗസ്ഥർ തന്റെ വിശ്വാസം ദുരുപയോഗപ്പെടുത്തിയതാണെന്നും വിവാദസ്ത്രീയുമായി എം. ശിവശങ്കറിന് അടുത്ത ബന്ധമാണെന്നത് വ്യക്തമായി ഭരണകാര്യങ്ങളിൽ ഏറെ സമയം ഓഫീസിൽ ചെലവഴിക്കുന്ന മുഖ്യമന്ത്രിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുള്ളത് അത്ഭുതത്തോടെ കാണുന്നു" എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മനോരമ ന്യൂസ് ചാനലിൽ പറഞ്ഞു. മുമ്പ് ഇടതുപക്ഷ ഗവൺമെന്റിന് ചില കുഴപ്പം സംഭവിക്കുന്നത് സി.പി.ഐ.(എം)-ന്റെ അധികമായ ഇടപെടൽ ഉണ്ടാകുമ്പോഴാണ്. അതിന് പറയുന്നത് സെൽ ഭരണമെന്നാണ്. ഇപ്പോൾ സെൽ ഭരണമല്ല സെയിൽ ഭരണമാണ്. എല്ലാം കച്ചവടമായിക്കൊണ്ടിരിക്കുകയാണ്. ഒരു കച്ചവടക്കാരന്റെ കാഴ്ചപ്പാടോടുകൂടി നവമുതലാളിമാരോടുള്ള ചങ്ങാത്തംവഴി സാധാരണക്കാരനെയും പാവപ്പെട്ടവനെയും വിസ്മരിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ യാതൊരു അർഹതയുമില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പലതവണ ആവശ്യപ്പെട്ടതുപോലെ മുഖ്യമന്ത്രി രാജിവച്ച് ഒഴിയുക എന്നത് കേരളത്തെ രക്ഷിക്കാൻ അദ്ദേഹത്തിന് ചെയ്യാവുന്ന എളുപ്പമാർഗ്ഗമാണെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. ശ്രീ. എം. ഉമ്മർ പറഞ്ഞത് ഇതെല്ലാം sale ആണെന്നാണ്. നമ്മുടെ മുന്നിൽ സോളാർ കമ്മീഷൻ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട് എന്തുകൊണ്ടാണുണ്ടായതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതിൽ പ്രതികളായിട്ടുള്ള ഒരുപാടുപേർ ഇവിടെ ഇരിക്കുന്നുണ്ട്. ഒരു ഗവൺമെന്റിനെ സാരിത്തുമ്പിൽ ചുറ്റി കേരള ഭരണത്തെ ഇല്ലാതാക്കി സംസ്ഥാനത്തെ മുഴുവൻ അഴിമതിയിൽ മുക്കിത്താഴ്ത്തിയ ഒരു മുന്നണിയാണ് യു.ഡി.എഫ്. എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അദാനിയെ കൊണ്ടുവന്നതാരാണ്? ഇപ്പോൾ അദാനിക്ക് എയർപോർട്ട് കൂടി കൊടുത്തല്ലോ.

സർവ്വശ്രീ ഉമ്മൻചാണ്ടിയും കെ. വി. തോമസും കെ. ബാബുവും കെ. വി. തോമസ്സിന്റെ വീട്ടിൽ പ്രാതലും ഉച്ചഭക്ഷണവുമൊക്കെ കഴിച്ച് അദാനി പറഞ്ഞ terms and conditions പൂർണ്ണമായും പാലിച്ചുകൊണ്ടല്ലേ അദ്ദേഹത്തെ കൊണ്ടുവന്നത്. ആരാണ് അഴിമതി നടത്തിയത്? ഈ അഴിമതിയെക്കുറിച്ച് അവർക്ക് പറയാൻ എന്താണ് യോഗ്യത? കഴിഞ്ഞ അഞ്ച് വർഷം കേരളത്തിലെ എല്ലാ മേഖലയേയും അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയവരല്ലേ അവർ. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. അനൂപ് ജേക്കബിന്റെ ഭരണകാലത്ത് എന്താണ് നടന്നത്? എത്ര കൗണ്ടറായിരുന്നു പണം വാങ്ങാൻ വീട്ടിലും ഓഫീസിലും? ചോദിക്കുന്ന സ്ഥലത്ത് ചോദിക്കുന്ന പണം കൊടുത്ത് ട്രാൻസ്ഫർ കൊടുക്കുകയാണ്. അന്നത്തെ അഞ്ച് വർഷം സിവിൽ സപ്ലൈസ് എന്നത് അഴിമതിയുടെ കൂത്തരങ്ങായിരുന്നു. സപ്ലൈ സ്റ്റോക്കിൽ അമ്പതുകോടി രൂപയുടെ തട്ടിപ്പ് നടന്നത് കഴിഞ്ഞ അഞ്ച് വർഷത്തിലായിരുന്നു. ഇവിടെ ഓണക്കിറ്റിലെ ശർക്കരയുടെ കാര്യം പറഞ്ഞു. ഓണക്കിറ്റിൽ പഞ്ചസാരയ്ക്ക് പകരം സാമ്പാർ പൊടി കൊടുത്തവരാണിവർ. ഇതെല്ലാം പത്ര റിപ്പോർട്ടുകളാണ്. എന്റെ കൈവശം രേഖകളുണ്ട്. വെറുതെ പറയുന്നതല്ല. അതുപോലെ സപ്ലൈകോയിൽ രണ്ട് കോടി രൂപയുടെ മുളക് നേരിട്ട് വാങ്ങി കച്ചവടം നടത്തി. ഇതെല്ലാം ശ്രീ. അനൂപ് ജേക്കബ് ചെയ്തതാണ്. ശ്രീ. അനൂപ് ജേക്കബ് വില കൂട്ടി പൊതുവിതരണ സമ്പ്രദായത്തെ ഇല്ലാതാക്കി; ഇതൊക്കെ രേഖയാണ്. ധാരാളം കാര്യങ്ങൾ പറയാനുണ്ട് അദ്ദേഹം ഇവിടെയില്ലെന്നാണ് തോന്നുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഴുവൻ റേഷൻ കാർഡ് ഉടമകൾക്കും ഓണക്കിറ്റ് കൊടുത്തു. കഴിഞ്ഞ വെള്ളപ്പൊക്കത്തിനും കൊറോണ സമയത്തും പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ റേഷൻ കാർഡുള്ള മുഴുവൻ ആളുകൾക്കും കിറ്റ് കൊടുത്തു. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കിട്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വാങ്ങിയില്ലേ? എല്ലാ നേതാക്കൾക്കും കൊടുത്തു. റേഷൻ കാർഡ് ഉള്ളവർക്കും ഇല്ലാത്തവർക്കും ഈ ഗവൺമെന്റ് അരി കൊടുത്തു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങിയിരുന്നത് ഒരു സ്വകാര്യ ഇ-ടെണ്ടർ പ്ലാറ്റ്ഫോം വഴിയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രധാനപ്പെട്ട ടെണ്ടറുകൾ എല്ലാംതന്നെ കേരള സർക്കാരിന്റെ ഇ-ടെണ്ടർ പ്ലാറ്റ്ഫോം വഴി മാറ്റിയിരിക്കുന്നു. പഞ്ചസാര ഉൾപ്പെടെ നാല് പ്രധാനപ്പെട്ട വാങ്ങലുകൾക്ക് ഇലക്ട്രോണിക് ലേലം ഏർപ്പെടുത്തി. സപ്ലൈകോയ്ക്ക് ഇതുവഴി ലക്ഷക്കണക്കിന് രൂപ ലാഭിക്കാനിടയായി. മൊത്തക്കച്ചവടം ചെയ്യുന്നവർക്ക് ലാഭമുണ്ടാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാതെ മൂന്ന് കൊല്ലം വൈകിപ്പിച്ചു. ഇതുവഴി സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ

നഷ്ടമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് വാതിൽപ്പടി വിതരണവും റേഷൻ കടകളിൽ ഇ-പോസ് സംവിധാനവും നടപ്പാക്കിയത്. ഇവരുടെ കാലയളവിൽ തഴച്ചുവളർന്നിരുന്ന മൊത്തവിതരണക്കാരെ യാതൊരു ദാക്ഷണ്യവുമില്ലാതെ ഈ സർക്കാർ പുറത്താക്കി. ഇതിൽ എവിടെയാണ് അഴിമതി? ഈ സർക്കാരിന്റെ ഭരണകാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 317 തസ്തികകൾ പുതിയതായി സൃഷ്ടിച്ചു. സപ്ലൈകോയിൽ സബ്സിഡി വിൽപ്പന വഴി നടത്തിവന്ന കൊള്ള കമ്പ്യൂട്ടർവൽക്കരണ സംവിധാനത്തിലൂടെ ഒഴിവാക്കി. ഇങ്ങനെ ധാരാളം നല്ല കാര്യങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്തത്. നിങ്ങളുടെ ഭരണകാലത്ത് മുഴുവൻ അഴിമതിയായിരുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ നാല് വർഷക്കാലം കേരളത്തിൽ സമഗ്ര വികസനമല്ലേയുണ്ടായത്? നിങ്ങൾ അഞ്ച് വർഷക്കാലം ഇവിടെ ഭരണം നടത്തിയിരുന്നല്ലോ; നിങ്ങളെന്ത് വികസനമാണ് ഇവിടെ നടത്തിയതെന്ന് എനിക്ക് മുമ്പ് ശ്രീമതി വീണാ ജോർജ്ജ് ഇവിടെ പ്രസംഗിച്ചത് നമ്മൾ കേട്ടതാണ്. യു.ഡി.എഫ്. എം.എൽ.എ.-മാരടക്കം മുഴുവൻ പേരുടെയും നിയോജകമണ്ഡലത്തിൽ നിരവധി വികസനപ്രവർത്തനങ്ങൾ നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, പൊതുമരാമത്ത്, സാമൂഹികക്ഷേമ പെൻഷൻ തുടങ്ങി ഏതെടുത്ത് പരിശോധിച്ചാലും എവിടെയാണ് കുറവ് വന്നിട്ടുള്ളത്; എവിടെയാണ് പോരായ്മയുള്ളത്? നിങ്ങളുടെ ഭരണകാലത്ത് വിദ്യാഭ്യാസ സ്ഥാപനം എങ്ങനെയായിരുന്നു? വിദ്യാഭ്യാസ സ്ഥാപനം ലാഭകരമല്ലായെന്ന് പറഞ്ഞ് അടച്ചുപൂട്ടി. അഞ്ച് ലക്ഷം വിദ്യാർത്ഥികളുടെ കുറവായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചു. ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് കുട്ടികൾ വന്നുതുടങ്ങി. കഴിഞ്ഞ നാല് വർഷം കൊണ്ട് 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കായി, 4752 സ്കൂളുകൾക്ക് ഐ.റ്റി. അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി, 14000 സ്കൂളുകളിൽ ബ്രോഡ് ബാൻഡിംഗ് സിസ്റ്റം ഏർപ്പെടുത്തി, 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതം കൊടുത്തു, 395 സ്കൂളുകൾക്ക് 3 കോടി രൂപ വീതം കൊടുത്തു, 444 സ്കൂളുകൾക്ക് 1 കോടി രൂപ വീതം കൊടുത്തു, എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് ഏർപ്പെടുത്തി, 52 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽപ്പെടുത്തി 104 കോടി രൂപ നൽകി. വിദ്യാഭ്യാസ മേഖല മെച്ചമായില്ലേ? ഇതിൽ എവിടെയാണ് അഴിമതി? കേരളത്തിലെ വിദ്യാഭ്യാസ രംഗം ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയല്ലേ; പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തിയില്ലേ?

ഭവന നിർമ്മാണത്തെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞു. നാല് വർഷംകൊണ്ട് 2,19,154 വീടുകൾ നൽകിയ ഒരു ഗവൺമെന്റാണിത്. നിങ്ങൾ അഞ്ച് വർഷം ഒന്നും ചെയ്തില്ല. ഇവിടെ അതെല്ലാം സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നിങ്ങളുടെ ഭരണകാലത്ത് ഭൂമിയില്ലാത്തവരിൽ എത്രപേർക്ക് പട്ടയം കൊടുത്തു. നിങ്ങൾ അഞ്ച് വർഷം പട്ടയം കൊടുത്തത് വെറും 89,000 പേർക്കാണ്. ഇവിടെ മുൻ റവന്യൂ വകുപ്പുമന്ത്രിയില്ല. ശ്രീമതി സോണിയ ഗാന്ധിയെ തിരുവനന്തപുരത്ത് കൊണ്ടുവന്ന് പട്ടയം കൊടുത്തു; അതായത് ശ്മശാനംപോലും പതിച്ചുകൊടുക്കുന്ന അവസ്ഥ. പട്ടയം കിട്ടിയവർ ഇന്ന് വഴിയാധാരമായി നടക്കുകയാണ്; പട്ടയം കിട്ടിയ ഭൂമി അന്വേഷിച്ച് നടക്കുകയാണവർ. പക്ഷേ, കഴിഞ്ഞ നാല് വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 1.42 ലക്ഷം കുടുംബങ്ങൾക്ക് പട്ടയം നൽകി. നിങ്ങൾ അഴിമതിയെക്കുറിച്ചാണല്ലോ പറഞ്ഞത്. എവിടെയാണ് അഴിമതി? കഴിഞ്ഞ നാല് വർഷം കേരളം വല്ലാത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോയത്. ഓഖി ദുരന്തം, രണ്ട് പ്രാവശ്യമുണ്ടായ വെള്ളപ്പൊക്കം, നിപ വൈറസ്, ഇപ്പോൾ കോവിഡ്-19. ഈ പ്രതിസന്ധിയിലും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 3680 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. ശ്രീ. നരേന്ദ്ര മോദിയുടെ പാക്കേജ് നിങ്ങൾ കണ്ടതാണല്ലോ; നിങ്ങൾ അദ്ദേഹത്തിനോ ടൊപ്പമാണല്ലോ; അദ്ദേഹത്തിനെതിരായി നിങ്ങൾ എന്തെങ്കിലും സംസാരിച്ചോ നരേന്ദ്ര മോദി ഗവൺമെന്റ് ഇന്ത്യയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അഴിമതിയെ സംബന്ധിച്ച്, നമ്മുടെ പൊതുമേഖലാ സ്ഥാപനം വിറ്റഴിക്കുന്നത് സംബന്ധിച്ച്, അദ്ദേഹവും ബി.ജെ.പി.-യും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആ പ്രവർത്തനം നിങ്ങളുടെ മുമ്പിൽ അഴിമതിയല്ല, കാരണം, നിങ്ങളും അവരും ഒന്നാണ്. സയാമീസ് ഇരട്ടകളെപ്പോലെയാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം. സയാമീസ് ഇരട്ടകൾ അതായത് ഒരു ഉടൽ, രണ്ട് തല; ഇതാണവർ. ബി.ജെ.പി.-ക്കെതിരെ ഒരക്ഷരം മിണ്ടാൻ ഇവർക്ക് കഴിയുന്നില്ല. അവരുടെ അഴിമതിയെക്കുറിച്ച് പറയാൻ ഇവർക്ക് നേരമില്ല. ഇവിടെ കൃഷിയിലെന്ത് അഴിമതിയാണ് നടത്തിയത്? ഈ കാലഘട്ടത്തിൽ 3680 കോടി രൂപയുടെ പാക്കേജ് നടപ്പാക്കി. കേരളം ഇന്ന് ഭക്ഷ്യരംഗത്ത് പ്രത്യേകിച്ച് കാർഷിക മേഖലയിൽ, പാലുൽപാദനത്തിൽ എല്ലാം സ്വയംപര്യാപ്തതയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. എവിടെ, ഏത് ഭാഗത്താണ് കുഴപ്പം? വൈദ്യുത മേഖലയിൽ സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ഇങ്ങനെ ജനങ്ങളുടെ മുമ്പിൽ കേരളത്തെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയുള്ളൂ എന്ന ചിന്തയിൽ മുന്നോട്ടുപോവുകയാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹം യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ നോക്കാതെ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും നിരവധി വികസനങ്ങളുമായിട്ടാണ് മുന്നോട്ട് പോകുന്നത്. 4000 റോഡുകൾ, 517 പാലങ്ങൾ, 7500 സർക്കാർ കെട്ടിടങ്ങൾ, കുട്ടനാടിൽ മാത്രം 14 പാലങ്ങൾ; ഇതൊക്കെ നാല് വർഷംകൊണ്ടാണ് പ്രാവർത്തികമാക്കിയത്. നിങ്ങൾ അധികാരത്തിൽ ഇരുന്നപ്പോൾ ഖജനാവ് കൊള്ളയടിച്ച് ഒരു നയാപൈസ പോലും മിച്ചം വയ്ക്കാതെ പോയപ്പോൾ ഖജനാവിനെ സംരക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പുതിയ പ്രോജക്ടിലൂടെ കേരളത്തെ പിടിച്ചുയർത്തി ഈ നാല് വർഷവും മുന്നോട്ടുപോയി. അപ്പോഴാണ് നിങ്ങൾക്ക് അഴിമതി. എന്തിന്റെ അഴിമതിയാണ് ഇവിടെയുള്ളത്? സ്വർണ്ണക്കടത്തിനെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്വർണ്ണക്കള്ളക്കടത്ത് ധാരാളം നടന്നിട്ടുണ്ട്. വിമാനത്താവളങ്ങൾ വഴിയും അല്ലാതെയും സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് കൂടി വരുന്നതും സി.ബി.ഐ. ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളുടെ പിടിയിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാലത്ത് ശ്രീമതി കെ. എസ്. സലീഖ എം.എൽ.എ-യുടെ ചോദ്യത്തിന് അദ്ദേഹം കൊടുത്ത മറുപടി വിമാനത്താവളങ്ങളുടെ നിയന്ത്രണം സംസ്ഥാന പോലീസിനല്ലെന്നാണ്. സ്വർണ്ണക്കടത്തുകേസ് കൈകാര്യം ചെയ്യുന്നത് കസ്റ്റംസും ഡി.ആർ.ഐ.-യുമാണ്. എന്നാൽ കാസർഗോഡ് ജില്ലയിൽ ബേഡകം പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. ആ പറഞ്ഞ അദ്ദേഹമാണ് ഇപ്പോൾ പറയുന്നത് സ്വർണ്ണക്കടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്ന്. അങ്ങനെയാണെങ്കിൽ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പങ്കുണ്ടാകണ്ടേ; അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നില്ലേ; രണ്ട് പോലീസുകാർ ഇതിൽ കുറ്റക്കാരായിരുന്നു. ആ പോലീസുകാരെക്കുറിച്ച് അന്വേഷണം നടത്താൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല തയ്യാറായില്ല. അവരാണ് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്ന് പറയുന്നത്. എൻ.ഐ.എ. കേസ് അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.എ. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ കുറ്റക്കാരായവരെ കർശനമായി ശിക്ഷിക്കും. ശ്രീ. എം. ശിവശങ്കറിനെ പുറത്താക്കി. മുഖ്യമന്ത്രിയെന്നുള്ള നിലയിൽ സംസ്ഥാന ഗവൺമെന്റ് എടുക്കേണ്ട എല്ലാ സമീപനവും സ്വീകരിച്ചിട്ടുണ്ട്. എന്റെ കയ്യിൽ പഴയ ഫോട്ടോ ഇരിക്കുന്നുണ്ട് (ഫോട്ടോ ഉയർത്തിക്കാട്ടി). അങ്ങനെയാണെങ്കിൽ ഇതിൽ ശ്രീ. രമേശ്

ചെന്നിത്തലയും കക്ഷിയാണല്ലോ. 'ചെന്നിത്തലയുടെ വിരുന്നിൽ സ്വപ്നാ സുരേഷ്'. ഇതെങ്ങനെ വന്നു. അദ്ദേഹത്തിന് പങ്കുണ്ടെന്ന് ഞങ്ങൾ പറഞ്ഞില്ലല്ലോ. ഇങ്ങനെ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ വ്യക്തമായ വസ്തുതകൾ ആരോപണങ്ങൾക്കുണ്ടായിരിക്കണം. വസ്തുതയില്ലാതെ ബോധപൂർവ്വമായ പുകമറ സൃഷ്ടിച്ചുകൊണ്ട് ഒരു ഗവൺമെന്റിനെ ജനങ്ങളുടെ മുന്നിൽ തെറ്റിദ്ധരിപ്പിക്കാനുള്ള പരിശ്രമമാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും നടത്തുന്നത്. അവരുടെ ശ്രമങ്ങൾ വിലപ്പോകുന്നില്ല. കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ വിശ്വാസമർപ്പിച്ചാണ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമേയുള്ളൂവെന്ന് അവർക്കറിയാം. കൊവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മാസത്തെ ശമ്പളത്തിൽ നിന്ന് ആറ് ദിവസത്തെ ശമ്പളം അഞ്ച് മാസം നൽകണമെന്ന് ഗവൺമെന്റ് പറഞ്ഞപ്പോൾ യു.ഡി.എഫ്. അനുഭാവികളായ ഉദ്യോഗസ്ഥർ കൊടുക്കേണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം പറഞ്ഞു. ആ ഉത്തരവ് നിങ്ങൾ കത്തിച്ചുകളഞ്ഞു. പക്ഷേ, കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകളും 600 രൂപയും 750 രൂപയും 800 രൂപയും 1,000 രൂപയും വീതം പെൻഷൻ വാങ്ങുന്നവരടക്കം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം കൊടുത്തു. കേരളത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നിരവധിയാളുകൾക്കാണ് ക്ഷേമ പെൻഷനടക്കം കൊടുത്തത്. കേരളത്തിൽ ഒരു മനുഷ്യനും പട്ടിണി കിടക്കേണ്ട, ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ടെന്ന് പറഞ്ഞ് ഇക്കഴിഞ്ഞ അഞ്ചുമാസം മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുത്താണ് ഗവൺമെന്റ് ജനങ്ങളെ രക്ഷിച്ചത്. നിങ്ങൾക്കെന്ത് ചെയ്യാൻ കഴിഞ്ഞു? നിങ്ങൾക്കൊന്നും ചെയ്യാൻ സാധിച്ചില്ല. തെരഞ്ഞെടുപ്പ് അടുത്തുവരുന്ന ഘട്ടത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും അടക്കമുള്ളവർ കേരളത്തിലെ ജനമനസ്സുകളിൽനിന്നും ഒറ്റപ്പെട്ടുപോയെന്ന കാരണത്താൽ പുകമറ സൃഷ്ടിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കരിവാരി തേയ്ക്കാമെന്ന് വിചാരിച്ചാൽ ഒരുകാലത്തും നടക്കില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ജനങ്ങളൊന്നടങ്കം ഈ മുന്നണിക്കൊപ്പമുണ്ട്. ഈ മുന്നണിയെ സംരക്ഷിക്കാൻ ജനങ്ങളൊപ്പമുണ്ട്. ആനയെ തോട്ടികൊണ്ട് തളയ്ക്കാം, ദുഷ്ടൻമാരെ തോട്ടികൊണ്ട് തളയ്ക്കാൻ സാധിക്കില്ല. ആ ദുഷ്ടശക്തികളെ ജനങ്ങൾ തിരിച്ചറിയണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഒരു സർക്കാരും ഇന്നുവരെ രാജ്യദ്രോഹ കേസ്സിന് അന്വേഷണ വിധേയരാകേണ്ട അവസ്ഥയിലേയ്ക്ക് മാറിയിട്ടില്ല. ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് മുതൽ

ശ്രീ. ഉമ്മൻ ചാണ്ടിവരെയുള്ളവരുടെ ഭരണകാലയളവിൽ എന്തെല്ലാം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടപ്പോഴും എൻ.ഐ.എ. കേരളത്തിലെ സെക്രട്ടേറിയറ്റിന്റെ പടിയും കടന്ന് അകത്തേയ്ക്ക് വരുന്ന സാഹചര്യം ഒരാളും ഉണ്ടാക്കിയിരുന്നില്ലായെന്നുള്ളത് ഈ ന്യായീകരണ തിലകങ്ങൾക്കൊന്നും അറിയാഞ്ഞിട്ടല്ല, പക്ഷേ, പാർട്ടി പറയുന്നതിനപ്പുറം പാടാൻ ആർജ്ജവമില്ലാത്തവരായി മാറിയതുകൊണ്ടാണ് ഇങ്ങനെ വന്ന് ന്യായീകരിക്കേണ്ടിവരുന്നത്. ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കുന്ന കേസ്സിന്റെ ഉറവിടമായി കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഓഫീസ് മാറിയിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ എല്ലാമെല്ലാമായ, ഗവർണറെ കാണാൻ പോകുമ്പോൾപോലും, സത്യപ്രതിജ്ഞയ്ക്ക് പോകുമ്പോൾ പോലും അദ്ദേഹം കൂടെ കൂട്ടിയിരുന്ന സർവ്വാധികാരിയായ കമാന്റിംഗ് ചീഫിന് ഇത്ര ഗുരുതരമായൊരു കേസ്സിൽ സംശയത്തിന്റെ മുൾമുനയിൽ നിൽക്കേണ്ടി വന്നിരിക്കുകയാണ്, കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ ബോധ്യപ്പെടുന്ന ഇടപെടലുകളുടെ കാരണക്കാരനായി മാറിയിരിക്കുകയാണ്. ഗൺമാന്റെയും മറ്റും പേരിൽ ഇപ്പോഴും വലിയ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ സ്വന്തം പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കള്ളക്കടത്ത് കേസ്സിലെ പ്രതികൾക്കുണ്ടാക്കിക്കൊടുത്ത സൗകര്യങ്ങളുടെ നീണ്ട പട്ടിക ഓരോ ദിവസവും പുറത്തുവന്നിട്ടും അതിൽ തനിക്ക് പങ്കില്ലെന്നുമാത്രം പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ഒന്നേ പറയാനുള്ളൂ, കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമില്ലാത്തത് ശ്രീ. പിണറായി വിജയന് മാത്രമാണെന്നുള്ളതാണ് ഇപ്പോൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ന്യായീകരണങ്ങൾ മുഴുവൻ. ഉന്നത അധികാരത്തിലിരിക്കുന്നവർതന്നെ ഇത്തരത്തിലുള്ള അഴിമതിക്കും സ്വർണ്ണകള്ളക്കടത്തിനും കൂട്ടുകച്ചവടത്തിനുമെല്ലാം നേതൃത്വം നൽകിയിട്ട് അത് ഓരോന്നായി പുറത്തുവരുമ്പോൾ പുകമറയുടെ ഉത്തരവാദിത്വം ദയവായി പ്രതിപക്ഷത്തെ ഏൽപ്പിക്കരുത്. കാരണം, ഞങ്ങളല്ല സ്വപ്നാ സുരേഷിന് തളികയിൽ ജോലി വച്ച് സെക്രട്ടേറിയറ്റിനകത്തും മുഖ്യമന്ത്രിയുടെ ഓഫീസിനകത്തുമൊക്കെ കയറാൻ കഴിയാവുന്ന സ്വാധീനമുണ്ടാക്കി ക്കൊടുത്തതെന്നുള്ളത് നിങ്ങൾക്കും അറിവുള്ള കാര്യമാണ്. എങ്ങനെയാണ് സ്വപ്നാ സുരേഷ് ഈ ഗവൺമെന്റിനകത്തേയ്ക്ക് വന്നത്; സ്വപ്നാ സുരേഷിന് ജോലി കൊടുക്കണമെന്ന് കൺസൾട്ടൻസിയോട് നിർദ്ദേശിക്കുന്നത് എം. ശിവശങ്കർ തന്നെയാണ്. എം. ശിവശങ്കർ വഴിയാണ് ഇവിടെ അവർ ജോലിക്ക് കയറുന്നത്, അദ്ദേഹം അവർക്ക് ഫ്ലാറ്റ്പോലും ഏർപ്പെടുത്തി കൊടുക്കുന്നു. എം. ശിവശങ്കർ വഴി അവർക്ക് സ്പെയ്സ് പാർക്കിൽ നിയമനം കൊടുക്കുന്നു. അദ്ദേഹത്തിനൊപ്പം അവർ യു.എ.ഇ. സന്ദർശനം നടത്തുന്നു, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവർക്ക് ചാർട്ടേർഡ് അക്കൗണ്ടന്റിനെയും ലഭിക്കുന്നു, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവർക്ക് ലഭിക്കുന്ന അഴിമതിപ്പണം അതതിടങ്ങളിൽ

നിക്ഷേപിക്കുന്നു, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവർ ഈ കള്ളത്തരങ്ങൾക്കൊക്കെ കൂട്ടുനിൽക്കുമ്പോൾ, അദ്ദേഹത്തിന് ഒരേയൊരു ഗോഡ്ഫാദറേയുള്ളൂ. അത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്നുള്ളത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുന്ന വസ്തുതയാണോ? ഞാൻ ഒറ്റക്കാര്യം മാത്രം പറയാൻ ആഗ്രഹിക്കുന്നു. നിങ്ങളെ അവിശ്വസിക്കുന്നവരിൽ കേരളത്തിലെ പതിനായിരക്കണക്കിന് ചെറുപ്പക്കാരുടെ തൊഴിൽ സ്വപ്നങ്ങളെ സംബന്ധിച്ചുള്ള വേദനകളുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. സർക്കാർ സർവ്വീസിൽ കയറാൻ കേരളത്തിലെ മുഴുവൻ ചെറുപ്പക്കാർക്കും സ്വപ്നാ സുരേഷാകാൻ കഴിയില്ല; കേരളത്തിലെ മുഴുവൻ ചെറുപ്പക്കാർക്കും കോടിയേരി ബാലകൃഷ്ണന്റെ ഭാര്യാ സഹോദരനാകാൻ കഴിയില്ല കേരളത്തിലെ മുഴുവൻ ചെറുപ്പക്കാർക്കും ആനത്തലവട്ടം ആനന്ദന്റെ മകനാകാൻ കഴിയില്ല; കോലിയക്കോട് എം. കൃഷ്ണൻ നായരുടെ മകനാകാൻ കഴിയില്ല; എം. എം. ലോറൻസിന്റെ ബന്ധുവാകാൻ കഴിയില്ല; കെ. വരദരാജന്റെ മകനാകാൻ കഴിയില്ല. ഈ ചെറുപ്പക്കാരുടെ മുഴുവൻ ചിറ്റപ്പൻ ശ്രീ. ഇ. പി. ജയരാജൻ മന്ത്രിയല്ല. ഈ ചെറുപ്പക്കാരുടെ മുഴുവൻ ബന്ധുവായി ഡോ. കെ. ടി. ജലീലിനെ പോലെയൊരു മന്ത്രിയില്ല. ഈ ചെറുപ്പക്കാരുടെ മുഴുവൻ അച്ഛനല്ല ശ്രീ. കടകംപള്ളി സുരേന്ദ്രനെന്ന് പറയുന്ന കേരളത്തിന്റെ മന്ത്രി, ഈ ചെറുപ്പക്കാരുടെ വേണ്ടപ്പെട്ടവരാരും കേരള മന്ത്രിസഭയിലില്ല. അവരാരും മന്ത്രിസഭയിലെ സ്റ്റാഫ് അംഗത്തിന്റെ ഭാര്യമാരല്ല. അവരാരും എ. സമ്പത്തിനെപ്പോലെ തോറ്റ എം.പി. മാരുമല്ല. പി.എസ്.സി. പരീക്ഷ പഠിച്ച് പാസ്സായി ഒരു ജോലിക്കുവേണ്ടി കാത്തിരുന്നവരെ നോക്കുകുത്തിയാക്കി പിൻവാതിൽ നിയമനങ്ങളുടെ ഘോഷയാത്ര നടത്തിയ ആളുകൾ, ഈ ഗവൺമെന്റിൽ കേരളത്തിന്റെ പ്രതിപക്ഷത്തിന് അവിശ്വാസം രേഖപ്പെടുത്താനുള്ള ധാർമ്മികമായ അവകാശമില്ലെന്ന് പറഞ്ഞാൽ, അത് കേരളത്തിലെ യുവത്വം അംഗീകരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? പി.എസ്.സി. ചെയർമാൻ ചോദിച്ചത്, ചെറുപ്പക്കാർക്ക് ബക്കറ്റിൽ ജോലി എടുത്തുവച്ചിട്ടുണ്ടോ എന്നാണ്. പി.എസ്.സി. ചെയർമാന്റെ ബക്കറ്റിൽ ഇവിടത്തെ ചെറുപ്പക്കാർക്ക് തൊഴിലെടുത്തുവച്ചിട്ടില്ലെങ്കിൽ, സ്വപ്നാ സുരേഷിന് തൊഴിലെടുത്തുവച്ച ബക്കറ്റ് ക്ലിഫ്ഹൗസിലായിരുന്നോ എന്നുള്ളത് കേരളത്തിലെ ചെറുപ്പക്കാർ ചോദിക്കുകയാണ്. ഒരു കാര്യം പറയാം, വിമർശനങ്ങളോട് ഇത്ര അസഹിഷ്ണുത പാടില്ല. നിങ്ങൾ ഇപ്പുറത്തിരിക്കുമ്പോൾ ഇതിലും കടുത്ത ഭാഷയിൽ, മാന്യതകെട്ട ഭാഷയിൽ മുൻമുഖ്യമന്ത്രിയുടെ കുടുംബത്തെ വരെ ആക്ഷേപിക്കുന്നതിന് ഈ ഫ്ലോർ സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ വിമർശനങ്ങളോട് അസഹിഷ്ണുതയാണ്. അന്ന് മാധ്യമ സ്വാതന്ത്ര്യത്തിന്റെ അപ്പോസ്തലൻമാരായി പ്രവർത്തിച്ചിരുന്നവർ ഇന്ന് മാധ്യമങ്ങൾക്കെതിരെ സൈബർ ആക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ

അതിൽ പ്രതികരിക്കാൻ തയ്യാറാകുന്നില്ല. അതിനെ സപ്പോർട്ട് ചെയ്യുന്ന തരത്തിലുള്ള നിലപാടുകളെടുക്കുന്നു. അതിന്റെ patronage എടുക്കുന്നു. ബഹുമാനപ്പെട്ട അംഗം വീണാ ജോർജ്ജ് ഇവിടെ ഘോരഘോരം ഗവൺമെന്റിനുവേണ്ടി ന്യായവാദങ്ങൾ നിരത്തി. ഒരൊറ്റ ചോദ്യം ഞാൻ ചോദിക്കുന്നു, ഈ സഭയിലേയ്ക്ക് അങ്ങ് കടന്നുവരുന്നതിന് കാരണമായ റീച്ച് കേരളത്തിലെ ജനങ്ങൾക്കിടയിലുണ്ടാക്കിയത് മാധ്യമപ്രവർത്തനമാണ്. അതിന്റെ ഭാഗമായി നിന്നിട്ടുള്ള അങ്ങ് സഹപ്രവർത്തകരെ കേരളത്തിന്റെ സൈബർ ഇടങ്ങളിൽ കൊത്തിവലിക്കുമ്പോൾ ഒരു വാക്കുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്താൻ കഴിയാതെ ഈ സഭയിൽ ഇരുപത് മിനിട്ട് നീണ്ടുനിന്ന പ്രസംഗത്തിൽ, ഒരു വരിയൊന്ന് പറയാൻ തയ്യാറാവാതെ നിൽക്കുമ്പോൾ എങ്ങനെ ഇവരെ വിശ്വസിക്കണം.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഇപ്പോൾ സംസാരിച്ച കാര്യം സഭയുടെ രേഖകളിൽ ഉണ്ടാകാൻ പാടില്ല. എന്റെ പ്രസംഗം അങ്ങ് കേട്ടില്ല. ഞാൻ പറഞ്ഞത്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കേസ് റിപ്പോർട്ട് ചെയ്ത വനിതാ മാധ്യമപ്രവർത്തകയെ കോഴിക്കോട് വിമാനത്താവളത്തിൽ ലീഗുകാർ ആക്രമിച്ചതിനെക്കുറിച്ച് അഴീക്കോട് മെമ്പർ കെ. എം. ഷാജി എന്താണ് സംസാരിക്കാത്തതെന്നാണ്. ഞാൻ ന്യായീകരിച്ചിട്ടില്ല. ആർക്കെതിരെയും ആക്രമണമുണ്ടായാൽ ഏത് സ്പേസിലാണെങ്കിലും തെറ്റാണ്. പക്ഷേ, ഇരട്ടത്താപ്പ് നയം പാടില്ലായെന്നാണ് ഞാൻ പറഞ്ഞത്. ഇത് രേഖകളിലുണ്ടാകാൻ പാടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പരിശോധിക്കാം..*

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഇതുതന്നെയാണ് കേരളത്തിന്റെ പ്രതിപക്ഷത്തിന്റെ ധർമ്മം. ഇരുപത് മിനിറ്റ് സംസാരിച്ചിട്ട് ആ ആക്രമണങ്ങളെ തള്ളിപ്പറയാൻ തയ്യാറാകാതിരുന്നാൽ ആർക്കെതിരെ ആക്രമണം നടത്തിയാലും അത് തെറ്റാണെന്ന് ഈ സഭയിൽ എഴുന്നേറ്റുനിന്ന് പറയിപ്പിക്കുക എന്നുള്ളതുതന്നെയാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ധർമ്മം. ....(ബഹളം).... എനിക്ക് സമയം തരണം. ....(ബഹളം)....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്.....സംസാരിക്കു. ....(ബഹളം).... പ്ലീസ്.... അവിടെ ഇരിക്കു.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവ് (26-8-.2020-ലെ ഫ.നമ്പർ 3364/ഇ.ബി./2020/നി.സെ.) പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ചോദ്യങ്ങളോടും വിമർശനങ്ങളോടും ഇത്രയും അസഹിഷ്ണുത വേണ്ട. തങ്ങൾക്ക് തുടർഭരണം പ്രഖ്യാപിച്ച ചാനലുകളിലെ അവതാരകരെയും ചാനലുകളെയും വാഴ്ത്തിപ്പാടിയവർ പിന്നീട് ചർച്ചകൾക്കിടയിൽ ചോദ്യം ചോദിക്കുമ്പോഴേയ്ക്കും ബഹിഷ്കരണത്തിന്റെ വഴിതേടി പോകേണ്ടിവരുന്നത് കൃത്യമായ ചോദ്യങ്ങൾക്ക് ഉത്തരമില്ലാത്തതു കൊണ്ടുകൂടിയായിരുന്നു. ആ ചോദ്യങ്ങളോട് അസഹിഷ്ണുതയും ധിക്കാരവും നിറഞ്ഞ പെരുമാറ്റംകൊണ്ട് വസ്തുതകളെ ഇവർക്ക് മറച്ചുവയ്ക്കാനും സാധിക്കില്ല. അങ്ങേയ്ക്ക് ഇരട്ടച്ചങ്കുണ്ടെന്നും അഴിമതിവിരുദ്ധനാണെന്നുമാണ് സ്തുതിപാഠകർ പാടിനടക്കുന്നത്. ആദ്യം പറഞ്ഞത് ഇല്ലെന്നും രണ്ടാമത് പറഞ്ഞത് അല്ലെന്നുമാണ് എനിക്ക് പറയാനുള്ളത്. ഈ സംഭവവികാസങ്ങൾ ഓരോന്നും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ബോധ്യപ്പെടുന്നുണ്ട്. അങ്ങേയ്ക്ക് പിന്തുണ പ്രഖ്യാപിക്കുന്ന ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാറിന്റെ പ്രസംഗം ബഹുമാന്യനായ ആർ. ബാലകൃഷ്ണ പിള്ള കേൾക്കരുതേയെന്ന് ഞാൻ പ്രാർത്ഥിച്ചു പോവുകയാണ്. സ്വന്തമായി അഴിമതിവിരുദ്ധ പ്രസംഗം നടത്തുമ്പോൾ, കേരളത്തിലാദ്യമായി ഒരു അഴിമതിക്കേസ്സിൽ ശിക്ഷിക്കപ്പെട്ട, അദ്ദേഹത്തെ വേട്ടയാടിയെന്ന് അക്കാലം മുഴുവൻ പറഞ്ഞുകൊണ്ടു നടന്നിരുന്നവർ, ഇപ്പോൾ ആളുകളുടെ പ്രീതി പിടിച്ചുപറ്റാൻവേണ്ടി ചരിത്രം മറന്ന്, കാലുമാറിയത് മറന്ന് ഇവിടെ നടത്തുന്ന പ്രസംഗങ്ങൾ തീർച്ചയായും കേരളത്തിലെ ജനങ്ങൾ വിലയിരുത്തുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നാലരക്കോടി രൂപ കൊടുത്ത് ലൈഫ് പദ്ധതിയുൾപ്പെടെയുള്ള കാര്യങ്ങളിൽ അഴിമതിയുടെ നീണ്ട പട്ടിക വരുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രഭാത് പട്നായ്ക്കിനെപ്പോലുള്ളവരുടെ പേരുകളാണ് ഇവിടെ പറഞ്ഞുകേട്ടിരുന്നതെങ്കിൽ ഇപ്പോൾ കേൾക്കുന്നത് മുഴുവൻ കൺസൾട്ടൻസികളുടെ പേരാണ്. കൺസൾട്ടൻസികളെ അഴിമതി നടത്താനുള്ള കുറുക്കുവഴികളാക്കി ഇവർ മാറ്റിയിരിക്കുകയാണ്. ക്രിമിനലുകൾ രക്ഷപ്പെടുകയാണ്. ശിവരഞ്ജിത്തും നസീമും ഇപ്പോഴും പുറത്ത് ചുറ്റിയടിച്ച് നടക്കുമ്പോൾ പാവപ്പെട്ട ചെറുപ്പക്കാർ തൊഴിലിനുവേണ്ടി കാത്തിരിക്കുകയാണ്. കൃപേഷിനെയും ശരത്‌ലാലിനെയും കൊന്നവരുടെ കേസ്സിന്റെ അന്വേഷണം ഗവൺമെന്റ് അട്ടിമറിക്കുന്നുവെന്ന് സി.ബി.ഐ.-ക്ക് കോടതിയിൽ പറയേണ്ടിവരികയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.....കൺക്ലൂഡ്.... രണ്ട് മിനിറ്റ് കൂടുതലെടുത്തു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഇനി മറ്റൊരു സൗമ്യയും ജിഷയും ഉണ്ടാകില്ലെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന അങ്ങയുടെ ഭരണത്തിൽ

വാളയാറിലെ രണ്ട് പെൺകുട്ടികൾ മരണപ്പെട്ടിട്ട് ആ മരണത്തിന് കാരണക്കാരായ ഒരാളും ഇപ്പോഴും തുറുങ്കിൽ ഇല്ലായെന്നുള്ളത് മനസ്സിലാക്കണം. പാലത്തായിലെ പ്രതിയും രക്ഷപ്പെടാനുള്ള സാഹചര്യം എങ്ങനെ ഒരുക്കിയെന്നുള്ളത് അങ്ങ് മനസ്സിലാക്കണം. ഇവിടെ പൊന്നു എന്നുപറയുന്ന ചിറ്റാറിലെ സഹോദരന്റെ വീട്ടിൽ ഞാനും പോയിരുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....കൺക്ലൂഡ്.....

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ അവസാനിപ്പിക്കുന്നു. ആ വീട്ടിൽ ചെന്നപ്പോൾ പൊന്നുവിന്റെ ചെറിയ കുട്ടി ഞങ്ങൾ കേൾക്കേ പറഞ്ഞത്, വനം വകുപ്പുമന്ത്രികൂടി കേൾക്കാൻവേണ്ടി ഞാൻ പറയുന്നു, ക്യാമറ നശിപ്പിച്ചതിന്റെ പേരിൽ രണ്ടര മണിക്കൂർമുമ്പ് ആ വീട്ടിൽനിന്നും ആരോഗ്യദൃഢഗാത്രനായ ഒരു ചെറുപ്പക്കാരനെ ഫോറസ്റ്റ് ജീപ്പിൽ പിടിച്ചുകൊണ്ടുപോകുമ്പോൾ ആ ചെറിയ കുട്ടി കണ്ടുനിന്നിട്ടുണ്ട്. അച്ഛൻ എവിടെയെന്ന് ചോദിക്കുമ്പോൾ എനിക്ക് ഐസ്ക്രീം വാങ്ങാൻ വനം വകുപ്പിന്റെ ജീപ്പിൽ പോയിരിക്കുകയാണെന്ന് മറുപടിയും പറഞ്ഞ്, ഐസ്ക്രീമുംകൊണ്ട് അച്ഛൻ വരുന്നത് കാത്തുനിൽക്കുന്ന ചെറിയ കുഞ്ഞുള്ള ആ വീട്ടിനകത്തേയ്ക്ക് ഈ മന്ത്രിസഭയിലെ ഒരംഗം തിരിഞ്ഞുനോക്കിയിട്ടുണ്ടോ എന്നുള്ളത് ഈ സഭയുടെ മുമ്പിൽ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ, പ്ലീസ്.....കൺക്ലൂഡ്..... സമയം കഴിഞ്ഞു. മൂന്ന് മിനിറ്റിൽ കൂടുതലെടുത്തു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പൊന്നുവിന്റെ മൃതദേഹമല്ല ഫ്രീസറിലുള്ളത്; നീതിയാണ് അവിടെ മരവിച്ച് കിടക്കുന്നത്. ......(മൈക്ക് ഓഫ്).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മൂന്ന് മിനിറ്റിൽ കൂടുതലെടുത്തു. കൺക്ലൂഡ് ചെയ്യാൻ എത്ര പ്രാവശ്യം പറഞ്ഞു. കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അഴിമതിയുടെ ദുർഗന്ധം വമിക്കുന്ന ഗർത്തത്തിൽനിന്ന് സത്യനിഷ്ഠയെപ്പറ്റി ധർമ്മോപദേശം നടത്തുന്ന ധാർഷ്ട്യത്തിന്റെ പേരാണ് കാപട്യം. അതിനിപ്പോൾ ഒരു പേരുംകൂടിയുണ്ട്. അത് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പേരായി ഇവിടെ മാറിയിരിക്കുകയാണ്. ചോദ്യങ്ങൾക്കുനേരെ ധിക്കാരവും ധാർഷ്ട്യവുമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ അവസാനിപ്പിക്കുന്നു. അത് മാധ്യമ പ്രവർത്തകരുടെയാണെങ്കിലും പ്രതിപക്ഷത്തിന്റെയാണെങ്കിലും, ഞങ്ങളുടെ ഒരൊറ്റ

ചോദ്യം മാത്രം, പ്രതിപക്ഷമില്ലായിരുന്നെങ്കിൽ ഇവിടെ ബ്രൂവറീസും ഡിസ്റ്റലറീസും എങ്ങനെ ഈ ഗവൺമെന്റ് നടപ്പിലാക്കുമായിരുന്നു?..............(മൈക്ക് ഓഫ്).....

ശ്രീ. എം. സ്വരാജ്: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുന്നു. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സംയുക്തമായി അണിനിരന്ന ഒരു അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയാണ് ഇപ്പോൾ നമ്മളിവിടെ കണ്ടത്. ബാബറി മസ്ജിദിന്റെ മിനാരങ്ങളെ കാത്തുരക്ഷിക്കാൻ ഇന്ത്യൻ മതനിരപേക്ഷതയ്ക്ക് കാവലാളായിരുന്ന വി. പി. സിംഗിന്റെ മതനിരപേക്ഷ ഗവൺമെന്റിനെ സംഘപരിവാറിനൊപ്പം തോളോടുതോൾ ചേർന്ന് വലിച്ച് താഴെയിട്ട ആ ഭൂതകാല അനുഭവത്തിന്റെ ഹാംഗ്ഓവറിൽനിന്ന് ഇനിയും കേരളത്തിലെ കോൺഗ്രസ്സ് മാറിയിട്ടില്ലെന്ന് തെളിയിക്കുന്നതാണ് ഇന്നത്തെ അവിശ്വാസ പ്രമേയ ചർച്ച. കേരളത്തിൽ ഒരു ഇടതുവിരുദ്ധ ദുഷ്ടസഖ്യം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ജനവിരുദ്ധ പ്രതിപക്ഷം മാത്രമല്ല, ആ പ്രതിപക്ഷത്തിന്റെ അസത്യജൽപ്പനങ്ങളെ അച്ചടിമഷി പുരട്ടിയും ദൃശ്യചാരുത നൽകിയും വിശുദ്ധ സത്യമാക്കാൻ അധികസമയം ജോലി ചെയ്യുന്ന കുത്തക മാധ്യമങ്ങളുമായി ചേർന്നുള്ളതാണ് ആ അവിശുദ്ധ സഖ്യം. അവരുടെ മഴപോലെ പെയ്തിറങ്ങുന്ന വിഷം പുരട്ടിയിട്ടുള്ള നുണകളെ ജനങ്ങളുടെ മുമ്പാകെ തുറന്നുകാണിക്കാനുള്ള അവസരമായിട്ടാണ് ഈ അവിശ്വാസ പ്രമേയത്തിന്റെ ചർച്ച ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ എത്രയോ അവിശ്വാസ പ്രമേയ ചർച്ചകൾ ചരിത്രത്തിൽ കണ്ടിട്ടുണ്ട്. നല്ലനിലയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ പ്രാപ്തിയുള്ള, കാരിരുമ്പിന്റെ കാഠിന്യത്തോടെ ലക്ഷ്യബോധമുള്ള വാക്കുകൾ ഉപയോഗിക്കാൻ കഴിയുന്ന ബഹുമാന്യനായ പ്രമേയാവതാരകന്റെ ഇന്നത്തെ അവിശ്വാസ പ്രമേയം എന്തേ ഇങ്ങനെ നനഞ്ഞ പടക്കമായി മാറി; എന്തേ ഇങ്ങനെ ദുർബലമായിപ്പോയി? എല്ലാം അതിലുണ്ട്; മുമ്പ് സംസാരിച്ചവർ പറഞ്ഞിട്ടുമുണ്ട്. എനിക്ക് ഒന്നേ സൂചിപ്പിക്കാനുള്ളൂ. ഈ അവിശ്വാസ പ്രമേയം പരാജയപ്പെട്ടുപോകുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. പരാജയപ്പെടാൻവേണ്ടി മാത്രമുള്ള വാദങ്ങൾ ഉന്നയിക്കുന്നവരായി നിങ്ങൾ മാറിയതുകൊണ്ട് നിങ്ങൾക്ക് നാണക്കേട് അനുഭവപ്പെടുകയുമില്ല. പക്ഷേ, ഡൽഹിയിൽ ഒരു അവിശ്വാസ പ്രമേയം ഇപ്പോൾ നടക്കുന്നുണ്ട്. ശ്രീമതി സോണിയാ ഗാന്ധിയിലുള്ള അവിശ്വാസം പ്രകടിപ്പിക്കുന്ന, തെരുവിൽ അടിപിടിയായിക്കഴിഞ്ഞിരിക്കുന്നു. ആ അവിശ്വാസം പാസ്സാകാൻ സാധ്യതയുണ്ടെന്ന് നിങ്ങളെ ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ പ്രമേയാവതാരകൻ മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലഘട്ടത്തിലെ നടപടികളെ സംബന്ധിച്ച് പരാമർശിച്ചുകൊണ്ട് അന്ന് മാധ്യമങ്ങളോട് പറഞ്ഞു. ഇത് വെറും കൊള്ളയല്ല 'തീവെട്ടിക്കൊള്ള'യാണ്.

അതായിരുന്നു അന്നുപയോഗിച്ച വാക്ക്. പക്ഷേ, ഈ അവിശ്വാസ പ്രമേയാവതരണത്തിൽപ്പോലും എൽ.ഡി.എഫ്. ഗവൺമെന്റിനെതിരെ അദ്ദേഹം അങ്ങനെയൊരു വാക്ക് ഉപയോഗിച്ചില്ല. ബഹുമാന്യനായ പറവൂർ അംഗത്തിന് അറിയാം എൽ.ഡി.എഫ്. യു.ഡി.എഫ്.-നെപ്പോലെയല്ല. 'തീവെട്ടിക്കൊള്ള' എന്ന വാക്ക് യു.ഡി.എഫ്.-നെ ചേരൂ, എൽ.ഡി.എഫ്.-ന് ചേരില്ല. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അങ്ങ് യു.ഡി.എഫ്.-ന് ചാർത്തിക്കൊടുത്ത വിശേഷണങ്ങൾ ഞങ്ങളുടെ നേരെ ഉപയോഗിക്കാത്തതിൽ അങ്ങയോടുള്ള നന്ദി ഈ ഘട്ടത്തിൽ ഞാൻ രേഖപ്പെടുത്തുകയാണ്.

ബഹുമാന്യനായ പ്രതിപക്ഷനേതാവേ, യു.ഡി.എഫ്. ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ, അങ്ങ് മന്ത്രിയാകുന്നതിനുമുമ്പ് കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷന്റെ സംസ്ഥാന സമ്മേളനം പാലക്കാട് ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയിട്ടുള്ള പ്രസംഗത്തിൽ പറഞ്ഞ ഒരു വാചകമുണ്ട്. അത് ഇങ്ങനെയായിരുന്നു. 'കേരള സംസ്ഥാനത്ത് ഇന്ന് അഴിമതി കൊടികുത്തിവാഴുന്നു.' കൊവിഡ്-19 കാലത്ത് ദിവസം മൂന്ന് നേരം വാർത്താസമ്മേളനം നടത്തിയിട്ടും ഒരുപാട് ആരോപണങ്ങൾ ഉയർത്തിയിട്ടും ഈ ഗവൺമെന്റിനെതിരെ അങ്ങനെയൊരു വാചകം അങ്ങ് ഉപയോഗിച്ചില്ല. അങ്ങേയ്ക്കറിയാം യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തേതുപോലെ അഴിമതി കൊടികുത്തി വാഴുന്ന ഒരു ഘട്ടമല്ലയിത്, അത് പറയാൻ പാടില്ലായെന്ന് അങ്ങേയ്ക്കറിയാം. അങ്ങനെ ഉപയോഗിക്കാതിരുന്നതിന് അങ്ങയോടും നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. കെ.പി.സി.സി.-യുടെ മുൻ പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ അക്കാലത്ത് മാധ്യമങ്ങളുടെ മുമ്പാകെ പറഞ്ഞൊരു വാചകമുണ്ട്. അതിങ്ങനെയായിരുന്നു 'കേരളം മാഫിയാരാജിലേയ്ക്ക് പോകുന്നു'. അദ്ദേഹം ഇപ്പോൾ ഒരുപാട് വിമർശനം ഉയർത്തുന്നുവെങ്കിലും ഈ വാചകം ഉപയോഗിച്ചിട്ടില്ല. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം രണ്ടാണെന്നും നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾതന്നെ ഉയർത്തിയ വിശേഷണങ്ങൾ ഈ ഗവൺമെന്റിന് ചേരില്ലെന്നും തിരിച്ചറിയുന്ന നിങ്ങളോടുള്ള നന്ദി പറയാൻ വേണ്ടിത്തന്നെയാണ് ഞാൻ ഇതിന്റെ ആദ്യഭാഗം ഉപയോഗപ്പെടുത്തുന്നത്. എന്തൊക്കെയായിരുന്നു നിങ്ങളുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, ഓർക്കുന്നില്ലേ; 2013 സെപ്റ്റംബർ മാസം 7-ാം തീയതി ഡി.ജി.പി. ആയിരുന്ന ശ്രീ. ബാലസുബ്രഹ്മണ്യം ഒരു റിപ്പോർട്ട് എഴുതി. ആ റിപ്പോർട്ടിലെ വാചകം എന്തായിരുന്നു? 'മന്ത്രിമാരുടെ ഓഫീസുകൾ കുറ്റവാളികളുടെ താവളമായി മാറുന്നു'. ഈ ഗവൺമെന്റിനെക്കുറിച്ചല്ല, നിങ്ങളുടെ ഗവൺമെന്റിനെക്കുറിച്ച് നിങ്ങളുടെ ഡി.ജി.പി. തന്ന റിപ്പോർട്ട്. അതുപോലെ സോളാർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി, കേരള

മുഖ്യമന്ത്രിയുടെ ഓഫീസിനെ ചൂണ്ടിപ്പറഞ്ഞത് എന്താണ്? കുറ്റവാളികളുടെ താവളമായി മാറിയോ ഈ ഓഫീസ് എന്നാണ് ചോദിച്ചത്. കടകംപള്ളി ഭൂമിയിടപാടിൽ വിവാദപുരുഷനായി മാറിയ അന്നത്തെ മുഖ്യമന്ത്രിയുടെ ഗൺമാനെ ചൂണ്ടി എന്താണ് പറഞ്ഞത്? ഇദ്ദേഹമാണോ കേരളത്തിന്റെ മുഖ്യമന്ത്രി എന്നാണ്. ഓർമ്മിപ്പിക്കേണ്ടി വരുന്നത് നിങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടാണ്. ഞങ്ങൾ ഇതൊന്നും വലിച്ചുപുറത്തിടാൻ ആഗ്രഹിച്ചതല്ല. നിങ്ങളായി ഒരവസരം ഉണ്ടാക്കിത്തന്നു; അപ്പോൾ ഞങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് ശരിയല്ല എന്നുമാത്രമേയുള്ളൂ. വഴിയേ പോയവൻ മുഖ്യമന്ത്രിയുടെ കസേരയിൽ കയറിയിരുന്ന് നിരങ്ങിയ ആ കാലമല്ല ഇന്ന് കേരളത്തിലുള്ളതെന്ന് നിങ്ങൾ ശരിയായി തിരിച്ചറിയണം. അന്നത്തെ എത്ര അഴിമതിക്കേസ്സുകൾ ഇപ്പോഴും നിലനിൽക്കുന്നു? ടൈറ്റാനിയം കേസ്, പാം ഓയിൽ കേസ്. ബഹുമാന്യനായ പിറവം അംഗം ഒന്ന് ശ്രദ്ധിക്കണം അങ്ങ് നേരത്തെ പ്രസംഗിച്ചല്ലോ; അഭിവന്ദ്യനായ അങ്ങയുടെ പിതാവ് ഉയർത്തിയ കോടാനുകോടി രൂപയുടെ സൈൻബോർഡ് അഴിമതി ഓർമ്മയില്ലേ; ഈ അഴിമതിക്കേസുകളെല്ലാം പോയിയെന്ന് കരുതരുത്. ഒരു അഴിമതിക്കേസ് അതിന്റെ നടപടികൾ പൂർത്തീകരിച്ച് അവസാനഘട്ടത്തിലെത്താൻ 33 കൊല്ലംവരെ എടുത്തേയ്ക്കുമെന്ന ബഹുമാന്യനായ മുൻമുഖ്യമന്ത്രിയുടെ മറുപടി എന്റെ കയ്യിലുണ്ട്. എല്ലാം വരാനിരിക്കുന്നു, യു.ഡി.എഫ്. അംഗങ്ങൾ ഘോഷയാത്രയായി ജയിലിലേയ്ക്ക് പോകുന്ന കാഴ്ചയാണ് വരാൻ പോകുന്നത്. കള്ളസ്വാമിക്കും തോട്ടമുടമയ്ക്കും മാഫിയ സംഘത്തലവനും കേരളം പതിച്ചുകൊടുക്കാൻ ഉത്തരവിൽ ഒപ്പിടുമ്പോൾ ബഹുമാന്യനായ മുൻ മുഖ്യമന്ത്രീ, അങ്ങയുടെ കൈ വിറച്ചിട്ടില്ലല്ലോ; അത് കണ്ട് വളർന്നതാണ് ഈ കേരളത്തിലെ ജനങ്ങൾ. ഈ വഞ്ചക വലതുപക്ഷത്തെ ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് മലയാളികൾ പ്രബുദ്ധ കേരള രാഷ്ട്രീയത്തിന്റെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിഞ്ഞത്. ഞങ്ങളെ അധികാരത്തിലേയ്ക്ക് കൊണ്ടുവന്നത് കേരളത്തിലെ നിസ്വരായ ജനങ്ങളാണ്, പാവപ്പെട്ട മനുഷ്യരാണ്; നിങ്ങളുടെ കുറ്റകൃത്യങ്ങൾകണ്ട് പൊറുതിമുട്ടിയ ജനതയാണ്. അവരോടാണ് ഞങ്ങൾക്ക് പ്രതിബദ്ധത; അവരോടാണ് ഞങ്ങൾക്ക് ബോധ്യപ്പെടുത്താനുള്ളത്. ആ ജനത്തോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

എന്തെല്ലാം കെടുതികളെ നേരിടേണ്ടി വന്നു. നിപയും ഓഖിയും കൊറോണയും പ്രളയവുമെല്ലാം ഈ നാടിനെ വേട്ടയാടിയപ്പോൾ ലോകത്തിലെ വൻശക്തികൾപോലും വീണുപോകുന്ന വെല്ലുവിളികളുടെ മുമ്പിൽ ചലിപ്പിക്കാനാകാത്ത മഹാപർവ്വതത്തെപ്പോലെ പ്രതിരോധത്തിന്റെ മഹാശൃംഖല പടുത്തുയർത്തി

കേരളത്തെ മുമ്പോട്ടു നയിച്ച സംസ്ഥാന ചരിത്രത്തിലെ ഏറ്റവും കരുത്തനായ മുഖ്യമന്ത്രിയെ നിങ്ങളിപ്പോൾ എന്ത് ചെയ്യാനാണ് ശ്രമിക്കുന്നത്. കേരള രാഷ്ട്രീയത്തിന്റെ നെറുകയിലേയ്ക്ക് വളർന്നുവന്ന കാലത്തുതന്നെ അദ്ദേഹത്തിന്റെ പ്രാണനെടുക്കാൻ കൊലയാളിക്ക് തോക്കും പണവും കൊടുത്തയച്ചത് നിങ്ങളുടെ നേതാവായിരുന്നില്ലേ? അങ്ങനെ പ്രാണനെടുക്കാൻ നോക്കിയിട്ട് നടക്കാതെ അപ്രതിരോധ്യനായ നേതാവായി വളർന്നപ്പോൾ ഇപ്പോൾ അധിക്ഷേപങ്ങൾകൊണ്ട്, ദുരാരോപണങ്ങൾകൊണ്ട് പ്രഭ കെടുത്താൻ കഴിയുമോയെന്ന് നിങ്ങൾ നോക്കുകയാണ്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. എന്തെല്ലാം പുകമറകൾ പി.എസ്.സി.-യെ ക്കുറിച്ച് സൃഷ്ടിച്ചു. ഇവിടെ മുമ്പ് സംസാരിച്ച അംഗം ചില കാര്യങ്ങൾ സൂചിപ്പിച്ചല്ലോ. 2012-ൽ 'പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ വിൽപ്പനയ്ക്ക്' എന്ന വാർത്ത കേരളത്തിലെ പ്രമുഖ പത്രത്തിൽ വന്നു. ആ വാർത്തയുടെ മുന്നിൽ ഞങ്ങളാരും ഭരണഘടനാ സ്ഥാപനത്തിന്റെ വിശ്വാസ്യത തകർക്കുന്ന നടപടികളിലേയ്ക്കോ ആരോപണങ്ങളിലേയ്ക്കോ പോയില്ല. മാന്യതയുടെ രാഷ്ട്രീയമെന്തെന്ന് കണ്ടുപഠിക്കണം; മറന്നുപോകരുത് നിങ്ങൾ. എന്നാൽ 2019 ജൂലൈ 1-ന് കെ.എ.പി-IV റാങ്ക്‌ലിസ്റ്റിലെ കോപ്പിയടി ആരോപണം വന്നപ്പോൾ നിങ്ങൾ എന്തൊക്കെയാണ് ചെയ്തത്? ആ സ്ഥാപനത്തെ തകർക്കാൻ നോക്കിയില്ലേ? ബഹുമാന്യനായ പ്രതിപക്ഷനേതാവേ, 18-7-2019-ൽ ഈ സെക്രട്ടേറിയറ്റിന്റെ മുൻപിലെ ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് അങ്ങ് പറഞ്ഞു, ഈ റാങ്ക് ലിസ്റ്റ് റദ്ദാക്കണമെന്ന്. കഴിഞ്ഞ ജൂൺ മാസം 30-ാം തീയതി ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞപ്പോൾ അന്ന് നിങ്ങൾ പറഞ്ഞു, റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന്. റാങ്ക് ലിസ്റ്റ് റദ്ദാക്കണമെന്ന് പറഞ്ഞതും നീട്ടണമെന്ന് പറഞ്ഞതും നിങ്ങൾ. ആരാണ് നിങ്ങളെയിങ്ങനെ അപഹാസ്യരാക്കി മാറ്റുന്നതെന്ന് ആലോചിക്കണം. കേന്ദ്രം ഒഴിവുകൾ നികത്താത്തതിനെക്കുറിച്ച് പാലക്കാട് അംഗത്തിന് പരാതിയില്ല; യൂത്ത് കോൺഗ്രസിന് പരാതിയില്ല; എട്ട് ലക്ഷം ഒഴിവുകൾ ഒഴിവാക്കുന്നതിനെക്കുറിച്ച് പരാതിയില്ല. ഞാനൊരു കാര്യം ഓർമ്മപ്പെടുത്താം. നിങ്ങൾ ഭരിക്കുമ്പോൾ കേരളത്തിൽ നിയമന നിരോധനമുണ്ടായിരുന്നു. അതിനെതിരെ സമരം നടന്നു. ഇന്നത്തെ ചീഫ് വിപ്പായ ശ്രീ. കെ. രാജനും ഞാനും ഉൾപ്പെടെ ഈ സഭയിലിരിക്കുന്ന യുവജനനേതാക്കളായ ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. എ. എൻ. ഷംസീർ ഉൾപ്പെടെയുള്ളവർ കേരളത്തിന്റെ തെരുവുകളിൽ പലയിടത്തും ഭരണകൂടത്തിന്റെ മർദ്ദനമേറ്റുവാങ്ങിയവരാണ്. സെക്രട്ടേറിയറ്റിന്റെ മുൻപിൽ ഞാനും ശ്രീ. കെ. രാജനും അടക്കമുള്ളവർ നിരാഹാര സത്യാഗ്രഹം നടത്തി. പക്ഷേ, യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും ഒരു മണിക്കൂർ നിരാഹാരം കിടക്കേണ്ടി വന്നിട്ടില്ല ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ. ഒരു രോമത്തിനുപോലും പോറലേറ്റിട്ടില്ല. 123,104 പേരെയാണ് നിങ്ങൾ പി.എസ്.സി. വഴി 5 വർഷംകൊണ്ട് നിയമിച്ചത്. 4 വർഷം കൊണ്ട് 141,615 പേരെ എൽ.ഡി.എഫ്. നിയമിച്ചു കഴിഞ്ഞു. എൽ.പി. സ്കൂളിൽ അദ്ധ്യാപകരായി 1630 പേരെയാണ് നിങ്ങൾ നിയമിച്ചത്; 7322 പേരെ ഞങ്ങൾ നിയമിച്ചു. യു.പി.എസ്.എ. മാരായി 802 പേരെ നിങ്ങൾ നിയമിച്ചു; 4446 പേരെ ഞങ്ങൾ നിയമിച്ചു. സ്റ്റാഫ് നഴ്സായി 2532 പേരെ നിങ്ങളുടെ ഭരണകാലത്ത് നിയമിച്ചു; 5807 പേരെ ഇക്കാലയളവിനുള്ളിൽ ഞങ്ങൾ നിയമിച്ചു. പോലീസ് സേനയിൽ 4796 പേരെ നിങ്ങളുടെ ഭരണകാലത്ത് നിയമിച്ചു; 11268 പേരെ ഞങ്ങൾ ഇതുവരെ നിയമിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്ക്കാലിക നിയമനം നിങ്ങളുടെ ഭരണകാലത്ത് 51,648 എണ്ണമായിരുന്നു; എൽ.ഡി.എഫ്. ഗവൺമെന്റ് ഈ നാല് വർഷത്തിനുള്ളിൽ 82,577 താൽക്കാലിക നിയമനങ്ങൾ നടത്തി. നാല് മാധ്യമങ്ങൾ കൂടെയുണ്ടെന്ന് കരുതി കേരളീയ മനഃസാക്ഷിയെ മുഴുവൻ ഇരുട്ടിൽ നിർത്താമെന്ന് കരുതുന്നോ; നിങ്ങൾ തെറ്റിദ്ധരിപ്പിക്കാമെന്ന് കരുതുന്നോ; ഇതൊക്കെ പൊളിക്കാൻ ഇങ്ങനെ ഒരവസരം ഞങ്ങൾക്ക് തന്നതിൽ നന്ദിയുണ്ട്. CMDRF (Chief Minister's Distress Relief Fund) കേരളത്തിലെ പാവപ്പെട്ട മനുഷ്യർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആശ്വാസമാണ്. നിങ്ങളുടെ 5 വർഷംകൊണ്ട് കൊടുത്തത് 651 കോടി, ഈ നാല് വർഷംകൊണ്ട് 5100 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു. കേരളം വിലയിരുത്തട്ടെ! പ്രബുദ്ധ കേരളം ചെവിതുറന്നു കേൾക്കട്ടെ, കാണട്ടെ ഈ വ്യത്യാസം. ഇവിടെ ജനസമ്പർക്ക പരിപാടി നടത്തി. 100 കോടി രൂപയാണ് വിതരണം ചെയ്തത്. പാവപ്പെട്ട രോഗിയുടെ എക്സ്റേ ഫിലിം എടുത്ത് മുൻമുഖ്യമന്ത്രി പരിശോധിച്ച് മരുന്ന് കുറിപ്പെഴുതിയ ജനസമ്പർക്കത്തിന് നിങ്ങൾ ചെലവഴിച്ചത് 23 കോടി രൂപ. 23 കോടി രൂപ പരസ്യം നൽകി 100 കോടി രൂപ വിതരണം ചെയ്തു അധമരല്ലേ അന്നത്തെ ഭരണപക്ഷം. ഇത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നില്ലേ? ഇപ്പോൾ വന്നിട്ടുള്ള മാറ്റം കേരളത്തിലെ ജനങ്ങൾക്കറിയാം.

സ്കൂളുകളിലെ എല്ലാ ക്ലാസ്സ് മുറിയും ഹൈടെക്കാകുന്നു. നമ്മുടെ മാറ്റം ഉൾക്കൊണ്ട് 5 ലക്ഷം കുട്ടികൾ പുതിയതായി അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് വരുന്നു. നദികൾ പുനർജനിക്കുന്നു. ഒരു ലക്ഷം മെട്രിക് ടൺ പച്ചക്കറി കൂടുതലായി ഉത്പാദിപ്പിക്കുന്നു. ഒന്നരലക്ഷം ടൺ കിഴങ്ങുവർഗ്ഗങ്ങളുടെ ഉത്പാദനം നടക്കുന്നു. 33,645 ഹെക്ടർ തരിശുനിലം കൃഷി ചെയ്യുന്നു. ഇതെല്ലാം ഈ നാട്ടിൽ വരുന്ന മാറ്റമാണ്. സപ്ലൈകോയിലെ അവശ്യ വസ്തുക്കളുടെ വില കൂട്ടില്ലെന്ന് നാല് വർഷംമുൻപ് ഞങ്ങൾ വാക്കുപറഞ്ഞിരുന്നു. ഇപ്പോൾ ഞങ്ങൾ ചോദിക്കുന്നു, 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ളതിൽനിന്ന് ഏതെങ്കിലുമൊരു നിത്യോപയോഗ സാധനത്തിന്റെ

വിലയിൽ ഒരു പൈസ കൂടിയിട്ടുണ്ടോ? ഇങ്ങനെയല്ലേ ഒരു ഗവൺമെന്റ് പൊതുവിപണിയിൽ ഇടപെടേണ്ടത്, മുന്നോട്ട് പോകേണ്ടത്. കോവിഡ്-19 മഹാമാരിയുടെ മുമ്പിൽ ലോകം വിറങ്ങലിച്ചു നിൽക്കുമ്പോൾ ആത്മവിശ്വാസത്തോടെ ലോകത്തിന്റെ മുന്നിൽ അഭിമാനത്തോടെ നമ്മൾ നിൽക്കുന്നു. നമ്മൾ വിജയകരമായി കോവിഡ്-19-നോട് പൊരുതിനിൽക്കുന്നു. ആരും പട്ടിണിയിലാ കാതിരിക്കാൻ അവരുടെ വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യവുമായി ഈ ഗവൺമെന്റ് കടന്നുചെല്ലുന്നു. ഏത് കെടുതിയും വരട്ടെ ഞങ്ങളെ കാക്കാൻ ശ്രീ. പിണറായി വിജയനുണ്ടെന്ന് പറയുന്ന രീതിയിൽ കേരളം മാറുന്നു. അത് നിങ്ങൾക്ക് സഹിക്കുന്നില്ല. നിങ്ങൾ കരുതി ലോക്സഭാ തെരഞ്ഞെടുപ്പിലേതുപോലെ നല്ല പിന്തുണയുണ്ടെന്ന്. ആ കണക്കുകൂട്ടൽ തെറ്റിച്ചു കോന്നി, വട്ടിയൂർക്കാവ്, പാലാ മണ്ഡലങ്ങൾ. നിങ്ങൾ അടിപതറി വീഴുന്നു. ജനങ്ങൾ മാറി ചിന്തിക്കുന്നു. ഞങ്ങളെ എതിർക്കുന്ന ഏഷ്യാനെറ്റ് ചാനൽ സർവ്വേ നടത്തി പറയുന്നു ഈ സർക്കാർ വീണ്ടും വരുമെന്ന്. പ്രതിപക്ഷനേതാവിന് 2 ശതമാനം പിന്തുണയേയുള്ളൂ. അതോടെ അവിടെ കാലിടറി, ഹാലിളകി, സ്ഥലജല വിഭ്രാന്തിയായി. നിങ്ങളുടെ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ചാനലിലിരുന്നു പറഞ്ഞു ഒരു പ്രളയം വരാനിരിക്കുന്നു. അത് കഴിഞ്ഞാൽ വരൾച്ച വരും. ദുരന്തങ്ങളിൽ പ്രതീക്ഷയർപ്പിച്ച് ആയിരങ്ങൾ പിടഞ്ഞ് വീണുമരിക്കുന്ന കേരളത്തിന്റെ തെരുവുകളെ സ്വപ്നം കണ്ടുകൊണ്ട് ആ ശവശരീരങ്ങൾക്കിടയിലൂടെ അധികാരത്തിലേയ്ക്ക് കടന്നുവരാനുള്ള ഒരു മാർഗ്ഗം തെളിഞ്ഞുവരുമെന്ന് പ്രതീക്ഷിക്കുന്ന കഴുകൻമാരായി നിങ്ങൾ മാറി. അവസാനം പിടിച്ചുനിൽക്കാനാകില്ലെന്ന് കണ്ടപ്പോൾ നിങ്ങൾ എസ്.ഡി.പി.ഐ.-യുമായി സഖ്യമുണ്ടാക്കാൻ ആലോചിച്ചു. വെൽഫെയർ പാർട്ടിയുമായി സഖ്യമുണ്ടാക്കാൻ ആലോചിച്ചു. എന്തെല്ലാം നെറികേടുകൾ, വിഡ്ഢിത്തരങ്ങൾ നിങ്ങൾ ഈ കാലഘട്ടത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാനിവിടെ കാണിക്കുന്ന ഈ രേഖ ബഹുമാന്യരായ മുഖ്യമന്ത്രി ചെയർമാനും റവന്യൂ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായ SDMA (State Disaster Management Authority)-യുടെ ഉത്തരവാണ്. ആ ഉത്തരവിൽ ഇവിടെ പ്രളയം വരാൻ പോകുന്നുവെന്ന് തന്നെയാണ് പറഞ്ഞിരിക്കുന്നത്. ഈ സർക്കാർ ഉത്തരവിന്റെ തീയതി മേയ് 9 ആണ്. മേയ് മാസം 9-ാം തീയതി വന്ന ഒരു കാര്യം, ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനം മേയ് മാസം അവസാനം ചോദിച്ചാൽ ഞാനാണോ കുറ്റക്കാരൻ? ചോദിക്കേണ്ടത് മുഖ്യമന്ത്രിയോടല്ലേ; എന്നോടല്ലല്ലോ? ...(ബഹളം)....എന്നോടല്ല അത് ചോദിക്കേണ്ടത്. SDMA-യുടെ ഈ ഉത്തരവ് ഞാൻ ചോദിച്ചു. ......(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത്തരത്തിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്ന വഞ്ചന ഒരിക്കലും സമ്മതിക്കില്ല. അതുകൊണ്ട് റൂൾ 307 അനുസരിച്ച് അത് രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം* .

ശ്രീ. എം. സ്വരാജ്: സർ, മുതിർന്ന നേതാവായ അദ്ദേഹം എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ അൽപ്പനേരം ഒരു കെ. എസ്. യു. നേതാവായി എന്നേയുള്ളൂ, അതിൽ വിരോധമില്ല. എന്തെല്ലാം വിലകുറഞ്ഞ ആരോപണങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചു. കേരളീയ സമൂഹത്തിൽ അദ്ദേഹം നാണംകെട്ടു. ആരോഗ്യ വകുപ്പുമന്ത്രിക്ക് 'മീഡിയ മാനിയ' എന്നദ്ദേഹം പറഞ്ഞു. കേരളത്തിന്റെ കരുത്തായി നമ്മുടെ ഒരു സഹോദരി ഈ നാടിനെ നയിച്ചപ്പോൾ ഇത്ര അസഹിഷ്ണുത തോന്നാമോ? അമേരിക്കൻ മിറ്റിഗേഷൻ മോഡലിലേയ്ക്ക് ഷിഫ്റ്റ് ചെയ്യണമെന്ന് ഈ സഭയിൽ പറഞ്ഞ് അങ്ങ് അപമാനിതനായില്ലേ? രാജസ്ഥാനെയും തമിഴ്നാടിനെയും മാതൃകയാക്കണമെന്ന് അദ്ദേഹം പറഞ്ഞില്ലേ. അങ്ങയുടെ വില ജനങ്ങളുടെ മുൻപിൽ ഇടിയാനല്ലേ സഹായകമായത്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ നടത്തുന്ന മുഖ്യമന്ത്രിക്ക് വട്ടാണെന്ന് അങ്ങയുടെ അനുചരൻ കേരളത്തിന്റെ മുമ്പിൽ പറഞ്ഞ് അപമാനിതനായി മാറിയില്ലേ; സാലറി ചലഞ്ചിനെ എതിർത്ത് കോടതിയിൽ പോയി നാണംകെട്ടില്ലേ; സ്പ്രിംഗ്ലറിന്റെ ഡാറ്റ വിറ്റുവെന്നും മുഖ്യമന്ത്രി സ്വന്തം കയ്യിൽനിന്ന് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് കോടതിയിൽപോയി അപമാനിതനായില്ലേ; ആശാപുര ഗ്രൂപ്പിനെക്കുറിച്ച് ആരോപണം ഉന്നയിച്ച് അവസാനം അതിന്റെ എം.ഡി.-യോട് ഫോണിൽ ഞാൻ റെക്റ്റിഫൈ ചെയ്തോളാമെന്ന് കേണപേക്ഷിക്കേണ്ടി വന്നില്ലേ; അങ്ങേയ്ക്കെന്നാണ് ഇങ്ങനെയൊക്കെ പറയുന്ന ഒരു ശാപത്തിൽനിന്ന് മോചനം കിട്ടുക?

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ 26-8-2020-ലെ ഫ.നമ്പർ 3365/ഇ.ബി./2020/നി.സെ. പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

കെ.പി.എം.ജി.-യെക്കുറിച്ചുള്ള ആരോപണം, റേഷൻ കാർഡ് ഡാറ്റായെക്കുറിച്ചുള്ള ആരോപണം, ഏറ്റവും ഒടുവിൽ ഫോൺ CDR (Call Detail Record) സംബന്ധിച്ചെല്ലാം തുടർച്ചയായി അപമാനിതനാകാൻ വിധിക്കപ്പെട്ടത് എന്തുകൊണ്ടെന്ന് അങ്ങ് ആലോചിക്കണം. അങ്ങയുടെ ഗ്രൂപ്പിന്റെ എതിരാളികൾ അങ്ങയെ ചാടിക്കുന്ന കുഴി തിരിച്ചറിയുകയും വേണം. ഏതായാലും ഈ കാലഘട്ടത്തിലാണ് ഒരു സ്വർണ്ണക്കള്ളക്കടത്ത് വീണുകിട്ടിയത്.

3.00 P.M.]

ചരിത്രം പരതിയാൽ കുറ്റകൃത്യത്തിന്റെ പാപക്കറയുമായി പ്രതിക്കൂട്ടിൽ സ്ഥിരമായി നിൽക്കേണ്ടിവരിക നിങ്ങൾക്ക് മാത്രമായിരിക്കും. 1986 ജനവരി 31-ന് കുവൈറ്റിൽനിന്നും രണ്ടുപേർ വരുന്നു. സ്വീകരിക്കാൻ അന്നത്തെ മുഖ്യമന്ത്രിയും രണ്ടുമന്ത്രിമാരും പോകുന്നു. ഞാൻ ആരുടെയും പേര് പറയാത്തത് കെ.പി.സി.സി ഓഫീസിൽനിന്നും പഠിച്ച രാഷ്ട്രീയ സംസ്കാരമല്ല ഞങ്ങളുടേത് എന്നതുകൊണ്ടാണ്. ഞാൻ ആരെയും ആക്ഷേപിക്കാൻ ഉദ്ദേശിക്കുന്നില്ല. അന്നവർ നാല് പെട്ടികൾ കൊണ്ടുവന്നിരുന്നു. ഒരാഴ്ചകഴിഞ്ഞപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ കത്ത് വന്നു. ഇത് ദുരൂഹ വ്യക്തിത്വങ്ങളാണ്; വിസയില്ലാത്തവരാണ്; എങ്ങനെ ഇവർ ഇവിടെ എത്തി? അവസാനം നാല് പോലീസുകാരെയാണ് അന്ന് സസ്പെന്റ് ചെയ്തത്. ആ പെട്ടിയിൽ എന്തായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ? അതിനുശേഷം ഒരു യുവനേതാവ് ആദ്യമായി വിദേശത്തേക്കുപോയി തിരിച്ചുവന്നപ്പോൾ ഗ്രീൻ ചാനലിലൂടെ എട്ട് പെട്ടികൾ കൊണ്ടുവന്നു. അതും അറിയാമല്ലോ, ഞാൻ ആരുടെയും പേര് പറയുന്നില്ല. എന്തായിരുന്നു ആ എട്ട് പെട്ടികൾക്കകത്ത്? എന്ന് തുടങ്ങിയതാണ് സ്വർണ്ണക്കള്ളക്കടത്ത്; നിങ്ങളുടെ കഴിഞ്ഞ ഭരണകാലത്ത് കള്ളക്കടത്ത് തലവനായ ഫയാസുമായി ആത്മബന്ധമുണ്ടായിരുന്നത് ആർക്കാണ്; ആരുമായാണ് പതിവായി എന്നും അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നത്? ഇതെല്ലാം നമ്മുടെ മുന്നിലുണ്ട്. ഇതൊക്കെ പരിശോധിക്കപ്പെടേണ്ടതല്ലേ? നമുക്കതിനെക്കുറിച്ചെല്ലാം ചർച്ച ചെയ്യാം എയർപോർട്ട് വഴി 200 ടൺ സ്വർണ്ണം ഒരു വർഷം ഇന്ത്യയിലേക്ക് വരുന്നുവെന്നാണ് പറയുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കണ്ടേ? ഇപ്പോൾ ശ്രീ. പിണറായി വിജയൻ പിടിക്കപ്പെടണമെന്നാണ് പറയുന്നത്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ 17-3-2015-ന് ശ്രീമതി കെ. എസ്. സലീഖ ചോദിച്ച 1888-ാം നമ്പർ ചോദ്യം 'വിമാനത്താവളങ്ങൾ വഴിയും അല്ലാതെയും സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് കൂടിവരുന്നതും അവ സി.ബി.ഐ. ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളുടെ പിടിയിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്നതായിരുന്നു. ബഹുമാന്യനായ പ്രതിപക്ഷ നേതാവേ, അങ്ങയുടെ മറുപടി

'വിമാനത്താവളങ്ങളുടെ നിയന്ത്രണം സംസ്ഥാന പോലീസിനല്ല. സ്വർണ്ണക്കള്ളക്കടത്ത് കേസ്സുകൾ കൈകാര്യം ചെയ്യുന്നത് കസ്റ്റംസും ഡി.ആർ.ഐ.-യുമാണ് ' എന്നാണ്. ഇതിനിടയിൽ അങ്ങയുടെ മറുപടി മാറിയോ; എയർപോർട്ടിന്റെ ചുമതല കേരളാ പോലീസിന് നൽകിയോ? അന്നത്തെ അങ്ങയുടെ മറുപടിയിൽ മറ്റൊരു കാര്യംകൂടി പറയുന്നു. അങ്ങയുടെ സേനയിലെ അഞ്ചുപേർ കള്ളക്കടത്ത് കേസിൽ പിടിക്കപ്പെട്ടു. അവർ നിയമനടപടികൾ നേരിടുന്നു. സ്വന്തം സേനയിലെ അഞ്ചുപേർ പ്രതികളായപ്പോൾ അങ്ങ് പറഞ്ഞ മറുപടി ഇതാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും വിളിച്ചിരുന്നുവെന്നായിരുന്നുവല്ലോ ആരോപണം; ബി.ജെ.പി.-യും അങ്ങും ഒരേ സ്വരത്തിൽ പറഞ്ഞു. വിളിച്ചോ? ഈ സഭയിൽ പറയൂ, എന്തിനിങ്ങനെ അപമാനിതനാകണം. ഞങ്ങൾ പറഞ്ഞത് ഏത് ഏജൻസികളും അന്വേഷിക്കട്ടേയെന്നാണ്. മനഃസാക്ഷിയുടെ കോടതിക്കുവിട്ടു എന്നല്ല; എന്റെ ഓഫീസിലേക്ക് പോലീസ് വരരുത് എന്നുമല്ല; അന്വേഷിക്കൂ എന്നാണ് പറഞ്ഞത്. ഈ ധീരതയുടെ പേരാണ് ഇടതുപക്ഷ രാഷ്ട്രീയം. ഞങ്ങൾ ധീരമായ നിലപാടെടുക്കുന്നത് കൈകളിൽ കളങ്കമില്ലാത്തത് കൊണ്ടാണ്. ഇതുവരെ പിടിക്കപ്പെട്ട എല്ലാ പ്രതികളും കോൺഗ്രസ്സും ലീഗും ബി.ജെ.പി.യുമല്ലേ? മാധ്യമങ്ങൾ ചർച്ച ചെയ്യില്ലെന്നു കരുതി ജനങ്ങൾ അറിയില്ലെന്ന് നിങ്ങൾ കരുതരുത്. സ്വർണ്ണക്കള്ളക്കടത്തിലെ വിവാദ വനിതയും മറ്റൊരു പ്രതിയും കള്ളപ്പണം നിക്ഷേപിക്കാനായി അക്കൗണ്ട് തുറന്നത് തിരുവനന്തപുരം ഡി.സി.സി. മെമ്പർ ശ്രീ. പി. കെ. സാംദേവിന്റെ പൂവാർ കോ-ഓപ്പറേറ്റീവ് ബാങ്കിലാണെന്നത് അങ്ങേയ്ക്ക് അറിയാത്തതാണോ? എന്താണ് ബന്ധം? എല്ലാം തിരിച്ചറിയട്ടെ. ബഹുമാനപ്പെട്ട പാലക്കാട് അംഗത്തിന് വല്ലാത്ത അസ്വസ്ഥത എൻ.ഐ.എ. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വരുന്നതിലാണ്. ഇതിനുമുമ്പ് പ്രധാനമന്ത്രിയുടെ ഓഫീസിൽ വന്നിട്ടുണ്ട് അംഗമേ. ചാരക്കേസിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് രാജിവച്ച് പുറത്തുപോകേണ്ടിവന്നു. എന്താ നിലപാട്, ബഹുമാനപ്പെട്ട പാലക്കാട് അംഗമേ, അങ്ങേയ്ക്ക് ഒരേ വിഷയത്തിൽ എത്ര നിലപാടാണെന്ന് ഈ സഭയുടെ മുമ്പാകെ പറയണം. ആ ചരിത്രവും അനുഭവവും നമ്മുടെ മുന്നിലുണ്ട്. ഇത്രയും വന്നപ്പോൾ സ്വർണ്ണക്കള്ളക്കടത്ത് വിട്ടു. പിന്നെ ലൈഫ് മിഷനിൽ കയറിപ്പിടിച്ചു. ആരും ഇവിടെ ആരോപണമുന്നയിച്ചില്ലല്ലോ. നിങ്ങൾക്കൊക്കെ എന്തായിരുന്നു, ചർച്ചയുടെ ഭാഗമായി ഈ ഗവൺമെന്റിനെ വിചാരണ ചെയ്യാമായിരുന്നില്ലേ, ഉന്നയിക്കാമായിരുന്നില്ലേ, ഉന്നയിച്ചിട്ടില്ലല്ലോ. തലചായ്ക്കാൻ ഇടമില്ലാത്ത പട്ടിണിപ്പാവങ്ങൾക്ക് ചോർന്നൊലിക്കാത്ത മേൽക്കൂരയുണ്ടാക്കിക്കൊടുക്കുക ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ലോക ചരിത്രത്തിലാദ്യമായി, ഒരു വികസ്വര രാജ്യത്ത്, ജനാധിപത്യ സ്റ്റേറ്റിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി; അതാണ്

ലൈഫ് മിഷൻ. രണ്ടേകാൽ ലക്ഷം വീട് ഞങ്ങൾ നൽകി. വീട് നൽകാൻ സന്മനസ്സുള്ളവർ വന്നു. അവർ വീട് തരാൻ തയ്യാറായി. നമ്മൾ ആ വീട് ഏറ്റുവാങ്ങും. അപ്പോൾ നിങ്ങൾ ചോദിക്കുകയാണ് കമ്മീഷനുണ്ടോ എന്ന്? ആർക്കറിയാം, ഇതൊക്കെ നിങ്ങളുടെ ഇടപാടാണ്, ഞങ്ങൾക്കറിയില്ല. കമ്മീഷനുണ്ടോ; എം.ഒ.യു. എവിടെ; എഗ്രിമെന്റ് എവിടെ; എന്ന് ചോദിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷത്തെ ഞാനൊരു കാര്യം ഓർമ്മിപ്പിക്കുന്നു. നിങ്ങൾ കേരളം ഭരിക്കുമ്പോൾ ഇവിടെ സുനാമി ആഞ്ഞുവീശി. കരുനാഗപ്പള്ളിയിലും ആലപ്പാട്ടും ആയിരക്കണക്കിന് വീടുകൾ തകർന്നു. അവിടെ വീട് നിർമ്മിച്ചുകൊടുക്കാൻ സന്മനസ്സുള്ളവർ കടന്നുവന്നു. 20 ഏജൻസികൾ വന്നു. ആ 20 ഏജൻസികളുമായി നിങ്ങൾ എം.ഒ.യു. വച്ചോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറുപടി പറയാൻ സന്മനസ്സ് കാണിക്കണം. എഗ്രിമെന്റ് ഉണ്ടായിരുന്നോ? എഗ്രിമെന്റുണ്ടായത് നിർമ്മാതാക്കളും ഏജൻസികളും തമ്മിലാണ്. അതല്ലാതെ ഗവൺമെന്റുമായിട്ടല്ല. ഒരു എഗ്രിമെന്റിലും ജില്ലാ കളക്ടർ ഒപ്പുവച്ചിട്ടില്ല. അപ്പോൾ നിങ്ങൾക്ക് എഗ്രിമെന്റ് വേണ്ടിയിരുന്നില്ല. കമ്മീഷൻ പോയോ എന്ന് നിങ്ങൾ അന്വേഷിച്ചിട്ടില്ല. സി.പി.ഐ.(എം) അവിടെ വീട് വച്ചുകൊടുത്തു. കെ.പി.സി.സി. (കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി)-യെ പോലെ 1000 വീടെന്ന് പറഞ്ഞ് പറ്റിക്കാൻ ഞങ്ങൾ നിന്നിട്ടില്ല. വീടുവച്ച് നൽകുകയാണ് ചെയ്തത്. ഇപ്പോൾ നിങ്ങളെല്ലാം മുടക്കാൻ നോക്കി. സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് പത്ത് പൈസ കൊടുത്തു പോകരുതെന്ന് ബഹുമാനപ്പെട്ട അഴീക്കോട് അംഗം പറഞ്ഞു. നിങ്ങളുടെ ജൽപ്പനങ്ങളെ ചവിട്ടിയരച്ചുകളഞ്ഞ്, പുല്ലുപോലെ അവഗണിച്ച് കുറേയാളുകൾ വീടുവച്ച് നൽകാൻ വന്നു. ഗൾഫാർ ഗ്രൂപ്പ്, ഡി. പി. വേൾഡ്, ഏഷ്യാനെറ്റ്, ആലുക്കാസ്, ആസ്റ്റർ, ഹഡ്കോ, തൃശ്ശൂർ രൂപത എല്ലാം വന്നു. അയ്മനത്തും കൊടുങ്ങല്ലൂരും തലയോലപ്പറമ്പിലും റോട്ടറി ക്ലബ് വന്നു. ഞങ്ങൾ ആരോടും അവരുടെ അടിയാധാരം ചോദിച്ചിട്ടില്ല. തരാൻ കഴിയുന്ന വീട് നൽകുക. മേൽക്കൂരയില്ലാത്തവർ, ഈ ഭൂമിയിൽ തലചായ്ക്കാൻ ആറടി മണ്ണില്ലാത്തവർ, അവരുടെ പ്രയാസം പരിഹരിക്കലാണ് ഞങ്ങളുടെ കടമ. അവിടെ നിയമവിരുദ്ധമായി എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ ഇപ്പോഴത്തെ അന്വേഷണ ഏജൻസി പറഞ്ഞാൽ ഞങ്ങൾ അത് പരിശോധിക്കും. അല്ലാതെ വികസനത്തിന്റെ വഴിമുടക്കികളായി നിങ്ങൾ നിൽക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വിദേശസഹായത്തെ സംബന്ധിച്ച് സൂചിപ്പിക്കുമ്പോൾ ഒരു കാര്യം ഓർമ്മിപ്പിക്കാനുണ്ട്. ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് നിങ്ങൾ നോക്കിയോ എന്നാണ് ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ചോദിച്ചത്. രണ്ട് ചോദ്യം എനിക്കുണ്ട്. ഒന്ന് മലപ്പുറം ജില്ലയിൽ, തിരൂരിലെ എസ്.എസ്.എം. പോളിടെക്നിക്കിന്റെ ചെയർമാനും സെക്രട്ടറിയും ആരാണെന്ന് ലീഗ് സുഹൃത്തുക്കളേ,

ഞാൻ പറയേണ്ടല്ലോ. ഞാൻ ഈ പ്രസംഗത്തിൽ ആരുടെയും പേര് വലിച്ചിഴയ്ക്കാതിരിക്കുന്നത് ഒരു മാതൃകയാകട്ടെ എന്നുകരുതിയാണ്. നിങ്ങൾ അതുകൊണ്ട് തിരുത്തുമെന്ന് കരുതിയിട്ടല്ല. അവിടെ 16 കോടി രൂപ ഖലീഫ ഫൗണ്ടേഷൻ മുഖാന്തരം ലഭിച്ചു. അതുകൊണ്ട് ഇപ്പോൾ നിർമ്മാണം നടക്കുന്നു. എൻ.എം.സി ഗ്രൂപ്പാണ് നിർമ്മാണം നടത്തുന്നത്. അവർ വർക്ക് രണ്ട് സബ് കോൺട്രാക്ടർമാർക്ക് നൽകിയിരിക്കുന്നു. അതിൽ കമ്മീഷൻ എത്രയാണ്; നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ലൈഫ് പദ്ധതിയിൽ മാത്രം മുടക്കിയാൽ മതിയോ? എസ്.എസ്.എം പോളിടെക്നിക്കിന് മുടക്കണ്ടേ? പ്രമേയാവതാരകൻ ഷേക്സ്പിയറെ ഉദ്ധരിച്ചു. ഷേക്സ്പിയറുടെ ഉദ്ധരണികൾ നമ്മുടെ സഭയിൽ വരുന്നത് നല്ലതാണ്. പക്ഷേ, ഷേക്സ്പിയറുടെ പ്രസിദ്ധമായ ഒരു വാചകമുണ്ട്. അത് എന്താണെന്ന് അറിയാമോ 'അവനവനോടെങ്കിലും സത്യസന്ധത പുലർത്തുക എന്നതാണ് പരമപ്രധാനം'. ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ടിനെക്കുറിച്ച് പറയുമ്പോൾ നിയോജകമണ്ഡലത്തിലെ ഒരു പദ്ധതിക്കുവേണ്ടി അങ്ങ് വിദേശത്ത് പോയി പണം പിരിച്ചല്ലോ. ബെർമിംഗ്ഹാമിലെ അങ്ങയുടെ പ്രസംഗത്തിന്റെ ഒരു ക്ലിപ്പ് ഞാൻ കേട്ടു. അതിൽ 500 പൗണ്ട് വച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചു. ഏത് ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് നോക്കിയിട്ടാണ് നിങ്ങൾ ഈ ധനസമാഹരണം നടത്തിയത്; നിങ്ങൾ എത്ര പണം സമാഹരിച്ചു; എത്ര വീട് വച്ചു; എത്ര വിദേശ യാത്ര നടത്തി; ഇത് ഞാൻ അങ്ങയെ ആക്ഷേപിക്കാൻവേണ്ടി പറയുന്നതല്ല. എനിക്ക് അങ്ങയുടെ മേൽ ഒരാരോപണവുമില്ല. പക്ഷേ, ജനങ്ങൾ ചർച്ചചെയ്യുന്നു. നിങ്ങൾ കണക്ക് നൽകണ്ടേ; കാര്യങ്ങൾ സുതാര്യമാക്കണ്ടേ; കാടടച്ച് വെടിവച്ചാൽ മതിയോ? അതാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഇവിടെ റെഡ് ക്രസന്റും, യു.എ.ഇ. കോൺസലേറ്റും തമ്മിലുള്ള എഗ്രിമെന്റുണ്ട്. അവരുടെ എം.ഒ.യു. വന്നു. നിർമ്മാതാക്കളുമായുള്ള എഗ്രിമെന്റുണ്ട്. എല്ലാം നമ്മുടെ മുമ്പിലുണ്ട്. നിങ്ങൾക്ക് ഈ പദ്ധതി തടയണം; പാവപ്പെട്ടവന് വീട് നൽകാൻ പാടില്ല; 52 ലക്ഷം മനുഷ്യർക്ക് ക്ഷേമ പെൻഷൻ കൊടുത്തൊരു ഗവൺമെന്റാണിത്. കേരളത്തിലെ പാവപ്പെട്ട ആശാവർക്കർക്കും അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും പതിന്മടങ്ങായി ശമ്പളം കൂട്ടിക്കൊടുത്ത ഗവൺമെന്റാണിത്. കേരളത്തെ മാറ്റിമറിച്ചൊരു ഗവൺമെന്റാണ്. നിങ്ങൾക്ക് സഹിക്കുന്നില്ല. ഇതിങ്ങനെ പോയാൽ അനാദികാലം വരെ ഈ നിയമസഭയിൽ നിങ്ങളുടെ സ്ഥാനം അവിടെയായിരിക്കുമെന്ന് തിരിച്ചറിയുന്നതുകൊണ്ടുള്ള ഭ്രാന്തിൽനിന്നാണ് നിങ്ങൾ ഈ അവിശ്വാസ പ്രമേയവുമായി വന്നിട്ടുള്ളത്. നന്മയുടെ ശത്രുക്കളാണ് നിങ്ങൾ. ഈ പ്രതിപക്ഷത്തെ അധമമെന്നല്ലാതെ വിശേഷിപ്പിക്കാൻ മലയാളത്തിൽ മറ്റൊരു വാക്കുമില്ല. കൊടുംകെടുതികളിൽ, മഹാവ്യാധികളിൽ കേരളം ആടിയുലയാൻ പോകുന്ന

സമയത്ത് ചെറുതും ഏകാന്തവുമായ തീജ്വാലകളെ ഊതിക്കെടുത്താൻ ശ്രമിച്ച ഒറ്റുകാരുടെ റോളിലാണ് നിങ്ങൾ. നിങ്ങളും ബി.ജെ.പി.-യും ഒരുമിച്ച് കേരളത്തിന് മരണവാറണ്ട് ഒരുക്കുകയാണ്. ഈ നാട് നശിക്കണമെന്നാഗ്രഹിക്കുകയാണ്. ആ ആഗ്രഹമാണ് ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങയിൽനിന്നും പുറത്തുവന്നത്. ഒരു പ്രളയം വരാനിരിക്കുന്നു; ഒരു വരൾച്ച വരാനിരിക്കുന്നു; ശവശരീരങ്ങൾ നിറഞ്ഞ കേരളത്തെ സ്വപ്നംകാണുന്ന അധമ പ്രതിപക്ഷമേ! കേരളത്തിലെ ജനങ്ങളെ ഞങ്ങൾ കാത്ത് സൂക്ഷിക്കും. കേരളത്തെ നിങ്ങളുടെ ഗൂഢാലോചനകളിൽനിന്ന് ഞങ്ങൾ കാത്തുരക്ഷിക്കും; നവകേരളം പണിതുയർത്തും; കേരളത്തിലെ ജനങ്ങളുടെ പിന്തുണ മതി ഞങ്ങൾക്ക്. നിങ്ങളുടെ ഏറാൻമൂളികളായ മാധ്യമങ്ങളുടെ പിന്തുണ വേണ്ട. മാധ്യമങ്ങളെക്കുറിച്ച് പാലക്കാട് അംഗം കണ്ണുനീർ ഒലിപ്പിക്കുകയായിരുന്നു. കോഴിക്കോട് എയർപോർട്ടിനുമുമ്പിൽ പാവപ്പെട്ട മാധ്യമപ്രവർത്തകരുടെ കയ്യും കാലും തല്ലിയൊടിച്ചു. കേരളത്തിന്റെ ചരിത്രത്തിലൊരിക്കലേ കേരളത്തിലെ മാധ്യമപ്രവർത്തകർക്കും ടി.വി. അവതാരകർക്കും കറുത്ത ബാഡ്ജ് നെഞ്ചിൽ കുത്തി വാർത്ത വായിക്കേണ്ടി വന്നിട്ടുള്ളൂ. അത് നിങ്ങൾ ഭരിക്കുമ്പോഴാണ്, യു.ഡി.എഫ് ഭൂതകാലം മറന്നുപോകരുത്. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പാലക്കാട് അംഗം എന്റെ കുഞ്ഞനിയനായ ശ്രീ. ഷാഫി പറമ്പിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, കാലുമാറി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇപ്പുറത്തു വന്നുവെന്ന്. അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഞാൻ യു.ഡി.എഫ്-ന്റെ വോട്ട് വാങ്ങിയിട്ടല്ല എൽ.ഡി.എഫ്. ഗവൺമെന്റിന് പിന്തുണ കൊടുത്തത്. യു.ഡി.എഫ്-ന്റെ അഴിമതികളെക്കുറിച്ച് പറഞ്ഞ് ഞാനും എന്റെ പാർട്ടിയും പുറത്തുപോയി. ഞങ്ങളുടെ നിലപാടനുസരിച്ച് എൽ.ഡി.എഫ്-നൊപ്പം നിന്ന് എന്റെ നാട്ടിലെ ജനങ്ങളുടെ വിശ്വാസവും ഞാൻ പറഞ്ഞ കാര്യങ്ങളിൽ അവരുടെ പിന്തുണയും നേടി, ഇവർ കൊണ്ടുവന്ന സിനിമാനടനെയും കോടിക്കണക്കിന് രൂപയുടെ പണവും തട്ടിക്കളഞ്ഞ് എന്റെ നാട്ടുകാർ പഴയതിനേക്കാൾ വലിയ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ചാണ് എന്നെ ഈ നിയമസഭയിലെത്തിച്ചത്. യു.ഡി.എഫ്-ന്റെ ഔദാര്യത്തിൽ ഇവിടെ വന്നയാളല്ല ഞാൻ. അദ്ദേഹത്തിന്റെ ഈ പ്രയോഗം ആ പ്രസംഗത്തിൽനിന്നും ഡിലീറ്റ് ചെയ്യണം. അദ്ദേഹം പറഞ്ഞ 'കൂറുമാറി' എന്ന വാക്ക് രേഖയിൽനിന്നും നീക്കം ചെയ്യണം. ഞാൻ മുന്നണി വിട്ടിട്ട് അവരുടെ ഗവൺമെന്റിനെ തള്ളിയിടാൻ നിന്നില്ല. അവരുടെ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കി. ഞാൻ ഓടിളക്കി വന്നതല്ല, ഞാൻ ജാതി പറഞ്ഞ് വോട്ടു പിടിച്ച് വന്നതല്ല. എന്റെ സമുദായക്കാരുടെ മാത്രം വോട്ടുവാങ്ങി വന്നതല്ല. എല്ലാവരുടെയും

വോട്ട് വാങ്ങി ഈ സഭയിൽ വന്നതാണ്. ഇത്തരം കാര്യങ്ങൾ പറയുമ്പോൾ അത് സഭാരേഖകളിൽ ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പരിശോധിക്കാം.* (......ബഹളം......) പ്ലീസ്..... ഇരിക്കൂ....(......ബഹളം......)

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ ഒരു വിശദീകരണം നടത്താൻ കഴിയില്ല എന്നൊരു അവസ്ഥയുണ്ടാക്കുന്നത് ഒരു തരത്തിലും ശരിയല്ല. അദ്ദേഹം അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. നാം കണ്ടു. അപ്പുറത്ത് സീറ്റിലിരിക്കുന്നയാൾ ആ സീറ്റ് വിട്ട് ശ്രീ. കെ. ബി ഗണേഷ് കുമാറിന്റെ അടുത്തേയ്ക്ക് ചെല്ലുന്നു. ഇതാണോ സ്വീകരിക്കേണ്ട രീതി, ഇതാണോ നമ്മൾ പരസ്പരം വിമർശനം ഉന്നയിക്കേണ്ട രീതി; ഒരു മാന്യനായ അംഗത്തിന് അദ്ദേഹത്തിന്റെ അഭിപ്രായം പറയാൻ അവകാശമില്ല എന്ന ഒരു അവസ്ഥയുണ്ടാക്കാൻ പാടുണ്ടോ? അതിനോട് വിയോജിപ്പുണ്ടാകാം, യോജിപ്പുണ്ടാകാം. പക്ഷേ, അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ നിലപാട് വ്യക്തമാക്കാൻ അവസരം നൽകണ്ടേ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഞങ്ങളെ ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട; അങ്ങനെയുള്ള തെറ്റിദ്ധാരണയൊന്നും വേണ്ട; അത് കയ്യിൽ ഇരിക്കുകയേയുള്ളൂ. ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലിരുന്നുകൊണ്ട് വളരെ മോശമായി ഞങ്ങളോട് ആജ്ഞാപിക്കുകയാണ്; ഞങ്ങളെ ഭീഷണിപ്പെടുത്തുകയാണ്; അദ്ദേഹത്തിന്റെ പ്രസംഗം ഞങ്ങൾ കേട്ടുകൊണ്ടിരുന്നു. അതിനുശേഷം അവിടെയിരുന്ന് ഞങ്ങളെ നോക്കി വെല്ലുവിളിക്കുകയാണ്. എന്ത് കാര്യമാണ്; who is he? മെമ്പർമാരെ വെല്ലുവിളിക്കാൻ അയാൾക്കെന്തധികാരം; ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താ അത് പറയാത്തത്; പറയുമ്പോൾ എല്ലാം പറയണം. സീറ്റിൽ ഇരുന്നുകൊണ്ട് ഞങ്ങളെ വെല്ലുവിളിക്കുകയാണ്; എന്തു കാര്യത്തിന്? അതൊന്നും നടക്കില്ല. ആ തെറ്റായ ധാരണയൊന്നും വേണ്ട, അങ്ങനെയൊന്നും വഴങ്ങിക്കൊടുക്കുന്ന പ്രശ്നമില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്ത് കേട്ടാലും ഭീഷണിപ്പെടുത്തുന്നു എന്ന അവസ്ഥയിലാണ് സംസാരിക്കുന്നത്. അദ്ദേഹത്തെ ആരും ഭീഷണിപ്പെടുത്താൻ പോകുന്നില്ല. ഞാൻ അങ്ങയോടാണ്

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ 26-8-2020-ലെ ഫ.നമ്പർ 3363/ഇ.ബി./2020/നി.സെ. പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

പറഞ്ഞത്. മാന്യനായ ഒരു നിയമസഭാംഗം അദ്ദേഹത്തിനുണ്ടായ പ്രശ്നങ്ങൾ അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അത് അവതരിപ്പിച്ചുകഴിഞ്ഞ് അദ്ദേഹം അവിടെ ഇരിക്കുന്നു. ഞാൻ കാണുകയാണ്; ഒരംഗം നേരെ അവിടെ നിന്നിറങ്ങി അദ്ദേഹത്തിന്റെ സീറ്റിലേയ്ക്ക് വരാൻ നോക്കുന്നത് ഞങ്ങൾ ഇവിടെയിരുന്ന് കാണുകയാണ്; അതിനിടയ്ക്ക് കുറേയാളുകൾ എഴുന്നേറ്റുനിന്ന് എല്ലാം പറയുന്നു. ഇതെല്ലാം അങ്ങ് കാണുന്നില്ലേ; ഇതാണോ രീതി? അതാണ് ഞാൻ ചോദിച്ചത്; ആ രീതി പാടില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇനി ആരും ഒന്നും പറയേണ്ട; ഞങ്ങളുടെ മാന്യതയെപ്പറ്റിയൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പ്രസംഗം കേൾക്കുകയായിരുന്നു. ഞങ്ങളാരും ഒന്നും പറഞ്ഞില്ല. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ അവിടെനിന്ന് കൈചൂണ്ടിയത് എന്തുകൊണ്ട് അങ്ങ് കണ്ടില്ല? കൈചൂണ്ടിക്കൊണ്ട് ഞങ്ങളോട് ആക്രോശിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണിവിടെ പ്രശ്നമുണ്ടായത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആ ഏർപ്പാട് ഇവിടെ നടക്കില്ലെന്ന്. ഇതെന്താ നിയമസഭയല്ലേ; ഞങ്ങൾക്കധികാരമില്ലേ? അതുകൊണ്ട് അതു വേണ്ട.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് പൂർണ്ണമായും ശരിയായിട്ടുള്ള കാര്യമല്ല. ശ്രീ. കെ. ബി. ഗണേഷ് കുമാർ സംസാരിച്ചുകഴിഞ്ഞ് അവിടെയിരുന്നു. ഇരുന്നു കഴിഞ്ഞശേഷം അംഗങ്ങൾ തമ്മിൽ സാധാരണ ഗതിയിൽ സംസാരങ്ങൾ ചിലത് ഉണ്ടാകുമായിരിക്കും. പക്ഷേ, അവിടെ എഴുന്നേറ്റുനിന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ വെല്ലുവിളിക്കുന്നതാണ് പിന്നെ കാണുന്നത്. എഴുന്നേറ്റുനിന്ന് വെല്ലുവിളിക്കൽ മാത്രമല്ല സഭ്യേതര കാര്യങ്ങളടക്കം വിളിച്ചുപറയുകയാണ്. അപ്പോഴാണ് അങ്ങേയ്ക്കറിയാവുന്ന ഒരാളുതന്നെ അവിടെനിന്നിറങ്ങി ഇങ്ങോട്ടുവരുന്നത്. എന്താ ഉദ്ദേശ്യം; അങ്ങനെയാണോ രീതി; അതാണോ ചെയ്യേണ്ടത്; അതെങ്ങനെയാണ് മാന്യതയായി കാണുന്നത്; അത് മാന്യതയാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് വാസ്തവവിരുദ്ധമായ കാര്യമാണ്. ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ.-യുടെ പ്രസംഗം ഇവിടെ ആരും ശബ്ദമുണ്ടാക്കാതെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതുകഴിഞ്ഞ് സീറ്റിലിരുന്ന് അങ്ങ് പറയുന്നതുപോലെ കുശലപ്രശ്നം നടത്തിയതല്ല; വളരെ മോശമായ നിലയിൽ ഞങ്ങളെ വെല്ലുവിളിക്കുകയാണ് ചെയ്തത്. ഞങ്ങൾ എന്തുവേണം? ആരാണ് ആദ്യം പറഞ്ഞതെന്ന വീഡിയോ എടുക്കൂ, അങ്ങ് അത് കാണാതെ പോയി. അങ്ങ് ഒരു ഭാഗമേ കാണുന്നുള്ളൂ. അതാണ് പ്രശ്നം. മാന്യതയുടെ

അതിർവരമ്പ് വിട്ട് അവിശ്വാസ പ്രമേയ ചർച്ചയിൽ ഒരംഗവും സംസാരിച്ചിട്ടില്ല. അങ്ങ് അത് കാണണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, നിങ്ങൾ ഇങ്ങോട്ട് തിരിഞ്ഞിരിക്കുന്നതിനാൽ ഇവിടെ മാത്രമാണ് കാണുന്നത്; അതുകൊണ്ടാണ് നിങ്ങളുടെ പിറകിലിരുന്ന ശ്രീ. അനിൽ അക്കരയും മറ്റും ഇറങ്ങിപ്പോയത് കാണാതിരുന്നത്. നിങ്ങൾ കണ്ടില്ല; നിങ്ങൾ ഇങ്ങോട്ടാണ് നോക്കി ഇരിക്കുന്നത്; ഞങ്ങൾ ഇവിടെയിരുന്ന് കാണുന്നുണ്ട്.

മി. സ്പീക്കർ: ഇരിക്കു..... ഇരിക്കു.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഇവിടെയിരുന്ന് അങ്ങോട്ട് ശ്രദ്ധിക്കുകയായിരുന്നു. അന്നേരമാണ് ഇത് കണ്ടത്. അപ്പോൾ അത് ശരിയല്ല. പറയുമ്പോൾ എല്ലാം പറയണം. സഭാനേതാവാണ് മുഖ്യമന്ത്രി. അങ്ങ് പറയുമ്പോൾ രണ്ടുഭാഗവും പറയണം. അവർ തെറ്റ് ചെയ്തെങ്കിൽ അതും പറയണം. അല്ലാതെ ഇവിടെ ആക്രമിക്കാനായി ആരും ഓടിച്ചെന്നൊന്നുമില്ല.

മി.സ്പീക്കർ: ഇരിക്കു... ഇരിക്കു...

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് പൂർണ്ണമായും ശരിയായ കാര്യങ്ങളാണ്. ഞങ്ങളെല്ലാം ഇവിടെയിരുന്ന് കാണുകയാണ്. ഇനി ഞാൻ പേര് പറയാം. ശ്രീ. അനിൽ അക്കര അവിടെനിന്ന് എഴുന്നേറ്റ് ഇങ്ങോട്ട് വരികയാണ്, അദ്ദേഹത്തെ വെല്ലുവിളിച്ചുകൊണ്ടും എന്തെല്ലാമോ വിളിച്ചു പറഞ്ഞുകൊണ്ടും. അത് സാധാരണ അന്തരീക്ഷത്തിലല്ല; കുറേപ്പേർ അവിടെ എഴുന്നേറ്റുനിന്ന് എന്തെല്ലാമോ ഇദ്ദേഹത്തിനെതിരെ ആക്രോശിക്കുന്നു. അതൊന്നുമല്ലല്ലോ സഭയിൽ വേണ്ടത് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കെ. ബി. ഗണേഷ് കുമാർ പ്രസംഗിക്കുമ്പോൾ ആരും തടസ്സപ്പെടുത്തിയില്ല. അതിനുശേഷം സീറ്റിലിരുന്ന് വെല്ലുവിളിക്കുകയും ആക്രോശിക്കുകയും ചെയ്താൽ സ്വാഭാവികമായ പ്രതികരണമുണ്ടാവില്ലേ? എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു പറഞ്ഞില്ല? രണ്ടും പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: സഭയിൽ നടക്കുന്ന പ്രസംഗങ്ങളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും മാത്രമേ രേഖകളിലുണ്ടാവുകയുള്ളൂ. രേഖകളിലില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് ഈ തർക്കം തുടരുന്നത് ശരിയല്ല. മര്യാദയില്ലാതെയുള്ള പെരുമാറ്റം ഏതംഗത്തിന്റെ ഭാഗത്തുനിന്നുണ്ടായാലും അത് തെറ്റാണെന്നുള്ള കാര്യം വീണ്ടും

ഞാൻ ഓർമ്മപ്പെടുത്തുകയാണ്. സഭാനാഥൻ ഇത്രയും വ്യക്തമായി പറഞ്ഞ സാഹചര്യത്തിൽ അത് പരിശോധിക്കും.*

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭാനേതാവ് പറഞ്ഞ കാര്യം മാത്രമേ അങ്ങ് പരിശോധിക്കുകയുള്ളോ; ഞാൻ പറഞ്ഞ കാര്യം അങ്ങ് പരിശോധിക്കില്ലേ?

മി. സ്പീക്കർ: അത് മാത്രം പരിശോധിക്കും എന്ന് ഞാൻ പറഞ്ഞോ; അങ്ങ് എന്താണ് എപ്പോഴും ഇങ്ങനെ പക്ഷപാതപരമായി മാത്രം ചിന്തിക്കുന്നത്?

ഡോ. എം. കെ. മുനീർ: സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. മുല്ലക്കര രത്നാകരൻ മലയാള മനോരമയ്ക്ക് നൽകിയ ഒരഭിമുഖത്തിൽ പറയുന്നുണ്ട്, അർജ്ജുനന്റെ 10 പേരുകളിൽ ഒന്നാണ് വിജയൻ. അർജ്ജുനൻ കഴിഞ്ഞാൽ വിജയൻ എന്ന പേരാണ് പ്രസിദ്ധം. തെക്കേ ഇന്ത്യയിൽ ഇത്തരത്തിൽ ഒട്ടേറെ പേർക്ക് ആ പേര് വന്നത് അതുകൊണ്ടാകാം. തോല്പിക്കാൻ കഴിയാത്തവൻ, എപ്പോഴും വിജയിച്ചുകൊണ്ടേയിരിക്കുന്നവൻ, എന്നാണർത്ഥം. മദ്ധ്യപാണ്ഡവൻ, കുന്തിയുടെ ഇളയപുത്രൻ, ഗുരുക്കന്മാരുടെ വാത്സല്യം പരമാവധി കിട്ടിയാൽ എന്തിനും പോന്നവൻ എന്നീ അഹങ്കാരങ്ങൾ അർജ്ജുനനുണ്ടായിരുന്നു. പക്ഷേ, അയാൾ എല്ലാ അർത്ഥത്തിലും പരാജയപ്പെട്ടവനാണ്. മനുഷ്യന് ദുഃഖം സംഭാവന ചെയ്യുകയും അവരുടെ ശാപങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുന്ന ഒരു ജന്മമാണ് വിജയൻ എന്ന അർജ്ജുനൻ. ആയുധമെടുത്ത മിക്കവാറും എല്ലാ പോരാളികളുടെയും അവസ്ഥ ഇതാണ്. ആയുധംകൊണ്ട് നേടാവുന്നത് കുറച്ച് ശാപങ്ങളാണ്, കണ്ണുനീരാണ്. ഞാൻ ശ്രീ. മുല്ലക്കര രത്നാകരന്റെ പ്രസംഗത്തിന്റെ ആമുഖത്തോടുകൂടി തുടങ്ങുകയാണ്. വിജയൻ എന്നപേര് വിജയത്തിനല്ല പരാജയത്തിനാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോ ദിവസവും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പരിണതഫലം കണ്ണുനീരാണ്, ശാപമാണ്. അലൻ ഷുഹൈബിന്റെയും താഹ ഫസലിന്റെയും കുടുംബം ശപിച്ചിട്ടുണ്ടെങ്കിൽ അതേറ്റിരിക്കുന്നു. എൻ.ഐ.എ. അവസാനം മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് കയറുന്ന സാഹചര്യം കേരളത്തിലുണ്ടായത് എന്തുകൊണ്ടാണ്? മുഖ്യമന്ത്രി പറഞ്ഞതാണ് എൻ.ഐ.എ. വരട്ടെ, എൻഫോഴ്സ്മെന്റ് വരട്ടെ, സി.ബി.ഐ. വരട്ടെ, ആരുവന്നാലും എനിക്ക് കുഴപ്പമില്ലെന്ന്. അങ്ങുതന്നെ വിളിച്ചുവരുത്തിയതാണ് എൻ.ഐ.എ.യെ, അങ്ങുതന്നെ വിളിച്ചുവരുത്തിയതാണ് എൻഫോഴ്സ്മെന്റിനെ; ഞങ്ങളാരുമല്ല. എൻഫോഴ്സ്മെന്റ് കോടതിയിൽ കൊടുത്തിട്ടുള്ള റിപ്പോർട്ടുണ്ട്. എൻഫോഴ്സ്മെന്റ്

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ 26-8-2020-ലെ (ഫ.നമ്പർ .3363/ഇ.ബി./2020/നി.സെ.) പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

അസിസ്റ്റന്റ് ഡയറക്ടർ ആർ. രാധാകൃഷ്ണൻ സ്വപ്നാ സുരേഷിന്റെ ജാമ്യാപേക്ഷ എതിർത്തുകൊണ്ട് കോടതിയിൽ പറഞ്ഞത് ഇങ്ങനെയാണ്. 'It is revealed that she had considerable influence in the office of the Chief Minister.' മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കില്ലെന്ന് നിങ്ങളെല്ലാം പറയുമ്പോൾ അദ്ദേഹം തന്നെ വിളിച്ചുവരുത്തിയ എൻഫോഴ്സ്മെന്റ് ഓഫീസർ പറയുന്ന 'Her extreme influence in the corridors of power is evident from the available records.' കള്ളക്കടത്ത് കസ്റ്റംസാണ് നോക്കേണ്ടതെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞുവെന്ന് പറഞ്ഞു; ശരിയാണ്. പക്ഷേ, അത് അന്വേഷിക്കുന്ന, കസ്റ്റംസ് ഉദ്യോഗസ്ഥർ കണ്ടുപിടിക്കുന്ന ആൾ മുഖ്യമന്ത്രിയുടെ ഓഫീസിലാണിരിക്കുന്നതെങ്കിൽ പിന്നെ ആരാണ് അക്കാര്യങ്ങൾ അന്വേഷിക്കേണ്ടത്? എം. ശിവശങ്കർ എന്ന വ്യക്തിയെ എത്രപ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീകരിച്ചിട്ടുണ്ട്. സ്പ്രിംഗ്ലർ വിഷയം വന്നപ്പോൾ എന്താണ് പറയാനുള്ളതെന്ന് പത്രക്കാർ മുഖ്യമന്ത്രിയോട് ചോദിച്ചു. അതെല്ലാം 'എന്റെ ശിവശങ്കർ' പറയുമെന്നാണ് പറഞ്ഞത്. അന്ന് എന്റെ ശിവശങ്കറായിരുന്നു. അങ്ങനെ ഓരോ വിഷയത്തിലും എം. ശിവശങ്കറിനെ ചിറകിന്റെയുള്ളിൽ അങ്ങ് ഒതുക്കിവച്ചു: അവസാനം എം. ശിവശങ്കർ എന്തുചെയ്തു. രണ്ട് ചിറകും അരിഞ്ഞിട്ടാണ് പുറത്തേയ്ക്ക് പോയിരിക്കുന്നത്. ഇപ്പോൾ എത്ര മണിക്കൂറാണ് എൻ.ഐ.എ. അദ്ദേഹത്തെ ചോദ്യം ചെയ്തിട്ടുള്ളത്. എം. ശിവശങ്കറുമായി യാതൊരു ബന്ധവുമില്ലെന്നാണോ പറയുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയുന്നില്ലെങ്കിൽ സത്യത്തിൽ ആ ഓഫീസിൽ കാര്യങ്ങൾ അറിയുന്ന ആരാണ് ബാക്കിയുള്ളത്? ഏതായാലും നാലരവർഷം എം. ശിവശങ്കറല്ലേ ഭരിച്ചത്, ആറ് മാസംകൂടി അദ്ദേഹത്തിന് കൊടുത്തുകൂടേ? എന്തിനാണ് ഈയൊരു ആറുമാസത്തേയ്ക്ക് മുഖ്യമന്ത്രി ഭരണം ഏറ്റെടുക്കുന്നത്. കഴിഞ്ഞ കാലത്ത് നടന്നിട്ടുള്ള എല്ലാ വിഷയങ്ങളും നമ്മൾ എടുത്തുനോക്കണം. എം. ശിവശങ്കറുണ്ടാക്കിയിട്ടുള്ള ഓരോ വിഷയം സംബന്ധിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുമ്പോഴെല്ലാം അദ്ദേഹത്തിന് അവിടെ കയറിയിരിക്കാനുള്ള മോഹമാണെന്നല്ലേ പറയുന്നത്. അതിനെ എന്തോ ഫോബിയ എന്നെല്ലാം പറയുന്നുണ്ടല്ലോ. എന്ത് ഫോബിയ എന്നാണ് പറഞ്ഞത്, ടി.ബി. ഫോബിയ. സത്യത്തിൽ നിങ്ങൾക്കാണ് ഫോബിയ വന്നിരിക്കുന്നത്. ബി.പി. ഫോബിയ എന്നാണ് അതിനെ പറയുന്നത്. ഭരണം പോകുമെന്ന പേടി നിങ്ങൾക്ക് തുടങ്ങിയിട്ടുണ്ട്. അതിന്റെ ലക്ഷണങ്ങളാണ് നിങ്ങൾ മാധ്യമങ്ങളോട് കാണിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ലക്ഷണങ്ങളാണ് ഏഷ്യാനെറ്റിനോട് കാണിക്കുന്നത്. അതിന്റെ ലക്ഷണങ്ങൾ തന്നെയാണ് അതിൽ ആങ്കറായിരിക്കുന്ന സ്ത്രീകളോടുപോലും അപമര്യാദയായി പെരുമാറുന്നതിന് വേണ്ടിയുള്ള സാഹചര്യമൊരുക്കുന്നത്. ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന ഓരോ

കാര്യവും ഞാൻ പറയുന്നില്ല. ലൈഫ് മിഷന്റെ കാര്യം പറഞ്ഞു. ലൈഫ് മിഷൻ എന്തോ വലിയ സംഭവമായിട്ടാണ് ശ്രീ. എം. സ്വരാജ് പറഞ്ഞത്. ലൈഫ് മിഷനിൽ ഒരു വീട് കിട്ടണമെങ്കിൽ റേഷൻ കാർഡ് വേണം. റേഷൻ കാർഡുണ്ടാകണമെങ്കിൽ വീട് വേണ്ടേ; വീടില്ലാത്തവർക്ക് എവിടെനിന്നാണ് റേഷൻ കാർഡ്?

ശ്രീ. എം. സ്വരാജ്: സർ, വാടക വീടുമതി.

ഡോ. എം. കെ. മുനീർ: സർ, നിങ്ങൾ പഞ്ചായത്തിൽ ചോദിച്ച് നോക്കൂ. അവിടെ വീട് ലഭിക്കാത്തതിന്റെ പേരിൽ ആളുകൾ നെട്ടോട്ടമോടുകയാണ്. എന്നിട്ടോ ഉള്ളതിന്റെ പകുതിയുടെ പകുതിയും കമ്മീഷനായി ഓരോരുത്തർ അവരവരുടെ ലോക്കറിൽ കൊണ്ടുപോയി വച്ചിരിക്കുകയാണ്. സത്യത്തിൽ, നിങ്ങൾ എന്തുകൊണ്ടാണ് എയർപോർട്ട് തടയാത്തത്? അതിലൂടെ കോവിഡ്-19 കേസുകൾ വരുന്നല്ലോയെന്ന് ഞങ്ങൾ അന്നിവിടെ ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ പറഞ്ഞത് അതിൽ ചിലയാളുകൾ ചുളുവിൽ രക്ഷപ്പെട്ടുപോകാറുണ്ട് എന്നാണ്. അങ്ങനെ രക്ഷപ്പെട്ടവരാണ് നാട്ടിൽ എത്തിപ്പെടുന്നത്. ചുളുവിൽ രക്ഷപ്പെടാനുള്ള വഴികൾ പലതുണ്ട് എന്നുള്ളത് ഇപ്പോഴാണ് മനസ്സിലായത്. ചുളുവിൽ അക്കൂട്ടത്തിൽ സ്വർണ്ണംകൂടി കടത്തപ്പെട്ടു എന്നുള്ളത് മാത്രമാണ് അതിന്റെ പ്രത്യേകതയായി കാണേണ്ടത്. പിന്നെ കൂട്ടത്തിൽ ഖുർആനും. സത്യത്തിൽ സി-ആപ്റ്റ് എന്നത് ടെക്സ്റ്റ് ബുക്ക് പ്രിന്റ് ചെയ്യാനോ ഖുർആൻ വിതരണം ചെയ്യാനോ? റൂൾസ് ഓഫ് ബിസിനസ്സിൽ ഖുർആൻ വിതരണം എന്നുപറയുന്നത് ഞാൻ കണ്ടിട്ടില്ല. ഒരു മന്ത്രിയെ ഖുർആൻ വിതരണം ചെയ്യാനായി ഗവർണർ ഏൽപ്പിച്ചിട്ടുണ്ടോ? അത് ചോദ്യം ചെയ്യുമ്പോൾ നമ്മളെന്തോ മതത്തിനെ എതിർക്കുന്നുവെന്ന രീതിയിൽ ഖുർആന്റെ നടുക്കഷണമായാണ് ആ മന്ത്രി സംസാരിക്കുന്നത്. പിന്നെ പറയുകയാണ് ഞാനതിൽ ഉറച്ചുനിൽക്കുന്നുവെന്ന്. അദ്ദേഹം ഉറച്ചുനിന്നോട്ടെ. പക്ഷേ, നാട്ടുകാർ അദ്ദേഹത്തിന്റെ കൂടെ ഇനി ഉറച്ചുനിൽക്കില്ലെന്ന കാര്യം ഉറപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരത്തിലുള്ള ആളുകളെയെല്ലാം കൊണ്ടുനടന്ന് നട്ടെല്ലൊടിഞ്ഞ് ഇരിക്കുന്ന അവസ്ഥയിലെത്തിയില്ലേ; ഇനിയെങ്കിലും ഇതിനെയെല്ലാം നേരെ നിർത്താൻ കഴിയണ്ടേ? ഏതായാലും ഇത്തരം വിഷയങ്ങൾ ഒന്നൊന്നായി ഞാൻ പറയുന്നില്ല. കൊവിഡ്-19-ന്റെ മറവിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് തീവെട്ടിക്കൊള്ളയാണ്. ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞല്ലോ തീവെട്ടിക്കൊള്ളയെന്ന പദം പ്രയോഗിച്ചിട്ടില്ലെന്ന്. എന്നാൽ ഞാനിതാ ഉപയോഗിക്കുന്നു തീവെട്ടിക്കൊള്ള തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

PPE (Personal Protective Equipment) കിറ്റ് വാങ്ങുന്നത് സംബന്ധിച്ച് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്; അതുകൊണ്ട് ഉന്നയിക്കുകയാണ്. PPE കിറ്റിന് വെളിയിൽ എന്താണ് വില? KCP purchased these items through the regular suppliers at already negotiated prices. എന്തുകൊണ്ടാണ് ഞങ്ങളിത് ചെയ്യുന്നതെന്ന് വച്ചാൽ എമർജൻസിയായതുകൊണ്ട് ടെണ്ടർ നടപടികൾപോലും നോക്കാതെ വാങ്ങിക്കൊണ്ടിരിക്കുകയാണ്. 300 കോടി രൂപയാണ് ഇതിനുവേണ്ടി KMSCL (Kerala Medical Services Corporation Limited)-ന് കൊടുത്തിരിക്കുന്നത്. അവരത് വിവിധ സന്ദർഭങ്ങളിലായി വാങ്ങിക്കൊണ്ടിരിക്കുന്നു. PPE കിറ്റിന് പുറത്തുള്ള ഒരു ക്വട്ടേഷൻ ഞാനിപ്പോൾ എടുത്തു. ആ ക്വട്ടേഷനിൽ പറയുന്നത് 350 രൂപയ്ക്കും 500 രൂപയ്ക്കും PPE കിറ്റ് കിട്ടുമെന്നാണ്. എന്നാൽ ഇവർ വാങ്ങിയിരിക്കുന്നത് എത്ര രൂപയ്ക്കാണെന്ന് അറിയാമോ; 1550 രൂപയ്ക്കാണ്. 1550 രൂപയ്ക്ക് PPE കിറ്റ് എന്നുപറഞ്ഞാൽ അഡിഡാസിന്റെയോ പ്യൂമയുടെയോ കമ്പനിയാണോ ഇത് നിർമ്മിച്ചിരിക്കുന്നത്? മാത്രമല്ല, അതിന്റെ പിറ്റേ ദിവസം 300 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. തലേ ദിവസം 1550 രൂപയ്ക്കും പിറ്റേ ദിവസം 350 രൂപയ്ക്കും വാങ്ങാൻ നിങ്ങൾക്കെങ്ങനെ സാധിച്ചു? ഇൻഫ്രാറെഡ് തെർമോമീറ്റർ 1999 രൂപയേയുള്ളൂ. ഇൻഫ്രാറെഡ് തെർമോമീറ്റർ നിങ്ങൾ വാങ്ങിയിരിക്കുന്നത് 5000 രൂപയ്ക്കാണ്. ഞാൻ വിവരാവകാശ നിയമപ്രകാരം എല്ലാ രേഖകളും എടുത്തിരിക്കുകയാണ്. ഞാനിത് മേശപ്പുറത്ത് വയ്ക്കുന്നു. ഇതിനെ തീവെട്ടിക്കൊള്ള എന്നല്ലാതെ എന്താണ് പറയേണ്ടത്. അതേസമയം നിങ്ങൾ ഹെൽത്ത് വർക്കേഴ്സിന്റെ ശമ്പളം പിടിച്ചുവച്ചിരിക്കുകയാണ്. അവർ PPE കിറ്റിട്ട് ശ്വാസംപോലും നേരെ എടുക്കാതെ ആറ് മണിക്കൂർ ജോലി ചെയ്യുകയാണ്. വെള്ളംപോലും കുടിക്കാൻ കഴിയില്ല. അവരുടെ ശമ്പളം പിടിച്ചുവച്ച് അത് നിങ്ങൾ വേറെ കാര്യങ്ങൾക്കുവേണ്ടി തിരിമറി ചെയ്യുന്ന സമയത്ത് ഇവിടെ ഓരോ കമ്പനികൾക്കും പൈസയുണ്ടാക്കുന്നതിനുവേണ്ടി 1500-ഉം 2000-വും 3000-വും രൂപ കൊടുത്ത് 500 രൂപയ്ക്കും 200 രൂപയ്ക്കും കിട്ടുന്ന സാധനം വാങ്ങിക്കൂട്ടി; കൊവിഡ്-19-ന്റെ മറവിൽ നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങളൊന്നും ഞങ്ങൾ പുറത്തുകൊണ്ടുവരാൻ പാടില്ലെന്നാണോ പറയുന്നത്? അതുപോലെ മറ്റൊരാരോപണം വന്നിരിക്കുന്നത് സ്റ്റേറ്റ് പോലീസ് ചീഫ് ARS Traffic & Transport Technology Pvt. Ltd-ന്റെ പേരിൽ ഒരു എക്വിപ്മെന്റ് വാങ്ങി അവരുമായി ഒരു കരാറിലേർപ്പെട്ടിരിക്കുന്നത് സംബന്ധിച്ചാണ്. അതിൽ ഫ്രീ ഓഫ് കോസ്റ്റായി കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞശേഷം ഏഴ് കാര്യങ്ങൾ എഴുതിച്ചേർത്തിരിക്കുന്നു. Relevant permission to install poles, censors, display signs and other related infrastructures അത് ഗവൺമെന്റ് ചെയ്തുകൊടുക്കണം. അതുപോലെ considering further pilot on cost basis - ഇനി

അത് എറണാകുളത്തും കോഴിക്കോട്ടും ചെയ്യുമ്പോൾ കോസ്റ്റ് ബേസിസിൽ ചെയ്യണം. എന്നാൽ ആളുകളുടെ മുന്നിൽ ഫ്രീ ഓഫ് കോസ്റ്റിൽ ചെയ്യുന്നതുപോലെ കരാറില്ലാതെ, ടെണ്ടറില്ലാതെ ഏൽപ്പിച്ചു കൊടുത്തിരിക്കുന്ന ഒരു ജോലിയെക്കുറിച്ചുള്ള കടലാസും ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. സമയപരിമിതികൊണ്ട് ദീർഘമായി അതിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഇത്തരം തീവെട്ടിക്കൊള്ളകൾ ഒരു ഭാഗത്ത് നടക്കുന്നു. സ്പ്രിംഗ്ലറിന്റെയും ഇ-മൊബിലിറ്റിയുടെയും കെ-ഫോണിന്റെയും വിഷയങ്ങൾ വന്നു. ഇതിലൊക്കെ PWC എന്ന കൺസൾട്ടന്റാണ്. ശ്രീ. മൊണ്ടേക് സിംഗ് അലുവാലിയ പത്താം പഞ്ചവത്സര പദ്ധതിയുടെ കൺസൾട്ടേറ്റീവ് ഗ്രൂപ്പിലുണ്ടായിരുന്നപ്പോൾ അവിടെ കൺസൽട്ടൻസിനെ വയ്ക്കുന്നതുകൊണ്ട് രാജിവച്ച് ഇറങ്ങിപ്പോയ ആളാണ് ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. ഇപ്പോൾ അദ്ദേഹം ഇരിക്കുന്ന ഓഫീസിന്റെ നേരെ മുകളിൽ ഒരു കൺസൾട്ടൻസി വന്ന് കുറ്റിനാട്ടി ഇരുന്ന് അവർക്ക് ബാക്ക് ഡോർ ഓഫീസും തുറന്നുകൊടുത്തു, അദ്ദേഹം അറിഞ്ഞില്ല. അദ്ദേഹത്തിന്റെ ഖജനാവിൽനിന്നും അവർക്ക് ശമ്പളവും കൊടുക്കുന്നുണ്ട്. അങ്ങയുടെ അന്നത്തെ രാജി എന്തിനായിരുന്നു? എനിക്ക് അങ്ങയെക്കുറിച്ച് ഓർത്ത് ഇപ്പോൾ സഹതാപമുണ്ട്. കാരണം, ധനകാര്യവകുപ്പ് ഇപ്പോൾ ഒന്നും അറിയുന്നില്ല. അങ്ങയെ ഒരു നോക്കുകുത്തിയാക്കിയിരിക്കുന്നു. ഫിനാൻസ് ഓഫീസേഴ്സ് പോലും ഇപ്പോൾ അവരുടെ സി.ആർ. അതാത് വകുപ്പുമന്ത്രി കണ്ടാൽമതി പണ്ടത്തെപ്പോലെ ഫിനാൻസ് സെക്രട്ടറിയും ഫിനാൻസ് മിനിസ്റ്ററും കാണേണ്ട കാര്യമില്ല എന്ന രീതിയിലാണ്. അതാത് മന്ത്രിമാരാണ് ഇപ്പോൾ അവരുടെ സി.ആർ. ഒപ്പിടുന്നതെന്ന അവസ്ഥവരെ വന്നിട്ടുണ്ടെങ്കിൽ ധനകാര്യ വകുപ്പുമന്ത്രീ, അങ്ങേയ്ക്ക് വന്നിട്ടുള്ള ദുര്യോഗത്തിൽ ഞങ്ങളുടെ ദുഃഖം രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പ് നോക്കിനിൽക്കെ ധാരാളം കാര്യങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്.

ഈ പറഞ്ഞതിൽ, ഒന്നും ധനകാര്യ വകുപ്പോ നിയമ വകുപ്പോ കണ്ടിട്ടില്ലല്ലോ? എന്തുകൊണ്ടാണ് കാബിനറ്റുപോലും കാണാതെ എം. ശിവശങ്കർ എന്ന അവതാരപുരുഷന് എല്ലാത്തിലും ഒപ്പ് വയ്ക്കാനുള്ള അവകാശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്തത്; ഇദ്ദേഹം ആരോടാണ് മറുപടി പറയേണ്ടത്? അദ്ദേഹത്തിന് കാബിനറ്റിനോടോ നിയമ വകുപ്പിനോടോ ധനകാര്യ വകുപ്പിനോടോ മറുപടി പറയേണ്ട ആവശ്യമില്ല. മുഖ്യമന്ത്രിയോടും മറുപടി പറയേണ്ട ആവശ്യമില്ലേ? മുഖ്യമന്ത്രിയോടും മറുപടി പറയേണ്ട ആവശ്യമില്ലാത്ത എം. ശിവശങ്കർ എന്നയാളാണ് കേരളത്തിൽ അങ്ങയുടെ ഓഫീസിലുള്ളതെങ്കിൽ അദ്ദേഹമല്ലേ ചീഫ് മിനിസ്റ്റർ? അദ്ദേഹമല്ലേ നാലരവർഷം ഭരിച്ചത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് അദ്ദേഹത്തിന് ആറ് മാസംകൂടി

നൽകണമെന്ന്. എന്നിട്ട് അടുത്ത തെരഞ്ഞെടുപ്പിൽ എം. ശിവശങ്കർ ഭരിച്ച മന്ത്രിസഭയുടെ അംഗങ്ങൾ എന്ന നിലയിൽ നിങ്ങൾ അഭിമാനം കൊള്ളൂ, നിങ്ങൾ തിരിച്ചുവരൂ, ഞങ്ങൾക്ക് ഒരു ഫോബിയയുമില്ല. തിരിച്ചുവരുമോ എന്ന ഭയപ്പാടുണ്ടെങ്കിൽ അത് സംരക്ഷിക്കാൻ നിങ്ങൾ ഞങ്ങളുടെമേൽ കുതിരകയറേണ്ട ആവശ്യമില്ല. ഞങ്ങൾ പ്രതിപക്ഷമെന്ന നിലയിൽ ഏത് കാര്യം വന്നാലും അത് പറയാൻ തയ്യാറാകും. അതിന്റെ പേരിൽ ഞങ്ങളെ നിങ്ങൾ വിഡ്ഢികളെന്നു വിളിച്ചേയ്ക്കും, ഞങ്ങളെ ഒന്നിനും കൊള്ളാത്തവരെന്നും വിളിച്ചേയ്ക്കും. അതെല്ലാം നിങ്ങളുടെ സൈബർ ഗുണ്ടകളെക്കൊണ്ട് ചെയ്യാൻ സാധിച്ചേയ്ക്കും. പക്ഷേ, സമൂഹത്തിന്റെയുള്ളിൽ ഞങ്ങൾ നടത്തിയിട്ടുള്ള പ്രവർത്തനത്തിനുള്ള അംഗീകാരം കിട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഭയപ്പാടിന്റെ പേരിൽ നട്ടെല്ല് മടക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങളെ കൂട്ടരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു. പ്രമേയാവതാരകനും തുടർന്ന് പ്രതിപക്ഷത്തുനിന്നും സംസാരിച്ച അംഗങ്ങളും കേരള ജനതയുടെ സാമാന്യ ബോധത്തെയാണ് ചോദ്യം ചെയ്യുന്നത്. മൂന്നേമുക്കാൽ കോടി മലയാളികളുടെ ആത്മാഭിമാനത്തെയാണ് ഇവർ വെല്ലുവിളിക്കുന്നത്. പ്രതിപക്ഷനിരയുടെ അടിസ്ഥാനരഹിതമായ വാദഗതികളെ ഭരണപക്ഷത്ത് നിന്നുള്ള അംഗങ്ങൾ അക്കമിട്ട് നിരത്തി ഖണ്ഡിക്കുകയുണ്ടായി. ഞാൻ അക്കാര്യങ്ങളൊന്നും ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ പ്രമേയാവതരണത്തിനും കഴിഞ്ഞ കുറച്ചുദിവസങ്ങളായി അന്തരീക്ഷത്തിൽ ഉയരുന്ന കോലാഹലങ്ങൾക്കും അടിസ്ഥാനം സ്വർണ്ണക്കള്ളക്കടത്താണ്. ഏറ്റവും അവസാനം സംസാരിച്ച പ്രതിപക്ഷ ഉപനേതാവ് കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽനിന്നും വാക്കുകൾ അടർത്തിയെടുത്ത് ഒരു പരാമർശം നടത്തി. ഈ കേസ് സംബന്ധിച്ച് ജൂൺ 30-ന് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ യു.എ.ഇ. കോൺസുലേറ്റിന്റെ ഡിപ്ലോമാറ്റിക് ബാഗ് സംശയത്തിന്റെ അടിസ്ഥാനത്തിൽ അനുമതി വാങ്ങി ജൂലൈ 5-ന് തുറന്നപ്പോൾ കണ്ട 30 കിലോഗ്രാം സ്വർണ്ണം അനധികൃതമാണെന്ന് ബോധ്യപ്പെടുകയും കസ്റ്റംസ് കേസ് ചാർജ് ചെയ്യുകയും ചെയ്തു. കേസ്സിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ കേസ് കൈകാര്യം ചെയ്യാൻ ഏറ്റവും ഉചിതമായ, അധികാരാവകാശങ്ങളുള്ള ഏജൻസിയെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 8-ാം തീയതി ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് കത്തയയ്ക്കുന്നു. തൊട്ടടുത്ത ദിവസം എൻ.ഐ.എ.-യും തുടർന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കേസ്സിന്റെ അന്വേഷണച്ചുമതല ഏൽക്കുന്നു. കസ്റ്റംസ്, എൻ.ഐ.എ., എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ മൂന്ന് ഏജൻസികളും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം

ആരംഭിക്കുന്നു. ഇതിനോടകം 20 പേരാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. അതിൽ 16 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടുത്തതായി സംസാരിക്കുന്നതാണ്. ആ 16 പേരുടെ രാഷ്ട്രീയ ബന്ധത്തെക്കുറിച്ച് ഒരു വാക്കുരിയാടാൻ ഇത്രയും സംസാരിച്ച ഒരാൾക്കെങ്കിലും നാവുപൊന്തിയോ; എന്തേ പൊന്താത്തത്? ആ 20 പേരുടെയും ലിസ്റ്റ് ഞാൻ വായിക്കാം. ആദ്യത്തെ നാലുപേർ കഴിഞ്ഞാൽ റമീസ്, ജലാൽ, മുഹമ്മദ് ഷാഫി, സെയ്ദലവി, അബ്ദു, റബിൻസ്, മുഹമ്മദലി, മുഹമ്മദലി, ഷറഫുദീൻ, മുഹമ്മദ് ഷെഫീഖ്, സിദ്ദിഖ്, മുഹമ്മദ് അൻവർ, ഹംസത്ത്, ഷംജു, അംജത്ത് അലി, അഹമ്മദ് കുട്ടി. കുറേ പേർ ഇറങ്ങിപ്പോയല്ലോ, ഇരിക്കില്ല. ഇരിക്കാൻ കഴിയാത്തവിധം വേരുകളെല്ലാം നീണ്ടുപോകുന്നത് അവിടേയ്ക്കാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്നുപറയുന്ന രാഷ്ട്രീയ പാർട്ടിയുടെ നിലനിൽപ്പാണ് സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സത്യാവസ്ഥ പുറത്തുവന്നാൽ അവസാനിക്കുന്നതെന്ന് ഓർക്കണം. ചോദിക്കാൻപോലും ഒരാളില്ലാതെ ഇറങ്ങിപ്പോയില്ലേ; പ്രസംഗം കേൾക്കാൻ ഇരുന്നോ? ആത്മഹത്യാശ്രമം നടത്തിയ ഗൺമാൻ ഒഴികെ ബാക്കി മുഴുവൻ ആളുകളുടെയും രാഷ്ട്രീയബന്ധം എന്തെന്ന് നിങ്ങൾ പരിശോധിക്കൂ. ഒരു കോൺഗ്രസ്, ഒരു ബി.ജെ.പി. ഉൾപ്പെടെയെല്ലാം കോൺഗ്രസ്-ബി.ജെ.പി.-ലീഗ് പാർട്ടികളുടെ ആളുകളാണ്. ഇവർക്കുപുറമെ 5 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. ഐ.ടി. സെക്രട്ടറിയുണ്ട്, ആക്സിസ് ബാങ്ക് മാനേജരുണ്ട്, ചാർട്ടേർഡ് അക്കൗണ്ടന്റുണ്ട്, യൂണിടെക് ഉടമ സന്തോഷ് ഈപ്പനുണ്ട്. ഇവരാരും ഇപ്പോൾ പ്രതിപ്പട്ടികയിലില്ല. ഇങ്ങനെ പതിനാറും നാലും ഇരുപത് പേരെ ചോദ്യം ചെയ്തു. 20 പേരെ ചോദ്യം ചെയ്തതിന്റെ റിപ്പോർട്ട് അതത് സമയത്ത് കോടതിക്ക് കൈമാറിയിട്ടുണ്ട്; റിമാൻഡ് റിപ്പോർട്ടായി കൊടുത്തിട്ടുണ്ട്; റിമാൻഡ് എക്സ്റ്റൻഷൻ റിപ്പോർട്ടായി കൊടുത്തിട്ടുണ്ട്. എനിക്ക് മുമ്പ് സംസാരിച്ചത് ഡോ. എം. കെ. മുനീറാണ്. പക്ഷേ, വക്കീലന്മാരായിട്ടുള്ള ധാരാളം ആളുകൾ അവിടെയിരുപ്പുണ്ട്. അവർ നിയമസഭാ സാമാജികരല്ലേ? നമ്മളല്ലേ നിയമം നിർമ്മിക്കുന്നത്. ബഹുമാന്യനായ പ്രമേയാവതാരകൻ നന്നായി കാര്യങ്ങൾ മനസ്സിലാക്കുന്നയാളാണ്. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു. 20 പേരെ ദിവസങ്ങളോളം ചോദ്യം ചെയ്തു. കഴിഞ്ഞ 50 ദിവസം, 48 റിമാൻഡ് എക്സ്റ്റൻഷൻ റിപ്പോർട്ടുകൾ കോടതിക്ക് മുമ്പാകെ അന്വേഷണ ഏജൻസികൾ കൊടുത്തു. മൂന്ന് അന്വേഷണ ഏജൻസികൾ കൊടുത്തതിൽ ഒരു വരിയെങ്കിലും ഈ സർക്കാരിനെതിരെ, കേരളാ മുഖ്യമന്ത്രിക്കെതിരെ, ഒരു മന്ത്രിക്കെതിരെ, ആർക്കെങ്കിലുമെതിരെയുണ്ടോയെന്ന് നിങ്ങൾ പരിശോധിക്കണം; ഉള്ള കാര്യമാണ് ഞാനിപ്പോൾ പറയാൻ പോകുന്നത്. പക്ഷേ, അതിനുമുമ്പ് നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇത്തരം റിമാൻഡ് റിപ്പോർട്ടുകളിൽ സവിശേഷമായ

ചില കാര്യങ്ങളുണ്ട്. ഇന്ത്യൻ എവിഡൻസ് ആക്ട് സെക്ഷൻ 25-ഉം 26-ഉം അനുസരിച്ച് ഒരു പ്രതി പോലീസിന് മുമ്പാകെ നൽകുന്ന കുറ്റസമ്മതമൊഴി എവിഡൻഷ്യറി വാല്യു ഉള്ളതല്ല, അത് അഡ്മിസിബിളല്ല. കോടതിയിൽ പറയാൻ കഴിയില്ല. അത് പോലീസിന് ബാധകമാണ്, എൻ.ഐ.എ.-യ്ക്ക് ബാധകമാണ്, സി.ബി.ഐ.-യ്ക്ക് ബാധകമാണ്. എന്നാൽ വ്യത്യസ്തമായൊരു കാര്യമുണ്ട്. അത് കസ്റ്റംസിനും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനുമുള്ള സവിശേഷ അധികാരമാണ്. കസ്റ്റംസ് ആക്ട് സെക്ഷൻ 108 പ്രകാരവും അതുപോലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ Prevention of Money Laundering Act സെക്ഷൻ 50 പ്രകാരവും ഇത്തരത്തിലുള്ള കുറ്റസമ്മതമൊഴിയെല്ലാം അഡ്മിസിബിളാണ്, കോടതിയിൽ എവിഡൻഷ്യറി വാല്യു ഉള്ളതാണ്. അത് പൂർണ്ണമായും മുഖവിലയ്ക്കെടുത്ത് നടപടി സ്വീകരിക്കാൻ കോടതിക്ക് സാധിക്കുന്നതാണ്. ഇത്തരത്തിൽ ഈ മൂന്ന് ഏജൻസികൾ നടത്തിയ അന്വേഷണത്തിന്റെ ഫലമായി 48-ലധികം റിപ്പോർട്ട് കൊടുത്തെങ്കിലും ആ റിപ്പോർട്ടിലൊന്നും ഈ സർക്കാരിനെതിരെ, മുഖ്യമന്ത്രിക്കെതിരെ, മന്ത്രിമാർക്കെതിരെ പരാമർശങ്ങളില്ല. ഉണ്ടെന്ന് ഡോ. എം. കെ. മുനീർ ഇപ്പോൾ പറഞ്ഞു. ആ പറഞ്ഞ ഭാഗം ഞാൻ വായിക്കാം - 'It is revealed that she had considerable influence in the Office of the Chief Minister.' It is revealed that- ഇതാണ് നിങ്ങൾ ആടിനെ പട്ടിയാക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗം. എന്താണ് reveal ചെയ്തത്? നിങ്ങൾ അതിനുമുമ്പുള്ള രണ്ട് വാചകവും വായിച്ചുനോക്കണം, അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ഐ.ടി. സെക്രട്ടറി ശ്രീ. എം. ശിവശങ്കറിനെ ചോദ്യം ചെയ്തു. അയാൾക്ക് സ്വപ്നാ സുരേഷുമായി ബന്ധമുണ്ടെന്ന് പറയുന്നു. അദ്ദേഹത്തെ ചോദ്യം ചെയ്യാൻ കാരണം, സ്വപ്നാ സുരേഷിനെ ചോദ്യം ചെയ്തപ്പോൾ ശ്രീ. എം. ശിവശങ്കറുമായി ബന്ധമുണ്ടെന്ന് അവർ പറഞ്ഞു. ഈ രണ്ടുപേരെ ചോദ്യം ചെയ്തതിൽനിന്ന് എന്ത് വെളിവായിരിക്കുന്നുവെന്നാണ് പറഞ്ഞത്? ഇവർക്ക് ഇത്തരമൊരു സ്വാധീനമുണ്ടെന്ന് വെളിവായിരിക്കുന്നു. അങ്ങനെ സ്വാധീനമുണ്ട് എന്നുപറഞ്ഞ ആ നിമിഷത്തിനുമുമ്പ്, ഈ റിപ്പോർട്ട് കൊടുക്കുന്നതിനുമുമ്പ് ശ്രീ. എം. ശിവശങ്കർ പുറത്തായില്ലേ. നിങ്ങൾക്കെന്താണ് അത് പറയാൻ കഴിയാത്തത്; ഈ ഗവൺമെന്റ് ആരെയെങ്കിലും സംരക്ഷിക്കുന്നുണ്ടോ? 50 ദിവസം നീണ്ടുനിന്ന ഈ പരിശോധനകൾക്കിടയിൽ എവിഡൻഷ്യറി വാല്യു ഉള്ള, അഡ്മിസിബിളായ ഈ റിപ്പോർട്ടുകളിലൊന്നിൽപ്പോലും ഇവരാരെയും കുറിച്ച് പറയുന്നില്ല എന്നുള്ളത് നിങ്ങൾ എന്തിനാണ് മറച്ചുവയ്ക്കുന്നത്? ഇപ്പോൾ ആ കോലാഹലം മുഴുവനും നിങ്ങൾ എന്തിനാണുണ്ടാക്കുന്നത്? ഒരു കാര്യം ഞങ്ങൾ നിങ്ങളോട് പറയുകയാണ്. കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി. സർക്കാരാണ്. ഈ ഏജൻസികളെയൊന്നും നിയന്ത്രിക്കുന്നത് സംസ്ഥാന

സർക്കാരല്ല. എന്തെങ്കിലും ആനുകൂല്യം കേന്ദ്ര സർക്കാർ ഈ ഗവൺമെന്റിന് നൽകുമെന്ന് നിങ്ങളാരെങ്കിലും കരുതുന്നുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാട്ടിൽക്കൂടി കാൽനട ജാഥ നയിച്ചത് ആരായിരുന്നു? ശ്രീ. അമിത്ഷാ. എന്തിനായിരുന്നുഈ ഗവൺമെന്റിനെ താഴെയിറക്കാൻ. പക്ഷേ, എന്താണ് സംഭവിച്ചത്? ഒന്നും സംഭവിച്ചില്ല എന്ന് നമുക്ക് നന്നായി അറിയാം. ഈ ഗവൺമെന്റ് തുടരുകയാണ്. അതാണ് ഈ സർക്കാരിന്റെ പിൻബലം. അത് ജനങ്ങൾ നൽകുന്ന പിൻബലമാണ്. എന്നാൽ നിങ്ങളാകട്ടെ, 1994-ൽ സ്വന്തം പാർട്ടിക്കാരനും അന്നത്തെ മുഖ്യമന്ത്രിയുമായിരുന്ന കെ. കരുണാകരനെ അധികാരത്തിൽനിന്ന് താഴെയിറക്കുന്നതിനുവേണ്ടി നടത്തിയ കൊട്ടുംചതി, പിന്നിൽ നിന്നുള്ള കുത്ത്, ആ കുത്തിന്റെ ഫലം ഏറ്റുവാങ്ങിയ ശ്രീ. നമ്പി നാരായണൻ ഇന്ന് വലിയൊരു തുക നഷ്ടപരിഹാരമായി വാങ്ങി. ചന്ദ്രശേഖരൻ മരിച്ചുപോയി. നിങ്ങൾ എന്തും ചെയ്യാൻ മടിക്കാത്തവരാണ്. അന്ന് കെ. കരുണാകരനെ പിന്നിൽനിന്ന് കുത്തുന്നതിനൊപ്പം നിന്നവരിൽ ഒരാൾ കേരളത്തിന്റെ മുഖ്യമന്ത്രിയായി. അദ്ദേഹത്തെ പിറകിൽനിന്ന് കുത്താൻ അടുത്തയാൾ ഊഴമിട്ട് നിന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് അതിന് കൂട്ടുനിന്നില്ലേ? അതിന്റെ ഫലമായി പുതിയ ആൾ മുഖ്യമന്ത്രിയായി. ഇതൊക്കെ കാവ്യനീതിയെന്നേ പറയേണ്ടൂ. അദ്ദേഹത്തിന് കേരളത്തിന്റെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിക്കും നേരിടേണ്ടി വരാത്തത്രയും അപമാനഭാരവുമായിട്ടാണ് ഒഴിഞ്ഞു പോകേണ്ടി വന്നത്. സ്വന്തം പാർട്ടിക്കാരുടെ ശാപമാണ് നിങ്ങൾ പേറുന്നത്. ഇതെല്ലാം മറച്ചുവച്ച് ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരായി ഹാലിളക്കം നടത്തുമ്പോൾ ഒരു കാര്യം നിങ്ങൾ ഓർക്കണം. ഇതിനെല്ലാം എന്താണ് ഇപ്പോൾ പ്രകോപനം? ശ്രീ. എം. സ്വരാജ് ഇവിടെ പറഞ്ഞു, ഞാൻ ആവർത്തിക്കുകയല്ല. എങ്കിലും പറയട്ടെ. ഒരു സ്വകാര്യ ചാനൽ നടത്തിയ സർവ്വേയിൽ പറയുന്നു, ഈ ഗവൺമെന്റ് തുടരും. ആ സർവ്വേയിൽ ബഹുമാന്യനായ മുൻ മുഖ്യമന്ത്രിയെക്കുറിച്ചുണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെക്കുറിച്ചുണ്ട്. പ്രതിപക്ഷനേതാവിന്റെ ഗ്രാഫ് വളരെ താഴുകയാണ്. അദ്ദേഹത്തിന് ഒരു കാര്യം ബോധ്യമായി. എന്റെ സ്ഥിതി മോശമാണ്. എനിക്ക് വലിയ സ്വാധീനമൊന്നും ജനങ്ങൾക്കിടയിലില്ല. പിന്നെയെന്താണ് വേണ്ടത്? സ്വാധീനമുണ്ടെന്ന് ഒന്ന് തെളിയിക്കണം. അതിനിപ്പോൾ എന്താണ് സാധിക്കുക. ഗവൺമെന്റ് എന്ത് ചെയ്താലും അതിനെ വെല്ലുവിളിച്ചുകൊണ്ട് ദിവസവും പത്രസമ്മേളനം നടത്തുകയാണ്. കോടതിയിൽ പോകുകയാണ്. ഒരൊറ്റ കേസുപോലും കോടതി സ്വീകരിക്കുന്നില്ല, ഒക്കെ നിരസിക്കുകയാണ്. പത്രക്കാരെ കൂട്ടുപിടിച്ച് അതെല്ലാം നിരസിക്കുകയല്ല, ഒത്തുതീർപ്പായി എന്നാണ് വ്യാഖ്യാനം. ഒരു കാര്യം ഞാൻ നിങ്ങളോട് പറയുകയാണ്. ഇതുപോലൊരു അവിശ്വാസ

പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹു. പ്രതിപക്ഷനേതാവ് ആഗ്രഹിക്കുന്നത് മുൻമുഖ്യമന്ത്രിയെക്കുറിച്ച് ഈ കേരളം ഒരിക്കൽക്കൂടി ചർച്ച ചെയ്യണമെന്നാണെങ്കിൽ തീർച്ചയായും ആ അവസരമൊരുക്കിയ നിങ്ങളോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നുവെന്നേ ഞാൻ ഈ അവസരത്തിൽ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇവിടെ ഞാൻ ഒരു കാര്യം വായിക്കുകയാണ്. 'The above incidents have raised serious questions on the functioning of the Chief Minister's Office for which the Chief Minister is answerable to the State. Prima facie evidence of the presence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for a thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office.' ഇത് ആര് ആരോട് പറഞ്ഞതാണെന്ന് നിങ്ങൾ മറന്നുപോയോ? കേരളത്തിലെ ഹൈക്കോടതി ഒരു കേസ്സിൽ വിധി പ്രസ്താവിച്ചുകൊണ്ട് അതിന്റെ 130-ാമത്തെ പേജിൽ എഴുതിച്ചേർത്തത് മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചാണ്. 2015 ജൂലൈ മാസം 13-ന് നിയമസഭയ്ക്കകത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ ഒരു ചോദ്യത്തിന്റെ മറുപടിയായി പ്രതിപക്ഷ നേതാവായി ഇന്നിരിക്കുന്ന ബഹുമാന്യനായ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ കാര്യമാണ്. ഇതൊക്കെ ഇപ്പോൾ ഒരിക്കൽക്കൂടി ഞങ്ങൾ ചർച്ച ചെയ്യണമെന്നല്ലേ ആവശ്യം. അതിനപ്പുറം ചർച്ച ചെയ്യാൻ കഴിയുന്ന കുറേ കാര്യങ്ങൾ ഇവിടെയുണ്ട്. അതൊന്നും ഞാനിപ്പോൾ പറയുന്നില്ല. പക്ഷേ, ഇതുകൊണ്ടൊന്നും ബഹു. പ്രതിപക്ഷനേതാവിന്റെ ഗ്രാഫ് ഉയരാൻ പോകുന്നില്ല. അതിന് ജനങ്ങളോട് കടപ്പാടുണ്ടാകണം. സാമൂഹിക പ്രതിബദ്ധതയുണ്ടാകണം. എന്താണ് പ്രതിപക്ഷത്തിന്റെ കടമയെന്ന് തിരിച്ചറിയണം. ക്രിയാത്മക പ്രതിപക്ഷമെന്ന നിലയിൽ നിങ്ങൾക്ക് ഉയർന്ന് പ്രവർത്തിക്കാൻ സാധിക്കണം. 1000 വീടിന്റെ കാര്യം ഇവിടെ ചോദിച്ചില്ലേ? ഒരാളും മറുപടി പറഞ്ഞില്ലല്ലോ. പറയില്ലെന്നറിയാം. നിങ്ങൾ സാലറി ചലഞ്ചിനെ എതിർത്തു, പ്രളയത്തിനുത്തരവാദി സർക്കാരാണെന്ന് വാദിച്ചു, കൊറോണയ്ക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളെ നിരന്തരം അട്ടിമറിക്കാൻ ശ്രമിച്ചു, നിരവധി തവണ കോടതിയെ സമീപിച്ചു. ഒന്നിലും നിങ്ങൾക്ക് നേട്ടമുണ്ടായില്ല. ഇന്നത്തെ രാജ്യസഭാ തെരഞ്ഞെടുപ്പുപോലും ഒഴിവാക്കാമായിരുന്നില്ലേ. എങ്കിൽ ഇത്തരം ഒരു ചർച്ച ഉണ്ടാകുമായിരുന്നില്ലല്ലോ. അപ്പോൾ ഈ ചർച്ചയ്ക്ക് അവസരം നിങ്ങൾ സൃഷ്ടിച്ചു. പ്രതിപക്ഷ നിരയിലെ അംഗബലം തന്നെ കുറയുമെന്ന് ഉറപ്പായില്ലേ നിങ്ങൾക്ക്. അതാണ് നിങ്ങളുടെ സാഹചര്യം. ബുദ്ധി വേണം, അതല്ലാതെ ഗ്രാഫ് ഉയരില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഗ്രാഫ് ഉയരണമെങ്കിൽ അതിന് പണി വേറെ എടുക്കണം.

നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഈ സർക്കാരിനെ ഉയർത്തിനിർത്തുന്നത് കേവലം സഭയിലെ 91 എം.എൽ.എ.-മാരല്ല, ഈ നാടും ജനങ്ങളുമാണ്. ദുരന്തത്തിലും ദുരിതങ്ങളിലും ഒപ്പം ചേർത്തുനിർത്തി സംരക്ഷിച്ച ധാരാളം ജനങ്ങളുണ്ട്. അവരുടെ ജീവന്റെ തുടിപ്പാണ് ഈ സർക്കാരിന്റെ ഹൃദയമിടിപ്പെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്കിതൊന്നും പറഞ്ഞാൽ മനസ്സിലാകില്ല, കാരണം, പത്രങ്ങൾ ഊതിപ്പെരുപ്പിച്ചുണ്ടാക്കിയ വ്യക്തിത്വത്തിന്റെ ഭാഗമായി അധികാരക്കസേരയിലേറിയവരാണ് നിങ്ങൾ. ആ അളവുകോൽ വച്ച് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ നിങ്ങൾ അളക്കരുത്. 1944-ൽ പിണറായിയിൽ മുണ്ടയിൽ കോരന്റെയും കല്യാണിയുടെയും മകനായി ഒരു സാധാരണ കുടുംബത്തിൽ ജനിച്ച മനുഷ്യൻ ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായെങ്കിൽ അതൊരു ചാനലിന്റെയോ പത്രത്തിന്റെയോ ആരുടെയെങ്കിലുമോ ഔദാര്യം കൊണ്ടല്ലെന്ന് നിങ്ങൾ ഓർക്കണം. ഊതിപ്പെരുപ്പിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയല്ല ശ്രീ. പിണറായി വിജയൻ. ബ്രണ്ണൻ കോളേജിലെ വിദ്യാർത്ഥി നേതാവായിരുന്ന കാലം മുതൽ നിയമസഭാ സാമാജികനായിരിക്കെ അടിയന്തരാവസ്ഥയുടെ നാളുകളിൽ അദ്ദേഹത്തെ വകവരുത്തുന്നതിനുവേണ്ടി പോലീസിനെ ഉപയോഗിച്ചുനടത്തിയ കിരാത മർദ്ദനങ്ങൾപ്പെടെ അനുഭവിച്ചുകൊണ്ടു കടന്നുവന്ന ഒരു ജീവിതത്തിനുടമയാണ്. ആ പിണറായി വിജയൻ ഇതുപോലെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവനും ജീവിതവും നിലനിൽക്കുന്നത് ഈ സർക്കാർ സംരക്ഷിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ ആശയും പ്രതീക്ഷയും നിറവേറ്റിക്കൊണ്ടാണ് എന്നത് നിങ്ങൾ ഓർക്കണം. അദ്ദേഹത്തെ വകവരുത്താൻ സാധിക്കില്ലെന്ന് കണ്ടപ്പോൾ വ്യക്തിഹത്യയ്ക്കായല്ലേ പിന്നീട് ശ്രമിച്ചത്. വ്യക്തിഹത്യ നടത്താൻ എന്തൊക്കെ നിങ്ങൾ നടത്തി. ലാവ്‌ലിൻ കേസ് കൊണ്ടുവന്നു. ലാവ്‌ലിൻ ഇപ്പോൾ ഹൈക്കോടതിയും സി.ബി.ഐ. കോടതിയുമെല്ലാം പാടെ തള്ളിക്കളഞ്ഞു. നിങ്ങൾ ഇപ്പോഴും അതല്ലേ കൊണ്ടുനടക്കുന്നത്. യു.ഡി.എഫ്. കൺവീനർ പറഞ്ഞില്ലേ - രണ്ടാം ലാവ്‌ലിൻ. പറഞ്ഞോ കുഴപ്പമില്ല, പക്ഷേ, ഒന്നാം ലാവ്‌ലിനിന്റെ ഗതി എന്താണെന്ന് സ്വയം അറിയുന്നവർ എന്തിനാണിത്ര പരിഹാസ്യരാകുന്നത്. നിങ്ങൾ അന്ന് കമലാ ഇന്റർനാഷണലിനെക്കുറിച്ച് പറഞ്ഞു. കോടികളുടെ ബംഗ്ലാവിനെക്കുറിച്ച് പറഞ്ഞു. ടെക്നിക്കാലിയയെക്കുറിച്ച് പറഞ്ഞു. എന്തെല്ലാം കള്ളപ്രചരണങ്ങളാണ് നടത്തിയത്. നിങ്ങൾ ഉയർത്തിയ ഓരോ അഗ്നിപരീക്ഷണവും നേരിട്ട് അഗ്നിശുദ്ധി വരുത്തി തിളക്കമാർന്ന വ്യക്തിത്വത്തിന് ഉടമയായി മാറുകയായിരുന്നു അദ്ദേഹം. ഒരു മാധ്യമ മേധാവിയുടെയും മുമ്പിൽ മുട്ടുമടക്കിയിട്ടില്ല. നിങ്ങൾക്ക് പറയാൻ സാധിക്കുമോ? മാധ്യമ മേധാവികളോടൊ അതല്ലെങ്കിൽ തന്റെ രാഷ്ട്രീയ നിലപാടുകളോടൊ ഒരു വിട്ടുവീഴ്ചയും അദ്ദേഹം

ചെയ്തിട്ടില്ല. സാർവ്വദേശീയവും ദേശീയവുമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നേരിടുന്ന വലിയ പ്രതിസന്ധി ഘട്ടത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യെയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെയും കരുത്തോടുകൂടി മുന്നോട്ട് നയിക്കുന്നതിൽ അസൂയാവഹമായ നേതൃത്വപാടവം അദ്ദേഹം പ്രകടിപ്പിക്കുന്നതിൽ നിങ്ങൾക്ക് ചെറുതല്ലാത്ത വിഷമം ഉണ്ടാകുമെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതേയുള്ളൂ. ഒരു കാര്യം നിങ്ങൾ ഓർക്കണം. ശ്രീ. പിണറായി വിജയനെയും ഇടതുപക്ഷത്തെയും തകർക്കാൻ ശ്രമിക്കുന്നതിലൂടെ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും കോടാലിക്കയ്യായി നിങ്ങൾ മാറുക മാത്രമാണ് ചെയ്യുന്നത്. അതാണ് ദേശീയ രാഷ്ട്രീയത്തിൽ നിങ്ങൾ ചെയ്തുകൊണ്ടിരുന്നത്. ഇവിടെയും അതിന്റെ മറ്റൊരു പതിപ്പായി മാറും എന്നുമാത്രം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കട്ടെ.

ഒരു കാര്യം ഞാൻ ഇവിടെ വായിക്കുകയാണ്. "അൽപ്പം അസാധാരണമായ ഒരു മന്ത്രിമാറ്റമാണ് കേരള മന്ത്രിസഭയിൽ നടക്കുന്നത്. സ്റ്റേറ്റിൽ സ്വന്തം പാർട്ടിയുടെ നേതൃത്വം ഏറ്റെടുക്കേണ്ടി വരുന്നതുകൊണ്ടു മന്ത്രിസ്ഥാനം ഒഴിയേണ്ടിവരുന്നു, സി.പി.ഐ.(എം) കേരള സ്റ്റേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട വൈദ്യുതി, സഹകരണ വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയന്. ഇത്തരമൊരു സംഭവം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഇല്ലാത്തതുകൊണ്ടാണ് ഈ മാറ്റത്തെ അസാധാരണം എന്ന് വിശേഷിപ്പിച്ചത്. സി.പി.ഐ.(എം) നേതാവ് എന്ന നിലയിൽ വിജയൻ മുമ്പ് ഒട്ടും വിട്ടുവീഴ്ചയില്ലാത്ത കർക്കശക്കാരനായിരുന്നു. ആ സ്വഭാവം മന്ത്രിയെന്ന നിലയിലുള്ള പ്രവർത്തനത്തെ, കൂട്ടുപ്രവർത്തനത്തെ എങ്ങനെ സ്പർശിക്കുമെന്നും സംശയിച്ചവരുണ്ട്. അവരെ തികച്ചും നിരാശപ്പെടുത്തി കാര്യക്ഷമമായി തന്റെ വകുപ്പുകൾ കൈകാര്യം ചെയ്തു ഭരണാധികാരിയെന്ന നിലയിൽ. എതിരാളികളും പ്രശംസിച്ച പിണറായിയെ". ഈ വാക്ക് ആരുടേതാണെന്ന് നിങ്ങൾക്ക് നന്നായി മനസ്സിലാകും. കേരളത്തിൽ ഏറ്റവും പ്രചാരമുള്ള പത്രം, ബഹുമാന്യനായ കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രി, മുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്ത ചുമതലയിൽനിന്ന് ഒഴിഞ്ഞ് പാർട്ടി സെക്രട്ടറിയായി മാറുമ്പോൾ എഴുതിയ എഡിറ്റോറിയലാണ്. ആ പിണറായി വിജയനെക്കുറിച്ച് നിങ്ങൾ ഇന്ന് പറയുന്ന ഓരോ വാക്കും ആർക്ക് ചേരുന്നതാണെന്ന് ആലോചിക്കണം. നിങ്ങൾ അദ്ദേഹത്തെ ആക്ഷേപിച്ചുകൊണ്ട് പറയുന്ന ഓരോ വാക്കും നിങ്ങൾക്കുമാത്രം ചേരുന്നതാണ്. സമയത്തിന്റെ പരിമിതികൊണ്ട് ദീർഘമായി പറഞ്ഞു പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അഴിമതിയുടെ കറ പുരളാത്തവരായി ഒരാൾപോലും നിങ്ങളുടെ കൂടെയില്ല. ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവരുടെ കേസ് എന്താണെന്ന് പറയണമെങ്കിൽ സമയം കുറച്ചെടുക്കുമെന്നുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. കെ. എം. ഷാജി, ബസ്സിൽ സർവ്വരോഗസംഹാരി വിൽക്കുന്നവന്റെ പാടവത്തോടെ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. 25 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതിന്റെ കേസ് ഇപ്പോഴും നടക്കുകയല്ലേ; തീർന്നോ? താമരശ്ശേരിക്കാരൻ ബാബു സ്വർണ്ണക്കള്ളക്കടത്തുകാരനാണ്. അവന്റെ ആഡംബര കാർ വാങ്ങുമ്പോൾ, അത് റിലീസ് ചെയ്തുകൊടുക്കാൻ മുമ്പിൽ നിൽക്കുന്ന ചിത്രം സോഷ്യൽ മീഡിയയിൽ മുഴുവൻ പ്രചരിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ അനധികൃതമായി സ്വത്ത് സമ്പാദിച്ചതിന്റെ കേസ് ഒന്നിന് പുറകെ ഒന്നായി നടക്കുകയാണ്. വണ്ടിച്ചെക്ക് കേസ്സിലെ വീരൻ. ഞാൻ കൂടുതൽ പറയുന്നില്ല. ശ്രീ. എം. സ്വരാജ് പറഞ്ഞതുപോലെ, എല്ലാവരുടെയും പേരൊക്കെ പറഞ്ഞ് നമ്മൾ എന്തിനാണ് മോശമാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇനി സംസാരിക്കാൻ പോകുന്നതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വിജിലൻസ് എൻക്വയറി ട്രിബ്യൂണലിൽ ഒരു നിയമനം നടന്നു. ആ നിയമനം നടത്തിയത് എല്ലാവിധ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിയാണ്. ഇവിടെ ആ കാലഘട്ടത്തിലെ മുഴുവൻ രേഖകളുമുണ്ട്. ശ്രീ. ബി. പ്രേംനാഥ് എന്നുപറയുന്ന അർഹനല്ലാത്ത വ്യക്തിയെ നിയമിച്ചതിന്റെ ഗുണഭോക്താവ് അങ്ങയുടെ തൊട്ട് പുറകിൽത്തന്നെ ഇരിക്കുന്നുണ്ട്. അദ്ദേഹവും ഉറ്റുനോക്കുന്നുണ്ട്. ശ്രീ. ബി. പ്രേംനാഥിനെ വിജിലൻസ് ട്രിബ്യൂണലിലേയ്ക്ക് നിയോഗിച്ചുകൊണ്ട്, ആ ജുഡീഷ്യൽ അതോറിറ്റി ഏൽപ്പിച്ചു കൊടുത്തുകൊണ്ട്, ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ, എല്ലാ വിജിലൻസ് കേസ്സുകളും തള്ളിക്കളയാനുള്ള സാഹചര്യം ഒരുക്കിയതിന്റെ ഉത്തരവാദി നിങ്ങളാണ്, ഇന്നത്തെ പ്രതിപക്ഷ നേതാവാണ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്. നിങ്ങൾക്ക് ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കാൻ സാധിക്കുമോ? പ്രമേയാവതാരകനെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ലല്ലോ? ബഹുമാന്യനായ എം. സ്വരാജ് ഒരു കാര്യം ഇവിടെ പറഞ്ഞു. ബഹുമാന്യനായ പ്രമേയാവതാരകൻ ഇത്തരമൊരു കാര്യം കേട്ടാലുടൻതന്നെ പേഴ്സണൽ എക്സ്പ്ലനേഷനുവേണ്ടി ആവശ്യപ്പെടാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കൊടുത്തിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങനെ കൊടുത്തെങ്കിൽ, ഒരു കാര്യം കൂടി ചെയ്യണം. അതിന്റെ ബാക്കി സി.ഡി. കൂടി ഇവിടെ വയ്ക്കുന്നുണ്ട്. അതിനുള്ള അനുവാദം വാങ്ങിയിട്ടുണ്ട്. പറവൂർ നിയോജകമണ്ഡലത്തിൽ പുനർജനി പദ്ധതിക്കായി ബർമ്മിംഗ്ഹാമിൽ പോയി 500 ഡോളർ വീതം

വാങ്ങുന്നതിനുവേണ്ടി നടത്തിയ അഭ്യർത്ഥനയുടെ സി.ഡി. ആണ് വയ്ക്കാൻ പോകുന്നത്. ഇത് FERA (Foreign Exchange Regulation Act)-യുടെയും FEMA (Foreign Exchange Management Act)-യുടെയും അനുമതി വാങ്ങിയാണോ ചെയ്തതെന്ന് പറയണം. ഒറ്റ ടേമിൽ 81 തവണ വിദേശയാത്ര നടത്തിയത് എന്തിനാണെന്ന് നാട്ടുകാർ അറിയണം. ഇങ്ങനെ ഒന്നിനുപുറകെ ഒന്നൊന്നായി നൂറ് കാര്യങ്ങൾ. വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് സമുച്ചയത്തെക്കുറിച്ച് പറഞ്ഞു. ആ ഫ്ലാറ്റ് 82400 സ്ക്വയർ ഫീറ്റാണ്. 5260 സ്ക്വയർ ഫീറ്റാണ് ഹോസ്പിറ്റൽ. രണ്ടുംകൂടി ചേർന്നാൽ 87660 സ്ക്വയർ ഫീറ്റ്. 87,660 സ്ക്വയർ ഫീറ്റ് മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ് പണിയാൻ എത്ര രൂപ വേണം. ഒരു സ്ക്വയർ ഫീറ്റിന് രണ്ടായിരം രൂപ വച്ച് നിങ്ങൾ കൂട്ടി നോക്കുക. അത് നടക്കില്ലല്ലോ; 2500 രൂപയെങ്കിലും ഇല്ലെങ്കിൽ അത് തീരില്ല. 2000-2500 രൂപ വച്ച് കൂട്ടിയാലും ആ തുക അവിടെ ചെലവഴിക്കപ്പെടണം. ഇനി രണ്ടാമത്തെ കാര്യം, റെഡ് ക്രസന്റിനെക്കുറിച്ച് പ്രസംഗിച്ചപ്പോൾ അതിന്റെ മഹത്വം പറഞ്ഞല്ലോ; ആഫ്രിക്കയിൽ കാശ് കൊടുക്കുന്നതിനെപ്പറ്റി. ഞങ്ങൾ അംഗീകരിച്ചു. റെഡ് ക്രസന്റ് നൽകുന്ന സംഭാവന എങ്ങനെ നൽകണമെന്ന് അവരാണ് തീരുമാനിക്കുന്നത്. നമ്മൾ എം.ഒ.യു. തയ്യാറാക്കിയിട്ടുണ്ട്. ഒരു വയലേഷനുമില്ല. എം.ഒ.യു. പ്രകാരം പ്രോപ്പറായിട്ടാണ് റെഡ് ക്രസന്റ് കോൺസുലേറ്റുവഴി അത് എക്സിക്യൂട്ട് ചെയ്യുന്നതിന് നേതൃത്വം കൊടുത്തത്. ഇതുപോലെയാണോ കെട്ടിടം വേണ്ടത്; അത് ഇങ്ങനെ തന്നെയാണോ പണിയേണ്ടത്; ഏത് കാലയളവിനുള്ളിൽ പണിത് തീർക്കും? ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് നിർബന്ധപൂർവ്വം നടപ്പാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. അതല്ലാതെ ദാനം കിട്ടിയ പശുവിന്റെ വായിലെ പല്ല് എണ്ണിനോക്കിയിട്ടുവേണം അത് സ്വീകരിക്കാനെന്ന ന്യായംപറയുന്ന നിങ്ങൾ, ഒരു രൂപ ഈ നാടിനുവേണ്ടി സമ്പാദിച്ച് നൽകാൻ കൂട്ടുനിന്നോ; ഇല്ലല്ലോ.ഈ നാട്ടും ജനങ്ങളും അനുഭവിക്കുന്ന ദുരിതക്കയത്തിൽനിന്ന് അവരെ കരകയറ്റാനല്ല നിങ്ങൾ ശ്രമിച്ചത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അമ്പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനം കഴിഞ്ഞ നാലു വർഷംകൊണ്ട് നടപ്പാക്കി. ഭവനനിർമ്മാണം-വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലും സാംസ്കാരിക മേഖലയിലും മികച്ച പ്രവർത്തനം കാഴ്ചവച്ചു. 14 ജില്ലകളിലും സാംസ്കാരിക നായകന്മാർക്ക് സ്മാരക സമുച്ചയങ്ങൾ പണിതുകഴിഞ്ഞു. ലോകത്തെ വിവിധ രാജ്യങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള മുന്നൂറിലധികം കുട്ടികൾ പോയി പഠിച്ചു. 12,500-ഓളം കുട്ടികൾക്ക് വീടിനോടൊപ്പം പഠനമുറി നിർമ്മിച്ചു കൊടുത്തു. 4 മിഷനുകളിലൂടെ

ഈ നാടിന്റെ, ജനങ്ങളുടെ ദുരിതങ്ങളെല്ലാം ഏറ്റുവാങ്ങി, അത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് നിശ്ചയിച്ച് അതേറ്റെടുത്ത് നിർവ്വഹിക്കാൻ തയ്യാറായി പിണറായി വിജയൻ സർക്കാർ. അത് നിങ്ങൾ ഓർക്കണം. ആ സർക്കാരിന് എതിരായി നിങ്ങൾ ഉയർത്തുന്ന ഓരോ വാദഗതികളും പൊളിച്ചടുക്കാൻ ഞങ്ങളല്ല; ഈ നാട്ടും ജനങ്ങളുമുണ്ടാകും. അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളോട് ചോദിക്കും. ആ ചോദ്യത്തിന് മുമ്പിൽ മറുപടി പറയാൻ നിങ്ങൾക്കെന്നല്ല, ഒരു കുബുദ്ധിക്കും സാധ്യമാകില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയണം, ഒപ്പം നിൽക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആളുകൾ പറയണം. സ്വർണ്ണക്കള്ളക്കടത്ത് ഇന്നും നടന്നു, ഇന്നലെയും നടന്നു, എന്നും നടക്കുന്നു. ഏറ്റവും വലിയ ഗുണഭോക്താക്കളാണ് നിങ്ങൾ. ആ ആവശ്യം യഥാർത്ഥത്തിൽ രാജ്യദ്രോഹക്കുറ്റമാണ്. ഈ സ്വർണ്ണക്കള്ളക്കടത്തിലെ യഥാർത്ഥ കുറ്റവാളികൾ പിടിക്കപ്പെടാതെ ഇവിടെ പ്രമേയാവതാരകൻ പറഞ്ഞതുപോലെ, ഇതിന് പിറകിലുള്ള മാഫിയാ ബന്ധത്തിലേയ്ക്ക് അന്വേഷണം എത്താതിരിക്കുന്നതിന് സർക്കാരിനെ പ്രതിക്കൂട്ടിൽ കയറ്റാൻ നിങ്ങൾ ശ്രമിക്കുന്നു. എങ്കിൽ പ്രതിക്കൂട്ടിൽ കയറേണ്ടത്, വിമാനത്താവളംകൂടി വിറ്റുതുലയ്ക്കുന്ന കേന്ദ്ര സർക്കാരാണ്. കസ്റ്റംസിനെയും ഇ.ഡി.-യെയും എല്ലാ അന്വേഷണ ഏജൻസികളെയും നിഷ്പ്രഭമാക്കി ഇപ്പോൾ വിമാനത്താവളവുംകൂടി വിറ്റുതുലയ്ക്കുമ്പോൾ എന്താകും ഈ നാടിന്റെ അവസ്ഥയെന്ന് നിങ്ങൾ പരിശോധിക്കണം. എന്നിട്ട് അതിന്റെ മുമ്പിൽ ഇപ്പോൾ യോജിച്ച് അംഗീകരിച്ച പ്രമേയം, ഭാവിയിൽ അതിനുവേണ്ടി ഒരുമിച്ച് പോരാടാൻ നിങ്ങൾ തയ്യാറാകുക. ഈ പ്രമേയം നിങ്ങൾ പിൻവലിക്കുക. ഒറ്റക്കെട്ടായി റീ-ബിൽഡ് കേരള എന്ന് പറഞ്ഞത് അക്ഷരാർത്ഥത്തിൽ ഈ കേരളത്തെ പുനഃസൃഷ്ടിക്കുക തന്നെ ആയിരിക്കും. ആ പുനഃസൃഷ്ടിക്കുവേണ്ടി നമുക്ക് ഒരുമിച്ച് നിൽക്കാൻ സാധിക്കണമെന്ന് ഒരിക്കൽ കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് അനുമതി ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഉന്നയിക്കാം.

## XII വ്യക്തിപരമായ വിശദീകരണം

### ശ്രീ. വി. ഡി സതീശൻ എം.എൽ.എ.യ്ക്കെതിരായ ആരോപണം

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇവിടെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. നേരത്തെ ശ്രീമതി വീണാ ജോർജ്ജും ശ്രീ. എം. സ്വരാജും എന്റെ പ്രസംഗം വളരെ മോശമായി പോയെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെ വിഷമിച്ചിരിക്കുകയായിരുന്നു. കാരണം, അവരെ രണ്ടുപേരെയുമാണ് എന്റെ

പ്രസംഗം മാർക്കിടാൻവേണ്ടി ഏൽപ്പിച്ചത്. അതിനുശേഷം ശ്രീ. എം. സ്വരാജും ശ്രീ. ജെയിംസ് മാത്യുവും പ്രമേയാവതാരകന് എതിരായിത്തന്നെ ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ എനിക്ക് മനസ്സിലായി എന്റെ പ്രസംഗം അത്ര മോശമായിരുന്നില്ല, കുറച്ചുകൂടി നന്നായിട്ടുണ്ടെന്ന്. കാരണം, കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ച ഒരു പ്രമേയാവതാരകന് എതിരായി ആരോപണം ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട ജെയിംസ് മാത്യു ഒരു സി.ഡി. വച്ചു. അത് ഞാൻ ഫെയ്സ് ബുക്കിൽ ഇട്ട സി.ഡി. ആണ്. UK-യിലെ Birmingham-ൽ climate resilience-നെ സംബന്ധിച്ച ഒരു വലിയ സെമിനാറിൽ സംസാരിക്കാനായി എന്നെ ഗസ്റ്റായി ക്ഷണിച്ചിരുന്നു. ഞാൻ അവിടെ നടത്തിയ പ്രസംഗത്തിന്റെ സി.ഡി. സംബന്ധിച്ചാണ് അദ്ദേഹം പറയുന്നത്. അത് ഞാൻ എന്റെ ഫെയ്സ് ബുക്ക് പോസ്റ്റിലിട്ടിരുന്നതാണ്. യുണൈറ്റഡ് നേഷൻസ് ഉൾപ്പെടെ ധാരാളം സ്ഥലങ്ങളിൽ പോയി സംസാരിച്ചിട്ടുണ്ട്. ഞാൻ വിദേശ രാജ്യത്ത് പോയി ഒരിടത്തും എന്റെ പുനർജനി പദ്ധതിക്കുവേണ്ടി ഒരു രൂപപോലും പിരിച്ചിട്ടില്ല. ഒരു വീടും നിർമ്മിച്ചിട്ടില്ല. ഞങ്ങൾ 200-ഓളം വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ 37 വീടുകൾ വിദേശ മലയാളികളാണ് നൽകിയത്. ഡോ. ആസാദ് മൂപ്പൻ എനിക്ക് 25 വീടുകൾ തന്നു. ബഹുമാനപ്പെട്ട സ്പീക്കർ പങ്കെടുത്ത പരിപാടിയിൽ വച്ചാണ് അദ്ദേഹം അത് പ്രഖ്യാപിച്ചത്. ശ്രീ. ഗൾഫാർ മുഹമ്മദാലി എനിക്ക് അഞ്ച് വീടുകൾ നൽകിയിട്ടുണ്ട്. 5 വീടുകൾകൂടി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഒ.ഐ.സി.സി.-യുടെ അയർലന്റിലെ കമ്മിറ്റി വീട് പണിത് നൽകിയിട്ടുണ്ട്. 37 വീടുകൾ അവർതന്നെ നിർമ്മിച്ച് ഞാൻ നൽകിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ട്. ഞാൻ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആദ്യംമുതൽ അവസാനം വരെ നോക്കിനിന്നു. നല്ല മനോഹരമായി വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഡോ. ആസാദ് മൂപ്പൻ നൽകിയ വീടിന്റെ താക്കോൽദാനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ....(ബഹളം).....

ഞാൻ സംസാരിക്കുമ്പോൾ ശ്രീ. ജെയിംസ് മാത്യു ബഹളമുണ്ടാക്കുന്നത് എന്തിനാണ്? ഞാൻ എം.എൽ.എ. ആയിരുന്ന ഒരു തവണ 81 പ്രാവശ്യം വിദേശയാത്ര നടത്തിയെന്ന് ഇവിടെ പറഞ്ഞു. എന്തെങ്കിലും ആരെങ്കിലും എഴുതിത്തന്നിട്ട് ശ്രീ. ജെയിംസ് മാത്യുവിനെപോലെ ഒരംഗം മറ്റൊരു എം.എൽ.എ.യ്ക്ക് എതിരെ ഉത്തരവാദിത്വമില്ലാതെ ആരോപണം ഉന്നയിക്കുകയാണ്. എന്റെ ജീവിതകാലം മുഴുവൻ നോക്കിയാലും ഇതിന്റെ പകുതി വിദേശയാത്രപോലും നടത്തിയിട്ടില്ല. എന്റെ എല്ലാ പാസ്പോർട്ടും ബഹുമാനപ്പെട്ട അംഗത്തെ ഏൽപ്പിക്കാം. പുനർജനി പദ്ധതി, എഫ്.സി.ആർ.എ. അക്കൗണ്ട് തുടങ്ങിയവ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്നതുസംബന്ധിച്ച് അറിഞ്ഞുകൂടെങ്കിൽ

ഞാൻ പറഞ്ഞുതരാം. എഫ്.സി.ആർ.എ. അക്കൗണ്ട് എന്താണെന്നുള്ളത് ഞാൻ കാണിച്ചുതരാം. നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ എന്റെ പുനർജനി പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം നടത്തിക്കോട്ടെ. കേരളത്തിൽ റീ-ബിൽഡ് പ്രവർത്തനം ഒരു നിയോജക മണ്ഡലത്തിൽ എങ്ങനെയാണ് നടത്തുന്നതെന്നത് സംബന്ധിച്ച് നല്ലൊരു റിപ്പോർട്ട് വിജിലൻസ് ഡിപ്പാർട്ടുമെന്റ് അങ്ങേയ്ക്ക് എഴുതിത്തരും. അക്കാര്യത്തിൽ എനിക്ക് ആത്മവിശ്വാസമുണ്ട്. വെറുതെ ഇങ്ങനെ പച്ചക്കള്ളം ആവശ്യമില്ലാതെ പറഞ്ഞുനടക്കല്ലേ. .....(ബഹളം)..... You please sit down. I am on my legs. Who are you? You sit down. I am on my legs, let me complete, let me conclude. You sit down. You don't have any rights. Why are you standing there? Let me complete. What is this?

<u>മി. സ്പീക്കർ</u>: അങ്ങ് അങ്ങോട്ട് ചോദിക്കണ്ട. You please finish. ശ്രീ. വി. ഡി. സതീശൻ അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ. അങ്ങ് വിശദീകരിച്ചു കഴിഞ്ഞല്ലോ.

<u>Shri V. D. Satheesan</u>: Sir, let me complete my last sentence. അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ എനിക്ക് തന്നത് ഒരു പൊളിറ്റിക്കൽ അസൈൻമെന്റാണ്. എന്റെ പാർട്ടി എനിക്ക് തന്ന പൊളിറ്റിക്കൽ അസൈൻമെന്റാണ്. അതിന്റെ പേരിൽ ആരോപണം ഉന്നയിച്ച് പിൻവലിപ്പിക്കാമെന്ന് കരുതിയാൽ അത് കയ്യിൽ വച്ചാൽ മതി.

4.00 PM]

**അവിശ്വാസപ്രമേയ ചർച്ച (തുടർച്ച)**

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ശ്രീ. എസ്. ശർമ്മ മുതൽ ശ്രീ. ജെയിംസ് മാത്യു വരെയുള്ളവരുടെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. കേരളത്തിലെ മുഖ്യമന്ത്രിക്ക് മംഗളപത്രമെഴുതുന്ന ജോലി മാത്രമാണ് അപ്പുറത്തുനിന്ന് നിർവ്വഹിച്ചതെന്ന് പറയാതിരിക്കാനാവില്ല. നിങ്ങളുടെ വാദമുഖങ്ങളൊക്കെ നനഞ്ഞ പടക്കംപോലെയായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നാലര വർഷത്തെ ഇടതുമുന്നണി ഭരണത്തെ ശരിയായ അർത്ഥത്തിൽ വിലയിരുത്താനും കീറിമുറിച്ച് പരിശോധിക്കാനും പ്രതിപക്ഷത്തിന് കഴിഞ്ഞുവെന്നതിൽ ഞാൻ ആത്മാഭിമാനം കൊള്ളുകയാണ്. ഈ അവിശ്വാസ പ്രമേയം പരാജയപ്പെടുമെന്നും സാങ്കേതികമായി നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടെന്നും അംഗബലം കൂടുതലുണ്ടെന്നും ഞങ്ങൾക്കറിയാം. പക്ഷേ, കേരളത്തിലെ മൂന്നരക്കോടി വരുന്ന ജനങ്ങൾ

ശ്രീ. പിണറായി വിജയനിൽ അവിശ്വാസം രേഖപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്; ഈ നാട്ടിലെ ജനങ്ങൾ നിങ്ങൾക്കെതിരായി അവിശ്വാസം പാസ്സാക്കിയിരിക്കുകയാണ്. പറഞ്ഞതൊന്നും പ്രാവർത്തികമാക്കാത്ത, ജനങ്ങളുടെ വിശ്വാസം തകർത്ത, അഴിമതിക്കാർക്കും കൊള്ളക്കാർക്കും കുടപിടിക്കുന്ന ഈ ഗവൺമെന്റിനെതിരെയുള്ള അതിശക്തമായ ജനവികാരം വരുംനാളുകളിലെ തെരഞ്ഞെടുപ്പുകളിൽ പ്രതിഫലിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 2016 മേയ് 15-നാണ് പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഇത് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഭരണമല്ല, ഇതൊരു കൊള്ളസംഘത്തിന്റെ ഭരണമാണ്. മന്ത്രിമാർ കൊടിവച്ച കാറിൽ പറക്കുന്നുണ്ട്. പക്ഷേ, മന്ത്രിമാരാരും ഇക്കാര്യങ്ങളൊന്നും അറിയുന്നില്ല. മന്ത്രിമാരുടെ അധികാരമെന്താണെന്ന് അവർ അറിയുന്നില്ല. യഥാർത്ഥ മന്ത്രിമാർ എം. ശിവശങ്കറും സ്വപ്ന സുരേഷും മറ്റുചില ഉദ്യോഗസ്ഥരും മാത്രമാണ്. ഏതെങ്കിലുമൊരു കാര്യം മന്ത്രിമാരോ മന്ത്രിസഭയോ ഇടതുമുന്നണിയോ അറിയുന്നുണ്ടോ? ഇടതുമുന്നണി യോഗം ചേർന്നിട്ട് എത്രനാളായെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? എന്തുകൊണ്ട് നിങ്ങൾ യോഗം കൂടുന്നില്ല. ഇടതുമുന്നണി പേരിനുവേണ്ടി യോഗം കൂടിയെന്ന് ആരോ പറയുന്നത് കേട്ടു. ഇടതുമുന്നണി യോഗത്തിൽ ആരെങ്കിലും അനുകൂലമായി പിന്തുണ പ്രഖ്യാപിച്ചോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഘടകകക്ഷി രണ്ട് വിപ്പ് തന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, യു.ഡി.എഫ്.-ന്റെ പേരിൽ ജയിച്ചുവന്ന രണ്ട് എം.എൽ.എ.മാർ ഈ സഭയിലില്ല. അത് ഈ ചരിത്രത്തോടും ജനാധിപത്യ വിശ്വാസികളോടും ചെയ്യുന്ന കടുത്ത അനീതിയാണെന്ന കാര്യത്തിൽ തർക്കവുമില്ല. അതെല്ലാം ജനങ്ങൾ വിലയിരുത്തും. പണ്ടൊക്കെയുള്ള ആരോപണം എൽ.ഡി.എഫിന്റെ ഭരണം എ.കെ.ജി. സെന്ററിലാണെന്നായിരുന്നു, പാർട്ടിയാണ് ഭരിക്കുന്നത്. ഇന്ന് പാർട്ടി സെക്രട്ടറിയെ നോക്കുകുത്തിയാക്കി ഭരണം നടത്തുന്നത് ഒരേയൊരു വ്യക്തിയായി മാറുന്നു. Power corrupts absolutely. എല്ലാം മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഉപജാപക സംഘങ്ങളും മാത്രം. മുഖ്യമന്ത്രി കല്പിക്കുന്നു, കാര്യങ്ങൾ നടക്കുന്നു; ചോദ്യമില്ല; ചർച്ചയില്ല; ഡിബേറ്റില്ല; തിരുവായ്ക്ക് എതിർവായില്ല. ഇതെന്ത് ഭരണമാണ്; ഇതെന്ത് ജനാധിപത്യമാണ്? കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടൊരു ഗവൺമെന്റ്, രാജഭരണമാണോ? ഇതിൽ ജനങ്ങൾ മടുത്തിരിക്കുന്നു. വെൺചാമരവും ആലവട്ടവുമായി ശ്രീ. എം. സ്വരാജ്

ഇവിടെ കാര്യങ്ങൾ പറഞ്ഞു. നിങ്ങൾ പുകഴ്ത്തുന്ന ശ്രീ. പിണറായി വിജയനെ ജനങ്ങൾ എങ്ങനെ റേറ്റ് ചെയ്യുന്നുവെന്ന് നാളെകളിൽ നമുക്ക് മനസ്സിലാകും. എന്റെ റേറ്റിംഗ് കുറഞ്ഞു. ഏതായാലും ഏഷ്യാനെറ്റിനെക്കുറിച്ച് നല്ലവാക്ക് പറഞ്ഞല്ലോ. ഇപ്പോൾ ബഹിഷ്കരിക്കുകയുമാണല്ലോ. എന്നെക്കുറിച്ച് നല്ലവാക്ക് പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഒരുകാര്യം എനിക്ക് പറയാനുണ്ട്, ഇത് ജനങ്ങൾ പൊറുക്കില്ല. പ്രതിപക്ഷനേതാവ് ഉണ്ടയില്ലാവെടിയാണ് വയ്ക്കുന്നതെന്ന് ഇവിടെ പലയാളുകളും സൂചിപ്പിച്ചു. പ്രതിപക്ഷനേതാവ് അനാവശ്യമായി ആരോപണങ്ങൾ ഉന്നയിക്കുന്നു. രേഖകളുടെ പിൻബലമില്ലാതെ ഞാൻ ഏതെങ്കിലും ആരോപണം ഉന്നയിച്ചിട്ടുണ്ടോ? ഇവിടെ സ്പ്രിംഗ്ളർ അഴിമതിയും വെബ്കോ അഴിമതിയും പമ്പയിലെ മണൽകടത്ത് കൊള്ളയും കൊണ്ടുവന്നു. ഞാനിവിടെ ബ്രൂവറി ഡിസ്റ്റലറി അഴിമതി കൊണ്ടുവന്നു. പിൻവലിച്ചുപോയില്ലേ? മാർക്കുദാനത്തിൽ ഡോ. കെ. ടി. ജലീലിന്റെ ചെവിക്ക് പിടിക്കാൻ ബഹുമാനപ്പെട്ട ഗവർണർ വന്നില്ലേ; തിരുത്തിയില്ലേ?

ഇവിടെ ഇ-ബസ്സിന്റെ കാര്യം പറഞ്ഞു. ഞാൻ ഉന്നയിച്ച ഏത് ആരോപണമാണ് ഉണ്ടയില്ലാവെടിയായത്. ഞാൻ ഉന്നയിച്ച എല്ലാ ആരോപണങ്ങളും ഇന്ന് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുകയാണ്. നിങ്ങളെന്നെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തു. പക്ഷേ, കേരളം നാളെ ശ്രീ. പിണറായി വിജയന്റെ ഭരണം അഴിമതി ഭരണമാണെന്ന് വിലയിരുത്തുമെന്ന കാര്യത്തിൽ തർക്കം വേണ്ട. കൊവിഡ്-19-ന്റെ മറവിൽ നടക്കുന്ന അഴിമതികൾ. സ്പ്രിംഗ്ളറിന്റെ കാര്യത്തിൽ പോളിറ്റ് ബ്യൂറോയുടെ നിലപാടെന്താണ്; പാർട്ടി സെക്രട്ടറി സ്വീകരിച്ച നിലപാടെന്താണ്; സി.പി.ഐ.യുടെയും ശ്രീ. കാനം രാജേന്ദ്രന്റെയും നിലപാടെന്താണ്; എം. ശിവശങ്കറിനെ ഉടനടി പുറത്താക്കണമെന്ന് കത്ത് കൊടുത്തു. എം.എൻ. സ്മാരകത്തിൽ ചെന്ന എം. ശിവശങ്കറിനെ ശ്രീ. കാനം രാജേന്ദ്രൻ ആട്ടിപ്പുറത്താക്കി. എന്നിട്ടും നിങ്ങളത് മാനിച്ചില്ല. ഞാൻ ഇക്കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? സത്യസന്ധരായ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെ കെടുത്താൻ പ്രതിപക്ഷനേതാവ് നോക്കുന്നുവെന്നാണ്. ഇപ്പോൾ അങ്ങ് എന്ത് പറയുന്നു. സത്യസന്ധനായ ഉദ്യോഗസ്ഥനാണോ എം. ശിവശങ്കർ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൂർണ്ണമായും സംരക്ഷിച്ചു. ഒരു കരാർപോലുമില്ലാത്ത ഇടപാട്. ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ക്യാബിനറ്റും അറിഞ്ഞില്ല. എൽ.ഡി.എഫ്. അറിഞ്ഞില്ല. പാർട്ടിയുടെ പ്രഖ്യാപിതമായ നയങ്ങളെപ്പോലും കാറ്റിൽ പറത്തി ഒരു അമേരിക്കൻ മുതലാളിക്ക് കേരളത്തിലെ

ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ കൊടുക്കുകയാണ് ചെയ്തത്. അവർക്ക് വിറ്റുകാശാക്കാൻ വേണ്ടിയായിരുന്നു. റിട്ടയർ ചെയ്യുന്നതിനുമുമ്പ് ഒരു കോടി ഇരുപത് ലക്ഷം രൂപ മുടക്കി വാങ്ങിയ ഹെലികോപ്റ്റർ പമ്പാ മണൽപ്പുറത്ത് കിടപ്പുണ്ട്. അതെടുത്തുകൊണ്ട് ചീഫ് സെക്രട്ടറിയും ഡി.ജി.പി.യും പോയത് എന്തിനാണ്? മണൽക്കടത്തിനു വേണ്ടിയായിരുന്നു. ആ മണൽക്കടത്തിന്റെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രീ, കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റാണോ? ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞു ഈ മണൽ എടുക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഈ മണൽ എടുക്കും. അവസാനം വനം വകുപ്പുമന്ത്രി പറഞ്ഞിടത്ത് കാര്യങ്ങൾ എത്തിയില്ലേ; ഇതാണോ സർക്കാരിന്റെ കൂട്ടുത്തരവാദിത്വം? മദ്യമുതലാളിമാർക്കുവേണ്ടി ബിവറേജസ് കോർപറേഷനെന്ന പൊൻമുട്ടയിടുന്ന താറാവിനെ നിങ്ങൾ കൊല്ലുന്നു. ഇതാണോ ഭരണം? മൂവായിരം ബസ്സുകൾ ആറായിരം കോടി രൂപയ്ക്ക് വാങ്ങാൻ നിങ്ങൾ ശ്രമിച്ചതിന് ഹെസ്സ് (HESS) എന്ന സ്വിറ്റ്സർലന്റ് കമ്പനിക്ക് കരാർ കൊടുത്തു. എന്നിട്ട് പ്രശ്നമുണ്ടായപ്പോൾ പി.ഡബ്ല്യൂ.സി.യെ നിങ്ങൾ കൺസൾട്ടന്റായി നിയമിച്ചു. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അറിഞ്ഞോ? അദ്ദേഹം കോഴിക്കോട്ടുവച്ച് പറഞ്ഞു ഞാനറിഞ്ഞില്ല. ഈ ഫയൽ ആരംഭിച്ചത്, ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞതുപോലെ ഐ.ടി. ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ്. പ്രതിപക്ഷം ഇക്കാര്യം ഉന്നയിക്കാതിരുന്നുവെങ്കിൽ പി.ഡബ്ല്യൂ.സി.യുടെ ബോർഡ് സെക്രട്ടേറിയറ്റിൽ തൂങ്ങുമായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ഭരണത്തിൽ അധോലോകം പ്രവർത്തിക്കുന്നു; പ്രോജക്ടുകൾ തയ്യാറെടുക്കുന്നു; വെട്ടിപ്പിനുള്ള വഴികൾ തേടുന്നു; കൺസൾട്ടൻസികളെ വയ്ക്കുന്നു; മീറ്റിംഗുകളും കരാർ നിയമനങ്ങളും നടത്തുന്നു; ഖജനാവ് കൊള്ളയടിക്കുന്നു. കൺസൾട്ടൻസിരാജല്ലേ നടക്കുന്നത്. പ്രൈസ്‌വാട്ടർഹൗസ് കൂപ്പർ, ഏർണസ്റ്റ് ആൻഡ് യംഗ്, കെ.പി.എം.ജി. എന്നീ അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന കുത്തക കമ്പനികളെ നിങ്ങൾ ക്ഷണിച്ചുകൊണ്ടുവരുന്നു. ശ്രീ. എ. കെ. ബാലൻ പറഞ്ഞു, ഒരു കൺസൾട്ടൻസിയേയും മാറ്റില്ലെന്ന്. നിങ്ങൾക്ക് മാറ്റാൻ കഴിയില്ല. കാരണം, കമ്മീഷൻ കൈപ്പറ്റുന്നവർക്ക് എങ്ങനെയാണ് ഇവരെ മാറ്റാൻ കഴിയുന്നത്? ഞാൻ കൺസൾട്ടൻസിക്ക് എതിരല്ല. നമുക്ക് വിദഗ്ദ്ധോപദേശം വേണ്ടിടത്ത് തേടേണ്ടിവരും. സാങ്കേതിക പരിജ്ഞാന മില്ലാത്തിടത്തും വേണ്ടിവരും. ഇതിനേക്കാൾ നല്ല നിലയിലുള്ള സർക്കാർ ഏജൻസികൾ ഇവിടെയുണ്ട്. പി.ഡബ്ല്യൂ.ഡി.-യിലും മറ്റ് വകുപ്പുകളിലുമുണ്ട്. നിങ്ങൾ നടപടിക്രമങ്ങൾ പാലിച്ചില്ല. ഗ്ലോബൽ ടെണ്ടർ നടത്തിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ഉപജാപക സംഘത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസ് ആജ്ഞാപിക്കുന്നു, നിങ്ങൾ നടപ്പാക്കുന്നു.

ഞാനൊരു ആരോപണം എഴുതി ഇവിടെ ഉന്നയിച്ചിട്ടുണ്ട്. കൊവിഡ്-19-ന്റെ മറവിൽ ഈ സർക്കാർ നടത്തിയ കൊള്ളയും അഴിമതിയുമാണ് ഞാൻ ഉന്നയിക്കുന്നത്. നാഷണൽ ഹൈവേയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ഒരു ഉത്തരവാദിത്വവുമില്ല. അദ്ദേഹത്തിനെതിരെ അഴിമതി ആരോപിക്കുന്നുമില്ല. കേരളത്തിലുള്ള നാഷണൽ ഹൈവെ സ്റ്റേറ്റ് ഹൈവേകളോട് ചേർന്ന് കിടക്കുന്ന കണ്ണായ 14 സ്ഥലങ്ങളിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുസ്വത്ത് സ്വകാര്യ കുത്തകകൾക്ക് തീറെഴുതുന്നതിനു വേണ്ടിയുള്ളതാണ് പൊതുമരാമത്ത് വകുപ്പിന്റെ 23-7-2020-ലെ GO. No.5620/20 പി.ഡബ്ല്യു.ഡി. ആ ഫയൽ എന്റെ കയ്യിലുണ്ട് (ഫയൽ ഉയർത്തിക്കാട്ടി). ഞാൻ ഇത് വെറുതെ ഉയർത്തിക്കാണിക്കുന്നതല്ല. അദ്ദേഹത്തിന് ആവശ്യമെങ്കിൽ കൈമാറുന്നതാണ്. ഈ അന്തർനാടകങ്ങൾ കേരള നിയമസഭയും പൊതു സമൂഹവും വിലയിരുത്തണം. ഒരേക്കറിലധികം സ്ഥലം വീതം പതിനാല് സ്ഥലങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ടെണ്ടർ വിളിക്കുന്നതിന് ഈ ഉത്തരവിലൂടെ അനുമതി നൽകി. 28-12-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടാണോ പൊതുമരാമത്ത് വകുപ്പ് ക്രമവിരുദ്ധമായി ഈ ഉത്തരവിറക്കിയത്? ഏറ്റവും ഗുരുതരമായ കാര്യം പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കത്ത് ഈ ഫയലിലുണ്ട്. ഞങ്ങൾ ഏറ്റെടുക്കാമെന്ന് അവർ അറിയിച്ചിരുന്നു. അദാനിയെ സഹായിക്കുന്നതുപോലെ മിനി അദാനിമാരെ സഹായിക്കാൻ വേണ്ടി ഇത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചു. പൊതുമേഖലാ സ്ഥാപനം ആവശ്യപ്പെട്ടിട്ട് കൊടുത്തില്ല. അതിനേക്കാൾ രസകരമായ കാര്യം മാർക്കറ്റ് വിലയുടെ അഞ്ച് ശതമാനം പാട്ടത്തുകയായി നൽകാമെന്ന് ഐ.ഒ.സി. പറഞ്ഞപ്പോൾ അത് വേണ്ടായെന്ന് നിങ്ങൾ തീരുമാനിച്ചു. വാല്യുവിന്റെ അഞ്ച് ശതമാനം ഈടാക്കി സ്വകാര്യ വ്യക്തിക്ക് പാട്ടത്തിന് സ്ഥലം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഉത്തരവിട്ടത്. ആ കത്തും എന്റെ കയ്യിലുണ്ട്. പാവം ശ്രീ. ജി. സുധാകരൻ ഒരു ഒപ്പുമാത്രമാണിട്ടത്; ഒരു കമന്റും അദ്ദേഹം പറഞ്ഞിട്ടില്ല. Para 13 may be accepted എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അതിനകത്താണ് ഈ ഉത്തരവ്. പൊതുമേഖലാ സ്ഥാപനം ക്വാട്ട് ചെയ്ത തുകയുടെ പകുതി നിരക്കിലാണ് സ്വകാര്യ വ്യക്തികൾക്ക് സ്ഥലം പാട്ടത്തിന് നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. അങ്ങ് ഇടപെട്ടു, അത് തിരുത്തി മാർക്കറ്റ് വിലയുടെ അഞ്ച് ശതമാനമാക്കുകയാണുണ്ടായത്. മാർക്കറ്റ് വില കൂടുതലും സാധാരണ പ്രമാണത്തിൽ കാണിക്കുന്ന തുക കുറവുമാണ്. ആർക്കാണ് നഷ്ടം?

ഇവിടെ കൂട്ടുത്തരവാദിത്വമുണ്ടെന്ന് പറയുന്നു. എന്റെ കയ്യിലുള്ള ഈ കത്ത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടേതാണ്. റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് ഈ സർക്കാരിന്റെ ക്യാബിനറ്റ് അംഗീകരിച്ച് പാസ്സാക്കിയ ഉത്തരവിന്റെ (ജി.ഒ.നമ്പർ (എം.എസ്.) 116/2019/റവന്യൂ.) പ്രസക്ത ഭാഗങ്ങൾ, മാത്രം ഞാൻ വായിക്കാം. "കേരളത്തിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്." ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എഴുതിയ കാര്യമാണ്. തുച്ഛമായ വിലയ്ക്ക് സ്വകാര്യ വ്യക്തികൾക്ക് പൊതുമേഖലാ സ്ഥാപനത്തെ മറികടന്നുകൊണ്ട് കൊടുക്കേണ്ടി വന്നപ്പോൾ, പൊതുമരാമത്ത് വകുപ്പിന്റെ ഫയൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പാണെന്ന റവന്യൂ വകുപ്പുമന്ത്രിയുടെ കുറിപ്പ് എന്റെ കയ്യിലുണ്ട്. ഈ കുറിപ്പിന് പുല്ലുവില കൽപ്പിച്ചാണ് മേൽപ്പറഞ്ഞ ഉത്തരവ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിപോലും അറിയാതെ പൊതുമരാമത്തുവകുപ്പ് സെക്രട്ടറി പുറപ്പെടുവിച്ചത്. എനിക്കറിയേണ്ടത് റവന്യൂ വകുപ്പുമന്ത്രിയുടെ കുറിപ്പിനെ ധിക്കരിച്ച് ആ ഉത്തരവ് പുറപ്പെടുവിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് ആരാണ് അധികാരം നൽകിയത് എന്നാണ്. റവന്യൂ വകുപ്പുമന്ത്രിയുടെ കുറിപ്പ് ക്യാബിനറ്റിൽ വച്ച് ഓവർ റൂൾ ചെയ്തോ? ആയിരം കോവിഡ് രോഗികൾ കേരളത്തിൽ ആദ്യമായി റിപ്പോർട്ട് ചെയ്ത ദിവസംതന്നെ ഇത്തരത്തിലൊരു ഉത്തരവ് ധൃതിപിടിച്ചിറക്കിയത് എന്തിനാണ്? സ്വന്തം വകുപ്പിൽ പുറപ്പെടുവിക്കേണ്ട ഉത്തരവ് മറ്റ് വകുപ്പുകൾ പുറപ്പെടുവിച്ചപ്പോൾ നിർവികാരനായി നോക്കിനിന്ന ശ്രീ. ഇ. ചന്ദ്രശേഖരാ, ഞാൻ നിങ്ങളെയോർത്ത് പരിതപിക്കുകയാണ്. എം. എൻ. ഗോവിന്ദൻ നായരും റ്റി. വി. തോമസും ഇരുന്ന കസേരയിലാണ് അങ്ങിരിക്കുന്നത്. അങ്ങ് കുറിപ്പ് കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കല്ല റവന്യൂ വകുപ്പ് സെക്രട്ടറിക്കാണ്. സ്വന്തം വകുപ്പു സെക്രട്ടറിക്ക് കുറിപ്പ് കൊടുക്കേണ്ട വിചിത്രമായ നടപടിയാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ 27-7-2017-ലെ 138 എൻ.എം.റവന്യൂ/2020 കുറിപ്പ് നമ്പർ ഞാൻ വായിക്കാം. ജി.ഒ. നമ്പർ അനുസരിച്ച് റവന്യൂ വകുപ്പ് നിബന്ധനകൾക്ക് വിധേയമായി way side amenities-ന് ഭൂമി അനുവദിക്കുന്നത് സമ്മതിച്ചുള്ള രേഖപ്പെടുത്തൽ വസ്തുതാപരമല്ല. റവന്യൂ വകുപ്പ് അറിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഭൂമിയുടെ ലീസ് നൽകുന്നതിനുമുമ്പ് നാഷണൽ ഹൈവേ അതോറിറ്റിയുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെയും മറ്റ് വകുപ്പുകളുടെയും അനുമതി വാങ്ങണം. ബിസിനസ് റൂളുകൾ മുഴുവൻ തെറ്റിച്ചുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി

ഈ ഉത്തരവിറക്കിയത്. നടപടിക്രമങ്ങൾ പാലിച്ച് മന്ത്രിസഭാ തലത്തിലുള്ള അനുമതികൂടി വാങ്ങിയതിനുശേഷം ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ എഴുതിയത്. നിങ്ങളുടെ വകുപ്പ് കയ്യേറി മറ്റൊരു ഉത്തരവിറക്കിയിട്ടും മിണ്ടുന്നില്ല. ഇതാണോ ഈ സർക്കാരിന്റെ കൂട്ടുത്തരവാദിത്വം? പരസ്പര വിശ്വാസം നഷ്ടപ്പെട്ട മന്ത്രിമാർ. ഈ നിലയിൽ 50 മാസമായി ഇല്ലാതിരുന്ന തിടുക്കം കാണിച്ചത് കോടികളുടെ അഴിമതിയാണെന്ന് ഞാൻ ആവർത്തിക്കുന്നു. കോടികളുടെ അഴിമതികൾ നടത്താനുള്ള ഉദ്ദേശ്യത്തോടെയാണ് പൊതുമരാമത്ത് വകുപ്പുമന്ത്രിപോലും അറിയാതെ ഈ ഉത്തരവിറക്കിയത്.

ശ്രീ. ജി. സുധാകരൻ എന്റെ സുഹൃത്താണ്. കുട്ടിക്കാലം മുതൽ ബന്ധമുള്ള ആളാണ്. അദ്ദേഹം എപ്പോഴും ഐ.എ.എസ്.കാരെയും സെക്രട്ടറിമാരെയും കുറ്റം പറയും. അദ്ദേഹത്തിന്റെ സെക്രട്ടറി എഴുതിയത് എന്താണെന്ന് അറിയാമോ? മന്ത്രിയെ കാണിക്കേണ്ട കാര്യമില്ല. അത് ഇതിനകത്തുണ്ട് (ഫയൽ ഉയർത്തിക്കാണിച്ചു). വായിക്കാൻ സമയമില്ല. ഫോൺകോളിന്റെ അടിസ്ഥാനത്തിൽ പറയുന്നു, മന്ത്രിയെ കാണിക്കേണ്ടതില്ല. ഉത്തരവിറക്കാൻ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി പറയുന്നു. ശ്രീ. ജി. സുധാകരൻ, എന്തുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അങ്ങയെ കാണിക്കാതെ ഈ ഉത്തരവിറക്കാൻ പറഞ്ഞത്? പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ഇതിന്റെ പിന്നിലുള്ളത് കേരളത്തിന്റെ മുഖ്യമന്ത്രി തന്നെയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി അഴിമതിക്ക് നേതൃത്വം കൊടുക്കുന്നു; കേരളത്തിന്റെ മുഖ്യമന്ത്രി അഴിമതിക്ക് ചൂട്ടുപിടിക്കുന്നു. ഗുരുതരമായ ഈ ആരോപണം ഞാൻ ഉന്നയിക്കുകയാണ്. സർക്കാരിന് നിഷേധിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ആവശ്യപ്പെട്ടാൽ ഈ ഫയൽ മുഴുവൻ ഞാൻ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. ഞാൻ വെല്ലുവിളിക്കുന്നു. ഈ സർക്കാരിന്റെ ഏറ്റവും വലിയ മറ്റൊരു അഴിമതിയാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ഇവിടെ സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ച് പറഞ്ഞു. എന്താണ് യഥാർത്ഥ പ്രശ്നം? ഇവിടെ പലരും പ്രസംഗിക്കുന്നത് കേട്ടാൽതോന്നും ഞങ്ങളാണ് ഇതൊക്കെയുണ്ടാക്കിയതെന്ന്. നിങ്ങൾ വിശ്വസിച്ച് ഏൽപ്പിച്ച എം. ശിവശങ്കർ കുറ്റക്കാരനായത് ഞങ്ങളുടെ കുറ്റമാണോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്; മുഖ്യമന്ത്രിയുടെ ഓഫീസിനെ സംബന്ധിച്ചിടത്തോളമുള്ള പവിത്രത കാത്തുസൂക്ഷിക്കുമെന്ന് പറഞ്ഞു. അവതാരങ്ങൾ ഉണ്ടാകില്ല എന്നുപറഞ്ഞു. അവതാരങ്ങളുടെ ആറാട്ടാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ ഭരണകാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏതെങ്കിലുമൊരു എം.എൽ.എ.-യ്ക്ക് അപ്പോയിന്റ്മെന്റ് ഇല്ലാതെ പോകാൻ കഴിയുന്നുണ്ടോ; ഒരു പ്രവർത്തകന് പോകാൻ കഴിയുന്നുണ്ടോ; ഇരുമ്പ് കോട്ടയ്ക്കകത്തിരിക്കുന്ന

ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി, അങ്ങ് അങ്ങയുടെ ഓഫീസ് ഒരിക്കൽപോലും സന്ദർശിച്ചിട്ടില്ല എന്ന് അകത്തുള്ള ആളുകൾ പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? എം. ശിവശങ്കറിന് വിളയാടാനുള്ള മുഴുവൻ അവസരവും നൽകി. അതിന്റെ പിന്നിലെ പ്രധാന കഥകൾ സെക്രട്ടേറിയറ്റിന്റെ ഇടനാഴികൾ പറയുന്നു. ഞാൻ അതൊന്നും പറയുന്നില്ല. ഞാൻ ആരെയുംകുറിച്ച് വ്യക്തിപരമായ ആക്ഷേപം ഉന്നയിക്കുന്നില്ല. സ്വർണ്ണക്കള്ളക്കടത്ത് നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും വലിയ അപമാനമാണ്. കേരളത്തിലെ ജനങ്ങൾ തലകുനിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽ എൻ.ഐ.എ. പരിശോധിക്കാൻ പോകുന്നു. സി.സി.റ്റി.വി. ദൃശ്യങ്ങൾ ഇപ്പോൾ കൊടുക്കില്ല എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ. അതിനിടയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൗതുകകരമായ മറ്റൊരു കാര്യംകൂടി പറഞ്ഞു. ക്ലിഫ് ഹൗസിലും ഇടി വെട്ടിയെന്ന്. കാരണം, ക്ലിഫ് ഹൗസിൽ വന്നത് ആരാണെന്ന് അറിയരുതല്ലോ. ക്ലിഫ് ഹൗസിൽ ഇടിവെട്ടി. ഒരു ഇടിവെട്ട് നേരെ അനുഭവിച്ച് മരണത്തിൽനിന്നും രക്ഷപ്പെട്ട ഒരാളാണ് ഞാൻ. ഈ അടുത്ത കാലത്തൊന്നും വലിയൊരു ഇടിവെട്ടൊന്നും ഇവിടെയുണ്ടായിട്ടില്ല. ഇടിവെട്ടിന്റെ പേരിൽ ആളുകളെ കളിപ്പിക്കാമെന്ന് കരുതേണ്ട. ഇവിടെ നടന്ന കള്ളക്കടത്തിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കാണോ; എം. ശിവശങ്കറിന്റെ നേതൃത്വത്തിൽ സ്വപ്ന സുരേഷ് മുഖ്യമന്ത്രിയുടെ ഓഫീസിൽ കയറിയിറങ്ങി. മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വപ്ന സുരേഷിന് വൻ സ്വാധീനം. ഇറങ്ങിനടന്ന് അവർ ചെയ്ത വൃത്തികേടുകൾക്ക് മുഴുവൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്താൻ കഴിയുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് കണ്ണുണ്ടാകണമായിരുന്നു; കാതുണ്ടാകണമായിരുന്നു; അങ്ങേയ്ക്ക് ഹൃദയം ഉണ്ടാകണമായിരുന്നു; അങ്ങേയ്ക്ക് മനസ്സുണ്ടാകണമായിരുന്നു. അങ്ങവരെ ചെവിക്കുപിടിച്ച് പുറത്താക്കിയെന്ന് ഇപ്പോൾ പറയുന്നു. ഒരു നിവൃത്തിയും ഇല്ലാതെയാണ് നിങ്ങൾക്ക് പുറത്താക്കേണ്ടി വന്നത്. അങ്ങയിലേയ്ക്ക് കാര്യങ്ങൾ വരുമെന്ന് കണ്ടപ്പോഴാണ് അങ്ങ് പുറത്താക്കിയത്. എത്രദിവസം അങ്ങ് സംരക്ഷിച്ചു; എം. ശിവശങ്കറിനെതിരെ നിയമപരമായി നടപടിയെടുക്കാനുള്ള യാതൊരു വസ്തുതയുമില്ലെന്ന് അങ്ങ് ദിവസവുമുള്ള പത്രസമ്മേളനങ്ങളിൽ പറഞ്ഞില്ലേ; എം. ശിവശങ്കറിന് എല്ലാ സ്വാധീനവും അങ്ങയുടെ ഓഫീസിലുണ്ടായിരുന്നു. ഒരു മുഖ്യമന്ത്രിയുടെ നാവാണ് പ്രിൻസിപ്പൽ സെക്രട്ടറി; മുഖ്യമന്ത്രിയുടെ വലതുകയ്യാണ് പ്രിൻസിപ്പൽ സെക്രട്ടറി. തെരഞ്ഞെടുത്തതിൽ തെറ്റ് പറ്റിപ്പോയെന്ന് അങ്ങിപ്പോൾ പറയുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നു, മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്നത് ആർക്കും മനസ്സിലാക്കാൻ ഇടയായില്ലെന്ന്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ദൈന്യത എനിക്ക് മനസ്സിലാക്കാൻ കഴിയും. ഈ ഭരണത്തിൽ ചുക്കും ചുണ്ണാമ്പും അറിയാത്ത

അദ്ദേഹമാണ് പറയുന്നത്, മുഖ്യമന്ത്രിയുടെ ഓഫീസിനകത്ത് എന്ത് നടന്നുവെന്ന് ഞങ്ങൾക്ക് അറിയില്ല. ആരാണ് പറയുന്നത്; പാർട്ടി സെക്രട്ടറി പറയുന്നു. ഈ നടന്ന എല്ലാ കൊള്ളകൾക്കും ഐ.റ്റി.യിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു. മുഖ്യമന്ത്രിയുടെ വകുപ്പിലാണ് അഴിമതി മുഴുവൻ നടക്കുന്നത്. ഡി.ജി.പി. 151 കോടി രൂപയുടെ വെട്ടിപ്പ് നടത്തിയിട്ട് മാന്യനായി നടക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് മേശപ്പുറത്തുണ്ട്. എന്തുകൊണ്ട് നടപടിയെടുത്തില്ല; അദ്ദേഹത്തിന് അങ്ങ് മൗനാനുവാദം കൊടുത്തു. ഡി.ജി.പി.യുടെ നേതൃത്വത്തിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് ഡോ. എം. കെ. മുനീർ ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരക്ഷരം അങ്ങ് മിണ്ടിയില്ല.

മി. സ്പീക്കർ: സമയം കുറേ കഴിഞ്ഞു. അങ്ങ് ഇരട്ടിയിലധികം സമയമെടുത്തു.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് അൽപ്പം സമയം വേണ്ടിവരും. അത് പ്രതിപക്ഷനേതാവിന് അങ്ങ് തരേണ്ടൊരു ആനുകൂല്യമാണ്. ഇല്ലെങ്കിൽ ഞാൻ നിർത്തിയേക്കാം. ലൈഫ് മിഷൻ കൊള്ളയെക്കുറിച്ച് പറഞ്ഞുവല്ലോ. ഇത് ഞങ്ങളുടെ കുറ്റമാണോ. ശ്രീ. എം. സ്വരാജ് ഇവിടെ പറഞ്ഞു, ലോകത്തിൽ ആദ്യമായിട്ടാണ് ഒരു സർക്കാർ വീട് വച്ചുകൊടുക്കുന്നതെന്ന്. ഈ സംസ്ഥാനത്ത് എത്ര വീടുകളാണ് നമ്മുടെ സർക്കാരുകൾ വച്ചുകൊടുത്തത്. (...ബഹളം...) അങ്ങേയ്ക്ക് അതിൽ എതിരുണ്ടെങ്കിൽ ഞാനത് പിൻവലിക്കുന്നു. എന്നെ തടസ്സപ്പെടുത്തരുത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ രണ്ടേമുക്കാൽ ലക്ഷം വീടുകൾ ഐ.എ.വൈ.-യിൽ മാത്രം നിർമ്മിച്ചു. മറ്റ് വകുപ്പുകളിലൂടെ ആകെ നാല് ലക്ഷത്തോളം വീടുകൾ നിർമ്മിച്ചു. ഞങ്ങളാരും പറഞ്ഞില്ല. വീട് നിർമ്മാണം കൊട്ടിഘോഷിച്ച് ആനയും അമ്പാരിയുമായി ഞങ്ങൾ നടന്നില്ല. ഇവിടെ പട്ടികജാതി വകുപ്പുമന്ത്രി ഉണ്ടല്ലോ. എത്ര പട്ടികജാതിക്കാർക്ക് വീടുകൾ കൊടുത്തു; കഴിഞ്ഞകാലത്തേയും ഇക്കാലത്തേയും തമ്മിൽ താരതമ്യം ചെയ്യാം. ലൈഫ് പദ്ധതിയിൽ കൊള്ള നടന്നതിന് ഞങ്ങളെന്ത് പിഴച്ചു; ലൈഫ് എന്നത് നിങ്ങളുടെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമാണ്. അതിൽ കൊള്ള നടത്തിയതാര്? അങ്ങ് ഇതിനുവേണ്ടി ദുബായിൽ പോയി; നല്ലകാര്യം. അവിടത്തെ അധികൃതരുമായി സംസാരിച്ചു. പണം സ്വരൂപിക്കാൻ ശ്രമിച്ചു. അങ്ങ് പോകുന്നതിനുമുമ്പ് സ്വപ്നാ സുരേഷും എം. ശിവശങ്കറും അവിടെയെത്തി. അവർക്കവിടെ എന്താണ് കാര്യം; പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്ക് എന്തുകാര്യം? മുഖ്യമന്ത്രിയും സംഘവും പോയപ്പോൾ ഇവർ എന്തിനുപോയി; യു.എ.ഇ. അധികൃതരുമായി ഇവർ എന്താണ് സംസാരിച്ചത്; എങ്ങനെയാണ് ഈ കരാറുണ്ടാകുന്നത്? ആ പണം കിട്ടിയതിനെ സംബന്ധിച്ച് ദുരൂഹതകൾ വർദ്ധിക്കുകയാണ്. വലിയ അഴിമതിയാണ്. കോൺസുലേറ്റുമായി ബന്ധപ്പെട്ടുപോലും

അഴിമതി ആരോപിക്കപ്പെടുന്നു. മറ്റൊരു രാജ്യവുമായി ബന്ധപ്പെട്ടുള്ള കാര്യമായതിനാൽ ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ഒരുകാലത്തും ഉണ്ടാകാത്ത നിലയിൽ 20 കോടി രൂപ വാങ്ങി. ആ 20 കോടി രൂപയ്ക്ക് 4.25 കോടി രൂപ കമ്മീഷൻ വാങ്ങിയത് ആരാണ്; അതിന്റെ കുറ്റവും ഞങ്ങൾക്കാണോ; നിങ്ങൾ എന്തുകൊണ്ട് ശ്രദ്ധിച്ചില്ല. സാധാരണഗതിയിൽ റെഡ് ക്രസന്റ് ഇന്ത്യയിൽ ഒരു ഉദ്യമം ഏറ്റെടുക്കണമെങ്കിൽ മദർ ഇൻസ്റ്റിറ്റ്യൂഷനായ റെഡ് ക്രോസ്സിനോട് പറയണം. ഇവിടെ പറഞ്ഞിട്ടില്ല. അവർ പരാതി പറയുന്നു. ഈ പണം എങ്ങനെ വന്നു; ഈ പണം എങ്ങനെ ഉപയോഗിച്ചു? ശ്രീ. അനിൽ അക്കര ഇതുസംബന്ധിച്ച് വിശദമായി പറയുന്നു. എനിക്ക് ഇഷ്ടപ്പെട്ടൊരു മന്ത്രിയാണ് ശ്രീ. എ. സി. മൊയ്തീൻ. പക്ഷേ, അദ്ദേഹത്തിന്റെ കൈകൾ പരിശുദ്ധമല്ലെന്ന് ഇന്ന് നാട്ടുകാരും ശ്രീ. അനിൽ അക്കരയും പറയുന്നു. സത്യം എന്താണെന്ന് എനിക്കറിയില്ല. യൂണിടാക് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചത് ലൈഫ് മിഷനായിരുന്നു. ശ്രീ. യു. വി. ജോസ്, ഐ.എ.എസ്. അല്ലേ ഒപ്പിട്ടത്; ഞങ്ങളാണോ ഒപ്പിട്ടത്? എനിക്ക് അതിന്റെ ഒരു കോപ്പി തരണമെന്നു ആവശ്യപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തെഴുതി. ഇന്നുവരെ അതിന്റെ കോപ്പി എനിക്ക് കിട്ടിയിട്ടില്ല. പക്ഷേ, പത്രക്കാർ എനിക്കതിന്റെ കോപ്പി തന്നു. അതാണിത് (പ്രസ്തുത കോപ്പി ഉയർത്തിക്കാണിച്ചു). മാധ്യമങ്ങൾക്ക് എങ്ങനെ ലഭിച്ചു; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒപ്പിട്ട ഒരു എം.ഒ.യു.വിന്റെ കോപ്പി പ്രതിപക്ഷ നേതാവിന് തരാൻ കഴിയില്ല എന്നുപറയുമ്പോൾ അതിൽ എന്ത് ട്രാൻസ്പാരൻസിയാണുള്ളത്? ഈ സംസ്ഥാനത്ത് ഇതിന്റെ പേരിൽ നടന്ന വലിയ തോതിലുള്ള അഴിമതി; ആ അഴിമതി ഒരു രണ്ടാം ലാവ്‌ലിൻ തന്നെയാണ്.

ഇന്നിവിടെ ലാവ്‌ലിൻ എന്നുപറഞ്ഞല്ലോ; ലാവ്‌ലിൻ കേസ് ഇപ്പോഴും സുപ്രീംകോടതിയിൽ നിലനിൽക്കുകയാണ്. ലാവ്‌ലിൻ എന്നുപറയുമ്പോൾ മുഖ്യമന്ത്രി വളരെയേറെ ചൂടാകുന്ന ഒരാളാണ്. ചൂടാകേണ്ട കാര്യമൊന്നുമില്ല, ശാന്തമായി കേൾക്കുക. സുപ്രീംകോടതിയിൽ ആ കേസ് 18 തവണ മാറ്റിവച്ചു. എങ്ങനെയാണ് 18 തവണ ഈ കേസ് മാറ്റിവച്ചതെന്ന് എനിക്കറിയില്ല. യു.എ.ഇ. കോൺസുലേറ്റുമായി മന്ത്രി ഡോ. കെ. ടി. ജലീലിനുള്ള ബന്ധം സംബന്ധിച്ച് വ്യാപകമായ ആക്ഷേപമുണ്ടാകുന്നു. ഡോ. കെ. ടി. ജലീൽ എന്ന മന്ത്രി ഈ ഗവൺമെന്റിനകത്ത് നടത്തിയ ഓരോ അഴിമതിയും ഞങ്ങൾ ചൂണ്ടിക്കാണിച്ചു. മാർക്കുദാനം സംബന്ധിച്ച പ്രശ്നം വന്നപ്പോൾ അങ്ങ് സംരക്ഷിച്ചു. ഇപ്പോൾ ഖുർആൻ കൊണ്ടുവരുന്നു എന്നുപറയുന്നു. സ്വർണ്ണമാണെന്ന് ചിലർ പറയുന്നു, അങ്ങ് സംരക്ഷിക്കുന്നു. എല്ലാവരുടേയും വൃത്തികേടുകളേയും കൊള്ളകളേയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കേരളത്തിന്റെ മുഖ്യമന്ത്രിക്കുണ്ടോ? ശ്രീ. ഇ. പി.

ജയരാജൻ ബന്ധുനിയമനം നടത്തിയെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു. അങ്ങ് അതിന് രാജി വാങ്ങി. എന്തുകൊണ്ട് അങ്ങ് ഡോ. കെ. ടി. ജലീലിന്റെ കയ്യിൽനിന്നും രാജി വാങ്ങുന്നില്ല? മതം ദുരുപയോഗപ്പെടുത്തുകയും മതവിശ്വാസങ്ങൾ പറഞ്ഞ് കൊള്ളയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു മന്ത്രിയെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് അംഗീകരിക്കാൻ കഴിയുമോയെന്ന് അങ്ങുതന്നെ പറയണം. ഈ സംസ്ഥാനത്തെ കോവിഡ്- 19-ന്റെ കാര്യം പറഞ്ഞു.

Minister for Public Works and Registration (Shri G. Sudhakaran): Sir, Point of order; rather a clarification. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ തരത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചല്ലോ; അതിന് എനിക്ക് ചുരുങ്ങിയ വാക്കിൽ മറുപടി പറയണം. അദ്ദേഹം കേൾക്കാതെ ഇറങ്ങിപ്പോകുകയാണെങ്കിലോ, അതിനാൽ ഇപ്പോൾ മറുപടി പറയാൻ എന്നെ അനുവദിക്കണം. അദ്ദേഹം അത് കേൾക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറുപടി കേൾക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

Shri Ramesh Chennithala: Sir, he is my close friend, I have no objection. കൊവിഡ്-19-ന്റെ മറവിൽ നടന്ന അഴിമതികളെപ്പറ്റിയാണ് പറഞ്ഞത്. കൊവിഡ്-19-നെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് വൻപരാജയമായി മാറിയെന്നുള്ളതാണ് സത്യം, ഞാനത് ആവർത്തിച്ചു പറയുന്നു. കൊവിഡ്-19-നെ പ്രതിരോധിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് രാഷ്ട്രീയം മാത്രമായിരുന്നു. നിങ്ങൾ കൊവിഡ് -19 പ്രതിരോധത്തെ ഒരു പി. ആർ. എക്സർസൈസാക്കി മാറ്റി. അതുകൊണ്ടാണ് ഈ സംസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റി നിങ്ങൾ മിണ്ടാത്തത്. കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ മാരത്തോൺ ഓടി, കപ്പ് കിട്ടിയെന്നു പറഞ്ഞു. 50 മീറ്റർ ഓടിയിട്ട് കപ്പ് കിട്ടിയെന്നു പറഞ്ഞ് ലോകത്തെ 32 പത്രങ്ങളിൽ സ്പ്രിംഗ്ലറെക്കൊണ്ട് വാർത്തകൾ വരുത്തി, അതിന്റെ പേരിൽ നിങ്ങൾ ആവേശപൂർവ്വം പറഞ്ഞപ്പോൾ, എല്ലാം ഭദ്രമാണ്, പ്രശ്നമില്ല, കൊവിഡ്-19 ഇനി വരില്ലെന്ന് കേരളത്തിലെ ജനങ്ങൾ വിചാരിച്ചു. പക്ഷേ, ഇവിടെ എന്താണുണ്ടായത്? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ വാക്കുകൾ ഞാൻ കടമെടുക്കുന്നു. 15000 മുതൽ 20000 വരെ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ രോഗികൾ കൂടുമെന്നു പറയുന്നു. ഇതിന്റെ ഉത്തരവാദി ആരാണ്?

ഇവിടെ 'mitigation' എന്ന് ആരോ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞുവെന്ന് എനിക്ക് തോന്നുന്നു. ഈ സഭയിലാണ് 'mitigation' എന്ന് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞതിന് എന്ത് തെറ്റാണുള്ളത്? 'Containment and mitigation methods' എന്നൊരു മിക്സാണ് നമ്മൾ അഡോപ്റ്റ് ചെയ്യേണ്ടതെന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ ഈ സർക്കാർ അതിതീവ്രമായ containment method-മായി മുന്നോട്ട് പോയി, mitigation strategy നല്ലനിലയിൽ ഉപയോഗിച്ചില്ല. കഴിഞ്ഞ ആഗസ്റ്റ് 1-ലെ ഹിന്ദു ദിനപ്പത്രത്തിൽ പറയുന്നു, 'What went wrong in containing COVID-19 spread in Kerala'. ആ ലേഖനത്തിന്റെ തലക്കെട്ടാണ്. അത് ക്വാട്ട് ചെയ്യുന്നില്ല. ടെസ്റ്റുകൾ കൂട്ടണമെന്ന് പ്രതിപക്ഷം നിരന്തരമായി ആവശ്യപ്പെട്ടു. ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. ഇന്ന് ഞങ്ങളെയൊക്കെ ടെസ്റ്റ് ചെയ്തല്ലോ; ഇതുപോലെ ആന്റിജൻ ടെസ്റ്റ് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും നടത്താൻ കഴിയുന്ന ഒരു കാര്യമായിരുന്നു. ചക്ക വീണവന് കൊവിഡ്-19, ചെന്നൈയിൽ നൂറ് പേർ പോയി പരിശോധിക്കുമ്പോൾ 45 പേർക്ക് കൊവിഡ്-19.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ സഭയിൽ നടത്തിയ ഒരു പ്രസംഗത്തെ തെറ്റായി ക്വാട്ട് ചെയ്ത് തെറ്റിദ്ധരിപ്പിക്കുകയാണ്. അദ്ദേഹം അന്നത്തെ പ്രസംഗത്തിൽ പറഞ്ഞത്, അമേരിക്കയിലെ Sacramento County-യിൽ ഒരാൾ അദ്ദേഹവുമായി സംസാരിച്ചതനുസരിച്ച് mitigation method-ലേയ്ക്ക് ഷിഫ്റ്റ് ചെയ്യണമെന്നാണ്. അതാണ് ഉപയോഗിച്ച വാക്ക്. അത് ഇപ്പോൾ സഭയെ അദ്ദേഹം തെറ്റിദ്ധരിപ്പിക്കുന്നതായതുകൊണ്ട് ചട്ടം 307 പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്യണമെന്നതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ ലോകത്ത് കൊവിഡ്-19-നെ തടയാനുള്ള വാക്സിൻ കണ്ടെത്തിയോ; കാരണം കണ്ടെത്തിയോ? നമ്മുടെ രാജ്യത്ത് containment method, mitigation method എന്നിങ്ങനെ വിവിധ മെത്തേഡുകളുണ്ട്. ഇവിടെ നടക്കുന്നതെന്താണ്; ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയട്ടെ; ഇവിടെ mitigation method അല്ലേ നടക്കുന്നത്? നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാത്തതു കൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, നമ്മൾ ചർച്ച ചെയ്ത് ധാരണയുണ്ടാക്കിയത് വൈകിട്ട് 3 മണിക്ക് സഭ പിരിയണമെന്നുള്ളതാണല്ലോ; ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഏതാണ്ട് 20-21 മിനിറ്റ് കൂടുതലെടുത്തു. മറുപടി പറയാനുണ്ട്. അധികസമയം നമ്മൾ ഇവിടെ ഇരിക്കുന്നത് ഗുണകരമല്ലാത്തതുകൊണ്ട് പറയുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേയ്ക്ക് അതിലുള്ള പ്രത്യേകത എനിക്ക് മനസ്സിലായിട്ടുണ്ട്. കിഫ്ബിയെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. ഇന്ന് നിങ്ങൾ ഏറ്റവും കൂടുതൽ പറയുന്നതാണല്ലോ കിഫ്ബി. 125 കരാർ നിയമനങ്ങൾ നടത്തുന്ന ഒരു സ്ഥാപനമായി കിഫ്ബി മാറിയിരിക്കുന്നു. അഴിമതി കിഫ്ബിയിൽ വ്യാപകമാണ്. സമയച്ചുരുക്കംമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന കേരളത്തിലെ ചെറുപ്പക്കാരെ വഞ്ചിച്ചുകൊണ്ട് 125 നിയമനങ്ങൾ കിഫ്ബിയിൽ നടത്തി. പ്രതിദിനം 10,000 രൂപയാണ് കൊടുക്കുന്നത്. കിഫ്ബിയിലെ സി.ഇ.ഒ.-യ്ക്ക് ചീഫ് സെക്രട്ടറിയേക്കാൾ കൂടുതൽ ശമ്പളമാണ്. ഇവിടെ കാണാൻ കഴിയുന്നത് അഴിമതിയും ധൂർത്തുമാണ്. ഇവിടെ ശ്രീ. മാത്യു ടി. തോമസ് വാചാലനായി സംസാരിച്ചു, സാധാരണ സംസാരിക്കാറില്ല. അദ്ദേഹത്തിന്റെ പാർട്ടി യോഗം കൂടി, ആ യോഗത്തിൽ വച്ച് മന്ത്രിസഭയ്ക്കെതിരെ പ്രമേയം അവതരിപ്പിക്കാൻ അങ്ങയുടെ കൂടെയുള്ള ജനറൽ സെക്രട്ടറി ശ്രീ. ജോർജ്ജ് തോമസ് വേണ്ടിവന്നില്ലേ? അദ്ദേഹം എന്റെ സഹപാഠിയാണ്. എൽ.എൽ.ബി.ക്ക് ഞങ്ങൾ ഒരുമിച്ച് പഠിച്ചതാണ്. യോഗത്തിൽ അങ്ങ് സമ്മതിച്ചില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞങ്ങളുടെ പാർട്ടിയുടെ പ്രസിഡന്റ് ശ്രീ. സി. കെ. നാണു ഇവിടെ ഇരിക്കുന്നുണ്ട്. അങ്ങനെയൊരു വിഷയം ചർച്ച ചെയ്തിട്ടില്ല. ഈ ഗവൺമെന്റിന്റെ ഭാഗമായിത്തന്നെ ജനതാദളുണ്ട്. ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന പരിപാടികളെല്ലാം ഞങ്ങൾ വ്യക്തമായി വിലയിരുത്തിയിട്ടുണ്ട്. ഈ ദുരന്തങ്ങളുടെ കാലഘട്ടത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റായിരുന്നില്ലെങ്കിൽ നാട്ടിൽ വലിയ അപകടമുണ്ടാകുമായിരുന്നു എന്നാണ് ഞങ്ങൾ വിലയിരുത്തിയത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു അപകടവും ഉണ്ടാകില്ലായിരുന്നു. ഇവിടെ*** ഉള്ളതുകൊണ്ടാണ് ഓരോ ദിവസവും രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത്. ഇവിടെ ചെയ്യേണ്ടത് ചെയ്യാത്തതുകൊണ്ടാണ്. (.....ബഹളം.....) ഞാനൊന്ന് ചോദിക്കട്ടെ, ശ്രീ. കാനം രാജേന്ദ്രൻ എവിടെ? ആറ് മാസമായി ശ്രീ. കാനം രാജേന്ദ്രൻ മിണ്ടിയിട്ടില്ല, സി.പി.ഐ.(എം.)-ലെ വിഭാഗീയത കഴിഞ്ഞ വി. എസ്. സർക്കാരിനേയും മന്ത്രിസഭയേയും വല്ലാതെ ബാധിച്ചപ്പോൾ ജനങ്ങൾ ആ മന്ത്രിസഭയെ ചെയ്തതെന്താണെന്ന് അന്നത്തെ സി.പി.ഐ.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

സംസ്ഥാന സെക്രട്ടേറിയറ്റും കമ്മിറ്റിയും വിലയിരുത്തിയ റിക്കാർഡുകളുണ്ട്. ഇതൊരു തല്ലിപ്പൊളി സംഘമാണെന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, ***ആയതുകൊണ്ടാണ് കോവിഡ് പോസിറ്റീവ് കേസ് കൂടുന്നതെന്ന് അദ്ദേഹത്തെ പോലെയുള്ള ഒരാൾ ഇവിടെ പറയാൻ പാടില്ല. ഇതുണ്ടാക്കുന്നത് പ്രതിപക്ഷനേതാവാണെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: തീർച്ചയായും, ****ഉള്ളതുകൊണ്ട് ഇവിടെ രോഗം വർദ്ധിച്ചുവെന്ന വാദമൊന്നും രേഖയിൽ ഉണ്ടാകില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പിണറായി വിജയൻ ഇല്ലായിരുന്നുവെങ്കിൽ ഈ രോഗം നിയന്ത്രിക്കാൻ കഴിയുകയില്ലായിരുന്നു എന്ന് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞു. അപ്പോൾ ഞാൻ മറുപടി പറഞ്ഞതാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. അങ്ങ് 30 മിനിട്ടെടുത്തു. അവസാനിപ്പിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല, കേരള ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതി ഗവൺമെന്റാണ് ഇവിടെയുള്ളത്. ശ്രീ. എം. സ്വരാജേ, തീവെട്ടിക്കൊള്ള തന്നെയാണ് ഇവിടെ നടക്കുന്നത്. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട. നിങ്ങളുടെ അഴിമതികൾ ഓരോന്നായി ഞങ്ങൾ പുറത്തുകൊണ്ടുവരും. ഇനിയും ഞങ്ങളുടെ കയ്യിൽ ഫയലുകളുണ്ട്. ചീഫ് സെക്രട്ടറി എഴുതി, ഇനി ആരെങ്കിലും ഫയൽ കൊടുത്താൽ ശിക്ഷിക്കുമെന്ന്. ചീഫ് സെക്രട്ടറിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഞാൻ പറയുന്നു, എന്നാൽ എന്റെ പേരിൽ നിങ്ങൾ കേസ്സെടുക്കണം. ധൈര്യമുണ്ടോയെന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ മാധ്യമങ്ങളെ കുറ്റപ്പെടുത്തുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, എന്താണ് അവിടെ പറഞ്ഞു, ഇവിടെ പറഞ്ഞു എന്നുപറയുന്നത്, ഇനിയെങ്കിലും വസ്തുതകൾ പറയൂ. എന്തിന്റെ പേരിലാണ് നിങ്ങൾക്കെതിരെ നടപടിയെടുക്കാൻ പറയുന്നത്? അത് പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സെക്രട്ടേറിയറ്റിൽ നിന്ന് ഒരു ഫയൽ നഷ്ടപ്പെട്ടാൽ അവരുടെ പേരിൽ നടപടിയെടുക്കുമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു. വിവരാവകാശ നിയമമുള്ള രാജ്യമാണ്. 10 രൂപ ഫീസടച്ച് ആര് ചോദിച്ചാലും വിവരാവകാശ നിയമംമൂലം വിവരം കിട്ടും. അതിന് ചീഫ് സെക്രട്ടറി ആരേയും വിരട്ടുകയൊന്നും വേണ്ട. ഇവിടെ ചക്കിക്കൊത്ത ചങ്കരൻ എന്ന

*ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

പറഞ്ഞതുപോലെയാണ്. മുഖ്യമന്ത്രിക്കൊത്ത ചീഫ് സെക്രട്ടറി. മുഖ്യമന്ത്രിക്കൊത്ത ഡി.ജി.പി. ഇവരുടെ രണ്ടുപേരുടേയും നടുവിൽ നിൽക്കുന്ന മുഖ്യമന്ത്രി. ഞാൻ ആവർത്തിക്കുന്നു. അഴിമതികളുടെ മുഴുവൻ പ്രഭവകേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസാണ്. മുഖ്യമന്ത്രിയുടെ കൈകൾ പരിശുദ്ധമല്ലെന്ന് പറയേണ്ടിയിരിക്കുന്നു. അറേബ്യയിലെ മുഴുവൻ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്ന് കൈ കഴുകിയാലും മിസ്റ്റർ പിണറായി വിജയൻ, നിങ്ങളുടെ കയ്യിലെ കറയുടെ ദുർഗന്ധം മാറില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനത്തെ ജനങ്ങളെ വഞ്ചിച്ച, ജനങ്ങളുടെ വിശ്വാസം നഷ്ടമായ ഈ സർക്കാരിന് ഒരു നിമിഷംപോലും അധികാരത്തിലിരിക്കാൻ കഴിയില്ല. മിസ്റ്റർ പിണറായി വിജയൻ നിങ്ങൾ രാജിവച്ച് ഒഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ വളരെ ശക്തമായ രീതിയിൽ ഞാൻ എതിർക്കുകയാണ്. ആറ് പതിറ്റാണ്ടിനുമുമ്പ് 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരെ മുന്നോട്ടുവന്ന ശക്തികളെല്ലാം ഇപ്പോഴും യോജിച്ച് ഈ ഗവൺമെന്റിനെതിരെ നീങ്ങുന്നു എന്നുതന്നെയാണ് നമുക്ക് അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്. വ്യത്യസ്ത വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് \കാര്യങ്ങൾ പറയുന്നത്. നമ്മുടെ രാജ്യത്തെ മാധ്യമങ്ങളിലൂടെ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളെ ആധാരമാക്കിയാണ് അവിശ്വാസ പ്രമേയം അവതരിപ്പിച്ച അവതാരകൻ ഉൾപ്പെടെയുള്ളവർ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ ആഫീസിനെ കേന്ദ്രീകരിച്ചുകൊണ്ട് എല്ലാതരത്തിലുമുള്ള കാര്യങ്ങൾ ആരോപിക്കുന്നതിനുവേണ്ടി ഒന്നിനുപിറകെ ഒന്നായി പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കേസ് എൻ.ഐ.എ. നേരിട്ട് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് എല്ലാവർക്കുമറിയാം. അതിനെക്കുറിച്ച് പ്രതിപക്ഷത്തിനും വിയോജിപ്പില്ലെന്നാണ് കരുതുന്നത്. കോടതിയിലും ആ പരാമർശം വന്നതാണ്. എൻ.ഐ.എ.-യുടെ വരവോടെ, അവരുടെ അന്വേഷണം ഒരുവശത്ത് നടക്കുന്നു, കള്ളക്കടത്തുമായി ബന്ധപ്പെട്ട് കസ്റ്റംസ് അന്വേഷണം നടക്കുന്നു, അതോടൊപ്പം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണവും നടക്കുന്നു. അവതാരകൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, സി.ബി.ഐ. അന്വേഷണത്തെക്കുറിച്ചാണെങ്കിൽ അവർകൂടി വരണമെന്ന് പ്രതിപക്ഷം ഇടയ്ക്കിടയ്ക്ക് പറയുന്നു. ആരന്വേഷിച്ചാലും ഈ രാജ്യമാകെയും ലോകമാകെയും കേൾക്കത്തക്ക വിധത്തിൽ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പരസ്യമായി പറഞ്ഞ കാര്യം, ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ എവിടെവരെ വന്നാലും കുഴപ്പമില്ല, അന്വേഷണം നടക്കട്ടെ, നിജഃസ്ഥിതി ബോധ്യപ്പെടട്ടെ എന്നാണ്. അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഇപ്പോൾ നീങ്ങുന്നു, അത് എല്ലാവർക്കുമറിയാം. ഏതാണ്ട് 50 ദിവസക്കാലമായി നീണ്ടുനിൽക്കുന്ന അന്വേഷണം മൂന്ന് ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുമ്പോഴും നമുക്കെല്ലാം അറിയാവുന്നതുപോലെ കേന്ദ്ര വിദേശകാര്യ വകുപ്പ് ഉൾപ്പെടെയുള്ളവർ അതിൽ കാണിക്കുന്ന ജാഗ്രത എന്തുമാത്രമുണ്ട് എന്നകാര്യം നോക്കേണ്ടതുണ്ട്. ആരെയെങ്കിലും രക്ഷിച്ചെടുക്കാനുള്ള താത്പര്യമോ അതിനുവേണ്ടിയുള്ള നീക്കമോ കേന്ദ്രഭരണകർത്താക്കൾക്ക് ഉൾപ്പെടെയുണ്ടോ എന്ന സംശയമാണ് ഈ അന്വേഷണത്തിലുടനീളം ചികഞ്ഞുനോക്കിയാൽ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അന്വേഷണം നടക്കട്ടെ, അന്വേഷണം എന്റെ ഓഫീസ് വരെ വരികയാണെങ്കിലും കുഴപ്പമില്ലെന്നാണ്. ഇതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇങ്ങനെയെല്ലാമുണ്ടായിരിക്കെ പുകമറ സൃഷ്ടിച്ച് അന്വേഷണം നിജഃസ്ഥിതിയിലെത്താതെ, അതിന്റെ അവസാന രൂപത്തിലെത്താതെ, അതിലെ തെറ്റുകുറ്റങ്ങൾ സംബന്ധിച്ച് വ്യക്തമായ രീതിയിൽ ഒരു നിഗമനത്തിലെത്താതിരിക്കെ, ഇപ്പോഴും മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ ഓഫീസിനെയും അതുവഴി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും പ്രതിക്കൂട്ടിൽ കയറ്റി നിർത്തി വിചാരണ ചെയ്യുന്ന രീതിയാണ് ഇക്കാര്യത്തിൽ ചെയ്തിരിക്കുന്നതെന്ന് കാണാൻ കഴിയും. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർ എന്തോ അത്ഭുതകരമായ കാര്യം നടത്തുന്നുവെന്ന് ജനങ്ങളുടെ മുമ്പിൽ ബോദ്ധ്യപ്പെടുത്താൻ ഇത്തരമൊരു അവസരം ഉപയോഗിച്ചുവെന്നല്ലാതെ ന്യായമായ രീതിയിൽ ഇതിൽ കാതലായ ഏതെങ്കിലും വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട്, കാര്യകാരണസഹിതം ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ഗവൺമെന്റിനോ, മുഖ്യമന്ത്രിക്കോ, മുഖ്യമന്ത്രിയുടെ ഓഫീസിനോ ഉത്തരവാദിത്വമുണ്ടെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം. ശിവശങ്കറിന്റെ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞപ്പോൾ സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധമുള്ള സ്ത്രീയുമായി അദ്ദേഹത്തിന് സൗഹൃദവും അടുപ്പവുമുണ്ട് എന്നുള്ളതും അതൊരു വഴിവിട്ട സൗഹൃദമാണെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരികയും ചെയ്ത സന്ദർഭത്തിൽ കൂടുതൽ ആലോചനകൾ നടത്താതെ, അടിയന്തരമായി പ്രാഥമിക അന്വേഷണം നടത്തി അദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് നീക്കുകയും തുടർന്ന് അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് മുഖ്യമന്ത്രിയും ഗവൺമെന്റും മുന്നോട്ടുപോയത്. അന്വേഷണവുമായി ബന്ധപ്പെട്ട് ധാരാളം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്, അറസ്റ്റുചെയ്തിട്ടുള്ളവരെ സംബന്ധിച്ച വിശദാംശങ്ങളൊക്കെ മനസ്സിലാക്കേണ്ടതുണ്ട്.

അവരുടെ രാഷ്ട്രീയബന്ധങ്ങളും മറ്റ് കാര്യങ്ങളുമുൾപ്പെടെ അന്വേഷിക്കാവുന്നതാണ്. അതിനെക്കുറിച്ചൊന്നും ഒരാലോചനയുമില്ലാതെ കേവലം മുഖ്യമന്ത്രിയുടെ ഓഫീസിനെ കേന്ദ്രീകരിച്ചും അതുവഴി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എതിർക്കുന്നതിനുമുള്ള ഒരവസരമെന്ന നിലയ്ക്കാണ് കാര്യങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അവിശ്വാസ പ്രമേയം അവതരിപ്പിച്ചതെന്ന് കാണാൻ കഴിയും.

ഈ ഗവൺമെന്റിന്റെ നാല് വർഷക്കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ സംസാരിച്ച ബഹുമാന്യരായ എം.എൽ.എ.-മാർ ധാരാളം കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് അവ ഞാൻ ആവർത്തിക്കുന്നില്ല. കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ വച്ച പ്രകടനപത്രികയിൽ ചൂണ്ടിക്കാണിച്ച മിക്ക കാര്യങ്ങളും നാലര വർഷത്തോടടുക്കുന്ന ഈ ഗവൺമെന്റ് പൂർത്തീകരിച്ചിരിക്കുകയാണെന്ന വസ്തുത ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? വർഷാവർഷം അതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ടുകളുൾപ്പെടെ ജനസമക്ഷം അവതരിപ്പിച്ചാണ് ഗവൺമെന്റ് മുമ്പോട്ടു പോകുന്നത്. അങ്ങനെയുള്ള ഒരു ഗവൺമെന്റിനെ നോക്കിയാണിതെല്ലാം പറയുന്നത്. വിവിധ മേഖലകളിൽ നടന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ദീർഘമായി സംസാരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, പൊതുമരാമത്ത്, ഭക്ഷ്യ-സിവിൽ സപ്ലൈസ് തുടങ്ങിയ മേഖലകളിലൊക്കെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു. കേരളത്തിൽ ആയിരക്കണക്കിന് റോഡുകളുടെയും പാലങ്ങളുടെയും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. നമുക്കാർക്കെങ്കിലും ഇക്കാര്യങ്ങൾ നിഷേധിക്കാൻ കഴിയുമോ? പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടത്തിന്റെ ഫലമായി നാലുവർഷം പിന്നിട്ടപ്പോൾ അഞ്ചുലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരുന്നതിന് അനുകൂല സാഹചര്യം ഈ ഗവൺമെന്റ് സൃഷ്ടിച്ചുവെന്നതും ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ; ആ സാഹചര്യങ്ങൾ സൃഷ്ടിക്കാനാവശ്യമായ നയത്തിന്റെയും സമീപനത്തിന്റെയും ഫലമായി ഈ ഗവൺമെന്റ് ഇഞ്ചിഞ്ചായി മുമ്പോട്ടു പോകുകയായിരുന്നു എന്നതല്ലേ യാഥാർത്ഥ്യം.

ആരോഗ്യമേഖലയെക്കുറിച്ച് എന്തെല്ലാം കുറ്റപ്പെടുത്തലുകളാണ് ഉണ്ടായത്? കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഈ ഗവൺമെന്റിനെ ആക്ഷേപിക്കുന്നത് അത്ഭുതകരമായി തോന്നുകയാണ്. മറ്റെന്തെല്ലാം പറഞ്ഞാലും കൊവിഡ്-19 പ്രതിരോധ പ്രവർത്തന കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അതിന് നേതൃത്വം നൽകുന്ന സഖാവ് പിണറായി വിജയനും

ഇവിടെയുണ്ടായി എന്നത് നേട്ടം തന്നെയാണെന്നത് ആവർത്തിച്ച് പറഞ്ഞേ മതിയാകുകയുള്ളൂ. ഇത് ചൂണ്ടിക്കാണിച്ചപ്പോൾ പരിഹാസരൂപേണ അതല്ലെങ്കിൽ അങ്ങനെയുണ്ടായതാണ് ഇതിന്റെ ഏറ്റവും വലിയ ദോഷം എന്ന അർത്ഥത്തിലാണെടുത്തത്. ഒന്നിനുപിറകെ ഒന്നായി 2017-ലെയും 2018-ലെയും 2019-ലെയും 2020-ലെയും ഓഖി തൊട്ടുള്ള ദുരന്തങ്ങൾ വന്നപ്പോഴും ദുരന്തബാധിത മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികളുണ്ട്. അവയുടെ ഓരോഘട്ടത്തിലുമുള്ള കാര്യങ്ങൾ എടുത്തുനോക്കിയാൽ, ഈ ഗവൺമെന്റിനല്ലാതെ മറ്റൊരു ഗവൺമെന്റിനും ഇത്തരമൊരു നടപടി സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമായിരുന്നില്ലെന്ന് കാണാൻ കഴിയും. 2018-ലെ പ്രതിസന്ധിഘട്ടത്തിൽ വൈദ്യുതി മേഖലയിലെ ഏകദേശം ഇരുപത്തിയഞ്ച് ലക്ഷം കണക്ഷനുകൾ തകർന്നുപോയിരുന്നു. അതിനെത്തുടർന്നുണ്ടായ സംഭവങ്ങളിൽ അത്ഭുതകരമായ വിധത്തിൽ അടിയന്തര സ്വഭാവത്തോടുകൂടി അവ പുനഃസ്ഥാപിക്കാൻ കഴിഞ്ഞതും ഈ നാലരവർഷക്കാലത്തിനിടയ്ക്ക് ഒരു ദിവസംപോലും ലോഡ് ഷെഡ്ഡിംഗോ പവർക്കട്ടോ ഇല്ലാതെ മുന്നോട്ടുപോയതും ആർക്കാണ് നിഷേധിക്കാൻ കഴിയുക? ഏത് വകുപ്പെടുത്തു നോക്കിയാലും കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. ഓരോ മേഖലയിലുമുണ്ടായിട്ടുള്ള നേട്ടങ്ങൾ എടുത്തുപറയാൻ കഴിയും. സിവിൽ സപ്ലൈസ് രംഗത്തുണ്ടായ മാറ്റങ്ങൾ വലുതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അതിനെ ഉപേക്ഷിച്ചുപോയതാണ്. രാജ്യത്തെ ഭക്ഷ്യവിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളിൽനിന്നും മുഖംതിരിച്ച് നിന്ന യു.ഡി.എഫ്. ഗവൺമെന്റിന് പകരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കി ആവശ്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും അതോടൊപ്പം ദുരന്തനാളുകളിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലായിടങ്ങളിലും ഭക്ഷ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും എല്ലാവർക്കുമറിയാം. ആ രീതിയിൽ ഒന്നിനൊന്ന് മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങളുമായി വകുപ്പുകൾ മുന്നോട്ടുപോയപ്പോൾ, അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻപോലും കൂട്ടാക്കാതിരിക്കുകയാണ്. പദ്ധതിയേതര ധനാഗമന മാർഗ്ഗങ്ങളിലൂടെ 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പാക്കി. കിഫ്ബി പദ്ധതി ഉൾപ്പെടെയുള്ളവയിലൂടെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും വികസനത്തിന് വഴിവച്ചിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം നമുക്കാർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. ഈ മേഖലയിലുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഓരോന്നായി ഭേദപ്പെട്ട് മുന്നോട്ടുവരികയും അതിനെക്കുറിച്ച് പൊതുസമൂഹത്തിൽ മെച്ചപ്പെട്ട അഭിപ്രായമുണ്ടാകുകയും ചെയ്തു. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഇടക്കാലത്ത്

നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ്.-ന്റെ പാലാ പോലുള്ള ദീർഘകാല കുത്തക സീറ്റുകളിൽപ്പോലും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായ വിധിയെഴുത്തുണ്ടായത് ഈ ഗവൺമെന്റിൽ ജനങ്ങൾക്കുണ്ടായ വിശ്വാസമായിട്ടാണ് ഞങ്ങൾ കാണുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ, സ്വകാര്യചാനലുകളുൾപ്പെടെ നടത്തിയ സർവ്വേയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് തുടർച്ചയുണ്ടാകാനുള്ള സാധ്യതയുണ്ടെന്നും ഏറ്റവും കൂടുതൽ ജനങ്ങൾ ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുമെന്നും വന്നപ്പോൾ അതിനെതിരെ പ്രചാരവേലകൾ സംഘടിപ്പിക്കേണ്ടതിനെക്കുറിച്ചുള്ള ഗൂഢാലോചനയുമായാണ് കേരളത്തിലെ പ്രതിപക്ഷ കക്ഷിയും കേന്ദ്രം ഭരിക്കുന്ന കക്ഷിയുമുൾപ്പെടെ യോജിച്ച് നീങ്ങിയത്. കേന്ദ്രഭരണകർത്താക്കൾ ഈ സന്ദർഭങ്ങളിലെല്ലാം സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് നമുക്കറിയാം. അവർ ഒരിക്കലും ജനക്ഷേമകരമായ പദ്ധതികളിലൂടെ കേരളത്തോട് സൗഹൃദപരമായ സമീപനമല്ല സ്വീകരിച്ചതെന്ന് കാണാൻ കഴിയും. ദുരന്തമുണ്ടായ നാളുകളിൽ ആ മേഖലകളിലെ ജനങ്ങളോട് താല്പര്യം കാണിക്കുന്നതിന് അവർ തയ്യാറായിട്ടില്ലെന്നത് നമുക്കറിയാവുന്നതാണ്. ഇവിടെയുണ്ടായ മാറ്റങ്ങളൊന്നും കണ്ടില്ലെന്ന് ഇത്തരമൊരു വേദിയിൽ പ്രതിപക്ഷ കക്ഷികൾക്ക് പറയാൻ കഴിയുമെങ്കിലും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ പറയാൻ കഴിയുമോ?

സംസ്ഥാനത്ത് പുതിയതായി 1,33,000 പേർക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ളത്. 22,000 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇതൊന്നും നിഷേധിക്കാൻ കഴിയുന്നതല്ല. കൂടാതെ ആഭ്യന്തര വകുപ്പുൾപ്പെടെ പലയിടങ്ങളിലായി പതിനൊന്നായിരത്തിലധികം പുതിയ തസ്തികകളാണുണ്ടായത്. അതിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ പൊതുസമൂഹം കാണുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ജോലി കിട്ടുന്നില്ലെന്നതിന്റെ പേരിൽ രാജ്യത്തെ ചെറുപ്പക്കാരെയാകെ ഇളക്കിവിട്ട് വലിയ പ്രചരണകോലാഹലങ്ങളിലൂടെ ഗവൺമെന്റിനെതിരെ തിരിയാമെന്ന് വിചാരിച്ചാൽ അത് സാധ്യമാകുമെന്ന് തോന്നുന്നില്ല. രാജ്യത്തെ ജനങ്ങളുടെ അനുഭവത്തിന്റെയും ജീവിത യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇവിടെയുണ്ടായ മാറ്റങ്ങളും നേട്ടങ്ങളും പൊതുവികസനവും ഗവൺമെന്റ് ജനങ്ങളോട് കാണിക്കുന്ന പ്രതിബദ്ധതയും സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ സ്വീകരിച്ചിട്ടുള്ള നടപടികളും ഏകദേശം അൻപത്തിരണ്ട് ലക്ഷത്തോളമുള്ള കുടുംബങ്ങൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നല്കിക്കൊണ്ട് സ്വീകരിച്ച നടപടികളുമെല്ലാം ഈ നാടറിയുന്ന, സമൂഹമറിയുന്ന, ജനങ്ങളത് അനുഭവിക്കുന്ന എന്നത് കാണാൻകഴിയുന്ന കാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽനിന്ന്

ജനങ്ങളുടെ ശ്രദ്ധതിരിച്ച് യഥാർത്ഥ വികസനത്തെ കാണാതെ പോകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ലൈഫ് മിഷനെക്കുറിച്ച് പറഞ്ഞല്ലോ; ഈ ഗവൺമെന്റിന്റെ കാലയളവിൽ രണ്ടേകാൽ ലക്ഷം വീടുകളാണ് നിർമ്മിച്ചുകൊടുത്തത്, അവശേഷിക്കുന്ന മൂന്ന് ലക്ഷം വീടുകൾ മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുന്ന അവസ്ഥയിലല്ലേ; ഇത് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുത്താൻ കഴിയുന്ന കാര്യമാണ്. ഏതെങ്കിലും ഭരണകാലത്ത് കൊടുത്തുവെന്ന് ആരെങ്കിലും അവകാശപ്പെടുന്നെങ്കിൽ അത്തരം ആളുകൾ പൂർത്തീകരിച്ചുകൊടുത്ത വീടുകളുടെ എണ്ണംകൂടി ബോധ്യപ്പെടുത്താൻ ബാധ്യസ്ഥരാണെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലൈഫ് മിഷന്റെ കാര്യത്തിൽ അങ്ങേയ്ക്ക് എന്തെങ്കിലും പങ്കുണ്ടോ? ലൈഫ് മിഷൻ നടത്തുന്നത് വേറെയാളുകളാണ്. ഹൗസിംഗിന് എന്ത് കാര്യമാണിവിടെ; പിന്നെ എന്തിനാണ് അങ്ങ് ഇതിനെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രതിപക്ഷ നേതാവിനോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി പറയുകയാണ്, വീണിടം വിദ്യയാക്കുന്ന ഏർപ്പാടാണിത്. ലൈഫ് പദ്ധതി ഒരു മിഷനാണ്, അത് എങ്ങനെ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്, അതിന്റെ അടിസ്ഥാനത്തിൽ അത് നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ സെലക്ഷന് ഒരു സംവിധാനമുണ്ട്. അത് കൊടുക്കുന്നതിനും മറ്റെല്ലാകാര്യങ്ങളെക്കുറിച്ചുമുള്ള വ്യക്തമായ ധാരണയുണ്ട്. അത് അങ്ങേയ്ക്ക് അറിയാത്തതുകൊണ്ടല്ല. അതറിഞ്ഞാലും വീണ്ടും ആളുകളുടെ ശ്രദ്ധതിരിക്കുന്നതിനുവേണ്ടി വീണിടം വിദ്യയാക്കുന്ന ഏർപ്പാടിലൂടെയാണ് അദ്ദേഹം ഇത്തരം കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പ്രാവർത്തികമാക്കിയ ജനക്ഷേമകരമായ പദ്ധതികൾ കേരളീയസമൂഹം പൊതുവിൽ അംഗീകരിച്ചിട്ടുണ്ടെന്നുള്ളതാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ഇടപെടലുണ്ടായാലും ഏത് തരത്തിലുള്ള അന്വേഷണങ്ങളും ആരുടെമുന്നിലും വെട്ടിത്തുറന്ന് പറയാൻ കഴിയുന്ന, 100 ശതമാനം അംഗീകരിക്കപ്പെടുന്ന നിലപാടാണുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട കാര്യം പറയാൻ പോകുകയാണെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, അദ്ദേഹം തിരിച്ചുംമറിച്ചും വായിച്ച കൂട്ടത്തിൽ അതിൽ സ്വീകരിക്കേണ്ട

നടപടികൾ എന്തായിരുന്നുവെന്നും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും വളരെ വ്യക്തമായി ആ കുറിപ്പിലൂടെ അറിയിച്ചിട്ടുണ്ട്. ഇതൊക്കെ പറഞ്ഞുകൊണ്ടാണ് കൂട്ടുതലാളുകളെ ആശയക്കുഴപ്പത്തിലാക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്ന നടപടികൾ സ്വീകരിക്കുന്നതും. വിവിധ മേഖലകളിൽ വികസനമുണ്ട്. തീരദേശമേഖലയെ മെച്ചപ്പെടുത്തുന്ന രീതിയിൽ ഫിഷറീസ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ 'പുനർഗേഹം' പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. എവിടെയൊക്കെ അധഃസ്ഥിതരുടെയും പ്രയാസപ്പെടുന്നവരുടെയും വിഷയങ്ങളുണ്ടോ അവിടെയൊക്കെ വലിയ പ്രതീക്ഷ വളർത്തത്തക്കരീതിയിൽ അനുകൂല നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റിനെതിരെ ഉന്നയിച്ചിട്ടുള്ള ഈ ആക്ഷേപങ്ങളും ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്നും ഈ അവിശ്വാസ പ്രമേയത്തിനെ ശക്തമായി എതിർക്കേണ്ടതാണെന്നും മാത്രമാണ് ഈ സന്ദർഭത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നത്.

മി. സ്പീക്കർ: സഭാനടപടികൾ ലൈവായി ടെലികാസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകം മുഴുവനും കണ്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇങ്ങനെ ചുറ്റിക്കറങ്ങി നടക്കരുത്. ദയവായി സീറ്റിലിരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനിവിടെ ഒരു ആരോപണം ഉന്നയിച്ചു. റവന്യൂ വകുപ്പിൽ നടക്കുന്ന കാര്യം അങ്ങ് അറിഞ്ഞില്ലെന്ന് റവന്യൂ സെക്രട്ടറിക്ക് എഴുതിയ കത്താണ് എന്റെ കയ്യിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയതാണെങ്കിൽ എനിക്ക് മനസ്സിലാകും. ഈ കത്തിലുള്ളത് ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഒപ്പാണ്. അതിനെക്കുറിച്ച് അങ്ങ് ഒരക്ഷരം പറഞ്ഞില്ലല്ലോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതിനെക്കുറിച്ച് പരാമർശിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ എഴുതിയതിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. എങ്ങനെയാണ് ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതെന്നത് സംബന്ധിച്ച നിർദ്ദേശം വ്യക്തമായി ഞാനതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് അങ്ങിവിടെ രേഖപ്പെടുത്തുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പാണ് ഉത്തരവിറക്കിയത്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോൾ ഇന്ന രൂപത്തിലാണ് ചെയ്യേണ്ടതെന്ന് നിർദ്ദേശിച്ച കത്താണ് അങ്ങിവിടെ വായിച്ചത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഡോ. എം. കെ. മുനീർ പ്രസംഗിച്ചപ്പോൾ കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ചില അഴിമതികൾ നടത്തിയിട്ടുണ്ടെന്ന് ഉന്നയിക്കുകയുണ്ടായി. ആരോപണം ഉന്നയിക്കാൻവേണ്ടി നേരത്തെ എഴുതിത്തന്ന വാചകം കണ്ടപ്പോൾ എന്താണ് ഉന്നയിക്കാൻ പോകുന്നതെന്ന് വിചാരിച്ച് ഞാൻ അത്ഭുതപ്പെട്ടുപോയി. പക്ഷേ, അദ്ദേഹം പറഞ്ഞപ്പോൾ ആരോപണങ്ങൾ എത്ര ദുർബ്ബലമായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചു. അദ്ദേഹം അഞ്ചാറ് വർഷം പിറകിലോട്ട് പോയോ എന്നൊരു സംശയം. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് എല്ലാ തരത്തിലുമുള്ള പർച്ചേസും നടത്തുന്നത്. സുതാര്യവും നിയമപരവുമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് നടത്തുന്നതെന്ന് എല്ലാവർക്കുമറിയാം. കൊവിഡ്-19 റിപ്പോർട്ട് ചെയ്തുശേഷം സ്തുത്യർഹമായ പ്രവർത്തനമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടത്തിയത്. നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ലോകത്ത് പലയിടത്തും ഉണ്ടായതുപോലെ സുരക്ഷാ ഉപകരണങ്ങളും മരുന്നും ലഭ്യമാകാത്തൊരു അവസ്ഥയുണ്ടാകാതിരിക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സുരക്ഷാ ഉപകരണങ്ങളോ പരിശോധനയ്ക്ക് ആവശ്യമായ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തതുകൊണ്ടുള്ള പ്രയാസം നമുക്കനുഭവ പ്പെടേണ്ടി വന്നിട്ടില്ല. എന്നാൽ, അങ്ങനെയൊരു പ്രയാസം ഉണ്ടാകാതിരിക്കാൻ സാഹസികമായിത്തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രവർത്തിക്കേണ്ടതായി വന്നിട്ടുണ്ട്. 2020 ജനുവരി മാസത്തിൽ ആദ്യമായി കോവിഡ്-19 റിപ്പോർട്ട് ചെയ്തപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ കോവിഡ്-19 ചികിത്സയ്ക്കാവശ്യമായ വ്യക്തിസുരക്ഷാ ഉപകരണങ്ങൾ, പി.പി.ഇ. കിറ്റ് അതുപോലെ മറ്റ് ലബോറട്ടറി ഉപകരണങ്ങളെല്ലാം കാലേക്കൂട്ടി ശേഖരിക്കുന്നതിന് പരിശ്രമിക്കുകയുണ്ടായി. അത് കേരളത്തിന്റെ ഒരു സ്വഭാവമാണ്.

5.00 PM]

എത്രതന്നെ ധനം ചെലവായാലും ആവശ്യമുള്ളതെല്ലാം കൃത്യമായി ശേഖരിച്ചുവയ്ക്കണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കൃത്യമായി ശേഖരിച്ചുവയ്ക്കാൻ സാധിക്കുകയും ചെയ്തു. അത് ലഭിക്കുന്നത് എളുപ്പമായിരുന്നില്ല. ലോകം മുഴുവൻ കോവിഡ്-19 പടർന്നുപിടിച്ചപ്പോൾ മാർക്കറ്റിൽ മരുന്നിനും മറ്റും ക്ഷാമം അനുഭവപ്പെട്ടിരുന്നു.

കമ്പനികൾ പലതും ചോദിച്ചതിന്റെ കാൽഭാഗംപോലും സപ്ലൈ ചെയ്യാൻ തയ്യാറാകാത്ത അവസ്ഥയുണ്ടായിരുന്നു. പക്ഷേ, നമ്മൾ മുൻകൂട്ടി ഇടപെട്ടതിന്റെ ഭാഗമായി കേരളത്തിൽ അത്രയും ഷോർട്ടേജ് വന്നില്ല എന്നുള്ളത് സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഗുണം കൂടി സൂചിപ്പിക്കുന്നതാണ്. നേരത്തെ രണ്ടുതവണ 'നിപ' വൈറസ് വന്നപ്പോൾ ശേഖരിച്ചുവച്ച പി.പി.ഇ. കിറ്റും മറ്റും കുറച്ച് സ്റ്റോക്കുണ്ടായിരുന്നതുകൊണ്ട് തുടക്കത്തിൽ വലിയൊരു കുറവ് അനുഭവപ്പെടാതെ തുടങ്ങാൻ സാധിച്ചുവെന്നത് വസ്തുതയാണ്. അത് ഉപയോഗിക്കുന്നതിനിടയിൽ ഈ രോഗം വ്യാപിക്കാനിടയുണ്ടെന്ന് കണ്ടുകൊണ്ട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാർക്കറ്റിൽ ഇടപെട്ട് കമ്പനികളുമായി ബന്ധപ്പെട്ട് അവശ്യസാധനങ്ങൾ ശേഖരിക്കാൻ തുടങ്ങി. സ്പെയർ പാർട്സുകൾ, അസംസ്കൃത വസ്തുക്കൾ, ലബോറട്ടറി ഉപകരണങ്ങൾ, വ്യക്തിസുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ പൊതുവിപണിയിൽ ധാരാളമായി മാർക്കറ്റ് ചെയ്തിരുന്നത് ചൈനയായിരുന്നു. എന്നാൽ ചൈനയിൽത്തന്നെ ഈ അസുഖം വന്നു. ചൈനയിൽനിന്നുള്ള സപ്ലൈ കുറഞ്ഞുവന്നപ്പോൾ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ലോകത്തുള്ള മറ്റ് കമ്പനികളുമായി നമുക്ക് ഇടപെടേണ്ടതായി വന്നു. അടിയന്തരഘട്ടം വന്നസമയത്ത് ഒരു പ്രത്യേക ഉത്തരവിലൂടെ സ്റ്റോക്ക് പർച്ചേസ് നിയമാവലികളുടെ ഇളവുകൾ, അതായത്, ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവറിൽ മാറ്റം വരുത്തി; അത് സ്വാഭാവികമായും ചെയ്യുന്നതാണ്. അത്തരം മുഴുവൻ ഉപകരണങ്ങളുടെയും സംഭരണപ്രക്രിയ പൂർത്തിയാക്കാനാണ് ശ്രമിച്ചത്. പി.പി.ഇ. കിറ്റുകളും മാസ്കുകളുമെല്ലാം കേന്ദ്ര ഏജൻസികളായ DRDO (Defence Research and Development Organisation), SITRA (South India Textile Research Association) തുടങ്ങിയ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റോടുകൂടി മാത്രമേ ശേഖരിക്കാൻ കഴിയുകയുള്ളൂ. ഡോ. എം. കെ. മുനീർ പറഞ്ഞത് 300 രൂപയ്ക്ക് പി.പി.ഇ. കിറ്റ് കിട്ടും; എന്നിട്ട് 1550 രൂപ ചെലവാക്കി എന്നാണ്. അതിന്റെയെല്ലാം കണക്ക് സംബന്ധിച്ച് ചോദിച്ചാൽ കൃത്യമായി പറഞ്ഞുകൊടുക്കാം. മാർക്കറ്റിൽ നൂറ് രൂപയ്ക്കും പി.പി.ഇ കിറ്റ് കിട്ടും. പക്ഷേ, ആ കിറ്റ് വാങ്ങിക്കൊടുത്താൽ അതുകൊണ്ട് വേറെ കാര്യമൊന്നുമുണ്ടാകില്ല. ഇതിന്റെ ഗുണനിലവാരം പൂർണ്ണമായും നമ്മൾ ഉറപ്പുവരുത്തണം. അതിന് DRDO, SITRA എന്നിവരുടെ സർട്ടിഫിക്കറ്റോടുകൂടിയ മുദ്രയുള്ളവയാണ് വാങ്ങാൻ സാധിക്കുന്നത്. ക്വാളിറ്റിയുടെ കാര്യത്തിൽ ഒരു കോംപ്രമൈസിനും കേരള ഗവൺമെന്റ് തയ്യാറായിട്ടില്ല. അതേസമയം സുരക്ഷാ ഉപകരണങ്ങൾ ടെണ്ടർ ചെയ്യുമ്പോൾ, പ്രത്യേകിച്ച് ടെണ്ടർ റേറ്റ് നമുക്ക് കാണാൻ സാധിക്കാത്ത അല്ലെങ്കിൽ അത്തരത്തിൽ ഇല്ലാത്ത സാഹചര്യത്തിൽ ഷോർട്ട് ടെണ്ടർ മുഖേന പർച്ചേസ് ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുമ്പോഴും ഇലക്ട്രോണിക് മീഡിയയിൽ

ഇതുസംബന്ധിച്ച് കൃത്യമായ വില മനസ്സിലാക്കുകയും അതിൽ കുറഞ്ഞ വിലയ്ക്ക് പർച്ചേസ് ചെയ്യാൻ ശ്രമിക്കുകയുമാണ് ചെയ്തത്. മറ്റ് സംസ്ഥാനങ്ങളിലെ പല ഭാഗത്തുനിന്നും എങ്ങനെയാണ് നിങ്ങൾ കാർട്ടലൈസേഷൻ ഒഴിവാക്കി ഇത്ര ശാസ്ത്രീയമായി പർച്ചേസ് ചെയ്യുന്നതെന്ന് മന്ത്രിമാർ വിളിച്ചപ്പോൾ ഞങ്ങളോട് ചോദിച്ചിരുന്നു. നേരത്തെ തന്നെ കമ്പനികളോട് ക്വാട്ട് ചെയ്ത്, ബാർഗെയിൻ ചെയ്ത് ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെ ഇടപെട്ടുകൊണ്ട് മാർക്കറ്റിലുള്ള അവരുടെ മത്സരത്തിനും ചൂഷണത്തിനും വിധേയമായി ശേഖരിക്കേണ്ടി വന്നിട്ടില്ല. മാർക്കറ്റ് പ്രൈസിൽ ലഭ്യമായിട്ടുള്ള നിരക്കുകളുമായി താരതമ്യം ചെയ്താൽ അതിൽ കുറഞ്ഞവിലയ്ക്കാണ് വാങ്ങാൻ സാധിച്ചിട്ടുള്ളത്. ഇത്തരത്തിൽ ടെണ്ടർ ചെയ്ത് കിട്ടാത്തൊരു അവസ്ഥ വരുന്ന അടിയന്തരഘട്ടത്തിൽ ലോക്കൽ മാർക്കറ്റിൽനിന്നും പർച്ചേസ് ചെയ്യേണ്ടതായിവരും. പക്ഷേ, അപ്പോഴും മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തി അതിൽ കുറഞ്ഞവിലയ്ക്ക് മാത്രമാണ് ഇത്തരം സാധനങ്ങളെല്ലാം വാങ്ങുന്നത്. കോടിക്കണക്കിന് രൂപയാണ് കോവിഡ്-19-നെ പ്രതിരോധിക്കുന്നതിനുവേണ്ടി ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. ഇത്രയുംനാൾ മുഴുവൻ ആളുകൾക്കും സൗജന്യചികിത്സ കൊടുക്കാൻ എത്ര കോടി രൂപ വരുമെന്നുള്ളതിന്റെ കണക്കുകളെല്ലാം നമ്മുടെ പക്കലുണ്ട്. അതുപോലെതന്നെ പി.പി.ഇ. കിറ്റ് വാങ്ങുന്നതിന് 157 കോടിയോളം രൂപ ചെലവായിട്ടുണ്ട്. നമുക്ക് തുടക്കത്തിൽ 4 ലാബുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിലവിൽ 21 ലാബുകളുണ്ട്. അതിനാവശ്യമായ PCR (Polymerase Chain Reaction), Automated RNA Extraction തുടങ്ങിയ മെഷീനുകളെല്ലാം വാങ്ങേണ്ടതായി വന്നിട്ടുണ്ട്. 220 കോടിയിലേറെ രൂപ ടെസ്റ്റിംഗ് കിറ്റുകൾ വാങ്ങാൻ ചെലവായിട്ടുണ്ട്. ഇതിന്റെയെല്ലാം വ്യക്തമായ കണക്ക് ഏത് ഓഡിറ്റിനും വിധേയമാക്കാൻ തക്കവിധത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. അഞ്ച് പൈസയുടെ അഴിമതി നിങ്ങൾക്കാർക്കും അതിൽ ഉന്നയിക്കാൻ സാധിക്കില്ല. ഇത് പഴയകാലമല്ല എന്നുള്ളത് മനസ്സിലാക്കണം. ലാബ് ഉപകരണങ്ങളെല്ലാം ഐ.സി.എം.ആർ. അപ്രൂവ്ഡ് നിരക്കിലാണ് വാങ്ങുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അങ്ങനെയാണ് സംഭരിക്കുന്നത്. അതുപോലെ രോഗ വർദ്ധനവിനനുസരിച്ചാണ് ടെസ്റ്റ് ചെയ്യുന്നത്. നമ്മൾ ശാസ്ത്രീയമായാണ് ടെസ്റ്റ് ചെയ്യാൻ തുടങ്ങിയത്. കേരളത്തിൽ ഇന്നുവരെ കോവിഡ്-19-നെ പ്രതിരോധിക്കാൻ ശാസ്ത്രീയമായ മാർഗ്ഗമാണ് ഉപയോഗിച്ചത്. ഇപ്പോഴും നമ്മുടെ മാർഗ്ഗം ശരിയാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യംതന്നെ mitigation method എന്നുപറയുമ്പോൾ, അന്ന് ഞാൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അമേരിക്കയുടെ method ആണോ? അവിടെ പത്തിരുപത്തിയഞ്ച് പേർ മരിച്ചുപോയല്ലോ; അന്ന് ഇരുപത്തിയഞ്ച് പേരെ മരിച്ചിട്ടുണ്ടായിരുന്നുള്ളൂ.

എന്നിട്ടും നമ്മൾ പറഞ്ഞു, ആ method ആകുമ്പോൾ ആളുകൾ മരിച്ചുപോകുന്നുണ്ടല്ലോ. പക്ഷേ, ഇന്നും mitigation method സ്വീകരിച്ച അമേരിക്കയിൽ ഒന്നേമുക്കാൽ ലക്ഷത്തിലേറെപേരാണ് മരിച്ചത്. നമ്മൾ ആ method അല്ല സ്വീകരിച്ചത്, നമ്മുടെ method അനുസരിച്ച് രോഗം വർദ്ധിച്ചുവരുന്നതിനനുസരിച്ച് അതിന്റെ ഗ്രാഫ് താഴ്ത്തിക്കൊണ്ടുവരും. രോഗം വരാതിരിക്കില്ല, എല്ലാവരും പറഞ്ഞു. ഗ്രാഫ് താഴ്ത്തുക മാത്രമല്ല, നമ്മുടെ ഹെൽത്ത് സിസ്റ്റത്തിന്റെ ശക്തി വർദ്ധിപ്പിച്ച് രോഗവ്യാപനത്തിന്റെ ശക്തി health system receivers-നേക്കാൾ താഴ്ത്തിവയ്ക്കുക; ഇതാണ് ഇന്നും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈ ഉപകരണങ്ങളെല്ലാം ശേഖരിച്ചതും ലാബുണ്ടാക്കി ടെസ്റ്റ് നടത്തിയതും. ആദ്യംതന്നെ എല്ലാവരെയും ടെസ്റ്റ് ചെയ്യേണ്ട കാര്യമില്ല. പക്ഷേ, ടെസ്റ്റ് ചില ഘട്ടത്തിൽ വർദ്ധിപ്പിക്കേണ്ടതായിവരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി തവണ പത്രസമ്മേളനങ്ങളിലൊക്കെ ഇക്കാര്യം വ്യക്തമായി വിശദീകരിച്ചു. അതൊന്നും കേൾക്കുന്നുണ്ടാകില്ലെന്നാണ് എനിക്ക് തോന്നുന്നത്. കേട്ടാലും മനസ്സിലാകാത്തതുപോലെ നടിക്കുന്നതാണോയെന്ന് എനിക്ക് അറിയില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ഇപ്പോൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് mitigation method ആണ്. Containment method-ഉം mitigation method-ഉം ഒരുമിച്ച് നടത്തണമെന്നാണ് ഞാൻ പറഞ്ഞത്. അതാണ് ശാസ്ത്രീയ വശം. നിങ്ങൾ ആരോടുവേണമെങ്കിലും ചോദിച്ചുനോക്കുക. തെറ്റിദ്ധരിപ്പിക്കപ്പെട്ട് സോഷ്യൽ മീഡിയയിൽ ആളുകൾ എനിക്കെതിരെ എഴുതുന്നതനുസരിച്ച് അങ്ങ് പറയരുത്. അങ്ങ് ഉത്തരവാദിത്വമുള്ള ആളല്ലേ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഞാൻ അങ്ങേയ്ക്കെതിരെ ആവശ്യമില്ലാത്ത ആരോപണം ഉന്നയിക്കണമെന്ന് ആഗ്രഹിക്കുന്നതേയില്ല. കോവിഡ്-19 വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നമ്മളെല്ലാവരും സഹകരിച്ച് ഇതിനെ നേരിടണമെന്ന് തീരുമാനിച്ചതാണ്. പക്ഷേ, ഞാൻ സഭ അവസാനിക്കുന്ന ഘട്ടത്തിൽ വേറെ ആരോപണമായിട്ടൊന്നും വരുന്നില്ല. നാട്ടിലെ ജനങ്ങളെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. എത്ര സാഹസികമായിട്ടാണ് ഞങ്ങൾ ഓരോ നിമിഷവും മുന്നോട്ടുപോയത്. എന്തെല്ലാം തരത്തിലുള്ള പ്രകടനങ്ങളാണ്; അത് എല്ലാവരുമെന്ന് ഞാൻ പറയില്ല. പാവപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും വാർഡുമെമ്പർമാരും അടക്കമുള്ള എല്ലാ പാർട്ടിയിലെയും ആളുകൾ ഇതിനുവേണ്ടി ഉത്സാഹിക്കുമ്പോൾ ഇവിടെ എന്താണുണ്ടായിട്ടുള്ളതെന്ന് ഇപ്പോൾ ആരോപണമായിട്ടൊന്നും ഉന്നയിക്കുന്നില്ല. പക്ഷേ, എന്നോട് ഞങ്ങൾ വിചാരിച്ച സ്പീഡിൽ ചെയ്യാൻ ചിലയിടത്ത് തടസ്സമുണ്ടാകുന്നുവെന്ന് ചില യു.ഡി.എഫ്. പഞ്ചായത്ത് പ്രസിഡന്റുമാരടക്കം

സങ്കടം പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. എന്നിട്ടും അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും നിർദ്ദേശിച്ച രീതിയിൽത്തന്നെ കൊവിഡ്-19-നെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു. കാരണം, അവരുടെ പഞ്ചായത്തിൽ കോവിഡ്-19 വർദ്ധിച്ചാൽ അവർക്കുകൂടി ബുദ്ധിമുട്ടാണല്ലോ. പക്ഷേ, ചിലയിടത്ത് അങ്ങനെയല്ലാത്ത ചില കാര്യങ്ങളുണ്ട്. Mitigation method എന്ന് താങ്കൾ അന്ന് പറഞ്ഞത് containment method പാടില്ല എന്നുള്ള അർത്ഥത്തിൽ തന്നെയാണ്. ഞാൻ അതിന്റെ തർക്കത്തിലേയ്ക്കൊന്നും പോകുന്നില്ല. ഇപ്പോൾ സ്വീകരിച്ച method എന്താണ്? ഇപ്പോൾ സ്വീകരിച്ചതും അമേരിക്കയിൽ സ്വീകരിച്ച mitigation method അല്ല. ക്ലസ്റ്റർ വരുമെന്ന് കണ്ടപ്പോൾ ക്ലസ്റ്റർ മാനേജ്മെന്റ് സ്ട്രാറ്റജിയുണ്ടാക്കി. ലോക്ക്ഡൗൺ ലിഫ്റ്റ് ചെയ്താൽ രോഗികളുടെ എണ്ണം കൂടുമെന്ന് നമ്മൾ പറഞ്ഞു. Early celebration നടത്തിയെന്ന് നിങ്ങൾ പറഞ്ഞു. ഒന്നും നടത്തിയിട്ടില്ല. ആദ്യത്തെ ഘട്ടത്തിൽ നമുക്കുണ്ടായിട്ടുള്ള വിജയം എല്ലാവരും അംഗീകരിച്ചു. അന്നും നമ്മൾ പറഞ്ഞതെന്താണ്? ആയിട്ടില്ല. കേരളത്തിൽ ചിലപ്പോൾ അടുത്തൊരു wave വരാനുണ്ട്. ലോക്ക്ഡൗൺ ലിഫ്റ്റ് ചെയ്യുമ്പോൾ വരും. കാരണം, ധാരാളം ആളുകൾ പുറത്ത് നിന്നൊക്കെ വരാനുണ്ട്. ഞങ്ങൾ അങ്ങനെയേ പറഞ്ഞിട്ടുള്ളൂ. ഈ ഗവൺമെന്റ്, 'എല്ലാം തീർന്നു, ഞങ്ങൾ വിജയത്തിന്റെ കൊടുമുടിയിൽ കയറി നിൽക്കുകയാണ് എന്ന് പറഞ്ഞിട്ടില്ല. ക്ലസ്റ്റർ മാനേജ്മെന്റ് സ്ട്രാറ്റജിയുണ്ടാക്കിയതും തീരദേശത്തിനുവേണ്ടി പ്രത്യേക പ്ലാൻ തയ്യാറാക്കിയതും ആദിവാസി മേഖലയിൽ പ്രത്യേക ട്രൈബൽ പ്ലാനുണ്ടാക്കിയതും അങ്ങനെ വരുമെന്ന് കണ്ടിട്ടാണ്. ഇന്നിപ്പോൾ നടക്കുന്നത് ക്ലസ്റ്റർ മാനേജ്മെന്റ് സ്ട്രാറ്റജിയാണ്. ഞാൻ അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതുകൊണ്ട് പറഞ്ഞു എന്നേയുള്ളൂ. ലോകരാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇപ്പോഴും നമ്മുടെ സ്ഥാനം അത്ര മോശമല്ല. കേസ് പതിനായിരം ആകുമെന്ന് പറഞ്ഞത് ഞാനല്ല. അത് സെപ്റ്റംബറിൽ വർദ്ധിക്കാമെന്ന് കാൻപൂർ ഐ.ഐ.ടി.-യുടെയും ഇവിടത്തെ SDMA (State Disaster Management Authority) യുടെയും പഠനമുണ്ട്. വർദ്ധിക്കില്ല എന്നുപറയാൻ ഞാനാരാണ്? വർദ്ധിക്കുമെന്ന് കണ്ടുകൊണ്ട് പ്രവർത്തിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയും നിർദ്ദേശിച്ചത്. അതിനനുസരിച്ചുള്ള പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്.

ഹെൽത്ത് വർക്കർമാർക്ക് ശമ്പളം കൊടുക്കുന്നില്ലെന്ന കാര്യംകൂടി ഉന്നയിച്ചു; എവിടെ നിന്നാണ് ബഹുമാനപ്പെട്ട മെമ്പർക്ക് അത് കിട്ടിയത് എന്നറിയില്ല. ഇവിടെ കോൺട്രാക്ട് ബേസിൽ, എൻ.എച്ച്.എം. മുഖേന പല മേഖലകളിലായി

ഇപ്പോൾ താൽക്കാലികമായി പതിനായിരത്തിനടുത്ത് ആളുകളെ എടുത്തു. അവർക്ക് ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കണമെന്നാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഓർഡറും ഇറങ്ങി. ഈ ഓർഡറുകളെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷം ഒന്ന് വായിച്ചാൽ തരക്കേടില്ല. അതിനനുസരിച്ച് ഒരു കോൾ കൊടുത്തപ്പോൾ പതിനായിരത്തിലേറെ ആളുകൾ കോവിഡ്-19 ബ്രിഗേഡിന്റെ പോർട്ടലിൽ വോളണ്ടിയറായി വരികയാണ്. വോളണ്ടിയർ എന്നുപറഞ്ഞാൽ കാശുകൊടുക്കാതെയല്ല; ഈ മേഖലയിൽ പ്രവർത്തിക്കാൻ സ്വമേധയാ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. അവർക്കുള്ള ട്രെയിനിംഗാണ് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ശമ്പളം കുറച്ചു എന്ന് എവിടെയെങ്കിലും എന്തെങ്കിലും വാർത്ത കണ്ടിട്ട് പറയരുത്. ഒരു കാര്യം കൂടി പറയുന്നു. എയർപോർട്ടിൽനിന്ന് ചുളുവിന് ഇറങ്ങിപ്പോയി എന്ന് ഞാൻ പറഞ്ഞെന്ന് പറയുന്നു. ഞാൻ ആ വാക്ക് പ്രയോഗിച്ചിട്ടേ ഇല്ല. ഇവിടെ കോവിഡ്-19-ന്റെ രണ്ടാം ഘട്ടത്തിൽ ഇറ്റലിയിൽ നിന്നൊക്കെ ആളുകൾ വരുമ്പോൾ എയർപോർട്ടിൽ കേന്ദ്ര ഗവൺമെന്റ് യൂണിവേഴ്സൽ സർവ്വൈലൻസ് പ്രഖ്യാപിച്ചിരുന്നില്ല. ആ സമയത്ത് പുറത്തുനിന്ന്, ഗവൺമെന്റ് നിശ്ചയിച്ച ഹെൽപ്പ് ഡെസ്കിൽ സ്വമേധയാ വന്നുപറഞ്ഞവരെ മാത്രമേ നമുക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ ചിലർ പറഞ്ഞില്ല. അവർ പുറത്തു പോയി എന്നുള്ളതാണ് പറഞ്ഞത്. എന്തെങ്കിലുമൊരു ആരോപണം ഉന്നയിക്കാൻവേണ്ടി ഉന്നയിക്കുന്നത് ശരിയായ രീതിയല്ല. അതുകൊണ്ട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന പർച്ചേസ് നടത്തിയതിന്റെ ഭാഗമായി ഒട്ടും അഴിമതി നടന്നിട്ടില്ലെന്ന് ഈ സഭയുടെ മുമ്പാകെ ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പക്കൽ അതിന്റെ വിശദമായ കണക്കുണ്ട്. സമയം വൈകിയതുകൊണ്ട് ഞാൻ ഓരോന്നും വായിക്കുന്നില്ല. കൃത്യമായ മാനദണ്ഡങ്ങളനുസരിച്ച് ക്വാളിറ്റി അഷ്വറൻസുണ്ടാക്കി മാർക്കറ്റിൽനിന്ന് പത്ത് പൈസയ്ക്ക് കിട്ടുന്ന സാധനം വാങ്ങിക്കൊണ്ടുവരലല്ല. ഇത് ആരോഗ്യ പ്രവർത്തകരുടെ ജീവൻ രക്ഷിക്കാനാവശ്യമായ പ്രവർത്തനമാണ്. PPE കിറ്റ് നൂറ്റിഅൻപത് രൂപയ്ക്ക് കിട്ടുന്നത് മാർക്കറ്റിൽനിന്ന് വിലപേശി വാങ്ങിക്കൊണ്ടു വരേണ്ട കാര്യമല്ല. അദ്ദേഹം അങ്ങനെ പറഞ്ഞത് ശരിയായില്ല. അതുകൊണ്ട് ഞാൻ ഈ അഴിമതി ആരോപണത്തെ നിഷേധിക്കുന്നു. വളരെ വ്യക്തമായി ഏത് ചോദ്യത്തിനും മറുപടി പറയാൻ തയ്യാറാണ്. സത്യസന്ധമായി ഇക്കാര്യം നിർവ്വഹിച്ച കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഞാൻ അനുമോദിക്കുകയാണ്. അത്ര സാഹസികമായ ഒരു പ്രവർത്തനം അവർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കഴമ്പുമില്ല.

ഡോ. എം. കെ. മുനീർ: സർ, ...........

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യത്തിന് മറുപടി പറഞ്ഞു. ഇതിൽ ഡിബേറ്റില്ല. ദയവായി ഇത് നീട്ടികൊണ്ടുപോകരുത്.

ഡോ. എം. കെ. മുനീർ: സർ, കുറേക്കാലമായി ഞാനെന്തോ ഡോക്ടറാണെന്ന് പറയുന്നു. ഞാൻ വേറെ എവിടെനിന്നോ വാങ്ങിയ സർട്ടിഫിക്കറ്റൊന്നുമല്ല. എനിക്കത് ആരെയും കാണിക്കേണ്ട ആവശ്യവുമില്ല. പക്ഷേ, വേറൊന്ന് ഞാൻ പറയുന്നു. ഞാൻ ചീപ്പായ സാധനം വാങ്ങാൻ പറഞ്ഞുവെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞല്ലോ. നിങ്ങൾ ചീപ്പായിട്ടുള്ള സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. 395 രൂപയുടേത് നിങ്ങൾ വാങ്ങിയിട്ടുണ്ട്. അതേ സമയംതന്നെ 1,500 രൂപയുടേതും വാങ്ങിയിട്ടുണ്ട്.

മി. സ്പീക്കർ: പറഞ്ഞല്ലോ..... ഇരിക്കൂ..... ഇരിക്കൂ.....കൂടുതൽ വ്യക്തത വരുത്താം.

ഡോ. എം. കെ. മുനീർ: സർ, 395 രൂപയുടെ ചീപ്പായ സാധനം വാങ്ങിയത് ആരെ പറ്റിക്കാനാണ്; ഇത് അന്വേഷണ വിധേയമാക്കാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: വ്യക്തത വരുത്താമെന്ന് പറഞ്ഞല്ലോ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലാ ക്വാളിറ്റിയും ഉറപ്പുവരുത്തിയിട്ടാണ് സാധനങ്ങൾ വാങ്ങുന്നത്. അത് യാതൊരു തർക്കവുമില്ലാത്ത കാര്യമാണ്. അത് എല്ലാവർക്കും അറിയാവുന്നതാണ്......(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ സഭയിൽ ഉന്നയിച്ചു. അതിന് മറുപടി പറഞ്ഞു. പിന്നെ എന്തുചെയ്യാൻ കഴിയും? ഇത് ശരിയല്ല. .....(ബഹളം)..... ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സംസാരിച്ച് കഴിഞ്ഞിട്ട് നിങ്ങൾക്ക് സംസാരിക്കാം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗത്തിന്റെ അവസാനംവരെ സാധാരണ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് പറഞ്ഞത്. പുതുതായി ഒരു ആരോപണമാണ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ചത്. അത് കാര്യം മനസ്സിലാക്കാതെയാണ്. ആ ഫയലുകളൊക്കെ അങ്ങയുടെ പക്കലുണ്ടല്ലോ. ആ ഫയൽ യഥാർത്ഥമായിരിക്കും, അല്ലെന്ന് ഞാൻ പറയുന്നില്ല. ഇവിടെ ശ്രീ. വി. ഡി. സതീശൻ ഷേക്സ്പിയറിനെയൊക്കെ ഉദ്ധരിച്ചു. അദ്ദേഹം ഷേക്സ്പിയറിനെ ഉദ്ധരിച്ചത് ശരിയായ തരത്തിലല്ല; അത് നോക്കാതെ പറഞ്ഞതാണ്. കാരണം, ജൂലിയസ് സീസറെ കൊന്നിട്ടിരിക്കുകയാണ്.

'ജൂലിയസ് സീസർ' എന്ന നാടകത്തിൽനിന്നാണ് ഉന്നയിച്ചത്. സീസറെ കൊന്നവരോടുള്ള രോഷം ആളിക്കത്തിക്കാൻ ലോകപ്രശസ്ത പ്രഭാഷകൻ മാർക്ക് ആന്റണി പ്രസംഗിക്കുകയാണ് - " Caesar is an honourable man" എന്ന് പറഞ്ഞിട്ട് അവസാനം അവിടെ എന്താണുണ്ടായത്? സീസറെ കൊല ചെയ്തവർക്കെതിരായി ജനക്കൂട്ടത്തെ ഇളക്കിവിട്ട് വഴിയിൽക്കണ്ട മുഴുവൻ ആളുകളെയും കൊല്ലുകയാണ്. അതാണ് ആ ഭാഗം. അതല്ല അദ്ദേഹം ഉന്നയിച്ചത്. ആ കൂട്ടത്തിൽ ഒരു കവി വന്നു. 'ഞാൻ ഇതിലുള്ളതല്ല, ഞാൻ ഒരു കവിയാണ്'. 'നീ കവിത എഴുതുന്നതാണ് നിന്റെ കുറ്റം'. കാലുകൾ രണ്ടായി വലിച്ചുകീറിയെറിഞ്ഞു. അദ്ദേഹം ഉന്നയിച്ചത് ജൂലിയസ് സീസറെ കൊന്ന അനുശോചന യോഗത്തിൽ മാർക്ക് ആന്റണിയുടെ പ്രസംഗമാണ്. എന്നിട്ട് ഉദ്ധരിച്ചു. ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട് "Much Ado About Nothing" ഒന്നുമില്ലായ്മയെപ്പറ്റിയുള്ള പ്രഭാഷണം. വേറൊരു പ്രയോഗമാണ് "full of sound and fury, signifying nothing." ഇക്കാര്യത്തിൽ മറ്റുള്ളവയൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്താണുണ്ടായത്? അങ്ങയോടല്ല, പൊതുവെ പ്രതിപക്ഷത്തോട് ഞാനിപ്പോൾ പറയുന്നത് അങ്ങയുടെ വില്ലിന്റെ ഞാൺ പൊട്ടിപ്പോയി, അമ്പിന്റെ മുനയൊടിഞ്ഞു പോയി, അതുകൊണ്ട് എങ്ങും എത്തിയിട്ടില്ല. ഇങ്ങോട്ടൊന്നും വന്നില്ല. ഞങ്ങൾ ഒന്നും കാണുന്നില്ല. അമ്പ് എങ്ങോട്ടാണ് പോയതെന്ന് ആർക്കുമറിയില്ല. കാരണം, ഞാൺ പൊട്ടി, അമ്പ് ഒടിഞ്ഞു. ഇതൊന്നും ഒരാരോപണമല്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ത് കുറ്റമാണ് ചെയ്തത്? ഒരു കുറ്റവും ചെയ്തില്ല. അങ്ങ് എഴുതിത്തന്നത് എന്താണ്; എനിക്കിന്ന് ഉച്ച കഴിഞ്ഞാണ് കിട്ടിയത്. പിന്നെ ഈ ഫയലൊക്കെ ഞാൻ എടുക്കുകയായിരുന്നു; യഥാർത്ഥ ഫയൽ. ഇതാണ് ആരോപണം- "ദേശീയപാതയുടെ ഓരത്തുള്ള കോടിക്കണക്കിന് വിലവരുന്ന സർക്കാർ ഭൂമി തുച്ഛമായ വിലയ്ക്ക് സ്വകാര്യ വ്യക്തിക്ക് കൈമാറാനുള്ള ചട്ടവിരുദ്ധവും ക്രമവിരുദ്ധവുമായ പൊതുമരാമത്ത് വകുപ്പിന്റെ തീരുമാനത്തെ അഴിമതിയും ക്രമക്കേടും (രേഖാമൂലമെന്ന് എഴുതിയിട്ട് വെട്ടിയിട്ടുണ്ട്, അത് എല്ലാ കോപ്പിയിലും വെട്ടിയിരിക്കുകയാണ്) ഉന്നയിക്കുന്നതിന് അനുവാദം കിട്ടി." രേഖയൊന്നും കണ്ടില്ല, അത് അതിനകത്തുണ്ടായിരിക്കാം. അത് സമ്മതിച്ചു. ദേശീയപാതയുടെ ഒരു സെന്റ് സ്ഥലംപോലും ഞങ്ങൾ എടുത്തിട്ടില്ല. ദേശീയപാതയുടെ ഒരു സെന്റ് സ്ഥലം എടുക്കണമെങ്കിൽ NHAI (National Highways Authority of India)-യുടെ അനുവാദം വേണം. അല്ലെങ്കിൽ MORTH (Ministry of Road Transport and Highways)-ന്റെ അനുവാദം വേണം. ഞങ്ങൾ എടുത്തിട്ടില്ല. എനിക്ക് ഇവിടെവച്ച് എന്റെ പ്രസംഗം അവസാനിപ്പിക്കാം. കാരണം, ഞങ്ങൾ എടുത്തിട്ടില്ല. മറുപടി തീർന്നു. പക്ഷേ, ഞാൻ ഇവിടെ നിർത്തുന്നില്ല. അൽപ്പംകൂടി എനിക്ക് പറയാനുണ്ട്.

കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പി.ഡബ്ല്യൂ.ഡി.-യുടെ കീഴിൽ രണ്ട് കമ്പനികളുണ്ടായിരുന്നു, ഒന്ന് 'ആശ്വാസ് ', മറ്റൊന്ന് 'പ്രതീക്ഷ'. എന്താണ് ഇവരുടെ ജോലി? എം.എൽ.എ.-മാർ കൊടുക്കുന്ന പണമടക്കം ഉപയോഗിച്ച് ബസ് ഷെൽട്ടറുകൾ പണിയുക. ഇവർ സ്വകാര്യ മേഖലയെക്കൊണ്ടാണ് ടെണ്ടർ ചെയ്യുന്നത്. ഗവൺമെന്റിന് അത് ചെയ്യാൻ സാധിക്കില്ല. എം.എൽ.എ.-മാർ പണിഞ്ഞ എത്രയോ ബസ് ഷെൽട്ടറുകളുണ്ട്. സ്ത്രീകൾക്ക് വിശ്രമിക്കാനും പ്രാഥമിക കാര്യങ്ങൾ നിറവേറ്റാനും കുഞ്ഞുങ്ങളെ നോക്കാനും കൂടാതെ ചായ, കോഫി മുതലായവ ലഭിക്കുന്നതുമായ ഒരുപാട് ഷെൽട്ടറുകൾ ആശ്വാസ് പണിഞ്ഞിട്ടുണ്ട്. അങ്ങ് തൃശ്ശൂരിൽ പോയാൽ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇത് സ്വകാര്യ മേഖലയെക്കൊണ്ട് ടെണ്ടർ ചെയ്യിപ്പിച്ചാണ് ചെയ്യുന്നത്. പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ്, ക്യാന്റീൻ എന്നിവ ടെണ്ടർ ചെയ്താണ് കൊടുക്കുന്നത്. നാഷണൽ ഹൈവേകൾ ഞങ്ങൾ ചെയ്തിട്ടില്ല; പക്ഷേ, നാഷണൽ ഹൈവേകൾ ചെയ്യാൻ എൻ.എച്ച്.എ.ഐ.-യോട് പറഞ്ഞിട്ടുണ്ട്. അവിടെയെല്ലാം ഇതുപോലെ ക്യാരേജ് വേ-യും കഴിഞ്ഞു; അതായത് വാഹനം ഓടുന്ന സ്ഥലവും, right of way അഥവാ ഭാവിയിൽ വികസിപ്പിക്കാവുന്ന സ്ഥലവും കഴിഞ്ഞ് ചില സ്ഥലങ്ങളിൽ നാലും അഞ്ചും ഏക്കർ സ്ഥലം റോഡിൽനിന്നും കുറച്ചുമാറി വെറുതെ കിടക്കുകയാണ്. അങ്ങനെയുള്ള സ്ഥലം ഏറ്റെടുത്താണ് ഇതുപോലുള്ള way side amenities പണിയുന്നത്. മനുഷ്യന് യാത്ര ചെയ്യുമ്പോൾ മൂത്രമൊഴിക്കണ്ടേ? അതിനുള്ള സൗകര്യങ്ങൾ കേരളത്തിൽ ഇല്ലല്ലോ. അതൊക്കെ പരിഷ്കൃത രാജ്യങ്ങളിലല്ലേ ഉള്ളൂ. ഇതിനാണ് ഈ സ്ഥലങ്ങൾ കണ്ടെത്താൻ പറഞ്ഞത്. അങ്ങനെ പത്ത് സ്ഥലങ്ങൾ മാത്രമാണ് കണ്ടെത്തിയത്. അതും ദേശീയപാതയിലല്ല. അതിൽ ഏഴെണ്ണം ലോക ബാങ്കിന്റെ നിക്ഷേപമുള്ള KSTP (Kerala State Transport Project)-യുടെ കൺട്രോളിലുള്ളതാണ്. പി.ഡബ്ല്യൂ.ഡി.-യുടെ സ്ഥലങ്ങളല്ല. അതിൽ ഏഴെണ്ണവും എം.സി. റോഡിലാണ്. പി.ഡബ്ല്യൂ.ഡി.-യുടേതായി മൂന്നെണ്ണമുണ്ട്. അവ തിരുവല്ല-കുമ്പഴ, ഏറ്റുമാനൂർ-എറണാകുളം, ചാലായി ജംഗ്ഷൻ adjoining to പി.യു.കെ.സി. റോഡ്, കണ്ണൂർ എന്നിവയാണ്. ഇത് എന്തുചെയ്യണമെന്ന് ഫയൽ വന്നു. ഫയൽ വന്നപ്പോൾ അതിന്റെ പതിമൂന്നാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നത് ഇത് ടെണ്ടർ ചെയ്ത് ഏജൻസിക്ക് കൊടുക്കണമെന്നാണ്. പതിനാലാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നത് ടെണ്ടർ ചെയ്യേണ്ട, നേരിട്ട് കൊടുക്കാമെന്നാണ്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതി: 'ടെണ്ടർ ചെയ്ത് കൊടുത്താൽ മതി'. അതിനുമുൻപ് ഫിനാൻസ് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹയാണ് അംഗീകരിച്ചിരിക്കുന്നത്. പിന്നീട് പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയും ചീഫ് സെക്രട്ടറിയും അംഗീകരിച്ചു. അതുകഴിഞ്ഞ് ഞാനും അതിനുതാഴെ ഒപ്പിട്ടു. ഒന്നും എഴുതിയില്ല. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഒരു കാര്യം കൂടി എഴുതി, ഖണ്ഡിക 13-ലെ നിർദ്ദേശം അനുസരിച്ച് ചെയ്യുക; അതായത് ടെണ്ടർ ചെയ്യുക. ടെണ്ടർ വിളിച്ചിട്ടുണ്ട്; അത് ആർക്കും കൊടുത്തിട്ടില്ല. ടെണ്ടർ പൊട്ടിച്ചിട്ടില്ല. അപ്പോൾ അങ്ങനെയൊരു തെറ്റിദ്ധാരണ മാറണം. ഒന്നാമത് ഇത് ദേശീയപാതയല്ല, രണ്ടാമത് പി.ഡബ്ല്യൂ.ഡി.-യുടെ സ്ഥലങ്ങൾ കെ.എസ്.റ്റി.പി.-യുടേതാണ്. അത് നിയമാനുസൃതമാണ്. ഇവിടെതന്നെ അങ്ങ് മനസ്സിലാക്കേണ്ടത് ഇത് വേണ്ടവിധം പഠിക്കാതെ ആരെങ്കിലും പറഞ്ഞുതന്നത് പറഞ്ഞതുകൊണ്ടു സംഭവിച്ചതാണ്. അല്ലെങ്കിൽ അങ്ങനെ സംഭവിക്കില്ല. നിങ്ങൾക്ക് ഇപ്പോൾ എല്ലാ കാര്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്ഷേപിക്കുക എന്നൊരു ശീലമുണ്ടല്ലോ. അപ്പോൾ ഇതുകൂടി വച്ച് ഇല്ലാ വടികൊണ്ടൊരു അടി. അങ്ങനെയൊരു വടിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് വാസ്തവവിരുദ്ധമായ കാര്യമാണ്. കാരണം, ഇത് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം നേരിട്ട് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നടത്തുന്നതാണ്. നിങ്ങൾ പൊതുമേഖലയെപ്പറ്റി പറയുന്നവരാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കത്ത് ഈ ഫയലിനകത്തുണ്ട്. അങ്ങ് പറഞ്ഞു രേഖയില്ലെന്ന്. ഞാൻ ഇതുമുഴുവൻ കൊടുത്തുവിടാം. അപ്പോൾ കാണാമല്ലോ. അല്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കത്തുണ്ടായിട്ടും അവർക്ക് കൊടുക്കാതെ മാർക്കറ്റ് വിലയ്ക്കല്ലാതെ പ്രമാണങ്ങളിൽ സൂചിപ്പിക്കുന്ന വിലയനുസരിച്ച് കൊടുക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതിയത്. അതാണ് തെറ്റായ നടപടി. അതുമാത്രമല്ല അതിന്റെ പ്രയോജനം കിട്ടുന്നത് സ്വകാര്യ വ്യക്തികൾക്കാണ്. പത്തുപതിനാല് പേർ ഇതിനുവേണ്ടി ഇവിടെ വട്ടമിട്ട് പറക്കുകയാണ്. ഇതൊരു അഴിമതിയാണെന്ന് ഞാൻ പറയുന്നത് അതുകൊണ്ടുതന്നെയാണ്. ഞാൻ അത് ആവർത്തിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ എഴുതിയിട്ടുണ്ടെന്ന് ആരാണ് പറഞ്ഞത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആകെ ഇത്രയേ എഴുതിയിട്ടുള്ളൂ, "ഖണ്ഡിക 13-ലെ നിർദ്ദേശം അംഗീകരിച്ച് തുടർ നടപടി സ്വീകരിക്കുക" വേറൊന്നും എഴുതിയിട്ടില്ല. അങ്ങനെ എഴുതാറുമില്ല. രണ്ടാമത്തെ ഓക്ഷനാണ് നിങ്ങൾ പറയുന്നത്. നേരിട്ട് കൊടുക്കാനാണ് സെക്ഷൻ 14-ൽ പറയുന്നത്. അത് വേണ്ട. അതിനകത്താണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കാര്യം വരുന്നത്. അങ്ങനെ നേരിട്ട് ഐ.ഒ.സി.-ക്ക് കൊടുക്കാൻ സാധിക്കില്ല. ടെണ്ടർ ചെയ്ത് മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. ഖണ്ഡിക 13 ഞാൻ വായിക്കാം. 'The first auction would be by calling the bids, RFPs from companies, agencies including private.' ഞാൻ പറഞ്ഞല്ലോ. ആശ്വാസും പ്രതീക്ഷയുമൊക്കെ

പ്രൈവറ്റ് ഏജൻസിയെക്കൊണ്ടല്ലേ പണി ചെയ്യിക്കുന്നത്? പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് ടെണ്ടർ ചെയ്ത് പ്രൈവറ്റ് പാർട്ടിക്കാണ് കൊടുക്കുന്നത്. അത് സ്വാഭാവികമാണ്. അതാണിത്; എന്നുമാത്രമല്ല ഇതിന്റെ മാനദണ്ഡം എൻ.എച്ച്.എ.ഐ. ഇറക്കിയിരിക്കുന്ന ബൈലോ അനുസരിച്ചാണ്, അത് ഇതിലുണ്ട്. ആ ബൈലോ അനുസരിച്ച് ഇന്ത്യ മുഴുവൻ എൻ.എച്ച്.എ.ഐ. ടെണ്ടർ ചെയ്ത് കൊടുത്തുകൊണ്ടിരിക്കുകയാണ്. പാർലമെന്റിൽ ആർക്കെങ്കിലും ഇതിനെ എതിർക്കാൻ കഴിയുമോ? കഴിയില്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് വേണമെങ്കിൽ അതിൽ പങ്കെടുക്കാം. ഞങ്ങൾ ഇങ്ങനെയൊരു നല്ല കാര്യം ചെയ്യാൻ നടത്തിയ ശ്രമങ്ങളിൽ അഴിമതിയുടെ പ്രശ്നമില്ലെന്ന് മാത്രമല്ല ഇതൊക്കെ അങ്ങയുടെ തെറ്റിദ്ധാരണകളാണ്. ഞാൻ ഒരു കാര്യം കൂടി പറയാം. അങ്ങയുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് അതായത് 2011 മേയ് 2-ാം തീയതി റവന്യൂ വകുപ്പ് ഇറക്കിയിരിക്കുന്ന ഗവൺമെന്റ് ഉത്തരവിൽ പറയുന്നത് പാട്ടം സംബന്ധിച്ച വ്യവസ്ഥകളാണ്. ആ വ്യവസ്ഥ ഏൽപ്പിച്ച കാര്യത്തിനല്ലാതെ ഒരു വകുപ്പ് മറ്റ് കാര്യത്തിന് ചെയ്യുകയാണെങ്കിൽ അത് റവന്യൂ വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. .... (ബഹളം)...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, .......

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... ഇരിക്കൂ.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ ജി.ഒ. അല്ലേ വായിക്കുന്നത്. ഞാൻ പറഞ്ഞിട്ട് അങ്ങ് പറഞ്ഞോളൂ. ഇടയ്ക്ക് പറയാൻ പാടില്ല. വേണമെങ്കിൽ ശ്രീ. ഇ. ചന്ദ്രശേഖരന് സംസാരിക്കാം. അദ്ദേഹത്തിന് എന്തിനും സ്വാതന്ത്ര്യമുണ്ട്. ഒരു തരത്തിലും അദ്ദേഹത്തെ സ്വാധീനിക്കാൻ എനിക്കും നിങ്ങൾക്കും കഴിയില്ല. ഈ സർക്കാർ ഉത്തരവ് പ്രകാരം ഇത് പി.ഡബ്ല്യൂ.ഡി-ക്ക് കിട്ടിയ സ്ഥലമാണ്. പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ട അമിനിറ്റീസ് ഒരുക്കാനുള്ള ഉത്തരവാദിത്വമുണ്ട്. എങ്കിൽപ്പോലും ടെണ്ടർ കഴിഞ്ഞ് തീരുമാനം എടുക്കുന്നതിനുമുമ്പേ ഇത് റവന്യൂ വകുപ്പിൽ അയയ്ക്കും. അവിടെനിന്നും അംഗീകാരം ലഭിച്ചശേഷം ക്യാബിനറ്റിൽ പോകും. അത് വരുന്നതേയുള്ളൂ. അതിനൊന്നും യാതൊരു പ്രശ്നവുമില്ല. നിങ്ങളുടെ ഭരണകാലത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവാണ് ഞാൻ വായിച്ചത്. അതിൽ മുനിസിപ്പാലിറ്റിയിലെ പാട്ടനിരക്കാണ് പറയുന്നത്. അതുകഴിഞ്ഞ് നിങ്ങളുടെ ഗവൺമെന്റ് തന്നെ റവന്യൂ ജി.ഒ.-കൾ 28-1-2016-ലും 6-2-2016-ലും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതെല്ലാം പാട്ടനിരക്കുകളും മുനിസിപ്പാലിറ്റിയുടെ നിരക്കുകളുമാണ്. ഈ നിരക്കനുസരിച്ചാണ് ചെയ്തത്. .....(ബഹളം).... എന്റെ വാദം ഞാൻ അവസാനിപ്പിച്ചോട്ടെ. അത് കഴിഞ്ഞ് അങ്ങേയ്ക്ക് പറയാം. ഇതിൽ

എല്ലാം ചെയ്തിട്ടുണ്ട്. .....(ബഹളം).... ആ ജി. ഒ. ഞാൻ കണ്ടില്ല. ശരിയാണ്, അത് ഞാൻ കാണണമെന്നില്ല. സാധാരണ ഗവൺമെന്റ് ഉത്തരവുകൾ സെക്രട്ടറിമാരാണ് നോക്കുന്നത്. മന്ത്രിമാർ അത് കാണാറേയില്ല. അപ്പോൾ റവന്യൂ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. അത് ജി.ഒ.യിൽ പറയുന്നുണ്ട്. അങ്ങേയ്ക്ക് വായിക്കാമല്ലോ. അതിന്റെ രണ്ടാമത്തെ പേജിൽ 'The Finance Department has concurred to the matter. The Revenue department has given its consent subject to the following conditions. (i) Land which is not in possession of department." അതായത് ഞങ്ങളുടെ കൈവശമില്ലാത്ത ഭൂമിയെക്കുറിച്ചാണ് പറയുന്നത്. "Tender to be called only after getting consent from land possessing organiser." ഇത് ഞങ്ങളുടെ ഭൂമിയാണ് അപ്പോൾ അത് ബാധകമല്ല. "(ii) The lease agreement with successful bidder to be signed after the consent of Revenue Department." ശരിയാണ്. ലീസ് ഇപ്പോൾ കൊടുക്കുന്നതേയുള്ളൂ. അത് പൊട്ടിച്ചുകഴിഞ്ഞാൽ റവന്യൂ വകുപ്പിന്റെ അംഗീകാരമില്ലാതെ ചെയ്യാൻ സാധിക്കില്ല. പിന്നെ അത് ക്യാബിനറ്റിലും പോകും. ഇതൊന്നും വെറുതെ ആർക്കും കൊടുത്തതല്ല. ശരിയായ രീതിയിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഞാൻ ഒന്നും ചെയ്തില്ല. എനിക്ക് അധികമൊന്നും പറയാനില്ല. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ചെയ്ത ഒരു കാര്യമാണ്. അങ്ങയുടെ ആരോപണത്തിൽത്തന്നെ ഇത് ദേശീയപാതയാണെന്ന് പറഞ്ഞു. അല്ല, ഞങ്ങൾ അത് ചെയ്തിട്ടില്ല. അങ്ങനെ ചെയ്യാൻ ഞങ്ങൾക്ക് അധികാരവുമില്ല. ഇതിന്റെ എല്ലാ അനുമതിയും വാങ്ങിയിട്ടുണ്ട്. ഒടുവിൽ ഇതിന്റെ ഡിസൈനും മറ്റ് കാര്യങ്ങളും തയ്യാറാക്കാൻ പറഞ്ഞിരിക്കുന്നത് ചീഫ് എഞ്ചിനീയർ, ആർക്കിടെക്ചറിനോടും ചീഫ് എഞ്ചിനീയർ, ഡിസൈനോടുമാണ്. അല്ലാതെ ഒരു കാര്യവും ചെയ്തിട്ടില്ല. ഇതിന്റെ എല്ലാ നടപടിക്രമങ്ങളും പാലിക്കും. ഇതിനകത്ത് ഒരു തരത്തിലും അങ്ങ് വ്യാകുലപ്പെടേണ്ടതില്ല. അങ്ങേയ്ക്ക് തെറ്റായി കിട്ടിയ വിവരങ്ങളാണ്; അങ്ങ് ഇനിയും പഠിച്ചുകൊള്ളും. ഇനി അങ്ങേയ്ക്ക് പറയാനുണ്ടെങ്കിൽ പറയാം. ടെണ്ടർ മുഖേന ചെയ്താൽ മതി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പറഞ്ഞത്. അത് ഞങ്ങൾ അംഗീകരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വെറുതെ പറയുന്നതല്ല. ഈ കടലാസ് മുഴുവൻ വായിച്ചിട്ടാണ് പറയുന്നത്. എന്നെ ആരും തെറ്റിദ്ധരിപ്പിച്ചിട്ടില്ല. നിങ്ങൾ സ്വകാര്യ വ്യക്തികൾക്ക് റോഡരികിലുള്ള ഭൂമി മുഴുവൻ പതിച്ചുകൊടുക്കാനുള്ള നടപടിയുമായി വന്നപ്പോൾ റവന്യൂ വകുപ്പുമന്ത്രി എതിർത്തു. ഒരു കാര്യം കൂടി. As per the direction of the Secretary over the phone, the file is to be returned to the section. മന്ത്രിയൊന്നും കാണേണ്ട; ഫയൽ സെക്ഷനിലേയ്ക്ക് തന്നെ തിരിച്ചുവിട്ടുകൊള്ളാൻ സെക്രട്ടറി ഫോണിലൂടെ പറയുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, സെക്രട്ടറിയെ കുറ്റാരോപിതനാക്കരുത്. ഞങ്ങൾക്ക് യാതൊരു ആക്ഷേപവുമില്ല. ഞാൻ പറഞ്ഞല്ലോ; പത്ത് സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഏഴെണ്ണം കെ.എസ്.ടി.പി.-യുടെയും മൂന്നെണ്ണം പി.ഡബ്ല്യു.ഡി.-യുടേതുമാണ്. കേരളത്തിൽ ആകെ നമുക്ക് 40000 കിലോമീറ്റർ റോഡുണ്ട്. ഒന്നും കൊടുക്കുന്നില്ല. തെറ്റിദ്ധാരണ എന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. എനിക്ക് ഇനി കൂടുതലൊന്നും പറയാനില്ല. അങ്ങേയ്ക്ക് എന്തുവേണമെങ്കിലും പറയാം. അങ്ങ് തിരുത്തണം. അങ്ങ് മനഃപൂർവ്വം അല്ലായിരിക്കാം ഇതൊക്കെ പറയുന്നത്. ഇപ്പോൾ ഇല്ലാവടി കൊണ്ടാണ് അടിച്ചത്. വടിയില്ല. കൈ കൊണ്ട് വെറുതെ വീശിയതാണ്. ...(ബഹളം).... ഞാൻ ഒരിക്കലും കളിയാക്കുകയല്ല. അങ്ങനെ പറയരുത്. അങ്ങ് ഒരിക്കലും ഇത് ഒരു അഴിമതിയാരോപണമായി ഉന്നയിക്കേണ്ട കാര്യമല്ല. ഒരു വസ്തുതയുമില്ലാത്ത കാര്യമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറയുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചെങ്കിൽ പിന്നെ റവന്യൂ വകുപ്പുമന്ത്രി object ചെയ്തുകൊണ്ട് റവന്യൂ സെക്രട്ടറിക്ക് ഉത്തരവ് കൊടുത്തത് എന്തിനാണ്? അങ്ങ് ഈ ഫയൽ കാണേണ്ടെന്ന് സെക്രട്ടറി എന്തിനാണ് പറഞ്ഞത്? ഇതെല്ലാം ദുരൂഹമായ ഇടപാടാണ്. അങ്ങ് പരിശോധിക്കണം. ഞാനല്ല പരിശോധിക്കേണ്ടത്. ഇതിൽ വലിയ അഴിമതിയുണ്ട്. അതിനുള്ള പഴുതുകളടച്ച് അത് കറക്ട് ചെയ്യാൻ അങ്ങ് തയ്യാറാകണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. സുധാകരൻ: സർ, റവന്യൂ വകുപ്പിന്റെ ജി.ഒ. എന്നുപറഞ്ഞാൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അംഗീകരിച്ച് പോയതാണ്. അതായത് അഞ്ച് ശതമാനം തുക ആദ്യം കെട്ടിവയ്ക്കണം. അതുകഴിഞ്ഞാൽ ടെണ്ടർ തുക അടയ്ക്കണം. ഇതൊക്കെ എല്ലാ ഭരണകാലത്തുമുള്ള നടപടികളാണ്. നിങ്ങളുടെ ഭരണകാലത്തുള്ള ജി.ഒ.-ആണ് ഞങ്ങൾ പിൻതുടരുന്നത്. അതിന് മാറ്റമില്ല. ഇനി എന്തെങ്കിലുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. ഇപ്പോൾ ഇത് പൊട്ടിച്ചുകഴിഞ്ഞാൽ ഈ ലീസ് തീരുമാനിക്കുന്നതിനുമുമ്പ് റവന്യൂ വകുപ്പിന് അയയ്ക്കും, പിന്നെ അത് ക്യാബിനറ്റിന് പോകുകയും അംഗീകരിക്കുകയും ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ......

ശ്രീ. ജി. സുധാകരൻ: സർ, നമുക്കത് വേറെ ചർച്ച ചെയ്യാം.

ശ്രീ. കെ. സി. ജോസഫ്: സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി സമയം കഴിഞ്ഞുവെന്ന് പറഞ്ഞു, അദ്ദേഹത്തിന് പത്തുമിനിറ്റാണ് അനുവദിച്ചത്.

മി. സ്പീക്കർ: പത്തുമിനിറ്റൊന്നുമല്ല, ഇരുപത്തിനാല് മിനിറ്റ് അധികം അനുവദിച്ചു. അത് പറയരുത്, ഇരുപത്തിനാല് മിനിറ്റ് അധികം സംസാരിച്ചു.

ശ്രീ. കെ. സി. ജോസഫ്: സർ, മന്ത്രിമാരുടെ സമയം അൻപത് മിനിറ്റാണ്. ഇനി എത്ര സമയം വേണ്ടിവരുമെന്ന് അറിഞ്ഞാൽ മതി.

മി. സ്പീക്കർ: ഇത് ശരിയല്ല. വിശദീകരിക്കുക, വീണ്ടും ചോദിക്കുക, ചോദിക്കുന്നതിൽ ഇടപെട്ടാൽ ദേഷ്യപ്പെടുക. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടേ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നിവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തിൽ ആദ്യം തന്നെ ഉയരുന്ന പ്രശ്നം ആരിലാണ് അവിശ്വാസം; എന്തിലാണ് അവിശ്വാസം എന്നുള്ളതാണ്. ഇവിടെ ഒട്ടേറെ പ്രതികൂല സാഹചര്യങ്ങൾ ഉയർന്നുവന്നു. എന്നാൽ, വികസന ക്ഷേമപദ്ധതികളിൽ വിട്ടുവീഴ്ച വരുത്താതെ മുന്നോട്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അത് ഒരൽപ്പം അമ്പരപ്പ് പ്രതിപക്ഷത്തിനുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. കാരണം, അവർക്ക് ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ നേരത്തെ പ്രഖ്യാപിച്ച ചില കാര്യങ്ങളെങ്കിലും നടക്കാതെയാകും, അങ്ങനെ വികസനം മുരടിച്ചുപോകും എന്നൊരു പ്രതീക്ഷയുണ്ടായിരുന്നു, അത് നഷ്ടപ്പെട്ടു. ആ നിലയ്ക്ക് അവർക്ക് അവരിൽത്തന്നെ അവിശ്വാസം വന്നിട്ടുണ്ട് എന്നാണ് ഇവിടെ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ തോന്നിയത്. വേറെ ഒരു അവസ്ഥ നമ്മൾ കാണുന്നുണ്ട്. രണ്ട് മുന്നണികളാണല്ലോ, അതിൽ പ്രതിപക്ഷ ഭാഗത്ത് യു.ഡി.എഫ്. ഘടക കക്ഷികൾക്കിടയിൽ യു.ഡി.എഫ്-ൽ ബന്ധം വലിയ തോതിൽ ശിഥിലമാകുന്നു.

അതിന്റെ ഭാഗമായി അവർക്കിടയിൽ വളർന്നുവരുന്ന അവിശ്വാസം ഇതിനൊരു അടിസ്ഥാനമായി വന്നിട്ടുണ്ടോ എന്നതും സംശയിക്കേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം കൊണ്ടുപിടിച്ച ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെന്നാൽ സർക്കാരിനെതിരെ ഒരു പ്രചരണക്കൊടുങ്കാറ്റഴിച്ചുവിട്ട് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുക എന്നതാണ്. പക്ഷേ, ആ ശ്രമത്തിൽ വിശ്വാസയോഗ്യമായ ഒരു കാര്യംപോലും അവതരിപ്പിക്കാൻ കഴിയാതെ വരുമ്പോൾ സ്വന്തം അണികളിൽനിന്ന് നേതൃത്വത്തിന്റെ കഴിവിലുള്ള അവിശ്വാസം ശക്തമായി വരുന്നുണ്ട്. അത് ഇതിന് അടിസ്ഥാനമായി വരുന്നുണ്ടോ എന്നുള്ളതും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ കൂടെ കാണേണ്ട ഒന്നാണ് ജനപിന്തുണയുടെ കാര്യം. ഇവിടെ നേരത്തെ സംസാരിച്ച ഒട്ടേറെ അംഗങ്ങൾ അത് ചൂണ്ടിക്കാണിച്ചു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതിലിപ്പോൾ യു.ഡി.എഫിനോടൊപ്പമുണ്ടായിരുന്നവർ തന്നെ വിഘടിച്ചുനിൽക്കുന്ന ഒരു അവസ്ഥയാണ്. നേരത്തെയുണ്ടായിരുന്ന ജനപിന്തുണ നഷ്ടപ്പെട്ടുപോകുന്ന ഒരവസ്ഥ. അതിന്റെ ഫലമായി നിയമസഭയുടെ തുടക്കത്തിലുണ്ടായ സീറ്റുകളിൽ രണ്ടെണ്ണം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥ. യു.ഡി.എഫ്-ലെ അസ്വസ്ഥതയും മറ്റും കാരണം ഇന്ന് എല്ലാവരും രേഖപ്പെടുത്തിയ വോട്ടിൽ സ്വാഭാവികമായും അസുഖവും മറ്റും കാരണം വരാതിരുന്നവരുണ്ട്, അല്ലാതെ രണ്ട് പേർ വരാതിരുന്ന സാഹചര്യവുമുണ്ട്. ഇതൊക്കെ യു.ഡി.എഫ്-ൽ വരുന്ന കുറവുകളാണ്. ഇതിനൊക്കെയുള്ള അസ്വസ്ഥത സ്വാഭാവികമായിട്ടും ഒരു മുന്നണിയെന്നുള്ള നിലയ്ക്കുണ്ടാകും. ആ അസ്വസ്ഥതയ്ക്ക് മറയിടാനുള്ള ശ്രമമായിട്ടാണോ ഈ അവിശ്വാസ പ്രമേയം വന്നത് എന്നും സംശയിക്കേണ്ടതായിട്ടുണ്ട്. അത് അവർ തന്നെ അവരുടെ അണികളോട് വ്യക്തമാക്കട്ടെയെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഏതായാലും ജനങ്ങൾ ഈ സർക്കാരിൽ അർപ്പിച്ച വിശ്വാസം വർദ്ധിച്ചുവരുന്നുവെന്നുതന്നെയാണ് അനുഭവം. സർക്കാർ അധികാരത്തിൽ വരുമ്പോൾ 91 സീറ്റായിരുന്ന എൽ.ഡി.എഫ്-ന് ഉണ്ടായിരുന്നത്, അതിപ്പോൾ 93 ആയിട്ടുണ്ട്. ഇത് ജനങ്ങളുടെ വിശ്വാസത്തെയാണ് കാണിക്കുന്നത്. ജനവിശ്വാസത്തിൽ ചോർച്ച വന്നത് പരിശോധിച്ചാൽ യു.ഡി.എഫ്-നാണെന്ന് കാണാൻ കഴിയും. അപ്പോൾ എന്താ പ്രശ്നം, ജനങ്ങൾ വിശ്വാസമർപ്പിക്കുന്നത് ആരിലാണോ അവർക്ക് യു.ഡി.എഫ്-ൽ വിശ്വാസമില്ലായെന്നതാണ് പ്രശ്നം. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ ജനങ്ങളെ വിശ്വാസമില്ല. ജനങ്ങളെ വിശ്വാസമുണ്ടായിരുന്നെങ്കിൽ കാൽക്കീഴിൽനിന്ന് മണ്ണ് ഒലിച്ചുപോകുന്നത് തങ്ങളുടേത് തന്നെയാണെന്ന് മനസ്സിലാക്കാൻ പ്രതിപക്ഷത്തിന് കഴിയുമായിരുന്നു. ഇന്നത്തെ ദിവസത്തിനൊരു പ്രത്യേകതയുണ്ടല്ലോ. ഇവിടെ അവിശ്വാസ പ്രമേയ ചർച്ച നടത്തുന്നു, യു.ഡി.എഫ്-ന് നേതൃത്വം നൽകുന്ന ഡൽഹി എ.ഐ.സി.സി. ആസ്ഥാനത്ത് മറ്റൊരു അവിശ്വാസം ചർച്ച ചെയ്യുകയാണെന്ന് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ഇവിടെ കോൺഗ്രസ് നേതാക്കൾ പരസ്പരം വിശേഷിപ്പിക്കുന്നത് എന്താണ്, സാധാരണക്കാരല്ല, അഖിലേന്ത്യാ തലത്തിലുള്ള സീനിയർ കോൺഗ്രസ് നേതാക്കൾ, ബി.ജെ.പി.-യുടെ ഏജന്റുമാരാണെന്ന് പരസ്പരം വിശേഷിപ്പിക്കുന്ന നിലവന്നിരിക്കുന്നു. അതിന്റെ പേരിൽ താൻ അങ്ങനെയല്ലെന്ന് ശ്രീ. കപിൽ സിബൽ പരസ്യമായി പറയുകയും ഒടുവിൽ അത് പിൻവലിക്കുകയും ചെയ്തിരിക്കുന്നു. രാജിവയ്ക്കണോ വേണ്ടയോ എന്നൊക്കെയുള്ള ചർച്ച നടക്കുകയാണ്. യോഗം ഇപ്പോഴും തീർന്നിട്ടില്ലെന്നും പറയുന്നുണ്ട്. 135 വയസ്സ് തികയുന്ന കോൺഗ്രസ് പാർട്ടിയുടെ അടിത്തറയ്ക്ക് മേലെ മേൽക്കൂര നിലം പൊത്തിയ അവസ്ഥയാണ് ഇന്നുള്ളത്. ഇത്തരം വെല്ലുവിളി രാജ്യം നേരിടുന്ന ഘട്ടത്തിലാണ് ആ പാർട്ടിയിൽ ഇത്തരത്തിലുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നത്.

ഒരു പാർട്ടി എന്നുള്ള നിലയ്ക്ക് കോൺഗ്രസ് എവിടെയാണ് നിൽക്കുന്നത്? സ്വന്തം നേതാവിനെ തെരഞ്ഞെടുക്കാൻ കെൽപ്പില്ലാത്ത ഒരു പാർട്ടിയായി മാറിയിരിക്കുകയാണ് കോൺഗ്രസ്, അതൊരു ദയനീയാവസ്ഥയല്ലേ? നേതാവിനെ തെരഞ്ഞെടുക്കുന്നതിന്റെ പേരിൽ തമ്മിലടിക്കുന്ന നടപടിയല്ലേ ഉണ്ടാകുന്നത്. ഇവിടെ പാർട്ടിയിൽ സമ്പൂർണ്ണ നേതൃമാറ്റം വേണമെന്ന് കത്തെഴുതി അത് പുറത്തുവിട്ടത് ആ പാർട്ടിയുടെ ഏറ്റവും മുതിർന്ന നേതാക്കളാണ്. മുൻ മുഖ്യമന്ത്രിമാരുണ്ട്, ബി.സി.സി. പ്രസിഡന്റുമാരുണ്ട് അങ്ങനെ അഖിലേന്ത്യാ തലത്തിലുള്ള 23 പേരാണ് അതിൽ ഒപ്പുവച്ചിട്ടുള്ളത്. അതിന്റെ പിന്നാലെയാണ് അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് ശ്രീമതി സോണിയാ ഗാന്ധി സന്നദ്ധത പ്രകടിപ്പിച്ചുവെന്ന് പറയുന്ന വാർത്ത വരുന്നത്. രാജിസന്നദ്ധത അറിയിച്ചതായാണ് വാർത്ത വരുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. രാഹുൽ ഗാന്ധി നേരത്തെതന്നെ വച്ചൊഴിഞ്ഞിട്ടുണ്ട്. ചിന്തിക്കേണ്ട ഒരു കാര്യം ഇത്തരം പാരമ്പര്യമുള്ളൊരു പാർട്ടിയുടെ നേതൃസ്ഥാനം ഏറ്റെടുക്കാൻ മുതിർന്ന നേതാക്കൾ എന്തുകൊണ്ടാണ് മടിച്ചുനിൽക്കുന്നത് എന്നതാണ്. നേതാവില്ല, തീരുമാനമെടുക്കാൻ ആളില്ല. നെഹ്റു കുടുംബത്തിൽനിന്ന് ആളെ കിട്ടിയില്ലെങ്കിൽ ആരെയെങ്കിലും കിട്ടിയാൽ മതി എന്നാണ് ഒരു കൂട്ടർ പറയുന്നത്. ഇതിന്റെ പേരിൽ അടികൂടുകയല്ലേ; പരസ്പരം കുറ്റപത്രം എഴുതുന്ന അവസ്ഥയല്ലേ രണ്ടുകൂട്ടരും സ്വീകരിക്കുന്നത്. കേരളത്തിലെ നേതാക്കൾ രണ്ടുപക്ഷത്തുമുണ്ട്. ഇക്കാര്യത്തിലെങ്കിലും ഇവിടെയിരിക്കുന്ന കോൺഗ്രസ്സുകാർക്ക് യോജിപ്പുണ്ടോ; കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയെ വയനാട്ടിൽ മത്സരിപ്പിച്ചു. അതിനെ സംബന്ധിച്ച് ഇപ്പോൾ മുതിർന്ന നേതാക്കൾ പറയുന്നതെന്താണ്? അത് കേരളത്തിലെ നേതാക്കൾ കാട്ടിയ മണ്ടത്തരമായിരുന്നുവെന്ന് വാർത്ത വന്നിരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ കേരളത്തിലെ മത്സരം ദേശീയ തലത്തിൽ വലിയ നഷ്ടമുണ്ടാക്കുമെന്ന് അന്നുതന്നെ ഇടതുപക്ഷം ചൂണ്ടിക്കാണിച്ചതാണ്, അന്നത് കേട്ടില്ല. ഇപ്പോൾ അതിന്റെ പേരിലും തമ്മിൽത്തല്ല് നടക്കുകയാണ്. ഇക്കാര്യം അവർ തന്നെ പരിശോധിക്കേണ്ടതാണ്. രാജ്യം നേരിടുന്ന ഏതെങ്കിലുമൊരു വിഷയത്തിൽ ഒന്നിച്ചൊരു നിലപാടെടുക്കാൻ കോൺഗ്രസ്സിന് കഴിയുന്നുണ്ടോ; ഇപ്പോൾ ബി.ജെ.പി. ഒട്ടേറെ വർഗ്ഗീയ നീക്കങ്ങൾ നടത്തുന്നുണ്ട്. അതിൽ യോജിച്ചൊരു നിലപാടുണ്ടോ; അയോദ്ധ്യാ ക്ഷേത്ര നിർമ്മാണം സർക്കാർ പരിപാടിയാക്കി. അതിനെതിരെ മിണ്ടിയോ; മിണ്ടിയില്ലെന്ന് മാത്രമല്ല ബി.ജെ.പി.-യോടൊപ്പം പിന്നണി പാടാൻ കോൺഗ്രസ്സിലെ മുതിർന്ന നേതാക്കളിൽ പലരും കൂടുകയല്ലേ ചെയ്തത്.

ബി.ജെ.പി.-യുടെ സാമ്പത്തിക നയത്തെ എതിർക്കുന്ന എന്തെങ്കിലും യോജിച്ച നിലപാട് കോൺഗ്രസ്സിനുണ്ടോ? നല്ലൊരു വാഗ്ദാനവുമായി ബി.ജെ.പി. നേതാക്കൾ എപ്പോൾ വരുമെന്ന് പ്രതീക്ഷിച്ച് നിൽക്കുന്ന കോൺഗ്രസ് നേതാക്കൾ പലരാണ്. അടിമുടി ബി.ജെ.പി.യാകാൻ കാത്തിരിക്കുന്ന ഒരുകൂട്ടം ആളുകൾ, അത്തരത്തിൽ കോൺഗ്രസ്സിനെ മാറ്റിയത് നിങ്ങൾ തന്നെയല്ലേ? ഇത്ര ദയനീയമായ പതനത്തിലെത്തിയ ആ പാർട്ടിയെ കേരളത്തിലെ ജനങ്ങൾ എങ്ങനെ വിശ്വസിക്കും. ഈയൊരു അവസ്ഥ സ്വാഭാവികമായും നിങ്ങളെ ഇത്തരത്തിലൊരു അവിശ്വാസ പ്രമേയം കൊണ്ടുവരുന്നതിന് പ്രേരിപ്പിക്കുന്നുണ്ടെന്നാണ് കാണേണ്ടത്. അതുകൊണ്ടാണ് സ്വന്തം കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകുന്നത് തിരിച്ചറിയാൻ കോൺഗ്രസ്സിന് കഴിയാതിരിക്കുന്നത്. ഇപ്പോഴെങ്കിലും ഇത്തരമൊരു അവിശ്വാസ പ്രമേയവുമായി ഇറങ്ങിത്തിരിച്ചതിലെ അനൗചിത്യം തിരിച്ചറിഞ്ഞാൽ നല്ലത്. പക്ഷേ, അത്തരമൊരു ഔചിത്യബോധം ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനില്ലായെന്നത് ഉറപ്പായ കാര്യമാണ്. നേരത്തെ യു.ഡി.എഫ്. നടത്തിയ ഒട്ടേറെ പ്രഖ്യാപനങ്ങളുണ്ട്. എന്നാലും നാം ഓർക്കേണ്ട ഒരു കാര്യം 1950-കളുടെ തുടക്കത്തിൽ നൂറു വർഷത്തേക്കെങ്കിലും ഇടതുപക്ഷം അധികാരത്തിൽ വരില്ലെന്നൊരു പ്രഖ്യാപനമുണ്ടായിരുന്നു. അതിനുശേഷം നാലുപ്രാവശ്യമായി ഇവിടെ ഇടതുപക്ഷം അധികാരത്തിൽ വന്നു. അതുപോലെ 2015-ലെ അരുവിക്കര ഉപതെരഞ്ഞെടുപ്പുവേളയിൽ അന്നത്തെ മുഖ്യമന്ത്രി പ്രസ്താവിച്ച ഒരു കാര്യം ഇപ്പോൾ നമ്മൾ ഓർക്കുന്നത് നല്ലതാണ്. അദ്ദേഹം അന്ന് പറഞ്ഞത്, അവിടെ യു.ഡി.എഫ്.-ന്റെ മുഖ്യ എതിരാളി ബി.ജെ.പി-യാണെന്നാണ്. അതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാണ്. ഇവിടെ വർഗ്ഗീയ രാഷ്ട്രീയത്തോട് സന്ധി ചെയ്യുക, ഭരണകർത്താക്കളിലുള്ള ജനങ്ങളുടെ വിശ്വാസം പാടെ തകർക്കുന്ന രീതിയിൽ അഴിമതിയിൽ കുളിക്കുക ഇതായിരുന്നു പഴയ യു.ഡി.എഫ്. ഭരണകാലം എടുത്താൽ നമുക്ക് കാണാൻ സാധിക്കുക. എന്നാൽ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ മാൻഡേറ്റ് നൽകിയത് എന്തിനാണ്? മതനിരപേക്ഷത സംരക്ഷിക്കാൻ, സംശുദ്ധമായ ഭരണം കാഴ്ചവയ്ക്കാൻ. അതോടൊപ്പം കേരളം നേരിടുന്ന സമകാലിക പ്രശ്നങ്ങളെക്കുറിച്ച് എൽ.ഡി.എഫ്-നുള്ള വ്യക്തമായ കാഴ്ചപ്പാടിന്റെ അംഗീകാരം കൂടിയായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി. ജനങ്ങൾ അർപ്പിച്ച വിശ്വാസമായിരുന്നു അത്. ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം അവിശ്വാസമായി മാറാൻ എന്തെങ്കിലും ഈ കാലയളവിൽ സംഭവിച്ചിട്ടുണ്ടോയെന്നാണ് നാം ഗൗരവമായി ഇവിടെ പരിശോധിക്കേണ്ട കാര്യം. നമ്മുടെ സംസ്ഥാനം വളരെ താഴ്ന്ന പ്രതിശീർഷ വരുമാനമുള്ളപ്പോൾത്തന്നെ ഉയർന്ന മാനവശേഷി വികസന സൂചിക കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും ജീവിത ഗുണനിലവാരത്തിലുമൊക്കെ ഇത് പ്രതിഫലിച്ചിട്ടുമുണ്ട്. ഈ മാതൃകയാണ്

കേരളത്തിന്റെ കാര്യത്തിൽ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരുന്നത്. ഈ പ്രത്യേകത കേരളത്തിന് കൈവരിക്കാൻ കഴിയുന്നതിനുപിന്നിൽ നവോത്ഥാന പാരമ്പര്യവും ഇടതുപക്ഷത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ഇടപെടലുകളുമുണ്ട്. അവിടെ അഭിമാനിച്ച് ചുറ്റിത്തിരിഞ്ഞ് നിന്നാൽ പോരാ, ഉല്പാദന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കണം, എങ്കിൽ മാത്രമേ സാമൂഹ്യമേഖലയിലെ ഇടപെടൽശേഷി നിലനിർത്താൻ സാധിക്കുകയുള്ളൂ. ഇത്തരമൊരു തിരിച്ചറിവോടെയാണ് ഞങ്ങൾ മുന്നോട്ടുനീങ്ങിയത്. അതാണ് അധികാര വികേന്ദ്രീകരണത്തിലേക്കും ജനകീയാസൂത്രണത്തിലേക്കുമൊക്കെ കടക്കാൻ നമ്മെ പ്രേരിപ്പിച്ചത്. പല വികസന സൂചികകളിലും നാം ശരാശരിക്ക് മുകളിലാണ്. പക്ഷേ, പാർശ്വവൽക്കരിക്കപ്പെട്ട് ഒതുങ്ങിപ്പോകുന്ന ഒട്ടേറെ വിഭാഗങ്ങളുണ്ട്. അവരുടെ പ്രശ്നങ്ങൾ പ്രത്യേക ശ്രദ്ധ കൊടുത്ത് പരിഹരിക്കേണ്ടതുണ്ട്. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പരിഹരിക്കുന്നതിന് മിഷൻ രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചത്.

നമ്മുടെ നാട് വലിയ ഗൗരവത്തോടെ ഏറ്റെടുത്തതാണ് നാല് മിഷനുകളുടെ പ്രവർത്തനം. ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ പദ്ധതികൾ മിഷൻ മോഡലിൽ ആണ് ആവിഷ്കരിച്ചത്. ഇതൊരു വെറും പരിപാടിയായിരുന്നില്ല. ഒരു നയത്തിലധിഷ്ഠിതമായ ബദൽ പരിപ്രേക്ഷ്യത്തിന്റെ ദൃഷ്ടാന്തമായിരുന്നു. ഭൂരഹിതരായ വീടില്ലാത്ത ഒരു വിഭാഗത്തിന് തലചായ്ക്കാൻ ഇടംനൽകുന്ന 'ലൈഫ് മിഷൻ'; കേരള ജനതയുടെ ആരോഗ്യ നിലവാരത്തെ ഉയർത്താൻ ലക്ഷ്യമിടുന്ന 'ആർദ്രം മിഷൻ'; വിദ്യാഭ്യാസമേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് വൈജ്ഞാനികമായി ഉണർത്തുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം'; പരിസ്ഥിതി സൗഹൃദമായ വികസനത്തിന് നാനാലക്ഷ്യങ്ങളുള്ള 'ഹരിത കേരളം മിഷൻ' ഇവയൊക്കെ ഭാവനാപൂർണ്ണമായ ആസൂത്രണത്തിന്റെ സൃഷ്ടികൾ തന്നെയായിരുന്നു. ഒരു ബദൽ പരിപ്രേക്ഷ്യത്തിന്റെ അവിഭാജ്യ ഘടകങ്ങളായിട്ടാണ് അത് വന്നത്. ഇത് നല്ലരീതിയിൽ നമ്മുടെ നാട് സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായാണ് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നമ്മുടെ നാടൊന്നാകെ ഏറ്റെടുത്തത്. നാടൊന്നാകെ ഏറ്റെടുത്തുവെന്ന് പറയുമ്പോൾ ഭരണപക്ഷവും പ്രതിപക്ഷവും എല്ലാ കക്ഷികളും രാഷ്ട്രീയക്കാരും രാഷ്ട്രീയമില്ലാത്തവരും അതിന്റെ ഭാഗമായി പ്രാദേശികമായി അണിനിരന്നിട്ടുണ്ട്. ഇതിന്റെ ഫലമെന്താണ്? ഭൗതിക സൗകര്യ വികസനത്തിൽ കുതിച്ചു ചാട്ടമാണുണ്ടായിരിക്കുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ

141 സ്കൂളുകൾക്ക് കിഫ്ബി സഹായത്തോടെ കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപ എന്നതാണ് നാം ലക്ഷ്യമിട്ടത്. 20 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. 35 എണ്ണം ഉദ്ഘാടന സജ്ജമാണ്. മറ്റ് കെട്ടിടങ്ങളും വൈകാതെതന്നെ പൂർത്തിയാക്കാൻ കഴിയും. 395 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും കിഫ്ബി സഹായധനത്തോടെ ഭൗതികസൗകര്യ വികസനം നടക്കുകയാണ്. 141 വിദ്യാലയങ്ങൾക്ക് 5 കോടി രൂപവീതം 705 കോടി രൂപ. 395 വിദ്യാലയങ്ങൾക്ക് 3 കോടി രൂപ വീതം 1185 കോടി രൂപ. 446 വിദ്യാലയങ്ങൾക്കായി ഒരു കോടി രൂപവീതം 446 കോടി രൂപ. അങ്ങനെ ആകെ വരുമ്പോൾ 2336 കോടി രൂപ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി അനുവദിച്ചിരിക്കുകയാണ്. ഇതിൽ പണി പൂർത്തിയായതിന്റെ ഭാഗമായി 372 കോടി 69 ലക്ഷം രൂപ കിഫ്ബി നൽകിക്കഴിഞ്ഞു. അതുസംബന്ധിച്ച് ഉന്നയിച്ച ബഹുമാനപ്പെട്ട അംഗത്തിന്റെ സ്ഥലത്ത് ചിലപ്പോൾ പണി പൂർത്തിയായിട്ടുണ്ടായിരിക്കില്ല. അപ്പോൾ ശ്രമിക്കേണ്ടത് അവിടെയുള്ളത് പൂർത്തിയാക്കാനാണ്. അതുപോലെ സ്കൂളുകളെ ആധുനിക സാങ്കേതികവിദ്യാ സൗഹൃദങ്ങളാക്കി മാറ്റി. സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികൾക്കും സാങ്കേതികവിദ്യ പ്രാപ്യമാക്കാൻ കഴിഞ്ഞുവെന്നത് വലിയനേട്ടമല്ലേ? ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ 44,705 ക്ലാസ്സ് മുറികളാണ് സാങ്കേതികവിദ്യാ സൗഹൃദമായത്. നിസ്സാരമായ നേട്ടമാണോ അത്? സംസ്ഥാനത്ത് 44,705 ക്ലാസ്സ് മുറികൾ മുഴുവൻ ഹൈടെക്കായി മാറുകയല്ലേ; എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലയം ഒരുക്കാൻ നമുക്ക് കഴിഞ്ഞു. ഒന്നു മുതൽ 12 വരെ ക്ലാസ്സുകൾക്കായി 119,054 ലാപ്ടോപ്, 69,943 പ്രൊജക്ടർ, 4545 ടെലിവിഷൻ ഇവയെല്ലാം വിന്യസിച്ചിരിക്കുകയാണ്. നാട്ടിൻപുറങ്ങളിലടക്കമുള്ള സ്കൂളുകളിൽ നടന്ന കാര്യമാണ് ഈ പറയുന്നത്. അതോടൊപ്പം സെക്കണ്ടറി വിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുന്നതിന് 493 കോടി 50 ലക്ഷം രൂപയുടെ പദ്ധതിയാണ് കിഫ്ബി അംഗീകരിച്ചത്. അതിൽ 374 കോടി 59 ലക്ഷം രൂപയുടെ പേമെന്റ് നടന്നുകഴിഞ്ഞു; ഒന്നും നടന്നില്ലായെന്നല്ല. പ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ലയം പദ്ധതിക്കായി 300 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത്. അതിൽ 207 കോടി രൂപയുടെ പേമെന്റ് നടന്നു. ഹൈടെക് പദ്ധതിക്കായി കിഫ്ബി അനുവദിച്ച 793 കോടി രൂപയിൽ 581 കോടി 59 ലക്ഷം രൂപയുടെ പേമെന്റ് നടന്നുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമെന്താണ്; നമ്മളെല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്ന ഫലം തന്നെയാണ്. നേരത്തെ ചർച്ച ചെയ്തിരുന്നത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുപോകുന്നത് സംബന്ധിച്ചായിരുന്നു. ഇപ്പോൾ അതല്ല. ഇപ്പോൾ എണ്ണം കൂടുന്നു. അങ്ങനെയാണ് 5 ലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ വർദ്ധിക്കുന്ന

സ്ഥിതിയുണ്ടായത്. ഇതൊരു നേട്ടമല്ലേ; ഇന്ന് ഇതൊരു ബദലല്ലേ; പൊതുവിദ്യാഭ്യാസ സംരക്ഷണ കാര്യത്തിൽ നമുക്ക് എത്രമാത്രം വിജയിക്കാൻ കഴിഞ്ഞു എന്നുള്ളതല്ലേ കാണിക്കുന്നത്. ബദൽ എന്താണെന്നുള്ള ഒരു ചോദ്യം ചെറിയ ശബ്ദത്തിൽ ഞാൻ കേട്ടു. ആ ബദൽ നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്ക് മനസ്സിലാകും; പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് എല്ലാവിധ പഠന സൗകര്യവും ഒരുങ്ങുകയാണ്. മികവാർന്ന അക്കാദമിക നിലവാരം കിട്ടുകയാണ്. അതിന്റേതായ എല്ലാ അനുഭവവും ആ നാട്ടുകാർക്കും കുടുംബങ്ങൾക്കുമുണ്ടാകുകയാണ്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം അതൊരു ചെറിയ കാര്യമല്ല.

ആരോഗ്യമേഖലയിൽ ഗുണനിലവാരത്തിന്റെ പ്രശ്നം പരിഹരിക്കുക എന്നത് കേരള വികസനത്തിലെ ദൗർബ്ബല്യങ്ങൾ പരിഹരിക്കുന്നതിൽ പ്രധാനമാണെന്ന് നമ്മൾ കണ്ടിരുന്നു. ആരോഗ്യരംഗത്ത് നാം മികച്ചുതന്നെ നിൽക്കുകയായിരുന്നു. പക്ഷേ, ആ മികവുകൊണ്ടുമാത്രം നമ്മൾ ഇനിയും ഉയർത്തേണ്ട കാര്യങ്ങളിൽ കുറവ് വരുത്താൻ പാടില്ലായെന്നാണ് കണ്ടത്. അങ്ങനെയാണ് 'ആർദ്രം' പദ്ധതി ആവിഷ്കരിച്ചത്. 'ആർദ്രം' പദ്ധതിയിലൂടെ നിലവിലെ 386 പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. നവംബർ അവസാനത്തോടെ 154 പ്രൈമറി ഹെൽത്ത് സെന്ററുകൾകൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിക്കും. അങ്ങനെ വരുമ്പോൾ 674 കുടുംബാരോഗ്യ കേന്ദ്രങ്ങൾ നമ്മുടെ നാട്ടിൽ വരികയാണ്. ബാക്കി സ്ഥാപനങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ബാക്കിയുള്ള 220 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. അത് 2020-21-ൽത്തന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രശ്നം മാത്രമാണ്.

ആരോഗ്യമേഖലയിലെ 'ആർദ്രം' മിഷന്റെ പ്രവർത്തനത്തിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാത്രമല്ല ഉണ്ടായത്. താലൂക്കുതല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. സ്റ്റ്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയവയും ജില്ലാ-താലൂക്കുതല ആശുപത്രികളുടെ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി വലിയതോതിൽ വിപുലപ്പെട്ടുവരികയാണ്. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങൾ, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നിങ്ങനെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നമുക്ക് ഒരു ഘട്ടത്തിൽ ആലോചിക്കാൻ കഴിയാത്ത കാര്യങ്ങളായിരുന്നു. എന്നാൽ ഓരോ ജില്ലയിലും ഇതെല്ലാം വരികയാണ്. ആധുനിക ചികിത്സാ സംവിധാനങ്ങൾ

മെഡിക്കൽ കോളേജുകളിൽ ഉറപ്പുവരുത്താൻ നാല് വർഷക്കാലയളവിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. വലിയ ചികിത്സാചെലവ് താങ്ങാനാകാതെ കഷ്ടപ്പെടുന്ന സാധാരണക്കാരന് ഈ മാറ്റങ്ങൾ സഹായകരമായിട്ടുണ്ട്. പ്രൈമറി തലത്തിൽ വന്ന മാറ്റമാണ് അതിൽ ഏറ്റവും പ്രധാനം. കോവിഡ്-19 വ്യാപനത്തിനുമുമ്പ് വലിയ തോതിലുള്ള ആൾക്കൂട്ടം നമ്മുടെ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉണ്ടായിരുന്നുവെന്നാണ് അന്നത്തെ റിപ്പോർട്ട്. കോവിഡ്-19-ന്റെ ഘട്ടത്തിൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത് ആരോഗ്യരംഗത്ത് വന്നിട്ടുള്ള ഇത്തരത്തിലുള്ള മാറ്റങ്ങൾ കാരണമാണ്. എത്ര ഓണംകേറാമൂലയിലാണെങ്കിലും ഏത് പാവപ്പെട്ടവർക്കും ചികിത്സാ സൗകര്യമുണ്ടെന്നുള്ളതാണ് നമ്മുടെ നാടിന്റെ പ്രത്യേകത. അതുകൊണ്ടാണ് കോവിഡ്-19-ന്റെ ആദ്യഘട്ടത്തിൽ നല്ല രീതിയിൽ പ്രതിരോധിച്ചു നിൽക്കാൻ നമുക്ക് കഴിഞ്ഞത്.

6.00 PM]

ഒരാൾക്ക് ഒരു വീടുണ്ടാകുകയെന്നത് പാവപ്പെട്ടവരെല്ലാം ആഗ്രഹിക്കുന്ന കാര്യമാണ്. സ്വന്തം വീടെന്ന സ്വപ്നത്തോടെ മണ്ണടിഞ്ഞുപോയ അനേകം ആളുകളുണ്ട്. അത്തരത്തിലുള്ള ലക്ഷക്കണക്കിന് ആളുകളാണ് നമ്മുടെ നാട്ടിലുള്ളത്. കേവലം സാമ്പത്തികസഹായത്തോടെ ഭവനപദ്ധതികൾ ആവിഷ്കരിക്കുക എന്നതിൽ നിന്നുമാറി സമഗ്രമായ ഭവനപദ്ധതി എന്ന നിലയിലാണ് ലൈഫ് മിഷൻ ആവിഷ്കരിച്ചത്. അതിന്റെ ഫലമായി രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് ആശ്വാസമേകാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ടായെന്ന് പറയുന്നത് ചെറിയ കാര്യമല്ല. മുൻകാലങ്ങളിൽ പണി ആരംഭിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പരിപാടിയായിരുന്നു ലൈഫ് മിഷന്റെ ഒന്നാംഘട്ടം. 52,296 വീടുകളിൽ 96.57 ശതമാനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 1112 വീടുകളുടെ പണി നല്ല രീതിയിൽ പുരോഗമിക്കുകയാണ്. 673.36 കോടി രൂപ ഇതിനായി ചെലവഴിച്ചുകഴിഞ്ഞു. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണമാണ് ഇതിന്റെ രണ്ടാം ഘട്ടം. അതിന് എഗ്രിമെന്റ് വച്ചത് 99,437 പേരാണ്. അത്രയും ആളുകളും വീടുപണി ആരംഭിച്ചു. അതിൽ 80,028 പേർക്കാണ് (80 ശതമാനം) വീട് പണി പൂർത്തീകരിക്കാൻ സാധിച്ചത്. പട്ടികജാതി വിഭാഗത്തിൽ 12,526 പേർ അർഹത തെളിയിച്ചു, 7303 പേർ (63 ശതമാനം) വീട് പണി പൂർത്തീകരിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽ 3891 പേരെയാണ് അർഹരായി കണ്ടെത്തിയത്. അവരിൽ 1857 പേർ (62 ശതമാനം) വീട് പണി പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ

1455-ൽ 979 പേർ (75 ശതമാനം) വീട് പണി പൂർത്തിയാക്കി. ഇതിൽ ഹഡ്കോയുടെ വായ്പ 1750 കോടി രൂപ, തദ്ദേശഭരണ സ്ഥാപനവിഹിതം 1036 കോടി രൂപ, സംസ്ഥാന വിഹിതം 682 കോടി രൂപ. അങ്ങനെ 3468 കോടി രൂപ നാം ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ കാര്യമാണ് ഇതിന്റെ മൂന്നാം ഘട്ടം. അവരുടെ കാര്യത്തിൽ, 132,090 പേരാണ് അർഹരായ ഗുണഭോക്താക്കൾ. ഇതിൽനിന്ന് ഭൂമിയുള്ള വിഭാഗത്തിലേയ്ക്ക് മാറി വന്നവർ 13,103 പേരുണ്ട്. നിലവിൽ ഭൂരഹിത ഭവനരഹിതർ 118,987 പേരാണ്. ഇതിൽ പട്ടികജാതി വിഭാഗക്കാർ 19,429 പേരും പട്ടികവർഗ്ഗ വിഭാഗക്കാർ 2200 പേരുമാണ്. ഇവരുടെ കാര്യത്തിൽ സ്ഥലവും ആവശ്യമാണ്, പ്രസ്തുത സ്ഥലത്ത് ഇവർക്കായി വീടുകളും നിർമ്മിക്കണം. 101 ഭവന സമുച്ചയങ്ങളാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. ഓരോ ജില്ലയിലും ഒന്നുവീതം 14 സമുച്ചയങ്ങൾ. അതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1214 വീടുകളാണ് അതിൽ വരിക. 14 സമുച്ചയങ്ങളുടെ നിർമ്മാണം സഹകരണ മേഖലയുടെ കെയർ ഹോം പദ്ധതി പ്രകാരം പുരോഗമിക്കുന്നുണ്ട്. 14 സമുച്ചയങ്ങൾക്ക് ടെണ്ടർ നൽകി. 12 സമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. 10 സമുച്ചയങ്ങളുടെ ഡി.പി.ആർ. പൂർത്തിയായി. 35 സൈറ്റുകളിൽ സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 176 സ്ഥലങ്ങളിൽ 245 പ്ലോട്ടുകൾകൂടി കണ്ടെത്തിയിട്ടുണ്ട്. 2020 ജൂലൈവരെ 673.36 കോടി രൂപ മൂന്നാം ഘട്ടത്തിൽ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് മിഷന്റെ ഭാഗമായി അർഹതപ്പെട്ട ചിലരെ വിട്ടുപോയി എന്ന പരാതി വന്നിരുന്നു. അത്തരം ആളുകൾക്ക് അപേക്ഷിക്കാനുള്ള അവസരം നൽകിയിരിക്കുകയാണ്. നേരത്തെ 2020 ആഗസ്റ്റ് 14 വരെയായിരുന്നു അപേക്ഷിക്കാനുള്ള തീയതി. അത് 2020 ആഗസ്റ്റ് 27 വരെ നീട്ടിയിട്ടുണ്ട്. ഈ പദ്ധതിക്ക് വലിയ പിന്തുണയാണ് ജനങ്ങളിൽനിന്ന് ലഭിച്ചത്. നിരവധിയാളുകളാണ് വീട് നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുനൽകാൻ തയ്യാറായത്. അതിനാൽ ആത്മവിശ്വാസത്തോടെ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ഏതുവിധ കുപ്രചരണമുണ്ടായാലും ഈ പദ്ധതി നല്ല രീതിയിൽ തന്നെ മുന്നോട്ടുപോകും. ഭൂമിയില്ലാത്ത, ഭവനമില്ലാത്ത എല്ലാവർക്കും വീട് എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ സാധിക്കും. ഇതോടൊപ്പം നാം നടപ്പാക്കിയ ഒരു മിഷനാണ് ഹരിത കേരള മിഷൻ. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ത് മറുപടിയാണ് പറയേണ്ടതെന്ന് നിങ്ങൾ പറയണ്ട. പ്ലീസ്.....ഇരിക്കു... അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കു.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നാട് പൊതുവെ പച്ചപ്പുള്ളതാണ്. എന്നാൽ പലയിടങ്ങളിലായി പച്ചപ്പ് നഷ്ടപ്പെടുന്നുണ്ടായിരുന്നു. നഷ്ടപ്പെട്ടുപോയ പച്ചപ്പ് തിരിച്ചെടുക്കൽ, ജലാശയങ്ങളുടെ വീണ്ടെടുപ്പ് തുടങ്ങിയവയാണ് 'ഹരിത കേരളം മിഷൻ' വിഭാവനം ചെയ്യുന്നത്. അതിനായും നാടൊന്നാകെ കൈകോർത്ത് നിന്നു. അതിന്റെ ഭാഗമായി ഒഴുക്കുനിലച്ച നദികളെയും തോടുകളെയുമൊക്കെ വീണ്ടെടുക്കാൻ സാധിച്ചു. ഇതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ നടന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. കിണറുകൾ റീചാർജ് ചെയ്യാൻ പറഞ്ഞിരുന്നു. 54,362 കിണറുകളാണ് ഹരിത കേരളം മിഷന്റെ ഭാഗമായി റീചാർജ് ചെയ്തത്. 23,158 കിണറുകൾ നിർമ്മിക്കുകയും 13,942 കിണറുകൾ നവീകരിക്കുകയും ചെയ്തു. 18,203 കുളങ്ങൾ നിർമ്മിക്കുകയും 23,628 എണ്ണം നവീകരിക്കുകയും ചെയ്തു. 390 കിലോമീറ്റർ പുഴകൾ പുനരുജ്ജീവിപ്പിച്ചു. 41,529 കിലോമീറ്റർ തോടും നീർച്ചാലുമൊക്കെ നല്ലനിലയിൽ വീണ്ടെടുക്കാനായിട്ടുണ്ട്. ഇപ്പോൾ ചെറിയ നീർച്ചാലുകൾ, നദികൾ ഇതൊക്കെ വീണ്ടെടുത്തു. വരട്ടാർ എല്ലാവരുടേയും മനസ്സിലുള്ളതാണ്. വരട്ടാർ, കുട്ടൻപേരൂരാർ, കിള്ളിയാർ, കാനാമ്പുഴ, കോലറയാർ, പള്ളിക്കലാർ, വലിയതോട്, പെരുന്തോട്, പൂന്തൂർപ്പുഴ, ചാലംകോട് തോട്, മീനച്ചിലാർ, മീനന്തറയാർ, കൊട്ടൂരാർ, മുട്ടംപറപ്പ് തോട്, വടക്കേപ്പുഴ ഇങ്ങനെ കുറേയെണ്ണം വീണ്ടെടുത്തു. നാടാകെ ഇറങ്ങിയാണ് ഇതൊക്കെ ചെയ്തത്. ഹരിത കേരളം മിഷനെ നാട് എങ്ങനെ സ്വീകരിച്ചു എന്നതാണ് ഇതിലൂടെ നാം കാണുന്നത്.

അതോടൊപ്പം മാലിന്യ സംസ്കരണ രംഗത്ത് 1033 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേനയുണ്ടായിരുന്നു. 1089 മെറ്റീരിയൽ കളക്ഷൻ സെന്റർ, 150 റിസോഴ്സ് റിക്കവറി സെന്ററുകളുൾപ്പെടെ ആകെ 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ സംസ്ഥാനത്തുവന്നു. 2023 കിലോമീറ്റർ റോഡ് പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആകെ 1452.87 മെട്രിക് ടൺ ഇ-വേസ്റ്റ് ശേഖരിച്ചു. 298 പഞ്ചായത്തുകളിലെ 988 വാർഡുകൾ ഹരിത വാർഡുകളായി പ്രഖ്യാപിച്ചു. ഓണത്തിന് ഒരു മുറം പച്ചക്കറി, സുഭിക്ഷ കേരളം എന്നിവയ്ക്ക് പുറമെ 3,41,038 വീടുകളിൽ കൃഷി നടക്കുന്ന നിലയുണ്ടായി. 506 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 403 ഏക്കർ ഭൂമിയിൽ 1090 പച്ചത്തുരുത്തുകളാണുണ്ടായത്. ഇതൊക്കെ നമ്മുടെ നാട്ടിൽ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന കാര്യങ്ങളാണ്. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം സംസാരിച്ചുതുടങ്ങിയിട്ട് ഒരു മണിക്കൂറൊന്നും ആയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് രണ്ടിരട്ടി സമയം അനുവദിച്ചു.

എല്ലാവർക്കും സമയം യഥേഷ്ടം നൽകിയിരുന്നു. നിങ്ങൾ ഇത്രയും ചർച്ച നടത്തിയശേഷം മറുപടി പറയുമ്പോൾ അസ്വസ്ഥത കാണിക്കുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്തോ പറയാനുണ്ടെന്ന് തോന്നുന്നു. അതുകൊണ്ട് ഞാൻ ഇരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്രയും സമയം നിന്നതല്ലേ; അതുകൊണ്ട് കുറച്ച് സമയം ഇരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേൾക്കാതെ ഞങ്ങൾ പോകുമെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. ഞങ്ങൾ അങ്ങനെ മറുപടി കേൾക്കാതെ പോകുകയൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിണർ റീചാർജ് ചെയ്യലും മോട്ടോർ വച്ച കാര്യങ്ങളുമൊക്കെ പറയുന്നു. എത്ര സമയംകൂടി വേണമെന്ന് പറഞ്ഞാൽ മതി. അങ്ങ് എന്നെ നിയന്ത്രിച്ചു. പക്ഷേ, അങ്ങ് എനിക്ക് കൂടുതൽ സമയം അനുവദിച്ചു. അതുപോലെ അങ്ങ് നിയന്ത്രിക്കണ്ടേ. എത്ര മന്ത്രിമാർ സംസാരിച്ചു?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിക്കുമ്പോൾ നിങ്ങൾ ചോദ്യം ഉന്നയിക്കുകയും അതിന് മറുപടി പറയിപ്പിക്കുകയുമായിരുന്നില്ലേ? ഞാനല്ല ചോദ്യം ഉന്നയിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ.കെ. ബാലൻ പറഞ്ഞതുപോലെ കോവിഡ്-19 കാലമാണ്. അധികസമയം ഇതിനകത്തിരിക്കാൻ സാധിക്കില്ല. അതിന് ഒരു ന്യായം വേണം. ഒരു സമയക്ലിപ്തത വേണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഞങ്ങൾ മിണ്ടാതെ ഇരിക്കുകയല്ലേ.

മി. സ്പീക്കർ: സംസാരം അവസാനിപ്പിക്കാൻ അനുവദിക്കാതെ വീണ്ടും ചോദ്യം ഉന്നയിച്ചത് നിങ്ങളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എടുത്ത സമയമേ അദ്ദേഹവും എടുത്തിട്ടുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിനൊരു മര്യാദ വേണമെന്നാണ് പറയുന്നത്. ഇത് കോവിഡ്-19 കാലമായതുകൊണ്ട് പടരാനുള്ള സാധ്യതയുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഒട്ടേറെ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവയ്ക്കൊക്കെ വിശദീകരണം നൽകണമല്ലോ. എന്താണ് നാടിന്റെ അവസ്ഥ എന്ന് കാണിക്കാനാണ് ഞാനിതൊക്കെ പറയുന്നത്. ജനങ്ങളർപ്പിച്ച വിശ്വാസം നഷ്ടപ്പെടുത്തുന്ന എന്തെങ്കിലും കാര്യങ്ങൾ ഞങ്ങൾ ചെയ്തോ? ഇതാണ് ഒരു പരിശോധന. അപ്പോൾ നാട്ടിൽ എന്തൊക്കെ ചെയ്തു; നാട് എങ്ങനെയാണ് അതിനെ സ്വീകരിച്ചത്; ആ ഭാഗം പറയേണ്ടേ? അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നാല് മിഷനുകളുടെ പ്രവർത്തനം. വിദ്യാഭ്യാസ മേഖലയിലും

ആരോഗ്യ മേഖലയിലും ലൈഫ് മിഷനിൽ വീട് നൽകുന്നതിന്റെ കാര്യത്തിലും പാവപ്പെട്ടവർക്ക് രണ്ടേകാൽ ലക്ഷം വീട് ലഭിച്ചതിലും ഹരിത കേരളം മിഷന്റെ പ്രവർത്തനത്തിലുമെല്ലാം നാടൊന്നാകെ സ്വീകരിച്ച കാര്യമാണ്. അതിലൊക്കെ നാട് ഞങ്ങളെ വലിയ വിശ്വാസത്തിലാണെടുത്തത്. അക്കാര്യം ഞാൻ പറഞ്ഞതാണ്. അത് പറഞ്ഞതിനുശേഷമല്ലേ മറ്റ് കാര്യങ്ങൾ പറയേണ്ടത്.

ഇനി ഞാൻ വേറൊരു ഭാഗം പറയാം. 1990 വരെ ആഭ്യന്തര വരുമാന വളർച്ചയിൽ കേരളത്തിന് കാര്യമായ മുന്നേറ്റം നടത്താൻ കഴിയാതിരുന്നു. 1990 മുതൽ അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതൽ വരുമാന വളർച്ച രേഖപ്പെടുത്തി. അതിൽ പ്രവാസികളുടെ പുറംവരുമാനം ഏറ്റവും പ്രധാനപ്പെട്ട ഘടകമായിരുന്നു. സേവന മേഖലയിലാണ് അതിവേഗ വളർച്ചയുണ്ടായത്. കാർഷികോൽപ്പാദന മേഖലകളിൽ വേണ്ടത്ര പുരോഗതി നമുക്ക് കൈവരിക്കാനായില്ല. ഈയൊരു അസന്തുലിതാവസ്ഥ കാണാതെ പോകരുത്. സന്തുലിതമായ ആഭ്യന്തര വരുമാനവളർച്ച കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമായ ഘടകമാണ് പശ്ചാത്തല സൗകര്യ വികസനം. അതിവേഗ സാമ്പത്തിക വളർച്ചയിൽ സമ്പത്ത് വിതരണത്തിലെ അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നതിനുള്ള കൃത്യമായ കാഴ്ചപ്പാടോടെയാണ് ഈ സർക്കാർ മുന്നോട്ടുപോയത്. അത് ഭാവികേരളം എന്തായിരിക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് നേതൃത്വം നൽകാൻ പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വലിയ തോതിൽ സഹായകരമായി. സാധാരണ ബഡ്ജറ്റ് വഴി മാത്രം നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ, അത് ചെയ്യുക, ബാക്കിയെല്ലാം ചെയ്യാൻ സാധിക്കാതെ കയ്യും കെട്ടിയിരിക്കുക ഇതായിരുന്നു നമ്മുടെ രീതി. എന്നാൽ അതിൽനിന്നും മാറി ബഡ്ജറ്റിനുപുറത്ത് വിഭവസമാഹരണം നടത്തി അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൻ പദ്ധതികൾ നടപ്പിലാക്കി. ഇത് പശ്ചാത്തല സൗകര്യ മേഖലയിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കി. ഇതിലൂടെ കാർഷികോൽപ്പാദന മേഖലകളിൽ പുത്തനുണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു. നാല് വർഷംകൊണ്ടുതന്നെ കിഫ്ബിക്ക് ഈ വഴിയിൽ വളരെ മുന്നോട്ട് പോകാനായിട്ടുണ്ട്. 50,000 കോടി രൂപയൊക്കെയാണ് ഞങ്ങൾ ലക്ഷ്യം വച്ചതെങ്കിലും ഇതുവരെ 57,031.21 കോടി രൂപയുടെ 730 വികസന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. ലക്ഷ്യത്തെ കടന്നുനിൽക്കുന്ന നേട്ടമാണിത്. അതുമാത്രമല്ല ഇവിടെ കാണേണ്ടത്. ഈ നാല് വർഷമെടുത്താൽ ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളാണ് നമുക്ക് നേരിടേണ്ടിവന്നത്. പ്രതികൂല സാഹചര്യങ്ങൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധാരണ തടസ്സം സൃഷ്ടിക്കും. ഞാൻ ഈ പദ്ധതികളുടെ കാര്യം ആകെ എടുത്ത് പറയാൻ

തയ്യാറാകുന്നില്ല. പക്ഷേ, 50 കോടി രൂപയിൽമേലുള്ള പദ്ധതികൾ 220 എണ്ണമാണ്. അത് 42,003.34 കോടി ചെലവിടുന്ന പദ്ധതികളാണ്. വിവിധ പദ്ധതികളെടുത്ത് പരിശോധിച്ചാൽ 5865.79 കോടി രൂപ വിവിധ പദ്ധതികളിൽ വിനിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്.

ദേശീയപാതാ വികസനത്തിന് കിഫ്ബി വഴിയാണ് തുക നൽകുന്നത്. 5374 കോടി രൂപയാണ് അതിന് നൽകിയത്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ 14,500 കോടി രൂപയുടെ വിവിധ പദ്ധതികളുണ്ട്. ഇതിൽ 8765 കോടി രൂപയുടെ 193 റോഡ് നവീകരണ പദ്ധതികൾ, 825 കോടി രൂപയുടെ 9 ബൈപ്പാസുകൾ, 1976 കോടി രൂപയുടെ 75 പാലങ്ങൾ, 961 കോടി രൂപയുടെ 13 മേൽപ്പാലങ്ങൾ, 1645 കോടി രൂപയുടെ 49 റെയിൽ മേൽപ്പാലങ്ങൾ. മലയോര ഹൈവേ, തീരദേശഹൈവേ, കുണ്ടന്നൂർ, വൈറ്റില, എടപ്പാൾ മേൽപ്പാല പദ്ധതികൾ എന്നിവ ഈ വർഷം പൂർത്തിയാകുന്നതാണ്. 2150 കോടി രൂപ മുടക്കി 26 സർക്കാർ ആശുപത്രികളുടെ നവീകരണം, പുനലൂർ താലൂക്ക് ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി ഒന്നാം ഘട്ടം, കൊച്ചി കാൻസർ സെന്റർ ഒന്നാംഘട്ടം എന്നിവയുൾപ്പെടുന്നവ 2020-21-ൽ പൂർത്തീകരിക്കും. 141 പൊതുവിദ്യാലയങ്ങളുടെ കാര്യം നേരത്തെ പറഞ്ഞു. അതിൽ 705 കോടി രൂപയ്ക്ക് നടപ്പാക്കുന്ന മികവിന്റെ കേന്ദ്രം പദ്ധതി 2020-21 സാമ്പത്തിക വർഷം തന്നെ പൂർത്തിയാകും. 785 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന സ്മാർട്ട് ക്ലാസ്സ്, സ്മാർട്ട് ലാബ് പദ്ധതികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. നേരത്തേ വിദ്യാഭ്യാസ രംഗത്തുള്ള കാര്യം ഞാൻ പറഞ്ഞതുകൊണ്ട് അത് ആവർത്തിക്കുന്നില്ല. എന്നാലും നാം കാണേണ്ടത് എൽ.പി, യു.പി. സ്കൂളുകളിലെ ഹൈടെക് ക്ലാസ്സ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ നാല്പത്തയ്യായിരവും പതിനയ്യായിരവുമാണ്.

വൈദ്യുതി മേഖലയിൽ വലിയ തോതിലുള്ള മാറ്റം വരുന്ന, ക്വാളിറ്റി പവർ കൊടുക്കാൻ കഴിയുന്ന ഒന്നാണ് 5200 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി. വൈദ്യുതി മേഖലയിൽ നിലവിലുള്ള പ്രസരണ പരിമിതികൾ പരിഹരിക്കാൻ ഇതുകൊണ്ട് സാധിക്കും. മാത്രമല്ല വടക്കൻ കേരളത്തിൽ ഇടതടവില്ലാതെ ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്താനാകും. 5200 കോടി രൂപ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുകയാണ്. 400 കെ.വി. സബ് സ്റ്റേഷനുകൾ - 3, 220 കെ.വി. സബ് സ്റ്റേഷനുകൾ - 22, 4390 കിലോമീറ്റർ പ്രസരണ ലൈനുകൾ ഇതെല്ലാമടങ്ങുന്നതാണ് ഈ പദ്ധതി. നിലവിലുള്ള പ്രസരണ ലൈനുകളുടെയും സബ് സ്റ്റേഷനുകളുടെയും ശേഷി പദ്ധതിയുടെ ഭാഗമായി ഉയർത്തപ്പെടുകയും പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കപ്പെടുകയും ചെയ്യും. കേരളത്തിന്റെ വൈദ്യുതി മേഖലയിൽ ഇത് വരുത്തുന്ന മാറ്റം എത്ര

വലുതായിരിക്കും! സാധാരണ ഗതിയിൽ നമ്മുടെ ബഡ്ജറ്റ് കാത്തുനിന്നാൽ 5200 കോടി രൂപ എപ്പോഴാണ് കൊടുക്കാൻ സാധിക്കുക? വലിയ മാറ്റം നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുകയാണ്. 71 കുടിവെള്ള പദ്ധതികൾ 4461 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് നടക്കുകയാണ്. ശുദ്ധമായ കുടിവെള്ളം പ്രാപ്യമല്ലാത്ത ജനവിഭാഗങ്ങളുണ്ട്. 4461 കോടി രൂപ ചെലവിട്ട് 71 കുടിവെള്ള പദ്ധതികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കാസർഗോഡ്, കൊയിലാണ്ടി, താനൂർ, പൊന്നാനി എന്നീ നഗരസഭാ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ 2020-21 സാമ്പത്തികവർഷം പൂർത്തിയാക്കാൻ സാധിക്കും. പെട്രോകെമിക്കൽ പാർക്കിനായുള്ള ഭൂമി ഏറ്റെടുത്തതിനുള്ള 977 കോടി രൂപ ധനസഹായം കിഫ്ബിയാണ് നൽകിയത്.

കണ്ണൂരും പാലക്കാട്ടും വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കാനായി 12,710 കോടി രൂപ കണ്ടിട്ടുണ്ട്. 1060 കോടി രൂപ കിഫ്ബി ധനസഹായത്തിൽ സംസ്ഥാനത്തിന്റെ ഇന്റർനെറ്റ് ശൃംഖല ശക്തിപ്പെടുത്തുന്ന കെ - ഫോൺ പദ്ധതി; 250 കോടി രൂപ ചെലവിൽ കൊച്ചി ഐ.ടി. ഇന്നൊവേഷൻ സോൺ; 100 കോടി രൂപ ചെലവിൽ ടെക്നോസിറ്റിയിലെ ആദ്യ ഐ.ടി. കെട്ടിടം; 240 കോടി രൂപ ചെലവിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുന്ന വലിയ മാറ്റമാണിത്. 240 കോടി രൂപയാണ് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ ചെലവിടുന്നത്. 1500 കോടി രൂപ ചെലവിൽ കൊച്ചിയിലെ കനാലുകളുടെ നവീകരണവും ജലഗതാഗതത്തിന്റെ വികസനവും, 270 കോടി രൂപ ചെലവിൽ തൃശ്ശൂർ മൃഗശാല, 72 കോടി രൂപ ചെലവിൽ കോട്ടൂർ ആന പരിപാലന കേന്ദ്രം, 112 കോടി രൂപ ചെലവിൽ പരപ്പനങ്ങാടിയിലും 97.43 കോടി രൂപ ചെലവിൽ ആലപ്പുഴ ചെത്തിയിലും മത്സ്യബന്ധന തുറമുഖങ്ങൾ. ഇവയൊക്കെ സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണ്. വലിയ തോതിലുള്ള മാറ്റമാണ് കേരളത്തിൽ വരുന്നതെന്നാണ് ഇതിൽനിന്നും കാണേണ്ടത്. ഈ മാറ്റം ഓരോ പ്രദേശത്തും ഉണ്ടാകുകയാണ്. നാടാകെ മാറുകയാണ്. സ്വാഭാവികമായും ജനങ്ങൾ എന്ത് വിശ്വാസത്തിലാണോ ഈ സർക്കാരിനെ അധികാരത്തിലേറ്റിയത് ആ വിശ്വാസം കൂടുതൽ കനക്കുന്നുവെന്നതാണ് വസ്തുത. ഒരു തരത്തിലുമുള്ള അവിശ്വാസമായി അത് മാറുന്നില്ല. കിഫ്ബിയെ വല്ലാതെ ആക്ഷേപിച്ചവരുണ്ട്. ആക്ഷേപിച്ചവർതന്നെ ഇതിന്റെ കണ്ണഞ്ചിപ്പിക്കുന്ന വിജയംകണ്ട് ഇതുപ്രകാരമുള്ള പദ്ധതികൾ തങ്ങളുടെ പ്രദേശത്തുകൂടി വേണമെന്ന് വാദിക്കുന്നതാണ് പിന്നീട് കാണുന്നത്. ഈ പദ്ധതി മോശമായിരുന്നെങ്കിൽ വേണ്ടെന്നായിരിക്കുമല്ലോ പറയുന്നത്. അങ്ങനെ

പറഞ്ഞാൽ മണ്ഡലത്തിലെ ജനങ്ങൾ തങ്ങൾക്ക് എതിരാകുമെന്നുള്ളതുകൊണ്ട് എല്ലാവരും ഇപ്പോൾ ഇതിനോടൊപ്പം നിൽക്കുകയാണ്. നിലവിലെ പരിമിത വിഭവങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ട് നാം ചിന്തിച്ചാൽപ്പോരാ. ഭാവി വികസന പ്രവർത്തനങ്ങൾ ദീർഘവീക്ഷണത്തോടുകൂടി വിഭാവനം ചെയ്യേണ്ടതുണ്ട്. അത് ഏതൊരു സർക്കാരിന്റെയും പ്രാഥമിക ബാധ്യതയാണ്. ആ ബാധ്യത ഞങ്ങൾ നിറവേറ്റുകയാണ്. പശ്ചാത്തല വികസനം എന്നത് ഭാവി വികസനത്തിനുള്ള മുഖ്യഉതഗമായാണ് ഞങ്ങൾ കാണുന്നത്. ഇത് സാമ്പത്തികശാസ്ത്ര ഗവേഷകർ പരക്കെ അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്.

മറ്റൊന്ന്, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എങ്ങനെയായിരുന്നു? ആഭ്യന്തര വരുമാനവളർച്ച വലിയ മാന്ദ്യം നേരിട്ട കാലഘട്ടമായിരുന്നു 2012-13 മുതൽ 2015-16 വരെ. അത് യു.ഡി.എഫ്-ന്റെ ഭരണകാലമായിരുന്നു. ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 2012-13-ൽ 6 ശതമാനവും 2013-14-ൽ 4.3 ശതമാനവും 2014-15-ൽ 3.8 ശതമാനവും 2015-16-ൽ 5.33 ശതമാനവും ആയിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന 2016-17-ൽ ആദ്യംതന്നെ നോട്ട് നിരോധനത്തിന്റെ ഭാഗമായി കനത്ത ആഘാതം ഏറ്റുവാങ്ങേണ്ടിവന്നു. എന്നിട്ടും വളർച്ചാനിരക്ക് 7.1 ശതമാനമായി ഉയർന്നു. 2017-18-ൽ നോട്ട് നിരോധനത്തിന്റെ ഫലങ്ങൾ പ്രത്യക്ഷപ്പെട്ടു. പക്ഷേ, നമുക്ക് വളർച്ചാനിരക്ക് 6.8 ശതമാനമായി നിലനിർത്താൻ കഴിഞ്ഞു. 2018-19-ൽ ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 7.5 ശതമാനമായി ഉയർന്നു. മഹാപ്രളയം സൃഷ്ടിച്ച വലിയ ദുരന്തമുണ്ട്. ആ നാശനഷ്ടങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടമുണ്ടാക്കിയത്. 2018-19-ലെ ദേശീയ വരുമാന വളർച്ച നമ്മൾ ഓർക്കണം. അത് 6.6 ശതമാനമായിരുന്നു. അപ്പോഴാണ് ഇവിടെ 7.5 ശതമാനമായത്. അതായത് 0.9 ശതമാനം ഉയർന്ന ആഭ്യന്തര വരുമാന വളർച്ച സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞു. ഉൽപ്പാദന മേഖലയിൽ 2018-19-ൽ സംസ്ഥാനത്തിന് 11.2 ശതമാനം വളർച്ചയാണ് നേടാൻ കഴിഞ്ഞത്. 2016-17-ൽ 7.8 ശതമാനമായിരുന്നു. നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതമുണ്ടായിട്ടും 2017-18-ൽ 9.2 ശതമാനമായി ഉയർന്നു. യു.ഡി.എഫ്. ഭരണകാലത്ത് 2013-14 ൽ 4.7 ശതമാനം; 2014-15 ൽ 2.9 ശതമാനം ഇതായിരുന്നു ഉൽപ്പാദന മേഖലയിലെ വളർച്ചാനിരക്ക്. അതിൽനിന്നാണ് 2018-19-ലെ റെക്കോർഡിൽ നാം എത്തിയത്. സർക്കാരിന്റെ ഇടപെടൽ ഏതൊക്കെ തരത്തിൽ ഫലപ്രദമാകുന്നു എന്നതിന്റെ വ്യക്തമായ സൂചനകളാണ് സാമ്പത്തികരംഗത്ത് നമുക്ക് കാണാൻ കഴിയുന്നത്. ഒരു പരാതി അല്ലെങ്കിൽ ആരോപണം ഉയർന്നത് ധനകാര്യ ധൂർത്ത് ഇവിടെയുണ്ടെന്ന് പറഞ്ഞാണ്. 2006 മുതൽ 2011 വരെയുള്ള എൽ.ഡി.എഫ്.

സർക്കാരിന്റെ കാലയളവിൽ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 13.52 ശതമാനമായിരുന്നു. 2011-16 കാലഘട്ടത്തിൽ 18.07 ശതമാനം ശരാശരി വളർച്ചയിലേയ്ക്കുയർന്നു. 2015-16-ൽ യു.ഡി.എഫ്. സർക്കാർ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ബാധ്യതകൾ ബാക്കിവച്ചാണ് അധികാരം വിട്ടൊഴിഞ്ഞത് എന്നത് പ്രത്യേകം ഓർക്കണം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ 2018-19 വരെ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 11.95 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അപ്പോൾ ധനധൂർത്തുണ്ടെന്ന പ്രചരണം ബോധപൂർവ്വമായ വ്യാജപ്രചരണം മാത്രമാണ്.

ആര് ഭരിച്ചാലും ഒരുപോലെയെന്ന് പറയുന്ന ഒരവസ്ഥ ചിലരുടെ ഭാഗത്തുണ്ട്. അവർ കണ്ണുതുറന്ന് കാണേണ്ട ചില സാമ്പത്തിക വിവരങ്ങൾ പറയാം. 2010-11-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടപ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വളർച്ച 23.25 ശതമാനമായിരുന്നു. ഇത് യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾ പിന്നിട്ട 2013-14-ൽ 6.38 ശതമാനമായി ഇടിഞ്ഞു. 23.25 ശതമാനത്തിൽ നിന്ന് 6.38 ശതമാനത്തിലേയ്ക്ക് വീണുവെന്നത് നമ്മൾ ഓർമ്മിക്കണം. അതിനുശേഷം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ തനത് നികുതി വരുമാന വളർച്ച 10 ശതമാനമായിരുന്നു. പ്രത്യേകിച്ച് പ്രതിസന്ധികളൊന്നുമില്ലാത്ത കാലയളവായിരുന്നു ഇതെന്നത് പ്രത്യേകം പറയേണ്ടതില്ല. എന്നിട്ടാണ് ഇത്ര വലിയ തകർച്ചയുണ്ടായത്. നമ്മുടെ ഈ ഘട്ടമെടുത്താൽ നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയ ശേഷമുണ്ടായ നികുതിനിരക്കിലെ കുറവ്, ഓഖി ദുരന്തം, മഹാപ്രളയം, അതിനുശേഷമുണ്ടായ കാലവർഷക്കെടുതി തുടങ്ങിയവയ്ക്കെല്ലാമിടയിലാണ് എൽ.ഡി.എഫ്. സർക്കാർ തനത് നികുതി വരുമാനം താഴാതെ നിലനിർത്തിയത്. എല്ലാ അനുകൂല സാഹചര്യങ്ങളുമുണ്ടായിട്ടും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വലിയ തകർച്ചയും എല്ലാ പ്രതികൂല സാഹചര്യമുണ്ടായിട്ടും എൽ.ഡി.എഫ്. ഭരണത്തിൽ വളർച്ചയുമുണ്ടായി. 2015-16-ൽ യു.ഡി.എഫ്. അധികാരം വിടുമ്പോൾ കരാർ കുടിശ്ശിക ബിൽ മുതൽ ശമ്പള പരിഷ്കരണംവരെ ബാക്കിവച്ചു. അങ്ങനെ യു.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ നികുതി ഭരണ കെടുകാര്യസ്ഥതയുടെ ഭാരംകൂടി ഏറ്റെടുത്തുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാരിന് മുന്നോട്ട് നീങ്ങേണ്ടി വന്നത്. എന്നിട്ടാണ് ഇത്തരമൊരു നേട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞത്. അതോടൊപ്പം ജനങ്ങൾക്ക് സുതാര്യമായ ഭരണസംവിധാനവും പ്രദാനം ചെയ്തു. അത് ഏറ്റവും പ്രധാനമാണ്. പൊതുജനങ്ങളുടെ പരാതി പരിഹരിക്കാൻ കമ്പ്യൂട്ടർവത്കരിച്ച പുതിയ സംവിധാനമൊരുക്കി. പരാതി നൽകിയ വ്യക്തികൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ ഏർപ്പാടാക്കി. 2016 ജൂൺ

മുതൽ 2020 ആഗസ്റ്റ് അവസാന ആഴ്ച വരെ 290,459 പരാതികൾ ലഭിച്ചിട്ടുണ്ട്. 209,183 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായങ്ങളും ഇത്തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെയും ഡയറക്ടറേറ്റുകളിലെയും ഫയലുകൾ തീർപ്പാക്കൽ മുറപോലെ എന്ന സമീപനം ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. ഫയൽ തീർപ്പാക്കൽ തീവ്രപരിപാടി നടപ്പാക്കുകയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രദ്ധേയമായ വിധത്തിൽ ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

അധികാര വികേന്ദ്രീകരണവും ശക്തമായി സർക്കാർ മുന്നോട്ട് കൊണ്ടുപോകുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായാണ് നീക്കിവച്ചത്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്കാണ് വഹിക്കുന്നത്. അത് സംബന്ധിച്ച് പിന്നീട് പറയാം. അപ്പോൾ ഏത് കാര്യത്തിലാണ് ഈ ഗവൺമെന്റിൽ അവിശ്വാസം എന്നതിലാണ് പ്രശ്നം. പൗരത്വ നിയമഭേദഗതിക്കെതിരെ ആദ്യം പ്രമേയം അവതരിപ്പിച്ച സർക്കാർ ഇതാണ്. മതത്തിന്റെ പേരിൽ പൗരത്വ കാര്യത്തിൽ വിവേചനം വരുത്തുന്നതിനെ ധീരമായി ചോദ്യം ചെയ്ത സംസ്ഥാനം നമ്മുടേതാണ്. ഈ നിലപാടിൽ അവിശ്വാസമുണ്ടോ; വർഗ്ഗീയകലാപമില്ലാത്ത, സമുദായസൗഹാർദ്ദമുള്ള നാടായി കേരളത്തെ നിലനിർത്തുന്നു. അതിൽ അവിശ്വാസമുണ്ടോ; കേന്ദ്രം പൊതുമേഖലയെ വിറ്റഴിക്കുകയാണല്ലോ. അതിനെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് BHEL EML, കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ സംസ്ഥാനം സജീവമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട അനുമതികളിലെ കാലതാമസമാണ് ഏറ്റെടുക്കൽ വൈകിപ്പിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വിട്ടുകിട്ടാൻ സംസ്ഥാന സർക്കാർ ശക്തമായ ഇടപെടലാണ് നടത്തുന്നത്. സർക്കാർ ഏറ്റെടുത്തുനൽകിയ 700 ഏക്കറോളം ഭൂമിയിലാണ് ആ സ്ഥാപനമുള്ളത്. ബുക് വാല്യൂ അടിസ്ഥാനത്തിൽ എച്ച്.എൻ.എൽ. ആസ്തികൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് 2018 ഒക്ടോബറിൽ നാം അറിയിച്ചു. പക്ഷേ, നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ അത് അനുവദിച്ചില്ല. ഇപ്പോൾ എച്ച്.എൻ.എൽ.-നായി ലേലത്തിൽ പങ്കെടുക്കാൻ തയ്യാറെടുത്തിരിക്കുകയാണ്. ഈ മാസം 26 ആണ് ഓഫർ സമർപ്പിക്കാനുള്ള അവസാന തീയതി. കിൻഫ്രയാണ് ബിഡ് സമർപ്പിക്കുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് നമ്മൾ

ഏറ്റെടുക്കാൻ തയ്യാറാണെന്ന് നേരത്തേതന്നെ അറിയിച്ചു. തത്വത്തിൽ കേന്ദ്ര സർക്കാർ സമ്മതിക്കുകയും ചെയ്തു. സംസ്ഥാനം ഡ്രാഫ്റ്റ് എഗ്രിമെന്റ് തയ്യാറാക്കി നൽകി. സ്ഥാപനം സ്ഥിതിചെയ്യുന്ന പാലക്കാട്ടുള്ള 600 ഏക്കറോളം ഭൂമിയുടെ വിലകൂടി ആസ്തിയായി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്രം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇതൊരു പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയിൽത്തട്ടി അവസാന തീരുമാനം നീളുകയാണ്. BHEL EML-ന്റെ 51 ശതമാനം ഓഹരികൾ BHEL-ന്റേതാണ്, 49 ശതമാനം സംസ്ഥാനത്തിന്റേതും. രണ്ട് വർഷമായി ഈ കമ്പനി പ്രവർത്തിക്കുന്നില്ല. BHEL-ന്റെ 51 ശതമാനം ഓഹരി ഏറ്റെടുക്കാമെന്ന് സംസ്ഥാനം അറിയിച്ചിട്ടുണ്ട്. ആസ്തി നിർണ്ണയം നടത്തിയ സമിതി ആസ്തി ബാധ്യതകൾ ബുക് വാല്യൂ അടിസ്ഥാനത്തിൽ ഒരു രൂപ നിരക്കിൽ ഏറ്റെടുക്കാൻ തീരുമാനിച്ചു. BHEL ബോർഡ് ഈ തീരുമാനം അംഗീകരിച്ചു. കേന്ദ്ര അനുമതിയോടെ 51 ശതമാനം ഓഹരി കൈമാറാൻ തയ്യാറാണെന്ന് സംസ്ഥാനത്തെ അറിയിച്ചു. ഡ്രാഫ്റ്റ് എഗ്രിമെന്റ് ഇനിഷ്യേറ്റ് ചെയ്യുകയും ചെയ്തു. പക്ഷേ, തുടർനടപടികൾ കേന്ദ്രം വൈകിപ്പിക്കുകയാണ്. ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനായി 2018-ൽ കെ.എം.എം.എൽ.-ൽ നിന്നും വായ്പയായി 5 കോടി രൂപ നൽകി. റിയാബ് വഴി ഒരു കോടി രൂപയും ധനസഹായം നൽകി. ...(ബഹളം)...

<u>മി. സ്പീക്കർ</u>: ഇതൊന്നും ശരിയല്ല. പ്ലീസ്... പ്ലീസ്.... ഗവൺമെന്റിന് പറയാനുള്ളതുകൂടി കേൾക്കൂ. കുറച്ച് ക്ഷമ കാണിക്കൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പറയാൻ ശ്രമിച്ചത് ഇത്രയേയുള്ളൂ. കേന്ദ്ര സർക്കാർ പൊതുമേഖലയെ വിറ്റഴിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ പൊതുമേഖലയെ സംരക്ഷിക്കുകയാണ്; കേന്ദ്ര പൊതുമേഖലയെത്തന്നെ സംരക്ഷിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരത്തേ നഷ്ടത്തിലായിരുന്നു. എല്ലാവർക്കും അറിയാവുന്നതുകൊണ്ട് അതിന്റെ കണക്ക് ഞാൻ പറയുന്നില്ല. അത് നമ്മൾ ഇപ്പോൾ ലാഭത്തിലാക്കിയിരിക്കുന്നു. കേന്ദ്രത്തിൽ 8 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണ് നമ്മളിവിടെ 139,000-ത്തിലധികം യുവജനങ്ങൾക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാരിനെ അവിശ്വസിക്കേണ്ട കാര്യമില്ലല്ലോ. നമ്മുടെ നാട്ടിലെ ജനങ്ങൾ സാമൂഹ്യസുരക്ഷയെ എങ്ങനെ കാണുന്നുവെന്നതാണ് നാം ചിന്തിക്കേണ്ടത്. ഇപ്പോൾ പ്രതിപക്ഷം സംസാരിക്കുമ്പോൾ ഇവിടെ അവിശ്വാസ പ്രമേയം പാസ്സാകുമെന്നല്ല ഞങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് പറഞ്ഞു. ജനങ്ങളിലാണല്ലോ ഇവരും വിശ്വാസമർപ്പിക്കുന്നത്. അങ്ങനെയല്ലേ അവർ സാങ്കേതികമായി പറഞ്ഞത്. അപ്പോൾ ജനങ്ങൾ ഈ കാര്യങ്ങൾ അറിയട്ടെ. ഏത്

ജനങ്ങൾക്കാണ് ഞങ്ങളിൽ അവിശ്വാസമെന്നാണ് ഞാൻ ചോദിക്കുന്നത്. സാമൂഹ്യസുരക്ഷയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകിയത്. അൻപത്തെട്ടര ലക്ഷം പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്യുന്നു. നേരത്തേ 600 രൂപയായിരുന്ന ക്ഷേമപെൻഷൻ ഇപ്പോൾ 1,300 രൂപയാക്കി. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. അത് വീട്ടിലെത്തുകയാണ്. പണം കയ്യിൽ വാങ്ങിയപ്പോൾ പല്ലില്ലാത്ത മോണ കാട്ടിയുള്ള ചിരി ഈയടുത്ത കാലത്ത് കണ്ടില്ലേ. നാടിന്റെ മനസ്സ് എങ്ങനെ നിൽക്കുന്നുവെന്നുള്ളതല്ലേ കുളിർമ. അതാണ് വിശ്വാസം. ഞങ്ങൾ നിങ്ങളിൽ അർപ്പിച്ചിട്ടുള്ള വിശ്വാസം നിങ്ങൾ നഷ്ടപ്പെടുത്തിയിട്ടില്ല എന്നതാണ് അവർ ഞങ്ങളോട് പറയുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി വിഹിതം ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലായി കൊണ്ടുവരാൻ നമുക്ക് സാധിച്ചു. കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 94 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. തൊഴിൽ ഉറപ്പു വരുത്തുന്നതിനായി 1715 പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പരിശീലനം ആരംഭിച്ചിട്ടുണ്ട്. അവർക്ക് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ നാല് വർഷങ്ങളിൽ 17,177 ഭൂരഹിത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങാൻ സഹായം നൽകി. പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിന് വിദ്യാഭ്യാസ പുരോഗതിയാണ് ഏറ്റവും പ്രധാനം. അതിൽ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി 16,122 പഠനമുറികൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്.

പ്രവാസികളായ സഹോദരങ്ങളുടെ ക്ഷേമത്തിനുവേണ്ടി വൈവിദ്ധ്യമാർന്ന പദ്ധതികളാണ് ഈ ഘട്ടത്തിൽ നടപ്പിലാക്കാനായത്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള സാന്ത്വന, NDPREM (NORKA Department Project for Returned Emigrants) പദ്ധതികളിൽ നൂറുശതമാനം നേട്ടം കൈവരിക്കാനായി. എമർജൻസി ആംബുലൻസ് സർവ്വീസ്, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി, പ്രവാസി ലീഗൽ അസിസ്റ്റന്റ് പദ്ധതി തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങൾ ഈ രംഗത്ത് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള പദ്ധതിക്കും തുടക്കംകുറിച്ചു. ഇത്തരത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. ഇതൊക്കെ സർക്കാരിൽ ആ വിഭാഗത്തിന് വലിയ വിശ്വാസമുണ്ടാക്കുന്നതാണ്. ഇതിലാണോ അവിശ്വാസം? ഓഖിമൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാൻ

പ്രത്യേക പാക്കേജാണ് നടപ്പിലാക്കിയത്. ചരിത്രത്തിലെ ഏറ്റവും വലിയ സഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കി. മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയം പണികഴിപ്പിച്ചു. ഇത്തരം പ്രവർത്തനങ്ങളിലാണോ അവിശ്വാസം? പ്രളയത്തിനുശേഷമുള്ള ഘട്ടത്തിൽപ്പോലും നെല്ലുത്പാദനത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചു. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് 170,000 ഹെക്ടർ സ്ഥലത്താണ് നെൽകൃഷിയുണ്ടായിരുന്നത്. 2019-20 വർഷം 202,049 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്താനായി. കേരളീയർ കൃഷിയിലല്ല ശ്രദ്ധിക്കേണ്ടതെന്ന കാഴ്ചപ്പാടുണ്ടായിരുന്നു. അങ്ങനെയൊരു കാഴ്ചപ്പാട് ഉയർന്നുവന്ന ഘട്ടത്തെ മറികടന്നുകൊണ്ടാണ് ഇത്തരമൊരു നേട്ടം സംസ്ഥാനത്തിന് കൈവരിക്കാനായത്. ഒരു പുതിയ കാർഷിക സംസ്കാരം നമ്മുടെ നാട്ടിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. അതിൽ കർഷകർ മാത്രമല്ല നാടാകെ തൽപ്പരരാണ്. അതാണ് ഇതിന്റെ പ്രത്യേകത. എല്ലാവരും കാർഷിക മേഖലയിലേയ്ക്ക് മാറിയിരിക്കുന്നു.

പാൽ, മുട്ട, പച്ചക്കറി ഇവയിലൊക്കെ സ്വയംപര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കുന്നു. 2017-18, 2018-19, 2019-20 വർഷങ്ങളിൽ ദേശീയ തലത്തിൽ പാലുത്പാദനത്തിലെ വളർച്ച 6.4 ശതമാനമായിരുന്നു. ദേശീയ വളർച്ച 6.4 ശതമാനമായപ്പോൾ നമ്മുടെ വളർച്ച 12.46 ശതമാനമായി. 2016-17-ൽ 4 ലക്ഷം ലിറ്റർ പാലാണ് ഇറക്കുമതി ചെയ്തതെങ്കിൽ 2019-20-ൽ അത് ഒന്നര ലക്ഷം ലിറ്ററിൽ താഴെയായി. നമ്മൾ സ്വയംപര്യാപ്തതയുടെ വക്കിലെത്തിനിൽക്കുകയാണ്. ആ സർക്കാരിനെയാണോ നിങ്ങൾ അവിശ്വാസംകൊണ്ട് നേരിടുന്നത്? ക്ഷീര കർഷകർ, അതുമായി ബന്ധപ്പെട്ടവർ എല്ലാവരും ഈ മാറ്റം കാണുകയല്ലേ; അവരിലെല്ലാം ഈ സർക്കാരിലുള്ള വിശ്വാസം വർദ്ധിച്ചിരിക്കുകയല്ലേ? പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള ശ്രമങ്ങൾ വിജയത്തിലേയ്ക്ക് അടുത്തു കൊണ്ടിരിക്കുകയാണ്. 2015-16-ൽ പച്ചക്കറി ഉത്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2018-19-ൽ അത് 12.12 ലക്ഷം മെട്രിക് ടണ്ണായി. ആ ഇരട്ടിക്കണക്ക് മാത്രമല്ല 2019-20 വർഷത്തെ പ്രാഥമിക കണക്കെടുത്താൽ 15 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. അതായത് 6.28 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 15 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് ഉയരാൻ പോവുകയാണ്. ഈ സർക്കാർ അധികാരമേൽക്കുന്ന ഘട്ടത്തിലുള്ളതിനേക്കാൾ ഇരട്ടിയിലധികം പച്ചക്കറി ഉത്പാദനത്തിലേയ്ക്ക് കേരളം എത്തിനിൽക്കുന്നു. ഇതാണ് കേരളത്തിന്റെ മെച്ചം. ഇതെല്ലാം നമ്മുടെ അനുഭവത്തിലുള്ള കാര്യമാണ്. എല്ലാവരും വീട്ടുമുറ്റത്ത്

ചെറിയ ഒരു പച്ചക്കറി തോട്ടമെങ്കിലും വേണമെന്ന പുതിയൊരു സംസ്കാരത്തിലേയ്ക്ക് എത്തിയില്ലേ? അതിൽ സർക്കാരിന്റെ അഭ്യർത്ഥന, സർക്കാർ നല്കിയ മുൻഗണന, കൃഷി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഇതെല്ലാം വലിയ സഹായകരമായി മാറിയില്ലേ, അതല്ലേ നാം കാണേണ്ടത്. ഇതൊക്കെ നിർത്താനല്ലല്ലോ നാം ഉദ്ദേശിക്കുന്നത്. കോവിഡ്-19 കാലം കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. കോവിഡ്-19 ആയി, എല്ലാം തകർന്നുപോയി, ഒന്നും ചെയ്യാൻ കഴിയില്ലെന്ന മട്ടിൽ ഇരിക്കുകയല്ല ചെയ്യുന്നത്. ഇത്തരമൊരു പ്രതിസന്ധിഘട്ടത്തിൽ ഒരു സർക്കാർ എന്ത് ചെയ്യണം, ജനങ്ങളിലേയ്ക്ക് സർക്കാർ എങ്ങനെ ഇറങ്ങണം, അതിനാണ് ഞങ്ങൾ ശ്രമിച്ചത്. അതിന്റെ ഭാഗമായാണ് നമ്മൾ 'സുഭിക്ഷ കേരളം' പദ്ധതിക്ക് രൂപം കൊടുത്തത്. കോവിഡ്-19 ഒരു മഹാവ്യാധിയായി വളർന്നു എന്ന് വിചാരിക്കുക. അങ്ങനെ വന്നാലും ഒന്നും സംഭവിക്കാൻ പാടില്ലെന്ന ധാരണയിൽ തന്നെയാണ് സുഭിക്ഷ കേരളം പദ്ധതി തയ്യാറാക്കിയത്. നമുക്ക് കഴിയാവുന്ന രീതിയിൽ സ്വയംപര്യാപ്തത നേടാനാകും. ഇത് 3,860 കോടി രൂപയുടെ പദ്ധതിയാണ്. കൃഷിക്ക് മാത്രം 1,449 കോടി രൂപ നീക്കിവച്ചു. നേരത്തെ പറഞ്ഞതായതുകൊണ്ടും വല്ലാതെ അസഹിഷ്ണുത കാണിക്കുന്നതുകൊണ്ടും ഞാൻ ആ പദ്ധതിയുടെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. ക്ഷീര വികസനത്തിന് 215 കോടി രൂപയും മൃഗസംരക്ഷണത്തിന് 118 കോടി രൂപയും നീക്കിവച്ചു. വീട്ടുവളപ്പിലടക്കം എല്ലാ വീടുകളിലും മത്സ്യ വളർത്തൽ കേന്ദ്രങ്ങൾ വരാൻ പോകുകയാണ്, അതിന്റെ ഭാഗമായി 2078 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിൽ വരാൻ പോകുന്ന മാറ്റം എത്ര വലുതായിരിക്കും. ഇക്കാര്യങ്ങളെല്ലാം നാടിനുവേണ്ടിയല്ലേ, നാടിന്റെ കാര്യമല്ലേ; ഇതിനാണോ അവിശ്വാസം; ഇവ നടപ്പാക്കാനല്ലേ നോക്കേണ്ടത്? കോവിഡ്-19 ഘട്ടത്തിൽ ഒരു പത്രസമ്മേളനത്തിൽ വച്ചാണ് ഇത് ആദ്യം പ്രഖ്യാപിക്കുന്നത്. എന്തായിരുന്നു നാടിന്റെ പ്രതികരണം? ആ ഘട്ടത്തിൽ കാർഷിക രംഗത്തേയ്ക്ക് എല്ലാവരുമിറങ്ങി കാര്യങ്ങൾ ചെയ്യുകയായിരുന്നു. ഗവൺമെന്റിനോടുള്ള വിശ്വാസം എത്രകണ്ട് ജനങ്ങളിൽ വേരൂന്നി എന്നതാണ് അതിലൂടെ പ്രകടമായത്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് നൽകുന്ന പ്രതികരണമാണ് ഇത്തരം കാര്യങ്ങളിൽ ജനങ്ങളിൽനിന്ന് ഇതുവരെ ഞങ്ങൾക്കുണ്ടായ അനുഭവം.

സ്വാഭാവികമായി ഇവിടെ മറ്റൊരു പ്രശ്നം വരുന്നത്, പച്ചക്കറിയും മറ്റ് കാർഷികോല്പന്നങ്ങളും വർദ്ധിക്കുന്നതിനാൽ സംഭരണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചാണ്. സംഭരണത്തിന്റെ പ്രശ്നങ്ങളടക്കം മറികടക്കാനുള്ള കാർഷിക മുന്നേറ്റമാണ് സംസ്ഥാനത്ത് രൂപപ്പെടുത്താൻ പോകുന്നത്. അതിന് വിശദമായ പദ്ധതിയുണ്ട്. ഞാനിപ്പോൾ അതിലേയ്ക്ക് പോകുന്നില്ല. സമയം ദീർഘമായി

പോകുന്നുവെന്ന് നിങ്ങൾ ഓർമ്മിപ്പിക്കുന്നതുകൊണ്ടാണ് പോകാത്തത്. വളരെ ആകർഷകമായ, ആളുകൾക്കെല്ലാം നല്ലതുപോലെ യോജിപ്പുള്ള ഒരു പദ്ധതിയാണത്. കാർഷിക മേഖലയിൽ കഴിയാവുന്നിടത്തെല്ലാം സ്വയംപര്യാപ്തത നേടുകയെന്നതാണ് നാം ഉദ്ദേശിക്കുന്നത്. ഈ ദുരന്തത്തിനിടയിലും സംസ്ഥാനം അത്തരത്തിലാണ് കാര്യങ്ങൾ നീക്കുന്നത്. ആ സർക്കാർ പുറത്ത് പോകണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ജനങ്ങൾ ഏതായാലും അത് ഉദ്ദേശിക്കുന്നില്ല. ജനങ്ങൾ ഈ സർക്കാരിന്റെ കൂടെത്തന്നെ നിൽക്കുകയാണ്. നേരത്തെ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസ്സർജ്ജന വിമുക്തം എന്ന നില നേടാൻ നമുക്ക് കഴിഞ്ഞു. സ്ത്രീ സുരക്ഷ മുൻനിർത്തി ഷീ ലോഡ്ജ്, പിങ്ക് പട്രോൾ എന്നീ സംവിധാനങ്ങൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. പൊതുയിടങ്ങളെ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്. ഇതൊക്കെ ഓരോ വിഭാഗത്തിനും ഗവൺമെന്റിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്ന നടപടികളാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ തവണത്തെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ധനകാര്യ വകുപ്പുമന്ത്രിയുടെ മൂന്നുനാലു വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിലും പറഞ്ഞ മുഴുവൻ കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞങ്ങളും സമാധാനപരമായി കേട്ടുകൊണ്ടിരിക്കുകയാണ്. ഒരു ചോദ്യം എനിക്കുള്ളത്, മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിനുവേണ്ടി മൂന്നരലക്ഷം അപേക്ഷകളാണ് ധനകാര്യ വകുപ്പിൽ തീരുമാനമാകാതെ മൂന്നുവർഷമായി കെട്ടിക്കിടക്കുന്നത്. ഫയൽ നമ്പർ 26217-WM. അങ്ങേയ്ക്ക് അതിനെപ്പറ്റി എന്താണ് പറയാനുള്ളത്? മുഖ്യമന്ത്രിയുടെ ജനസാന്ത്വന പരിപാടിയിൽ പാവപ്പെട്ടവരുടെ ഒന്നരലക്ഷം അപേക്ഷകൾ മൂന്നുവർഷമായി കെട്ടിക്കിടക്കുകയാണ്. ഫയൽ ഉൾപ്പെടെ ഞാൻ തരാം. എന്തുകൊണ്ട് അതിൽ തീരുമാനമെടുത്തില്ല?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജനസാന്ത്വന പരിപാടികളല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ തരത്തിലുള്ള പരിപാടികൾ ഞങ്ങൾ ഓരോ ആഴ്ചയിലും നടത്തിക്കൊണ്ടിരിക്കുകയല്ലേ? അപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരു അങ്കലാപ്പും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വേണ്ടതായിട്ടില്ല. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചുവരികയാണ്. കണ്ണൂർ വിമാനത്താവളം പ്രവർത്തനസജ്ജമാക്കാൻ നമുക്ക് കഴിഞ്ഞു. കൊച്ചി മെട്രോയുടെ വികസനം സാധ്യമാക്കി. കൊച്ചി വാട്ടർ മെട്രോ, മലബാർ ടൂറിസം, പിൽഗ്രിം ടൂറിസം, ഹെറിറ്റേജ് മ്യൂസിയം, സാംസ്കാരിക നിലയങ്ങൾ, സ്പോർട്സ് സ്റ്റേഡിയങ്ങൾ ഇവയെല്ലാം യാഥാർത്ഥ്യമാക്കും. അതുപോലെ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ലൈഫ് സയൻസസ് പാർക്ക്, ഏവിയേഷൻ പാർക്ക്, സ്പേസ്

പാർക്ക്, പെട്രോ കെമിക്കൽസ് പാർക്ക് ഇതെല്ലാം യാഥാർത്ഥ്യമാകുകയാണ്. ഗെയ്ൽ പൈപ്പ് ലൈൻ പൂർണ്ണമായി. എൽ.എൻ.ജി. ടെർമിനൽ, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഇതെല്ലാം യാഥാർത്ഥ്യമാകും. ഇതിലാണോ അവിശ്വാസം? ഗെയ്ൽ പൈപ്പ് ലൈൻ പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതാണ്. പദ്ധതി ഉപേക്ഷിച്ചുവെന്ന് പറഞ്ഞാണ് ഗെയ്ൽ മടങ്ങിപ്പോകാൻ തീരുമാനിച്ചത്. അത് ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷം മറന്നുപോകാൻ ഇടയില്ല. അവിടെ നിന്നാണ് 444 കി.മീ. ദൈർഘ്യമുള്ള കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ്ലൈൻ പൂർത്തീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നത്. കഴിഞ്ഞ സർക്കാർ 40 കിലോമീറ്റർ മാത്രം പൈപ്പിട്ട സ്ഥാനത്ത് 4 വർഷംകൊണ്ട് 400 കിലോമീറ്ററിലധികം പൈപ്പ്ലൈനാണ് ഈ സർക്കാർ പൂർത്തീകരിച്ചത്. കൂടാതെ കൂറ്റനാട് മുതൽ വാളയാർ വരെയുള്ള 94 കി.മീ. പൈപ്പ്ലൈൻ ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കും. തടസ്സങ്ങൾ ഒരുപാടുണ്ടായെങ്കിലും എങ്ങനെയാണ് പരിഹരിക്കാൻ കഴിഞ്ഞത്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരോട് കാര്യങ്ങൾ പറയുകയാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് കേരളത്തിന്റെ സാമ്പത്തിക വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്ന ഈ പദ്ധതി നടപ്പാക്കുന്ന നിലയാണുണ്ടായത്. അതിലാണോ അവിശ്വാസം?

സംസ്ഥാനം വൈറോളജി മേഖലയിൽ ഗവേഷണത്തിന് ഊന്നൽ നൽകി ഒരു അന്തർദേശീയ സ്ഥാപനം യാഥാർത്ഥ്യമാക്കിയത് അഭിമാനകരമായ കാര്യമാണ്. അന്തർദേശീയ നിലവാരത്തിലുള്ള വലിയൊരു ലാബാണ് ഇതിന്റെ പ്രത്യേകത. ശാസ്ത്രജ്ഞർ, ടെക്നീഷ്യന്മാർ തുടങ്ങിയവരുടെയെല്ലാം നിയമനപ്രക്രിയ പൂർത്തിയാകുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമാകും. അന്തർദേശീയ വൈറോളജി നെറ്റ്‌വർക്കിൽ കേരളത്തിന് ഇടം നേടാൻ കഴിഞ്ഞിരിക്കുന്നു. അതിലാണോ അവിശ്വാസം? ദേശീയപാതാവികസനം നടക്കില്ലെന്ന് കണക്കാക്കിയതായിരുന്നല്ലോ. സ്ഥലമെടുപ്പ് ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ കിഫ്ബി വഴി വഹിച്ചെന്ന് ഞാൻ പറഞ്ഞു. തലപ്പാടി മുതൽ മുഴപ്പിലങ്ങാട് വരെയുള്ള 4 റീച്ചിന് കേന്ദ്ര സർക്കാരിന്റെ സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. 10,000 കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നത്. ഇതിൽത്തന്നെയുള്ള തലശ്ശേരി-മാഹി ബൈപ്പാസ് പ്രവൃത്തി പൂർത്തീകരിക്കുകയാണ്. നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാലം പദ്ധതിയും കഴക്കൂട്ടം ഫ്ലൈഓവറും അതിവേഗം പുരോഗമിക്കുന്നുണ്ട്. ആലപ്പുഴ ബൈപ്പാസ് അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. കൊല്ലം ബൈപ്പാസ് പൂർത്തീകരിച്ചു. ബോഡിമെട്ട്-മൂന്നാർ ദേശീയപാതയുടെ പ്രവൃത്തിയും ഈ വർഷത്തോടെ പൂർത്തീകരിക്കാനാണ്

ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ മുടങ്ങിക്കിടന്ന പദ്ധതികൾക്കെല്ലാം ജീവൻവയ്പ്പിച്ചതും അതെല്ലാം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതിലുമാണോ അവിശ്വാസം? അതുപോലെ പ്രധാനമാണ് ദേശീയ ജലപാത. അത് കേരളത്തിന്റെ വികസനത്തിന് കുതിപ്പേകുമെന്ന് പറഞ്ഞുതുടങ്ങിയിട്ട് നാളേറെയായി. പക്ഷേ, ജലപാത പൂർത്തീകരണത്തിനുവേണ്ട ഉറച്ച കാൽവയ്പ്പ് ഈ സർക്കാർ നടത്തി. ഈ ലക്ഷ്യം പൂർത്തീകരിക്കാനായി കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് - ക്വിൽ (KWIL) എന്ന പുതിയ കമ്പനിക്ക് സർക്കാർ രൂപം നൽകി. 2020-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. ഇതിലാണോ അവിശ്വാസം?

വ്യവസായ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾക്ക് സർക്കാർ നേതൃത്വം കൊടുക്കുകയാണ്. പൊതുമേഖലയെ തകർത്ത് സ്വകാര്യവൽക്കരണത്തിന് വഴിയൊരുക്കുന്ന നയമല്ല സർക്കാർ സ്വീകരിച്ചത്. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ടുതന്നെ സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുക എന്ന നടപടിയിലേയ്ക്കാണ് സർക്കാർ നീങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷമായ 2015-16-ൽ സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. തുടർച്ചയായ രണ്ടു പ്രളയങ്ങളുണ്ടായിട്ടും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ നിലനിർത്താനായി. കേന്ദ്രം വിറ്റഴിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളെ ഏറ്റെടുക്കാൻ നടത്തിയ നടപടി ഞാൻ നേരത്തെ പറഞ്ഞു. വ്യവസായ വികസനത്തിന് തടസ്സമായി വന്ന മറ്റൊരു ഘടകമായി പറഞ്ഞിരുന്നത് നിക്ഷേപത്തെ തടസ്സപ്പെടുത്തുന്ന വിധമുള്ള ചുവപ്പുനാടയെക്കുറിച്ചായിരുന്നു. അവ പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ശക്തമായി ഇടപെട്ടു. Ease of Doing Business -ൽ മാറ്റം വരുത്തി നടപടി സ്വീകരിച്ചു. 30 ദിവസത്തിനകം അപേക്ഷകളിൽ തീരുമാനമില്ലെങ്കിൽ കല്പിത അനുമതിയായി കണക്കാക്കി അനുമതി നൽകും. മുൻകൂർ അനുമതിയില്ലാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങാം. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം കൊണ്ടുവന്നു. നിയമം നിലവിൽ വന്ന് രണ്ടുമാസത്തിനകം മുൻകൂർ അനുമതിയില്ലാതെ 1300 സംരംഭങ്ങൾ തുടങ്ങി.

മി. സ്പീക്കർ: അകലം കുറവാണെന്ന് തോന്നലുള്ളവർക്ക് ഇരിക്കാൻ വേണ്ടിയാണ് പുറകിൽ സൗകര്യം ചെയ്തുകൊടുത്തത്. നിങ്ങൾ കൂട്ടം കൂടിയിരിക്കുന്നത് ശരിയല്ല. ഒരു സീറ്റിൽ ഒരാൾ ഇരുന്നാൽ മതി.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, നമ്മൾ ധാരാളം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നതിനിടയിലാണ് 1300 സംരംഭങ്ങൾ പുതുതായി ഇതിന്റെ ഭാഗമായി ആരംഭിച്ചിരിക്കുന്നത്.

7.00 PM ]

ഇത് നമുക്ക് പൂർണ്ണമായി അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഈ മാറ്റത്തെത്തുടർന്ന് ദേശീയ തലത്തിൽ മികച്ച വ്യവസായ അന്തരീക്ഷമുള്ള സംസ്ഥാനങ്ങളിലൊന്നായി നീതി ആയോഗ് അടയാളപ്പെടുത്തിക്കഴിഞ്ഞു. നേരത്തെ നമ്മുടെ നാടിന് ഒരു പൊതുഅന്തരീക്ഷം ഉണ്ടായിരുന്നല്ലോ; ഇവിടെ നിക്ഷേപത്തിന് പറ്റിയ സ്ഥലമല്ല, എല്ലാ കാര്യത്തിനും വിവാദമാണെന്ന് പറഞ്ഞുകൊണ്ട് ഒരു ദുഷ്പേര് നമുക്കുണ്ടായിരുന്നു. ആ അന്തരീക്ഷമാണ് നമുക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞത്. അനാവശ്യ വിവാദങ്ങളുയർത്തി ജനങ്ങളിൽ സംശയങ്ങളുണ്ടാക്കുന്ന നില സ്വീകരിക്കരുതെന്ന ഒറ്റ അഭ്യർത്ഥനയാണ് എനിക്കുള്ളത്. അത് നാടിന്റെ വികസനത്തിന് തടസ്സമായി വരുന്ന കാര്യമാണ്. അതു നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഭരണപക്ഷത്തെ വിമർശിക്കേണ്ട കാര്യങ്ങളിൽ വിമർശിക്കാം. പക്ഷേ, നാടിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള അപവാദപ്രചരണമായി അത് മാറരുത്. ആരെങ്കിലും ഇവിടെ നിക്ഷേപത്തിന് വന്നാൽ അവരാകെ പ്രയാസത്തിലാകുമെന്ന അന്തരീക്ഷം സൃഷ്ടിക്കുവാൻ പാടില്ല. ഏതായാലും രാജ്യത്തുതന്നെ നല്ലൊരു നിക്ഷേപ സൗഹൃദനില വന്നിരിക്കുന്നുവെന്ന് കേരളത്തെ അടയാളപ്പെടുത്തി നീതി ആയോഗ് വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ വികസന മുന്നേറ്റം സൃഷ്ടിച്ചതിനാണോ ഈ സർക്കാരിൽ അവിശ്വാസം ?

തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുന്നിൽ ഞങ്ങൾ വച്ച വാഗ്ദാനങ്ങൾ ഓരോ വർഷവും എത്രത്തോളം നടപ്പിൽ വരുത്തിയെന്ന് പ്രഖ്യാപിക്കുന്ന പതിവ് ഇന്ത്യയിൽ ആദ്യമായി ആരംഭിച്ചത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പിന്നെ അടുത്ത തെരഞ്ഞെടുപ്പ് വരെ തിരിഞ്ഞു നോക്കേണ്ട. അത്തരത്തിലുള്ള രേഖയായിട്ടാണ് പ്രകടന പത്രികയെ പലരും പരിഹാസരൂപത്തിൽ കണ്ടിരുന്നത്. ചില രാഷ്ട്രീയ നേതാക്കൾ തന്നെ അങ്ങനെ പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതുശരിയല്ലെന്ന് വ്യക്തമായി തെളിയിച്ചു. 2016-ൽ അധികാരത്തിൽ വന്നശേഷം എല്ലാ വർഷവും സർക്കാർ ജനങ്ങൾക്ക് മുമ്പിൽ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി നാല് വർഷത്തെ ഭരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിയത്

സംബന്ധിച്ച പൊതു പ്രാധാന്യം അർഹിക്കുന്ന സംക്ഷിപ്ത രേഖ 'പ്രോഗ്രസ് റിപ്പോർട്ട്' എന്ന പേരിൽ സർക്കാർ പ്രസിദ്ധീകരിക്കുകയാണ്. ജനങ്ങൾക്ക് നൽകിയ 600 വാഗ്ദാനങ്ങളിൽ ഓരോന്നും അതിന്റെ ഉപവിഭാഗങ്ങളും പരിശോധിച്ചാണ് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അത് പരിശോധിച്ചാൽ 30-ഓളം മാത്രമേ അവശേഷിക്കുന്നുള്ളൂ. അതിൽ പലതും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. സർക്കാരിന് ഇനിയും കാലയളവ് ഉണ്ടെന്നിരിക്കേ അവയെല്ലാം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ജനാധിപത്യ ചരിത്രത്തിലെ പുതിയ കാൽവയ്പ്പായി മാറിയിരിക്കുന്ന രേഖയാണിത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കിയെന്നതാണ് ഇതിൽ പരിശോധിച്ചിട്ടുള്ളത്. അവിശ്വാസ പ്രമേയം കൊണ്ടുവന്ന സാഹചര്യത്തിൽ എന്തെല്ലാം നടന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.മാരും വായിക്കുന്നത് നല്ലതാണെന്നുള്ളതുകൊണ്ട് ഇത് ഞാൻ കാണിക്കുകയാണ് (പിണറായി വിജയൻ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് എന്ന പുസ്തകം ഉയർത്തി കാണിച്ചു). ഇത് എല്ലാവർക്കും നൽകാനുള്ള നടപടി സ്വീകരിക്കാം. നമ്മുടെ രാജ്യത്തെ മതാധിഷ്ഠിത രാഷ്ട്രമാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിലവിലുള്ള സർക്കാർ മതനിരപേക്ഷ മൂല്യങ്ങളാണ് മുറുകെപ്പിടിക്കുന്നത്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ദളിതർ പീഡിപ്പിക്കപ്പെടുമ്പോൾ കേരളത്തിൽ അവർ അമ്പലങ്ങളിലെ ശാന്തിക്കാരായി നിയമിക്കപ്പെടുന്നുണ്ട്. രാജ്യത്ത് ചില പ്രത്യേക മതങ്ങളെ അന്യവത്കരിക്കാനുള്ള ശ്രമം നടക്കുമ്പോൾ സംസ്ഥാനത്ത് എല്ലാ മതവിഭാഗത്തിൽപ്പെട്ടവരെയും ഒരു മതവിഭാഗത്തിലും പെടാത്തവരെയും ചേർത്തുപിടിക്കുന്നു. ഇതിലാണോ അവിശ്വാസം?

ഭരണഘടനാ സ്ഥാപനങ്ങളെ ക്ഷയിപ്പിക്കാനുള്ള ശ്രമം രാജ്യത്താകെ നടക്കുന്നുണ്ട്. നാം ഭരണഘടനാ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. കേന്ദ്ര സർക്കാരിനെ ചലിപ്പിക്കുന്നവർ കോടതികളെ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താൻ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. കേരളം ജുഡീഷ്യറിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക കോടതി സമുച്ചയങ്ങൾ പണികഴിപ്പിക്കുന്നു; ഇതിലാണോ അവിശ്വാസം? ഒട്ടുമിക്ക സംസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായിട്ടാണ് രാജ്യത്ത് കാണുന്നത്. എം.എൽ.എ.മാരെ ചാക്കിട്ട് പിടിക്കുന്നു; പ്രതിപക്ഷത്തെ വേട്ടയാടുന്നു; എന്നാൽ കേരളത്തിലെ എല്ലാ പ്രധാന വിഷയങ്ങളിലും സർവ്വകക്ഷിയോഗം നടത്തുന്നു; പ്രതിപക്ഷനേതാവിനെ പൂർണ്ണ വിശ്വാസത്തിലെടുത്ത് സർക്കാർ പരിപാടികളുടെ ഭാഗമായി ഉൾക്കൊള്ളിക്കുന്നു;

ജനാധിപത്യ മൂല്യങ്ങളെ ശക്തിപ്പെടുത്തുന്നു; രാഷ്ട്രീയ ഭിന്നസ്വരങ്ങളെ ഉൾക്കൊള്ളുന്നു. ഇതിലാണോ അവിശ്വാസം? കർഷകരുടെ ആവശ്യം അനുസരിച്ചുള്ള താങ്ങുവില നൽകാതെ കേന്ദ്രം കാർഷിക മേഖലയെയും കർഷകരെയും പ്രതിസന്ധിയിലാക്കുകയാണ്. കേരളത്തിൽ ഏറ്റവും ഉയർന്ന വിലനിരക്കിൽ കാർഷിക വിളകൾ സംഭരിക്കുകയാണ്. ചില കാര്യത്തിൽ അതിന്റെ ഭാഗമായുള്ള പരാതി വന്നത് ശ്രദ്ധിച്ചിട്ടുണ്ടാകും. ന്യായവിലച്ചന്തകൾ നടത്തി കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നു. ഇതിലാണോ അവിശ്വാസം?

കേന്ദ്രം വനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കാതെ ആദിവാസികൾക്ക് ഭൂമിയിന്മേലുള്ള അവകാശം അവഗണിക്കുമ്പോൾ കേരളം റെക്കോർഡ് പട്ടയ വിതരണമാണ് നടത്തുന്നത്. പുതിയ EIA (Environmental Impact Assessment) ഡ്രാഫ്റ്റ് പുറപ്പെടുവിച്ചുകൊണ്ട് കേന്ദ്രം പ്രകൃതിക്ക് ദോഷകരമായ നിലപാട് സ്വീകരിക്കുമ്പോൾ RKI (Rebuild Kerala Initiative)-ലൂടെ പ്രകൃതിക്ക് അനുയോജ്യമായ പുനർനിർമ്മാണം നടത്തുകയാണ് കേരളം. ഇതിലാണോ അവിശ്വാസം? ഗ്രാമസഭകളിൽവരെ കൈകടത്തുവാൻ കേന്ദ്രം ശ്രമിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം 90 ശതമാനത്തിലധികമാക്കുന്നു. സംസ്ഥാനങ്ങളുടെ ജി.എസ്.ടി. വിഹിതം കേന്ദ്രം പിടിച്ചുവയ്ക്കുമ്പോൾപോലും കേരളം ജീവനക്കാർക്ക് അർഹതപ്പെട്ടത് നിഷേധിക്കുന്നില്ല. കേരളത്തിന് ലഭ്യമാകേണ്ട സഹായം കേന്ദ്രം തടയുമ്പോൾ അത്തരം സഹായങ്ങൾ നേടിയെടുക്കാൻ കേരളം നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഇതിലാണോ അവിശ്വാസം?

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങ് സർവ്വകക്ഷി യോഗം വിളിച്ചു. ഭൂമി വീട് വയ്ക്കുവാനും കൃഷിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നത് തിരുത്തണമെന്ന് നിയമസഭയിലെ ഭരണ-പ്രതിപക്ഷ കക്ഷികളെല്ലാം ആവശ്യപ്പെട്ടു. അക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകുമെന്ന് പറഞ്ഞു. അതുണ്ടായില്ലെന്ന് മാത്രമല്ല, രണ്ട് ദിവസം മുമ്പ് ആ ചട്ടങ്ങളിലെ പഴയ വ്യവസ്ഥ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് പറയുന്നത് ഇടുക്കിയിലെ കാര്യമാണെന്നാണ് തോന്നുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, കേരളം മുഴുവൻ ബാധിക്കുമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുമായി ബന്ധപ്പെട്ടുള്ള നടപടികളിൽ ചില സാങ്കേതിക പ്രശ്നങ്ങൾകൂടി ഉണ്ടായിരുന്നു. ഗവൺമെന്റ് അതിന്റെ പിന്നാലെ തന്നെയുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്തിന് പ്രകൃതി ദുരന്തങ്ങളെ തുടർച്ചയായി നേരിടേണ്ടിവന്നു. അതിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റുന്നതിനും ദുരിതത്തിൽ അകപ്പെടുന്ന ജനങ്ങൾക്ക് ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള സഹായം എത്തിക്കാനുമാണ് സർക്കാർ ശ്രമിച്ചത്. അതിലാണോ അവിശ്വാസം? അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് കേരളത്തിന്റെ പ്രധാന പ്രശ്നമായി വിലയിരുത്തപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിന് ഐ.ടി. പോലുള്ള മേഖലയിലെ വികസനം ഏറെ പ്രധാനമാണ്. ഈ സർക്കാർ അതിനുതകുന്ന കാഴ്ചപ്പാട് അനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. ഐ.ടി. സ്പേയ്സിൽ 5,244,000 സ്ക്വയർ ഫീറ്റ് വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഐ.ടി. പാർക്കുകളിൽ 292 പുതിയ കമ്പനികൾ എത്തിച്ചേർന്നു. നിസാൻ, എയർബസ്, ടെക് മഹീന്ദ്ര, ടൊറാനെറ്റ്, എച്ച് & ആർ ബ്ലോക്ക്, ടോറസ് തുടങ്ങിയ വൻകിട കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചെറുപ്പക്കാർക്ക് വിവരസാങ്കേതിക വിജ്ഞാന മേഖലകളിൽ തൊഴിൽ ലഭ്യമാക്കി. സ്റ്റാർട്ടപ്പുകളിലെ ഇടപെടലുകൾ വലിയ ഫലം കണ്ടിരിക്കുകയാണ്. കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ അന്തർദേശീയ അംഗീകാരം നേരിടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. 2011-2016-ൽ 300 സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിച്ചത്. എന്നാൽ നാല് വർഷക്കാലയളവിലത് 2200 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. സ്റ്റാർട്ടപ്പുകളുണ്ടാക്കിയ നിക്ഷേപം 2011-2016-ൽ 207 കോടി രൂപ ആയിരുന്നുവെങ്കിൽ 2016-2020-ൽ 1200 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. സ്റ്റാർട്ടപ്പുകൾക്ക് 2011-2016 കാലയളവിൽ കോർപ്പസ് ഫണ്ടിൽനിന്നും തുകയൊന്നും ലഭിച്ചില്ല. എന്നാൽ ഈ സർക്കാരിന്റെ ഭരണകാലത്ത് 739 കോടി രൂപ ഈ വകയിൽ ലഭ്യമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഇത്തരമൊരു കുതിച്ചുചാട്ടം ഉണ്ടാക്കിയിരിക്കുന്നു. അതാണോ സർക്കാരിനെതിരായ അവിശ്വാസത്തിന് കാരണം?

തെരഞ്ഞെടുക്കപ്പെട്ട പൊതുസ്ഥലങ്ങളിൽ സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാകുന്ന 2000 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സജ്ജീകരിക്കാൻ തയ്യാറാകുകയാണ്. സാധാരണക്കാർക്ക് സൗജന്യമായി ലഭ്യമാകുന്ന കെ-ഫോൺ പദ്ധതി അതിവേഗം പുരോഗമിക്കുകയാണ്. കെ-ഫോൺ പദ്ധതി നടപ്പാക്കാനായി അതിന്റെ നിർവ്വഹണ കരാർ ഏറ്റെടുത്തിട്ടുള്ളത് ഭാരത സർക്കാരിന്റെ നവരത്ന വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും മിനിരത്ന ഒന്നാം വിഭാഗത്തിൽപ്പെടുന്ന റെയിൽടെൽ കോർപ്പറേഷനും

നേതൃത്വം നൽകുന്ന കൺസോർഷ്യമാണ്. ടെണ്ടർ നടപടികളിലൂടെയാണ് അവർ ഇതിന്റെ നിർവ്വഹണ കരാർ ഏറ്റെടുത്തിട്ടുള്ളത്. ഈ കൺസോർഷ്യത്തിൽ ടെലികോം മേഖലയിൽ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന എസ്.ആർ.ഐ.റ്റി. എന്ന സ്വകാര്യ സ്ഥാപനവും കൊറിയ ആസ്ഥാനമായി ടെലികോം കേബിളുകൾ നിർമ്മിക്കുന്ന എൽ.എസ്. കേബിൾ എന്ന ആഗോള കമ്പനിയും അംഗങ്ങളാണ്. കെ-ഫോൺ നെറ്റ്‌വർക്ക് 14 ജില്ലകളെയും ഒരു കോർ റിംഗ് വഴി ബന്ധിപ്പിക്കും. ഈ കോർ റിംഗിന്റെ ഭാഗമായി 14 ജില്ലകളിലും PoP (Point of Presence) സ്ഥാപിക്കപ്പെടും. ഈ കോർ PoP-കൾ 110, 220, 400 കെ.വി. വഴി സ്ഥാപിക്കുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ കോർ റിംഗ് വഴി ബന്ധിപ്പിക്കും. കെ.എസ്.ഇ.ബി.എൽ-ന്റെ 378 സബ് സ്റ്റേഷനുകൾ പ്രീഫാബ് ഷെൽട്ടറിനുള്ളിൽ ടെലികോം ഉപകരണങ്ങൾ സ്ഥാപിക്കും. ഈ ശൃംഖലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ മോണിറ്റർ ചെയ്യാൻ എറണാകുളത്ത് ഒരു നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കും. ഇതിനുപുറമെ നെറ്റ്‌വർക്കിന്റെ 100 ശതമാനം ലഭ്യത ഉറപ്പാക്കാൻ റിംഗ് ആർക്കിടെക്ചർ സംവിധാനം വഴി കോർ റിംഗിലും അക്സസ് നെറ്റ്‌വർക്കിലും പ്രീ-അഗ്രഗേഷൻ റിംഗുകളും സ്ഥാപിക്കും. അവയെ അഗ്രഗേറ്റ് PoP-കൾ വഴി ബന്ധിപ്പിക്കുകയും ചെയ്യും. 52,000 കിലോമീറ്റർ ഫൈബർ നെറ്റ്‌വർക്കാണ് ആകെ സ്ഥാപിക്കുന്നത്. ബാൻഡ്‌വിഡ്ത്ത് കപ്പാസിറ്റി (bandwidth capacity) ആദ്യ ഘട്ടത്തിൽ 400 ജി.ബി.പി.എസ്. ആയിരിക്കും. 52,000 കിലോമീറ്റർ ഫൈബർ നെറ്റ്‌വർക്കാണ് കേരളത്തിൽ സ്ഥാപിക്കാൻ പോകുന്നത്. കേബിൾ ഓപ്പറേറ്റർമാർ, ടെലികോം ഓപ്പറേറ്റർമാർ, ഇന്റർനെറ്റ് സർവ്വീസ് ലഭ്യമാക്കുന്നവർ, കണ്ടന്റ് ലഭ്യമാക്കുന്ന കമ്പനികൾ ഇവയ്ക്കെല്ലാം തുല്യ അവസരം നൽകുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ്‌വർക്കാണ് കെ-ഫോൺ ലക്ഷ്യമിടുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്റ്റാർട്ട്അപ്, സ്മാർട്ട് സിറ്റികൾ തുടങ്ങിയ മേഖലകളിൽ കൂടുതൽ വികസന സാധ്യതകൾക്ക് കെ-ഫോൺ വഴിയൊരുക്കും. ഗ്രാമങ്ങളിലെ ചെറുകിട സംരംഭങ്ങൾക്കും ഇ-കൊമേഴ്സ് സൗകര്യം ഉപയോഗിക്കാനാകും. സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, സ്മാർട്ട് ക്ലാസ്സ് റൂം, ഇ-ഡിസ്ട്രിക്ട് തുടങ്ങിയവയ്ക്ക് ഇതിലൂടെ കൂടുതൽ ബാൻഡ് വിഡ്ത്ത് സൗകര്യം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും. ജയിലും കോടതിയും തമ്മിലുള്ള വീഡിയോ കോൺഫറൻസ് മാതൃകയിൽ ആവശ്യമുള്ള കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉയർന്ന നിലവാരമുള്ള വീഡിയോ കോൺഫറൻസ് സൗകര്യം, ഗതാഗത മേഖലയിലെ മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ സഹായകമായ ഉയർന്ന നിലവാരമുള്ള വീഡിയോ ക്യാമറ ശൃംഖല ഇതെല്ലാം ഇതിലൂടെ സാധ്യമാകും. കെ-ഫോൺ

പദ്ധതി കേരളത്തിലുടനീളം ഒരു ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല സൃഷ്ടിക്കുന്നതാണ്. ഈ പദ്ധതി നിലവിലുള്ള ഇന്റർനെറ്റ് ദാതാക്കളെ ഒരുതരത്തിലും ദോഷകരമായി ബാധിക്കുന്നതല്ല. അതേസമയം കേരളത്തിലുടനീളമുള്ള എല്ലാ ഇന്റർനെറ്റ് ദാതാക്കൾക്കും കെ-ഫോൺ വഴി മികച്ച സേവനം നൽകാൻ കഴിയും. നിലവിലുള്ള മൊബൈൽ ടവറുകളിൽ ഏതാണ്ട് 20 ശതമാനം മാത്രമെ ഫൈബർ നെറ്റ്‌വർക്ക്‌വഴി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളൂ. കെ-ഫോൺ പൂർത്തിയാകുന്നതോടെ എല്ലാ മൊബൈൽ ടവറുകളും ഫൈബർ ശൃംഖല വഴി ബന്ധിപ്പിക്കാനാകും. ഇതുവഴി ഇന്റർനെറ്റ്, മൊബൈൽ സേവന ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നിലവിലുള്ള സേവന ദാതാക്കൾക്ക് പ്രശ്നമില്ലാതെയായിരിക്കും കെ-ഫോൺ കൊണ്ടുവരുന്നതെന്ന് അങ്ങ് പറഞ്ഞു. നമ്മളെല്ലാവരും യോജിച്ചുകൊണ്ട് ഓൺലൈൻ വിദ്യാഭ്യാസം നടത്തുന്നുണ്ട്. ഇപ്പോൾത്തന്നെ നെറ്റ്‌വർക്കുണ്ട്. 2500 കോടി രൂപ മുതൽമുടക്കുള്ള കെ-ഫോൺ പദ്ധതിയെക്കാൾ നല്ലതല്ലേ സേവന ദാതാക്കളുടെ സഹായം തേടുന്നത്; അത് അദാനിയോ മറ്റുള്ളവരോ ആണെന്നുള്ളതല്ല. നിലവിൽ വീഡിയോ കോൺഫറൻസും ടെലി കോൺഫറൻസുമെല്ലാം നടത്തുന്നുണ്ട്. ഈ സംവിധാനം നിലനിൽക്കുമ്പോൾത്തന്നെ, കെ-ഫോൺ പദ്ധതിക്ക് ആദ്യം 500 കോടി രൂപയായിരുന്നത് 1000 കോടി രൂപയും പിന്നീടത് 2000 കോടി രൂപയുമായി, ഈ പദ്ധതിയുടെ ആവശ്യമുണ്ടോയെന്ന ചിന്ത സമൂഹത്തിൽ വളർന്നുവരുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ എതിർക്കാൻവേണ്ടി പറയുകയല്ല. സാധാരണഗതിയിൽ ഇതിൽ പ്രയാസം സൃഷ്ടിക്കാനിടയുള്ളത് റിലയൻസിനാണ്. ഇത്തരത്തിലൊരു നെറ്റ്‌വർക്ക് ഉണ്ടാക്കണമെന്ന താല്പര്യം റിലയൻസിനുണ്ട്. അവർ അവരുടെ രീതിയിൽ നടത്തട്ടെ. നമുക്ക് നമ്മുടേതായ പദ്ധതി നടപ്പാക്കുന്നതിന് വേറൊരു വിഷമവുമില്ല. നമുക്കത് നടപ്പാക്കാം. അതിനോട് അങ്ങും യോജിക്കുന്നതാണ് നല്ലത്; അതിന് സഹകരിക്കുകയാണ് വേണ്ടത്. കാരണം, ഇത് നാട്ടിൽ വിപ്ലവകരമായ മാറ്റമായിരിക്കും വരുത്തുന്നത്. ഇന്റർനെറ്റ് ഒരു അവകാശമായി എല്ലാവർക്കും കൊടുക്കുകയാണ്. ഏതൊരു ഗ്രാമത്തിലെ വീട്ടിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാകും. ചെറുകിട കേബിൾ ടി.വി. സംരംഭകരെ പരിഗണിക്കുമോ എന്നുള്ള സംശയം ഇവിടെ വരുന്നുണ്ട്. ചെറുകിട കേബിൾ ടി.വി. സംരംഭകരെ തീർച്ചയായും പരിഗണിക്കും. കേരളത്തിലെ ചെറുകിട കേബിൾ ടി.വി. സംരംഭകർക്ക് മുൻഗണന നൽകുന്ന രീതിയിൽത്തന്നെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കെ.എസ്.ഇ.ബി.എൽ-ന് 49 ശതമാനം പങ്കാളിത്തമുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ അടിസ്ഥാന സൗകര്യങ്ങൾ

ഉപയോഗപ്പെടുത്തിയാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. അപ്പോൾ ഇതിലുണ്ടാകുന്ന ലാഭത്തിന്റെ 49 ശതമാനം കെ.എസ്.ഇ.ബി.എൽ-നുകൂടി ലഭിക്കുന്നതാണ്. ഇതിനുപുറമെ കെ.എസ്.ഇ.ബി.എൽ-ന്റെ പോസ്റ്റുകൾ ഉപയോഗിക്കുമ്പോൾ അതിനുള്ള വാടകയും അവർക്ക് ലഭിക്കും. കെ.എസ്.ഇ.ബി.എൽ.ന്റെ 70-80 ശതമാനത്തോളം പോസ്റ്റുകളാണ് കെ-ഫോൺ ഉപയോഗിക്കുന്നത്. അതോടെ കെ.എസ്.ഇ.ബി.എൽ-ന്റെ കമ്പ്യൂട്ടർ അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനമായ SCADA (Supervisory Control and Data Acquisition)-യെ ശക്തിപ്പെടുത്തുന്നതിനുള്ള നെട്ടംശുണായി പ്രവർത്തിക്കാനും റിമോട്ട് മീറ്ററിംഗ്, ഓട്ടോമാറ്റിക് ബില്ലിംഗ് തുടങ്ങിയവ സാധ്യമാക്കാനും സാധിക്കും. സംസ്ഥാനത്തുടനീളം എല്ലാ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളെയും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് സൗകര്യം ലഭിക്കും. കോർ ആക്സസ് നെറ്റ്‌വർക്കുകളിൽ കെ.എസ്.ഇ.ബി.എൽ-ന് മാത്രമായി ലഭിക്കുന്ന ഫൈബർ സംവിധാനം സ്മാർട്ട് മീറ്ററിംഗ് സൗകര്യം നടപ്പാക്കാനും സാധ്യതയൊരുക്കും. 2019 മാർച്ചിൽ ടെണ്ടർ അവാർഡ് ചെയ്യുമ്പോൾ രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. മെച്ചപ്പെട്ട പ്രവർത്തന ഏകോപനംവഴി 2020 ഡിസംബർ മാസത്തോടെ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്റർനെറ്റ് രംഗത്ത് വലിയ മാറ്റമുണ്ടാക്കുന്ന ഒന്നാണ് കെ-ഫോൺ പദ്ധതി. അതോടൊപ്പം സംസ്ഥാനത്ത് ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് രൂപംകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇതിലൊക്കെയാണോ അവിശ്വാസമുള്ളത്? കേരളം നേരിടുന്ന ചരിത്രപരമായ വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും നടുവിൽപ്പോലും നമ്മുടെ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് കുതിപ്പിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്. കേരള സമൂഹത്തെ പുരോഗമനപരമായി നിലനിർത്താനായിട്ടുണ്ട്. ഭാവിക്ക് അനുയോജ്യമായ രീതിയിൽ കേരളം കെട്ടിപ്പെടുക്കാനുള്ള ശ്രമവും നാം നടത്തുന്നുണ്ട്. ഇതിലൊക്കെയാണോ അവിശ്വാസമുള്ളത്?

ഇക്കഴിഞ്ഞ നാല് വർഷങ്ങൾകൊണ്ട് വിസ്മയാവഹമായ നേട്ടങ്ങളാണ് നാം നേടിയിരിക്കുന്നത്. ഇത് ദേശീയ അന്തർദ്ദേശീയ തലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളം പല കാര്യങ്ങളിലും മാതൃകയായി മാറിയിട്ടുണ്ട്. എത്രയോ കാര്യങ്ങളിൽ നമ്പർ വൺ എന്ന തലത്തിലേയ്ക്ക് കേരളം ഉയർത്തപ്പെട്ടു. കേരളം നമ്പർ വൺ ആകുന്നതിൽ നമുക്കെല്ലാം അഭിമാനമാണ്. നിർഭാഗ്യവശാൽ അങ്ങനെ അഭിമാനിക്കുന്നവരുടെ നിരയിൽ പ്രതിപക്ഷത്തെ കാണുന്നി ല്ലെന്നതാണൊരു പ്രത്യേകത. 'കേരളം നമ്പർ വൺ' എന്ന വാക്കുതന്നെ അവരെ വല്ലാതെ അസ്വസ്ഥപ്പെടുത്തുകയാണ്. സത്യത്തിൽ ഈ നേട്ടങ്ങളാണ്

പ്രതിപക്ഷത്തിന്റെ മന:സമാധാനം കെടുത്തുന്നത്. ആ മനഃസമാധാനം കെടുന്ന അവസ്ഥയിൽ നിന്നാണ് പല മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത്. അതിലൊന്നാണ് ഈ അവിശ്വാസ പ്രമേയം. ഈ വർഷം നടപ്പാക്കുന്ന പന്ത്രണ്ടിന പരിപാടിയെക്കുറിച്ചും ചുരുക്കമായി പറയേണ്ടതായിട്ടുണ്ടെന്നാണ് തോന്നുന്നത്. അതിലൊന്ന്, സംസ്ഥാനത്ത് ജില്ലാതലത്തിലും അതേസമയം താലൂക്കുതലത്തിലും ജില്ലാ കളക്ടർമാർ നടത്തുന്ന പരിഹാര അദാലത്തുകൾ സംബന്ധിച്ചാണ്. മേയ് 26-ാം തീയതി കോഴിക്കോട് ആദ്യത്തെ അദാലത്ത് നടത്തി. ഇതിനകം 14 ജില്ലകളിലായി 66 ഇ-അദാലത്തുകൾ നടത്തിയിട്ടുണ്ട്. 3426 പരാതികൾ ലഭ്യമായതിൽ 1885 പരാതികളിൽ (55.02 ശതമാനം) തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇത് തുടർന്നും നടന്നുവരുന്നുണ്ട്. അതുപോലെ എല്ലാവരും പങ്കെടുത്ത മറ്റൊരു പരിപാടിയാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടി. കൃഷി വകുപ്പും വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഏകോപിച്ചാണ് ഈ പരിപാടി നടത്തുന്നത്. ജൂൺ 5-നാണ് പരിപാടി ആരംഭിച്ചത്. ഈ വർഷം ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് തീരുമാനിച്ചത്. എഴുപത്തിയഞ്ച് ലക്ഷം ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സെപ്റ്റംബർ അവസാനത്തോടെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാകും. അപ്പോൾ നട്ടുപിടിപ്പിക്കുക മാത്രമല്ല, പരിപാലനത്തിനും തുല്യ പ്രാധാന്യം നൽകുന്ന പരിപാടിയാണ്. ഇതിനായി നാടാകെ സജ്ജമായിട്ടുണ്ട്. വാർഡ് മെമ്പർ, കൃഷി അസിസ്റ്റന്റ്, കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രതിനിധികൾ എന്നിവരടങ്ങിയ വാർഡുതല സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാന വർദ്ധനവിന് സഹായകരമായ ഒന്നാണ്.

അതുപോലെയൊന്നാണ് എല്ലാ റോഡുകളിലും ഇടനാഴികളിലും എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതി നടപ്പാക്കാനുള്ള ചർച്ചകൾ പൂർത്തിയായി; സർക്കാർ ഉത്തരവിറങ്ങിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി വേഗത്തിൽ നടപ്പാക്കും. ആദ്യഘട്ടം 2021 ഫെബ്രുവരിയിൽ പൂർത്തിയാകും. 150 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി ആദ്യം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2020 ഡിസംബറിൽ എല്ലാ റോഡുകളും മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി സി.എം.ഡി.ആർ.എഫ്.-ൽനിന്നും 961 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഈ പരിപാടി നടപ്പാക്കിവരികയാണ്. 1592 ടെണ്ടറുകൾ ഒന്നാംഘട്ടത്തിൽ ക്ഷണിക്കപ്പെട്ടു. 734 എണ്ണത്തിൽ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചു. രണ്ടാം ഘട്ടത്തിൽ 1628 ടെണ്ടറുകൾ ക്ഷണിച്ചു. 443 എണ്ണത്തിൽ എഗ്രിമെന്റ് വച്ചു. 2020-ഡിസംബറിൽ പ്രവൃത്തി

ദുരന്തത്തിൽ തകർന്ന റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കുകയും ചെയ്യും. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു പരിപാടി ആ വേഗതയിൽ മുന്നോട്ടുപോകുവാൻ കഴിയാതെ വന്നിട്ടുണ്ട്. സംസ്ഥാനത്ത് മൂവായിരം പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന നിലയിൽ 12000 ടോയ്‌ലറ്റുകൾ, ഒപ്പം ബങ്കുകൾ നിർമ്മിക്കുക, ക്ലീനിംഗ്, വാട്ടർ സപ്ലൈ ഇതെല്ലാം ഉണ്ടാകണമെന്ന് കണ്ടിരുന്നു. കോവിഡ്-19-നു ശേഷമുള്ള സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ തോതിലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടിവന്നത്. വലിയ സാമ്പത്തിക ബാധ്യതയുമുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ പരിപാടി ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. കാരണം അത്രയ്ക്ക് ഭാരം അവരുടെ തലയിലുണ്ട്. ഇപ്പോൾ നല്ല നിലയിലല്ലാത്ത പൊതുശൗചാലയങ്ങളുടെ ഗുണനിലവാരം ഉയർത്തി ആദ്യഘട്ടത്തിൽ പുനർനിർമ്മാണം നടത്തും. കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ മുമ്പോട്ടുപോകുന്നുണ്ട്. അടുത്ത ഘട്ടത്തിൽ നിലവാരമുള്ള പുതിയ പൊതുശൗചാലയങ്ങൾ നിർമ്മിക്കും. 3000 പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന രീതിയിൽ നിർമ്മിക്കാനുള്ള നടപടികൾ പിന്നീട് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴിയോര സൗകര്യങ്ങളെ (wayside amenities) സംബന്ധിച്ച് ഒരു ആരോപണം ഉന്നയിച്ചിരുന്നു. സാധാരണഗതിയിൽ സംസ്ഥാനത്തെ റോഡുകളുടെ കാര്യമെടുത്താൽ, ആളുകൾക്ക് യാത്രാമധ്യേ എവിടെയെങ്കിലും കയറിനിൽക്കാൻ ഒരു സ്ഥലമില്ല, പ്രത്യേകിച്ചും സ്ത്രീകൾക്ക്. അവർ യാത്രകൾക്കിടയിൽ വലിയ വിഷമം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുകയെന്നത് പ്രധാന കാര്യമാണ്. അതിനുള്ള ഒരു പദ്ധതിയുടെ ഭാഗമായിട്ടാണ് wayside amenities ഒരുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നേരത്തെ അതിന്റെ കാര്യങ്ങൾ പറഞ്ഞിരുന്നു. ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ ടെണ്ടർ തുറക്കാനാകുമെന്നാണ് വിശ്വസിക്കുന്നത്. അത് ഏതെങ്കിലും ആളുകളെ കണ്ടിട്ടുള്ള പരിപാടിയല്ല; പൊതുപരിപാടിയുടെ ഭാഗമാണ്. അതിൽ ഐ.ഒ.സി. (ഇന്ത്യൻ ഓയിൽ കോർപറേഷൻ) പോലുള്ള സ്ഥാപനങ്ങൾ വരുന്നതിന് കാരണം പെട്രോൾ ബങ്ക് അടക്കം സ്ഥാപിക്കാൻ അനുയോജ്യമായ ചില സ്ഥലങ്ങളുണ്ടാകും. കുറച്ചുകൂടി വിശാലമായ സ്ഥലമാണെങ്കിൽ അവിടെ പെട്രോൾ ബങ്ക് അടക്കം സ്ഥാപിക്കാനാകും. ഒരു കഫറ്റേറിയയും മറ്റ് സൗകര്യങ്ങളുമുണ്ടാകും. കേരളത്തിന് പുറത്തുപോയാൽ ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ കാണാനാകും. ഇപ്പോൾ രാജ്യത്തുതന്നെ അത്തരം പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പരിപാടി നമ്മുടെ നാടിന് വലിയ സൗകര്യങ്ങളൊരുക്കുന്ന ഒന്നാണ്. അതാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

അതോടൊപ്പം പെട്രോൾ ബങ്കുകളിലെ ടോയ്‌ലറ്റ് എല്ലാവർക്കും ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കണമെന്നുള്ള ഒരു നിലപാട് എടുത്തിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ അവിടെ പെട്രോൾ അടിക്കാൻ പോകുന്നവർക്കേ അത് ഉപയോഗിക്കാൻ സാധിക്കൂ. അക്കാര്യം കമ്പനികളുമായി സംസാരിച്ചിട്ടുണ്ട്. അവർ അതിന് സമ്മതം രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റൊരു പ്രധാന കാര്യമാണ് യൂത്ത് ലീഡർഷിപ്പ് അക്കാദമി. ശ്രീ. അമിത് മീണ ഐ.എ.എസ്-നെയാണ് അതിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ യുവാക്കളിൽ ലീഡർഷിപ്പ് ക്വാളിറ്റി നേടുകയെന്നതാണ് യൂത്ത് ലീഡർഷിപ്പ് അക്കാദമി കൊണ്ടുദ്ദേശിക്കുന്നത്. അതിനനുയോജ്യമായ കോഴ്സുകൾ ഏർപ്പെടുത്തും. എല്ലാവർക്കും അതിൽ പങ്കുചേരാൻ സാധിക്കും. അപ്പോൾ സാമൂഹ്യ സന്നദ്ധസേനയിൽ അംഗങ്ങളായിട്ടുള്ളവർക്കുള്ളതാണെന്ന ഒരു തോന്നൽ വരും. അവർക്ക് മാത്രമല്ല, എല്ലാവർക്കും വേണ്ടിയുള്ള കോഴ്സുകളും ഇവിടെ വച്ച് നടത്താൻ സാധിക്കും. അതിന്റെ പ്രാരംഭനടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അത് പൂർണ്ണമായും സർക്കാർ തലത്തിലുള്ള ഒരു പരിപാടിയായി നടത്താനാണ് ഉദ്ദേശിക്കുന്നത്.. അതേസമയം വേറൊരു പരിപാടി ഇപ്പോൾ തൽക്കാലം മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. 'പഠന സമയത്ത് പാർട്ട് ടൈം ജോലി' എന്നതാണത്. കോവിഡ്-19 സമയമായതിനാൽ ഇപ്പോൾ അതിനെപ്പറ്റി ആലോചിക്കാൻ കഴിയില്ല. നല്ലകാലം വന്നാൽ അതിനെപ്പറ്റി ആലോചിക്കാം. എൽ.എസ്.ജി.ഡി.-യിൽ നിക്ഷേപവും ആയിരം ആളുകളിൽ അഞ്ചുപേർക്ക് തൊഴിലും നൽകാൻ ഉദ്ദേശിക്കുന്ന പരിപാടികൾ നടത്താൻ നേരത്തെ തയ്യാറെടുപ്പ് നടത്തിയിരുന്നു. പക്ഷേ, അതിലും ചില പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. കേവിഡ്-19 അതിന് കുറച്ച് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഏതായാലും ആ പരിപാടി നല്ല നിലയിൽ നടത്താൻ സാധിക്കും. ഏറ്റവും പ്രധാനപ്പെട്ട ഒരു പരിപാടിയാണ് പൊതുജലാശയങ്ങളിലെ മത്സ്യം വളർത്തൽ. പതിനായിരം മത്സ്യ ക്കുഞ്ഞുങ്ങളെയാണ് ഗ്രാമങ്ങളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മത്സ്യങ്ങളോട് താൽപ്പര്യമില്ലാത്തതിനാൽ ശ്രദ്ധിക്കുന്നില്ല. അദ്ദേഹം മത്സ്യം കഴിക്കാത്ത ആളായതിനാലാണ് ശ്രദ്ധിക്കാത്തത്. പക്ഷേ, പൊതുജലാശയങ്ങളിൽ നല്ലതുപോലെ മത്സ്യം വളർത്താനാണ് പരിപാടി. അപ്പോൾ മത്സ്യം ആവശ്യമുള്ളവർക്ക് അവിടെനിന്നും പിടിക്കാവുന്നതാണ്. അതിന് പ്രശ്നങ്ങളൊന്നുമില്ല. ആ തരത്തിലാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മത്സ്യകൃഷിയുടെ ലാഭമെന്താണെന്ന് എല്ലാവർക്കുമറിയാം.

മി. സ്പീക്കർ: അങ്ങ് മത്സ്യം കഴിക്കില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ മത്സ്യം കഴിക്കാറില്ല, എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത്സ്യപ്രിയനാണെന്ന് എനിക്കറിയാം. അതുകൊണ്ടാണോ ഇങ്ങനെയുള്ള കൃഷിരീതികൾ മുന്നോട്ട് കൊണ്ടുപോകുന്നത് ?

മി. സ്പീക്കർ: അങ്ങേയുംകൂടി അതിൽ താൽപ്പര്യമുണ്ടാകണമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം" എന്നു പറയുന്ന മട്ടിലുള്ളതാണ് ഈ പറയുന്ന വാചകങ്ങൾ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തായാലും കേരളത്തിൽ എല്ലായിടങ്ങളിലും മത്സ്യം വളർത്തേണ്ട കാര്യമില്ല.

ശ്രീ. പിണറായി വിജയൻ: സർ, കേരളീയർ പൊതുവായി മത്സ്യം ഇഷ്ടപ്പെടുന്നവരാണ്. പക്ഷേ, മത്സ്യം വളർത്താറില്ല. മത്സ്യം വളർത്താനുള്ള പരിപാടിയാണ് ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നത്. അതൊരു നല്ല പരിപാടിയാണ്. 8748 കുളങ്ങൾ ഈ പരിപാടിക്ക് അനുയോജ്യമാണെന്ന് ഫിഷറീസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ജലാശയങ്ങളിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 21, 22 തീയതികളിൽ 6,840,000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ ജലാശയത്തിനും ഒരു ഗുണഭോക്തൃ ഗ്രൂപ്പ് എന്നനിലയിൽ സംവിധാനം ഒരുക്കുന്നുണ്ട്. 2494 ജലാശയങ്ങളിൽ ഇത് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇതാണ് പ്രത്യേകത. ഇതുമായി ബന്ധപ്പെട്ടാണോ ശ്രീ. പി. ജെ. ജോസഫിന് ചോദിക്കുവാനുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: സർ, പശു വളർത്തലിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അടുത്ത ബഡ്ജറ്റ് പ്രസംഗത്തിനും ഗവർണേഴ്സ് സ്പീച്ചിനും കുറച്ചുകാര്യം ബാക്കിവയ്ക്കണ്ടേ?

ശ്രീ. പിണറായി വിജയൻ: സർ, അത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ഞാൻ വിവരിക്കുന്നില്ല എന്ന് നേരത്തെ പറഞ്ഞു. സുഭിക്ഷ കേരളം പദ്ധതിയിൽ

ഒരു ഭാഗം ക്ഷീരവികസനം എന്നുപറഞ്ഞു. ക്ഷീരവികസനത്തിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്, ഓരോ വീട്ടിലും രണ്ട് പശുവിനെയെങ്കിലും വളർത്തുക എന്നുള്ളതാണ്. അതിനുള്ള വായ്പ കൊടുക്കും. അതോടൊപ്പം ഓരോ പഞ്ചായത്തിലും ഒരു മിനി പശുവളർത്തൽ കേന്ദ്രം (ഡെയറി ഫാം) ഉണ്ടാകണമെന്നും ഉദ്ദേശിച്ചിട്ടുണ്ട്. പശുവിന്റെ കാര്യത്തിൽ അത്തരത്തിലൊരു നിലപാടെടുത്തിട്ടുണ്ട്. അതിനോടൊപ്പം ആട് വളർത്തൽ, പോത്തിനെ വളർത്തൽ തുടങ്ങിയവയുമുണ്ട്. മാംസം കഴിക്കുന്നവർക്ക് ആവശ്യമായ മറ്റ് പരിപാടികളുമുണ്ട്. ഇതിനെല്ലാം നബാർഡ് 2000 കോടി രൂപയുടെ വായ്പ തരുന്നുണ്ട്. അതെല്ലാം നമ്മൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാനത് നേരത്തെ വിശദീകരിക്കാതിരുന്നതാണ്. അങ്ങ് ഉന്നയിച്ചത് വളരെ നല്ല കാര്യമാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനി എത്ര സമയം വേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചോദിക്കുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇതെല്ലാം നമ്മുടെ നാടിന്റെ പ്രധാനപ്പെട്ട കാര്യങ്ങളല്ലേ; ഇതോടൊപ്പം പന്ത്രണ്ടിനത്തിലെ ഒരുകാര്യം സാമൂഹ്യസന്നദ്ധസേനയുടെ രൂപീകരണമാണ്. നമ്മുടെ നാടിന്റെ സമ്പത്ത് നമ്മൾ കാണണമല്ലോ. കോവിഡ്-19-ഉം മറ്റും വ്യാപിച്ചപ്പോൾ സാമൂഹ്യസന്നദ്ധസേനയിൽ അംഗങ്ങളാകാൻ വേണ്ടിയുള്ള ഒരു അഭ്യർത്ഥന നമ്മൾ നടത്തി. അതിന് വലിയ ഫലമാണുണ്ടായത്. 343,000 വ്യക്തികളടങ്ങുന്ന സാമൂഹ്യസന്നദ്ധസേന രൂപീകരിക്കലായിരുന്നു ലക്ഷ്യം. ഇപ്പോൾ എത്ര അംഗങ്ങളാണ് വന്നത്; 20-നും 40-നും വയസ്സിനിടയിലുള്ള 3,57,501 പേർ ചേർന്നുകഴിഞ്ഞു. ഇതിൽ 2,78,451 പുരുഷൻമാരും 78,992 വനിതകളും 58 ട്രാൻസ്ജെൻഡർ വിഭാഗക്കാരും ഉൾപ്പെടുന്നുണ്ട്. കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് പ്രായപരിധി നിശ്ചയിച്ചത്. 16-നും 65-നും ഇടയിൽ പ്രായമുള്ള ആരോഗ്യമുള്ള വ്യക്തികൾക്ക് ഈ സേനയിൽ അംഗങ്ങളാകാം. കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സന്നദ്ധ വോളണ്ടിയർമാർ മികച്ച സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്. ഇവർക്ക് ദുരന്തനിവാരണ പ്രവർത്തനങ്ങളടക്കമുള്ള മേഖലകളിൽ ഓൺലൈൻ പരിശീലനം നടത്തിവരികയാണ്. നമ്മുടെ നാട്ടിൽ ഈ ചെറുപ്പക്കാർക്ക് പരിശീലനം കൊടുക്കുകയാണ്. ഇതിനായി 700 മാസ്റ്റർ ട്രെയിനർമാർക്ക് ആദ്യഘട്ടത്തിൽത്തന്നെ പരിശീലനം നൽകിയിട്ടുണ്ട്. ദുരന്തനിവാരണത്തിലും സാമൂഹ്യസേവനത്തിലും സാമൂഹ്യസന്നദ്ധസേനയ്ക്ക് വലിയ പങ്കുവഹിക്കാൻ സാധിക്കും. ഇതിനായി ഒരു ഡയറക്ടറേറ്റ് സംസ്ഥാനതലത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. പി. ജെ. ജോസഫ് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് നടന്നൊരു കാര്യമാണ്,

ഞങ്ങൾ മഴമറകൾ (Rain shelters) നിർമ്മിക്കാൻ ആലോചിച്ചു. 1000 എന്നായിരുന്നു ലക്ഷ്യമിട്ടത്. ഇപ്പോഴത്തെ ഘട്ടത്തിൽ 1515 അപേക്ഷകൾ വന്നിട്ടുണ്ട്. ഇതിൽ 1000 എണ്ണം ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞു. 672 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. 446 എണ്ണത്തിന്റെ നിർമ്മാണം ആഗസ്റ്റ് മാസം പൂർത്തിയാകും. ലക്ഷ്യമിട്ടതിനേക്കാൾ 118 എണ്ണം കൂടുതൽ വരും. കൂടുതലുള്ളതും നിർമ്മിക്കാൻ പറഞ്ഞിരിക്കുകയാണ്. അപ്പോൾ, നമ്മുടെ നാട് ഇത്തരം കാര്യങ്ങളെ എങ്ങനെ സ്വീകരിക്കുന്നു എന്നാണ് കാണേണ്ടത്. ഇത്തരം കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് അങ്ങേയറ്റം സ്വാഗതാർഹമായാണ് ജനങ്ങൾ കാണുന്നത്. ഞങ്ങൾ നിങ്ങളോടൊപ്പമാണ് എന്നാണ് ജനങ്ങൾ സർക്കാരിനോട് പറയുന്നത്.

ഇവിടെ അവിശ്വാസമുണ്ടെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷം മുന്നോട്ട് വന്നത് കോവിഡ്-19 മഹാമാരിയുടെ അസാധാരണമായ സാഹചര്യം നാം നേരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിലാണ്. പ്രതിപക്ഷത്തെയും സമൂഹത്തിലെ എല്ലാ വിഭാഗക്കാരെയും വിശ്വാസത്തിലെടുത്തുകൊണ്ടും സഹകരിപ്പിച്ചുകൊണ്ടും മുന്നോട്ടു പോകാനാണ് സർക്കാർ മുൻകയ്യെടുക്കുന്നത്. അത്തരമൊരു അവസരത്തിലാണ് സർക്കാരിൽ അവിശ്വാസം എന്നുപറഞ്ഞ് പ്രതിപക്ഷം വന്നിരിക്കുന്നത്. രാഷ്ട്രീയ ഭിന്നതകളൊക്കെയുണ്ടാകും. പക്ഷേ, അത്തരം ഭിന്നതകളൊക്കെ മാറ്റിവച്ചുകൊണ്ടാണ് കോവിഡ്-19 മഹാമാരിയെ നേരിടേണ്ടത്. കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ കൂട്ടായിത്തന്നെ നടത്തേണ്ടതുണ്ട്. ലോകത്താകെ കോവിഡ്-19-ന്റെ വരവോടുകൂടി സാമൂഹ്യമേഖലകളിലുള്ള ഭരണസംവിധാനത്തിന്റെ ഇടപെടലിന്റെ പ്രസക്തി വലിയതോതിൽ ചർച്ചചെയ്യപ്പെടുകയാണ്. 1990-കളിലെ സാമ്പത്തിക പരിഷ്കരണങ്ങൾ നടപ്പായശേഷം ഭരണസംവിധാനം ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽനിന്ന് പിൻവലിയുന്ന പ്രതിഭാസമാണ് കണ്ടുവരുന്നത്. ഇത് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വലിയ ദോഷമാണുണ്ടാക്കുന്നത്. ഈ മാതൃക പിന്തുടരാൻ പാടില്ലെന്ന ഉറച്ച സമീപനമാണ് നമ്മുടെ സർക്കാരിനുള്ളത്. കോവിഡ്-19 പ്രതിരോധം ഈ മാതൃകയുടെ പ്രതിഫലനം കൂടിയാണ്. പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയിലൂടെ ജനപങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് കേരളം തുടക്കംമുതൽ നടത്തിവരുന്നത്. 2020 ജനുവരി മാസം അവസാനം കേരളത്തിൽ കോവിഡ്-19 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള ശക്തമായ പ്രതിരോധ പ്രവർത്തനത്തിലൂടെ ആദ്യഘട്ടത്തിൽ എണ്ണം പിടിച്ചുനിർത്താൻ

കേരളത്തിന് കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ, സാമൂഹ്യസന്നദ്ധസേനാ പ്രവർത്തകർ, പോലീസ് വകുപ്പ്, ദുരന്തനിവാരണ വകുപ്പ് എന്നിവയുടെയെല്ലാം കൃത്യമായ ഏകോപനമാണ് ഇവിടെ കണ്ടുവന്നത്. മേയ് മാസം ആദ്യംവരെ കോവിഡ്-19 കേസുകളുടെ എണ്ണത്തിൽ വലിയ നിയന്ത്രണം കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. ഒരു ഘട്ടത്തിൽ (മേയ് 8) കോവിഡ്-19 കേസുകളുടെ എണ്ണം 16 ആയി ചുരുങ്ങി. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്ന (ഹോം ക്വാറന്റയിൻ) സംവിധാനം വളരെ ഫലപ്രദമായാണ് കേരളം നടപ്പാക്കിയത്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളോട് സംസ്ഥാന സർക്കാർ പൂർണ്ണമായും സഹകരിക്കുന്നുണ്ട്. എന്നാൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തേണ്ട അവസരങ്ങളിൽ വളരെ ശക്തമായി അറിയിക്കുന്നുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകളെ കമ്പനി നിയമം 2013 പ്രകാരം CSR (Corporate Social Responsibility) പരിധിയിൽ ഉൾപ്പെടുത്താത്ത നടപടിയിൽ കേന്ദ്ര സർക്കാരിനോട് ശക്തമായ വിയോജിപ്പ് അറിയിച്ചു. അതോടൊപ്പം മറ്റ് സംസ്ഥാന മുഖ്യമന്ത്രിമാരുടെ സഹകരണം ഇക്കാര്യത്തിൽ തേടുകയും ചെയ്തു. കോവിഡ്-19-ന്റെ പ്രത്യാഘാതം കാരണം സമ്പദ്ഘടനയിലും നികുതി വരുമാനത്തിലും വലിയ ഇടിവാണുണ്ടായിരിക്കുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ച് സംസ്ഥാനങ്ങളുടെ വായ്പാപരിധി ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി ഉയർത്തണമെന്ന് ശക്തമായി ആവശ്യപ്പെട്ട സംസ്ഥാനം കേരളമാണ്.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരുകൾക്ക് അധിക ഗ്രാന്റുകൾ നൽകുന്ന കാര്യം 15-ാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ടെസ്റ്റിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ സമയാസമയങ്ങളിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലുള്ള കേരളീയരെ തിരിച്ച് കൊണ്ടുവരുന്ന കാര്യത്തിലും അതിഥി തൊഴിലാളികളുടെ കാര്യത്തിലും പ്രത്യേക ട്രെയിൻ സർവ്വീസുകൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നതിലും കേരളം മുൻപന്തിയിലായിരുന്നു. പ്രവാസികളെ തിരികെ നാട്ടിലെത്തിക്കുന്ന കാര്യത്തിലും കേരളം ശക്തമായ ആവശ്യങ്ങൾ കേന്ദ്രത്തോട് ഉന്നയിച്ചു. ഇവർക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യമൊരുക്കാൻ എല്ലാ സഹായങ്ങളും ചെയ്യണമെന്ന് അഭ്യർത്ഥിക്കുമ്പോൾ ത്തന്നെ ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന നിലപാടും കേരളം സ്വീകരിച്ചു. നിരീക്ഷണവും ആവശ്യമായിവരുന്ന ചികിത്സയും സുഗമമായി ഏർപ്പാടാക്കുന്നതിന് മടങ്ങിവരുന്നവരുടെ രജിസ്ട്രേഷനും

വിവരശേഖരണവും അനിവാര്യമാണ്. ഇക്കാര്യം ഉയർന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കേരളം നിർവ്വഹിച്ചു. ഇത് നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമായിരുന്നു. കോവിഡ്-19 ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കി. രോഗവ്യാപനം തടയുവാനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. പ്രാദേശികമായി ആ പ്രവർത്തനം നിശ്ചയിച്ചതുപോലെ സാധ്യമാക്കാനായി. എന്നാൽ സ്ഥാപിത താൽപ്പര്യങ്ങൾ മുൻനിർത്തി ഇതിനെ അട്ടിമറിക്കാനാണ് ചിലർ ശ്രമിച്ചത്. രോഗവ്യാപനം ഉണ്ടാകുമെങ്കിൽ ഉണ്ടാകട്ടെ എന്ന സമീപനമാണ് ഇതിന് പിന്നിലുണ്ടായത്. എന്നാൽ പൊതുസമൂഹം അവബോധത്തോടെ സർക്കാർ നടപടികളെ പിന്തുണച്ചു. അതുകൊണ്ട് ഇത്തരം ശ്രമങ്ങൾ ഫലവത്തായില്ല. ഹോം ക്വാറന്റയിൻ വെറുമൊരു ഒറ്റപ്പെടലല്ല. അതിൽ കഴിയുന്നവർ ബാക്കിയുള്ളവരുടെ സുരക്ഷയ്ക്കുംകൂടിയാണ് അത് ചെയ്യുന്നത് എന്നബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി നടപ്പാക്കിയ ലോക്ഡൗൺ കാരണം അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ ജീവനോപാധി നഷ്ടപ്പെട്ടു. ഇവർക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്നതിനു മുമ്പേ 20,000 കോടിരൂപയുടെ സാമ്പത്തിക പാക്കേജ് 2020 മാർച്ചിൽ കേരളം പ്രഖ്യാപിച്ചു. സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്നതിനോടൊപ്പം ഒരു ക്ഷേമനിധിയിലും അംഗമല്ലാത്ത, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 14 ലക്ഷം റേഷൻ കാർഡുടമകൾക്ക് 1,000 രൂപ വീതം സമാശ്വാസധനമായി നൽകി. എല്ലാവർക്കും സൗജന്യ റേഷൻ ഉറപ്പുവരുത്തി. സംസ്ഥാനത്തെ 88 ലക്ഷം റേഷൻ കാർഡുടമകൾക്ക് അവശ്യസാധന കിറ്റും നൽകി. ഓണത്തിന് വീണ്ടും എല്ലാ റേഷൻ കാർഡ് ഉടമകൾക്കും അവശ്യസാധന കിറ്റ് നൽകുന്നുണ്ട്. ആർക്കും ഭക്ഷണമില്ലാത്ത അവസ്ഥ ഉണ്ടാകരുതെന്ന് ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ തുറന്നു. അതിഥിത്തൊഴിലാളികൾക്ക് അവർക്കിഷ്ടമുള്ള ഭക്ഷണം പാകംചെയ്ത് കഴിക്കാനുള്ള സാധനങ്ങൾ നൽകി.

രാജ്യത്തെമ്പാടും ലോക്ഡൗൺ ക്രമേണ പിൻവലിക്കപ്പെടുമ്പോൾ പ്രത്യേക മേഖലകളിൽ മാത്രം അടച്ചുപൂട്ടൽ സാഹചര്യമനുസരിച്ച് ഏർപ്പെടുത്തുകയാണ്. ഈ അവസ്ഥയിൽ നമ്മൾ നേരിടുന്ന പ്രധാന പ്രശ്നം സമ്പർക്ക രോഗവ്യാപനമാണ്. ഇത് നേരിടാൻ ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ, അണുവിമുക്തമാക്കൽ എന്നിവയ്ക്ക് സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. ആൾക്കൂട്ടങ്ങളുണ്ടാകാതിരിക്കാൻ മതമേലധ്യക്ഷൻമാർ, രാഷ്ട്രീയപാർട്ടികൾ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും സഹകരണം

ലഭ്യമാക്കിയുമാണ് സർക്കാർ മുന്നോട്ടുനീങ്ങുന്നത്. ഇക്കാര്യത്തിൽ നല്ല സഹകരണം ലഭിക്കുന്നുണ്ട്. എന്നാൽ ചില മേഖലകളിലെ ഒറ്റപ്പെട്ട സംഭവങ്ങൾപോലും സാമൂഹ്യാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയുണ്ടാക്കുന്നു. ഇവിടെയാണ് ആരോഗ്യ, തദ്ദേശ സ്വയംഭരണ, ദുരന്ത നിവാരണ, പോലീസ് വകുപ്പുകളുടെ ഏകോപനം അനിവാര്യമാകുന്നത്. ഇതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. സർക്കാർ സ്വീകരിച്ച മറ്റ് നടപടികളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകൽ, ആധികാരിക വിവരങ്ങൾ ലഭ്യമാക്കാൻ 'GoK Direct' എന്ന മൊബൈൽ ആപ്പ് ഇവയെല്ലാം ഉൾപ്പെടുന്നു. ഡോക്ടർമാരുമായി ഓൺലൈൻ കൺസൾട്ടിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ്-19 ആശുപത്രികൾക്കു പുറമേ കോവിഡ്-19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ തദ്ദേശ സ്വയംഭരണ, ദുരന്ത നിവാരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ പ്രാവർത്തികമാക്കിയിട്ടുണ്ട്. 1843 ആരോഗ്യ പ്രവർത്തകരെ ഇതിനകം CFLTC (Covid First Line Treatment Center)-കളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നല്ല രീതിയിലാണ് ഇത് ഒരുക്കിയിട്ടുള്ളത്. ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റുകൾ, എൻ.എച്ച്.എം. വഴി 9768 ആളുകൾ എന്നിവർക്ക് വിവിധ ആശുപത്രികളിലും CFLTC-കളിലുമായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. 15189 പേരെ നിയമിക്കാൻ ഉത്തരവ് നൽകിയിരുന്നു. ബാക്കിയുള്ളവരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയത് 1437 CFLTC-കളാണ്, അതിൽ 1,20,832 കിടക്കകൾ ഒരുക്കാനാണ് ശ്രമിക്കുന്നത്. DDMS (Drug Distribution & Management System) അംഗീകരിച്ച CFLTC-കൾ 1179 ആണ്. 1,00,683 ബെഡുകൾ അതിലുണ്ട്. Bed occupy ചെയ്തിട്ടുള്ളത് 543 ആണ്. Number of Beds - 47,639 ആണ്. 114 CFLTC-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിൽ 16,828 കിടക്കകൾ ആകെയുണ്ട്, അതിൽ 8236 ആളുകൾ (49%) അത് ഉപയോഗിക്കുന്നുണ്ട്. ഇത്തരത്തിൽ നല്ല രീതിയിൽ ആ പ്രവർത്തനം നമുക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പർക്കരോഗ വ്യാപനമുണ്ടാകുമ്പോൾ ടെസ്റ്റിന് സർക്കാർ വളരെ പ്രാധാന്യമാണ് നൽകുന്നത്. ഇന്നലെ ടെസ്റ്റ് ചെയ്തത് 36,357 പേരെയാണ്. ഇത്തരത്തിൽ നമ്മൾ അത് വർദ്ധിപ്പിച്ചുകൊണ്ടു വരികയാണ്. സ്ഥിതിവിവര കണക്കുകൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മാത്രമല്ല സർക്കാരിനുള്ളത്; അതുകൊണ്ടുതന്നെ രോഗബാധിതരെ കൃത്യമായ പ്രോട്ടോക്കോൾ പാലിച്ചാണ് ഡിസ്ചാർജ് ചെയ്യുന്നത്. രോഗം ഭേദമാകുന്ന നിരക്ക് കുറയുന്നുവെന്ന ആക്ഷേപം ചിലർ ഉന്നയിക്കുന്നുണ്ട്, ഇത് വസ്തുതാപരമല്ല.

സംസ്ഥാനത്തെ കൊവിഡ്-19-ന്റെ അവസ്ഥയെടുത്താൽ case fatality rate- All India - 1.9% ആണ്. കേരളം 0.4% ആണ്. Test per million- All India - 24,994 ആണ്, കേരളം 38,109 ആണ്. Test possibility rate - All India കണക്ക് 8.6% ആണ്, കേരളം 4% ആണ്. ആളുകളെ ചികിത്സിക്കാതെ ഡിസ്ചാർജ് ചെയ്ത് റിക്കവറി റേറ്റ് കൂട്ടുകയെന്ന നിലപാട് നമ്മൾ ആഗ്രഹിക്കുന്ന കാര്യമല്ല. നമ്മൾ ശരിയായ രീതിയിൽത്തന്നെയാണ് ഇതുവരെ കൈകാര്യം ചെയ്തുവന്നിട്ടുള്ളത്. കേരളം നടത്തുന്ന പ്രവർത്തനങ്ങൾ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. പല അന്താരാഷ്ട്ര മാധ്യമങ്ങളും നമ്മുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ചിലരുടെ പേര് ഞാൻ പറയുകയാണ്. അത് ഏതെങ്കിലും പി.ആർ. വർക്കിന്റെ ഭാഗമായി അവർ പറഞ്ഞതല്ല, അതുകൊണ്ടാണ് ആ പേരുകൾ പറയുന്നത്. നോബൽ ജേതാവ് ശ്രീ. അമർത്യാ സെൻ, ശ്രീ. നോം ചോസ്കി, ശ്രീ. വെങ്കി രാമകൃഷ്ണൻ, ശ്രീ. ജോസഫ് സ്റ്റിഗ്ലിസ്, ലോകാരോഗ്യ സംഘടനയുടെ ചീഫ് സയന്റിസ്റ്റ് ഡോ. സൗമ്യാ സ്വാമിനാഥൻ ഇവരൊക്കെ കേരളത്തിന്റ പ്രവർത്തനങ്ങളെപ്പറ്റി ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് കേരളാ ഡയലോഗ് എന്ന പരിപാടിയിൽ നടത്തിയത്. പ്രശംസകൾ കേട്ട് മതിമറക്കുന്ന ഒരു സമീപനം സർക്കാരിനില്ല. നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് കുറവുകൾ തിരുത്തി മുന്നോട്ട് പോകുന്ന പരീക്ഷണമാണ് നാം ഈ ഘട്ടത്തിൽ നടത്തുന്നത്. ജനങ്ങളുടെ സഹകരണത്തോടെ ഇത് ഫലപ്രാപ്തിയിൽ എത്തിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ടും പ്രതിസന്ധി ഘട്ടങ്ങളിൽ എല്ലാവരുടെയും അഭിപ്രായം തേടുകയും അവരെ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടും സർക്കാർ മുന്നോട്ട് പോകുമ്പോൾ പ്രതിപക്ഷം സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഇത് പൊടുന്നനെയുണ്ടായതല്ല, കേരളത്തിന്റെ വികസനത്തിനായി ഒരു ബദൽ പരിപ്രേക്ഷ്യം മുന്നോട്ട് വച്ചുകൊണ്ട് നീങ്ങുന്ന സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

ആ ഭാഗത്തെക്കുറിച്ച് പറയുന്നതിനുമുമ്പ് ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ പറയേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ട്രാഫിക് ഇൻഫർമേഷൻ ആൻഡ് എൻഫോഴ്സ്മെന്റ് സിസ്റ്റത്തെക്കുറിച്ച് പറഞ്ഞു. ഇത് പ്രധാന നഗരങ്ങളിലും ജംഗ്ഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനും ഗതാഗതക്കുരുക്ക് കുറയ്ക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ്. എ.ആർ.എസ്. ട്രാഫിക്ക് ആൻഡ് ട്രാൻസ്പോർട്ട് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പദ്ധതിയുമായി മുന്നോട്ട് വന്നിട്ടുള്ളത്. ഇതിന്റെ പൈലറ്റ്

പ്രോജക്ട് തിരുവനന്തപുരം സിറ്റിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സൗജന്യമായി ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. ലോക്ഡൗണിന്റെ സാഹചര്യത്തിൽ പദ്ധതി മുന്നോട്ടുപോയിട്ടില്ല. ഇതിൽ മറ്റു സംശയങ്ങൾ ആവശ്യമില്ല. സദുദ്ദേശ്യത്തോടെയും നമുക്ക് സഹായകരമായും വരുന്നൊരു കാര്യത്തിനാണിപ്പോൾ അവർ തയ്യാറായിട്ടുള്ളത്. കോവിഡ്-19 കാരണമാണ് ആ പരിപാടി മുന്നോട്ട് പോകാത്തത്. അതിന് പ്രത്യേക പ്രയാസങ്ങളില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. ട്രാഫിക് ഇൻഫർമേഷൻ ആൻഡ് എൻഫോഴ്സ്മെന്റ് സിസ്റ്റം ഇവിടെ നടപ്പിലാക്കുന്നതിന് മറ്റ് ആശങ്കകൾ ആവശ്യമില്ല. അവർ ഇവിടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്, അതിന് നമ്മൾ പ്രത്യേകിച്ച് പണം ചെലവിടേണ്ടിവരുന്നില്ല. 2018-ലെ പ്രളയത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയേണ്ടിവന്നത് 692,966 കുടുംബങ്ങളാണ്. അവർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. ഇത് എല്ലാവർക്കും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ 362,744 കുടുംബങ്ങൾ ആനുകൂല്യങ്ങൾക്ക് അർഹരായി. ഇതിൽ 3384 കുടുംബങ്ങൾക്കുള്ള ആനുകൂല്യം സാങ്കേതിക കാരണങ്ങളാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച കാര്യങ്ങളാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. ഇത് അടിയന്തരമായി കൊടുത്തു തീർക്കാനാകണം.

ശ്രീ. വി. ഡി. സതീശൻ: സർ, 2018-ലെ എല്ലാ ആനുകൂല്യങ്ങളും അങ്ങ് കൊടുത്തുതീർത്തു എന്നുപറഞ്ഞു. 2018-ലെ അനേകായിരം പേർക്ക് ഇനിയും ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാനുണ്ട്. എറണാകുളം ജില്ലയിൽ ഇത് ക്ലോസ് ചെയ്തിരിക്കുകയാണ്. ഒരു രൂപയുടെ കൈമാറ്റവും നടക്കുന്നില്ല. അക്കാര്യം റവന്യൂ വകുപ്പുമന്ത്രിക്കും അറിയാമല്ലോ. ആയിരക്കണക്കിന് ആളുകൾക്ക് ഇനിയും സഹായം കൊടുക്കാനുണ്ട്. ഇത് കൊടുത്തുതീർന്നു എന്ന് അങ്ങ് നിയമസഭയിൽ പറഞ്ഞാൽ റവന്യൂ വകുപ്പിൽനിന്നും കിട്ടിയ റിപ്പോർട്ടാണെങ്കിൽ അത് തെറ്റാണ്. ഇത് ചോദിച്ചില്ലെങ്കിൽ നിങ്ങൾ സഭയിൽ മിണ്ടാതിരുന്ന് കേട്ടുകൊണ്ട് പോന്നതല്ലേയെന്ന് അവിടെ ചെല്ലുമ്പോൾ ജനങ്ങൾ ചോദിക്കില്ലേ? കൊടുത്തിട്ടില്ല. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്.

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ നിലയ്ക്ക് നമ്മുടെ കണക്കനുസരിച്ച് എല്ലാവർക്കും കൊടുത്തിട്ടുണ്ട്, ബാക്കി നിൽക്കുന്നില്ല എന്നാണ് തോന്നുന്നത്. 2019-ലെ പ്രളയത്തിൽ 362,744 കുടുംബങ്ങൾ ആനുകൂല്യത്തിന്

അർഹരായി. ഇതിൽ 3384 കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങളാണ് സാങ്കേതിക കാരണങ്ങളാൽ നൽകാൻ കഴിയാതിരുന്നത്. ഇത് അടിയന്തരമായി കൊടുത്തു തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിന്റെ പ്രശ്നങ്ങളായിരുന്നു ഇതിലുണ്ടായിരുന്നത്. പിന്നീടുള്ളത് കേടുപാടുകൾ വന്ന വീടുകൾക്കുള്ള സഹായമാണ്. 15% വരെ കേടുപാടുകൾ വന്ന വീടുകൾ, 16 മുതൽ 29% വരെ കേടുപാടുകൾ വന്ന വീടുകൾ, 30 മുതൽ 59% വരെ കേടുപാടുകൾ വന്ന വീടുകൾ, 60 മുതൽ 74% വരെ കേടുപാടുകൾ വന്ന വീടുകൾ, 75 മുതൽ 100% വരെ കേടുപാടുകൾ വന്നവ. ഇങ്ങനെ 5 വിഭാഗങ്ങളിലായാണ് കേടുപാടുകൾ വന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. 2018-ലെ പ്രളയത്തിൽ 360,666 വീടുകൾക്ക് രണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിയേഴ് കോടി എഴുപത് ലക്ഷം രൂപ സഹായധനം നൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ 62,244 വീടുകൾക്ക് 350 കോടി ഒരു ലക്ഷം രൂപ വീടുകളുടെ കേടുപാടുകൾ തീർക്കാൻ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 75 മുതൽ 100% വരെ കേടുപാടുകൾ വന്ന വീടുകൾക്ക് പുനർനിർമ്മാണത്തിന് മൂന്ന് ഘട്ടമായാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. വീടുനിർമ്മാണത്തിന്റെ പുരോഗതി സാവധാനത്തിലാകുന്ന സാഹചര്യത്തിൽ അവസാന ഗഡുക്കൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. 2018-ലെ പ്രളയത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങൾ കാരണം 1420 ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച കുറവുകൾ, ബാങ്ക് അക്കൗണ്ട് നിരസിച്ചവ തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ 2019-ലെ പ്രളയത്തിൽ 3346 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പണം നൽകാൻ സാധിച്ചിട്ടില്ല. 2018-ലെ പ്രളയത്തിൽ താലൂക്ക് മുഖാന്തരവും കളക്ടറേറ്റ് മുഖാന്തരവുമാണ് പ്രളയദുരിതാശ്വാസം നൽകിയത്. 2019-ൽ ഇത് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരമാണ് നൽകിയത്. പ്രളയ ദുരിതാശ്വാസം ലഭിക്കാൻ ബാക്കിയുള്ളവർക്ക് അടിയന്തരമായി ധനസഹായം കൊടുത്തുതീർക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. 2020-ലെ പ്രളയത്തിൽ താലൂക്കുതലത്തിൽ വികേന്ദ്രീകരിച്ച് ധനസഹായം ലഭ്യമാക്കുന്നത് വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എറണാകുളത്തെ പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കോടതി ജാമ്യം നൽകിയിട്ടുണ്ട്, ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ട് ലഭ്യമാകാനുണ്ട്. കേസ് I-ൽ ചാർജ് ഷീറ്റ് റെഡിയാണ്. രണ്ടാമത്തെ കേസിൽ പ്രതിയായ വിഷ്ണുപ്രസാദ് ഇപ്പോഴും ജയിലിലാണ്. ഈ കേസ് സർക്കാർ സംവിധാനം ഉപയോഗിച്ച് കണ്ടുപിടിച്ച്

ചാർജ് ചെയ്യുതാണ്. ഇത്തരം കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും സർക്കാർ ചെയ്യുന്നതല്ല. നേരത്തേയുള്ള ചില പ്രശ്നങ്ങൾ ഇവിടെ ചിലർ ഉന്നയിക്കുകയുണ്ടായി. സുനാമി ദുരന്തകാലത്തൊക്കെയുണ്ടായ പ്രശ്നങ്ങളെപ്പറ്റി അന്ന് ചർച്ച വന്നപ്പോൾ ഒരു അന്വേഷണത്തിന്റെയും ആവശ്യമില്ല എന്നായിരുന്നു നിങ്ങൾ നിലപാടെടുത്തതെന്ന് ഓർക്കണം, ആ നിലപാടല്ല ഞങ്ങൾക്കുള്ളത്. ഇത് ഓർമ്മിപ്പിക്കുവാൻ വേണ്ടി ഞാൻ പറഞ്ഞുവെന്ന് മാത്രം. അതേസമയം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സംബന്ധിച്ച് ചില പരാമർശങ്ങളുണ്ടായി. 2018-ലെ മഹാപ്രളയത്തിനുശേഷം നവകേരള നിർമ്മിതി എന്ന ആശയം മുന്നോട്ടുവച്ച് നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചത്. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമായിരുന്നു അതെന്ന് നമുക്കറിയാം. അത് സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം കണക്കുകളുടെ അടിസ്ഥാനത്തിൽ അനുമാനം നടത്താൻ പല മേഖലകളിലെയും വിദഗ്ദ്ധർ അടങ്ങിയ സമിതി പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (PDNA) റിപ്പോർട്ട് സമർപ്പിച്ചു. മഹാപ്രളയത്തിന്റെ അനന്തരഫലമായി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 31,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് സമിതി കണക്കാക്കിയത്. ഇത് മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 4 ശതമാനത്തോളം വരും. പ്രളയാഘാതം താങ്ങാൻ ശേഷിയുള്ള ഒരു പുനർനിർമ്മിതിയാണ് ലക്ഷ്യമിട്ടത്. ലോകബാങ്ക് അടക്കമുള്ള അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ കേരളത്തിന് കുറഞ്ഞ പലിശനിരക്കിൽ ഒരു വികസന പങ്കാളി എന്ന നിലയിൽ വായ്പ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടുവന്നു. 1700 കോടി രൂപയുടെ വായ്പ ലഭ്യമായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലെ പദ്ധതികൾ നടപ്പിലാക്കാൻ ഉപദേശക സമിതിയും ഇംപ്ലിമെന്റേഷൻ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 5779 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആഗസ്റ്റ് 6-ാം തീയതി ചേർന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയുടെ യോഗത്തിൽ 1133 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി. ഇതിനകം 2354 കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രളയാഘാതശേഷി താങ്ങുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേ, പ്രളയക്കെടുതിയിൽ സാരമായ കേടുപാടുകൾ പറ്റിയ 31 PWD റോഡുകൾ, വയനാട്ടിലെ അമ്പലവയൽ പച്ചക്കറി-പുഷ്പകൃഷിക്കുള്ള മികവുകേന്ദ്രങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അഞ്ച് പാലങ്ങൾ എന്നിവയാണ് ആർ.കെ.ഐ. അംഗീകരിച്ച പദ്ധതികൾ. മറ്റുചില പദ്ധതികളുടെ കാര്യങ്ങളും അതിന്റെ പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. വയനാട് തുരങ്കപാതയുമായി ബന്ധപ്പെട്ട പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

ഇലക്ട്രിക് വെഹിക്കിൾ നയത്തിന്റെ അടിസ്ഥാനശില പരിസ്ഥിതിയുടെയും അന്തരീക്ഷത്തിന്റെയും മലിനീകരണം ലഘൂകരിക്കുക എന്നതാണ്. ഇതുസംബന്ധിച്ച് നീതി ആയോഗ് പ്രസിദ്ധീകരിച്ച നയരേഖയിൽ പറയുന്നത്, ഇന്ത്യയിൽ ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ 2030 ആകുമ്പോൾ 2005-ലെ അളവിൽനിന്നും 35% കുറയ്ക്കാനാകണമെന്നാണ്. പാരമ്പര്യേതര മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉത്പാദനത്തിന്റെ 40% കൈവരിക്കണമെന്നും ലക്ഷ്യമിടുന്നു. കേരളം ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ്. നഗരവത്ക്കരണം വളരെ വേഗത്തിലാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വാഹനങ്ങളുടെ ഉപഭോഗവും ഉയർന്ന നിലയിലാണ്. പരമ്പരാഗത ഇന്ധനങ്ങളുമായി ഇവയെല്ലാം നിരത്തിലിറങ്ങുമ്പോൾ നമ്മൾ ശ്വസിക്കുന്ന വായുവിന്റെ ഗുണമേന്മയിൽ കുറവുണ്ടാകും. അതുകൊണ്ടുതന്നെ ക്ലീൻ എനർജി ഉപയോഗിക്കുന്ന വാഹനങ്ങൾ നിരത്തിലിറങ്ങേണ്ടതുണ്ട്. പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്തി സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണ വും ഗണ്യമായി കുറയ്ക്കാൻ ഇടപെടുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയിരുന്നു. വൈദ്യുതി ബാറ്ററികൊണ്ട് ഓടുന്ന വാഹനങ്ങൾ പ്രചാരത്തിൽ വരുന്നത് ഇതിന്റെ ഭാഗമായാണ്. കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ഹൈവേ മന്ത്രാലയവും ഇലക്ട്രിക് വെഹിക്കിൾ നയം നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ പൊതുനയത്തിന്റെ ഭാഗമായാണ് ഇലക്ട്രിക് വെഹിക്കിൾ നയം സംസ്ഥാനത്ത് നടപ്പാക്കാൻ എൽ.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്തത്. ഘട്ടംഘട്ടമായി കേരളത്തിലെ പൊതുവാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതാണ് ഇ-വെഹിക്കിൾ പോളിസി. കേന്ദ്രസർക്കാരിന്റെ പ്രതിനിധി കൂടി ഉൾപ്പെടുന്ന ഉന്നതതല സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ഇ-വെഹിക്കിൾ നയം മന്ത്രിസഭ അംഗീകരിച്ചത്. ഇതനുസരിച്ച് 2025 -നകം 3000 ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കുകയാണ് ലക്ഷ്യം .ഇലക്ട്രിക് വാഹനങ്ങളുടെ വില ഉപഭോക്താക്കൾക്ക് താങ്ങാകുന്നതാക്കുക എന്നത് ഈ നയത്തിന്റെ ഭാഗമാണ്. ഇതിന് ബാറ്ററി ഒരു പ്രധാന ഘടകമാണ്. ലിഥിയം ടൈറ്റാനെറ്റ് ബാറ്ററികളുടെ ഉത്പാദനം ആരംഭിക്കാനുള്ള നടപടികളും ഈ നയപ്രകാരം സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് തോഷിബ കമ്പനിയുടെ നിക്ഷേപം കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തിവരുന്നത്. ഇ-വെഹിക്കിൾ നിർമ്മാണം ഇവിടെ ആരംഭിക്കണമെങ്കിൽ സാങ്കേതികമായി മുന്നിൽ നിൽക്കുന്ന വൻകിട കമ്പനികളുടെ പങ്കാളിത്തം പല കമ്പനികളുമായും ബന്ധപ്പെട്ട് ആവശ്യമാണ്. തുടർന്നാണ് പ്രവാസി മലയാളികളുടെ കൂടി പ്രേരണയിൽ സ്വിറ്റ്സർലാൻഡിലെ

'ഹെസ്' കമ്പനി കേരളത്തിൽ മുതൽമുടക്കാൻ താത്പര്യം പ്രകടിപ്പിച്ചത്. വിശദമായ ചർച്ചകൾക്കുശേഷം 'ഹെസ്' കരട് ധാരണാപത്രം തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിച്ചു. കൊച്ചിയിൽ നടന്ന ഇ-വേൾഡ് സമ്മിറ്റിൽ ഇതിന്റെ കരട് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡും 'ഹെസ്' പ്രതിനിധിയും കൈമാറുകയുണ്ടായി. എന്നാൽ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. 51% ഹെസിനും 49% KAL (Kerala Automobiles Limited)-നും ഓഹരിയുള്ള സംയുക്ത സംരംഭം വഴി ഇലക്ട്രിക് ബസ്സുകൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വലിയൊരു അഴിമതിയുടെ കളമൊരുങ്ങുന്ന കാര്യമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിന് ഞങ്ങൾ എതിരല്ലെന്ന് സൂചിപ്പിച്ചല്ലോ. പക്ഷേ, ക്യാബിനറ്റ് അറിയാതെ, ധനകാര്യ വകുപ്പുമന്ത്രി അറിയാതെ, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അറിയാതെ കേരളത്തിൽ ആറായിരം കോടി രൂപ മുടക്കി 3000 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്ന പദ്ധതിക്ക് ഹെസ്സുമായി ധാരണാപത്രം അല്ലെങ്കിൽ അതിന്റെ കരടെങ്കിലും ഒപ്പിട്ടു. ഇക്കാര്യം ഈ മന്ത്രിസഭയിലെ ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ; ധനകാര്യ വകുപ്പുമന്ത്രിയുടെ അനുവാദത്തോടുകൂടി ഫിനാൻസ് സെക്രട്ടറി എഴുതിയത് അങ്ങ് ഓവർറൂൾ ചെയ്തില്ലേ? അങ്ങേയ്ക്ക് അതിന് അധികാരമുണ്ട്, പക്ഷേ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ചീഫ് സെക്രട്ടറിയുടെ ഉത്തരവുണ്ട്. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് വലിയൊരു അഴിമതിക്ക് കളമൊരുങ്ങുന്നു എന്നുള്ള വസ്തുത നിഷേധിക്കാൻ കഴിയില്ല. ഞങ്ങളാരും ഗ്രീൻ പ്രോട്ടോകോളിനെതിരല്ല. പക്ഷേ, ആരാണ് ഹെസിനെ തെരഞ്ഞെടുത്തത്? എങ്ങനെ വന്നു; ഗ്ലോബൽ ടെണ്ടർ വിളിച്ചോ; ഹെസ് എന്ന് പറയുന്നത് ആരാണ്? അവിടെയാണ് അവതാരങ്ങൾ കാണുന്നത്. ഇത് അങ്ങ് ഗൗരവമായി കാണാത്ത കാര്യമാണ്. ഒരു കാര്യം ഞാൻ അങ്ങയോട് പറയാനാഗ്രഹിക്കുന്നു, ഈ പദ്ധതി കേരളത്തിൽ ഇന്നത്തെ നിലയിൽ നടപ്പാക്കാനാണ് ലക്ഷ്യമെങ്കിൽ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും അതിശക്തമായ നിഴലായിരിക്കും ഇതിലും ഉണ്ടാകാൻ പോകുന്നത്. ഒന്നുകിൽ അങ്ങ് ഇത് അറിയുന്നില്ല, അല്ലെങ്കിൽ ഇതിന്റെ ഫയൽ ഒറിജിനേറ്റ് ചെയ്തത് എം. ശിവശങ്കറിന്റെ കയ്യിൽ നിന്നായിരുന്നു, ഐ.ടി. ഡിപ്പാർട്ട്മെന്റിൽ നിന്നായിരുന്നു. ഐ.ടി. ഡിപ്പാർട്ട്മെന്റിലെ എം. ശിവശങ്കറിന്റെ കയ്യിൽ നിന്നും ഒറിജിനേറ്റ് ചെയ്ത്, ഹെസ് എന്ന കമ്പനിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ഹനിക്കുന്ന ഒരു വലിയ വ്യവസായ കച്ചവടവും അഴിമതിയുമാണ് നടക്കുന്നതെന്ന് ഞാൻ ആവർത്തിക്കുന്നു. ഞാൻ അങ്ങയെ ജാഗരൂകനാക്കുന്നു. അങ്ങ് എല്ലാറ്റിനും മറുപടി പറഞ്ഞിട്ട് ഇതിന് മറുപടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

8.00 PM]

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ മറുപടി പറഞ്ഞുകൊണ്ടിരുന്നപ്പോഴാണ് അങ്ങ് പറഞ്ഞത്. ഞാൻ പറഞ്ഞുതീർന്നിട്ടില്ല. ഞാൻ പറഞ്ഞ ഒരു കാര്യം അങ്ങ് ശ്രദ്ധിച്ചില്ല. കൊച്ചിയിൽ നടന്ന ഇ-വേൾഡ് സബ്മിറ്റിൽ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡും ഹെസ് പ്രതിനിധിയും ധാരണാപത്രത്തിന്റെ കരട് കൈമാറുകയുണ്ടായി. എന്നാൽ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. 51 ശതമാനം ഹെസ്സിനും 49 ശതമാനം കെ.എ.എൽ.-നും ഓഹരിയുള്ള സംയുക്ത സംരംഭം വഴി ഇലക്ട്രിക് ബസ്സുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ കാര്യത്തിലും ഉന്നയിക്കപ്പെടുന്ന ചില ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഫയലുകളിലെ ചില കുറിപ്പുകൾമാത്രം ഉദ്ധരിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള ആരോപണങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പൊതുമണ്ഡലത്തിൽ ഉന്നയിച്ചത്. ഇലക്ട്രിക് വെഹിക്കിൾ നയത്തിന് മൂന്ന് പ്രധാന ഭാഗങ്ങളുണ്ട്. ബസ് പോർട്ട്, ലോജിസ്റ്റിക് പോർട്ട്, ഇ-മൊബിലിറ്റി. ഇക്കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ട് 13-8-2019-ൽ ഗതാഗതവകുപ്പ് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കാൻ കെ.പി.എം.ജി.-, പ്രൈസ്‌വാട്ടർഹൗസ് കൂപ്പർ പ്രൈവറ്റ് ലിമിറ്റഡ്, ഏണസ്റ്റ് ആൻഡ് യംഗ് എന്നീ മൂന്ന് കൺസൾട്ടന്റുകളെയാണ് തെരഞ്ഞെടുത്തത്. NICSI (National Informatics Centre Services Incorporated)-യുടെ അംഗീകൃത പാനലിൽ നിന്നുള്ള കൺസൾട്ടന്റുകൾക്ക് പ്രസന്റേഷൻ നടത്താൻ അവസരം നൽകുകയും അത് നടത്തിയ മൂന്ന് കൺസൾട്ടന്റുകൾക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള കൺസൾട്ടൻസി നൽകുകയും ചെയ്തു. ബസ് പോർട്ടിനായി മൂന്ന് കൺസൾട്ടന്റിനും ലോജിസ്റ്റിക് പോർട്ടിനും ഇ-മൊബിലിറ്റിക്കുമായി പി.ഡബ്ല്യു.സി-ക്കുമാണ് കരാർ നൽകിയത്. അന്താരാഷ്ട്ര ഇലക്ട്രിക് ബസ് നിർമ്മാണ കമ്പനിയായ ഹെസ് കേരളത്തിൽ പൊതുമേഖലാ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡുമായി സഹകരിച്ച് നിക്ഷേപം നടത്താൻ മുന്നോട്ടുവന്നു. ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല. ധാരണാപത്രം ധനകാര്യ വകുപ്പിന്റെയും നിയമവകുപ്പിന്റെയും വിശദ പരിശോധനകൾക്ക് വിധേയമായി സമർപ്പിക്കണമെന്ന് ഫയലിൽ ചീഫ് സെക്രട്ടറിക്ക് വ്യക്തമായ നിർദ്ദേശം നൽകിയത് മുഖ്യമന്ത്രിയാണ്. സുതാര്യമായ പരിശോധനകൾ നടക്കുന്ന കാര്യത്തിൽ അനാവശ്യ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. ഹെസ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വിസ് ചലഞ്ച് മാതൃകയിൽ മറ്റാർക്കെങ്കിലും ഇതിനെക്കാൾ മെച്ചപ്പെട്ടരീതിയിൽ നൽകാൻ കഴിയുമോയെന്ന്

പരസ്യത്തിലൂടെ ആരായുകയും ചെയ്തു. എന്നാൽ ആരും മുന്നോട്ടുവന്നിട്ടില്ല. കേരളത്തിന്റെ പരിസ്ഥിതിക്ക് ഇണങ്ങുന്ന ഇലക്ട്രിക് വെഹിക്കിൾ നയത്തിനെ അഴിമതിയുടെ പേരിൽ വിമർശിക്കുന്നത് സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടിയാണെന്നുള്ളത് വ്യക്തമാണ്. ഭാവികേരളം അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നായി മാറണമെന്നുള്ള ഉദ്ദേശ്യത്തിന്റെ ഭാഗമാണ് ഇ-വെഹിക്കിൾ നയം.

ശ്രീ. വി. ഡി. സതീശൻ: സർ, കൺസൾട്ടൻസിയെ നിയമിച്ചത് സമ്മതിച്ചു, കൺസൾട്ടൻസിയെ പിന്നീടാണ് നിയമിച്ചത്. സ്വിറ്റ്സർലന്റിൽനിന്നും ഹെസ് എന്ന കമ്പനി എങ്ങനെയാണ് കേരളത്തിലേയ്ക്ക് വന്നത്; സർക്കാർ ഏത് ധാരണയിലാണ് ഒരു പുതിയ കമ്പനിയെ കൊണ്ടുവന്നത്? കോംപറ്റിറ്റീവ് ബിഡ്ഡിംഗില്ലാതെ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാതെ, ഗ്ലോബൽ ടെണ്ടർ വിളിക്കാതെ, ഒരു സ്വിസ് ചലഞ്ചുമില്ലാതെ നേരിട്ട് ഒരു കമ്പനി വരികയാണ്. ശ്രീ. റെജി ലൂക്കോസ് എന്നയാൾ പറഞ്ഞത്, അയാൾ സ്വിറ്റ്സർലന്റിൽ ചെന്നപ്പോൾ പരിചയമുള്ള ഒരു എം.എൽ.എ. സൂസൻ എന്ന മലയാളിയെ കണ്ടുവെന്നും അവരുമായി ഈ സ്ഥാപനം സന്ദർശിച്ചുവെന്നും സ്ഥാപനം കണ്ടപ്പോൾ നല്ല രീതിയിൽ ബസ് നിർമ്മിക്കുന്ന കമ്പനിയാണെന്ന് മനസ്സിലായതിനാൽ അവരെയും കൂട്ടി വന്ന് കേരളത്തിന് അവരെ പരിചയപ്പെടുത്തിക്കൊടുത്തു എന്നുമാണ്. ശ്രീ. റെജി ലൂക്കോസ് എന്നയാൾ ചാനൽ ചർച്ചകളിൽ എൽ.ഡി.എഫ്-നുവേണ്ടി സംസാരിക്കുന്ന വ്യക്തിയാണ്. ആരാണ് റെജി ലൂക്കോസ്? എങ്ങനെയാണ് ഹെസ് എന്ന കമ്പനി കേരളത്തിലേയ്ക്ക് വന്നത്; ഇതാണ് ഞങ്ങൾ ഉയർത്തിയ ചോദ്യം. ഏതെങ്കിലുമൊരു പ്രൊസീഡ്യുവറിൽ കൂടിയാണോ സ്വിസ് കമ്പനി വന്നതെന്നതാണ് ഞങ്ങളുടെ പ്രധാന ചോദ്യം. മാത്രമല്ല, കൺസൾട്ടന്റ്സിനെ വയ്ക്കുന്നത് പിന്നീടാണ്. കൺസൾട്ടന്റ്സിന്റെ യോഗത്തിലും ഹെസ് കമ്പനി പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഹെസ്സിനെ എങ്ങനെയാണ് യോഗത്തിൽ പങ്കെടുപ്പിക്കുന്നത്? നേരത്തെ തന്നെ ധനകാര്യ വകുപ്പും ചീഫ് സെക്രട്ടറിയും ഫയലിൽ ഇതിനെതിരായി എഴുതിയിട്ടുണ്ട്; ആ ഫയൽ ഞങ്ങൾ കൊണ്ടുവന്നു; അതല്ലേ സത്യം?

ശ്രീ. പിണറായി വിജയൻ: സർ, നമ്മൾ ഒരു നിക്ഷേപ സംഗമം നടത്തിയിരുന്നു, അതിലാണ് ധാരണാപത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തത്. എന്നാൽ ധാരണാപത്രം ഇപ്പോഴും ഒപ്പിട്ടിട്ടില്ല. പരസ്യം ചെയ്തിട്ടും മറ്റാരും പ്രോജക്ട് ഏറ്റെടുക്കാൻ വന്നിട്ടില്ല എന്നതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ കമ്പനിക്ക് കൊടുക്കാൻവേണ്ടി ഇവർക്ക് താൽപ്പര്യമുള്ള രീതിയിൽ അത് ഷെയ്പ്പ് ചെയ്തെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ആരും പ്രോജക്റ്റ് ഏറ്റെടുക്കാൻ വരാത്തത്. വളരെ ഗുരുതരമായ അഴിമതി തന്നെയാണിത്. മാത്രമല്ല, PWC, Ernst & Young Global Limited, KPMG തുടങ്ങിയ കൺസൾട്ടൻസികളെ നിയമിക്കാൻ ആരാണ് നിർദ്ദേശം കൊടുത്തത്; യോഗത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ നിർദ്ദേശം കൊടുത്തത്? ഗ്ലോബൽ ടെണ്ടർ വിളിക്കുകയോ നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. ഇതെങ്ങനെയാണ് സംഭവിച്ചത്? മാത്രമല്ല, ഹെസ് എന്ന കമ്പനിയുടെ ഉദ്യോഗസ്ഥർ വിവിധ യോഗങ്ങളിൽ പങ്കെടുക്കുകയും അവർക്ക് കൊടുക്കുകയും ചെയ്തു. ചീഫ് സെക്രട്ടറിയും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുംകൂടി എഴുതിയതിനുശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ച് തീരുമാനിച്ചുകൊടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഫയൽ മുഴുവൻ ഞങ്ങളുടെ കൈവശമുണ്ട്. വലിയൊരു അഴിമതിക്ക് കളമൊരുങ്ങുകയാണ്. PWC ആണ് സെക്രട്ടേറിയറ്റിൽ ഓഫീസ് തുടങ്ങണമെന്ന് പറഞ്ഞത്. PWC-യുടെ ഓഫീസ് സെക്രട്ടേറിയറ്റിൽ തുടങ്ങണമെന്ന് ശിപാർശ ചെയ്തു ട്രാൻസ്പോർട്ട് വകുപ്പുസെക്രട്ടറിയുടെ തല പരിശോധിക്കേണ്ടതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് അക്കാര്യം ഞങ്ങൾ അംഗീകരിച്ചില്ലല്ലോ എന്നാണ്. പക്ഷേ, ഗൗരവതരമായ പ്രശ്നമല്ലേ; സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥനും ഒരു കഴിവുമില്ലെന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. ഇവരെ ഒന്നിനും കൊള്ളില്ല, അതുകൊണ്ട് ഞങ്ങൾ PWC-യുടെ ഒരു ഓഫീസ് ഇവിടെ തുടങ്ങണമെന്ന് എഴുതിവച്ചിരിക്കുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റിലും കരാർ നിയമനങ്ങളാണ് നടത്തുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസിൽ മൂന്നുനാലുപേർ ഇരിക്കുന്നുണ്ട്. ഇവരെല്ലാം എവിടെ നിന്നാണ് വരുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. നിക്ഷേപം നടത്താൻ വരുന്നവരെ ആട്ടിപ്പായിക്കുന്ന സമീപനം സ്വീകരിക്കരുത്. ഇലക്ട്രിക് ബസ്സിന്റെ കാര്യംതന്നെ ആയിക്കോട്ടെ, അല്ലെങ്കിൽ മറ്റ് വാഹനങ്ങളായിക്കോട്ടെ, ഏത് കമ്പനിയാണ് ഇവിടെ ഇലക്ട്രിക് വാഹനങ്ങൾ ഉല്പാദിപ്പിക്കുന്നത്; സംസ്ഥാനത്ത് വാഹനങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾ എത്രയാണുള്ളത്? കേരളത്തിലെ കമ്പനികളുടെ കാര്യമാണ് ഞാൻ ചോദിക്കുന്നത്. നമ്മൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറുമ്പോൾ സാധാണഗതിയിൽ പ്രധാനപ്പെട്ട കമ്പനികളിൽനിന്നും വാഹനം വാങ്ങുകയാണ് ചെയ്യുന്നത്. അതാണ് നമ്മൾ സാധാരണ സ്വീകരിക്കുന്ന സമ്പ്രദായം. ഏതെങ്കിലുമൊരു കമ്പനി നമ്മുടെ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായി വരുന്നുണ്ടെങ്കിൽ അതിനെ

തടയേണ്ട കാര്യമെന്താണ്; നിക്ഷേപം നടത്തുന്നത് നമ്മുടെ നാടിന് ഗുണകരമല്ലേ; കാരണം, എല്ലാ തൊഴിലാളികളും അവിടെനിന്നല്ലല്ലോ വരുന്നത്. കുറെപ്പേർ ഇവിടെ നിന്നുമുണ്ടാകും. ചില പ്രധാനികൾ മാത്രമല്ലേ അവരുടെ ഭാഗത്തുനിന്നും ഉണ്ടാകൂ. നമ്മുടെ നാട്ടിലല്ലേ ഉല്പാദനം നടത്തുന്നത്. ഈയൊരു വശം നമ്മൾ കാണണ്ടേ; അപ്പോൾ എല്ലാറ്റിനെയും മറ്റൊരു കണ്ണിലൂടെ കാണുമ്പോഴാണ് ഈയൊരു പ്രശ്നം വരുന്നത്. നിക്ഷേപത്തിന് തയ്യാറായിവരുന്ന ഒരു കമ്പനിയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമല്ലേ സാധാരണഗതിയിൽ നമ്മൾ സ്വീകരിക്കേണ്ടത്; ഇതാണ് നാം ആലോചിക്കേണ്ട ഒരു കാര്യം. പിന്നെ സ്വിസ് ചലഞ്ച് തന്നെ സുതാര്യതയാണ്. അത് സുതാര്യമായി നടപ്പാക്കുന്ന രീതിയാണ് വന്നിട്ടുള്ളത്. കൺസൾട്ടന്റുകളെ നിശ്ചയിച്ചത് സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. NICSI എംപാനൽഡ് ഏജൻസിയാണ്. അവരെയാണ് നമ്മൾ നിശ്ചയിച്ചത്. യഥാർത്ഥത്തിൽ അതിലൊന്നും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉണ്ടാകേണ്ട കാര്യമില്ല. നമ്മുടെ നാട്ടിൽ നടക്കേണ്ട ഒരു കാര്യം എന്ന രീതിയിൽ കണ്ടാൽ മതി. നമ്മുടെ നാടിന്റെ ഏതെങ്കിലും താത്പര്യം ബലികഴിക്കുന്നുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, നാടിന്റെ താത്പര്യം ഏത് കാര്യത്തിലാണ് ബലി കഴിക്കുന്നത്; ഇതല്ലേ നമ്മൾ നോക്കേണ്ട കാര്യം. ഏതായാലും അതുമായി ബന്ധപ്പെട്ട് ഇതാണ് ഇപ്പോഴുള്ള അവസ്ഥ എന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി വികസനം പ്രധാനമായി കാണേണ്ട ഒരു കാര്യമാണ്. അതിൽ കൂടുതൽ ഡെവലപ്മെന്റുണ്ടായതാണ് ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. The National Industrial Corridor Development and Implementation Trust (NICDIT) ആഗസ്റ്റ് 19-ന് കൊച്ചി ഗ്ലോബൽ സിറ്റിയെ കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ Early Bird Project ആക്കി അംഗീകാരം നൽകിയിട്ടുണ്ട്. അത് നമുക്കൊരു മുന്നേറ്റം ഉണ്ടാക്കുന്ന കാര്യമാണ്. ഈ പ്രോജക്ട് നടപ്പിൽവരുമ്പോൾ 1600 കോടി രൂപയുടെ ബഹുമുഖ പശ്ചാത്തല സൗകര്യവികസനത്തിന് വഴിയൊരുങ്ങും. ഇതിനുപുറമെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള 18,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനം പത്തുവർഷക്കാലയളവിൽ സാധ്യമാകും. ഇതുവഴി 1,20,000 പ്രത്യക്ഷവും 3,60,000 പരോക്ഷവുമായ തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടും. ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ ചലനമുണ്ടാക്കാനാണ് പോകുന്നത്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 540 കോടി രൂപ മതിപ്പുവിലയുള്ള ഭൂമി ഏറ്റെടുത്ത് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ഈ പ്രോജക്ടിലെ സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും. മാസ്റ്റർ പ്ലാനിംഗ് ഏജൻസി 2020 സെപ്റ്റംബർ 7 മുതൽ പ്രവർത്തനമാരംഭിക്കും. മാസ്റ്റർപ്ലാനും ഭൂമി ഏറ്റെടുക്കലും 2021 ഫെബ്രുവരി 21-നകം പൂർത്തിയാകും.

വിഴിഞ്ഞം തുറമുഖ വികസനത്തിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിലെ ഗതാഗതം വലിയതോതിൽ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഒരു മെട്രോപൊളിറ്റൻ നഗരത്തിന് അനുസൃതമായ ഗതാഗതസംവിധാനം നഗരത്തിന് ആവശ്യമായി വരും. ഇക്കാര്യത്തിലുണ്ടാകാനിടയുള്ള ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. വിഴിഞ്ഞം - നാവായിക്കുളം 64.954 കിലോമീറ്ററും ഇതിൽനിന്നും തേക്കട - മംഗലപുരം ലിങ്ക് റോഡ് 13.940 കിലോമീറ്ററും ദേശീയപാതയുമായി കണക്ട് ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ പദ്ധതിയുടെ ചെലവ് 8200 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അനുബന്ധ പ്രദേശങ്ങളിൽ വൻവികസനം സാധ്യമാകും. ഇപ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുവശങ്ങളിലെ വികസനം പുതിയ ടൗൺഷിപ്പുകൾ നിലവിൽ വരുന്ന സ്ഥിതിയുണ്ടാക്കും. തിരുവനന്തപുരം നഗരത്തെ ഒരു പ്രത്യേക നിക്ഷേപപ്രദേശമായി ഇത് മാറ്റുന്ന സ്ഥിതിയാണുണ്ടാക്കുക. ഇതിന്റെ ഭാഗമായി വലിയ മാറ്റം ഉണ്ടാക്കുന്ന പദ്ധതിയാണ്. അതിന്റെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

കൺസൾട്ടൻസികളെക്കുറിച്ച് നല്ല രീതിയിൽ ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. വൻകിട പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഹ്രസ്വകാലയളവുകളിലേയ്ക്ക് കൺസൾട്ടൻസി നൽകേണ്ടത് അനിവാര്യമായി വരും. വൻകിട പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നത് നമ്മുടെ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അത്യാവശ്യമാണ്. ഇവയ്ക്കായി വലിയ തോതിൽ സാമ്പത്തികസഹായം ആവശ്യമായി വരും. ഇതിന് ദേശീയ അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സമയബന്ധിതമായി വായ്പ ലഭ്യമാക്കേണ്ടതുണ്ട്. അതിന് വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധർ അടങ്ങുന്ന കൺസൾട്ടൻസികളുടെ സേവനം ലോകത്തെമ്പാടും വിനിയോഗിക്കപ്പെടുന്നുണ്ട്. കൺസൾട്ടൻസിയും ധനസഹായവും എത്ര ഫലപ്രദമായി സർക്കാരിന് ഉപയോഗിക്കാൻ കഴിയുന്നുവെന്നതാണ് വിലയിരുത്തപ്പെടേണ്ടത്. എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയാൽ സർക്കാരിന്റെ ഇച്ഛാശക്തി ആർക്കും വ്യക്തമാകും. കൺസൾട്ടൻസികൾക്ക് കരാർ നൽകിയത് ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണെന്നും യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഇത്തരം കൺസൾട്ടൻസികൾ നൽകിയിട്ടില്ലെന്നും വാർത്താസമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി.

ഇതിനൊരപവാദമായി നിൽക്കുന്നത് കൊച്ചി മെട്രോയ്ക്കായി ഡി.എം.ആർ.സി.-യെ നിയമിച്ചത് മാത്രമാണെന്നാണ് അദ്ദേഹം പറഞ്ഞത്. വസ്തുതകൾ പരിശോധിച്ചാൽ വെളിവാകുന്ന ഉദാഹരണങ്ങളിൽ ചിലതെങ്കിലും എടുത്തുപറയാൻ ഞാൻ ഉദ്ദേശിക്കുന്നു. 2011-2016 കാലയളവിൽ യു.ഡി.എഫ്. സർക്കാർ നൽകിയ കൺസൾട്ടൻസികൾ ഏതൊക്കെയെന്ന് പറയാം. 2014-ൽ നോളഡ്ജ് സിറ്റിയുടെ കൺസൾട്ടന്റായി M/s Accenture Services Private Limited എന്ന സ്ഥാപനത്തെ നിയമിച്ചു. ഫീസായി 25 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു. അതിന്റെ ജി.ഒ. നമ്പർ എന്റെ കയ്യിലുണ്ട്. വിവിധ അവസരങ്ങളിൽ നിയമസഭയിൽ ഉയർന്ന ചോദ്യങ്ങൾക്ക് മറുപടിയായി കൺസൾട്ടൻസി നിയമനത്തെ സംബന്ധിച്ച വിശദാംശങ്ങൾ സഭാരേഖകളിലുണ്ട്. ചില കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. 22-7-2015-ൽ 451-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന്റെ മറുപടിയായി അന്ന് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിച്ച ശ്രീ. രമേശ് ചെന്നിത്തല പോലീസ് ഡിപ്പാർട്ട്മെന്റിലെ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം പദ്ധതിക്കായി ടാറ്റാ കൺസൾട്ടൻസി സർവ്വീസസിനെ കൺസൾട്ടന്റായി നിയമിച്ചിരുന്നു. 40 കോടി 38 ലക്ഷം രൂപയാണ് കൺസൾട്ടൻസി ഫീസായി 3-1-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. 2-3-2015-ലെ 279-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ പറഞ്ഞത് ജെൻഡർ പാർക്കിന്റെ കൺസൾട്ടന്റായി Space Art എന്ന സ്ഥാപനത്തെ നിയമിച്ചുവെന്നാണ്. 1-12-2014-ൽ നക്ഷത്രചിഹ്നമിടാത്ത 19-ാം നമ്പർ ചോദ്യത്തിന് മറുപടിയായി തുറമുഖ വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പറഞ്ഞത് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പിനായി Deloitte എന്ന കൺസൾട്ടൻസി സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടെന്നാണ്. 30-11-2015-ൽ നക്ഷത്രചിഹ്നമിടാത്ത 30-ാം നമ്പർ ചോദ്യത്തിന് അന്നത്തെ വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പറഞ്ഞത് കണ്ണൂർ വിമാനത്താവളത്തിന്റെ കൺസൾട്ടന്റായി AECOM Asia Company Limited എന്ന കമ്പനിയേയും അവരുടെ സാമ്പത്തിക പങ്കാളിയായ CRISIL-നെയും 2012-ൽ കൺസൾട്ടന്റായി നിയമിച്ചു എന്നാണ്. 30-11-2015-ൽ നക്ഷത്രചിഹ്നമിട്ട 25-ാം നമ്പർ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടിയിൽ പറഞ്ഞത് എയർ കേരള പദ്ധതിയുടെ കൺസൾട്ടന്റായി ഏണസ്റ്റ് ആൻഡ് യംഗ് എന്ന കമ്പനിയെ നിയമിച്ചുവെന്നാണ്. 10-2-2016-ൽ അന്നത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ മറുപടിയിൽ ജലനിധിയുടെ കൺസൾട്ടന്റായി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ്, ഇന്റർ കോർപ്പറേഷൻസ് സോഷ്യൽ ഡെവലപ്മെന്റ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളെ

കൺസൾട്ടന്റായി നിയമിച്ചുവെന്നാണ്. 28-1-2014-ൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പുറപ്പെടുവിച്ച ഉത്തരവിൽ പ്രൈസ്‌വാട്ടർഹൗസ് കൂപ്പേഴ്സ് ഇന്ത്യാ ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിച്ചു. കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി ചാർജ്ജുകളിൽനിന്നും ലഭ്യമാകാവുന്ന വരുമാനവും ആവശ്യമായ റവന്യൂ വരുമാനവും സംബന്ധിച്ച അനുമാനം നൽകുന്നതിനാണ് ഈ കൺസൾട്ടൻസി നൽകിയത്. ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ കൺസൾട്ടൻസികൾ സംബന്ധിച്ച് 11-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 8-2-2005-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 774-ന് അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടി പ്രസക്തമാണ്. എം.ജി.പി.-യുടെ ഭാഗമായി 36 കൺസൾട്ടന്റുകളെ നിയമിച്ചിട്ടുണ്ട്. Tata Consultancy Services (TCS), PricewaterhouseCoopers Pvt Ltd, A.F. Ferguson, CRISIL, ICRA, New Concept Information Systems Pvt Ltd, Centre for Socio-economic and Environmental Studies, Samaj Vikas, Planet Kerala, Ernst and Young Global Limited എന്നിവ ഇതിൽ ചിലതാണ്. ഈ പറഞ്ഞ ഉദാഹരണങ്ങൾ പൂർണ്ണമല്ല; എന്നാൽ വസ്തുതകളിലേയ്ക്ക് ഇവ വെളിച്ചം വീശുന്നുണ്ട്. ജനങ്ങളോട് സത്യം പറയാതെ എത്രകാലമാണ് വ്യാജപ്രചരണങ്ങൾ നടത്താൻ കഴിയുകയെന്നാണ് ആലോചിക്കേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത് കൺസൾട്ടൻസികളെ സംബന്ധിച്ചാണ്. ഞങ്ങൾ കൺസൾട്ടൻസികൾക്ക് എതിരല്ല. ഞാൻ എന്റെ എല്ലാ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണ്. ചില സാഹചര്യങ്ങളിൽ സാങ്കേതിക പരിജ്ഞാനം വേണ്ടിവരും. ഞങ്ങളാരും യോഗത്തിൽനിന്ന് രാജിവച്ച് ഇറങ്ങിപ്പോയില്ല. ഡോ. ടി. എം. തോമസ് ഐസക്കാണ് ഇറങ്ങിപ്പോയത്. ഇക്കാര്യങ്ങളിൽ നിങ്ങളുടെ നയമെന്താണ്? ബഹുരാഷ്ട്ര കുത്തകകളെയും അതോടൊപ്പംതന്നെ ഇതുപോലെയുള്ള കൺസൾട്ടൻസികളെയും കൊണ്ടുവരുന്ന നയം; ഇതിന് ടെണ്ടർ വേണ്ടേ? അങ്ങ് യോഗത്തിൽവച്ച് അവർക്ക് കൊടുത്തേയ്ക്ക്, ഇവർക്ക് കൊടുത്തേയ്ക്കെന്ന് പറയും, അത് ശരിയാണോ? ഇതിനൊക്കെ ട്രാൻസ്പരൻസി ഉണ്ടാകണ്ടേ, അതാണ് ഞങ്ങളുടെ പ്രശ്നം. Pricewaterhouse Coopers, Ernst and Young Global Limited, K.P.M.G. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതിന് ടെണ്ടർ നടപടികളുണ്ട്. എന്തുകൊണ്ട് അത് പാലിക്കുന്നില്ല? കൊച്ചിൻ-എടനാടി ടെണ്ടറുണ്ട്. ടെണ്ടർ കൊടുക്കാതെ സ്വീകരിക്കുന്ന നടപടിയിലാണ് അഴിമതി. അതുപോലെ വ്യാപകമായ തോതിൽ നിയമനങ്ങൾ നടത്തുന്നു. അവർ കരാർ നിയമനങ്ങൾ നടത്തുന്നു. ഇതൊന്നും ആരും അറിയുന്നില്ലെന്ന് പറയരുത്, ഈ അഴിമതിയാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞ കേന്ദ്രഗവൺമെന്റിന്റെ ഏജൻസിയുടെ എംപാനൽ ചെയ്ത ലിസ്റ്റിൽനിന്നെടുത്തു. അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു തന്നെയാണ് കാര്യങ്ങൾ വന്നിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. എൻ.ഐ.സി. എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നാണ് എടുത്തിരിക്കുന്നത്. അങ്ങനെ ഒരു ഗവൺമെന്റിന് എടുക്കാൻ കഴിയില്ല. അതിന് ലിമിറ്റഡ് ടെണ്ടർ വേണം. മാത്രമല്ല, ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ ഉൾപ്പടെയുള്ളവർ ചെയ്യുന്നരീതി അതാണ്. എൻ.ഐ.സി. ലിസ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷേ, ആ ലിസ്റ്റ് ചെയ്ത ആളുകളെ തെരഞ്ഞെടുക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ വേണം. മറ്റ് നടപടികൾ സ്വീകരിക്കണം. അങ്ങ് എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്ന് എനിക്കറിയില്ല. പ്രൈസ്വാട്ടർഹൗസ് കൂപ്പേഴ്സിന് കൊടുക്കുക, ഏണസ്റ്റ് ആൻഡ് യംഗ് ഗ്ലോബൽ ലിമിറ്റഡിന് കൊടുക്കുക ഈ നടപടികൾ തന്നെ തെറ്റാണ്. ഇത് പ്രൊസീഡ്യുവറൽ എററാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഏതായാലും കൺസൾട്ടൻസികൾ ചില കാര്യങ്ങൾക്ക് ആവശ്യമായി വരും. അതിനാവശ്യമായ കാര്യങ്ങളെല്ലാം പരിശോധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിത്തന്നെയാണ് ചെയ്യുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെതിരെ ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഖുർആൻ വിതരണം, പെരുന്നാൾ സക്കാത്ത് കിറ്റ് വിതരണം എന്നിവ സംബന്ധിച്ച് വലിയൊരു പുകമറ സൃഷ്ടിക്കാനാണ് ശ്രമം നടക്കുന്നത്. യഥാർത്ഥത്തിൽ അസ്വാഭാവികമായി ഒന്നും ഇതിലില്ല എന്നതാണ് സത്യം. ഇവിടെ നടന്നത് പ്രത്യേകതയുള്ള എന്തെങ്കിലും കാര്യവുമല്ല. യു.എ.ഇ. എംബസികളും കോൺസുലേറ്റുകളും റംസാനോടനുബന്ധിച്ച് ലോകത്തെ എല്ലാ രാജ്യങ്ങളിലും വിശ്വാസപരവും സാംസ്കാരികപരവുമായ ഉപചാരങ്ങൾ നിർവ്വഹിച്ചുവരാറുണ്ടെന്നാണ് പറയുന്നത്. ഇത് കേരളത്തിലും നടക്കാറുണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം കേരളത്തിൽ യഥാസമയം ഇക്കാര്യം ചെയ്യാൻ അവർക്ക് കഴിയാതെ വന്നു. ആ സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് തിരുവനന്തപുരത്തെ യു.എ.ഇ. കോൺസുലേറ്റിലെ കോൺസൽ ജനറൽ ബഹു. മന്ത്രി ഡോ. കെ. ടി. ജലീലിന് ഒരു സന്ദേശം കൊടുത്തു. എന്തുകൊണ്ടാണ് ബഹു. മന്ത്രി ഡോ. കെ. ടി ജലീലിനുതന്നെ സന്ദേശം അയച്ചതെന്നതാണ് ഒരു സംശയം വരുന്നത്. അദ്ദേഹമാണ് ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ടുതന്നെയായിരിക്കും ഇങ്ങനെ ചെയ്തത്. ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ബഹു. മന്ത്രി ഡോ. കെ. ടി. ജലീൽ ഇരിക്കെ

മറ്റാർക്കെങ്കിലുമാണ് ഇതുസംബന്ധിച്ച് സന്ദേശം യു.എ.ഇ.-യിൽ നിന്ന് ലഭിക്കുന്നതിലെങ്കിലല്ലേ അസ്വാഭാവികതയുണ്ടെന്ന് കണക്കാക്കേണ്ടതുള്ളൂ. ഭക്ഷണക്കിറ്റുകളും ഖുർആൻ പാക്കറ്റുകളുമുണ്ടെന്ന് അവർ അറിയിക്കുകയാണ്. കോൺസുലേറ്റ് തന്നെ നേരിട്ട് ഭക്ഷണക്കിറ്റുകൾ ഏർപ്പാട് ചെയ്യുകയും ബന്ധപ്പെട്ട സ്ഥാപനത്തിന് അവർതന്നെ പണം നേരിട്ട് നൽകുകയുമാണുണ്ടായത്. കോൺസുലേറ്റിന്റെ അഭ്യർത്ഥനപ്രകാരം കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം ബഹു.മന്ത്രി ഡോ. കെ. ടി. ജലീൽ നിർവ്വഹിച്ചു. ദുബായ് സർക്കാരിന്റെ കീഴിലുള്ള ചാരിറ്റി വകുപ്പിന്റെ സീലോടെയുള്ള ഖുർആൻ കോപ്പികളാണ് മതാചാരത്തിന്റെ ഭാഗമായി വിതരണം ചെയ്യാൻ കോൺസുലേറ്റ് ഏൽപ്പിച്ചിരുന്നത്. സി-ആപ്റ്റിൽനിന്ന് പുസ്തകങ്ങളുമായി പോകുന്ന വാഹനത്തിൽ ഈ ഗ്രന്ഥങ്ങളും കയറ്റി മലപ്പുറം ജില്ലയിലെ രണ്ട് സ്ഥാപനങ്ങളിൽ എത്തിച്ചു. അതിന്റെ പേരിൽ ഒരു രൂപപോലും സർക്കാരിലേയ്ക്കോ സി-ആപ്റ്റിലേയ്ക്കോ അധികമായി വന്നിട്ടില്ല. ഇക്കാര്യം വാഹനത്തിന്റെ ലഡ്ജർ പരിശോധിച്ചാൽ ആർക്കും ബോധ്യമാകും. കോവിഡ്-19 വ്യാപനത്തെ തുടർന്ന് ആരാധനാലയങ്ങൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിനാൽ ഇതുവരെയും അവ വിതരണം ചെയ്തിട്ടില്ല. എടപ്പാളിലും ആലത്തിയൂരിലുമായി എത്തിച്ച ഖുർആൻ പാക്കറ്റുകളെല്ലാം ഭദ്രമായി ഇറക്കിവച്ച ഇടങ്ങളിൽത്തന്നെ ഇരിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികൃതർ ആ ഗ്രന്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്നുപറഞ്ഞാൽ അവ കോൺസുലേറ്റിനെ തിരിച്ചേൽപ്പിക്കുമെന്ന് ബഹു. മന്ത്രി ഡോ. കെ. ടി. ജലീൽ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയുമായി, പ്രത്യേകിച്ച് കേരളവുമായി നൂറ്റാണ്ടുകളുടെ ബന്ധമുള്ള രാജ്യമാണ് യു.എ.ഇ. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അവരുടെ കോൺസുലേറ്റ് ഒരു മത-സാംസ്കാരിക-ആചാര നിർവ്വഹണത്തിന് അവസരമൊരുക്കണമെന്ന് തീർത്തും അനൗദ്യോഗികമായി അഭ്യർത്ഥിച്ചപ്പോൾ അതിനോട് സഹകരിക്കുക മാത്രമാണ് മന്ത്രി ഡോ. കെ. ടി. ജലീൽ ചെയ്തത്. അല്ലാതെ രണ്ട് രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ബഹുമാനപ്പെട്ട മന്ത്രി യു.എ.ഇ. കോൺസൽ ജനറലുമായി സംസാരിക്കുകയോ എന്തെങ്കിലും സംഭാവനകൾ വാങ്ങുകയോ ചെയ്തിട്ടില്ല. മന്ത്രി ഡോ. കെ. ടി. ജലീൽ അങ്ങോട്ട് ബന്ധപ്പെടുകയായിരുന്നില്ല, മറിച്ച് യു.എ.ഇ. കോൺസൽ ജനറൽ അദ്ദേഹത്തെ ബന്ധപ്പെടുകയായിരുന്നു എന്നതാണ് ശ്രദ്ധിക്കേണ്ട പ്രധാന വസ്തുത. മേയ് 27-നാണ് അദ്ദേഹത്തിന്റെ സന്ദേശം മന്ത്രി ഡോ. കെ. ടി. ജലീലിന് ലഭിക്കുന്നത്. ഇതിൽനിന്നുതന്നെ അങ്ങോട്ട് എന്തെങ്കിലും ആവശ്യപ്പെട്ട് വാങ്ങിയെടുക്കുകയായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്. നമ്മുടെ ലക്ഷക്കണക്കിന് സഹോദരങ്ങൾ ജോലിചെയ്തു ജീവിക്കുന്ന രാജ്യമാണത്. ആ രാജ്യം അവരുടെ വിശ്വാസവുമായി ബന്ധപ്പെട്ട് പെരുന്നാൾ ഘട്ടത്തിൽ ലോകത്തിന്റെ പലഭാഗത്തും

എന്നതുപോലെ കേരളത്തിലും സക്കാത്ത് നൽകാനും ഖുർആൻ നൽകാനും ആഗ്രഹിച്ചു. അതിനോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് ഇരു ജനതയും തമ്മിൽ നിലനിൽക്കുന്ന സൗഹൃദത്തിന് നിരക്കുന്നതല്ല. ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള കരുതലും മതസൗഹാർദ്ദത്തിന്റെ ഉന്നത മൂല്യങ്ങളുമാണ് ഇതിന് പിന്നിലുള്ളതെന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. തീർത്തും സദുദ്ദേശ്യത്തിൽ മനുഷ്യത്വപരവും സൗഹാർദ്ദപരവുമായ ഒരു ഇടപെടൽ നടത്തിയതിനെ വക്രീകരിക്കാൻ ചില കേന്ദ്രങ്ങൾ സംഘടിതമായി ശ്രമിക്കുന്നു. അത് മതനിരപേക്ഷതയ്ക്കും സൗഹാർദ്ദത്തിനും നിരക്കാത്ത ചില കാരണങ്ങൾകൊണ്ടാകാം. ഇക്കാര്യത്തിൽ ഏതന്വേഷണവും നേരിടാൻ താൻ തയ്യാറാണെന്ന് ആദ്യംമുതൽ തന്നെ ബഹു. മന്ത്രി ഡോ. കെ. ടി. ജലീൽ പറഞ്ഞിട്ടുള്ളത് മറച്ചുവയ്ക്കാനൊന്നുമില്ല എന്നതിന്റെ സ്ഥിരീകരണമാകുന്നുണ്ട്.

ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് 2010-ലെ സെക്ഷൻ 2(h)-ൽ ഫോറിൻ കോൺട്രിബ്യൂഷൻ എന്താണെന്ന് നിർവ്വചിക്കുന്നുണ്ട്. വിദേശ ഉറവിടത്തിൽനിന്നും ഒരു സംഭാവന നടത്തുകയോ കൈമാറുകയോ ലഭിക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ മാത്രമേ ഈ നിയമത്തിന്റെ പരിധിക്കുള്ളിൽപ്പെടുകയുള്ളൂ. ഇവിടെ ബഹു. മന്ത്രി ഡോ. കെ. ടി. ജലീൽ ഇതിൽ ഏതെങ്കിലുമൊന്ന് ചെയ്തിട്ടുണ്ടോ? അദ്ദേഹത്തിന്റെ ആവശ്യത്തിനായി യാതൊരു സഹായവും കൈപ്പറ്റിയിട്ടില്ല, സഹായവിതരണവും അദ്ദേഹം നടത്തിയിട്ടില്ല. നിയമ വിരുദ്ധമായി ഒന്നുംതന്നെ ഇതിൽ നടന്നിട്ടുള്ളതായി വെളിപ്പെട്ടിട്ടില്ല. ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണ്? രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ഉത്തരവാദപ്പെട്ട മറ്റ് സ്ഥാനങ്ങളിലുള്ളവരും അനുമതിയില്ലാതെ അനിയന്ത്രിതമായി വിദേശസഹായം സ്വീകരിക്കുന്നതിലൂടെയുണ്ടാകുന്ന അനഭിലഷണീയ പ്രവണത ഒഴിവാക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ അങ്ങനെ എന്തെങ്കിലും സംഭവിച്ചതായി പറയാൻ കഴിയുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികൾ ഇപ്പോൾ ഇത് അന്വേഷിക്കാൻ പോകുകയാണെന്നാണ്. കേന്ദ്ര ഏജൻസികൾ അന്വേഷിക്കുകയാണ്. Kind or Cash ആയി ഏതെങ്കിലും തരത്തിലുള്ള പാരിതോഷികം ഒരു കോൺസുലേറ്റിൽനിന്ന് വാങ്ങുമ്പോൾ Sections 3 & 35 അനുസരിച്ച് അനുവാദം വാങ്ങിയിരിക്കണം. ഖുർആനാണ് കൊണ്ടുവന്നത് എന്നതിന് നിങ്ങൾക്കെന്താണ് തെളിവ്: ആർക്കാണ് തെളിവ്? നമുക്ക് തെളിവില്ല. അത് ഏൽക്കാൻ ആരും ഇപ്പോഴില്ല. ഇത് ഗുരുതരായ ഒരു പ്രശ്നം തന്നെയാണ്. അങ്ങ് ഇതിനെ ലഘൂകരിച്ച് കാണരുത്. ദുരൂഹമായ ആളുകൾ ഇതിന് പിറകിൽ പ്രവർത്തിക്കുന്നുണ്ട്. തന്നെയുമല്ല, അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഇതിന്റെ

പേരിൽ പറയുന്ന കാര്യങ്ങളൊക്കെ എങ്ങനെ അംഗീകരിക്കാൻ കഴിയും? മതവുമായി കൂട്ടിച്ചേർക്കുകയാണ്, വിശുദ്ധ ഖുർആനുമായി കൂട്ടിച്ചേർക്കുകയാണ്. ഇതൊക്കെ നമുക്ക് ന്യായീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണോ? അതൊന്നും ഒരിക്കലും ശരിയായ കാര്യമല്ല. അത് ഇടതുമുന്നണി അംഗീകരിക്കുന്നുണ്ടോ; ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? ഇവിടെ കോൺസുലേറ്റുമായുള്ള ബന്ധത്തെ സംബന്ധിച്ച് വ്യക്തമായ നിർവ്വചനങ്ങളുണ്ട്. ആ നിർവ്വചനങ്ങൾ മുഴുവൻ മാറ്റിക്കൊണ്ടാണ് കിറ്റ് വാങ്ങിയത്, it is a kind. അതോടൊപ്പംതന്നെ ഇവിടെ പറഞ്ഞിട്ടുള്ള മറ്റ് പായ്ക്കറ്റുകൾ വാങ്ങി. പായ്ക്കറ്റുകൾ എന്താണെന്ന് എനിക്കറിയില്ല. ഗുരുതരമായ തെറ്റാണ് ചെയ്തത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കുന്നത്. ഇപ്പോൾ പറയുന്ന അങ്ങേയ്ക്കുതന്നെ ബഹു. മന്ത്രി ഡോ. കെ. ടി. ജലീലിനെതിരെ നടപടി എടുക്കേണ്ടിവരുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യം സംബന്ധിച്ച് അദ്ദേഹം നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഏത് അന്വേഷണമായാലും അതിനെ അദ്ദേഹം സ്വാഗതം ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള cash അല്ലെങ്കിൽ kind നേരിട്ട് സ്വീകരിച്ചുവെന്ന് വന്നാലാണ് മറ്റ് പ്രശ്നങ്ങൾ വരുന്നത്. അത് അദ്ദേഹം പറഞ്ഞല്ലോ? അദ്ദേഹം പറഞ്ഞതിനെ ഉത്തമ വിശ്വാസത്തിലെടുക്കുന്നത് തന്നെയാണ് നല്ലത്. സിറിൾ അമർചന്ദ് മംഗൾദാസിന്റെ കാര്യത്തെപ്പറ്റി വേറൊന്നും പറയാനില്ലല്ലോ അല്ലേ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങയുടെ മന്ത്രിസഭയിലെ ഒരംഗമായ ഡോ. കെ. ടി. ജലീൽ വിശുദ്ധ ഖുർആൻ കൊണ്ടുപോയതിന്റെ കാര്യം ഇവിടെ പറഞ്ഞു. 407 എന്നുപറയുന്ന ചെറിയ കവേർഡ് ലോറിയിലാണ് ഇത് കൊണ്ടുപോയത്. ഇത് തൃശ്ശൂർ മുതൽ കണ്ണൂർ വരെ പോയിട്ടുണ്ട്. തൃശ്ശൂർ ചെല്ലുന്നതുവരെ ഈ വണ്ടിക്ക് ജി.പി.എസ്. ഉണ്ടായിരുന്നു. അവിടെനിന്ന് ജി.പി.എസ്. പ്രവർത്തിച്ചിട്ടില്ല. വർഷങ്ങൾക്കുമുമ്പുതന്നെ സി-ആപ്റ്റിന്റെ എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഉണ്ടായിരുന്നു. ജി.പി.എസ്. തൃശ്ശൂർ മുതൽ എവിടെപ്പോയി എന്നുള്ളതിന് യാതൊരു രേഖയുമില്ല. ഇത് ഒന്നാമത്തെ കാര്യം. രണ്ട്, പിന്നീട് ഇതിന്റെ ഡയറക്ടർ വെർണ കാറിൽ ബംഗളൂരുവിൽ പോയിട്ടുണ്ട്. അവിടെയും ജി.പി.എസ്. ഉപയോഗപ്പെടുത്തിയിട്ടില്ല, അത് കേടാക്കി. അവിടെ അഞ്ച് ഡ്രൈവർമാരുണ്ട്. അവരിൽ ഒരു ഡ്രൈവറെയും കൂട്ടിയിട്ടില്ല. പുറത്തുനിന്നുള്ള ഒരാളെ വിളിച്ചാണ് ഇതിന്റെ എം.ഡി. വെർണ കാറുമായി ബംഗളൂരുവിലേയ്ക്ക് പോയത്. ഇത് സ്വർണക്കള്ളക്കടത്താണെന്ന് ആരെങ്കിലും ധരിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊക്കെ നിയമസഭയുടെ പരിരക്ഷ ഉപയോഗിച്ച് എന്തും പറയാമെന്നുള്ള അവസ്ഥയിൽ പറയുന്ന കാര്യങ്ങളാണ്. മറ്റ് കാര്യങ്ങളൊന്നും അതിലില്ല. യഥാർത്ഥ വസ്തുത ഡോ. കെ. ടി. ജലീൽ വിശദീകരിച്ചിട്ടുണ്ട്. അതിനുശേഷം മറ്റ് കാര്യങ്ങളുണ്ടെങ്കിൽ അവിടെ കാണാം. അതിനപ്പുറം ഇപ്പോൾ നമുക്ക് നോക്കാനില്ല. തിരുവനന്തപുരം വിമാനത്താവളവുമായി ബന്ധപ്പെട്ട കാര്യം നേരത്തേ പറഞ്ഞതാണ്. അത് വീണ്ടും പറയേണ്ടതുണ്ടോ? ഞാൻ ഇവരുടെയെല്ലാം വികാരം മാനിച്ചുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ജനാധിപത്യ വ്യവസ്ഥിതിയിൽ ജനവിധി എന്നത് ജനങ്ങളുടെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. .....(ബഹളം) .....

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, ക്ഷമിക്കു..... ബഹുമാന്യരായ പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും സംസാരിക്കുമ്പോൾ ഇടപെടാറില്ല. അങ്ങനെ ഒരു ചരിത്രമില്ല. ആവശ്യത്തിന് സമയം കൊടുക്കാറുണ്ട്. .....(ബഹളം)..... ദയവായി നിങ്ങൾ അങ്ങനെ പറയരുത്. അങ്ങ് എപ്പോൾ എഴുന്നേറ്റ് നിന്നാലും സമയം തരാറുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും സഭാ നേതാവിനും സമയം അനുവദിക്കുക എന്ന ഒരു കീഴ്വഴക്കമുണ്ട്. നിങ്ങൾ മനസ്സിലാക്കണം. .....(ബഹളം)..... ഒരു സർക്കാരിനെതിരെയുള്ള അവിശ്വാസ പ്രമേയമാണ് വന്നിരിക്കുന്നത്. സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടവരുടെ പ്രമേയമാണ് വന്നിരിക്കുന്നത്. ആ പ്രമേയത്തിന്റെ മറുപടി അദ്ദേഹത്തിന് പറയണ്ടേ? പ്ലീസ്..... ഈ സഭയിലെ അവസാനത്തെ അവിശ്വാസ പ്രമേയത്തിന്റെ മറുപടി അഞ്ചര മണിക്കൂറായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെയുണ്ട്. അദ്ദേഹത്തോട് ചോദിക്കു. .....(ബഹളം).....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മറുപടിയാണ് ഞാൻ പറയാൻ തുടങ്ങുന്നത്. അത് കേൾക്കു....(ബഹളം)... മറുപടി പറയട്ടെ. ...(ബഹളം)... ലൈഫ് മിഷനെ സംബന്ധിച്ചാണ് പറയുന്നത്. നിങ്ങൾക്ക് വേറെ വഴിയേ പോകാനുണ്ടെങ്കിൽ അത് പറഞ്ഞോളൂ. ...(ബഹളം)...

<u>മി. സ്പീക്കർ</u>: മറുപടി നീണ്ടുപോയി എന്നായിരുന്നില്ലേ ഇതുവരെയുള്ള പരാതി. ഇപ്പോൾ മറുപടി ഇല്ല എന്നായോ? ...(ബഹളം)...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. ...(ബഹളം)... മറുപടി പറയാൻ ഞാൻ തയ്യാറായി നിൽക്കുകയല്ലേ? നിങ്ങൾ എന്താണ് കേൾക്കാൻ തയ്യാറാകാത്തത്? നിങ്ങൾ പോയി ഇരിക്കു. ഞാൻ മറുപടി പറയാൻ നിൽക്കുകയല്ലേ. ...(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം പറയുന്നത് കേൾക്കൂ. ...(ബഹളം)... നിങ്ങൾ ഇങ്ങനെ കൂട്ടംകൂടി നിൽക്കല്ലേ. ആരോഗ്യം നോക്കൂ. ...(ബഹളം)... താൽക്കാലിക ക്ഷോഭംകൊണ്ട് നിങ്ങൾ ഇങ്ങനെ നിൽക്കരുത്; രോഗികളാകും. ...(ബഹളം)... ദയവായി അകലം പാലിച്ച് പ്രതിഷേധിക്കൂ.... നിങ്ങൾ രോഗികളാകല്ലേ..... കോവിഡ്-19 പ്രോട്ടോക്കോൾ ലംഘിച്ചുകൊണ്ട് ഇങ്ങനെ കൂട്ടംകൂടി നിൽക്കല്ലേ.... (ബഹളം)... അകലം പാലിച്ചുനിൽക്കൂ. ...(ബഹളം)... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ ...(ബഹളം)... അതൊക്കെ പതിവാണ്. അഞ്ചര മണിക്കൂർ ഉണ്ടായിട്ടുണ്ട്. ...(ബഹളം)... നിങ്ങൾ മനസ്സിലാക്കൂ. നിങ്ങൾ പറയുന്നത് ശരിയല്ല. കഴിഞ്ഞ അവിശ്വാസ പ്രമേയത്തിന്റെ മറുപടി അഞ്ചര മണിക്കൂറായിരുന്നു. സഭാനേതാവിനെയും പ്രതിപക്ഷ നേതാവിനെയും നിയന്ത്രിക്കാറില്ല. ...(ബഹളം)... ദയവായി സീറ്റുകളിലേയ്ക്ക് പോകൂ. ...(ബഹളം)...

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. പിണറായി വിജയൻ: സർ, തിരുവനന്തപുരം വിമാനത്താവളത്തിൽ കസ്റ്റംസ് കണ്ടെത്തിയ സ്വർണ്ണക്കള്ളക്കടത്തിനെ ചൂഴ്ന്ന് പൊതുസമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ കാര്യങ്ങൾ ചിലർ പരത്തുകയാണ്. വിവാദം സൃഷ്ടിക്കാനായി അസത്യങ്ങളും അർദ്ധസത്യങ്ങളും പറയുന്നതൊന്ന് ഓടിച്ചു നോക്കുന്നത്, ഉന്നയിച്ചവർ നാട്ടിലെ ജനങ്ങളെ എത്ര പുച്ഛത്തോടെയാണ് വീക്ഷിക്കുന്നതെന്ന് മനസ്സിലാക്കാൻ സഹായകരമാണ്. സംസ്ഥാന സർക്കാർ കള്ളക്കടത്തിനെതിരെ നടപടികളൊന്നും സ്വീകരിച്ചില്ലായെന്നതാണ് ഉന്നയിക്കപ്പെട്ട ഒരു ആക്ഷേപം. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ 83-ാം ഇനം പ്രകാരം കയറ്റുമതി തീരുവകളുൾപ്പെടെയുള്ള കസ്റ്റംസ് തീരുവകൾ യൂണിയൻ ലിസ്റ്റിൽ പെട്ടവയാണ്. കസ്റ്റംസ് തീരുവകൾ വെട്ടിച്ച് രാജ്യത്തിനുള്ളിലേയ്ക്ക് പുറത്തുനിന്നും സാധനസാമഗ്രികൾ ഒളിച്ചുകടത്തുന്നതിനെയാണ് കള്ളക്കടത്ത് എന്നുവിളിക്കുന്നത്. കള്ളക്കടത്ത് തടയാൻ അധികാരപ്പെട്ടവർ കസ്റ്റംസ് ബോർഡിനുകീഴിലുള്ള കസ്റ്റംസ് പ്രിവന്റീവ് വിഭാഗം, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് എന്നിവയാണ്. പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ അധീനതയിൽപ്പെട്ട ഒരു വിഷയത്തിൽ സംസ്ഥാന സർക്കാർ നടപടിയെടുത്തില്ലെന്ന് പറയുന്നത് പുകമറ സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. സ്വർണ്ണക്കള്ളക്കടത്ത് സംബന്ധിച്ച് വാർത്തകൾ പൊതുമണ്ഡലത്തിൽ വന്നപ്പോൾത്തന്നെ രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇക്കാര്യത്തിൽ ശക്തമായ അന്വേഷണം നടത്തണമെന്ന് ബഹു. പ്രധാനമന്ത്രിയോട് കത്തിലൂടെ ആവശ്യപ്പെടുകയും അദ്ദേഹം ഇത്തരമൊരു അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഇതിനെത്തുടർന്ന് കേസ്സിന്റെ സമഗ്രമായ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിയെ കേന്ദ്രസർക്കാർ ഏൽപ്പിച്ചു. വിവിധ കേന്ദ്ര സർക്കാർ ഏജൻസികൾ ഈ കേസ്സിൽ അന്വേഷണം നടത്തിവരികയാണ്. ദേശീയ അന്വേഷണ ഏജൻസി കേസ്സിലെ പ്രതികൾക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വാധീനമുണ്ടെന്നും മുഖ്യമന്ത്രിയുമായി സാധാരണ പരിചയമുണ്ടെന്നും കോടതിയിൽ പറഞ്ഞതായി ദൃശ്യമാധ്യമങ്ങളിൽ വ്യാപകമായ വാർത്ത പ്രചരിപ്പിച്ചു. പ്രത്യേക കോടതിയിൽ സ്വർണ്ണക്കള്ളക്കടത്തുകേസ് പ്രതികൾ സമർപ്പിച്ച ജാമ്യാപേക്ഷയിൽ ദേശീയ അന്വേഷണ ഏജൻസി സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ എതിർ സത്യവാങ്മൂലത്തിൽ ഏതു ഖണ്ഡികയിലാണ് ഇത്തരമൊരു പരാമർശമുള്ളതെന്ന് വ്യക്തമാക്കാൻ ആരോപണം ഉന്നയിച്ചവർ തയ്യാറായിട്ടില്ല. അതിലെവിടെയെങ്കിലും മുഖ്യമന്ത്രി, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നീ വാക്കുകളുണ്ടോ? എൻ.ഐ.എ. തന്നെ പ്രത്യേക കോടതിയിൽ കേരള സർക്കാർ സമഗ്രമായ അന്വേഷണത്തിന് ആവശ്യപ്പെട്ട കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ഇതാണ് സത്യമെന്നിരിക്കേ, എത്ര ബോധപൂർവ്വമാണ് ചിലർ പുകമറ സൃഷ്ടിക്കാൻ നോക്കുന്നത്. എൻ.ഐ.എ., കസ്റ്റംസ് വകുപ്പുകൾ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്യുന്നുവെന്നുള്ളതാണ് അടുത്ത ആരോപണം. വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത വാർത്തയാണിത്. എൻ.ഐ.എ. പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥന് കത്തുനൽകുക മാത്രമേ ചെയ്തിട്ടുള്ളു. സംസ്ഥാന സർക്കാർ അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായവും ചെയ്യുമെന്ന് ബഹു. പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ ലഭ്യമാക്കും. കസ്റ്റംസ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. ഇവയെല്ലാം നടപടിക്രമങ്ങളെ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ്. ഒരു പ്രത്യേക ഓഫീസിനെതിരെയോ ഉദ്യോഗസ്ഥനെതിരെയോ ഉള്ള വിവരങ്ങളല്ല ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരമൊരു തെറ്റിദ്ധാരണ ബോധപൂർവ്വം പരത്താൻ ശ്രമിക്കുകയാണ്. സ്വർണ്ണക്കള്ളക്കടത്ത് എന്നല്ല ഏതെങ്കിലും ക്രിമിനൽ കേസ്സുകളിലോ അഴിമതികളിലോ ഉൾപ്പെട്ടിട്ടുള്ള ആർക്കും സംസ്ഥാന സർക്കാർ ഒരു സംരക്ഷണവും നൽകില്ല. ഇതിന് നിലവിലെ നിയമങ്ങളുടേയും ചട്ടങ്ങളുടേയും പിൻബലം മാത്രം മതിയാകും. ഭരിക്കുന്നവരുടെ മനസ്സാക്ഷിയുടെ ഇംഗിതം മുൻകാലങ്ങളെപ്പോലെ ഇതിന് ആവശ്യമില്ല. ഫയലുകളിലെ ചില ഭാഗങ്ങൾ അടർത്തിമാറ്റി ഉദ്ധരിച്ചും അസത്യങ്ങൾ വിളമ്പിയും ഇലക്ട്രിക് വെഹിക്കിൾ നയം, ലൈഫ് പദ്ധതി, കൺസൾട്ടൻസികൾ എന്നീ കാര്യങ്ങളിലെല്ലാം പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. ഇവയ്ക്കൊക്കെ

അപ്പപ്പോൾ വിശദമായ മറുപടി നൽകിയിട്ടുണ്ട്. അതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. വസ്തുതയുടെ അടിസ്ഥാനത്തിലായിരിക്കണം ആരോപണങ്ങൾ ഉന്നയിക്കേണ്ടത്, അവയ്ക്ക് തെളിവുണ്ടാകണം. അടിസ്ഥാനമില്ലാതെ പറയുന്ന കാര്യങ്ങൾ ആരും മുഖവിലയ്ക്ക് എടുക്കാതെയാകും എന്നുകൂടി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

സ്വർണ്ണക്കള്ളക്കടത്ത് മുൻനിർത്തി ഇടതുപക്ഷത്തിനെതിരെ വലിയ ആരോപണക്കൊടുങ്കാറ്റ് അഴിച്ചുവിടാമെന്നാണല്ലോ നിങ്ങൾ വ്യാമോഹിച്ചത്. എന്നാൽ, അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഇടതുപക്ഷത്തുള്ള ഒരാളെയെങ്കിലും ചൂണ്ടിക്കാട്ടാനാകുമോ? ഈ സർക്കാർ അഞ്ചാം കൊല്ലത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വേളയിൽ ഞങ്ങൾ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെ പാലിച്ചുവെന്ന് വർഷാവർഷം ജനങ്ങൾക്ക് മുമ്പിൽ പറഞ്ഞിട്ടുണ്ട്. അതിലുപരി ഞങ്ങൾ പ്രഖ്യാപിച്ചതും നടപ്പാക്കിയതുമായ പരിപാടികളുടെ പുരോഗതിയും ജനങ്ങളെ അറിയിക്കുന്നുണ്ട്. കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട പദ്ധതികൾ ഈ സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിയിട്ടുണ്ട്. ഇത് നടപ്പാക്കുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യവും നൽകുന്നുണ്ട്. തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ, ശബരിമല വിമാനത്താവളം, കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പൂർത്തിയാകില്ലെന്ന് വിചാരിച്ച് ഉപേക്ഷിച്ച ഗെയിൽ പദ്ധതി യാഥാർത്ഥ്യമാവുകയാണ്. പ്രളയാഘാതത്തെ ചെറുത്തുനിൽക്കാൻ ശേഷിയുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

പ്രതിപക്ഷം പരിഹസിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്താണെന്ന് അറിയണോ? 2018-ലെ മഹാപ്രളയത്തിനുശേഷം നവകേരള നിർമ്മിതി എന്ന ആശയം മുന്നോട്ടുവച്ച് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. നൂറ് വർഷക്കാലത്തിനിടയിലെ ഏറ്റവും വലിയ പ്രളയം സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം പഠിക്കാൻ പല മേഖലകളിലേയും വിദഗ്ദ്ധരടങ്ങിയ ഒരു സമിതി PDNA (Post Disaster Needs Assessment) റിപ്പോർട്ട് സമർപ്പിച്ചു. മഹാപ്രളയത്തിന്റെ ഫലമായി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 31,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് സമിതി കണക്കുകൂട്ടിയത്. നേരത്തെ ആ ഭാഗം പറഞ്ഞതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. പ്രളയാഘാതശേഷി താങ്ങാവുന്ന തരത്തിലുള്ള പദ്ധതികളാണ് ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്. ഭാവി കേരളത്തെപ്പറ്റിയുള്ള സർക്കാരിന്റെ പരിപ്രേക്ഷ്യം ഇതിൽനിന്നും വ്യക്തമാണ്. ഇതോടൊപ്പംതന്നെ മതസൗഹാർദ്ദവും നവോത്ഥാന മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്ന ചുമതലകൂടി എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കി സർക്കാർ നിർവ്വഹിക്കുന്നുണ്ട്.

ഭരണഘടനാമൂല്യങ്ങൾക്കനുസൃതമല്ലാത്ത പൗരത്വഭേദഗതി ബിൽ 2019-ന് എതിരെ സമാധാനപരവും മതനിരപേക്ഷ മൂല്യങ്ങളിൽ അധിഷ്ഠിതവുമായ പ്രതിഷേധമാണ് കേരളത്തിൽ നടന്നത്. ഇത് ലോകശ്രദ്ധ പിടിച്ചുപറ്റിയതാണ്. രാഷ്ട്രീയ നിരുത്തരവാദിത്വം എന്നും കോൺഗ്രസ്സിന്റെ സഹജ സ്വഭാവമായിരുന്നു. ആ ഉത്തരവാദിത്വമില്ലായ്മയുടെ സൃഷ്ടിയാണ് കേന്ദ്രത്തിലെ ബി.ജെ.പി. ഭരണം. കോൺഗ്രസ് ഭരണശേഷം കേന്ദ്രത്തിൽ ഒരു കോൺഗ്രസ്സേതര ബി.ജെ.പി.-യേതര ജനാധിപത്യ മതേതര സർക്കാർ അധികാരത്തിൽ വന്നിരുന്നു. വിശ്വനാഥ് പ്രതാപ് സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയ മുന്നണി സർക്കാർ. ആ മതേതര സർക്കാരിനെ ബി.ജെ.പി.-ക്കൊപ്പം നിന്ന് വോട്ട് ചെയ്ത് തകർക്കുകയാണ് കോൺഗ്രസ് ചെയ്തത്. ഇത്തരമൊരു അവിശ്വാസ പ്രമേയത്തിന്റെ തണലിൽ കോൺഗ്രസ്സും ബി.ജെ.പി.-യും അന്ന് ഒരുമിച്ചു. എന്ത് ധാർമ്മികതയുടെ പേരിലായിരുന്നു അങ്ങനെ ചെയ്തത്; എന്ത് മതേതര ബോധമായിരുന്നു അന്ന് നിങ്ങളെ നയിച്ചത്? സത്യത്തിൽ അന്ന് കോൺഗ്രസ് ചെയ്തത് ബി.ജെ.പി.-യുടെ താല്പര്യങ്ങൾ നിർവ്വഹിച്ചുകൊടുക്കലായിരുന്നു. ബാബറി മസ്ജിദ് ലക്ഷ്യമാക്കി നീങ്ങിയ ശ്രീ. എൽ. കെ. അദ്വാനിയുടെ രഥയാത്രയെ അന്നത്തെ പ്രധാനമന്ത്രി വി. പി. സിംഗിന്റെ നിർദ്ദേശപ്രകാരം ബീഹാറിൽ വച്ച് അവിടത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ലാലുപ്രസാദ് യാദവ് തടയുകയും ശ്രീ. എൽ. കെ. അദ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. എന്തിനാണ് തടഞ്ഞത്? എന്തിനാണ് അറസ്റ്റ് ചെയ്തത്; ആ രഥയാത്രയെ അയോദ്ധ്യയിൽ എത്താൻ അനുവദിച്ചാൽ അവർ ബാബറി മസ്ജിദ് തകർക്കും. അങ്ങനെ സംഭവിച്ചാൽ നമ്മുടെ രാജ്യം വർഗ്ഗീയ ശക്തികൾക്ക് കലാപം ഉണ്ടാക്കാൻ വളക്കൂറുള്ള മണ്ണായി മാറും. ഇത് സംഭവിച്ചുകൂടാ. മതേതരത്വത്തിന്റെ മഹോന്നത മൂല്യങ്ങൾ സംരക്ഷിക്കാനാണ് രഥയാത്ര തടഞ്ഞത്. ഇതിൽ ബി.ജെ.പി. സംഘപരിവാർ പ്രവർത്തകർ പ്രകോപിതരാകുന്നത് മനസ്സിലാക്കാം. കോൺഗ്രസ് എന്തിനാണ് പ്രകോപിതരായത്; പ്രകോപിതരായ കോൺഗ്രസ്സുമായി ലീഗ് എന്തിനാണ് ചേർന്നുനിന്നത്; അധികാരത്തിന് പുറത്തു നിൽക്കാൻ കഴിയില്ലെന്ന ഒറ്റക്കാരണമേയുള്ളൂ. ഏത് അവിശുദ്ധ ശക്തിയുമായി കൂട്ടുകൂടിയാലും വേണ്ടില്ല, അധികാരം പിടിക്കണം. അധികാര ഭ്രാന്ത്മൂലം കണ്ണ് കാണാതായി അന്ന് കോൺഗ്രസ്സിന്. ഞങ്ങൾ പുറത്ത് നിൽക്കുകയോ; ജനാധിപത്യവാദികളെന്ന് സ്വയം വിശേഷിപ്പിക്കുന്നവർക്ക് അത് ആലോചിക്കാൻ പോലും ആകില്ലായിരുന്നു. ആ അസഹിഷ്ണുതയാണ് നിർലജ്ജം ബി.ജെ.പി.-യുമായി കൂട്ടുകൂടാനും ഒരുമിച്ച് ഒരേ അവിശ്വാസ പ്രമേയത്തിന് പിന്നിൽ അണിനിരക്കാനും അവരെ പ്രേരിപ്പിച്ചത്. ഈ അധികാരഭ്രാന്തും അസഹിഷ്ണുതയും അന്ന് ആദ്യമായല്ല കോൺഗ്രസ് വെളിവാക്കിയത്. എത്രയോ നിസ്സാരമായ കാരണങ്ങൾ പറഞ്ഞാണ് പിന്നീട് വന്ന കോൺഗ്രസ്സേതര ഗവൺമെന്റുകളെ നിങ്ങൾ അധികാരത്തിൽ നിന്ന്

പുറത്താക്കിയത്. ദേവഗൗഡ മന്ത്രിസഭയെയും ഐ. കെ. ഗുജറാൾ മന്ത്രിസഭയെയും തകർത്തതിന്റെ രക്തം നിങ്ങളുടെ കൈകളിൽ പുരണ്ടിരിക്കുന്നു. പ്രത്യേകിച്ച് ഒരു കാരണവും പറയാനില്ലാതെയാണ് ദേവഗൗഡയുടെ നേതൃത്വത്തിലുണ്ടായിരുന്ന മതേതര പാർട്ടികളുടെ ഐക്യമുന്നണി സർക്കാരിനെ ബി.ജെ.പി.-ക്കൊപ്പം അവിശ്വാസ പ്രമേയത്തിലൂടെ നിങ്ങൾ പുറത്താക്കിയത്. രാജീവ് ഗാന്ധി വധം അന്വേഷിച്ച ജെയിൻ കമ്മീഷൻ റിപ്പോർട്ടിൽ ഡി.എം.കെ.-ക്കെതിരെ പരാമർശമുണ്ടെന്ന് പറഞ്ഞാണ് അവർക്ക് പ്രാതിനിധ്യം ഉണ്ടായിരുന്ന ഐ. കെ. ഗുജറാൾ മന്ത്രിസഭയെ തകർത്തത്. മതേതര സർക്കാരുകളെയൊക്കെ തകർത്തതിന്റെ പരിണതഫലമാണ് കേന്ദ്രത്തിലെ ബി.ജെ.പി.യുടെ അധികാരപ്രാപ്തി. ഐ. കെ. ഗുജറാൾ മന്ത്രിസഭയെ തകർക്കുമ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വരാമെന്ന് നിങ്ങൾ കണക്കുകൂട്ടി. എന്നാൽ അധികാരത്തിൽ വന്നത് ആരാണ്? ബി.ജെ.പി. 1984-ൽ രണ്ട് അംഗങ്ങളുമായി ലോകസഭയിലിരുന്ന ബി.ജെ.പി.-യെ ഈ വിധത്തിൽ അധികാരത്തിലെത്തിച്ചത് ആരാണ്; കോൺഗ്രസ്. കേന്ദ്രമന്ത്രിസഭയെ വലിച്ച് താഴെയിടാൻ പൊതുജനത്തോട് പറയാൻ കഴിയുന്ന എന്തെങ്കിലും കാരണമുണ്ടായിരുന്നോ; അതുമില്ല. അധികാരക്കൊതി മാത്രമാണ് നിങ്ങളെ നയിച്ചത്. ആ അധികാരക്കൊതി തന്നെയാണ് നിങ്ങളെ ഇപ്പോൾ ഈ അവിശ്വാസ പ്രമേയത്തിലേയ്ക്ക് നയിച്ചതും. അധികാരക്കൊതി മൂത്ത് കേന്ദ്രത്തിലെ മതേതര മന്ത്രിസഭകൾക്കെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവന്ന കോൺഗ്രസ്സിന്റെ ഗതി എന്തായി? ഒരിക്കൽ, മിക്കവാറും എല്ലാ സംസ്ഥാനങ്ങളും ഭരിച്ചിരുന്ന കോൺഗ്രസ് ഇന്ന് ഏതാണ്ട് രണ്ടോ മൂന്നോ സംസ്ഥാനങ്ങളിലേയ്ക്ക് ഒതുങ്ങി. ചില സംസ്ഥാനങ്ങളിൽ മുഖ്യപ്രതിപക്ഷ കക്ഷിപോലും അല്ലാതെയായി കോൺഗ്രസ്. ഇതേതോതിലുള്ള തകർച്ചയാണ് നിങ്ങൾ ഇവിടെയും നേരിടാൻ പോകുന്നത്. അടുത്ത തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കോൺഗ്രസ് മുഖ്യപ്രതിപക്ഷ കക്ഷിയായി വരുമെന്ന് വല്ല ഉറപ്പുമുണ്ടോ; ജനങ്ങളെ വെറുപ്പിച്ചാൽ, ജനവിധിക്കെതിരെ നീങ്ങിയാൽ, ജനാധിപത്യ സർക്കാരുകളെ ജനാധിപത്യ വിരുദ്ധമായി തകർക്കാൻ നോക്കിയാൽ ജനങ്ങൾ സമ്മതിക്കില്ല; ജനരോഷത്തിൽ വെന്തുപോകും. ആ വിധിയാണ് കേരളത്തിൽ കോൺഗ്രസ്സിനെയും കാത്തിരിക്കുന്നതെന്നു മാത്രം ഇവിടെ പറയട്ടെ. അധികാരഭ്രാന്ത് വരുമ്പോൾ മതനിരപേക്ഷതയടക്കമുള്ള ദേശീയ മൂല്യങ്ങളെപ്പോലും കാറ്റിൽ പറത്തുന്ന പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. ഇതാകട്ടെ പുതിയതല്ല, പണ്ടേ തുടങ്ങിയതാണ്. കോൺഗ്രസ്സിൽനിന്ന് ആചാര്യ നരേന്ദ്രദേവ് രാജിവച്ച് കോൺഗ്രസ്സിനെതിരെ മത്സരിച്ചു. അയോദ്ധ്യ ഉൾപ്പെട്ട മണ്ഡലത്തിലായിരുന്നു മത്സരം. ഹിന്ദു വോട്ട് സമാഹരിക്കുന്നതിനായി ഹിന്ദു സന്യാസിയെ സ്ഥാനാർത്ഥിയാക്കി കോൺഗ്രസ്.

ഹിന്ദു വർഗ്ഗീയ വോട്ടിലുള്ള കൊതി അവിടെ തുടങ്ങിയതാണ്. അതുകഴിഞ്ഞ് ബാബറി മസ്ജിദ് കോമ്പൗണ്ടിൽ വിഗ്രഹം കൊണ്ടിട്ടതും മറ്റുമായി വിവാദങ്ങൾ. അതിലെ കോൺഗ്രസ്സിന്റെ പങ്കും മറ്റും ചരിത്രത്തിന്റെ ഭാഗമാണ്. അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. എന്നാൽ സമീപകാല ചരിത്രം ചൂണ്ടിക്കാട്ടാതെ നിവൃത്തിയില്ല. പൂട്ടിക്കിടന്നിരുന്ന ആ സ്ഥലം ഒരു കൂട്ടർക്ക് മാത്രമായി തുറന്നുകൊടുത്തത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടെ ശിലാന്യാസ് എന്ന പേരിൽ തറക്കല്ലിടാൻ അനുവദിച്ചത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടെ മണ്ഡപമുണ്ടാക്കാൻ കർസേവ അനുവദിച്ചത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടേയ്ക്കുള്ള രഥയാത്ര തടഞ്ഞ് സർക്കാരിനെ തകർത്തത് ആരാണ്; കോൺഗ്രസ്. ഇതിന്റെയൊക്കെ സ്വാഭാവിക പരിമിതിയായി ബാബറി മസ്ജിദ് തകർത്തപ്പോൾ നിഷ്ക്രിയത്വംകൊണ്ട് അതിന് കാർമ്മികത്വം വഹിച്ചത് ആരാണ്; കോൺഗ്രസ്സിന്റെ നരസിംഹറാവു ഗവൺമെന്റ്. മതനിരപേക്ഷത കയ്യൊഴിഞ്ഞ് ഹിന്ദുത്വ വർഗ്ഗീയതയുടെ കാര്യത്തിൽ ബി.ജെ.പി.-യുമായി മത്സരിക്കുന്നതിൽ ഏതറ്റംവരെ നിങ്ങൾ പോയെന്ന് ആലോചിക്കുക. ആ പ്രക്രിയയിൽ നിങ്ങൾ നിങ്ങളുടെ മതേതരത്വ പാരമ്പര്യം മാത്രമല്ല സ്വന്തം സ്വത്വം കൂടിയാണ് കളഞ്ഞുകുളിച്ചത്. അങ്ങനെ ബി.ജെ.പിയുടെ 'ബി' ടീമായി നിങ്ങൾ. 'എ' ടീം ഉള്ളപ്പോൾ 'ബി' ടീം വേണ്ടല്ലോ; അങ്ങനെ ബി.ജെ.പി. അധികാരത്തിൽ വന്നു. ഇത് ദേശീയ തലത്തിൽ മാത്രമല്ല കേരളത്തിലും അരങ്ങേറി. 'കോ ലീ ബി' (കോൺഗ്രസ്, ലീഗ്, ബി.ജെ.പി.) സഖ്യം അതിനെയൊക്കെ വെളിച്ചത്ത് കൊണ്ടുവന്ന കെ. ജി. മാരാരുടെ പുസ്തകമൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. ബി.ജെ.പി.യുമായി ചേർന്നുനിൽക്കാൻ കോൺഗ്രസ്സിന് പ്രത്യേക മമതയുണ്ട്. രാമക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടേതടക്കം പ്രസ്താവനകളിൽ പ്രതിഫലിച്ച് കാണാമിത്. ആ കോൺഗ്രസ്സിനെ വിമർശിക്കാൻ ലീഗിന് മനസ്സുവരുന്നുമില്ല. ബി.ജെ.പി.-ക്കും കോൺഗ്രസ്സിനും തമ്മിലും കോൺഗ്രസ്സിനും ലീഗിനും തമ്മിലൊക്കെ എന്തൊരു പാരസ്പര്യമാണ്. ലീഗ് അണികൾ കോൺഗ്രസ് നേതൃത്വം ചെയ്യുംപോലെ ഇതിനെയൊക്കെ സ്വാഗതം ചെയ്യാൻ തയ്യാറാകില്ലെന്ന് എനിക്കുറപ്പുണ്ട്. ലീഗ് നേതൃത്വത്തിന്റെ അവസരവാദപരമായ നിശബ്ദതയും അവർ പങ്കിടില്ല. ലീഗ് നേതൃത്വം അവരുടെ അധികാരക്കൊതിമൂലം തങ്ങളുടെ താല്പര്യങ്ങളെ ചവിട്ടിത്തേയ്ക്കുകയാണെന്ന് അവർ തിരിച്ചറിയുന്നുണ്ട്. അത് തങ്ങളെ എങ്ങനെ ബാധിക്കുമെന്ന് ലീഗ് നേതൃത്വം ആലോചിക്കട്ടെ. അയോദ്ധ്യയുടെ കാര്യത്തിൽ ബി.ജെ.പി.യോട് കോൺഗ്രസ്സും കോൺഗ്രസ്സിനോട് ലീഗും ചേർന്നുനിൽക്കുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഇവിടെ ഈ അവിശ്വാസ പ്രമേയകാര്യത്തിലും അത്തരമൊരു ചേർന്നുനിൽപ്പ് തന്നെയല്ലേ നാം കാണുന്നത്.

ഇത്തരത്തിൽ ഒരു പൊതു രാഷ്ട്രീയ പ്ലാറ്റ്ഫോം ഉയർന്നുവരുന്നുണ്ട്, കമ്മ്യൂണിസ്റ്റ്‌വിരുദ്ധ പ്ലാറ്റ്ഫോം. ഹഗിയ സോഫിയ പള്ളിയുടെ കാര്യത്തിലെ ജമാഅത്തെ ഇസ്ലാമി നിലപാടുകൂടി ചേർത്തുവച്ചാൽ ഇത് കൃത്യമായി മനസ്സിലാക്കാം.

9.00 PM]

(മുഖ്യമന്ത്രിയുടെ മറുപടി നീണ്ടുപോകുന്നതിൽ പ്രതിഷേധിച്ച പ്രതിപക്ഷാംഗങ്ങൾ ഡയസിന് മുന്നിൽ നിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ലീഗിൽ ജമാഅത്തെ വക ഇസ്ലാമികവത്കരണവും കോൺഗ്രസ്സിൽ ആർ.എസ്.എസ്. വക ഹിന്ദുത്വവത്കരണവുമാണ് നടക്കുന്നത്. ഇവയെല്ലാം ചേർന്നതാണ് ഈ പുതിയ രാഷ്ട്രീയ പ്ലാറ്റ്ഫോം. ജമാഅത്തെ ഇസ്ലാമിയുടെ മതമൗലികവാദം ലീഗിനെ ഹൈജാക്ക് ചെയ്തു. ബി.ജെ.പി.-യുടെ ഹിന്ദുത്വവാദം കോൺഗ്രസ്സിനെ ഹൈജാക്ക് ചെയ്തു. ഇവരെല്ലാം കമ്മ്യൂണിസ്റ്റ് വിരുദ്ധ, ഇടതുപക്ഷവിരുദ്ധ, ജനാധിപത്യവിരുദ്ധ പ്ലാറ്റ്ഫോമിൽ ഒരുമിക്കുന്നു. ആർക്കെതിരെ? മതനിരപേക്ഷതയിൽ വിട്ടുവീഴ്ച ചെയ്യാത്ത ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന എൽ.ഡി.എഫ്-ന് എതിരെ. നയനിലപാടുകളിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്താവുന്ന ഒന്നും എൽ.ഡി.എഫ്. സർക്കാരിനെതിരെ പറയാൻ പ്രതിപക്ഷത്തിനില്ല. അതുകൊണ്ട് പുകമറ സൃഷ്ടിച്ച് വിശ്വാസ്യത തകർക്കാമോ; പ്രതിച്ഛായ തകർക്കാമോ എന്നാണ് നോട്ടം. അതുമുൻനിർത്തിയുള്ള ആരോപണങ്ങൾ കൊണ്ടും രാഷ്ട്രീയവിരോധംമൂലവും രാഷ്ട്രീയ നേതാക്കളുടെ കുടുംബാംഗങ്ങളെവരെ ആക്രമിക്കാൻ നോക്കുകയാണ്. അധാർമ്മികത അതിന്റെ ഉച്ചസ്ഥായിയിൽ എത്തിനിൽക്കുകയാണ്. ഈ പ്രക്രിയയിൽ സ്വന്തം രാഷ്ട്രീയനിറവും മേൽവിലാസവുംകൂടി ഉപേക്ഷിക്കാൻ ഇവർ തയ്യാറാകുന്നോ? ഇവർക്ക് ഒന്നേ വേണ്ടൂ. രാഷ്ട്രീയംപോലും മറന്ന് ഈ സർക്കാരിനെ തകർക്കാൻ ഒരുമിക്കുകയാണ്. ജമാഅത്തെ ഇസ്ലാമിയും ആർ.എസ്.എസ്.-ഉം ഒന്നിച്ച് എതിർക്കുന്നു; കോൺഗ്രസ്സും ബി.ജെ.പി.-യും ഒന്നിച്ച് എതിർക്കുന്നു. ധീരമായി സ്വന്തം ആദർശത്തിൽ ഉറച്ചുനിൽക്കുന്ന എൽ.ഡി.എഫ്. എന്നതിന്റെ സ്ഥിരീകരണമാണ് പ്രത്യക്ഷത്തിൽ ചേരാത്തവർ ചേർന്നുനിന്ന് നടത്തുന്ന ഈ എതിർപ്പുകൾ. ഇവർ അനുകൂലിച്ചെങ്കിൽ ഞങ്ങൾക്കെന്തോ തെറ്റുപറ്റിയെന്ന് ഞങ്ങൾ കരുതുമായിരുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തെ പ്രാദേശിക ഭാഷാ മാധ്യമങ്ങൾക്കും ഇല്ലാത്ത ഒരു ചരിത്രം കേരളത്തിലുണ്ട്. അത് ഇടതുപക്ഷവിരുദ്ധ ദുഷ്പ്രചാരണത്തിന്റേതാണ്. കമ്യൂണിസ്റ്റ് വിരുദ്ധ ദീർഘ ക്യാമ്പയിനിന്റേതാണ്.

അവർ ഒരുക്കിക്കൊടുക്കുന്ന പട്ടുമെത്തയിലാണ് തമ്മിൽ ചേരാത്തവർ കൂടിച്ചേർന്ന് നടത്തുന്ന രാഷ്ട്രീയത്തിലെ ഈ അവിഹിതബാന്ധവം. അതിന്റെ ഉൽപ്പന്നമാണ് ഈ അവിശ്വാസ പ്രമേയം. കേരളത്തിൽ കോൺഗ്രസ്സിനോട് സമയാസമയം സന്ധി ചെയ്യുന്ന ബി.ജെ.പി., ഇടതുപക്ഷത്തെ പുറംതള്ളി മുഖ്യസ്ഥാനത്തുവരണമെന്നാണ് കോൺഗ്രസ് പാർട്ടിയുടെ ആഗ്രഹം. ഇത് കേരളത്തിലെ മതനിരപേക്ഷ മൂല്യങ്ങളെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായി നിൽക്കുന്ന ഇടതുപക്ഷത്തെ ദുർബലപ്പെടുത്താനുള്ള ശ്രമമാണ്. ജാതി-മത-സമുദായ ഭേദമെന്യേ പൊതുസമൂഹം കോൺഗ്രസ്സിന്റെ ഈ മതനിരപേക്ഷ വിരുദ്ധ രാഷ്ട്രീയം തിരിച്ചറിയുന്നു. ഇത്തരത്തിൽ ജനങ്ങളുടെയും നാടിന്റെയും ഭാവിയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ സൂക്ഷ്മതലങ്ങളിൽവരെ ഇടപെട്ടിട്ടുള്ള ഒരു സർക്കാരിനെ തങ്ങൾക്ക് വിശ്വാസമില്ലെന്ന് കോൺഗ്രസ്സ് പറയുമ്പോൾ ഞങ്ങൾക്ക് തെല്ലും അത്ഭുതമില്ല. കാരണം, ആധുനിക കേരള ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച ഇവിടത്തെ പാവപ്പെട്ടവന് ഒരുതരി മണ്ണിന് അവകാശം നൽകിയ പൊതുവിദ്യാഭ്യാസ, ആരോഗ്യമേഖലകൾക്ക് ശക്തമായ അടിത്തറപാകിയ, അങ്ങനെ സാധാരണ കേരളീയന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തിയ ഇ.എം.എസ്. മന്ത്രിസഭയെ അട്ടിമറിച്ചവരാണ് കോൺഗ്രസ്സുകാർ. ജനങ്ങൾ ബാലറ്റ് പേപ്പറിലൂടെ തെരഞ്ഞെടുത്ത ആദ്യകേരള മന്ത്രിസഭയെ അന്നത്തെ കോൺഗ്രസ്സിന്റെ കേന്ദ്രസർക്കാർ അട്ടിമറിച്ചത് ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിലൂടെയായിരുന്നു. ആ സർക്കാരിനും മന്ത്രിസഭയ്ക്കും സഭയിൽ ഭൂരിപക്ഷം ഉണ്ടായിരുന്നുവെന്ന് നാം ഓർക്കണം. കേരളത്തിൽ ജനാധിപത്യം അതിന്റെ ശൈശവദശയിൽ ഇരിക്കുമ്പോൾത്തന്നെ അതിനെ ഇല്ലായ്മ ചെയ്യു സമീപനമാണ് കോൺഗ്രസ്സ് കൈക്കൊണ്ടത്. അന്ന് അവർക്ക് കേന്ദ്ര ഭരണത്തിന്റെ സ്വാധീനമുണ്ടായിരുന്നു. ഇന്ന് അവർക്കതില്ല. അതുകൊണ്ട് അവർക്ക് അന്നത്തെപ്പോലൊരു അട്ടിമറിശ്രമത്തിന് മുതിരാൻ ഇന്ന് കഴിയുന്നില്ല. അതുകൊണ്ട് കുറുക്കുവഴി തേടുന്നു. ഇന്നത്തെ നിലയിൽ കേരളത്തിൽ പ്രതിപക്ഷമായിരിക്കുന്ന കോൺഗ്രസ്സിനെക്കൊണ്ട് കഴിയുക ചില ഏജൻസികളെയും മാധ്യമങ്ങളെയുമൊക്കെ കൂട്ടുപിടിച്ച് സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കുകയെന്നതാണ്. അങ്ങനെ ജനങ്ങളുടെ മനസ്സിൽ സംശയങ്ങൾ ഉളവാക്കുക എന്നതാണ്. ആ പുകമറയുടെ മറവിൽ നിന്നുകൊണ്ട് സംശയത്തിന്റെ ആനുകൂല്യംപറ്റി രാഷ്ട്രീയലാഭം കൊയ്യാനാണ് അവർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് ജനങ്ങൾ തെരഞ്ഞെടുത്ത വ്യക്തമായ ഭൂരിപക്ഷമുള്ള ഒരു സർക്കാരിനെതിരെ അവിശ്വാസ പ്രമേയവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. കോൺഗ്രസ്സുകാർക്ക് തങ്ങളുടെ അനുഭവപരിചയത്തിനും പൂർവ്വകാല പരിശീലനത്തിനും അനുസൃതമായേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

അങ്ങനെതന്നെയാണ് അവർ ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് ഈ പറയുന്നതൊന്നും കേൾക്കാൻ തയ്യാറാകാതെ മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഞങ്ങൾക്ക് ഒട്ടും അത്ഭുതമില്ല.

സ്വതന്ത്ര ഇന്ത്യയിൽ എന്നും ജനാധിപത്യത്തെ ആക്രമിക്കുന്നതും ക്ഷയിപ്പിക്കുന്നതുമായ സമീപനങ്ങളാണ് കോൺഗ്രസ് കൈക്കൊണ്ടിട്ടുള്ളത്. ഇന്നും ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ കറുത്ത ഏടായി അടിയന്തരാവസ്ഥ നിലനിൽക്കുന്നു. കോൺഗ്രസ്സിന്റെ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളെ കണ്ടുപഠിച്ചവരിൽ അതിവിദഗ്ദ്ധരാണ് ബി.ജെ.പി.-ക്കാർ. ഇത്തരം കുത്സിത പ്രവർത്തനങ്ങളിൽ അവർ കോൺഗ്രസ്സിനെയും കവച്ചുവച്ചിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. എന്നാൽ അതേ ബി.ജെ.പി.-യെ വളർത്താനല്ലേ കോൺഗ്രസ്സ് പലപ്പോഴും ശ്രമിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അതിന് മുമ്പുനടന്ന ഉപതെരഞ്ഞെടുപ്പിലും ബേപ്പൂരിലും വടകരയിലും പരീക്ഷിച്ച കോ ലീ ബി സഖ്യത്തിലുമൊക്കെ മതനിരപേക്ഷത എന്നും മുറുകെ പിടിച്ചിട്ടുള്ള കേരളത്തിൽപ്പോലും വർഗ്ഗീയ ശക്തികളെ വളർത്താനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള കോൺഗ്രസ്സിന്റെ അശ്രാന്തപരിശ്രമമല്ലേ നാം കണ്ടിട്ടുള്ളത്. അതിനായി ചാനൽ ചർച്ചകളിൽ ഉൾപ്പെടെ കോൺഗ്രസ്സ്, ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ഉയർത്തുന്ന വസ്തുതാരഹിതമായ ആക്ഷേപങ്ങൾ അണുവിട വ്യത്യാസമില്ലാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉയർത്തുന്നതും നാം കാണുന്നുണ്ട്. കോൺഗ്രസ്സിന്റെ 'ബി' ടീമായി ബി.ജെ.പി.-യാണോ, അതോ ബി.ജെ.പി.-യുടെ 'ബി' ടീമായി കോൺഗ്രസ്സാണോ പ്രവർത്തിക്കുന്നതെന്ന് പൊതുജനങ്ങൾക്ക് തിരിച്ചറിയാൻപോലും കഴിയാത്ത സാഹചര്യമാണ് കേരള രാഷ്ട്രീയത്തിലുള്ളത്. നിങ്ങൾ ഒരുപാട് ഇല്ലാക്കഥകൾ മെനഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുന്നു. എന്നാൽ അധികാരത്തിന്റെ ഇടനാഴികളിൽ ബാഹ്യശക്തികൾ കരിനിഴലായി നീങ്ങിയത് ഏത് ഭരണഘട്ടത്തിലാണെന്ന് ജനങ്ങൾക്കറിയാം. സോളാർ പദ്ധതിയുടെ പേരിൽ നടന്നത് എന്തൊക്കെയാണെന്ന് ഞാൻ വിശദീകരിക്കേണ്ടതില്ല. ഒരു ജ്യൂഡീഷ്യൽ കമ്മീഷന്റെ മുൻപാകെ കേരളത്തിന്റെ മുഖ്യമന്ത്രി അനേകം മണിക്കൂറുകൾ ഇരുന്ന് വിയർത്തത് എന്നാണെന്ന് ജനങ്ങൾക്കറിയാം. ഒടുവിൽ ആ കമ്മീഷനാൽ നിശിതമായി കുറ്റപ്പെടുത്തപ്പെട്ടത് ഏത് മുഖ്യമന്ത്രിയാണെന്നതും നാട്ടുകാർക്കറിയാം. മുഖ്യമന്ത്രി സ്ഥാനത്തിരുന്ന് ഒരാൾ ഇങ്ങനെ കമ്മീഷനാൽ വിസ്തരിക്കപ്പെടുന്ന സംഭവം കേരള ചരിത്രത്തിൽ മുമ്പുണ്ടായിരുന്നോ; മുഖ്യമന്ത്രിയായി ഇരുന്നുകൊണ്ട് അങ്ങനെ വിസ്തരിക്കപ്പെടുന്നത് അപമാനകരമാണെന്ന് നിങ്ങൾക്ക് തോന്നിയോ?

അതുമില്ല. അധികാരത്തിന്റെ ഇടനാഴികളിൽ അങ്ങനെയൊക്കെ പലരെയും കറങ്ങിനടക്കാൻ അനുവദിക്കുന്നത് ഞങ്ങളുടെ സംസ്കാരമല്ല. കോൺഗ്രസ്സിന്റെ സംസ്കാരമാണ്. ദേശീയ തലത്തിൽപ്പോലും നാം അത് കണ്ടു. യു.പി.എ. ഭരണകാലത്തെ നീരാ റാഡിയ ടേപ്പുകൾ അതാണ് വ്യക്തമാക്കിയത്. സംരംഭക എന്ന പേരിൽ പ്രത്യക്ഷപ്പെട്ട നീരാ റാഡിയ അവരുടെ ക്ലയന്റ്സും ബിസ്സിനസ്സുകാരും രാഷ്ട്രീയ നേതാക്കളും മാധ്യമപ്രവർത്തകരുമൊക്കെയായി നടത്തിയ സംഭാഷണങ്ങളുടെ 5000 ടേപ്പുകളാണ് പുറത്തുവന്നത്. അതിലൂടെ എന്താണ് വെളിപ്പെട്ടത്? കേന്ദ്രത്തിൽ മന്ത്രിമാരെ നിയമിക്കുന്നതും പുറത്താക്കുന്നതും പ്രധാനമന്ത്രിയല്ല. ബാഹ്യശക്തികളാണെന്ന് വെളിപ്പെട്ടു. ആരെ മന്ത്രിയാക്കണം; ആരെ മന്ത്രിയാക്കരുത്; എന്നൊക്കെ പുറത്തുള്ളവർ കൽപ്പിക്കും. പ്രധാനമന്ത്രി അത് അനുസരിക്കും. നീരാ റാഡിയ, അടൽ ബിഹാരി വാജ്പേയ്യുടെ ദത്തുമരുമകൻ രഞ്ജൻ ഭട്ടാചാര്യ, കേന്ദ്ര മന്ത്രിമാർ, ഒട്ടനവധി കോൺഗ്രസ്സ് നേതാക്കൾ എന്നിവർ ഉൾപ്പെട്ട 2G കുംഭകോണം നടന്ന വഴികളാണ് ആ ടേപ്പുകളിലൂടെ പുറത്തുവന്നത്. "The Accidental Prime Minister"എന്ന പുസ്തകത്തിന്റെ പ്രകാശനവേളയിൽ ഡോ. മൻമോഹൻ സിംഗിന്റെ സഹായിയായിരുന്ന ഗ്രന്ഥകർത്താവ് സഞ്ജയ ബാറു പറഞ്ഞത് ഇതിനോട് ചേർത്തുവച്ച് വായിക്കണം - 'പ്രധാനമന്ത്രിക്ക് ധാർമ്മികമായി ഇടപെടണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ കോൺഗ്രസ്സ് അതിന് അനുവദിച്ചില്ല.'- ഇതാണ് വാചകം. സ്വന്തം പ്രധാനമന്ത്രിക്കുപോലും ധാർമ്മികമായി ഇടപെടാനുള്ള അവസരം നിഷേധിച്ച കോൺഗ്രസ് നീരാ റാഡിയയെ അധികാരത്തിന്റെ ഇടനാഴികളിൽ ചുറ്റിത്തിരിയാൻ മാത്രമല്ല, മന്ത്രിമാരെ പന്താടിക്കളിക്കാൻപോലും അനുവദിച്ച കോൺഗ്രസ്സ്, ഇവിടെ ഈ സഭയിൽ വന്ന് ഞങ്ങളോട് ധാർമ്മിക ഉപദേശം ചെയ്യേണ്ടതില്ല. ഞങ്ങൾ ഇത്തരം കഥാപാത്രങ്ങളെയൊന്നും ഭരണത്തിൽ ഇടപെടാൻ അനുവദിച്ചിട്ടില്ല. അത്തരക്കാരുമായി ഒരു ഉദ്യോഗസ്ഥന് ബന്ധമുണ്ടെന്ന് വന്നപ്പോൾത്തന്നെ അദ്ദേഹത്തെ ഒഴിവാക്കുകയും ചെയ്തു. നീരാ റാഡിയയും കർണ്ണാടകത്തിലെ ബി.ജെ.പി. നേതാവ് അനന്തകുമാറും തമ്മിലുള്ള ബന്ധം പുറത്തുകൊണ്ടുവന്നത് ലങ്കേഷ് പത്രികയുടെ പത്രാധിപർ ഗൗരി ലങ്കേഷ് ആയിരുന്നുവെന്നും അവർ നിഷ്ഠൂരം വധിക്കപ്പെടുകയായിരുന്നുവെന്നുംകൂടി ഓർമ്മിപ്പിക്കട്ടെ.

സത്യവും അസത്യവും തമ്മിലുള്ള സ്വർണ്ണക്കടത്തുകേസിൽ അതുമായി ഒരു ബന്ധവുമില്ലാത്ത അധികാരസ്ഥാനങ്ങളെയും ഭരണാധികാരികളെയും ചേർത്തുനിർത്താൻ, അങ്ങനെയൊരു വ്യാജ പ്രതീതി സൃഷ്ടിക്കാൻ സംഘടിതശ്രമം നടക്കുകയാണ്. ഇത് യാദൃശ്ചികമായി സംഭവിക്കുന്നതല്ല. ആഗോള

പരീക്ഷണത്തിന്റെ ഭാഗമാണ് വ്യാജ വിവരങ്ങൾ വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് പൊതുജനാഭിപ്രായത്തെ ദുഷിച്ചവഴിക്ക് തിരിച്ചുവിടുകയും അങ്ങനെ ജനാധിപത്യത്തെത്തന്നെ തകർക്കുകയും ചെയ്യുക എന്നത്. ഇത് ലാറ്റിൻ അമേരിക്കയിലടക്കം പല ലോകരാജ്യങ്ങളിൽ സംഭവിക്കുന്നത് നാം കണ്ടു. സത്യവും അസത്യവും തമ്മിലുള്ള അതിർത്തിരേഖ മായ്ച്ചുകളയുക എന്നതാണ് ഇതിന്റെ ആദ്യപടി. സത്യമാണെന്ന പ്രതീതിയുണ്ടാകുംവരെ അസത്യം ആവർത്തിക്കുക എന്നതാണ് അടുത്തപടി. ചില മാധ്യമങ്ങളെയും സാമൂഹ്യ മാധ്യമങ്ങളെയും കൊണ്ട് അസത്യം തുടരെത്തുടരെ ആവർത്തിക്കുകയാണ്. ഈ ആവർത്തനത്തിന് ടെലിവിഷനുകളും മൊബൈൽ ഫോണുകളുംവരെ ഉപയോഗിക്കുകയാണ്. ഇവന്റ് മാനേജ്മെന്റുകളെത്തന്നെ ഇത്തരം വ്യാജപ്രചരണ ചുമതല ഏൽപ്പിക്കുകയാണ്. ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കാമെന്നും ജനാധിപത്യത്തെ അട്ടിമറിക്കാമെന്നും കരുതുന്ന ചില ശക്തികൾ ലോകവ്യാപകമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവരുടെ പണം കൈപ്പറ്റുന്ന ഏജന്റുമാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ഒരു പ്രതിഭാസത്തിൽനിന്ന് കേരളത്തിന് ഒഴിഞ്ഞുനിൽക്കാൻ ആവില്ലല്ലോ; സത്യത്തെ എത്ര സമർത്ഥമായാണ് ഈ പ്രചാരകർ അസത്യത്തിന്റെ കരിമ്പടംകൊണ്ട് പുതപ്പിക്കുന്നതെന്ന് നോക്കുക. ഇവിടെയൊരു സംസ്ഥാന ഗവൺമെന്റുണ്ട്. ആ ഗവൺമെന്റാണ് അടിയന്തര നടപടി ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചത്. കള്ളക്കടത്ത് വിവാദത്തിലെ സ്ത്രീയുമായി ബന്ധമുണ്ടെന്ന് ആക്ഷേപമുയർന്നപ്പോൾ ഒരുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു; എല്ലാ അന്വേഷണ ഏജൻസികൾക്കും സഹായം വാഗ്ദാനം ചെയ്തു; ഇതെല്ലാം സൗകര്യപൂർവ്വം മറച്ചുവച്ചുകൊണ്ട് എന്തെല്ലാം പ്രചരണങ്ങളാണ് മുഖ്യമന്ത്രിയുടെ ഓഫീസിനെ അപകീർത്തിപ്പെടുത്താൻ ഇവർ നടത്തിയതെന്ന് നോക്കുക. ഇതിന്റെ പിന്നിൽ ഒരു താല്പര്യമില്ലാതെ വരുമോ; ആ താല്പര്യം കേരളം തിരിച്ചറിയേണ്ടതുണ്ട്.

ദേശീയ തലത്തിൽ പഞ്ചവത്സര പദ്ധതികളും ആസൂത്രണവുമൊക്കെ അവസാനിപ്പിച്ചപ്പോഴും നമ്മൾ ആസൂത്രണം മുന്നോട്ട് കൊണ്ടുപോയി. 57,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിവഴി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കേരളം കടുത്ത വിഷമതകളും പ്രതിസന്ധികളും നേരിട്ട ഘട്ടങ്ങളിലൊക്കെ പ്രതിപക്ഷം ഏത് നിലപാടാണ് കൈക്കൊണ്ടതെന്ന് ആലോചിച്ചാൽ ഇപ്പോൾ അവർ അവിശ്വാസ പ്രമേയവുമായി വരുന്നതിൽ അത്ഭുതമൊന്നും തോന്നില്ല. നമ്മുടെ സമ്പദ്ഘടനയെ തകർക്കുന്ന നോട്ടുനിരോധനം വന്നപ്പോൾ അതിനെ അന്ന് സ്വാഗതം ചെയ്യുന്നവർ തന്നെ കോൺഗ്രസ്സിലുണ്ടായി. സഹകരണ സ്ഥാപനങ്ങൾ

കള്ളപ്പണ സ്ഥാപനങ്ങളാണെന്ന ആക്ഷേപമുണ്ടായപ്പോൾ അത് തലകുലുക്കി സമ്മതിക്കുന്നവർ കോൺഗ്രസ്സിലുണ്ടായി. കേരളം പൊളിറ്റിക്കൽ കില്ലിംഗ് ഫീൽഡാണെന്ന് ദേശീയതല ക്യാമ്പയിനുണ്ടായി. അതിന് വിശ്വാസ്യത പകരുന്നവർ കോൺഗ്രസ്സിലുണ്ടായി. പ്രളയദുരിതാശ്വാസത്തിന് ഒറ്റക്കെട്ടായി ഇറങ്ങണമെന്ന് ഞങ്ങൾ ആശിച്ചു. മനുഷ്യനിർമ്മിത ദുരന്തമാണതെന്ന് പറഞ്ഞ് പ്രതിപക്ഷം യോജിച്ച പ്രവർത്തനങ്ങളിൽനിന്ന് മുഖം തിരിച്ചുനിന്നു. പ്രളയ ദുരിതാശ്വാസത്തിന് വിദേശ മലയാളികൾ സഹായം വാഗ്ദാനം ചെയ്തു. അത് സ്വീകരിക്കാൻ മന്ത്രിമാർ പോകുന്നത് ധൂർത്താണെന്ന് പ്രതിപക്ഷം പ്രചരിപ്പിച്ചു. കേരളത്തിന്റെ വികസനത്തിൽ പ്രവാസി സമൂഹത്തിലുള്ളവരുടെ വിഭവം മാത്രമല്ല വൈദഗ്ദ്ധ്യംകൂടി പ്രയോജനപ്പെടുത്താൻ ലോക കേരള സഭയുണ്ടാക്കി. പ്രതിപക്ഷം അത് ബഹിഷ്കരിച്ചു.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കിഫ്ബി മസാലാ ബോണ്ട് ലിസ്റ്റ് ചെയ്തു. പ്രതിപക്ഷം അതിനെ പരിഹസിച്ചു. വിദേശരാഷ്ട്രങ്ങൾ പ്രകൃതിദുരന്ത സഹായം വാഗ്ദാനം ചെയ്തത് സ്വീകരിക്കുന്നതിനെ കേന്ദ്രം വിലക്കിയത് പ്രതിപക്ഷം സ്വാഗതം ചെയ്തു. പ്രളയത്തെ അതിജീവിക്കുന്ന ഡച്ച് മാതൃക നടപ്പാക്കാൻ ശ്രമിച്ചു. പ്രതിപക്ഷം അതിനെ പുച്ഛിച്ചു. കേന്ദ്ര അവഗണനയ്ക്കെതിരെ ഞങ്ങൾ ശബ്ദമുയർത്തി. പ്രതിപക്ഷം നിശബ്ദത പാലിച്ചു. തോട്ടപ്പള്ളി സ്പിൽവേയിലെ എക്കൽ നീക്കാനും വീതികൂട്ടാനും ശ്രമിച്ചു. പ്രതിപക്ഷം അവിടെപ്പോയി സമരം നടത്തി. പൗരത്വ നിയമ ഭേദഗതിക്കെതിരെ കൂട്ടായ സമരം വേണമെന്ന് ഞങ്ങൾ പറഞ്ഞു. പ്രതിപക്ഷം വേർതിരിഞ്ഞുനിന്നു. കുഞ്ഞുങ്ങളുടെ ഭാവിയെ കരുതി ഞങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷ നടത്തി. അത് ഞങ്ങൾക്ക് ഭ്രാന്തായതു കൊണ്ടാണെന്ന് പ്രതിപക്ഷം പറഞ്ഞു. ദുരിതാശ്വാസനിധി കഴിയുന്നത്ര ശക്തിപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചു. സാലറി ചലഞ്ച് ഓഫറുണ്ടായി. പ്രതിപക്ഷം കോടതിവരെ പോയി അതെല്ലാം തകർക്കാൻ ശ്രമിച്ചു. കിഫ്ബിവഴി അധിക വിഭവ സമാഹരണം നടത്താൻ ഞങ്ങൾ ശ്രമിച്ചു. കിഫ്ബിയെത്തന്നെ ആരോപണങ്ങൾകൊണ്ട് തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. കോവിഡ്-19 വ്യാപനം നിയന്ത്രിക്കാൻ ഡാറ്റ ശേഖരണത്തിന് സംവിധാനമുണ്ടാക്കാൻ ശ്രമിച്ചു. കോടതിയിൽവരെ പോയി അത് തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. കൊവിഡ്-19 രോഗികളുടെ വിവരശേഖരണത്തിന് (കോൺടാക്ട് ട്രെയ്സിംഗിന്) മൊബൈൽ ടവർ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു. കോടതിവരെ പോയി അതിനെ തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. വിവരശേഖരണം നടത്തുന്നതിനിടയിൽ റേഷൻ കാർഡ് വിവരങ്ങൾ വിൽപ്പന നടത്തിയെന്ന നുണപ്രചരണം നടത്തി. അത് പൊളിഞ്ഞപ്പോൾ കുറ്റം മാധ്യമങ്ങളുടെ മേൽ ചാർത്തി രക്ഷപ്പെടാൻ ശ്രമിച്ചു.

എന്നെങ്കിലും ഒരു കാര്യത്തിൽ സഹകരിച്ചിട്ടുണ്ടോ; ഒരു ക്രിയാത്മക നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എല്ലാം തകരണമെന്നല്ലേ ആശിച്ചിട്ടുള്ളൂ; അങ്ങനെ ആശിച്ചവർ അവിശ്വാസ പ്രമേയവുമായി സർക്കാരിനെതിരെ വരുന്നതിൽ എന്തെങ്കിലും അത്ഭുതമുണ്ടോ?

ഒരു കാര്യം വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഞങ്ങൾക്ക് പ്രധാനം ജനങ്ങളാണ്. ജനങ്ങളുടെ വിശ്വാസമാണ് പ്രധാനം. ഞങ്ങൾ ജനങ്ങളിൽ നിന്ന് വന്നവരാണ്. ആ ജനങ്ങളിലേയ്ക്ക് തന്നെയാണ് ഞങ്ങളിറങ്ങുന്നത്. ഞങ്ങളെ ജനങ്ങൾക്കറിയാം. ജനങ്ങളെ ഞങ്ങൾക്കുമറിയാം. പറയുന്ന കാര്യങ്ങളൊന്നും കേൾക്കാൻ തയ്യാറാകാതെ എന്തെല്ലാമോ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ഇവരെയും ജനങ്ങൾക്കറിയാം. അവരെ ജനങ്ങൾ വിലയിരുത്തി ക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ജനങ്ങളും നാടും ഞങ്ങളെ ശരിവയ്ക്കുമെന്ന് തന്നെയാണ് ഞങ്ങൾ കാണുന്നത്. അധാർമ്മികമായി അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് അർഹതപ്പെട്ട നിലപാട് ജനങ്ങളിൽനിന്ന് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇനി ജനമധ്യത്തിൽ വച്ച് നമുക്ക് കാണാമെന്നാണ് ഇവരോട് ഞങ്ങൾക്ക് പറയാനുള്ളത്. ഈ അവിശ്വാസ പ്രമേയം പൂർണ്ണമായി നിരാകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: എല്ലാവരും ദയവായി അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. അവിശ്വാസ പ്രമയേത്തിന്മേലുള്ള ചർച്ചയും മറുപടിയും അവസാനിച്ചിരിക്കുകയാണ്. (ബഹളം)... പ്ലീസ്.... എല്ലാവരും സീറ്റുകളിലേക്ക് പോകണം. സീറ്റുകളിലിരിക്കൂ.... പ്രമേയത്തിന്റെ ഭാഗമായ ചർച്ച അവസാനിച്ചിരിക്കുകയാണ്. (ബഹളം).... പ്ലീസ്....

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി)

ശ്രീ. വി. ഡി. സതീശൻ, അങ്ങ് അവതരിപ്പിച്ച അവിശ്വാസ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവരെയും പ്രതികൂലിക്കുന്നവരെയും കണ്ടെത്തേണ്ടതുണ്ട്. ഇന്നത്തെ പ്രത്യേക സമ്മേളനത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ പ്രവർത്തിക്കുന്നതല്ല. മുൻകാലത്ത് നമ്മുടെ സഭയിൽ നിലനിന്നിരുന്ന വോട്ടിംഗ് രീതിയാണ് ഇവിടെ സ്വീകരിക്കുന്നത്. അതുപ്രകാരം വോട്ടിംഗ് സമയത്ത് പ്രമേയത്തെ അനുകൂലിക്കുന്നവർ എന്ന് പറയുമ്പോൾ അനുകൂലിക്കുന്ന അംഗങ്ങൾ എഴുന്നേറ്റ് നിൽക്കേണ്ടതാണ്. തൽസമയം നിയമസഭാ

സെക്രട്ടറി എഴുന്നേറ്റ് നിൽക്കുന്ന അംഗങ്ങളെ ഓരോ നിരയനുസരിച്ച് പേര് വിളിച്ച് വോട്ട് എണ്ണുന്നതാണ്. അപ്രകാരം പേര് വിളിച്ച് കഴിഞ്ഞാലുടൻ ബഹുമാനപ്പെട്ട അംഗങ്ങൾ സ്വന്തം ഇരിപ്പിടത്തിൽ ഇരിക്കേണ്ടതാണ്. തുടർന്ന് പ്രമേയത്തെ പ്രതികൂലിക്കുന്നവരുടെ വോട്ടും ഇപ്രകാരം രേഖപ്പെടുത്തുന്നതാണ്. പുതിയ അംഗങ്ങൾക്ക് ഇതൊരു അനുഭവമാണ്.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ

അനുകൂലിക്കുന്നവർ .........
പ്രതികൂലിക്കുന്നവർ .........

സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ):

അനുകൂലിക്കുന്നവർ:

1. ശ്രീ. രമേശ് ചെന്നിത്തല
2. ഡോ. എം. കെ. മുനീർ
3. ശ്രീ. പി. ജെ. ജോസഫ്
4. ശ്രീ. അനൂപ് ജേക്കബ്
5. ശ്രീ. ഉമ്മൻ ചാണ്ടി
6. ശ്രീ. കെ. സി. ജോസഫ്
7. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
8. ശ്രീ. പി. ടി. തോമസ്
9. ശ്രീ. ടി. എ. അഹമ്മദ് കബീർ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. എ. പി. അനിൽ കുമാർ
12. ശ്രീ. വി. എസ്. ശിവകുമാർ
13. ശ്രീ. വി. ഡി. സതീശൻ
14. ശ്രീ. എം. ഉമ്മർ
15. ശ്രീ. സണ്ണി ജോസഫ്
16. ശ്രീ. അൻവർ സാദത്ത്

17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീമതി ഷാനിമോൾ ഉസ്മാൻ
19. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
20. ശ്രീ. അനിൽ അക്കര
21. ശ്രീ. പി. കെ. അബ്ദു റബ്ബ്
22. ശ്രീ. മഞ്ഞളാംകുഴി അലി
23. ശ്രീ. സി. മമ്മൂട്ടി
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. വി. ടി ബൽറാം
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. അബ്ദുൽ ഹമീദ് പി.
31. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
32. ശ്രീ. പി. കെ. ബഷീർ
33. ശ്രീ. ടി. വി. ഇബ്രാഹിം
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. എൻ. ഷംസുദ്ദീൻ
37. ശ്രീ. പി. ഉബൈദുള്ള
38. ശ്രീ. ടി. ജെ. വിനോദ്
39. ശ്രീ. പാറക്കൽ അബ്ദുല്ല
40. ശ്രീ. എം. സി. കമറുദ്ദീൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പിണറായി വിജയൻ
2. ശ്രീ. ഇ. പി. ജയരാജൻ
3. ശ്രീ. ഇ. ചന്ദ്രശേഖരൻ
4. ശ്രീ. കെ. കൃഷ്ണൻകുട്ടി
5. ശ്രീ. എ. കെ. ശശീന്ദ്രൻ
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
7. ഡോ. ടി. എം. തോമസ് ഐസക്
8. ശ്രീ. വി. എസ്. സുനിൽ കുമാർ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
11. ശ്രീ. ജി. സുധാകരൻ
12. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
13. ശ്രീ. പി. തിലോത്തമൻ
14. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
15. ശ്രീ. എ. സി. മൊയ്തീൻ
16. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
17. പ്രൊഫ. സി. രവീന്ദ്രനാഥ്
18. ശ്രീ. കെ. രാജു
19. ശ്രീ. എം. എം. മണി
20. ശ്രീ. എസ്. ശർമ്മ
21. ശ്രീ. പി. ഉണ്ണി
22. ശ്രീ. സി. കെ. ശശീന്ദ്രൻ

23. ശ്രീ. എ. പ്രദീപ്കുമാർ
24. ശ്രീ. ജെയിംസ് മാത്യു
25. ശ്രീ. റ്റി. വി. രാജേഷ്
26. ശ്രീ. സജി ചെറിയാൻ
27. ശ്രീ. രാജു എബ്രഹാം
28. ശ്രീ. കെ. സുരേഷ് കുറുപ്പ്
29. ശ്രീ. സി. കൃഷ്ണൻ
30. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
31. ശ്രീ. ബി. ഡി. ദേവസ്സി
32. ശ്രീമതി പി. അയിഷാ പോറ്റി
33. ശ്രീ. എസ്. രാജേന്ദ്രൻ
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. ജോൺ ഫെർണാണ്ടസ്
36. ശ്രീ. ബി. സത്യൻ
37. ശ്രീ. കെ. കുഞ്ഞിരാമൻ
38. ശ്രീ. കെ. വി. വിജയദാസ്
39. ശ്രീ. കെ. ദാസൻ
40. ശ്രീ. വി. കെ. സി. മമ്മത് കോയ
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. എം. സ്വരാജ്
45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. പി. കെ. ശശി
47. ശ്രീ. എ. എൻ. ഷംസീർ
48. ശ്രീ. കെ. ബാബു
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീ. വി. ജോയി
51. ശ്രീ. ഡി. കെ. മുരളി
52. ശ്രീ. സി. കെ. ഹരീന്ദ്രൻ
53. ശ്രീ. ഐ. ബി. സതീഷ്
54. ശ്രീ. കെ. ആൻസലൻ
55. ശ്രീമതി യു. പ്രതിഭ
56. ശ്രീ. യു. ആർ. പ്രദീപ്
57. ശ്രീ. കെ. ജെ. മാക്സി
58. ശ്രീ. എം. നൗഷാദ്
59. ശ്രീ. ഒ. ആർ. കേളു
60. ശ്രീ. ആന്റണി ജോൺ
61. പ്രൊഫ. കെ. യു. അരുണൻ
62. ശ്രീ. എം. മുകേഷ്
63. ശ്രീമതി വീണാ ജോർജ്ജ്
64. ശ്രീ. വി. അബ്ദുറഹിമാൻ
65. ശ്രീ. വി. കെ. പ്രശാന്ത്
66. ശ്രീ. വി. ശശി
67. ശ്രീ. കെ. രാജൻ
68. ശ്രീ. കെ. ബി. ഗണേഷ് കുമാർ

69. ശ്രീ. മാണി സി. കാപ്പൻ
70. ശ്രീ. മാത്യു ടി. തോമസ്
71. ശ്രീ. സി. ദിവാകരൻ
72. ശ്രീ. ചിറ്റയം ഗോപകുമാർ
73. ശ്രീ. കോവൂർ കുഞ്ഞുമോൻ
74. ശ്രീ. സി. കെ. നാണു
75. ശ്രീ. മുല്ലക്കര രത്നാകരൻ
76. ശ്രീമതി ഇ. എസ്. ബിജിമോൾ
77. ശ്രീ. മുഹമ്മദ് മുഹസിൻ പി.
78. ശ്രീ. ജി. എസ്. ജയലാൽ
79. ശ്രീമതി ഗീതാ ഗോപി
80. ശ്രീ. എൽദോ എബ്രഹാം
81. ശ്രീമതി സി. കെ. ആശ
82. ശ്രീ. ഇ. കെ. വിജയൻ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. വി. ആർ. സുനിൽ കുമാർ
85. ശ്രീ. ആർ. രാമചന്ദ്രൻ
86. ശ്രീ. പി. വി. അൻവർ
87. ശ്രീ. കെ. യു. ജനീഷ് കുമാർ

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 40

പ്രതികൂലിക്കുന്നവർ - 87

നിഷ്പക്ഷത പാലിക്കുവന്നവർ - ആരുമില്ല

അവിശ്വാസ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

## XIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIV അവലോകനം

മി. സ്പീക്കർ: പതിനാലാം കേരളനിയമസഭയുടെ ഒരു ദിവസം മാത്രം നീണ്ടുനിന്ന ഇരുപതാം സമ്മേളനം ഇവിടെ അവസാനിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി നമ്മുടെ നാട്ടിലുയർത്തിയിരിക്കുന്ന അനിതരസാധാരണമായ അവസ്ഥാവിശേഷത്തിൽ ഏറെ ക്ലേശകരമായ സാഹചര്യത്തിലാണ് ഈ സമ്മേളനം ചേരാനിടയായത്. നിയമനിർമ്മാണ സഭകൾ ആറ് മാസത്തിലൊരിക്കലെങ്കിലും സമ്മേളിച്ചിരിക്കണമെന്ന ഭരണഘടനാ വ്യവസ്ഥ പാലിക്കുന്നതോടൊപ്പം 2020-21 വർഷത്തെ വാർഷിക ബഡ്ജറ്റുമായി ബന്ധപ്പെട്ടുള്ള നിയമനിർമ്മാണമായ 2020-ലെ കേരള ധനകാര്യ ബില്ലുകൾ ചർച്ച കൂടാതെ പാസ്സാക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതിനും അതുസംബന്ധിച്ച ധനവിനിയോഗ ബിൽ പാസ്സാക്കുന്നതിനും നാം ഈ സമ്മേളനത്തിൽ സമയം കണ്ടെത്തുകയുണ്ടായി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ ചട്ടം 118 പ്രകാരമുള്ള ഒരു പ്രമേയവും സഭ പാസ്സാക്കുകയുണ്ടായി. പിണറായി വിജയൻ സർക്കാരിനെതിരെ ശ്രീ. വി.ഡി. സതീശൻ നോട്ടീസ് നൽകിയ അവിശ്വാസ പ്രമേയത്തിന്മേൽ സഭ ദീർഘമായ ചർച്ച നടത്തി. കേരളത്തിൽ നിന്നുള്ള ഒരു അംഗം രാജ്യസഭാംഗത്വം ഒഴിഞ്ഞതിനെത്തുടർന്ന് വേണ്ടിവന്ന ഉപതെരഞ്ഞെടുപ്പ് ഇന്ന് സഭാസമ്മേളനത്തോടൊപ്പം നടന്നു. അസാധാരണമായ സാഹചര്യത്തിൽ ചേർന്ന ഈ സമ്മേളനത്തിനുവേണ്ടി ഒട്ടേറെ ക്രമീകരണങ്ങൾ സഭയ്ക്കകത്തും പുറത്തും ഏർപ്പെടുത്തുകയുണ്ടായെങ്കിലും അവ പൂർണ്ണമായിരുന്നുവെന്ന് കരുതുന്നില്ല. എന്നിരുന്നാലും അവയുമായി സഹകരിക്കാൻ എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും തയ്യാറായതിൽ ചെയറിനുള്ള നന്ദി അറിയിക്കുന്നു. പ്രതികൂല സാഹചര്യത്തിലും ഈയൊരു ദിവസത്തെ സമ്മേളനം

സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി പിരിയാൻ സഹകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി അറിയിക്കുന്നു. കോവിഡ്-19 മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പ്രത്യേക പരിശോധനകൾ ഏർപ്പെടുത്തുന്നതിനും കഴിഞ്ഞ കുറേ ദിവസങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യ വകുപ്പിലെ എല്ലാ പ്രവർത്തകരോടുമുള്ള നന്ദിയും അറിയിക്കുന്നു. ഇരുപതാം സമ്മേളനം വിജയിപ്പിക്കുന്ന കാര്യത്തിൽ സഹകരിച്ച് പ്രവർത്തിച്ച എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച പത്ര-ദൃശ്യ-മാധ്യമപ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. കോവിഡ്-19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യമാണെങ്കിലും എല്ലാവർക്കും ഊഷ്മളമായ ഓണാശംസകൾ നേരുന്നു.

ഓർഡർ... ഓർഡർ...സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാത്രി 9.27-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.3108/Table-1/2020/Leg. Thiruvananthapuram, 25th August, 2020

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twentieth Session of the Fourteenth Kerala Legislative Assembly with effect from August 24, 2020 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം 2020 ആഗസ്റ്റ് 24-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിച്ചിരിക്കുന്നു.

By order of the Governor

S. V. UNNIKRISHNAN NAIR
Secretary,
Legislative Assembly